കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃശ്ശൂർ കോർപ്പറേഷൻ

# ജനറൽ വിഭാഗം ഓഡിറ്റ് റിപ്പോർട്ട്

# 2018-19

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)**

നം.കെ.എസ്.എ.(ടി.എസ്.സി)4 – 100/2020.

കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

തൃശ്ശൂർ - 680 001.
e-mail:corptsr.ksad@kerala.gov.in

തീയതി : 30/07/2020
Ph : 0487 2443619

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

ബഹുമാനപ്പെട്ട മേയർ (സെക്രട്ടറി മുഖാന്തിരം),

തൃശ്ശൂർ കോർപ്പറേഷൻ.

സർ,

വിഷയം: കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - തൃശ്ശൂർ കോർപ്പറേഷൻ 2018-19 ജനറൽ വിഭാഗം ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃശ്ശൂർ കോർപ്പറേഷൻ ജനറൽ വിഭാഗത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.**

പകർപ്പ്:

1. സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്,കൊച്ചി (ഉപരിപത്രം സഹിതം).
5. ഓഫീസ് കോപ്പി

## ഉള്ളടക്കം

| ക്രമ | ഖണ്ഡിക | വിഷയം | പേജ് |
|---|---|---|---|

| നം. | നം. | | നം. |
|---|---|---|---|
| 1 | 1-1 | ബജറ്റ് | 13 |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക | 13 |
| 3 | 1-3 | സാമ്പത്തിക വിശകലനം | 14 |
| 4 | 1-4 | ഫണ്ട് വിനിയോഗം | 14 |
| 5 | 1-5 | പദ്ധതി അവലോകനം | 14 |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി | 18 |
| 7 | 1-7 | ക്ഷേമപദ്ധതികൾ | 18 |
| 8 | 1-8 | ക്യാഷ് പരിശോധന | 18 |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം | 19 |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 19 |
| 11 | 1-11 | വാർഷിക കണക്കിലെ അപാകതകൾ | 19 |
| 12 | 1-12 | സർക്കിൾ 5 - രശീതി പ്രകാരം പിരിച്ചെടുത്ത തുകകൾ കൃത്യമായി അടയ്ക്കുന്നില്ല | 26 |
| 13 | 1-13 | ചെക്കുകൾ പൂർണ്ണമായും ബാങ്കിൽ വരവ് വന്നിട്ടില്ല | 27 |
| 14 | 1-14 | വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കാത്തത് | 32 |
| 15 | 1-15 | അനധികൃത കെട്ടിടങ്ങൾക്ക് നമ്പർ നല്കൽ - നടപടി കേരള മുനിസിപ്പാലിറ്റി ആക്ടിനും സർക്കാർ ഉത്തരവിനും വിരുദ്ധം | 42 |
| 16 | 1-16 | വാണിജ്യ കെട്ടിടത്തിന് റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കി - കുറവ് വന്ന ₹ 1495 തിരിച്ചടവാക്കണം | 45 |
| 17 | 1-17 | അനുവാദമില്ലാതെ പണിതതും പിന്നീട് ക്രമവത്ക്കരിച്ചതുമായ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിൽ കോർപ്പറേഷന് നഷ്ടം | 46 |
| 18 | 1-18 | വസ്തുനികുതി കണക്കാക്കിയതിൽ കുറവ് | 47 |
| 19 | 1-19 | വസ്തുനികുതി പിരിവിലെ അപാകതകൾ | 48 |
| 20 | 1-20 | ഒല്ലൂക്കര മേഖലാ കാര്യാലയം-പണി പൂർത്തീകരിച്ച അർദ്ധവർഷത്തിൽ തന്നെ വസ്തുനികുതി ഈടാക്കിയില്ല | 49 |
| 21 | 1-21 | വാർത്താവിനിമയ ഗോപുരങ്ങളുടെ വസ്തു നികുതി നിർണ്ണയം- അപാകതകൾ | 50 |
| 22 | 1-22 | വാണിജ്യകെട്ടിടത്തിനു കംപ്ലീഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചതിലും വസ്തുനികുതി നിർണ്ണയിച്ചതിലുമുള്ള അപാകതകൾ | 54 |
| 23 | 1-23 | അനധികൃത കെട്ടിടനിർമ്മാണം - വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 54 |
| 24 | 1-24 | അനധികൃത കെട്ടിട ക്രമവൽക്കരണം - വസ്തു നികുതി ഈടാക്കിയില്ല | 55 |
| 25 | 1-25 | പെർമിറ്റിന്റെ കാലാവധി കഴിഞ്ഞിട്ടും പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം | 59 |
| 26 | 1-26 | ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കി | 60 |
| 27 | 1-27 | ഫ്ലോർ ഏരിയ റേഷ്യോ - അധികരിച്ച് കെട്ടിടം പണിതിരിക്കുന്നു | 61 |
| 28 | 1-28 | പെർമിറ്റ് - പുതുക്കൽ ഫീ - ഈടാക്കിയിട്ടില്ല | 62 |
| 29 | 1-29 | പെർമിറ്റ് ഫീസ് കുറവായി ഈടാക്കി | 63 |
| 30 | 1-30 | കെട്ടിടനിർമ്മാണചട്ടങ്ങൾ പൂർണമായും പാലിയ്ക്കാതെ പണികഴിപ്പിച്ച റസിഡൻഷ്യൽ ഫ്ലാറ്റിന് ഒക്യുപെൻസി അനുവദിച്ചു | 64 |
| 31 | 1-31 | ഒക്യുപൻസി നൽകിയ കെട്ടിടത്തിൽ അനധികൃത നിർമ്മാണം | 66 |
| 32 | 1-32 | കംപ്ലീഷൻ പ്ലാനിനു വിരുദ്ധമായി കെട്ടിടത്തിൽ മാറ്റം വരുത്തി | 66 |
| 33 | 1-33 | തൃശ്ശൂർ കോർപ്പറേഷൻ-കൂർക്കഞ്ചേരി സോണൽ-കാലാവധിക്കുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചില്ല | 67 |
| 34 | 1-34 | അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ പരിപാലനം - അപാകതകൾ | 67 |
| 35 | 1-35 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയുള്ള നിർമ്മാണം യഥാസമയം ക്രമവത്കരിച്ചില്ല | 68 |
| 36 | 1-36 | പുറമ്പോക്ക് ഭൂമി കൈയ്യേറ്റം - തുടർനടപടി സ്വീകരിച്ചില്ല | 70 |

| | | | |
|---|---|---|---|
| 37 | 1-37 | നിലമായി രേഖപ്പെടുത്തിയ വസ്തുവിൽ കെട്ടിട നിർമ്മാണാനുമതി നൽകിയത് - ക്രമവിരുദ്ധം | 70 |
| 38 | 1-38 | കേരള നെൽവയൽ തണ്ണീർത്തട ചട്ടങ്ങൾ പാലിക്കാതെ കെട്ടിടം പണിതിരിക്കുന്നു | 72 |
| 39 | 1-39 | ഡെവലപ്പ്മെന്റ് പെർമിറ്റ് – ജിയോളജി വകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യപ്പത്രം ഹാജരാക്കിയില്ല | 74 |
| 40 | 1-40 | മതിയായ സൗകര്യങ്ങളില്ലാതെ വാണിജ്യകെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചു | 75 |
| 41 | 1-41 | കെട്ടിട നിർമ്മാണം, പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 76 |
| 42 | 1-42 | ലുലു കൺവെൻഷൻ സെന്റർ - വാർഷിക തറ വാടക അടവാക്കാൻ നടപടി സ്വീകരിക്കണം | 79 |
| 43 | 1-43 | ലൈസൻസ് നൽകാത്തത് മൂലം നികുതിയിനത്തിൽ നഷ്ടം | 79 |
| 44 | 1-44 | അഡീഷണൽ സബ് ട്രഷറി - വാടക - ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് | 80 |
| 45 | 1-45 | മരണമടഞ്ഞ വ്യക്തിയുടെ പേരിൽ വ്യാജകരാർ ചമച്ച് കടമുറി ഉപയോഗിച്ചു | 80 |
| 46 | 1-46 | വെസ്റ്റ്ഫോർട്ട് മാർക്കറ്റ് കെട്ടിടം - റൂം 15-കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നല്കി-നഗരസഭയ്ക്ക് വൻ സാമ്പത്തിക നഷ്ടം | 81 |
| 47 | 1-47 | കമ്മ്യൂണിറ്റി ഹാൾ വാടക - വരവ് രേഖപ്പെടുത്തുന്നില്ല | 82 |
| 48 | 1-48 | ഒല്ലൂർ മേഖലാ കാര്യാലയം-ടൗൺ ഹാളുകളിലെ വാടക കാലാനുസൃതമായി പരിഷ്ക്കരിച്ചിട്ടില്ല | 82 |
| 49 | 1-49 | അയ്യന്തോൾ – മാവേലി സ്റ്റോർ – വാടകയ്ക്ക് നൽകിയതിലെ അപാകതകൾ | 82 |
| 50 | 1-50 | നഗരസഭ വക കെട്ടിടങ്ങളിൽ നിന്നും വാടക യഥാസമയം ഈടാക്കുന്നില്ല | 83 |
| 51 | 1-51 | ക്വാർട്ടേഴ്സിന്റെ വാടക വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 83 |
| 52 | 1-52 | ഡി & ഒ ലൈസൻസ് ഫീ പിരിച്ചെടുക്കുന്നതിൽ അലംഭാവം | 84 |
| 53 | 1-53 | അനധികൃത വ്യാപാരം -തുടർ നടപടി സ്വീകരിച്ചില്ല | 105 |
| 54 | 1-54 | തൊഴിൽ നികുതി - കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 106 |
| 55 | 1-55 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല - നഗരസഭയ്ക്ക് വരുമാന നഷ്ടം | 106 |
| 56 | 1-56 | തൊഴിൽ നികുതി - അപാകതകൾ | 106 |
| 57 | 1-57 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 109 |
| 58 | 1-58 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 110 |
| 59 | 1-59 | തൊഴിൽ നികുതി രജിസ്റ്ററിലെ അപാകതകൾ | 110 |
| 60 | 1-60 | ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 110 |
| 61 | 1-61 | പേട്ട പിരിവ് - തുക അടവാക്കിയില്ല | 112 |
| 62 | 1-62 | സേവനനികുതി ഈടാക്കിയില്ല | 112 |
| 63 | 1-63 | ചരക്ക് സേവന നികുതി വന്നതിനെ തുടർന്ന് വിനോദ നികുതി നഷ്ടപരിഹാര തുക ലഭിച്ചത് - സംബന്ധിച്ച് | 113 |
| 64 | 1-64 | ഫയലുകളും അനുബന്ധരേഖകളും ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 113 |
| 65 | 1-65 | അധികമായി യാത്രബത്ത അനുവദിച്ചു | 114 |
| 66 | 1-66 | ടി.ഡി.എസ്. റിട്ടേൺ ഫയൽ ചെയ്യുന്നതിൽ കാലതാമസം - ₹ 66,600 – നഗരസഭയ്ക്ക് നഷ്ടം | 115 |
| 67 | 1-67 | നെഹ്റു പാർക്കിലെ മരങ്ങൾ മുറിച്ചുമാറ്റൽ -അപാകതകൾ - ₹ 25000 യുടെ ചെലവു തടസ്സപ്പെടുത്തുന്നു | 115 |
| 68 | 1-68 | അധിക തസ്തികകൾ സൃഷ്ടിച്ച് താൽക്കാലിക നിയമനം നൽകി | 116 |
| 69 | 1-69 | ആനപ്പാറ സ്നേഹവീട് പ്രവർത്തനം കാര്യക്ഷമമല്ല | 118 |
| 70 | 1-70 | ഷീ ലോഡ്ജ്-ബൈലാ തയ്യാറാക്കി പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കണം | 118 |
| 71 | 1-71 | മേയറുടെ ദുരിതാശ്വാസനിധി ചട്ടങ്ങൾ പാലിക്കുന്നില്ല | 119 |

| | | | |
|---|---|---|---|
| 72 | 1-72 | തൃശ്ശൂർ കോർപ്പറേഷനിലെ റഗുലർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിലുള്ള തുക സെൻട്രൽ ഫണ്ടിലേക്ക് അടവാക്കുന്നില്ല | 119 |
| 73 | 1-73 | നഗരസഭ ജീവനക്കാരുടെ പെൻഷൻ വിഹിതം ഈടാക്കുന്നില്ല | 120 |
| 74 | 1-74 | തൃശ്ശൂർ കോർപ്പറേഷൻ, വാട്ടർ അതോറിറ്റിയ്ക്ക് കുടിവെള്ള കുടിശ്ശിക അടവാക്കൽ പദ്ധതി - രേഖകൾ ഹാജരാക്കിയില്ല | 120 |
| 75 | 1-75 | കേരള വാട്ടർ അതോറിറ്റിയ്ക്ക് അടയ്ക്കേണ്ട കുടിശ്ശിക-പദ്ധതി വിഹിതത്തിൽ നിന്നും നേരിട്ട് കുറവ് ചെയ്തത് -അപാകതകൾ | 121 |
| 76 | 1-76 | കുടിവെള്ള വിതരണം -വെള്ളക്കരം അടവാക്കൽ - അവലോകനം | 121 |
| 77 | 1-77 | തൃശ്ശൂർ വികസന അതോറിറ്റിയുടെ ആസ്തി ബാധ്യതകൾ തീർപ്പാക്കിയിട്ടില്ല | 127 |
| 78 | 1-78 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 127 |
| 79 | 1-79 | 50സെൻറ് സ്ഥലം പുറമ്പോക്ക് ഭൂമി എക്സൈസ് അക്കാദമിയ്ക്ക് നൽകൽ - സർക്കാർ ഉത്തരവ് പാലിച്ചില്ല | 128 |
| 80 | 1-80 | വിനിയോഗ വിവരങ്ങൾ ലഭ്യമല്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 128 |
| 81 | 1-81 | പെയിൻ & പാലിയേറ്റീവ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നേഴ്സുമാർക്ക് അധിക വേതനം നൽകി | 130 |
| 82 | 1-82 | പെയിൻ & പാലിയേറ്റീവ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്തു | 132 |
| 83 | 1-83 | പെയിൻ & പാലിയേറ്റീവ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിച്ച് വേതനം നൽകി | 134 |
| 84 | 1-84 | പെയിൻ & പാലിയേറ്റീവ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വാഹന വാടക അധികം നൽകി | 135 |
| 85 | 1-85 | ആരോഗ്യ ജാഗ്രത - ശുചിത്വമിഷനിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗിച്ചില്ല | 139 |
| 86 | 1-86 | പദ്ധതി പ്രകാരം വാങ്ങിയ സാമഗ്രികൾ വിതരണം ചെയ്യാതെ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്നു | 140 |
| 87 | 1-87 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ- അപാകതകൾ | 141 |
| 88 | 1-88 | പ്രോജക്റ്റ് നം SO 238/19 -ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല | 142 |
| 89 | 1-89 | സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 143 |
| 90 | 1-90 | സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ - പാഴ് ചെലവ് - ₹ 2,09,03,560 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു- സർക്കാർ വക അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു | 145 |
| 91 | 1-91 | കോർപ്പറേഷൻ പരിധിയിലെ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥിനി കൾക്ക് സാനിറ്ററി നാപ്കിൻ (ഷീ പാഡ്) വിതരണം - പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിയില്ല | 149 |
| 92 | 1-92 | ഫ്രണ്ട്ഷിപ്പ് ഡ്രിങ്കിങ്ങ് വാട്ടർ പ്രോജക്ട്-രേഖകൾ ലഭ്യമല്ല -ചെലവ് തടസ്സപ്പെടുത്തുന്നു | 150 |
| 93 | 1-93 | പകൽ വീട് നിർമ്മാണം - അപാകതകൾ | 150 |
| 94 | 1-94 | മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല - ₹ 5,38,827 ചെലവ് തടസ്സപ്പെടുത്തുന്നു | 155 |
| 95 | 1-95 | ചീരച്ചിറയിലുള്ള കോർപ്പറേഷൻ സ്ഥലത്ത് ചുറ്റുമതിൽ, ബസ് സ്റ്റോപ്പ്, അഞ്ചേരി ഹയർസെക്കന്ററി സ്കൂളിൽ ആഡിറ്റോറിയം, അഞ്ചേരി മിനി സ്റ്റേഡിയം അംഗൻവാടിയ്ക്ക് മുകളിൽ വനിതാക്ലബ്ബ് - കെട്ടിടം നിഷ്ക്രിയാസ്തിയായി നിലനിൽക്കുന്നു | 155 |
| 96 | 1-96 | ഡിവിഷൻ-9ലെ ചേറൂർ പുറമ്പോക്കിലെ കുളം നവീകരിച്ച് കുടിവെള്ളപദ്ധതി നടപ്പിലാക്കൽ -ചെലവ് തടസ്സപ്പെടുത്തുന്നു | 157 |
| 97 | 1-97 | ജലലഭ്യത ഉറപ്പുവരുത്താതെ ശുദ്ധജല നിർമ്മാണ പ്ലാന്റ് സ്ഥാപിച്ചു - കുടുംബശ്രീ വാട്ടർ കിയോസ്ക് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല-₹ 12,75,000 തടസ്സപ്പെടുത്തുന്നു | 158 |
| 98 | 1-98 | അനുപൂരക പോഷകാഹാര പരിപാടി - യഥാർത്ഥ പദ്ധതി ചെലവ് സുലേഖ | 159 |

| | | | |
|---|---|---|---|
| | | സോഫ്റ്റ് വെയർ പ്രകാരമുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിൽ നിന്നും വ്യത്യസ്തം | |
| 99 | 1-99 | അനുപൂരക പോഷകാഹാര പദ്ധതി- അപാകതകൾ | 160 |
| 100 | 1-100 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണ വിതരണം പദ്ധതി - അപാകതകൾ | 161 |
| 101 | 1-101 | സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ - സ്റ്റോക്ക് പരിപാലനം കൃത്യമല്ല | 162 |
| 102 | 1-102 | നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക്, പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 162 |
| 103 | 1-103 | ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ "വനിതകൾക്ക് അലങ്കാര മത്സ്യം വളർത്തൽ "പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല | 162 |
| 104 | 1-104 | ഓഹരി,സ്ഥിര നിക്ഷേപം - രജിസ്റ്ററുകൾ പൂർണ്ണമല്ല | 163 |
| 105 | 1-105 | കുടിവെള്ള പദ്ധതികൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിച്ചില്ല | 164 |
| 106 | 1-106 | ഡിവിഷൻ 2 പൂങ്കുന്നത്ത് നിന്ന് വൃന്ദപുരിയിലേയ്ക്ക് ഹോട്ട് ലൈൻ വലിക്കുന്നതിന് തുക നല്കി - അപാകത | 169 |
| 107 | 1-107 | വെള്ളമില്ല,പുതിയ ടോയ്‌ലറ്റ് ബ്ലോക്ക് അടച്ച് പൂട്ടി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 170 |
| 108 | 1-108 | കിഴക്കെകോട്ട ജംഗ്ഷൻ വികസനം, സ്ഥലം ഏറ്റെടുക്കൽ - നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം | 171 |
| 109 | 1-109 | പടിഞ്ഞാറേ കോട്ട ജംഗ്ഷൻ വികസനം - ഭൂമി വാങ്ങൽ - ലക്ഷ്യം കൈവരിച്ചില്ല –വാങ്ങിയ ഭൂമി നിഷ്ക്രിയ ആസ്തിയായി കിടക്കുന്നു – ₹ 2,50,03,410 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 173 |
| 110 | 1-110 | പാറക്കുളം നവീകരണം - കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം വ്യക്തമാക്കിയിട്ടില്ല | 174 |
| 111 | 1-111 | പാറക്കുളം നികത്തി വനിതാ ഹോസ്റ്റൽ പണിയുന്നതിനു കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനു തുക നല്കിയത് - ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശം നാളിതുവരെ നടപ്പാക്കിയിട്ടില്ല | 175 |
| 112 | 1-112 | സ്വകാര്യ ഭൂമിയിൽ കോർപ്പറേഷൻ വക നവീകരണം - ചെലവ് തടസ്സപ്പെടുത്തുന്നു | 177 |
| 113 | 1-113 | പറവട്ടാനിയിൽ വെഹിക്കിൾ ഷെഡ്ഡ് നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 177 |
| 114 | 1-114 | ദേശീയ നഗര ഉപജീവന മിഷൻ | 178 |
| 115 | 1-115 | പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ | 178 |
| 116 | 1-116 | 2018-19-അമൃത് പദ്ധതി, അപാകതകൾ - ഓഡിറ്റ് നിരീക്ഷണങ്ങൾ | 179 |
| 117 | 2-1 | വാണിജ്യ കെട്ടിടത്തിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചത് – പിഴ ഈടാക്കേണ്ടതാണ് | 184 |
| 118 | 3-1 | പെയിൻ & പാലിയേറ്റീവ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മെഡിക്കൽ ഓഫീസറെ നിയമിച്ചു | 185 |
| 119 | 3-2 | 2018-19 അമൃത് പദ്ധതി - അപാകതകൾ | 187 |
| 120 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 188 |
| 121 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 188 |
| 122 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 188 |
| 123 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 189 |
| 124 | 4-5 | വായ്പാ തിരിച്ചടവ് | 189 |
| 125 | 4-6 | സ്ഥിരനിക്ഷേപങ്ങൾ | 189 |
| 126 | 4-7 | ഓഡിറ്റ് റിക്കവറി | 190 |
| 127 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ അവസ്ഥ | 190 |

| | | | |
|---|---|---|---|
| 128 | 4-9 | ചാർജ് -സർചാർജ് നടപടികളുടെ വിവരം | 195 |
| 129 | 4-10 | ഓഡിറ്റ് പ്രത്യവലോകനം | 196 |
| 130 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 200 |
| 131 | അനുബന്ധം 1 | വാടക കുടിശ്ശിക | 202 |
| 132 | അനുബന്ധം 2 | കുർക്കഞ്ചേരി സോണൽ - കാലാവധിയ്ക്കുള്ളിൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചില്ല | 219 |
| 133 | അനുബന്ധം 3 | സ്ഥാപന നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ | 227 |
| 134 | അനുബന്ധം 4 | വാർഷിക കണക്ക് സ്റ്റേറ്റുമെന്റുകൾ | 242 |

നം.കെ.എസ്.എ.(ടി.എസ്.സി)4 – 100/2020. തീയതി : 30/07/2020

**തൃശ്ശൂർ കോർപ്പറേഷൻ ജനറൽ വിഭാഗത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ നഗരപാലികാ നിയമം – വകുപ്പ് 295(4)-ാം വകുപ്പ് , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ കോർപ്പറേഷന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നഗരസഭക്ക് 190 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 50 എണ്ണത്തിന് മാത്രമേ മറുപടി ലഭ്യമാക്കിയുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ.സി.വൈ.സലിം,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| | ശ്രീമതി. സുധാ ദാസ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| | ശ്രീ.ഷൈജു.എസ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

**(ബി) ഓഡിറ്റ് നടത്തിയ ജീവനക്കാർ**

| | |
|---|---|
| ശ്രീ.ഇ.ശശിഭൂഷൺ | *ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്)* |
| ശ്രീമതി.സബിത.എസ്., | *ഓഡിറ്റ് ഓഫീസർമാർ* |
| ശ്രീമതി.മീര നായർ | |
| ശ്രീമതി.പ്രവിദ.പി.എ | *അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ* |
| ശ്രീമതി.ദിവ്യ.എസ്. | *സീനിയർ ഗ്രേഡ് ഓഡിറ്റർമാർ* |
| ശ്രീ.അൻവർരാജ്.എം. | |
| ശ്രീമതി.ശബ്നാദാസ്. എസ്. | |
| ശ്രീമതി. ദീന.കെ.എ. | |
| ശ്രീ. ആലസ്സൻ കുട്ടി.യു. | |
| ശ്രീമതി.സുനിത. ആർ. | *ഓഡിറ്റർമാർ* |
| ശ്രീമതി.വിദ്യ.ഒ.കെ | |
| ശ്രീമതി.സോന.കെ.സത്യൻ | |
| ശ്രീമതി.ആതിര.എച്ച് | |

ഓഡിറ്റിന് വിനിയോഗിച്ച സമയം : 01.05.2019 മുതൽ 31.12.2019 വരെ

**(സി) നിർവഹണാധികാരികൾ**

| തസ്തിക | പേര് | കാലയളവ് | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം (2018-19) | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| മേയർ | ശ്രീമതി.അജിത ജയരാജ് | 01.04.2018 മുതൽ 17.11.2018 വരെ | മേയർ, തൃശ്ശൂർ കോർപ്പറേഷൻ | കളത്തിൽ ഹൗസ്, സ്നേഹ, 77, കുർക്കഞ്ചേരി, തൃശ്ശൂർ-680007 |
| | ശ്രീമതി. ബീന മുരളി (മേയർ ഇൻ ചാർജ്) | 18.11.2018 മുതൽ 11.12.2018 വരെ | (മേയർ ഇൻ ചാർജ്) | പോളത്ത് ഹൗസ്, കൃഷ്ണപുരം, ഒല്ലൂക്കര-680655 |
| | ശ്രീമതി.അജിത വിജയൻ | 12.12.2018 മുതൽ 31.03.2019 വരെ | മേയർ, തൃശ്ശൂർ കോർപ്പറേഷൻ | തിരുനിലത്തിൽ ഹൗസ്, കണിമംഗലം, തൃശ്ശൂർ-680027 |
| സെക്രട്ടറി | ശ്രീ.നിസാറുദ്ദീൻ.എം. | 01.04.2018 മുതൽ 31.05.2018 വരെ | സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ | ചരുവിലകത്ത് വീട്, വട്ടപ്പാറ, നെടുമങ്ങാട്, തിരുവനന്തപുരം |
| | ശ്രീ. സാജു.ഡി. | 01.06.2018 മുതൽ 20.06.2018 വരെ | സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ | മേരി വിലാസം, കൊട്ടുവിള പോസ്റ്റ്, ഈസ്റ്റ് കല്ലട, കൊല്ലം-691502 |
| | ശ്രീ.വിനു.സി. കുഞ്ഞപ്പൻ | 21.06.2018 മുതൽ 28.02.2019 വരെ | സെക്രട്ടറി തൃശ്ശൂർ കോർപ്പറേഷൻ | ചേരികുഴിൽ ഹൗസ്, അശോകപുരം. പി.ഒ.,റോസ് ഗാർഡൻ, 1st ലൈൻ, ആലുവ-6803101 |
| | ശ്രീമതി.അനുജ.എ.എസ്. | 01.03.2019 മുതൽ 31.03.2019 വരെ | സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ | അനുഗ്രഹ,ടി.സി.15/251/(1) ഇ.എസ്.എം.നഗർ,ശാസ്തമംഗലം.പി.ഒ., തിരുവനന്തപുരം – 10 |

**(ഡി) നിർവഹണ ഉദ്യോഗസ്ഥർ**

| മേഖല | പേരും ഉദ്യോഗപ്പേരും | കാലയളവ് (2018-19) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ, അഗ്രികൾച്ചർ | ഉഷ | 01.04.2018 മുതൽ 16.07.2018 വരെ | ഉഷസ്സ്, ഗ്രീൻപാർക്ക് അവന്യൂ, തിരുവമ്പാടി.പി.ഒ., തൃശ്ശൂർ-22 |
| | സിബി ജോസഫ് | 17.07.2018 മുതൽ 24.07.2018 വരെ | പാറയിൽ, 14/152എ, വടക്കോട്.പി.ഒ.,കൊങ്ങരപ്പാടി, കൊച്ചി |
| | നിർമ്മല ജോർജ്ജ് | 25.07.2018 മുതൽ 01.09.2018 വരെ | ഷാലോം ഹൗസ്, സുഭാഷ് നഗർ, പൊങ്ങാമൂട്, മെഡിക്കൽ കോളേജ്. പി.ഒ.,തിരുവനന്തപുരം |

| | | | |
|---|---|---|---|
| | മീന കോശി | 02.09.2018 മുതൽ 06.09.2018 വരെ | ബെഥനിയ, മദർ നഗർ, ചങ്ങമ്പുഴ നഗർ, കളമശ്ശേരി, എറണാകുളം |
| | ഷൈനി ജേക്കബ് | 07.09.2018 മുതൽ 31.03.2019 വരെ | ബെതേൽ ഹൗസ്, ഗാന്ധി നഗർ, പി.ഒ.മണ്ണുത്തി |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | നവ്യ.കെ. | 01.04.2018 മുതൽ 31.03.2019 വരെ | വലക്കാടനിൽ ഹൗസ്,എട്ടുമന.പി.ഒ., കരുവന്നൂർ, തൃശ്ശൂർ - 680711 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ചാന്ദ്നി.കെ.ബി. | 01.04.2018 മുതൽ 31.03.2019 വരെ | കളത്തിൽ ഹൗസ്, സോമിൽ റോഡ്.പി.ഒ., കൂർക്കഞ്ചേരി, തൃശ്ശൂർ-680007 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.കെ.കെ. ബിന്ദു. | 01.04.2018 മുതൽ 31.03.2019 വരെ | ശ്രീകാന്ത്, മയ്യന്നൂർ.പി.ഒ., വടകര, കോഴിക്കോട്-673542 |
| മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (ഒല്ലൂർ) | ഡോ. മനോജ്. സി. വർഗ്ഗീസ് | 01.04.2018 മുതൽ 25.08.2018വരെ | വല്ല്യത്ത് ഹൗസ്, വടക്കുമുറി, മുണ്ടത്തിക്കോട്, തൃശ്ശൂർ-680601 |
| | ഡോ. അശ്വിൻ.സി.പി. | 26.08.2018 മുതൽ 31.03.2019 വരെ | ശ്രീഅമാത്ത്, പി.ഒ.നെട്ടൂർ, തലശ്ശേരി, കണ്ണൂർ-670105 |
| പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | ധന്യ വിൻസെന്റ്, | 01.04.2018 മുതൽ 31.03.2019 വരെ | W/o.പ്രിജു ആന്റണി, ചക്കാലക്കൽ ഹൗസ്, ഒല്ലൂക്കര.പി.ഒ., കാളത്തോട്, കൃഷ്ണപുരം, സൗത്ത് പാർക്ക് -680655 |
| പട്ടികജാതി വികസന ഓഫീസർ | സുധീർ.എ.ആർ. | 01.04.2018 മുതൽ 31.03.2019 വരെ | അണ്ടിക്കോട്ട് ഹൗസ്, എടത്തിരിഞ്ഞി.പി.ഒ., ഇരിങ്ങാലക്കുട |
| ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ | രാജൻ.എൻ. | 01.04.2018 മുതൽ 31.10.2018 വരെ | മണലാരോ എസ്റ്റേറ്റ്, പടഗിരി.പി.ഒ., പാലക്കാട് |
| ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ (ഇൻചാർജ്ജ്) | സുന്ദരൻ.ടി.എ. | 01.11.2018 മുതൽ 06.12.2018വരെ | തയ്യിൽ ഹൗസ്, കണിമംഗലം.പി.ഒ., തൃശ്ശൂർ |
| ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ | മാധവൻ.കെ.സി., | 07.12.2018 മുതൽ 31.03.2019 വരെ | ചാല, കോവിലകം കുണ്ട്, മഞ്ചേരി, മലപ്പുറം |
| സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ | ഡോ. ശ്രീദേവി | 01.04.2018 മുതൽ 31.03.2019 വരെ | വടക്കേടത്ത് വീട്, വിയ്യൂർ.പി.ഒ., തൃശ്ശൂർ-680010. |
| പ്രിൻസിപ്പൽ, ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ | ലീല.കെ. | 01.04.2018 മുതൽ 27.06.2018 വരെ | പട്ടിയിൽ ഹൗസ്, എറവ്.പി.ഒ., പിൻ-680620 |
| | ജയരാജൻ.വി.സി. | 28.06.2018 മുതൽ 31.03.2019 വരെ | വലിയപുരയ്ക്കൽ ഹൗസ്, വെളുത്തൂർ. പി.ഒ., തൃശ്ശൂർ-680012 |
| സീനിയർ വെറ്ററനറി സർജൻ (വിൽവട്ടം) | ഡോ. സുധീഷ് | 01.04.2018 മുതൽ 31.03.2019 വരെ | അയിനിപ്പുള്ളി ഹൗസ്, മുല്ലക്കര, മണ്ണുത്തി.പി.ഒ. |
| സീനിയർ വെറ്ററനറി സർജൻ (ഒല്ലൂർ) | ഡോ. സീന | 01.04.2018 മുതൽ 12.02.2019വരെ | കോനിക്കര ഹൗസ്, കുറ്റൂർ.പി.ഒ., കൊട്ടേക്കാട് |
| | ഡോ. ജ്യോതിലക്ഷ്മി. | 13.02.2019മുതൽ 31.03.2019 | ജ്യോതിസ്, പി.ഒ. |

| | | | |
|---|---|---|---|
| | | വരെ | പൂത്തോൾ,തൃശ്ശൂർ-4 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ബിന്ദു.പി.എസ്. | 01.04.2018 മുതൽ 30.11.2018 വരെ | ഫ്ലാറ്റ്-3, രോഹിണി അപ്പാർട്ടുമെന്റ്, അയ്യന്തോൾ, തൃശ്ശൂർ-3 |
| | നവ്യ രാമചന്ദ്രൻ | 01.12.2018 മുതൽ 31.03.2019 വരെ | വൈറ്റ് ബ്രീസ് അപ്പാർട്ടുമെന്റ്സ്, എസ്.എൻ.പാർക്ക്, പൂത്തോൾ-680004 |
| കോർപ്പറേഷൻ എഞ്ചിനീയർ | സുലൈമാൻ.സി.എം. | 01.04.2018 മുതൽ 17.08.2018വരെ | FN 65, KWA ക്വാർട്ടേഴ്സ്, കെ..കെ.പി. റോഡ്, എറണാകുളം-689620 |
| | ബാബുരാജ് | 18.08.2018 മുതൽ 31.03.2019 വരെ | പൂരണ്ടേക്കാട്ടിൽ ഹൗസ്, 110 കെ.വി. സ്റ്റേഷൻ റോഡ്, ഒറ്റപ്പാലം - 679103 |
| കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ -1 | ജോൺസൺ.കെ. | 01.04.2018 മുതൽ 10.08.2018 വരെ | ആൻസ് കോട്ടേജ്, കൃഷിത്തോട്ടം ജംഗ്ഷൻ, കൊട്ടാരക്കര, കൊല്ലം |
| | ഷൈബി ജോർജ്ജ് (ഇൻചാർജ്ജ്) | 11.08.2018 മുതൽ 19.08.2018 വരെ | സി-10, കാളിന്ദി റെസിഡൻസി, മാടശ്ശേരി കല്ലറക്കൽ ഹൗസ്, നോർത്ത് ബസ് സ്റ്റാന്റിന് സമീപം, തൃശ്ശൂർ-20. |
| കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ -1 | ശ്രീലത.പി. ആർ. | 20.08.2018 മുതൽ 31.03.2019 വരെ | 32/114,തൈക്കൂട്ടം ഹൗസ്, തട്ടേക്കാട് റോഡ്, നെട്ടൂർ.പി.ഒ., മരട്, എറണാകുളം-682040 |
| കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ -2 | ജോൺസൺ.കെ. (ഇൻ-ചാർജ്ജ്) | 01.04.2018 മുതൽ 04.04.2018 വരെ | ആൻസ് കോട്ടേജ്, കൃഷിത്തോട്ടം ജംഗ്ഷൻ, കൊട്ടാരക്കര, കൊല്ലം |
| കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ -2 | ഷൈബി ജോർജ്ജ് | 05.04.2018 മുതൽ 31.03.2019 വരെ | സി-10, കാളിന്ദി റെസിഡൻസി, മാടശ്ശേരി കല്ലറക്കൽ ഹൗസ്, നോർത്ത് ബസ് സ്റ്റാന്റിന് സമീപം, തൃശ്ശൂർ-20. |
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | മഞ്ജു.പി.ജി. | 01.04.2018 മുതൽ 31.03.2019 വരെ | പ്ലാശ്ശേരി ഹൗസ്, മേലൂർ.പി.ഒ., കീഴഡൂർ-680741 |
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ (ഇൻ-ചാർജ്ജ്) | ഉഷ.എസ്. | 01.04.2018 മുതൽ 31.05.2018 വരെ | മംഗലത്ത് ഹൗസ്, പി.വി.ആർ. നഗറിന് സമീപം, പള്ളിപ്പുറം.പി.ഒ., പാലക്കാട് - 6 |
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ (ഇൻ-ചാർജ്ജ്) | സുരഭി.ടി.എസ്. | 01.06.2018 മുതൽ 08.07.2018 വരെ | പറമ്പത്ത് വളപ്പിൽ ഹൗസ്, പേരാമംഗലം.പി.ഒ., തൃശ്ശൂർ - 680545 |
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | ശരണ്യ.സി.ജി. | 09.07.2018 മുതൽ 31.03.2019 വരെ | ചെമ്മങ്ങാട്ടു വളപ്പിൽ വീട്, പി.ഒ. അമല നഗർ, ചൂരക്കാട്ടുകര, തൃശ്ശൂർ |
| സൂപ്രണ്ട്, സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും കൈമാറി കിട്ടിയ | ഉഷ.പി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ | W/o.രാധാകൃഷ്ണൻ, ഓളിപ്പറമ്പിൽ ഹൗസ്, എടതിരിഞ്ഞി.പി.ഒ. -680122 |

| | | | |
|---|---|---|---|
| ക്ഷേമസ്ഥാപനം | | | |
| മെമ്പർ സെക്രട്ടറി, കുടുംബശ്രീ | സിസ്ധു.എൻ., | 01.04.2018 മുതൽ 26.01.2019 വരെ | മാളിയേക്കൽ ഹൗസ്, പി.ഒ.കല്ലൂർ, വടക്കേക്കാട് വഴി, തൃശ്ശൂർ |
| മെമ്പർ സെക്രട്ടറി, കുടുംബശ്രീ | ബിന്ദു.പി.ബി. | 27.01.2019 മുതൽ 31.03.2019 വരെ | തേക്കാനത്ത് ഹൗസ്, പി.ഒ. ചൂലിശ്ശേരി, തൃശ്ശൂർ-680541 |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

1.1.1 തൃശ്ശൂർ കോർപ്പറേഷന്റെ 2018-19 വർഷത്തെ ബജറ്റ് 28.03.2018 ലെ കൗൺസിലിന്റെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 25.02.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു. വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| | വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| ഒറിജിനൽ ബജറ്റ് | 725,41,20,506 | 700,59,13,804 | 24,82,06,702 |
| പുതുക്കിയ ബജറ്റ് | 265,12,58,356 | 234,35,21,751 | 30,77,36,575 |
| വാർഷികകണക്ക് പ്രകാരം | 282,58,13,128 | 209,31,19,968 | 73,26,93,160 |

പുതുക്കിയ ബജറ്റ് പ്രകാരം (വരവ്-ചെലവ് ) 30,77,36,605/- ആണ് വരേണ്ടത്. എന്നാൽ അംഗീകരിച്ചിട്ടുള്ളത് 30,77,36,575/- ആണ്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

2017-18 വർഷത്തെ കണക്കുകൾ താഴെപ്പറയും പ്രകാരമാണ്.

| | വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| ഒറിജിനൽ ബജറ്റ് | 715,40,59,058 | 675,55,09,000 | 39,85,50,058 |
| പുതുക്കിയ ബജറ്റ് | 269,60,92,340 | 209,12,90,634 | 60,48,01,706 |
| വാർഷികകണക്ക് പ്രകാരം | 270,50,75,223 | 220,59,08,930 | 49,91,66,293 |

ഒറിജിനൽ ബജറ്റും പുതുക്കിയ ബജറ്റും തമ്മിൽ രണ്ടു വർഷങ്ങളിലും വലിയ അന്തരമാണ് കാണുന്നത്.

1.1.2 കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ താഴെപ്പറയുന്ന വകുപ്പുകൾ പാലിച്ചിട്ടില്ലാത്തതായി കാണുന്നു.

1.1.2.1. വകുപ്പ് 285പ്രകാരം സെക്രട്ടറി ഓരോ വർഷവും ജനവരി 15ാം തിയതിയ്ക്കോ അതിനു മുമ്പോ അടുത്ത വർഷത്തെ വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബജറ്റ് തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതും നികുതി വ്യത്യാസപ്പെടുത്തുകയോ വായ്പകൾ എടുക്കുകയോ ചെയ്യുന്നത് ആവശ്യമെന്നോ യുക്തമെന്നോ തനിക്ക് തോന്നുന്നതായാൽ അതു സംബന്ധിച്ച് തന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ്.

1.1.2.2. സെക്ഷൻ 286 പ്രകാരം ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് അവയുടെ ഒരു നിർദ്ദേശം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് നൽകേണ്ടതും പ്രസ്തുത നിർദ്ദേശങ്ങളെയും ഈ ആക്റ്റിലെ എല്ലാ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് അതിൽനിന്നും അടുത്ത വർഷത്തേയ്ക്കുള്ള മുനിസിപ്പാലിറ്റിയുടെ വരവു ചെലവുകളുടെ ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതാണ്.

1.1.2.3. സെക്ഷൻ 293പ്രകാരം വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽനിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്.

മേല്പറഞ്ഞ നടപടി ക്രമങ്ങളൊന്നും പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതിനാലാണ് ഒറിജിനൽ ബജറ്റും പുതുക്കിയ ബജറ്റും തമ്മിലും ബജറ്റും വാർഷികകണക്കും തമ്മിലും ഇത്രയധികം വ്യത്യാസം ഉണ്ടായിട്ടുള്ളത്. യാഥാർത്ഥ്യബോധത്തോടു കൂടിയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | കൗൺസിൽ തീരുമാനം |
|---|---|---|
| 31.07.2019 | 30.07.2019 | 16.07.2019ലെ 56.2(1) -ാം നമ്പർ കൗൺസിൽ തീരുമാനം |

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട്സ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 35,02,840.67 |
| വരവ് | ₹ 282,23,10,288.00 |
| ആകെ | ₹ 282,58,13,128.67 |
| ചെലവ് | ₹ 209,31,19,968.67 |

| | |
|---|---|
| നീക്കിയിരിപ്പ് | ₹ 73,26,93,160.00 |

2017-18ലെ വാർഷിക കണക്കുപ്രകാരമുള്ള നീക്കിയിരിപ്പ് ₹49,91,66,293 ആണ്. 2018-19ലെ മുന്നിരിപ്പ് ₹ 35,02,840.67 ആണ്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ട് ഇനം | വകയിരുത്തിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | വിനിയോഗ ശതമാനം |
|---|---|---|---|---|
| 1. | വികസനഫണ്ട് - പൊതുവിഭാഗം | ₹ 35,76,58,434 | ₹ 28,95,42,402 | 80.95 |
| 2. | വികസനഫണ്ട് - എസ്.സി. പി. | ₹ 10,26,89,000 | ₹ 8,14,78,248 | 79.34 |
| 3. | 14-ാം ധനകാര്യ കമ്മീഷൻ അവാർഡ് | ₹ 40,09,74,361 | ₹ 14,63,94,004 | 36.5 |
| 4. | സംരക്ഷണ ഗ്രാന്റ് | ₹ 18,55,97,000 | ₹ 12,92,29,106 | 69.62 |
| 5. | കേന്ദ്രാവിഷ്കൃത ഫണ്ട് | ₹ 59,66,51,653 | ₹ 57,32,95,657 | 96.08 |
| 6. | തനത് ഫണ്ട് + ജനറൽ പർപ്പസ് ഫണ്ട് | ₹ 74,17,67,875 | ₹ 78,81,39,895 | 106.25 |

## 1-5 പദ്ധതി അവലോകനം

**1-5-1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയത്, ഭാഗികമായി നടപ്പാക്കിയത്, നടപ്പാക്കാത്തത് എന്നിവ സംബന്ധിച്ച പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു**

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 714 | 307 | 310 | 97 | 42.99 |

അംഗീകാരം ലഭിച്ചതിൽ 43 ശതമാനത്തോളം പ്രൊജക്ടുകൾ മാത്രമേ നടപ്പിലാക്കിയുള്ളൂ എന്നത് സവിശേഷശ്രദ്ധയർഹിക്കുന്നുണ്ട്. അംഗീകാരം ലഭിച്ച പ്രൊജക്ടുകളെല്ലാം നടപ്പാക്കുവാനുള്ള നടപടികൾ വരും വർഷങ്ങളിൽ സ്വീകരിക്കേണ്ടതാണ്. ഭാഗികമായി നടപ്പാക്കിയത് സ്പിൽ ഓവറായി തുടർ വർഷങ്ങളിൽ നടപ്പാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

**1-5-2. മേഖലാ വിഭജനം**

ഉല്പാദന,പശ്ചാത്തല,സേവന മേഖലകളിലേയ്ക്കായി വകയിരുത്തിയ തുകയുടെയും യഥാർത്ഥത്തിൽ ചെലവഴിച്ച തുകയുടെയും വിവരം താഴെ ചേർക്കുന്നു.

| മേഖലാവിഭജനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| ഉല്പാദനം | ₹ 5,71,86,698 | ₹ 3,45,36,156 | 60.39 |
| പശ്ചാത്തലം | ₹ 68,54,41,626 | ₹ 36,53,65,540 | 53.30 |
| സേവനം | ₹ 47,70,15,536 | ₹ 25,93,10,222 | 54.36 |

വിവിധ മേഖലകളിൽ വകയിരുത്തിയതിന്റെ 45 ശതമാനത്തോളം തുക ചെലവഴിക്കപ്പെടാത്തത് പരിശോധിക്കപ്പെടേണ്ടതാണ്.

**1-5-3. നിർബന്ധമായി വകയിരുത്തേണ്ട വിഭാഗങ്ങൾക്ക് വകയിരുത്തിയ തുകയുടെ വിവരം**

| വിഭാഗം | വകയിരുത്തിയ തുക (₹) | ചെലവഴിച്ച തുക (₹) | ശതമാനം |
|---|---|---|---|
| വനിതാഘടകപദ്ധതി | 8,58,43,489 | 2,21,37,078 | 25.79 |

| | | | |
|---|---|---|---|
| കുട്ടികൾ | 1,59,18,450 | 33,78,199 | 21.22 |
| വൃദ്ധർ | 1,26,85,626 | 75,25,201 | 59.32 |
| ഭിന്നശേഷിയുള്ളവർ | 1,04,95,000 | 13,46,983 | 12.83 |
| പാലിയേറ്റീവ് കെയർ രോഗികൾ | 1,90,75,479 | 109,75,306 | 57.54 |
| യുവജനവികസന പരിപാടി | 69,50,000 | 50,60,700 | 72.82 |

വനിതകൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ തുടങ്ങി പ്രത്യേകശ്രദ്ധയർഹിക്കുന്ന വിഭാഗങ്ങൾക്കായുള്ള വകയിരുത്തലുകൾ വളരെ കുറഞ്ഞ ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-5-4. നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ ചെലവുവിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ബജറ്റിൽ വകയിരുത്തിയ തുക | യഥാർത്ഥ ചെലവുതുക | ശതമാനം |
|---|---|---|---|
| ഡെ.ഡയറക്ടർ അഗ്രികൾച്ചർ | ₹ 4,01,40,517 | ₹ 2,18,91,679 | 54.54 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ₹ 10,00,000 | ₹ 1,20,000 | 12 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ₹ 1,34,71,525 | ₹ 1,22,86,667 | 91.20 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ₹ 3,00,000 | ₹ 3,00,000 | 100 |
| സെക്രട്ടറി,കോർപ്പറേഷൻ | ₹ 23,59,05,538 | ₹ 14,27,79,350 | 60.52 |
| മെഡിക്കൽ ഓഫീസർ,കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | ₹ 1,46,31,843 | ₹ 66,18,917 | 45.24 |
| പ്രൊജക്റ്റ് ഓഫീസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | ₹ 10,90,12,433 | ₹ 7,27,40,091 | 66.73 |
| പട്ടികജാതി വികസന ഓഫീസർ | ₹ 1,77,61,750 | ₹ 1,11,91,951 | 63.01 |
| ഹെൽത്ത് ഓഫീസർ,കോർപ്പറേഷൻ | ₹ 3,91,62,886 | ₹ 1,45,54,572 | 37.16 |
| മെഡിക്കൽ ഓഫീസർ,ഗവണ്മെന്റ് ഹോസ്പിറ്റൽ | ₹ 43,52,731 | ₹ 43,52,731 | 100 |
| പ്രിൻസിപ്പൽ,ഗവ.ഹയർ സെക്കന്ററി സ്കൂൾ | ₹ 4,57,04,350 | ₹ 3,51,61,920 | 70.93 |
| സീനിയർ വെറ്റിനറി സർജൻ | ₹ 56,10,000 | ₹ 48,33,456 | 86.16 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ₹ 67,50,000 | ₹ 14,90,897 | 22.09 |
| കോർപ്പറേഷൻ എഞ്ചിനീയർ | ₹ 2,78,36,469 | ₹ 1,43,38,465 | 51.51 |
| ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്റ്റ് ഓഫീസർ | ₹ 2,46,70,932 | ₹1,47,96,174 | 59.97 |
| സൂപ്രണ്ട്, സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും കൈമാറികിട്ടിയ ക്ഷേമസ്ഥാപനം | ₹ 70,000 | ₹ 69,771 | 99.67 |
| മെമ്പർ സെക്രട്ടറി, കുടുംബശ്രീ | ₹ 53,50,000 | ₹ 25,50,000 | 47.66 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ(ത.സ്വ.ഭ.വ) | ₹ 79,07,76,735 | ₹ 30,51,35,540 | 38.5 |

വിഭാവനം ചെയ്ത എല്ലാ പ്രൊജക്ടുകളും നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കുന്നില്ല. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, മെഡിക്കൽ ഓഫീസർ(കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ), ഹെൽത്ത് ഓഫീസർ, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ, മെമ്പർ സെക്രട്ടറി(കുടുംബശ്രീ), എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ നിർവ്വഹണഉദ്യോഗസ്ഥർ 50 ശതമാനത്തിൽ താഴെ പ്രൊജക്ടുകൾ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ.

കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 549 പ്രൊജക്ടുകൾ വിഭാവനം ചെയ്തെങ്കിലും 268 പ്രൊജക്ടുകളിൽ ഒരു തുക പോലും ചെലവഴിക്കുകയുണ്ടായില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം | പേര് | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 55 | അയ്യന്തോൾ സോണൽ ഡിവിഷൻ 49ലെ റോഡുകൾ പുതിയ ടാറിംഗ് | 23 |
| 2 | 82 | അയ്യന്തോൾ സോണൽ വിവിധ അംഗൻവാടികൾക്ക് മെയിന്റനൻസ് വർക്ക് ചെയ്യുന്ന പ്രവൃത്തി | 25 |

| | | | |
|---|---|---|---|
| 3 | 92 | അയ്യന്തോൾ സോണൽ ഡിവിഷൻ 55ലെ വനിത ഹോസ്റ്റലിനു സമീപം സ്വയംതൊഴിൽ വിപണനകേന്ദ്രം | 50 |
| 4 | 114 | അയ്യന്തോൾ സോണൽ ഡിവിഷൻ 49ലെ ആയുർവേദ ഡിസ്പെൻസറി വികസനം രണ്ടാംഘട്ടം | 24.86819 |
| 5 | 177 | ഒല്ലൂർ സോണൽ ഡിവിഷൻ 27ലെ റോഡുകൾ പുതിയ ടാറിംഗ് | 26.48731 |
| 6 | 197 | ഒല്ലൂർ സോണൽ വിവിധ ഡിവിഷനുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 40 |
| 7 | 216 | ഒല്ലൂർ സോണൽ വിവിധ അംഗൻവാടി മെയിന്റനൻസ് | 25 |
| 8 | 219 | ഡിവിഷൻ 8 ബസ്സ്റ്റാൻഡ് നിർമ്മാണം | 80 |
| 9 | 281 | കൂർക്കഞ്ചേരി സോണൽ ഡിവിഷൻ 33 ലെ വിവിധ റോഡുകളുടെ ടാറിംഗ് | 37.14472 |
| 10 | 317 | വിൽവട്ടം സോണൽ ഡിവിഷൻ 7 അടിയാറ്റ-രാമവർമ്മപുരം റോഡ് റീടാറിംഗ് | 23.97700 |
| 11 | 393 | കൂർക്കഞ്ചേരി സോണൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 40 |
| 12 | 395 | കൂർക്കഞ്ചേരി സോണൽ വിവിധ അംഗൻവാടികളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാനസൗകര്യവികസനവും | 25 |
| 13 | 404 | ഒല്ലൂർ സോണൽ ഡിവിഷൻ 31ലെ വിവിധ റോഡുകളുടെ ടാറിംഗ് | 27.66298 |
| 14 | 413 | ചെമ്പുക്കാവ് ഷോപ്പിംഗ് മാൾ നിർമ്മാണം | 105 |
| 15 | 414 | വടക്കേസ്റ്റാന്റ് ഷോപ്പിംഗ് മാൾ നിർമ്മാണം | 105 |
| 16 | 416 | കാളത്തോട് കല്യാണമണ്ഡപം | 105 |
| 17 | 417 | ഒല്ലൂർ പനംകുറ്റിച്ചിറയ്ക്ക് സമീപം മാർക്കറ്റ് കോംപ്ലക്സ് | 105 |
| 18 | 426 | കൂർക്കഞ്ചേരി സോണൽ ഡിവിഷൻ 41വനിതാ ശിശു സൗഹൃദപാർക്ക് | 50 |
| 19 | 435 | കിഴക്കേകോട്ട ജംഗ്ഷൻ വികസനം | 105 |
| 20 | 450 | വെസ്റ്റ് സോൺ ഡിവിഷൻ 38, വെസ്റ്റ് ഫോർട്ട് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം 2ാം ഘട്ടം | 151.09915 |
| 21 | 463 | ഒല്ലൂക്കര മേഖലാ കാര്യാലയം കെട്ടിടനിർമ്മാണം | 155 |
| 22 | 468 | ഈസ്റ്റ് സോൺ പാറക്കുളം നവീകരണം | 30 |
| 23 | 492 | പൊതുസ്ഥലങ്ങളിൽ സ്ത്രീ സൗഹൃദ ടോയ് ലറ്റുകളുടെ നിർമ്മാണം | 62 |
| 24 | 497 | ജനറൽ ആശുപത്രി അറ്റകുറ്റപ്പണി | 25 |
| 25 | 548 | നഗരസഭാപ്രദേശത്ത് പൊതുടോയ് ലറ്റ് നിർമ്മാണം | 130 |
| 26 | 636 | കണ്ണൻകുളങ്ങര കുടുംബശ്രീ ഓഫീസ് നിർമ്മാണം | 45 |
| 27 | 664 | ഡിവിഷൻ 49ലെ അമ്പാടിക്കുളം കുടിവെള്ള പദ്ധതി | 30 |
| 28 | 699 | കോർപ്പറേഷൻ അസറ്റ് ജി ഐ എസ് മാപ്പിംഗ് | 25 |
| 29 | 737 | ശക്തൻ നഗറിൽ ഇ എം എസ് ഓപ്പൺ തിയ്യേറ്റർ നിർമ്മാണം | 25 |
| 30 | 745 | ശക്തൻ നഗറിൽ ഷീ ഹോസ്റ്റൽ നിർമ്മാണം | 50 |
| 31 | 760 | അയ്യന്തോൾ സോണൽ ഡിവിഷൻ 50 മത്തായിപുരം കോളനിയിൽ കാനയും കവറിംഗ് സ്ളാബും | 25 |
| 32 | 785 | വടക്കേ ബസ്റ്റാൻഡിൽ ഓ ഡബ്ളിയു സി പ്ളാന്റ് നിർമ്മാണം | 54 |
| 33 | 792 | അമൃത് പദ്ധതി നഗരസഭാ വിഹിതം | 487 |
| 34 | 674 | പുല്ലഴി കോൾപ്പടവ് തിട്ട നിർമ്മാണം | 16 |
| 35 | 742 | മാലിന്യനിർമ്മാർജ്ജന പ്ലാന്റിലേയ്ക്ക് മെഷീനറി വാങ്ങി സ്ഥാപിക്കൽ | 11 |
| 36 | 72 | ജി.എച്ച്.എസ്.എസ്. അയ്യന്തോൾ ഹയർ സെക്കൻഡറി സ്കൂൾ അറ്റകുറ്റപ്പണി | 12 |
| 37 | 88 | അയ്യന്തോൾ സോണൽ ഡിവിഷൻ 49ൽ ഒളരി മാർക്കറ്റ് കെട്ടിടനിർമ്മാണം | 20 |
| 38 | 113 | അയ്യന്തോൾ സോണൽ ഡിവിഷൻ 54ലെ പ്രൈമറി ഹെൽത്ത് സെന്റർ നിർമ്മാണം | 20 |
| 39 | 125 | ഡിവിഷൻ 13 – വനിതകൾക്ക് സ്വയംതൊഴിൽ ലഭിക്കുന്നതിന് നിർമ്മാണ വിപണന കേന്ദ്രം | 15 |

| | | | |
|---|---|---|---|
| 40 | 180 | ഒല്ലൂർ സോണൽ ചിയ്യാരം തൈക്കാട്ടുശ്ശേരി സബ് സെന്റർ അറ്റകുറ്റപ്പണികൾ | 20 |
| 41 | 299 | കുർക്കഞ്ചേരി സോണൽ ഡിവിഷൻ 44 – നെട്ടുപുഴ ജി.ജെ.ബി.എസ്-ൽ രണ്ട് പുതിയ ക്ലാസ്സ് മുറികളുടെ നിർമ്മാണം | 19 |

പദ്ധതി അടങ്കലിന്റെ 48.13% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. കൂടാതെ വാർഷിക പദ്ധതിക്കുവേണ്ടി ₹2,68,83,357 തനത് ഫണ്ടിൽ നിന്ന് വകയിരുത്തിയിരുന്നെങ്കിലും ₹ 58,25,263 മാത്രമാണ് ചെലഴിച്ചത് (21.66%). തുടർന്നുള്ള വർഷങ്ങളിൽ വിവിധ പദ്ധതികൾ നിർവ്വഹിക്കുന്നതിനായി വകയിരുത്തുന്ന തുക പരമാവധി ചെലവഴിച്ച് പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

**1-5-5. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും വിലയിരുത്തലിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പ് ആസൂത്രണ സമിതി എന്നിവയുടെ ഫലപ്രദമായ ഇടപെടലുകളില്ല**

മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ നഗരസഭാ സ്ഥാപനങ്ങളിൽ ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും അടിയന്തിരമായി രൂപീകരിക്കുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പിന്റെ 09.01.2017ലെ ജി.ഒ.(എം.എസ്.) നം.11/2017/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം പതിമൂന്നാം പഞ്ചവത്സരപദ്ധതിയും ഓരോ വർഷത്തെയും വാർഷികപദ്ധതിയും തയ്യാറാക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളാണ് ഓരോ നഗരസഭാ സ്ഥാപനങ്ങളിലും ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുക, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കുക എന്നിവ. നഗരസഭകളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണസമിതിയുടെ പ്രധാന ദൗത്യം. മറ്റൊരു ചുമതല ആസൂത്രണ, നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിയ്ക്കാൻ നഗരസഭാ കൗൺസിലിനെ സഹായിക്കുക എന്നതാണ്. ഇപ്രകാരമുള്ള ഇടപെടൽ ഓഡിറ്റ് വർഷം ആസൂത്രണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ എന്നത് പരിശോധിക്കാനായി ആസൂത്രണസമിതിയുടെ മിനിട്സ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. എങ്ങിനെ ആസൂത്രണസമിതിയെ സജീവമാക്കി പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ കൂടുതൽ മെച്ചപ്പെട്ടതാക്കാം എന്നത് അതീവ ഗൗരവമുള്ളതാണെന്ന വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. അടിയന്തിര ഇടപെടൽ ഇക്കാര്യത്തിൽ പ്രതീക്ഷിക്കുന്നു.

**വർക്കിംഗ് ഗ്രൂപ്പുകളുടെ ഇടപെടൽ**

ഓരോ വികസനമേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന പ്രാഥമികവിവരങ്ങളും ദ്വിതീയവിവരങ്ങളും സമന്വയിപ്പിച്ച് അവസ്ഥാവിശകലനം നടത്തുക, അവസ്ഥാവിശകലനം അവലംബമാക്കി ഓരോ വികസനമേഖലയും നേരിടുന്ന പ്രധാന വെല്ലുവിളികൾ, വികസനത്തിലെ നിലവിലുള്ള വിടവുകൾ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ, അതിന് സ്വീകരിക്കാവുന്ന തന്ത്രം എന്നിവയെല്ലാം ഉൾപ്പെടുത്തി ഒരു അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട്) യഥാസമയം തയ്യാറാക്കി നഗരസഭയ്ക്ക് സമർപ്പിക്കുക എന്നിവയൊക്കെ വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകളിൽപ്പെട്ടവയാണ്. എന്നാൽ മേൽപ്പറഞ്ഞ രീതിയിലുള്ള ക്രിയാത്മകമായ ഇടപെടൽ വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നുണ്ടായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളിൽ നിർദ്ദേശിക്കപ്പെടുന്ന ഭൂരിഭാഗം പ്രൊജക്ടുകളും നടപ്പിലാക്കപ്പെടുന്നില്ല. കൂടാതെ പ്രൊജക്ടുകളുടെ വിലയിരുത്തലുകളും ഫലപ്രദമാക്കി നടത്തുന്നില്ല.

മേൽപ്പറഞ്ഞ ഉത്തരവിലെ അനുബന്ധം (3) പ്രകാരം വാർഡ് സഭ യോഗങ്ങളുടെയും വികസന സെമിനാറിന്റെയും മുന്നോടിയായി വികസനരേഖ തയ്യാറാക്കേണ്ടതാണ്. അതിനായി ഒൻപതാം പദ്ധതിയിലെ വികസന റിപ്പോർട്ട് ഒരു അടിസ്ഥാനരേഖയായി അവലംബിക്കാവുന്നതാണ്. അതുപോലെ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയിട്ടുള്ള അവസ്ഥാരേഖയിലെ (സ്റ്റാറ്റസ് റിപ്പോർട്ട്) സ്ഥിതിവിവര കണക്കുകളും നടപ്പാക്കിയ പ്രൊജക്ടുകളെ സംബന്ധിച്ച നിഗമനങ്ങളും വികസനരേഖയിൽ പ്രതിഫലിക്കേണ്ടതാണ്. ഇത്തരത്തിലുള്ള ഒരു വികസനരേഖയോ, സ്റ്റാറ്റസ് റിപ്പോർട്ടോ ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായില്ല (ഓഡിറ്റ് അന്വേഷണം നം.169 തീയതി : 28.12.2019)

**സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഇടപെടൽ**

നഗരസഭാതല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നതുവരെയുള്ള ആസൂത്രണനടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ടിയുള്ള മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്തുക, ആവശ്യമായ യോഗങ്ങൾ യഥാസമയം വിളിച്ചുചേർക്കുക, വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കുക എന്നിവ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകേണ്ടതും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽനിന്നും ഇത്തരത്തിലുള്ള ഇടപെടലുകൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലെന്ന് കാണുന്നു.

ബജറ്റ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കേണ്ടതും കിട്ടേണ്ടതായ നികുതികളുടെയും ഫീസുകളുടെയും വാടകകളുടെയും മറ്റ് തുകകളുടെയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. കൂടാതെ സർക്കാരിൽ നിന്നും വിതരണം ചെയ്യുന്ന ഗ്രാന്റുകളും അവയുടെ ശരിയായ ഉപയോഗവും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതുമാണ്. അക്കൗണ്ടുകൾ മാസംതോറും ഓഡിറ്റ് ചെയ്യേണ്ടതും മാസംതോറുമുള്ള തുക ആവശ്യപ്പെടലും തുക പിരിച്ചെടുക്കലും, നീക്കിയിരിപ്പ് തുക, സെക്രട്ടറി സമർപ്പിക്കുന്നപ്രകാരമുള്ള തൊട്ടുമുമ്പുള്ള മാസത്തെ വരവു-ചെലവുകളുടെ സംക്ഷേപം പരിശോധിക്കേണ്ടതുമാണ്. കൂടാതെ അടങ്കൽ തുക ബജറ്റിൽ വകയിരുത്തിയതാണോ എന്നതും പരിശോധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ നിന്നും ഇപ്രകാരമുള്ള ഇടപെടൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലെന്ന് കാണുന്നു. തനത് ഫണ്ടും ജനറൽ പർപ്പസ് ഫണ്ടും ചേർന്ന അക്കൗണ്ടിൽനിന്നും വകയിരുത്തിയതിനേക്കാൾ 4,63,72,020/- അധികം ചെലവഴിച്ചിട്ടുണ്ട്. ഇത് പരിശോധിക്കപ്പെടേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ₹ 51,84,129.40 | ₹ 52,08,609 | ₹1,03,92,738 | ₹ 61,65,179 | ₹ 42,27,559.40 |

## 1-7 ക്ഷേമപദ്ധതികൾ

**തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ**

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(₹) |
|---|---|---|
| തൊഴിൽരഹിത വേതനം | 330 | ₹ 6,34,080 |
| കർഷകതൊഴിലാളി പെൻഷൻ | 1467 | ₹ 1,92,36,200 |
| വിധവാ പെൻഷൻ | 8540 | ₹ 10,55,05,400 |
| വാർദ്ധക്യകാല പെൻഷൻ | 16387 | ₹ 21,09,48,400 |
| വികലാംഗ പെൻഷൻ | 2134 | ₹ 2,69,59,600 |
| അമ്പത് വയസു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1376 | ₹ 1,69,06,400 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 28 | ₹ 8,40,000 |

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ഓരോ മാസവും സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുന്നു. അപാകതകൾ ബോദ്ധ്യപ്പെടുന്ന വേളയിൽ തന്നെ ഓഡിറ്റ് എൻക്വയറികൾ നൽകി ആയത് ക്രമപ്പെടുത്തുന്നുണ്ട്.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിലെ ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമല്ല. ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കാൻ താഴെപ്പറയുന്ന വിഷയങ്ങളിൽ ഭരണസമിതിയുടെ സവിശേഷശ്രദ്ധ ഉണ്ടാവേണ്ടതാണ്.

1.9.1. ഓഡിറ്റ് അന്വേഷണങ്ങൾക്ക് യഥാസമയം മറുപടി നൽകുന്നതിൽ ഉത്തരവാദപ്പെട്ടവർ വീഴ്ച വരുത്തിയിട്ടുണ്ട്. 190 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 50 എണ്ണത്തിനു മാത്രമേ മറുപടി ലഭ്യമാക്കിയിട്ടുള്ളൂ. ഇത് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം11(4) ന്റെ ലംഘനമാണ്. നിയമപരമായ ബാദ്ധ്യത നിറവേറ്റുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുവാൻ നിയന്ത്രണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

1.9.2. കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 51(2) പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ഓരോ മേഖലയിലും വേണ്ട വകയിരുത്തലുകൾ വാർഡ് സഭാതലം മുതലുള്ള നിർദ്ദേശങ്ങൾ സ്വാംശീകരിച്ച് തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

1.9.3. വാർഷികകണക്കിൽ ധാരാളം അപാകതകളുണ്ട്. വരവിനങ്ങളുടെ ഡിമാന്റ് കൃത്യമായി നിർണ്ണയിക്കാതെയാണ് അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോ മാസത്തേയും അക്കൗണ്ട്സ് തൊട്ടടുത്തമാസം ധനകാര്യസ്റ്റാന്റിംഗ്

കമ്മിറ്റിയിൽ ചർച്ച ചെയ്ത് അംഗീകരിക്കുന്നില്ല. ഉദാഹരണമായി 2018 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ കണക്കുകൾ 18.01.2019ൽ ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലാണ് അംഗീകരിച്ചിട്ടുള്ളത്.

1.9.4. വസ്തുനികുതി, തൊഴിൽനികുതി, വാടക, കെട്ടിടനിർമ്മാണ പെർമിറ്റ് തുടങ്ങിയ വരവിനങ്ങളുടെയൊന്നും ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കി പൂർണ്ണമായിട്ടില്ല. വസ്തുനികുതി ഡിമാൻറ് രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുമ്പോൾ രജിസ്റ്ററുകളും കമ്പ്യൂട്ടർ ഡാറ്റയും ഒത്തുനോക്കി എല്ലാ വിവരങ്ങളും ഡിജിറ്റലൈസ് ചെയ്തുവോ എന്നത് ഉറപ്പുവരുത്തുന്നുണ്ടോയെന്ന് വ്യക്തമല്ല. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ നഗരസഭയ്ക്ക് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ഉറപ്പുവരുത്തിയിട്ടില്ല.
1.9.5. സാമൂഹ്യ സുരക്ഷാപെൻഷനുകളിൽ ലഭിച്ച അപേക്ഷകളും തുടർനടപടികളും രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1.9.6. പ്രൊജക്റ്റ് ആസൂത്രണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും മേൽനോട്ടം ഫലപ്രദമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികൾ കൂടുതലും മേയറുടെ മുൻകൂർ അനുമതിയോടെ നടപ്പാക്കി പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷമാണ് കൗൺസിൽ അംഗീകാരം വാങ്ങുന്നത്.
1.9.7. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ പാലിച്ച് സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കാണുന്നില്ല. വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽതന്നെ നടത്തുന്നില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.08.2019 മുതൽ 11.10.2019 വരെ | 2018-2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.05.2019 മുതൽ 15.07.2019 വരെ | 2017-2018, 2018-2019 | LBA(HQ)III/I/8A-33/2019-2020/473. തീയതി:14.08.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

തൃശ്ശൂർ കോർപ്പറേഷൻ 2018-19 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

| | |
|---|---|
| 1. | കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടം 58ൽ നിർദ്ദേശിച്ചപ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ഹാജരാക്കിയിട്ടില്ല. |
| 2. | താഴെപറയുന്ന പാസ്സ് ബുക്കുകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത അക്കൗണ്ടിലെ മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.<br>1) ട്രഷറി അക്കൗണ്ട് നം. 1337/2<br>2) ടി.ഡി.എ. ജില്ലാ ട്രഷറി (267)<br>3) ടി.പി.എ. 597<br>4) പി.എഫ്. ജില്ലാ ട്രഷറി (ടിപിഎ38) |
| 3. | താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല.<br>i) കാലാവധി തീർന്ന കേന്ദ്രാവിഷ്കൃത പ്രൊജക്റ്റുകളായ SJSRY(A/c. No. 38293 കനറാ ബാങ്ക്), NSDP (A/c. 57991 കനറാ ബാങ്ക്), VAMBAY (A/c. No. 55852), IHSDP എന്നീ പ്രൊജക്റ്റുകളുടെ അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.<br>ii) ട്രാൻസാക്ഷനില്ലാത്ത ട്രഷറി തനത് ഫണ്ട് അക്കൗണ്ട് (അക്കൗണ്ട് നം. 1337/2) ഇതുവരെ ക്ലോസ് |

<table>
<tr><td></td><td>ചെയ്തിട്ടില്ല.<br>iii) തൃശ്ശൂർ കോർപ്പറേഷനിൽ ലയിപ്പിച്ച TUDA യുടെ 5അക്കൗണ്ടുകൾ (TDA SBT 67251658987, TDA Account District Co-Operative Bank, TDA Account No 799011700000267 District Treasury, TDA Treasury Savings Account TPA 597, TDA New PF Account District Treasury എന്നീ 5 അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്.<br>iv) തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്.<br>v) NULM പ്രൊജക്ടിന് ICICI (NULM) 195405000070, Account No. 435 എന്നീ രണ്ട് അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്.</td></tr>
<tr><td>4.</td><td>കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 53ൽ നിർദ്ദേശിച്ചപ്രകാരം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ ഹാജരാക്കിയിട്ടില്ല.</td></tr>
<tr><td>5.</td><td>2018-19 വർഷത്തെ ട്രയൽ ബാലൻസിലെ താഴെ പറയുന്ന ഇനങ്ങളുടെ മുന്നിരിപ്പ് 2017-18 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-1 പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
<table>
<tr><th>കോഡ് നം</th><th>ഇനം</th><th>2017-18 വർഷത്തെ അക്കൗണ്ട്സിലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് ₹</th><th>2018-19 വർഷത്തെ ട്രയൽ ബാലൻസിലെ മുന്നിരിപ്പ് ₹</th></tr>
<tr><td>310100100</td><td>General Fund</td><td>46,65,13,515.23</td><td>90,22,85,708.96</td></tr>
<tr><td>310900100</td><td>Excess of Income Over Expenditure</td><td>66,21,28,715.00</td><td>27,17,14,562.27</td></tr>
<tr><td>310900200</td><td>Suspense</td><td>5,97,923.00</td><td>42,38,664.00</td></tr>
</table></td></tr>
<tr><td>6.</td><td>താഴെ പറയുന്ന ഇനങ്ങളിൽ 2017-18 വർഷത്തെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തൻവർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.
<table>
<tr><th>കോഡ് നം</th><th>ഇനം</th><th>2017-18 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് ₹</th><th>2018-19 വർഷ ത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് ₹</th></tr>
<tr><td>431100100</td><td>Receivable for Property Tax (Current)</td><td>2,41,27,046.05</td><td>2,41,02,890.05</td></tr>
<tr><td>431190101</td><td>Receivable for Profession Tax - Institution, Professionals, Traders (Current)</td><td>27,16,312.33</td><td>26,82,202.33</td></tr>
</table></td></tr>
<tr><td>7.</td><td>ഫൈനൽ ബിൽ നൽകുന്നമുറയ്ക്ക് Capital Working in Progress എന്ന ശീർഷകത്തിലെ തുകകൾ അതാത് ആസ്തികളിലേയ്ക്ക് വരവ് വെയ്ക്കുന്ന വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.</td></tr>
<tr><td>8.</td><td>ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂൾ പ്രകാരം ഡവലപ്പ്മെന്റ് ഫണ്ട് (ജനറൽ ക്യാപിറ്റൽ), എസ്.സി.പി., സി.എഫ്.സി. ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് റോഡ്-റോഡിതരം എന്നിവയിൽ ചെലവഴിക്കാത്ത തുകകൾ നീക്കിയിപ്പായി കാണിച്ചിരിക്കുന്നു. എന്നാൽ എ.സി.ആർ. പ്രകാരം ഈ ഫണ്ടുകളിൽ നീക്കിയിരിപ്പ് ഇല്ല.</td></tr>
<tr><td>9.</td><td>ബി 5 ഷെഡ്യൂളിലെ തുകകൾ പരിശോധിക്കുന്നതിനായി ലോൺ രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല.</td></tr>
<tr><td>10.</td><td>ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ബി 7 ഷെഡ്യൂളിലെ ഡെപ്പോസിറ്റ് തുകകൾ</td></tr>
</table>

പരിശോധിക്കാനായിട്ടില്ല.

11. ബി 9 ഷെഡ്യൂളിൽ ട്രഷറിയിൽ നിന്ന് ശമ്പളം കൈപ്പറ്റുന്ന ഉദ്യോഗസ്ഥരുടെ ശമ്പളവിഹിതം അടവാക്കാനുള്ളത് ബാധ്യതയായി കാണിച്ചിട്ടില്ല.

12. ബി 11 ഷെഡ്യൂളിലെ ഫിക്സഡ് അസെറ്റ് ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (റേറ്റ് ഓഫ് ഡിപ്രിസിയേഷൻ, ബുക്ക് വാല്യു ഓഫ് അസെറ്റ്, ലൈഫ് ടൈം ഓഫ് അസെറ്റ്, മുതലായവ) ഹാജരാക്കിയിട്ടില്ല.

13. ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കിലെ ബി 11 ഷെഡ്യൂളിലെ ഫിക്സഡ് ഡെപ്പോസിറ്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

14. ബി 14 ഷെഡ്യൂളിലെ ഓപ്പണിംഗ് സ്റ്റോക്ക്, സ്റ്റോക്ക് ഇൻ-ഹാന്റ്, ക്ലോസിംഗ് സ്റ്റോക്ക് എന്നിവ പരിശോധിക്കാൻ ആവശ്യമായ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

15. ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി യിട്ടില്ലാത്തതിനാൽ ബി 15 ഷെഡ്യൂളിലെ നീക്കിയിരിപ്പ് പരിശോധിക്കാനായിട്ടില്ല.

16. ബി 18 ഷെഡ്യൂളിലെ ലോൺസ്/അഡ്വാൻസ് & ഡെപ്പോസിറ്റ്സ് എന്നിവ പരിശോധിക്കാനാവശ്യമായ രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല.

17. വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൾ 6 ഫണ്ട് ഫോർ ട്രാൻസ്ഫേർഡ് ഇൻസ്റ്റിറ്റ്യൂഷൻ (അഗ്രികൾച്ചർ) പ്രകാരം ₹25,000 നൽകിയിട്ടുണ്ടെങ്കിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം₹ 50,000 ആണ് ഈയിനത്തിൽ നൽകിയിട്ടുള്ളത്.

18. ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ 14ൽ അൺഎംപ്ലോയ്മെന്റ് വേജസ് ഇനത്തിൽ ചെലവഴിച്ച തുക ₹16,15,440 ആണ്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ₹8,07,720 ആണ്.

19. താഴെപറയുന്ന വരവിനങ്ങളുടെ വാർഷിക കണക്കിലെ (ഇൻകം & എക്സ്പെൻഡിച്ചർ, റസീപ്റ്റ് & പേമെന്റ്, ബാലൻസ് ഷീറ്റ്) ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം | AFS പ്രകാരം | | | ഡിമാന്റ് രജിസ്റ്റർ പ്രകാരം | | |
|---|---|---|---|---|---|---|---|
| | | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ |
| 1. | ബസ് സ്റ്റാന്റ് ഫീ-ശക്തൻ ബസ് സ്റ്റാന്റ് | 28,00,000 | 28,00,000 | 0 | 56,00,000 | 56,00,000 | 0 |
| 2. | മാർക്കറ്റ് ഫീ-ശക്തൻ സ്റ്റാന്റ് | 25,05,450 | 25,05,450 | 0 | 41,04,998 | 41,04,998 | 0 |
| 3. | അറവുശാല | 20,00,000 | 20,00,000 | 0 | 18,00,000 | 18,00,000 | 0 |
| 4. | പാർക്കിംഗ് ഫീ | 30,48,750 | 30,48,750 | 0 | 29,10,212 | 27,04,188 | 2,06,084 |
| 5. | പബ്ലിക് സാനിറ്റേഷൻ ചാർജ്ജ് - കംഫർട്ട് സ്റ്റേഷൻ | 30,94,535 | 30,84,535 | 10,000 | 64,27,697 | 65,43,197 | 1,15,500 |
| 6. | അഡ്വർടൈസ്മെന്റ് ഫീസ് | 1,51,000 | 1,51,000 | 0 | 1,81,200 | 1,66,100 | 15,100 |

20. B4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ ₹1,42,38,738 ബാധ്യതയായി അവശേഷിക്കുന്നുണ്ട്. Receipts & Payment ഷെഡ്യൂൾ RP24 പ്രകാരം ₹3,96,463 തൻവർഷം വരവുണ്ട്. ആയത് സംബന്ധിച്ച രജിസ്റ്ററുകളോ രേഖകളോ ഹാജരാക്കിയിട്ടില്ല.

21. സംശയാസ്പദവും ഇനിയും പിരിച്ചെടുക്കാനുള്ളതുമായ തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

22. കേരള മുനിസിപ്പാലിറ്റി എക്കൗണ്ട്സ് മാനുവൽ ഖണ്ഡിക 27, 48, 2(1) പ്രകാരം, യഥാർത്ഥ വരവ് തന്നെ വരുമാനമായി കണക്കാക്കുന്ന ഇനങ്ങളുടെ Income & Expenditure Statement, Receipts & Payment Statement എന്നിവയിലെ തുക ഒന്നായിരിക്കണം. അതുപോലെ തന്നെ അക്രൂവൽ രീതിയിലല്ലാതെ

ചെലവ് കണക്കാക്കുന്ന ഇനങ്ങളുടെ കാര്യത്തിലും ഇത് ബാധകമാണ്. എന്നാൽ താഴെപ്പറയുന്ന വരവ്-ചെലവുകളുടെ കാര്യത്തിൽ Income & Expenditure Statement ലേയും, Receipts & Payment Statement ലേയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

**RECEIPTS**

| കോഡ് | ഐറ്റം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം (₹) | റസീപ്റ്റ്സ് & പേമെന്റ്സ് പ്രകാരം (₹) |
|---|---|---|---|
| 130200100 | Rent from staff qtrs (rp 3)(i-3) | 4,52,752 | 4,30,874 |
| 140200300 | Fines (rp 4 (i-4b) | 39,81,384 | 39,33,686 |
| 140200500 | Fine imposed by municipal & other laws (rp 4) (i-4b) | 14,895 | 11,895 |
| 180400100 | Recovery from employees (rp 9) (i-9) | 87,895 | 80,080 |
| 110100200 | Profession Tax for employees | 11,63,08,041 | 11,54,66,528 |
| 140500900 | Public sanitation charges (rp4 – i4b) | 30,94,535 | 30,84,535 |
| 140800100 | Other Charges (rp4-i4b) | Nil | 1,986 |
| 160100500 | General Purpose Fund (RP 6)(I-6) | 12,54,33,000 | 11,32,02,160 |
| 160101100 | Special Grant (RP 6) (I-6) | 32,82,64,076 | 65,78,464 |
| 171100100 | Interest for Receipts (RP 8) (I-8) | 1,02,46,267 | 89,62,261 |
| 180809900 | Miscellaneous Receipts(RP 9)(I-9) | 59,86,918 | 45,30,597 |
| 180100100 | Deposits Forfeited (RP 9) (I-9) | 1,12,400 | 84,000 |

**EXPENDITURE**

| CODE | ITEM | Income & Expenditure പ്രകാരം ₹ | Receipts & Payments പ്രകാരം ₹ |
|---|---|---|---|
| 210200104 | TA-Permt.Staff (RP 10) (I-10b) | 1,26,537 | 26,200 |
| 210200105 | TA-Temp.Staff (I-10b) | 83,648 | 55,178 |
| 210200204 | Other Allowance-Temp.Staff (RP 10) (I-10b) | 10,500 | 900 |
| 210200205 | Other Allowance-Temp.Staff (RP 10) (I-10b) | 1,39,67,743 | 26,450 |
| 210200499 | Other benefits & allowances | 3,44,180 | 3,22,400 |
| 210300104 | Contri. to Pen Fund | 1,18,48,792 | 0 |

| | | | |
|---|---|---|---|
| | Regular Employee- Permt.Staff (RP 10)(I-10b) | | |
| 210400100 | Leave Encashment (RP 10) (I-10b) | 1,23,16,521 | 67,67,193 |
| 210500900 | Other Establishment Expenses | 5,43,62,448 | 1,76,961 |
| 220100101 | Rent Of Buildings (RP 11) (I-11b) | 48,062 | 47,906 |
| 220110200 | Water Charges (RP 11(I-b) | 1,24,08,226 | 1,78,862 |
| 220210100 | Printing & Stationary (RP 11(I-b) | 43,60,426 | 42,80,986 |
| 220510100 | Law Charges (I-11b) | 27,12,750 | 3,79,500 |
| 220600100 | News Paper Advt Charge (RP 11) (I-11b) | 8,48,232 | 1,64,311 |
| 220520100 | Professional & Other Fees (I-11b) | 98,66,923 | 5,87,943 |
| 230100100 | Electricity Charges (RP 12) (I-12b) | 96,24,375 | 96,22,899 |
| 230100101 | Electricity Charges for street light (RP 12) (I-12b) | 3,35,01,534 | 3,35,00,931 |
| 240800100 | Other Finance Expenses (RP13) (I-13) | 43,97,490 | 24,19,044 |
| 252200101 | Road – General (RP46)(I-14) | 14,09,09,095 | 11,54,56,998 |
| 220809900 | Misc.Admn.Exps (RP 11) (I-11b) | 63,92,384 | 58,61,121 |
| 230500200 | Rep & Maintenance Bridges & Culverts (RP 12) (I-12b) | 22,74,483 | 4,405 |
| 230500600 | Rep & Maintenance Street Light (RP 12) (I-12b) | 1,61,42,511 | 13,49,287 |
| 230509900 | Rep & Maintenance Other Infra. Assets (RP 12) (I-12b) | 46,40,999 | 24,935 |
| 230520100 | Rep & Maintenance Buildings (I-12b) | 99,43,378 | 4,00,000 |
| 230590100 | Rep & Maintenance Machinery (RP 12) (I-12b) | 7,33,918 | 2,48,918 |
| 250401205 | Implement – Sanitation Programme (RP 14) (I-14) | 98,42,321 | 65,78,995 |
| 220100301 | Income Tax (RP 11) (I-14 b) | 6,84,509 | 6,83,915 |
| 230400100 | Vehicle Hire Charge (RP 11) (I-12 b) | 34,68,180 | 2,10,56,185 |
| 230500100 | Rep & Maintenance Road & Pavements (RP 12) (I-12b) | 3,56,00,943 | Nil |
| 210100200 | Wages (RP 10) (I-10b) | 7,76,47,865 | 7,71,99,558 |
| 210100101 | TA Secretary | 62,613 | 45,249 |
| 210100101 | Contribution to Pension Fund Regular Employees | (4,669) | 0 |
| 230500300 | Rep & Maintenance Water Supply (RP 12) (I-12b) | 5,45,316 | Nil |

| | | | |
|---|---|---|---|
| 230500400 | Rep & Maintenance Drainage (RP 12) (I-12b) | 15,67,33,493 | Nil |
| 230500500 | Rep & Maintenance Severage (RP 12) (I-12b) | 40,900 | Nil |
| 230510200 | Rep & Maintenance Dispensaries & Clinics (RP 12) (I-12b) | 7,46,558 | Nil |
| 230510300 | Rep & Maintenance Schools (RP 12) (I-12b) | 2,24,936 | Nil |
| 230510400 | Rep & Maintenance Markets (RP 12) (I-12b) | 3,38,813 | Nil |
| 230510500 | Rep & Maintenance Parks & Gradens (RP 12) (I-12b) | 55,80,648 | Nil |
| 230510600 | Rep & Maintenance Play ground (RP 12) (I-12b) | 5,29,599 | Nil |
| 230510900 | Rep & Maintenance Other Civic Amenities (RP 12) (I-12b) | 2,91,518 | Nil |
| 230590900 | Other Repair & Maintenance (RP 12) (I-12b) | 5,97,852 | Nil |
| 230800300 | Expenses for burying unclaimed dead bodies | 3,52,500 | Nil |

പ്രസ്തുത ഇനങ്ങളിലെ Income & Expenditure Statement ലേയും, Receipts & Payment Statement ലേയും തുകകളിലുള്ള വ്യത്യാസം ബാലൻസ് ഷീറ്റിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് ബാലൻസ് ഷീറ്റിൽ ഏത് ഹെഡിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദീകരിച്ചിട്ടില്ല.

23. Receipts & Payment ഷെഡ്യൂളുകളിൽ ഏതാനും ഇനങ്ങളിൽ നെഗറ്റീവ് തുകകൾ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Code No. | Schedule | Head | Item | Amount ₹ |
|---|---|---|---|---|
| 130109900 | RP 2 | Assigned Revenue & Compensation | Others | (-) 2,14,717 |
| 220100201 | RP 11 | Administrative Expenses | Land Revenue | (-) 40,57,100 |
| 230300100 | RP 12 | Operation & Maintenance | Consumption of Stores – Medicines | (-) 19,405 |
| 230520100 | RP 12 | Operation & Maintenance | Repairs & Maintenance Builidng | (-) 4,00,000 |
| 280800700 | RP 19 | Prior Period Item | Miscellaneous Expenses | (-)8,67,310 |

24. അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം കണക്കാക്കുന്ന വസ്തുനികുതിയുടെ വരവ് ആസ്തി ഹെഡ്ഡിൽ ക്രെഡിറ്റ് ചെയ്യുന്നതിന് പകരം ഇൻകം ഹെഡ്ഡിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു.

ഉദാ : 1) വസ്തു നികുതി - ജനറൽ - (Code -110010100) -₹ 4029

2) തൊഴിൽ നികുതി- സ്ഥാപനം/ട്രേഡേഴ്സ്/ -₹ 46500

പ്രൊഫഷണൽസ് (Code -110100100)

25. വാർഷിക കണക്ക് പരിശോധനയിൽ താഴെ പറയുന്ന ഇനങ്ങളിൽ വരുമാനം മുൻകൂർ ലഭിച്ചതായി കാണുന്നു.

| Item | B9-2017-18 ₹ | RP 29 -2018-19 ₹ | B9 -2018-19 ₹ |
|---|---|---|---|
| Property Tax | 16,66,196 | 3,32,579 | - |
| Profession Tax | 1,58,830 | 3,71,300 | 3,71,300 |
| License Fees | 49,26,368 | 65,95,922 | 65,95,922 |
| Other Fees | 14,106 | 1,00,29,729 | 1,00,29,729 |
| Rent from Civic Amenities | 26,28,591 | 6,36,947 | 6,36,947 |
| Advertisement Fees | Nil | 17,250 | Nil |
| Surcharge on Property tax | Nil | 4,029 | Nil |
| Rent from Office Building | Nil | 910 | 910 |

ആയതിൽ വസ്തു നികുതി ഒഴികെയുള്ള ഇനങ്ങളിൽ തൻവർഷം ലഭിച്ച തുക മുൻകൂർ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2017-18ലെ ബാലൻസ് ഷീറ്റിൽ മുൻകൂർ ലഭിച്ച തുകകൾ 2018-19 വർഷം അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടോ എന്നുള്ളത് വ്യക്തമാക്കിയിട്ടില്ല.

26.

റസീപ്റ്റ് & പേമെന്റ് ഷെഡ്യൂളുകൾ പ്രകാരമുള്ള താഴെ പറയുന്ന വരവുകൾ പരിശോധിക്കാനാവശ്യമായ രജിസ്റ്ററുകളോ രേഖകളോ ഹാജരാക്കിയിട്ടില്ല.

| Code No. | Item | Amount ₹ |
|---|---|---|
| 170000000 | RP7 – Income from Investment | 17,300 |
| 171100100 | RP 8 – Interest Earned | 89,62,261 |
| 180000000 | RP 9 – Other Income | 48,07,277 |
| 310900200 | RP 21 – Suspense | 36,40,741 |
| 341300100 | RP 28 – Deposit Works | 45,146 |
| 430100100 | RP 36 – Opening Stock Stores | 2,750 |
| 480100100 | RP 44 – Miscellaneous Expense to be written off | 4,000 |
| 311000000 | RP 22 - Earmarked Funds | 9,52,108 |
| 330000000 | RP 25 – Secured Loans | 4,14,52,490 |
| 340000000 | RP 27 -Deposits Received | 2,05,49,785 |

Receipt & Payment ഷെഡ്യൂളുകൾ പ്രകാരമുള്ള ചെലവുകൾ പരിശോധിക്കാനാവശ്യമായ രജിസ്റ്ററുകൾ ഹാജരാക്കിയില്ല.

| Code No. | Item | Amount₹ |
|---|---|---|
| 260000000 | RP 15 – Revenue Grants Contribution in Subsidies | 1,06,12,289 |
| 341000000 | RP 28 - Deposit Works | 11,66,92,374 |
| 421000000 | RP 35- Investments Other Funds | 3,53,95,200 |
| 480300100 | RP 44 – Miscellaneous Expenditure to be written off | 7,130 |
| 311000000 | RP 22- Earmarked Funds | 5,91,74,978 |
| 320000000 | RP 24 – Grants, Contribution for Specific Purposes | 1,01,93,404 |
| 330000000 | RP 25 -Secured Loans | 5,02,631 |
| 340000000 | RP 27 – Deposits Received | 85,16,458 |
| 412000000 | RP 33 – Capital Work in Progress | 12,40,28,384 |
| 460000000 | RP 41 – Loans, Advances & Deposits | 7,14,38,765 |

## 1-12 സർക്കിൾ 5 - രശീതി പ്രകാരം പിരിച്ചെടുത്ത തുകകൾ കൃത്യമായി അടയ്ക്കുന്നില്ല

തൃശ്ശൂർ കോർപ്പറേഷന്റെ കീഴിലുള്ള സർക്കിൾ 5 ലെ ചിട്ട പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 28.02.19 തീയതിയിൽ 252210 മുതൽ 252264 വരെയുള്ള രശീതി ( രശീതി ബുക്ക് നമ്പർ 5045, 5046) ഉപയോഗിച്ച് ₹1,08,250 ഡി & ഒ ലൈസൻസ് ഫീയിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ ₹1,07,250 ആണ് 28.02.19ലെ 118040122575, 118040122537 എന്നീ നമ്പർ രശീതികൾ പ്രകാരം കോർപ്പറേഷനിൽ അടവാക്കിയിട്ടുള്ളത്. ₹1000 കുറവാണ് അടവാക്കിയിട്ടുള്ളത്. നഷ്ടം സംഭവിച്ച ₹1000 കോർപ്പറേഷൻ ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

2) രശീതി നമ്പർ 252264 (രശീതി ബുക്ക് 5046) പ്രകാരം ശ്രീമതി.ജാൻസി ബാബു എന്നയാളിൽ നിന്ന് ഡി & ഒ ലൈസൻസ് ഫീയിനത്തിൽ ഈടാക്കിയ ₹2000 എന്നത് തിരുത്തി ₹1500 എന്നാക്കിയിട്ടുണ്ട്. എന്നാൽ തിരുത്തൽ രശീതിന്റെ പുറകിൽ കാർബൺ കോപ്പി തെളിഞ്ഞിട്ടില്ല.

ഇത് സംബന്ധിച്ച് 02.02.2019ന് നൽകിയ 133-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല.

## 1-13 ചെക്കുകൾ പൂർണ്ണമായും ബാങ്കിൽ വരവ് വന്നിട്ടില്ല

1. കോർപ്പറേഷന് വിവിധ വരവിനത്തിൽ ലഭിക്കുന്ന ചെക്കുകൾ, ചെക്ക് കളക്ഷനാവാനുള്ള മൂന്നുമാസ കാലാവധി പൂർത്തിയായിട്ടും തൃശ്ശൂർ കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് (A/c No.57069788272) വരവ് വന്നിട്ടില്ല. ചെക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| രശീതി നമ്പർ & തീയതി | ചെക്ക് നമ്പർ | തുക |
|---|---|---|
| 118060500044<br>15.05.18 | 19687 | 3030/- |
| 118530900003<br>30.06.18 | Directly credited to bank (road cutting charge) | 2,44,461/- |
| 118530900004<br>3.7.18 | Directly credited to bank(property tax) | 3,50,000/- |
| 118530900007<br>13.07.18 | Directly credited to bank (prof.tax) 5555 | 21,250/- |
| 118060500106<br>17.07.18 | 149095 | 14,868/- |
| 118530900008<br>25.07.18 | Directly credited to bank<br>(rent) | 3,18,600/- |
| 118040400029<br>3.8.18 | 420883 | 2,00,618/- |
| 118010500390<br>8.8.18 | 8129937 | 38,750/- |
| 118010500394<br>8.8.18 | 5936612 | 14,000/- |
| 118010500395<br>8.8.18 | 5936611 | 1250/- |
| 118010500407<br>9.8.18 | 657501 | 12,250/- |
| 118010500421<br>10.8.18 | 457421 | 7250/- |
| 118040500446 | 6054 | 16,250/- |

| | | |
|---|---|---|
| 13.8.18 | | |
| 118010500480<br>21.08.18 | 651170 | 1,37,000/- |
| 118010500530<br>23.08.18 | 8803052 | 5,600/- |
| 118010500539<br>23.08.18 | 159325 | 1,25,000/- |
| 118010500622<br>31.8.18 | 215673 | 37,660/- |
| 118020500048<br>31.08.18 | 309744 | 8,920/- |
| 118020500049<br>31.08.18 | 373327 | 2,870/- |
| 118020500050<br>31.08.18 | 148012 | 12,000/- |
| 118020500070 & 71<br>31.08.18 | 247971 | 30,750/- |
| 118020500072<br>31.08.18 | 281455 | 2,12,250/- |
| 118020500073<br>31.08.18 | 85335 | 21,000/- |
| 118040500512 to 519<br>31.08.18 | 7135809 | 1,17,350/- |
| 118040500525<br>31.08.18 | 569436 | 1,250/- |
| 118040500526<br>31.08.18 | 569444 | 42,450/- |
| 118040400054<br>01.09.18 | 91982 | 1,250/- |
| 118040400055<br>01.09.18 | 91988 | 5,000/- |
| 118010500697<br>03.09.18 | 200705 | 6,000/- |
| 118010500708<br>04.09.18 | 718031 | 15,850/- |
| 118010500709<br>04.09.18 | 901465 | 52,500/- |
| 118010500715<br>04.09.18 | 643641 | 6,650/- |
| 118040500551<br>04.09.18 | 108183 | 25,000/- |

| | | |
|---|---|---|
| 118040500555<br>04.09.18 | 61295 | 1,250/- |
| 118010500727 & 729<br>05.09.18 | 92365 | 1,06,000/- |
| 118010500730<br>05.09.18 | 407191 | 72,500/- |
| 118010500734<br>05.09.18 | 133564 | 1500/- |
| 118010500742<br>05.09.18 | 654982 | 76,959/- |
| 118040500569<br>05.09.18 | 54281 | 1,250/- |
| 118010500768<br>07.09.18 | 871636 | 13,180/- |
| 118040500596 to 597<br>07.09.18 | 142212 | 44,600/- |
| 118040500598<br>07.09.18 | 142214 | 300/- |
| 118040500601<br>07.09.18 | 324628 | 70,000/- |
| 118010500853<br>24.09.18 | 807276 | 1,250/- |
| 118010500854<br>24.09.18 | 807312 | 15,150/- |
| 118010500863<br>24.09.18 | 510887 | 34,710/- |
| 118010500864<br>24.09.18 | 510886 | 1250/- |
| 118010500865<br>24.09.18 | 510889 | 5,550/- |
| 118010500866<br>24.09.18 | 510888 | 1,250/- |
| 118010500867<br>24.09.18 | 510885 | 10,200/- |
| 118010500868<br>24.09.18 | 510890 | 1,250/- |
| 118010500869<br>24.09.18 | 75018 | 29,562/- |
| 118010500941<br>26.09.18 | 356329 | 4,750/- |

| | | |
|---|---|---|
| 118010500950 to 993<br>26.09.18 | 842685 | 4,75,087/- |
| 118040500666<br>26.09.18 | 695392 | 6,730/- |
| 118060500151<br>26.09.18 | 361830 | 9,312/- |
| 118020500233<br>27.09.18 | 106070 | 9,986/- |
| 118020500237<br>27.09.18 | 568929 | 1,250/- |
| 118040500689 to 692<br>27.09.18 | 137926 | 66,949/- |
| 118040500693<br>27.09.18 | 652318 | 6,591/- |
| 118010501016<br>28.09.18 | 737628 | 19,720/- |
| 118020500240<br>28.09.18 | 652319 | 55,108/- |
| 118020500263 & 64<br>28.09.18 | 657641 | 95,099/- |
| 118020500265<br>28.09.18 | 275291 | 3,10,752/- |
| 118020500266<br>28.09.18 | 275289 | 3,20,208/- |
| 118020500267<br>28.09.18 | 275290 | 1,75,082/- |
| 118060500153<br>28.09.18 | 492656 | 20,000/- |
| 118010501028<br>29.09.18 | 104720 | 600/- |
| 118010501037<br>29.09.18 | 917713 | 1,34,885/- |
| 118010501038 & 39<br>29.09.18 | 658521 | 44,962/- |
| 118010501041 & 42<br>29.09.18 | 57680 | 8750/- |
| 118010501043<br>29.09.18 | 57681 | 1,946/- |
| 118010501050<br>29.09.18 | 836275 | 5,200/- |

| | | |
|---|---|---|
| 118040500699<br>29.09.18 | 78907 | 6,480/- |
| 118040500700<br>29.09.18 | 78908 | 1,250/- |
| 118040500720<br>29.09.18 | 281493 | 6,250/- |
| 118010400090<br>29.09.18 | 176285 | 6,700/- |
| 118040500741<br>05.10.18 | 81972 | 5,000/- |
| 118060500157<br>05.10.18 | 484202 | 11,056/- |
| 118010501094<br>09.10.18 | 365396 | 13,180/- |
| 118020400056<br>09.10.18 | 327170 | 12,100/- |
| 118010501145<br>16.10.18 | 324366 | 8,70,000/- |
| 118040500766<br>16.10.18 | 412941 | 1,92,100/- |
| 118010400120<br>24.10.18 | 581654 | 40,570/- |
| 118010400121<br>24.10.18 | 581653 | 32,70,600/- |
| 118010501157 & 159<br>25.10.18 | 162485 | 26,333/- |
| 118010501168<br>25.10.18 | 682113 | 1,250/- |
| 118010501169<br>25.10.18 | 682112 | 8,900/- |
| 118040500820<br>25.10.18 | 671565 | 15,000/- |
| 118060500213<br>24.11.18 | 9053 | 808 |
| 118020500514<br>28.11.18 | 2375867<br>(TSB) | 69,327/- |
| 118060500235<br>19.12.18 | 420 | 12,522/ |
| **ആകെ** | | **89,39,031/-** |

2. 2007- ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ ചട്ടം 19(3)ൽ മുനിസിപ്പാലിറ്റിയ്ക്ക് ലഭിക്കുന്ന എല്ലാ ചെക്കുകളും/ ഡിമാന്റ് ഡ്രാഫ്റ്റുകളും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും ചട്ടം 20-ൽ ബാങ്കിൽ നൽകിയ ചെക്ക് ഡിസോണർ

ചെയ്യപ്പെടുന്ന സന്ദർഭങ്ങളിൽ അതുമായി ബന്ധപ്പെട്ട രശീതി റദ്ദ് ചെയ്യേണ്ടതും, പാർട്ടിയിൽ നിന്നും തുക ക്യാഷ് /ഡി.ഡി ആയോ ഈടാക്കി പുതിയ രശീതി നൽകണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തൃശ്ശൂർ കോർപ്പറേഷനിൽ സൂക്ഷിക്കുന്ന ചെക്ക് റിസീവ്ഡ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഒന്നും നടത്തുന്നില്ല. കോർപ്പറേഷന്റെ ഏത് അക്കൗണ്ടിലേക്കാണ് വരവ് വന്നത്, ചെക്ക് മടക്കിയ വിവരം, ഓരോ ചെക്കും ഏത് ഇനത്തിൽ ലഭിച്ചതാണെന്ന വിവരം മുതലായവ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ചെക്കുകൾ പ്രകാരമുള്ള തുകകൾ കോർപ്പറേഷനിൽ വരവ് വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്താൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

ബാങ്കിൽ നിന്നും മടക്കിയ ചെക്കുകളുടെ വിവരങ്ങൾ റിമാർക്സ് സഹിതം ബാങ്ക് കോർപ്പറേഷനിലേക്ക് നൽകുന്ന സന്ദർഭങ്ങളിൽ ഇക്കാര്യം രജിസ്റ്ററിൽ രേഖപ്പെടുത്തി അക്കൗണ്ടന്റ് സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ബാങ്കിൽ നിന്നും മടങ്ങിയ ചെക്കുകളുടെ വിവരങ്ങൾ ഒരു പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ ചട്ടം 53 പ്രകാരം ബാങ്ക് ബുക്കിലെ എൻട്രികൾ ബാങ്ക് / ട്രഷറി സ്റ്റേറ്റ്മെന്റുമായി പ്രതിമാസം താരതമ്യം ചെയ്യേണ്ടതും നീക്കിയിരുപ്പ് ഒത്തുനോക്കേണ്ടതുമാണ്. അപ്രകാരം തയ്യാറാക്കിയ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ്, അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും ഒപ്പിട്ട് ആധികാരികമാക്കേണ്ടതാണ്. എന്നാൽ ഈ വിധം റീകൺസിലേഷൻ പ്രതിമാസം നടത്തുന്നില്ല.

എല്ലാ മാസവും റീകൺസിലേഷൻ നടത്തേണ്ടതും പ്രസ്തുത സ്റ്റേറ്റ്മെന്റ് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ഇത് സംബന്ധിച്ച് 10.10.2019 തീയതി നൽകിയ 67-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല.

## 1-14 വസ്തുനികുതി പരിഷ്ക്കരണം നടപ്പിലാക്കാത്തത്

### 1-14-1. സഞ്ചയ ഡാറ്റാ എൻട്രി പൂർത്തിയാക്കിയിട്ടില്ല

സ.ഉ.(സാധാ)നമ്പർ 540/2019/തസ്വഭവ. തിയതി: 06-3-2019 ഖണ്ഡിക 7 പ്രകാരം വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകളും എല്ലാ കെട്ടിടങ്ങളുടെയും വിവരശേഖരണം ഫോറം നമ്പർ 6 ലെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ നടപടിക്രമങ്ങളും 2019ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ പൂർത്തീകരിക്കുന്നതിന് എല്ലാ നഗരസഭാ സെക്രട്ടറിമാരും നടപടി സ്വീകരിക്കേണ്ടതാണ് എന്ന് അറിയിച്ചിരുന്നു. എന്നാൽ നഗരസഭയിലെ കൂർക്കഞ്ചേരി, അയ്യന്തോൾ, ഒല്ലൂർ, ഒല്ലൂക്കര, വിൽവട്ടം എന്നീ 5 സോണൽ ഓഫീസുകൾ ഉൾപ്പെടെ ആകെ 55 ഡിവിഷനുകളുള്ള തൃശ്ശൂർ നഗരസഭയുടെ വസ്തുനികുതി പരിഷ്കരണം നാളിതുവരെ പൂർത്തിയായിട്ടില്ല. ഭരണസമിതിയുടെ 22-11-2011 ലെ 65-ാം നമ്പർ തീരുമാനപ്രകാരം തൃശ്ശൂർ നഗരസഭയെ അടിസ്ഥാന സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മൂന്നായി തരംതിരിച്ചിട്ടുണ്ട്. റോഡുകളെ ഒന്നാം തരം, രണ്ടാംതരം, മറ്റുള്ളവ എന്നിങ്ങനെ തരംതിരിച്ചും, വസ്തുനികുതി നിരക്കുകളും R1/8109/11 Dtd.24.05.2013 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്ന് നിലവിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ഫോം-6ൽ ശേഖരിച്ചിട്ടുണ്ട്. എന്നാൽ മേൽവിവരങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നാളിതുവരെ പുന്രനിർണ്ണയിച്ചിട്ടില്ല. പുതിയ കെട്ടിടങ്ങൾക്ക് മാത്രമേ തറവിസ്തീർണ്ണാടിസ്ഥാനത്തിലുള്ള വസ്തുനികുതി ചുമത്തുന്നുള്ളൂ. തന്മൂലം നഗരസഭയ്ക്ക് ന്യായമായും ലഭിക്കേണ്ട വസ്തുനികുതി വരുമാനം ലഭിക്കാതെ പോകുന്നു. ആയതിനാൽ ഫോം 6 പ്രകാരമുള്ള പുതുക്കിയ വസ്തു നികുതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ബന്ധപ്പെട്ട രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കേണ്ടതും മേൽ വിവരങ്ങൾ "സഞ്ചയ" യിൽ എത്രയും വേഗം സന്നിവേശിപ്പിച്ച് സഞ്ചയ – സാംഖ്യ സംയോജനം നടത്തേണ്ടതുമാണ്.

സർക്കാർ ഉത്തരവ് (അച്ചടി) നം. 100/2013.ത.സ്വ.ഭ.വ., തീയതി:15.03.2013 പ്രകാരം കേരളത്തിലെ നഗരസഭകളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ 01.04.2013 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നത് ഉത്തരവായിരുന്നു. എന്നാൽ തൃശ്ശൂർ കോർപ്പറേഷൻ അയ്യന്തോൾ മേഖലാ കാര്യാലയത്തിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണത്തിനുള്ള യാതൊരു നടപടികളും ആരംഭിച്ചിട്ടില്ല. ആയതിനാൽ നികുതിയിനത്തിൽ ഭീമമായ നഷ്ടം സംഭവിക്കുന്നുണ്ട്. കൂടാതെ 2017-18, 2018-19 വർഷത്തെ വസ്തുനികുതി ഡിമാന്റ് രജിസ്റ്ററുകൾ നാളിത് വരെ എഴുതി പൂർത്തിയാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.49/26.09.2019) മറുപടി ലഭ്യമാക്കിയില്ല.

ജി.ഒ.(എം.എസ്) നം.144/15/തസ്വഭവ. തീയതി 27/04/2015 പ്രകാരം തറ വിസ്തീർണ്ണം 2000 സ്ക്വയർ ഫീറ്റിൽ അധികമുള്ള വീടുകൾക്ക് നിലവിലുള്ള വസ്തുനികുതിയുടെ പരമാവധി 25% ശതമാനം വരെ വർദ്ധനവ് വരുത്താവുന്നതാണ്. എന്നാൽ ഘടനാപരമായി മാറ്റം വരുത്തിയ വീടുകളെ പുതിയ കെട്ടിടങ്ങൾ എന്ന നിലയിൽ പരിഗണിച്ച് പുതിയ ചട്ടങ്ങളനുസരിച്ച് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ഘടനാപരമായി മാറ്റിയില്ലെങ്കിലും ഏറ്റവും ഒടുവിലെ വസ്തുനികുതി പുനർനിർണ്ണയത്തിന്

ശേഷം ടി കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ പ്രസ്തുത ഭാഗത്തിന് പുതിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കാവുന്നതാണ്. അതുപോലെ, തറവിസ്തീർണ്ണാടിസ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ, വ്യവസായ കെട്ടിടങ്ങളുടെ വാർഷിക വസ്തുനികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ വാർഷിക വസ്തുനികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ ആയത് പരമാവധി 100% വരെ ആകാവുന്നതാണ്. പുതിയ നിർമ്മാണം ഉണ്ടെങ്കിൽ ആനുപാതിക വർദ്ധനവ് അധികമായി ചുമത്തേണ്ടതാണ്.

വസ്തുനികുതി പരിഷ്കരണത്തിനും മുമ്പ് ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 22 സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകൾ, (ഡി)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകൾ (iv)പ്രകാരം അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യേണ്ടതും, മാസംതോറും തുക ആവശ്യപ്പെടലും, തുക പിരിച്ചെടുക്കലും നീക്കിയിരിപ്പ് തുകയും, സെക്രട്ടറി സമർപ്പിക്കുന്ന സംക്ഷിപ്തം പരിശോധിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളായി പറഞ്ഞിരിക്കുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ക്രിയാത്മകമായ യാതൊരു ഇടപെടലും നടത്തിയിട്ടില്ല എന്നു കാണുന്നു. വസ്തുനികുതി പരിഷ്കരണം സമയബന്ധിതമായി കുറ്റമറ്റരീതിയിൽ പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

നിലവിലുണ്ടായിരുന്ന വാണിജ്യ കെട്ടിടങ്ങളെയോ ഭവനങ്ങളെയോ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള പുതിയ നികുതി സംവിധാനത്തിലേയ്ക്ക് മാറ്റുമ്പോൾ വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലുണ്ടായിരുന്ന പഴയ നികുതിയേക്കാൾ കുറവ് വരുന്നുവെങ്കിൽ പഴയ നികുതിയ്ക്ക് തുല്യമായ തുക തന്നെ പുതുക്കിയ വാർഷിക നികുതിയായി ഈടാക്കേണ്ടതാണെന്നും സ.ഉ.(എം.എസ്.)നം. 33/2015/ത.സ്വ.ഭ.വ. തീയതി:18.02.2015 പ്രകാരം ഉത്തരവായിട്ടുണ്ട്.

തൃശ്ശൂർ കോർപ്പറേഷനിലെ വിവിധ ഡിവിഷനുകളിലെ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ സഞ്ചയയിലെ വെരിഫിക്കേഷൻ പൂർത്തിയാക്കിയത് പരിശോധിച്ചപ്പോൾ പഴയ വസ്തുനികുതിയേക്കാൾ പുതുക്കിയ വസ്തുനികുതി കുറവായി കണക്കാക്കിയതായി കാണുന്നു. വിശദാംശങ്ങൾ:

| ക്രമ നം. | സഞ്ചയ റിപ്പോർട്ടിലെ ക്രമ നം. | വീട്ടു നമ്പർ പുതിയത്/ പഴയത് | ഉടമയുടെ പേരും വിലാസവും | ഉപയോഗം | പഴയ വസ്തു നികുതി | പുതിയ വസ്തു നികുതി | കുറവ് വന്ന വസ്തു നികുതി |
|---|---|---|---|---|---|---|---|
| 1. | 79 | 2-92/1 15-247/60 | ബാബു ഗിരീഷ് കുമാർ, കാരണത്ത് ഹൗസ് | പാർപ്പിടാവശ്യം | 3443 | 2683 | 760 |
| 2. | 81 | 2-93/1 15-247/58 | കെ. മായാദേവി, ശ്രീപദം, എം.ജി. നഗർ, മെയിൻ ലൈൻ, പൂങ്കുന്നം | പാർപ്പിടാവശ്യം | 1340 | 1227 | 113 |
| 3. | 85 | 2-101/1 15-247/59 | വനജകുമാരി, കുട്ടിയിൽ ഹൗസ്, എം.ജി. നഗർ, പൂങ്കുന്നം | പാർപ്പിടാവശ്യം | 1827 | 1738 | 89 |
| 4. | 132 | 2-150/2 15-247/62 | മുരളി. പി.എം., പ്ലാക്കാട്ടുപ്പറമ്പിൽ ഹൗസ്, പൂങ്കുന്നം. പി.ഒ. | പാർപ്പിടാവശ്യം | 4148 | 3385 | 763 |
| 5. | 136 | 2-154/1 15-247/56 | അജയകുമാർ.എ.എ., ആരോക്കാരൻ ഹൗസ്, പൂങ്കുന്നം.പി.ഒ. | പാർപ്പിടാവശ്യം | 2291 | 2179 | 112 |
| 6. | 137 | 2-154/3 15-247/57 | വെങ്കിട്ടരാമൻ.വി.ആർ., പുത്തൻമഠം, പൂങ്കുന്നം.പി.ഒ. | പാർപ്പിടാവശ്യം | 2662 | 2533 | 129 |
| 7. | 164 | 2-170/2 15-247/61 | രമണി, മേനോത്ത് ഹൗസ്, സീതാറാം മിൽ റോഡ്, പൂങ്കുന്നം.പി.ഒ. | പാർപ്പിടാവശ്യം | 2688 | 2561 | 127 |
| 8. | 169 | 2-174/1 15-247/63 | സീതാലക്ഷ്മി, തോട്ടപ്പത്ത് ഹൗസ്, വൃന്ദാപുരി നഗർ, പൂങ്കുന്നം.പി.ഒ. | പാർപ്പിടാവശ്യം | 1733 | 1500 | 233 |
| 9. | 663 | 3-664/1 | അജിത്ത്കുമാർ, | പാർപ്പിടാവശ്യം | 4809 | 3926 | 883 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 15-663/4 | പ്ലാക്കാട്ടുപ്പറമ്പിൽ ഹൗസ്, പൂങ്കുന്നം.പി.ഒ. | | | | |
| 10. | 744 | 3-740/1 15-713/12 | മല്ലിക, പയ്യഴി, വടക്കേക്കര ഹൗസ് | പാർപ്പിടാവശ്യം | 3465 | 2699 | 766 |
| 11. | 774 | 3-773/1 15-714/1 | അബ്ദുൾ ഹക്കീം, അധികസ് റോഡ് ഗാർഡൻസ്, പാട്ടുരായ്ക്കൽ | പാർപ്പിടാവശ്യം | 4295 | 3345 | 950 |
| 12. | 921 | 3-919/1 15-743/1 | ഡോ. സുനിൽ നായർ.എൻ., കൃഷ്ണോത്തരം ഹൗസ്, ഗ്രീൻപാർക്ക്, തിരുവമ്പാടി | പാർപ്പിടാവശ്യം | 4599 | 3754 | 845 |
| 13. | 943 | 3-941/A 15-792/X | രജതൻ, തണ്ടാശ്ശേരി ഹൗസ്, പൂങ്കുന്നം.പി.ഒ. | പാർപ്പിടാവശ്യം | 3485 | 1350 | 2135 |
| 14. | 969 | 3-1036/1 15-101/5 | എൻ.എ.രാജു, നെടുംപറമ്പിൽ ഹൗസ്, പൂങ്കുന്നം.പി.ഒ. | വാണിജ്യാവശ്യം | 17787 | 15400 | 2387 |

| കെട്ടിട നമ്പർ | ഉടമ | വിസ്തീർണ്ണം (ച.മീ) | ഇനം | വർദ്ധന/ഇളവ് | വസ്തു നികുതി ചുമത്തേണ്ടത് | വസ്തു നികുതി ചുമത്തിയത് | വസ്തു നികുതി-കുറവ് |
|---|---|---|---|---|---|---|---|
| 23-808 | കൊമ്പിൽ അയ്യപ്പൻ ദേവൻ | 100 | പാർപ്പിടം | ഇളവ് മേൽക്കൂര-10% പഴക്കം-10% | 1200 | - | 1200 |
| 23-811/1 | അമ്മിണി കുമാരൻ, കുന്നത്തേരി ഹൗസ് | 100 | ടി | ടി | 1200 | - | 1200 |
| 23-976/3 | ലില്ലി,കവലക്കാട് ഹൗസ്, റാഫി , ടി മിഷൻ ക്വാർട്ടേഴ്സ്, തൃശ്ശൂർ | 215.28 | വാണിജ്യം | ഇളവ്- മേൽക്കൂര10% പഴക്കം-50% | 9472/- | 5167/- | 4305/- |
| 23-1085-3 | സെബി ആലപ്പാട്ട് | 324.56 | ടി | - | 26400 13200* | 25965/- | 435/- |
| 23/1139/2 | സെക്രട്ടറി,കാൽഡിയൻ സിറിയൻ മഹിള സമാജം | 100 | പാർപ്പിടം | | - | 1200/- | 1200/- |
| 23-1139/58 | ആൻറോ.എ.കെ അറയ്ക്കാംപറമ്പിൽ ഹൗസ്,തൃശ്ശൂർ | 190.42 | വാണിജ്യം | ഇളവ്- മേൽക്കൂര-10% മേഖല10% വർദ്ധന- റോഡ് 20% | 20946/- | 15234/- | 5712/- |
| 23-1139/5 സി | ടി | 104.68 | ടി | ഇളവ്- മേഖല-10% റോഡ്-10% | 9212- | 6700/- | 2512/- |
| 23-1187-1 | ഡാർലി,തട്ടിൽ ഹൗസ്,തൃശ്ശൂർ | 144.67 | ടി | | 15914/- | 11574/- | 4340/- |
| 23-1187-2 | ജേക്കബ്ബ് ജോയ്, | 151.67 | ടി | | 16684/- | 11528/- | 5156/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | തട്ടിൽ ഹൗസ്,തൃശ്ശൂർ | | | | | | |
| 23-1224 | ആശ്രമം,തൃശ്ശൂർ | 100 | | | 1500/- | - | 1500/- |
| 23-1253/ജി1 | ഇ.പി.ജോസ്, എടക്കളത്തൂർ,മുതൽ പേർ | 10 | വാണിജ്യം | | 800/- | 680/- | 120/- |
| 23-1253/എഫ് | ടി | 266.13 | ടി | | 29274/- | 26348/- | 2946/- |
| 23-1253/എച്ച് | ടി | 266.13 | ടി | - | 29274/- | 24884/- | 4390/- |
| 23-1254 | ജമാലുദ്ദീൻ .പി.എ നൗഷാദ്.പി.എ | 293.2 | ടി | | 32252/- | 23456/- | 8796/- |
| 23/1261 | ടി | 170.31 | ടി | | 18734/- | 13625/- | 5109/- |
| 23/1286 | ടി | 26.57 | ടി | | 2126/- | 1807/- | 319/- |
| 23/1288 | ടി | 214.5 | ടി(ഷോപ്പിങ്ങ് ഹാൾ) | | 18600/- (9300/-*2) | 17160/- | 1440/- |
| 23/1300-1 | ദേവസ്സി,കൊള്ളന്നൂർ , ചേലക്കോട്ടുകര | 644.83 | ടി | | 96,725/- | 51587/- | 45138/- |
| 23/5361 | ഡിവിഷണൽ എഞ്ചിനീയർ,ഓക്സിൽ മെയിന്റനൻസ് | 100 | പാർപ്പിടം | | 1500/- | - | 1500/- |
| 23-63/7 | സലീം,പൂന്താത്ത് ഹൗസ്,പാറമേക്കാവ്, തൃശ്ശൂർ | 209.22 | വാണിജ്യം | | 23014/-- | 16738/- | 6276/- |
| 23-68/3 | ടി | 209.22 | ടി | | 23014/- | 15065/- | 7949/- |
| 23-64/1 | നൗഷാദ് അലി, ഷൈബു.കെ മുതൽ പേർ | 161.1 | ടി | | 17721/- | 15000/- | 2721/- |
| 23-64/2 | ടി | 157.52 | ടി | | 17327/- | 14813/- | 2514/- |
| 23/64-3 | ടി | 127.29 | ടി | | 14002/- | 12563/- | 1439/- |
| 23-64/4 | ടി | 102.65 | ടി | | 11292/- | 10688/- | 604/- |
| 23-64/5 | ടി | 137.18 | ടി | | 15090/- | 14625/- | 465/- |
| 23-64/6 | ടി | 127.17 | ടി | | 13989/- | 13500/- | 489/- |
| 23-64/7 | ടി | 135.08 | ടി | | 14859/- | 13500/- | 1359/- |
| 23-64/25 | അബ്ദുൾ അസീസ്, തൃശ്ശൂർ മുതൽ പേർ | 144.44 | ടി | | 15888/- | 14301/- | 1587/- |
| 23-64/26 | ടി | 144.44 | ടി | | 15888/- | 13506/- | 2382/- |
| 23-64/27 | ടി | 144.44 | ടി | | 15888/- | 13506/- | 2382/- |
| 23-64/22 | ടി | 144.44 | ടി | | 15888/- | 15095/- | 793/- |
| 23-64/23 | ടി | 144.44 | ടി | | 15888/- | 15095/- | 793/- |
| 23-64/15 | എ.കെ .അബ്ദുൾ അസീസ്,ചെമ്പുക്കാവ്, മിഷൻ ക്വാർട്ടേഴ്സ് | 160 | ടി | | 17600/- | 10880/- | 6720/- |
| 23-64/17 | ടി | 113.44 | ടി | | 12478/- | 8169/- | 4309/- |
| 23-64-16 | ടി | 113.44 | ടി | | 12478/- | 7715/- | 4763/- |
| 23-64/18 | ടി | 113.03 | ടി | | 12433/- | 9043/- | 3390/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 23/77എ | എ.കെ.അബ്ദുൾ ജബ്ബാർ,മുതൽ പേർ | 25 | ടി | | 2000/- | 1900/- | 100/- |
| 23-112/5 | ബി.എം. ജെയിംസ് കിഴക്കുംപ്പാട്ടുകര | 228.32 | ടി | | 25115/- | 23861/- | 1254/- |
| 23-112/6 | ടി | 151.7 | ടി | | 16687/- | 15019/- | 1668/- |
| 23-112/7 | ടി | 94.84 | ടി | വർദ്ധന-റോഡ്-10% | 8345/- | 8195/- | 150/- |
| 23-112/8 | ടി | 128.78 | ടി | | 14166/- | 12750/- | 1416/- |
| 23-113/1 | ജെയിംസ്,ഈസ്റ്റ് ഫോർട്ട് | 25 | ടി | | 2000/- | 1900/- | 100/- |
| 23-115/6 | ഡെന്നി ജോസഫ് പോൾ,മേരി കീർത്തി ചാലിശ്ശേരി,കിഴക്കെ കോട്ട | 109 | ടി | | 11990/- | 10791/- | 1199/- |
| 23-115/8 | ഡെന്നി ജോസഫ് പോൾ, | 100.8 | ടി | | 11088/- | 10534/- | 554/- |
| 23-115/9 | ഡെന്നി ജോസഫ് പോൾ,മേരി കീർത്തി | 100.8 | ടി | | 11088/- | 9980/- | 1108/- |
| 23-326 | ഭാരതി എയർടെൽ എൻ.എച്ച് ബൈപാസ്, കുണ്ടന്നൂർ,മരട് | 19 | മൊബൈൽ ടവർ | | 9500/- | 8550/- | 950/- |
| 23-161 | തങ്കം,വിൻസെന്റ് | 44.53 | വാണിജ്യം | ഇളവ്-പഴക്കം-10% | 3206/- | 3046/- | 160/- |
| 23-162 | ടി | 44.53 | ടി | ടി | 3206/- | 3046/- | 160/- |
| 23-164/1 | ശ്രീദേവി പരമേശ്വരൻ നമ്പൂതിരി, അമ്മിണി ജയകുമാർ, അനിൽ കുമാർ | 100 | പാർപ്പിടം | ഇളവ്-പഴക്കം-10% | 1350/- | - | 1350/- |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ 127/30-11-2019) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. സഞ്ചയ ഡാറ്റാ എൻട്രിയിലെ മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും നികുതി നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ഈടാക്കേണ്ടതുമാണ്. ഇക്കാര്യം ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**ഡാറ്റാ എൻട്രി രേഖകൾ, അസസ്സ്മെന്റ് രജിസ്റ്റർ എന്നിവ തമ്മിൽ പൊരുത്തമില്ല**

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ ഡിവിഷൻ 12ലെ അസസ്സ്മെന്റ് രജിസ്റ്റർ, ഡാറ്റാ എൻട്രി രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

**1.** താഴെപ്പറയുന്ന പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾക്ക് നികുതി വസൂലാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | വിലാസം | വിസ്തൃതി | അപാകത | അസസ്സ്മെന്റ് രജി. പേജ് നം. |
|---|---|---|---|---|---|
| 419 | 12/345 | ട്രെയ്നിംഗ് കോളേജ് മെൻസ് ഹോസ്റ്റൽ | 100എം2 | നികുതി ഈടാക്കിയിട്ടില്ല. | 6 |

| | | | | | |
|---|---|---|---|---|---|
| 427 | 12/360 | എം ഐ ഒ എ മെൻസ് ഹോസ്റ്റൽ | 100എ2 | നികുതി ഈടാക്കിയിട്ടില്ല. | ചേർത്തിട്ടില്ല. |

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി കോർപ്പറേഷൻ ഫണ്ടിൽ ചേർക്കേണ്ടതാണ്.

**2.** അസസ്സ്മെന്റ് രജിസ്റ്ററുകളിൽ നിശ്ചയിച്ച അടിസ്ഥാന നികുതി വർദ്ധനവും ഡാറ്റാ എൻട്രിയും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ, ഈടാക്കേണ്ട നികുതി തുകയിൽ കുറവ് വന്നിട്ടുണ്ട്.

ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വിലാസം | വിസ്തൃതി | അസസ്സ്മെന്റ് രജി. പ്രകാരം | ഡാറ്റാ എൻട്രി പ്രകാരം | അസസ്സ്മെന്റ് രജി. പ്രകാരംപേജ് നം. |
|---|---|---|---|---|---|---|
| 415 | 12/344/1 | പ്രിൻസിപ്പാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാ. സ്റ്റഡീസ് എജ്യുക്കേഷൻ | 100എം2 | 1800/- | 1725/- | 4 |
| 416 | 12/344/2 | പ്രിൻസിപ്പാൾ ഇൻസ്റ്റിറ്റ്യൂട്ട്ഫോർ അഡ്വാ. സ്റ്റഡീസ് എജ്യുക്കേഷൻ | 100എം2 | 1800/- | 1725/- | 4 |
| 417 | 12/344/4 | പ്രിൻസിപ്പാൾ ഇൻസ്റ്റിറ്റ്യൂട്ട്ഫോർ അഡ്വാ. സ്റ്റഡീസ് എജ്യുക്കേഷൻ | 100എം2 | 1800/- | 1725/- | 5 |
| 418 | 12/344/3 | പ്രിൻസിപ്പാൾ ഇൻസ്റ്റിറ്റ്യൂട്ട്ഫോർ അഡ്വാ. സ്റ്റഡീസ് എജ്യുക്കേഷൻ | 100എം2 | 1800/- | 1725/- | 5 |

ഡാറ്റാ എൻട്രിയിൽ വന്ന അപാകതകൾ പരിഹരിച്ച് നികുതി ഈടാക്കുന്ന പ്രക്രിയ കുറ്റമറ്റതാക്കേണ്ടതാണ്.

**വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ് വെയറിലും രേഖപ്പെടുത്തിയതിൽ വ്യത്യാസം**

തൃശ്ശൂർ കോർപ്പറേഷൻ - ഡിവിഷൻ 23 ഉൾപ്പെട്ട താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി സ്ഥാപനത്തിലെ അസസ്സ്മെന്റ് രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ് വെയറിലും രേഖപ്പെടുത്തിയത് വ്യത്യസ്തമായാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമ | വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം | വസ്തു നികുതി സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം |
|---|---|---|---|
| 23/1132 | ഡോ.ജോൺ .ഐ.ചിറയത്ത്, ചിറയത്ത് ഹൗസ്,മിഷ്യൻ ക്വാർട്ടേഴ്സ്, തൃശ്ശൂർ | 8704/- | 7253/- |
| 23/1462/2 | ടി | 11,088/- | 8169/- |
| 23/1462/3 | ടി | 10,996/- | 8,145/- |
| 23/714/1 | ബാബു ഫ്രാൻസിസ് മുതൽ പേർ | 11,385/- | 9697/- |
| 23/1033എ | ഷാജൻ ആന്റണി മുതൽ പേർ | 15,836/- | 13,196/- |
| ടിഎംസി/23 /120(1) | സൈമൻ പി.കെ പുത്തൂർ ഹൗസ് കിഴക്കുംപാട്ടുകര മുതൽ പേർ | 41,504/- | 29,883/- |

| | | | |
|---|---|---|---|
| 23/120(2) | ടി | 15,633/- | 10,694/- |
| 23/1095/1എ | അലക്സ് റാഫേൽ മുതൽ പേർ | 88,047/- | 75,004/- |
| 23/1095/1 ബി | ടി | 4,521/- | 3,349/- |
| 23/1146(2) | സിസ്റ്റർ സൂപ്പീരിയർ "അവർ ലേഡീസ് സെന്റർ ",തൃശ്ശൂർ | 41788/- | 35,598/- |
| 23/604(1) | ദേവസി ജോസ്,കൊള്ളന്നൂർ ഹൗസ്, ചേലക്കോട്ടുകര | 141,596/- | 107,417/- |
| 23/604(2) | ടി | 29,554/- | 22,421/- |
| 23/604(3) | ടി | 144,880/- | 99,917/- |
| 23/604(4) | ടി | 144,880/- | 109,909/- |
| 23/604(5) | ടി | 135,851/- | 103,059/- |
| 23/254/1ബി | ഡയറക്ടർ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ | 15,045/- | 13,275/- |
| ടി.എം.സി 23/62(2) | എം.ആർ.ഫ്രാൻസിസ്, മെ. എം.പി റപ്പായി & സൺസ്, മാർക്കറ്റ് റോഡ്, ഒല്ലൂർ. | 25,730/- | രേഖപ്പെടുത്തിയിട്ടില്ല. |
| ടി 23/ 62(3) | ടി | 25,730/- | ടി |
| ടി 23/62(4) | ടി | 28,766/- | ടി |
| ടി 23/62(5) | ടി | 28,766/- | ടി |
| ടി 23/62(6) | ടി | 25,687/- | ടി |
| ടി 23/62 (7) | ടി | 25,687/- | ടി |
| ടി 23/62 (8) | ടി | 20,591/- | ടി |
| ടി 23/62 (9) | ടി | 20,528/- | ടി |
| ടി 23/121(2) | ബെൻ പോൾ,പുത്തങ്ങാടി, കിഴക്കേകോട്ട,തൃശ്ശൂർ | 37639/- | ടി |
| ടി 23/121(3) | ടി | 11,209/- | ടി |
| ടി 23/121(4) | മഞ്ജു രമേഷ്,ശ്രീവൽസം, കിഴക്കുംപ്പാട്ടുകര,തൃശ്ശൂർ | 40,264/- | ടി |
| ടി 23/254എ | ഡയറക്ടർ,ജൂബിലി മിഷൻ മെഡിക്കൽ കോളേജ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,തൃശ്ശൂർ | 55,165/- | 42,185/- |
| 23/414 | സെന്റ്. ഇഗ്നേഷ്യസ്,സൊസൈറ്റി ഓഫ് സിസ്റ്റേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് ഓഫ് അസീസി | 86,890/- | 1168/- |
| 23/180/1 | ബിജു.പി.എം,പൊതിയിൽ ഹൗസ്, ഇരിങ്ങാലക്കുട | 36,827/- | രേഖപ്പെടുത്തിയിട്ടില്ല. |
| 23/180/2 | ടി | 36,504/- | ടി |
| 23/180/3 | ടി | 34,583/- | ടി |
| 23/180/4 | ടി | 11,007/- | ടി |
| 23/180/5 | ടി | 5,503/- | ടി |
| 23/180/6 | ടി | 15,554/- | ടി |
| 23/180/7 | ടി | 2,154/- | ടി |
| 23/237(1) | ആന്റണി.എ.എം, ജെസ്സി ആന്റണി., അമ്പക്കാടൻ ഹൗസ്, തൃശ്ശൂർ | 88,553/- | ടി |
| 23/237(2) | ടി | 85,543/- | ടി |
| 23/237(3) | ടി | 68,738/- | ടി |
| 23/254/1സി | ഡയറക്ടർ,ജൂബിലി മിഷൻ മെഡിക്കൽ കോളേജ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ | 26,978/- | ടി |

| | | | |
|---|---|---|---|
| 23/254/1ഡി | ടി | 31,451/- | ടി |
| 23/254/1 ഇ | ടി | 31,451/- | ടി |
| 23/254/1എഫ് | ടി | 31,451/- | ടി |
| 23/254/1 ജി | ടി | 31,451/- | ടി |
| 23/254/1എച്ച് | ടി | 31,451/- | ടി |
| 23/254/1എെ | ടി | 31,087/- | ടി |
| 23/254/1ജെ | ടി | 31,087/- | ടി |
| 23/254/1 കെ | ടി | 31,087/- | ടി |
| 23/235(6) | ഡോ.ജസ്റ്റിൻ ജോർജ്ജ്, നീലങ്കാവിൽ ഹൗസ് , കിഴക്കേ കോട്ട | 1233/- | 1027/- |
| 23/235(7) | ടി | 2286/- | 1905/- |
| 23/571(2) | ബിനോയി ഫ്രാൻസിസ് ,പൂവത്തിങ്കൽ ഹൗസ് ,കിഴക്കേ കോട്ട | 4409/- | 3674/- |
| 23/571(3) | ടി | 427/- | 356/- |
| 23/571(4) | ടി | 2249/- | 1875/- |
| 23/571(5) | ടി | 2249/- | 1875/- |
| 23/1115/4 | ഡെന്നി ജോസഫ് പോൾ, മേരി കീർത്തി ചാലിശ്ശേരി,അടാട്ട്,പുറനാട്ടുകര | 14,388/- | 11,990/- |
| 23/1115/5 | ടി | 14,388/- | 11,391/- |
| 23/1115/6 | ടി | 14,388/ | 10,791/- |
| 23/1115/7 | ടി | 13,307/- | 11,088/- |
| 23/1115/8 | | 13307/- | രേഖപ്പെടുത്തിയിട്ടില്ല |
| 23/1115/9 | ടി | 13,306/- | ടി |
| 23/1097/6 | ചീരൻ വർഗ്ഗീസ് ചാക്കുണ്ണി | 4298/- | 138/- |
| 23/1097/7 | ലീല ജോൺ, ചിറയ ഹൗസ് ഫാത്തിമ നഗർ,തൃശ്ശൂർ | 27,720/- | 23,100/- |
| 23/1254(1) | നൗഷാദ്,മുതൽ പേർ പുതിയവീട്ടിൽഹൗസ് | 1716/- | 1573/- |
| 23/1256(1) | ടി | 1320/- | 1210/- |
| 23/1179 | ജോസഫ് ചിറയത്ത്, ഇക്കണ്ടവാരിയർ റോഡ്, തൃശ്ശൂർ | 1248/- | 3200/- |
| 23/245 | രാധ,സതി,ദീപ കാരപ്പുറത്ത് | 2448/- | 412/- |
| 23/1462/36 | വി.എം.ലൂയീസ് മുതൽ പേർ കിഴക്കേ കോട്ട | 40,295/- | രേഖപ്പെടുത്തിയിട്ടില്ല |

**ഒരേ കെട്ടിടങ്ങളുടെ തന്നെ കെട്ടിട ഉടമയുടെ പേരും, വിസ്തീർണ്ണവും, വസ്തു നികുതിയും അസസ് മെന്റ് രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ് വെയറിലും രേഖപ്പെടുത്തിയതിൽ വ്യത്യാസം**

തൃശ്ശൂർ കോർപ്പറേഷൻ - ഡിവിഷൻ 23 ഉൾപ്പെട്ട താഴെപ്പറയുന്ന ഒരേ കെട്ടിടങ്ങളുടെ തന്നെ കെട്ടിട ഉടമയുടെ പേര്,വിസ്തീർണ്ണം, വസ്തു നികുതി എന്നിവ സ്ഥാപനത്തിലെ അസസ്മെന്റ് രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ് വെയറിലും രേഖപ്പെടുത്തിയത് വ്യത്യസ്തമായിട്ടാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമ | വിസ്തീർണ്ണം (ച. മീ) | വസ്തു നികുതി | കെട്ടിട ഉടമ | വിസ്തീർണ്ണം ( ച.മീ ) | വസ്തു നികുതി |
|---|---|---|---|---|---|---|
| 23/245-1 | രാധ,സതി, ദീപ കാറപുരത്ത് | 134.88 | 2053/- | നിമ്മി | 100 | 224/- |
| 23/976 | ജീജോ സൈമൻ, | 1046.85 | 62,812/- | ത്രേസ്യ | 100 | 100/- |

| | | | | | | |
|---|---|---|---|---|---|---|
| | ഡയറക്ടർ,മസാകി ഡെവലപ്പ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ്,ഈസ്റ്റ് ഫോർട്ട്,തൃശ്ശൂർ | | | പാനിക്കളം മുതൽ പേർ | | |

**ഒരേ കെട്ടിടങ്ങളുടെ തന്നെ കെട്ടിട വിസ്തീർണ്ണവും,വസ്തു നികുതിയും അസസ് മെന്റ് രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ് വെയറിലും രേഖപ്പെടുത്തിയതിൽ വ്യത്യാസം**

| കെട്ടിട നമ്പർ | കെട്ടിട ഉടമ | വിസ്തീർണ്ണം ( ച .മീ ) | പഴയ വസ്തു നികുതി | പുതിയ വസ്തു നികുതി |
|---|---|---|---|---|
| 23/1454- എ | പോളി ജോസഫ് മുതൽ പേർ, നവ്യ ബേക്ക് ഷോപ്പ് &റസ്റ്റോറന്റ് കിഴക്കേകോട്ട | 486.705 | 64,245/- | 5,354/- |
| 23/1454/ ബി | ടി | ടി | 64,245/- | 4,284/- |
| 23/1454/സി | ടി | ടി | 64,245/- | 4,819/- |
| 23/1454/ഡി | ടി | ടി | 64,245/ | 4,551/- |

മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറികൾ (നമ്പറുകൾ 49/26.09.2019, 127/30-11-2019, 4/26.09.2019, 126/30-11-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും നികുതി നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ഈടാക്കേണ്ടതുമാണ്.

**1-14-2. വസ്തുനികുതി പരിഷ്കരണം ലക്ഷങ്ങൾ ചെലവഴിച്ചിട്ടും ലക്ഷ്യപ്രാപ്തിയിലെത്തിയില്ല**

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഡാറ്റാ എൻട്രി നടത്തുന്നത് കുടുംബശ്രീ കോർപ്പറേഷൻ കമ്പ്യൂട്ടർ സെന്റർ ആണ്. ഫയൽ നമ്പർ R1-824/16 പരിശോധിച്ചതിൽ നാളിതുവരെ 95% ഡാറ്റാ എൻട്രി പൂർത്തീകരിച്ചതായി കുടുംബശ്രീ കോർപ്പറേഷൻ കമ്പ്യൂട്ടർ സെന്റർ അറിയിച്ചിട്ടുണ്ട്. ആകെ 2,24,000 എൻട്രി ചെയ്യേണ്ടതുണ്ടെന്നും ഒരു കെട്ടിടം ഡാറ്റാ എൻട്രി ചെയ്യുന്നതിന് 8 രൂപ കോർപ്പറേഷൻ, കുടുംബശ്രീ കോർപ്പറേഷൻ കമ്പ്യൂട്ടർ സെന്ററിന് നൽകേണ്ടതുണ്ട്. കൂടാതെ കമ്പ്യൂട്ടർ വാടകക്ക് എടുക്കുന്നതിന് ഒരു കമ്പ്യൂട്ടറിന് 1800 രൂപയും യു.പി.എസ് രണ്ട് എണ്ണത്തിന് 4800 നൽകേണ്ടതുണ്ട്. 2018-19 വർഷത്തിൽ ഡാറ്റാ എൻട്രി നടത്തുന്നതിന് തനതുഫണ്ടിൽ നിന്നും 3ാം ഗഡുവായി 2,56,000 രൂപയും [ചെക്ക് നമ്പർ 629834/13-4-18, 4 ാം ഗഡുവായി ചെക്ക്നമ്പർ 757560/19-7-18 പ്രകാരം 1,00,000/-രൂപ കുടുംബശ്രീ കോർപ്പറേഷൻ കമ്പ്യൂട്ടർ സെന്ററിന് നൽകിയിട്ടുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ ഒന്നാം ഗഡുവായി 1,96,000/- രൂപയും രണ്ടാം ഗഡുവായി 2,12,000/-രൂപയും നൽകിയിട്ടുണ്ട്. കുടുംബശ്രീ കോർപ്പറേഷൻ കമ്പ്യൂട്ടർ സെന്ററിന് നാളിതുവരെ 7,64,000/- രൂപ നൽകിയിട്ടുണ്ടെങ്കിലും ലക്ഷ്യം കൈവരിച്ചിട്ടില്ല.

ഫയൽ നമ്പർ R1-12434/17 പരിശോധിച്ചതിൽ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഹാന്റ് ബുക്ക്,അസസ്മെന്റ് രജിസ്റ്റർ എന്നിവ അപ്ഡേറ്റ് ചെയ്യുന്നതിന് വേണ്ടി താൽകാലിക ജീവനക്കാരെ നിയമിക്കുകയും 2018-19 വർഷത്തിൽ താഴെ പറയും പ്രകാരം അവർക്ക് വേതനം നൽകുന്നതിനായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ഇനം | ജീവനക്കാരുടെ എണ്ണം | ചെലവഴിച്ച തുക ₹ | ചെക്ക് നമ്പർ/തിയതി |
|---|---|---|---|
| 3/2018 ലെ ശമ്പളം | 9 | 72,000 | 629783/6-4-18 |
| 4/2018 ലെ ശമ്പളം | 9 | 72,000 | 629933/5-5-18 |

| | | | |
|---|---|---|---|
| 5/2018 ലെ ശമ്പളം | 9 | 72,000 | 757345/6-6-18,757468/3-7-18 |
| 6/2018ലെ ശമ്പളം | 9 | 72,000 | 757468/3-7-18 |
| 7/2018 ലെ ശമ്പളം | 9 | 72,000 | 757349/3-8-18 |
| 8/2018 ലെ ശമ്പളം | 9 | 72,000 | 757844/6-9-18 |
| 9/2018 ലെ ശമ്പളം | 9 | 72,000 | 758003/5-10-18 |
| 10/2018 ലെ ശമ്പളം | 9 | 72,000 | 758197/7-11-18 |
| 11/2018 ലെ ശമ്പളം | 9 | 72,000 | 594938/7-12-18 |
| 12/2018 ലെ ശമ്പളം | 9 | 72,000 | 595125/14-1-19 |
| 1/2019 ലെ ശമ്പളം | 8 | 64,000 | 595286/6-2-19 |
| 2/2018 ലെ ശമ്പളം | 9 | 66,839 | 595620/21-3-19 |
| | **ആകെ** | **8,50,839** | |

നികുതിദായകർക്ക് നികുതി ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വകാര്യബാങ്കുകളെ ആശ്രയിക്കാമെന്ന 15-9-2011 ലെ ജി.ഒ(ആർ.റ്റി)നമ്പർ 7013/11 നമ്പർ ഉത്തരവ് പ്രകാരം നഗരസഭയിലെ ഓൺലൈൻ സംവിധാനം ഏറ്റെടുത്ത് നടത്തുന്നതിന് 1-3-2017 ലെ 11ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം സൗത്ത് ഇൻഡ്യൻ ബാങ്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ സൗത്ത് ഇൻഡ്യൻ ബാങ്കുമായി ഇതുസംബന്ധിച്ച് കരാർ ചമച്ചിട്ടില്ല. എന്നാൽ നഗരസഭ അംഗീകരിച്ച സൗത്ത് ഇൻഡ്യൻ ബാങ്കുമായുള്ള കരട് കരാറിലെ പല വ്യവസ്ഥകളും നഗരസഭയുടെ തുടർന്നുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതാകയാൽ ഈ വിഷയത്തിൽ നഗരസഭ കൂടുതൽ ചർച്ച ചെയത് തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. ഡാറ്റാ എൻട്രി, സർവ്വേ നടത്തുന്നതിനും ₹ 50,00,000 സൗത്ത് ഇൻഡ്യൻ ബാങ്ക് വഹിക്കാമെന്ന് കരട് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് (വ്യവസ്ഥ 8). എന്നാൽ 31-12-2018 ന് മുൻപ് ഡാറ്റാ എൻട്രിയും, സർവ്വേയും പൂർത്തീകരിച്ചിരിക്കണം (വ്യവസ്ഥ 11). നഗരസഭ നാളിതുവരെ ഡാറ്റാ എൻട്രിയും, സർവ്വേയും പൂർത്തീകരിച്ചിരിച്ചിട്ടില്ല. തനത് ഫണ്ടിൽ നിന്നാണ് ഇതിനു വേണ്ട പണം നൽകി വരുന്നത്. കരാർ വ്യവസ്ഥയനുസരിച്ച് സമയബന്ധിതമായി ഡാറ്റാ എൻട്രി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നാൽ ഈ തുക നഗരസഭക്ക് നഷ്ടമായേക്കാം. നഗരകാര്യ ഡയറക്ടറുടെ 3-5-2018 ലെ കത്ത് പ്രകാരം 80% ഡാറ്റാ എൻട്രി പൂർത്തീകരിച്ച നഗരസഭകൾ ജൂൺ മാസത്തിനകം ഓൺലൈൻ സംവിധാനം നടപ്പിലാക്കണമെന്ന് നിർദേശിച്ചിരുന്നു. എന്നാൽ നഗരസഭ നാളിതുവരെ (2019 ഡിസംബർ) ഓൺലൈൻ സംവിധാനം പൂർത്തീകരിച്ചിട്ടില്ല.

നിലവിൽ ഡാറ്റാ എൻട്രി പൂർത്തീകരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ കമ്പ്യൂട്ടർ ഡാറ്റയും പഴയ രജിസ്റ്ററുകളും തമ്മിൽ ഒത്തുനോക്കി എല്ലാ കെട്ടിടങ്ങളും ഡിജിറ്റലൈസ് ചെയ്യുവെന്നും , വസ്തു നികുതി കൃത്യമാണെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 അനധികൃത കെട്ടിടങ്ങൾക്ക് നമ്പർ നല്കൽ - നടപടി കേരള മുനിസിപ്പാലിറ്റി ആക്ടിനും സർക്കാർ ഉത്തരവിനും വിരുദ്ധം

### 1-15-1. അനധികൃത കെട്ടിടങ്ങൾക്ക് നമ്പർ നൽകിയത്

1994 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 242(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും 3-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നല്കിയിട്ടുള്ളതും, 406-ാം വകുപ്പ് പ്രകാരമുള്ള നടപടിയ്ക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ, വ്യാപാരത്തിനായോ വ്യവസായ ആവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നല്കുവാൻ പാടില്ലാത്തതും അപ്രകാരം എന്തെങ്കിലും നല്കിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിയ്ക്കും നോട്ടീസ് നല്കി അത് പുനഃപരിശോധിയ്ക്കേണ്ടതും, റദ്ദു ചെയ്യേണ്ടതുമാണെന്നും, 16.11.2016 ലെ സ.ഉ.(എം.എസ്) നം.170/2016 തസ്വഭവ. പ്രകാരം അനധികൃത നിർമ്മാണം, കെട്ടിടനിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിയ്ക്കപ്പെടുന്ന വാസഗൃഹങ്ങൾക്ക് യു.എ നമ്പർ നല്കി താല്ക്കാലികമായി റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നല്കി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നല്കുന്നതിനും വസ്തുനികുതി ഈടാക്കുന്നതിനും ഉള്ള അധികാരം ആണ് കോർപ്പറേഷനുകൾക്ക് നല്കിയിട്ടുള്ളത്. അത്തരം കെട്ടിടങ്ങൾക്ക് യു.എ നമ്പർ നല്കിയെന്ന കാരണത്താൽ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിയ്ക്കേണ്ട നിയമനടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി താഴെപറയുന്ന വിനിയോഗ ഗണത്തിലെ കെട്ടിടങ്ങൾക്ക് യു എ നമ്പർ നല്കി ലൈസൻസ് നല്കിയതായി കാണുന്നു.

| പഴയ/നിലവിലെ നമ്പർ | പുതിയ കെട്ടിടത്തിന്റെ നമ്പർ | കെട്ടിട ഉടമയുടെ പേര്, വിലാസം | വിനിയോഗ ഗണം | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|
| 8/500 (2)U/A | 49/410(5) | സന്തോഷ്, കിഴക്കുട്ടിൽ (ഹൗസ്),പുല്ലഴി.പി.ഒ. | വാണിജ്യം | യു/എ നമ്പരിൽ സ്ഥിതി ചെയ്യുന്നവാസഗൃഹത്തിനോട് ചേർന്നു പുതുതായി നിർമ്മിച്ചത്. അസ്സസ്സ്മെന്റ് തീയതി-6.10.2018, 18-19ഒന്നാംപാദം മുതൽ |
| 8/653/1(1B)U/A | പുതിയ സർവ്വേ നമ്പർ രേഖപ്പെടുത്തിയിട്ടില്ല | വികാരി, ചെറുപുഷ്പം ചർച്ച്, ഒളരിക്കര പി.ഒ. | ആഡിറ്റോറിയം | അസ്സസ്സ്മെന്റ് തീയതി-13.12.2018, 15-16ഒന്നാംപാദം മുതൽ 2013ലെ ടൗൺ പ്ലാനിംഗ് വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടിയുടെ ഭാഗമായി യു/എ നമ്പർ നല്കി. |
| 3/653/1/(1-A) UA | -ടി- | -ടി- | -ടി- | -ടി- |
| 5/447/ 2/UA | 46/668(2)UA | പ്രസിഡന്റ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ഡിസ്ട്രിക്ട് കമ്മിറ്റി | വാണിജ്യം | അസ്സസ്സ്മെന്റ് തീയതി-20.2.2018. 2014-15 ഒന്നാം പാദം മുതൽ |
| 5/447/2/UA | TMC/46/UA 1093(2) | ശ്രീ. വർഗ്ഗീസ്. വി.ഡി. S/o. ദേവസ്സി ചാലിശ്ശേരി | വാണിജ്യം | അസ്സസ്സ്മെന്റ് തീയതി-2016-17 ഒന്നാം പാദം മുതൽ |
| 1/319 (27) UA | TMC/53/ 1308/23 UA | ശ്രീ.വി.എസ്. നജീബ്, തൃശ്ശൂർ സാറ്റലൈറ്റ് നെറ്റ് വർക്ക്സ്, ശ്രീപ്രഭ റീജൻസി, എം.ആർ. വാസു റോഡ് | ഓഫീസ് | അസ്സസ്സ്മെന്റ് തീയതി-2017-18 ഒന്നാം പാദം മുതൽ |
| 3/43/(1) UA | TMC 49/1133 (1) UA | ശ്രീ. ജോയ് ജോൺ. സി., ചിരിയങ്കണ്ടത്ത് ഹൗസ്, ലാലൂർ.പി.ഒ. | വാണിജ്യം | അസ്സസ്സ്മെന്റ് തീയതി-2017-18 ഒന്നാം പാദം മുതൽ |

| | | | | |
|---|---|---|---|---|
| 3/494 (2) UA | TMC 50/959(1) UA | സുജ.വി.ബി., കട്ടങ്ങിൽ ഹൗസ്, ഹരിശ്രീ നഗർ | വാണിജ്യം | അസ്സസ്സ്മെന്റ് തീയതി- 2014-15 ഒന്നാം പാദം മുതൽ |
| 6/268 (2) | TMC 45/1471/1 UA | ജോസഫ്, എടക്കളത്തൂർ ഹൗസ് | വാണിജ്യം | അസ്സസ്സ്മെന്റ് തീയതി- 14-15 രണ്ടാം പാദം മുതൽ |
| 7/UA 4141(2) | TMC 54/ UA/2030 (4) | ലിന്റോ പോൾ, സൈമൺ, എ.കെ. ജോയ്, അരുൺ ജോയ്, മാളികയിൽ - ആർട്സ് & കൾച്ചറൽ ക്ലബ് | നിലവിലെ കെട്ടിടത്തിൽ 1ആർട്ട് ക്ലബ് റൂം | അസ്സസ്സ്മെന്റ് തീയതി- 2014-15 ഒന്നാം പാദം മുതൽ |
| 7/415/1 UA | 54/2029/1 UA | അനില ലാസർ പുലിക്കോട്ടിൽ (ഹൗസ്), അയ്യന്തോൾ.പി.ഒ. | വിവിധ നിലകളിലുള്ള വാണിജ്യ കെട്ടിടത്തിന്റെ ഓഫീസ് | അസ്സസ്സ്മെന്റ് തീയതി- 2018-19 ഒന്നാം പാദം മുതൽ |
| 12/131(3)/UA | TMC 55/UA-415(1) | ജോണി തറയിൽ &ടി.ഒ. ലോനപ്പൻ, തറയിൽ ഹൗസ്, സെന്റ്. സെബാസ്റ്റ്യൻസ് യൂണിറ്റ് | പ്രാർത്ഥന ഹാൾ | അസ്സസ്സ്മെന്റ് തീയതി- 2016-17 രണ്ടാം പാദം മുതൽ |
| 13/1/28(A) | TMC 55/UA 1233/10 | നിക്കോളാസ്.വി.ലാസർ, വടക്കേത്തല. | വാണിജ്യം | 2013-14ഒന്നാം പാദം മുതൽ അസ്സസ് ചെയ്തു. |
| 13/1/51 UA | TMC 55/UA 1192/4 | നിക്കോളാസ്.വി.ലാസർ, വടക്കേത്തല. | വാണിജ്യം | അസ്സസ്സ്മെന്റ് തീയതി- 2018-19 രണ്ടാം പാദം മുതൽ |
| 13/1/52 UA | TMC 55/UA 1192/5 | നിക്കോളാസ്.വി.ലാസർ, വടക്കേത്തല. | വാണിജ്യം | അസ്സസ്സ്മെന്റ് തീയതി- 2018-19 രണ്ടാം പാദം മുതൽ |
| 13/1/53 UA | TMC 55/UA 1192/6 | നിക്കോളാസ്.വി.ലാസർ, വടക്കേത്തല | വാണിജ്യം | അസ്സസ്സ്മെന്റ് തീയതി- 2018-19രണ്ടാം പാദം മുതൽ |
| 15/593 B | TMC 339(1)/UA | അജയ് & സഞ്ചയ് S/o റപ്പായി. | മോട്ടോർ ഷെഡ്ഡ്. | |
| 15/UA 144(N) | TMC/1 UA 2269(1) | ജ്ഞാനശീലൻ S/o തെക്കുംകര ശേഖരൻ | ഡയറിഫാം | 15-16 ഒന്നാം പാദം മുതൽ |
| 15/UA42(1) | TMC/1/UA | അബൂബക്കർ M/Sഅൽഫാർ ബിൽഡിംഗ് കോർപ്പറേഷൻ | വാണിജ്യം | 14-15 ഒന്നാം പാദം മുതൽ |
| 15/787UA | TMC/3/1027UA | നാരായണൻ.പി.എം. പരിയാനം പറ്റ മനയ്ക്കൽ | വാണിജ്യം | 17-18 ഒന്നാം പാദം മുതൽ |
| 14/UA/137 | TMC/53/333UA | പ്രസിഡന്റ്/ സെക്രട്ടറി (ഒക്യുപയർ) തേഞ്ചിത്ത് കാവ് ക്ഷേത്ര സംരക്ഷണ സമിതി | "ഓംകാരം" കല്യാണമണ്ഡപം | 18-19ഒന്നാം പാദം മുതൽ |
| UA5/418/26&27 | UA/3/2012/1&2 | ശ്രീ.ആന്റണി ഫ്രാൻസിസ് | വാണിജ്യം | 17-18രണ്ടാം പാദം മുതൽ |
| UA8/520 | UA/12/120 | ശ്രീ.ഷാനിൽ ഇബ്രാഹീം | വാണിജ്യം | 18-19ഒന്നാം പാദം |
| UA8/435/2 | UA9/1400/1 | വികാരി മാർഗീ വ്വഗ്ഗീസ് വിമല സ്റ്റഡി സെൻറർ | വിദ്യാഭ്യാസ ആവശ്യത്തിനു | 17-18 രണ്ടാം പാദം |
| UA9/943 | UA/9/904 | ശ്രീ.ശങ്കരൻ പൂജാരി | ആശ്രമം | 17-18 രണ്ടാം പാദം |
| UA8/442 | 9/UA/1392 | ശ്രീ.മച്ചാടൻ ചാമിക്കുട്ടി | വാണിജ്യാവശ്യം | 17-18 ഒന്നാം പാദം |

മുകളിൽ കൊടുത്തിട്ടുള്ള ശ്രീ നിക്കോളാസ്.വി.ലാസർ എന്ന വ്യക്തി കെട്ടിടത്തിലെ കാർപാർക്കിംഗ് ഏരിയ കടമുറികൾ ആയി വിനിയോഗമാറ്റം നടത്തിയതായി ഗ്രീൻഫീൽഡ് റസിഡൻസ് അസോസിയേഷന്റെ പരാതി പ്രകാരം ജില്ലാ ടൗൺ പ്ലാനിംഗ് വിഭാഗം അന്വേഷണം നടത്തിയ റിപ്പോർട്ടിന്റെ തുടർനടപടിയെന്ന നിലയിലാണ് U/A നമ്പർ അനുവദിച്ചുകാണുന്നത്. ആയത് നിയമവിരുദ്ധമാണ്. മുകളിൽ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾ കൂടാതെ നിരവധി വാസഗൃഹങ്ങൾക്കും U/Aനമ്പർ നല്കിയിട്ടുള്ളത് വർഷങ്ങളായി ക്രമവല്ക്കരിയ്ക്കാതെ നിലനിർത്തിയിട്ടുള്ളതായും രജിസ്റ്ററിൽ കാണപ്പെടുന്നുണ്ട്. U/A നമ്പർ നല്കുന്നവേളയിൽ വസ്തുനികുതി നിർണ്ണയിച്ച് ആയതിന്റെ മൂന്നിരട്ടിയും കൂടിചേർത്തു വാങ്ങിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പിന്നീടുള്ള വർഷങ്ങളിൽ മൂന്നിരട്ടി ഫീസ് വാങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. 2018-19 വർഷം മുൻവർഷങ്ങളിലെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് അതതു വർഷത്തെ ഡിമാന്റ് രജിസ്റ്റർ എഴുതിയോ, കമ്പ്യൂട്ടർ പ്രിന്റ് എടുത്തോ സൂക്ഷിയ്ക്കാത്തതിനാൽ ഏതു വർഷത്തെ കണക്കിൽ ഉൾപ്പെടുത്തി ചെയ്തുവെന്നതും വ്യക്തമല്ല. ആയതു സംബന്ധിച്ച് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

കേരളാ മുനിസിപ്പാലിറ്റി ആക്ട് 539- ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ സ്വീകരിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് .ആയതിനാൽ ഇത്തരത്തിൽ നഗരസഭക്ക് ഉണ്ടാകുന്ന നഷ്ടത്തിന് യഥാസമയം ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കാൻ വീഴ്ച വരുത്തിയ സെക്രട്ടറി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ വ്യക്തിപരമായി ഉത്തരവാദികൾ ആയിരിക്കുന്നതാണ്.

കേരളാ മുനിസിപ്പാലിറ്റി നിയമം 22 സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകൾ, ഉപവകുപ്പ് ഡി (iv) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളിൽ അക്കൗണ്ടുകൾ മാസംതോറും ഓഡിറ്റ് ചെയ്യേണ്ടതും, മാസംതോറുമുള്ള തുക ആവശ്യപ്പെടൽ, തുക പിരിച്ചെടുക്കൽ, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച് സെക്രട്ടറി സമർപ്പിക്കുന്ന സംക്ഷിപ്തം പരിശോധിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

വാസഗൃഹങ്ങൾക്ക് നല്കിയ UAനമ്പർ ക്രമവല്ക്കരിയ്ക്കുന്നതിനും, മറ്റു കെട്ടിടങ്ങൾക്കു നിയമവിരുദ്ധമായി UAനമ്പർ നല്കിയതിലെ മേല്പറഞ്ഞ അപാകതകൾ പരിഹരിയ്ക്കുന്നതിനും അയ്യന്തോൾ മേഖലാ കാര്യാലയത്തിലും സമാന കേസുകൾ ഉള്ള മറ്റു മേഖലാ ഓഫീസുകളിലും നഗരസഭ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം. 134/03.12.2019, 51/24.09.2019) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ആദ്യമറുപടിയിൽ അറിയിക്കേണ്ടതാണ്.

<u>1-15-2. പഴയ കെട്ടിടങ്ങളിൽ അനധികൃത നിർമ്മാണം - നടപടി സ്വീകരിച്ചില്ല</u>

ഫയൽ-ഡിഡബ്ല്യു3-25353/15

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലുള്ള പഴയ കെട്ടിടങ്ങളിന്മേൽ നടത്തിയ അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് കോർപ്പറേഷൻ ടൗൺ പ്ലാനിംഗ് വിഭാഗം 22.2.18ന് തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം, അരിയങ്ങാടി, ജയ്ഹിന്ദ് മാർക്കറ്റ്, പോസ്റ്റോഫീസ് റോഡ്, നായരങ്ങാടി, ഹൈറോഡ്, എരിഞ്ഞേരി അങ്ങാടി എന്നിവിടങ്ങളിലെ അനധികൃത നിർമ്മാണം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഡി ഡബ്ല്യൂ 3/ബിഎ/227/14-15 അരിയങ്ങാടി വടക്ക് ഭാഗം, സി.എം.ജോർജ്ജ് വി.ടി.ആർ. ജയരാജ്, കമ്പനിയോട് ചേർന്നുള്ള പഴയ കെട്ടിടം പൊളിച്ച് വീരമണി ഹൗസ് ഇരുനില കെട്ടിടം പണിതത്.

2. ഡി ഡബ്ല്യൂ 3/ബിഎ/669/15-16 അരിയങ്ങാടി തെക്ക് ഭാഗം, ധനവിജയ ട്രേഡേഴ്സിനടുത്ത് കെട്ടിടം - അനൂപ് ആന്റോ ചാലിശ്ശേരി, രണ്ട് നില കെട്ടിടം മൂന്ന് നിലകളാക്കി നവീകരിച്ചു.

3. ഡി ഡബ്ല്യൂ 3/ബിഎ/126/10-11-സുധീർ യശ്വന്ത് റാവു ചവാൻ,ചവാൻ ഹൗസ് ന്യൂ ചർച്ച് റോഡിൽ രണ്ട് നിലകളിൽ പുതിയ കോൺക്രീറ്റ് കെട്ടിടം. നിലവിൽ പൂട്ടികിടക്കുന്ന ഈ കെട്ടിടത്തിന്റെ നിർമ്മാണാനുമതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

4. ഡി ഡബ്ല്യൂ 3/ബിഎ/168/12-13- സൈജോ വാക്കൻ, വാക്കൻ വീട്, ചാണ്ടീസ് ലെയിൻ വടക്ക് നാല് നില കെട്ടിടം, മുകൾ ഭാഗം അനുമതിയില്ലാതെ ട്രസ്സ് വർക്ക് ചെയ്ത് ഷട്ടറിട്ട് അടച്ച് ഉപയോഗിക്കുന്നു.

5. ഡി ഡബ്ല്യൂ 4/ബിഎ/110/13-14- സൈജോ വാക്കൻ, വാക്കൻ വീട്, ചാണ്ടീസ് ലെയിൻ തെക്ക്, നാല് നില കെട്ടിടം. 3 നില കെട്ടിടത്തിന് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്.

6. ഡി ഡബ്ല്യൂ 4/ബിഎ/525/13-14 പോസ്റ്റ് ഓഫീസ് റോഡ്, സി ജോസ് ഫ്രാൻസിസ്, പോസ്റ്റ് ഓഫീസ് റോഡ്, തെക്ക്, തൃശ്ശൂർ മിൽ സ്റ്റോഴ്സ്, എടക്കളത്തൂർ വീട് (25/1911). ഒറ്റ നില കെട്ടിടം രണ്ട് നിലയാക്കി പുതുക്കി ട്രസ്സ് വർക്ക് ചെയ്തിട്ടുണ്ട്.

7. ഡി ഡബ്ല്യൂ 3/8859/09 ജയ്ഹിന്ദ് മാർക്കറ്റ് ശ്രീരാമചന്ദ്ര സിൽക്ക്സ് & സാരീസ്, ഇരുനില കെട്ടിടം അനധികൃതമായി ട്രസ്സ് വർക്ക് നടത്തിയിട്ടുണ്ട്.

8. ഡി ഡബ്ല്യൂ 3/24152/09 മാർക്കറ്റ് റോഡ്, ജെ ജെ ഫാബ്രിക്സ്, നാല് നില കെട്ടിടവും ട്രസ്സ് വർക്കും ചെയ്തിട്ടുണ്ട്. അതിൽ

താഴത്തെ നില ഒഴികെയുള്ള നിർമ്മാണങ്ങൾ അനധികൃതമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. ഡി ഡബ്ല്യു 3/ബിഎ/503/12-13 ചാണ്ടീസ് ലെയിൻ, സെന്റ് റാഫേൽ ടവർ, രാഗി ബിജു, പടിക്കാല വീട് നാല് നിലകളുള്ള കെട്ടിടത്തിൽ അനുമതിയില്ലാതെ ട്രസ്സ് വർക്ക് ചെയ്തിട്ടുണ്ട്.

10. ഡി ഡബ്ല്യു 4/ബിഎ/364/13 എരിഞ്ചേരി അങ്ങാടി, ജെ.ജെ ബ്രദേഴ്സ്, സോണിപോൾ തെക്കനാത്ത് 4 നില കെട്ടിടം മുകൾ നിലയും മുൻവശത്തെ ഇറസ്സായ സ്ഥലവും അനുമതിയില്ലാതെ ഷീറ്റ് കൊണ്ട് ട്രസ്സ് വർക്ക് ചെയ്ത് വാണിജ്യാവശ്യമായി ഉപയോഗിക്കുന്നു.

11. ഡി ഡബ്ല്യു 3/ബിആർ/005/14-15 - പള്ളിക്കുളം റോഡ്, പടവൻ ആന്റണി മകൻ ഫ്രാൻസിസ്, 2 നില, ഏക കുടുംബ വാസ കെട്ടിടം – നം.10/753 കേസിന്റെ വിധിക്കനുസരിച്ച് കെട്ടിട നമ്പർ നല്കി.

12. ഡി ഡബ്ല്യു 4 /പിഡബ്ല്യു7/ബിഎ/52/06-07 ന്യൂ ചർച്ച് റോഡിൽ ഡി ആർഡി ടവർ 3 നില കെട്ടിടം അനുമതിയില്ലാതെ മേൽക്കൂരയും ട്രസ്സ് വർക്കും ചെയ്ത് 4 നിലകളായി ഉപയോഗിക്കുന്നു.

13. ഡി ഡബ്ല്യു 4/ബിഎ/526/13-14 പോസ്റ്റ് ഓഫീസ് റോഡ്, ചാലിശ്ശേരി മിൽ സ്റ്റോഴ്സ്, കെട്ടിട നം. 10/1858 മേൽക്കൂര നിർമ്മാണത്തിന് മാത്രമാണ് അനുമതി നൽകിയത്, എന്നാൽ അനുമതിയില്ലാതെ അധികനില പണിത് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു.

14. ഡി ഡബ്ല്യു 3/ബിഎ/261/12-13 ഹൈറോഡ്, ആലൂക്കാസ് കളർ ലാബ് കെട്ടിടം അനധികൃത നിർമ്മാണം. നടപടികൾ തുടരുന്നുവെന്ന് റിപ്പോർട്ട്.

15. ഡി ഡബ്ല്യു 4/ബിഎ/136/12-13 അരിയങ്ങാടി കെ.ഡി.ആർ. ടവർ 3നില കെട്ടിടത്തിന്റെ മുകൾ ഭാഗം അനുമതിയില്ലാതെ ട്രസ്സ് വർക്ക് ചെയ്ത് ഒരു അധിക നില കൂടി നിർമ്മിച്ചിട്ടുണ്ട്.

16. ഡി ഡബ്ല്യു 3/ബിഎ/313/08-09 അരിയങ്ങാടി പാർക്ക് ലാന്റ് റീജൻസി ഫ്ലാറ്റ്. ഫ്ലാറ്റ് നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ടെങ്കിലും കെട്ടിടത്തിന്റെ മുൻവശവും മുകളിലും അനുമതിയില്ലാതെ ട്രസ്സും ഷീറ്റും ഉപയോഗിച്ച് മേഞ്ഞ് ഒരു അധിക നില പണിതിരിക്കുന്നു.

17.ഡി ഡബ്ല്യു 3/ബിഎ/451/10-11 ഹൈറോഡ്, ചിറമ്മൽ ഗോൾഡ് കെട്ടിടം, പീറ്റർ ചിറമ്മൽ, ലിന്റ പീറ്റർ 2നില കെട്ടിടം, മുകളിൽ അനധികൃതമായി ട്രസ്സ് വർക്ക് ചെയ്തിട്ടുണ്ട്.

18. ഡി ഡബ്ല്യു 3/ 41731/12 നെഹ്റു ബസാർ, പേരിടാത്ത കെട്ടിടം.സി സി റപ്പായി ചിറമ്മേൽ, ഒല്ലൂക്കര നാല് നിലയുള്ള പുതിയ കെട്ടിടം ഗ്രൗണ്ട് ഫ്ലോർ ഒഴികെ ബാക്കി നിർമ്മാണങ്ങളെല്ലാം അനധികൃതമായാണ് ചെയ്തിട്ടുള്ളത്.

മേൽപറഞ്ഞ കെട്ടിടങ്ങളുടെ അനധികൃത നിർമ്മാണം ക്രമീകരിക്കുവാനും നിയമാനുസൃതമല്ലാത്തവ പൊളിക്കുന്നതിനും കോർപ്പറേഷന്റെ ഭാഗത്തുനിന്നും എടുത്ത നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.66/5.10.2019) മറുപടി ലഭിച്ചില്ല. മേൽവിഷയത്തിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-16 വാണിജ്യ കെട്ടിടത്തിന് റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കി - കുറവ് വന്ന ₹ 1495 തിരിച്ചടവാക്കണം

**ഫയൽ നമ്പർ: OLK3/BA/93797/25/18**

തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂക്കര മേഖലാ കാര്യാലയ പരിധിയിൽപ്പെട്ട 17-ാം ഡിവിഷനിൽ ശ്രീ.മുത്തുണ്ണി സർവ്വേ നമ്പർ 105/9പി. യിൽ ഉൾപ്പെട്ട ഭൂമിയിൽ ഇലക്ട്രോണിക് എക്യൂപ്മെന്റ് ഷെഡ് നിർമ്മിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിച്ച് നഗരസഭ OLK3/BA/93797/25/18 തിയതി 16-5-18 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിരുന്നു. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(3) പട്ടിക 11 പ്രകാരം വാണിജ്യ കെട്ടിടത്തിനു ബാധകമായ പെർമിറ്റ് ഫീസ് 15 രൂപ / എം2 ആണ്. എന്നാൽ ഈ വാണിജ്യ കെട്ടിടത്തിന് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുള്ളത് റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ നിരക്കിലാണ് (10രൂപ /എം2 ). വിശദ വിവരം ചുവടെ ചേർക്കുന്നു.

പെർമിറ്റ് നമ്പർ-OLK3/BA/93797/25/18. തിയതി 16-5-18

| വിസ്തീർണ്ണം/തരം | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | ഈടാക്കിയ പെർമിറ്റ് ഫീസ്/റസീറ്റ് നമ്പർ | കുറവ് ₹ |
|---|---|---|---|
| 298.5 m2 വാണിജ്യം | 299x15=4485+I/F=25=4510 | 299x10=2990+I/F=25=3015 | 4510-3015=1495 |

| | | | |
|---|---|---|---|
| | | Rt.11801101849/15-05-2018 | |
| | | ആകെ | 1495 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 46(7/31-8-19) ന് മറുപടി നൽകിയിട്ടില്ല. പെർമിറ്റ് ഫീസ് ഇനത്തിൽ കുറവ് വന്ന ₹ 1495 രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 അനുവാദമില്ലാതെ പണിതതും പിന്നീട് ക്രമവത്ക്കരിച്ചതുമായ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിൽ കോർപ്പറേഷന് നഷ്ടം

വിൽവട്ടം മേഖലാ പരിധിയിൽ, നഗരസഭയുടെ അനുവാദമില്ലാതെ പണിതതും പിന്നീട് ക്രമവത്ക്കരിച്ചതുമായ താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിന്റെയും എന്ന് മുതലാണ് നികുതി ഈടാക്കി തുടങ്ങിയതെന്നുമുള്ള വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം നം.118/26.11.19)ഓഡിറ്റിന് നൽകിയില്ല.

| ക്രമ നം | പെർമിറ്റ് നം. | ഫയൽ നം. | വിലാസം | ക്രമവത്ക്കരിച്ചത് | പൂർത്തീകരണ പത്രിക തീയതി |
|---|---|---|---|---|---|
| 1 | ബി എ 10/15-16 | വിപിഡബ്ല്യു2/1602/15 | കെ ഇ ഉമ,കൃഷ്ണ മാരാർ,വന്ദനം വൈക്കത്തൂർ | പെർമിറ്റ് എടുത്തില്ല. | രേഖപ്പെടുത്തിയില്ല. |
| 2 | ബി എ/15/15-16 | വിപിഡബ്ല്യു2/1583/15 | സംഗീത,സുരേന്ദ്രൻ,കുന്നത്ത്, ചെമ്പൂക്കാവ് | 1.10.15-30.9.18 | 20.3.19 |
| 3 | ബി എ/36/15-16 | വിപിഡബ്ല്യു2/1772/15 | ലില്ലി റാഫേൽ, അറയ്ക്കൽ,ആനപ്പാറ,വില്ലടം | പെർമിറ്റ് എടുത്തില്ല. | 2.10.13 |
| 4 | ബി എ/35/15-16 | വിപിഡബ്ല്യു2/1771/15 | സലീം & സുമയ്യ,ആലിങ്ങൽ, രാമവർമ്മപുരം | പെർമിറ്റ് എടുത്തില്ല. | 20.7.18 |
| 5 | ബി എ/15/15-16 | വിപിഡബ്ല്യു2/1770/15 | റോസിലി മുതൽപേർ,ഒല്ലൂക്കാരൻ, പെരിങ്ങാവ് | 13.7.15 | 20.10.12 |
| 6 | ബി എ/51/15-16 | വിപിഡബ്ല്യു2/2001/15 | പൈലോത്,മുളകംപുള്ളി,കുറ്റുമുക്ക് | 6.6.15 | 20.10.14 |
| 7 | ബി എ/41/15-16 | വിപിഡബ്ല്യു2/1843/15 | ഗീത മനോഹരൻ നായർ,കുന്നത്തേരി ചേറൂർ | 15.4.18 | 15.5.15 |
| 8 | ബി എ/78/15-16 | വിപിഡബ്ല്യു2/2521/15 | ലളിത,കിഴക്കൂട്ട്,പെരിങ്ങാവ് | 18.8.15-17.8.18 | 2.4.19 |
| 9 | ബി എ/127/15-16 | വിപിഡബ്ല്യു2/3323/15 | വെറോണിക്ക,തെക്കനാത്ത്,കുറ്റുമുക്ക് | 17.8.15 | 20.10.11 |
| 10 | ബി എ/124/15-16 | വിപിഡബ്ല്യു2/3281/15 | ടി എസ് സുധാകരൻ, ഇട്ടിയേടത്ത്,മരുളൂർ,ചേറൂർ | 17.8.15 | 2.5.13 |
| 11 | ബി എ/156/15-16 | വിപിഡബ്ല്യു2/3537/15 | രവീന്ദ്രൻ&ജയ,കൊപ്പായിൽ,വിയ്യൂർ | 28.10.15 | 11.11.2011 |
| 12 | ബി എ/227/15-16 | വിപിഡബ്ല്യു2/4249/15 | എൻ ഐ ജോൺസൺ&ഓമന, നീലംകാവിൽ,ചെമ്പൂക്കാവ് | 1.12.15 | 20.10.14 |

മേൽപറഞ്ഞവയിൽ ക്രമ നം.2,8 എന്നിവയൊഴികെയുള്ള വീടുകൾ എല്ലാം തന്നെ അനുവാദമില്ലാതെ പണിതവയാണ്. പെർമിറ്റില്ലാതെ വീടിന് എക്സ്റ്റൻഷൻ പണിയുകയും, പണി പൂർത്തീകരിച്ചതിന് വർഷങ്ങൾ പിന്നിട്ടതിന് ശേഷമാണ് അനധികൃത നിർമ്മാണം കണ്ടെത്തി നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് എന്ന് ഫയൽ പരിശോധനയിൽ വ്യക്തമാവുന്നു. എന്നാൽ, പണി പൂർത്തിയായ അർദ്ധവർഷം മുതൽ നികുതി ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് നികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നു.കൂടാതെ, പെർമിറ്റ് എടുക്കാതെ നിർമ്മാണം നടത്തിയതിന് ക്രമവത്ക്കരണ ഫീസിനത്തിലും, ഉടമസ്ഥനിൽ നിന്നും പണിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്തതിന് ഈടാക്കേണ്ട പിഴയിനത്തിലും നഷ്ടം സംഭവിക്കുന്നു.

പട്ടികയിൽ ചേർത്ത ഭവനങ്ങളുടെയും അത്തരത്തിൽ നികുതി നഷ്ടം സംഭവിച്ച കെട്ടിടങ്ങളുടെയും ഉടമസ്ഥരിൽ നിന്നും കുറവായി ഈടാക്കിയ നികുതി വസൂൽ ചെയ്ത് കോർപ്പറേഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. അപാകതക്ക് എത്രയും വേഗം പരിഹാരം കാണുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 വസ്തുനികുതി കണക്കാക്കിയതിൽ കുറവ്

ആർ 4 – 45174/18

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെട്ട, ചെമ്പൂക്കാവ് പെൻഷൻ മൂലയിലെ 26/39/2, 26/39/3 എന്നീ കെട്ടിടങ്ങൾക്ക് വസ്തു നികുതി കണക്കാക്കിയപ്പോൾ, കോർപ്പറേഷൻ ആർ1/109/11/24.5.2013 നമ്പർ നടപടി ഉത്തരവ് പ്രകാരം തീരുമാനിച്ച് അംഗീകരിച്ച നിരക്കിൽ നിന്നും വ്യത്യസ്തമായി കുറഞ്ഞ നിരക്കിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്.

1.4.08ൽ, സർവ്വശ്രീ ബാബു തോമസ്, കെ.എസ്.സുരേഷ് എന്നിവർക്ക് സംയുക്തമായാണ് കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം നൽകിയിട്ടുള്ളത്. (വസ്തുനികുതി രജിസ്റ്റർ വാല്യം-XXVIപേജ് 84,85). വാണിജ്യാവശ്യത്തിനായുള്ള കെട്ടിടത്തിൽ (ആർ-3/20472/12) ഉടമസ്ഥരുടെ 26.9.18ലെ അപേക്ഷ പ്രകാരം, കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം രണ്ടായി വിഭജിച്ച് നികുതി തിട്ടപ്പെടുത്തി നൽകിയിട്ടുണ്ട്. ശ്രീ ബാബു തോമസിന്റെ ഭാഗം 238.18ച.മീറ്ററും ശ്രീ സുരേഷിന്റെ ഭാഗം 240.42 ച.മീറ്ററുമാണ് വിസ്തീർണ്ണം തിട്ടപ്പെടുത്തിയത്. ഓരോ ഭാഗവും വീണ്ടും നാലായി വിഭജിച്ച് മൊത്തം എട്ട് കടമുറികളായി തിരിക്കുകയും ഓരോ കടമുറിയുടെയും വിസ്തീർണ്ണം 100ച.മീറ്ററിൽ താഴെയെന്നുള്ള കണക്കിൽ ഒരു ച.മീറ്ററിന് 110രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയം നടത്തുകയും ചെയ്തിരിക്കുന്നു.

സ.ഉ(അ)നം.17/2011/14.1.2011 പ്രകാരം 1.4.13 മുതൽ നിശ്ചയിക്കേണ്ട നിരക്കുകളെ സംബന്ധിച്ച് സർക്കാർ ഉത്തരവായതാണ്. 200ച.മീറ്ററിൽ കൂടുതൽ തറവിസ്തൃതിയുള്ള, വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടത്തിന് ഒരു ച.മീറ്ററിന് 150രൂപയാണ് സർക്കാർ നിശ്ചയിച്ച നിരക്ക്. എന്നാൽ, 110രൂപ പ്രകാരമാണ് നികുതി നിശ്ചയിച്ച് നൽകിയിട്ടുള്ളത്. വിശദമായി ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണം- 478.60 ച.മീ ( 240.42 + 238.18 )

**1)** കെട്ടിട വിവരണം - കെട്ടിട ഉടമ - സുരേഷ് സി ജെ, ചിറമ്മൽ പടിഞ്ഞാറേത്തല വീട്.

കെട്ടിട നം.26/39/2- ( വാണിജ്യം,) ടെറസ്സ്, സാധാരണ ടൈൽ.

| | കെട്ടിട നം. | വിസ്തീർണ്ണംച.മീറ്റർ | ഈടാക്കേണ്ട നിരക്ക്150/ച.മീറ്റർ (35% വർദ്ധനവ്) | ഈടാക്കിയത് നിരക്ക്110/ച.മീറ്റർ (35% വർദ്ധനവ്) |
|---|---|---|---|---|
| ബേസ്മെന്റ് | 26/39/2 | 57.46 | 8619 +3017 | 6320 + 2212 |
| ഗ്രൗണ്ട് ഫ്ലോർ | 26/39/2എ | 57.46 | 8619 +3017 | 6320 + 2212 |
| ഒന്നാം നില | 26/39/2ബി | 62.19 | 9329 + 3265 | 6841 + 2394 |
| രണ്ടാം നില | 26/39/2സി | 63.31 | 9497 + 3324 | 6964 + 2437 |
| നികുതി | | 240.42ച.മീറ്റർ | 48687 രൂപ | 35700രൂപ |
| | | | കുറവ് ഈടാക്കിയത് | **12987/** |

**2)** കെട്ടിട വിവരണം- കെട്ടിട ഉടമ - ബാബു തോമസ് ആലപ്പാട്ട് വീട്.

കെട്ടിട നം.26/39/3- വാണിജ്യം, ടെറസ്സ്, സാധാരണ ടൈൽ,

| | കെട്ടിട നം. | വിസ്തീർണ്ണം ച.മീറ്റർ | ഈടാക്കേണ്ട നിരക്ക് 150/ച.മീറ്റർ (35% വർദ്ധനവ്) | ഈടാക്കിയത് നിരക്ക് 150/ച. മീറ്റർ (35% വർദ്ധനവ്) |
|---|---|---|---|---|
| ബേസ്മെന്റ് | 26/39/3 | 56.34 | 8451 + 2958 | 6197 + 2169 |

| | | | | |
|---|---|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 26/39/3എ | 56.34 | 8451 + 2958 | 6197 + 2169 |
| ഒന്നാം നില | 26/39/3ബി | 62.19 | 9329 + 3265 | 6841 + 2394 |
| രണ്ടാം നില | 26/39/3സി | 63.31 | 9497 + 3324 | 6964 + 2437 |
| നികുതി | | 238.18ച.മീറ്റർ | 48233രൂപ | 35368 രൂപ |
| | | | കുറവ് ഈടാക്കിയത് | **12865/-** |

കുറവ് വന്ന നികുതി ₹ 25,852രൂപ (12987+12865) ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-19 വസ്തുനികുതി പിരിവിലെ അപാകതകൾ

### 1-19-1. വിൽവട്ടം മേഖലാ കാര്യാലയം

വിൽവട്ടം സോണൽ പരിധിയിലെ ഡിവിഷൻ – 5, പെരിങ്ങാവ് – വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് കാലപ്പഴക്കം, മേൽക്കൂര എന്നിവയുടെ അടിസ്ഥാനത്തിൽ ഇളവുകൾ നൽകിയിട്ടുണ്ട്. എന്നാൽ പുതിയത്, കോൺക്രീറ്റ് കെട്ടിടം എന്നാണ് അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. (19.11.2019ലെ ഓഡിറ്റ് എൻക്വയറി നമ്പർ 128).

| ഡിവിഷൻ/ കെട്ടിട നമ്പർ | ഉടമയുടെ വിലാസം | അടിസ്ഥാന വസ്തു നികുതി | ഇളവ് (%) | ഇളവ് (തുക) |
|---|---|---|---|---|
| 5/970/1 | അജയൻ.ടി.ടി, മലയൻ ഹൗസ്, വിയ്യൂർ | 845/- | 30% | 254/- |
| 5/970 | അജയൻ.ടി.ടി, മലയൻ ഹൗസ്, വിയ്യൂർ | 2747/- | 30% | 824/- |

കുറവായി ഈടാക്കിയ തുക ബന്ധപ്പെട്ട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-19-2. ക്ലർക്കഞ്ചേരി മേഖല കാര്യാലയം

ക്ലർക്കഞ്ചേരി മേഖല കാര്യാലയത്തിലെ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പാർപ്പിടാവശ്യത്തിനുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വ്യത്യസ്ത രീതിയിൽ നിർണ്ണയിച്ചിരിക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമ | തറ വിസ്തീർണ്ണം | **വസ്തുനികുതി** |
|---|---|---|---|---|
| | ഹെർബർട്ട് നഗർ റോഡ് | | | |
| 1 | 111/41/1 | തോമസ് & ആനീസ്, എടശ്ശേരി, നെടുപുഴ | 155.88 | 155.88*15=2338<br>ഇളവ്- ദ്വിതീയം-10%, റോഡിന്റെതരത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്-20%<br>**വസ്തുനികുതി -2575+LC** |
| 2 | 111/87/1 | ചന്ദ്രൻ ,കോടക്കി ,കണിമംഗലം | 163.17 | 163.17*15=2448<br>ഇളവ്-ദ്വിതീയം-10%, വർദ്ധനവ്-ഇല്ല.<br>**വസ്തുനികുതി -2204+LC** |
| | മാമ്പഴക്കാട് റോഡ് | | | |
| 3 | 111/601/1 | വിജയശ്രീ,ലൈലവിലാസം,പനമുക്ക് | 89.25 | 89.25*15=1339,<br>ഇളവ്-ദ്വിതീയം-10%, വർദ്ധനവ്-ഇല്ല<br>**വസ്തുനികുതി -12057+LC** |
| 4 | 111/579/1 | രാമചന്ദ്രൻ, പനിക്കപറമ്പിൽ,പനമുക്ക് | 158.19 | 158.19*15=2373<br>ഇളവ്-ദ്വിതീയം-10%, |

| | | | | |
|---|---|---|---|---|
| | | | | റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്-20%<br>**വസ്തുനികുതി -2610+LC** |

ഒരേ തരം റോഡിൽ സ്ഥിതിചെയ്യുന്ന വ്യത്യസ്ത കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിൽ വർദ്ധനവ് നൽകി നികുതി നിർണ്ണയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 146/9.12.19) മറുപടി ലഭ്യമാക്കിയില്ല.

## 1-20 ഒല്ലൂക്കര മേഖലാ കാര്യാലയം-പണി പൂർത്തീകരിച്ച അർദ്ധവർഷത്തിൽ തന്നെ വസ്തുനികുതി ഈടാക്കിയില്ല

കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ് ചട്ടങ്ങൾ) 2011പ്രകാരം കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച അർദ്ധവർഷത്തിൽ തന്നെ വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഒല്ലൂക്കര മേഖലാ കാര്യാലയത്തിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ അപ്രകാരം ഈടാക്കി കാണുന്നില്ല.

| ക്ര.നം | കെട്ടിട നം. | പേര്/വിലാസം | പണി പൂർത്തീകരിച്ച തീയതി | നിർമ്മാണ പെർമിറ്റ് നം/തീയതി | ഈടാക്കിയ വസ്തുനികുതി/ അർദ്ധവർഷം | ഈടാക്കേണ്ട വസ്തുനികുതി/ അർദ്ധവർഷം |
|---|---|---|---|---|---|---|
| 1 | 17/971/5 | അജീഷ്.പി.എ പൊട്ടനാട്(H) മുളയം | 5.5.18 | OLK3/BA /2/18-19 22.11.18 | 2111+106 (രണ്ടാം അർദ്ധവർഷം 2018-19) | 2111+ 106 (ഒന്നാം അർദ്ധവർഷം 2018-19) |
| 2 | 17/971/4 | -do- | 5.5.18 | -do- | 2111+106 (രണ്ടാം അർദ്ധവർഷം 2018-19) | 2111+ 106 (ഒന്നാം അർദ്ധവർഷം 2018-19) |
| 3 | 17/664 | ഉസ്മാൻ പുത്തൻവീട്ടിൽ മുല്ലക്കര | 19.2.18 | OLK3/BA /57/17-18 | 1164+ 59 (രണ്ടാം അർദ്ധവർഷം 2018-19) | 1164+ 59 (ഒന്നാം അർദ്ധവർഷം 2018-19) |
| 4 | 17/664 | -do- | 19.2.18 | -do- | 1164+ 59 (രണ്ടാം അർദ്ധവർഷം 2018-19) | 1164+ 59 (ഒന്നാം അർദ്ധവർഷം 2018-19) |
| 5 | 18/475 | പി.എസ്.സജീവൻ പെരുംപറമ്പിൽ മണ്ണുത്തി | 12.10.17 | OLK3/BA /241/19-20 21.2.10 | 2607 (രണ്ടാം അർദ്ധവർഷം 2018-19) | 2607 (രണ്ടാംഅർദ്ധവർഷം 2017-18) |
| 6 | 10/599 | ഡേവിഡ്&തങ്കമ്മ അത്താണിക്കൽ നെട്ടിശ്ശേരി | 30.8.16 | OLK3/BA /304/11-12 29.2.12 | 1579 (ഒന്നാം അർദ്ധവർഷം 2017-18) | 1579 (രണ്ടാം അർദ്ധവർഷം 2016-17) |
| 7 | 10/1057/1 | റെയ്സൺ ജോസഫ് മേച്ചേരി(H) കിഴക്കേകോട്ട | 15.10.17 | OLK3/BA /193/09-10 | 1104 (രണ്ടാം അർദ്ധവർഷം 2018-19) | 1104 (രണ്ടാംഅർദ്ധവർഷം 2017-18) |

| | | | | | | |
|---|---|---|---|---|---|---|
| 8 | 16/549/1 | വിഷ്ണുപ്രസാദ് & മറ്റുള്ളവർ വലക്കശ്ശേരി മണ്ണുത്തി | 15.01.18 | OLK3/BA /ODP/168 /13-14 | 1572 (രണ്ടാം അർദ്ധവർഷം 2018-19) | 1572 (രണ്ടാം അർദ്ധവർഷം 2017-18) |
| 9 | 15/130/1 | സജി.കെ.ആർ കോട്ടയത്തുകാരൻ(H) നെട്ടിശ്ശേരി | 8.05.17 | OLK3/BA /146/15-16 14.02.17 | 2972+ 149 (ഒന്നാം അർദ്ധവർഷം 2018-19) | 2972+ 149 (ഒന്നാം അർദ്ധവർഷം 2017-18) |

നിർമ്മാണം പൂർത്തീകരിച്ച അർദ്ധ വർഷം മുതൽ വസ്തു നികുതി ഈടാക്കേണ്ടതും മേൽപരാമർശിച്ച വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 വാർത്താവിനിമയ ഗോപുരങ്ങളുടെ വസ്തു നികുതി നിർണ്ണയം- അപാകതകൾ

തൃശ്ശൂർ കോർപ്പറേഷന്റെയും വിവിധ സോണലുകളിലെയും വസ്തുനികുതി പരിശോധനയുടെ ഭാഗമായി വാർത്താ വിനിമയ ഗോപുരങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

I .വിൽവട്ടം മേഖലാ കാര്യാലയം

1) അനധികൃത വാർത്താവിനിമയ ഗോപുരങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

താഴെ പറയുന്ന വാർത്താവിനിമയ ഗോപുരങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കുകയോ അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകൾക്കെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ, വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | ടവർ | വിസ്തീർണ്ണം | ഈടാക്കേണ്ട മിനിമം വാർഷിക വസ്തു നികുതി (സ.ഉ.(അ)നം. 17/2011/14-1-2011 പ്രകാരം) |
|---|---|---|---|---|
| 1 | 2/359/1 | റിലയൻസ് | 17 ച. മീ. | 17x500x3=25500(അനധികൃതം) |
| 2 | 2/434 | ബി.എസ്.എൻ.എൽ | 24 ച. മീ. | 24x500 =12000 |
| 3 | 4/440/3 | എ.ടി.സി ഇൻഡ്യ | 24 ച.മീ. | 24x500x3=36000(അനധികൃതം) |
| 4 | 6/1506 | റിലയൻസ് ജിയോ | 17.ച.മീ. | 17x500x3=25500(അനധികൃതം) |
| 5 | 6/1567/1 | എ.ടി.സി ഇൻഡ്യ | 24 ച.മീ. | 24x500x3=36000(അനധികൃതം) |
| 6 | 8/953 | ബി.എസ്.എൻ.എൽ | 6.62 ച.മീ. | 6.62x500=3310 |
| 7 | 8/100-2 | റിലയൻസ് ജിയോ | 24.75 ച.മീ. | 24.75x500x3=37125(അനധികൃതം) |
| 8 | 11/72 -1 | ബി.എസ്.എൻ.എൽ | 6.62 ച.മീ. | 6.62x500=3310 |
| 9 | 11/72-2 | റിലയൻസ് ജിയോ | 17.ച.മീ. | 17x500x3=25500(അനധികൃതം) |

| | | | | |
|---|---|---|---|---|
| 10 | 11/72-3 | വൊഡാഫോൺ & ഐഡിയ | 14.75ച.മീ. | 14.75x500x3=22125(അനധികൃതം) |
| | | | **ആകെ** | **2,26,370** |

2) വാർത്താവിനിമയ ഗോപുരങ്ങളുടെ വസ്തു നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന വാർത്താവിനിമയ ഗോപുരങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | ടവർ | വിസ്തീർണ്ണം | അസസ് ചെയ്ത വസ്തു നികുതി/ ലൈബ്രറി സെസ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | Iv/viii/v | ബി.എസ്.എൻ.എൽ | 6.62 ച.മീ. | 9000+450=9450 | 2006-07മുതൽ അടവാക്കാനുണ്ട് |
| 2 | X/161/38 | ബി.എസ്.എൻ.എൽ | 6.62ച.മീ. | 9300+465=9765 | 2006-07മുതൽ അടവാക്കാനുണ്ട് |
| 3 | X/158/3 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 14ച.മീ. | 11100+555=11655 | 2007-08 മുതൽ അടവാക്കാനുണ്ട് |
| 4 | 6/618/3 | ഭാരത് സെല്ലുലാർ ലിമിറ്റഡ് | 36ച.മീ. | 15150+758=15908 | 2007-08 മുതൽ അടവാക്കാനുണ്ട് |
| 5 | 8/100/1 | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 14.62ച.മീ. | 11100+555=11655 | 2007-08 മുതൽ അടവാക്കാനുണ്ട് |
| 6 | 7/23/7-2 | റിലയൻസ് ജിയോ | 24.75ച.മീ. | 14850+743=15593 | |
| 7 | 3/330/1 | ടവർ വിഷൻ ഇൻഡ്യ | 11ച.മീ. | 9900+495=10395 | |
| | | | **ആകെ** | **84,421** | |

3) വസ്തു നികുതി കുറവായി നിർണ്ണയിച്ചു

താഴെ പറയുന്ന വാർത്താവിനിമയ ഗോപുരത്തിന്റെ വസ്തു നികുതി സ.ഉ.(അ)നം.17/2011/14-1-2011 പ്രകാരം നിർദേശിച്ച 500 രൂപ ച.മീറ്ററിന് എന്ന രീതിയിൽ കണക്കാക്കിയിട്ടില്ല.

| ടവറിന്റെ പേര് | വിസ്തീർണ്ണം | ഈടാക്കേണ്ട മിനിമം വസ്തു നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| റിലയൻസ് ജിയോ ലിമിറ്റഡ്, കെട്ടിട നമ്പർ - 1/351/1 | 9.25 ച.മീ. | 9.25*500=4625 | 1450 | 4625-1450=3175 |
| | | | ആകെ | 3175 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 135 (8/20-11-19) ന് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**II.ഒല്ലൂക്കര മേഖലാ കാര്യാലയം**

1) ടെലികമ്മ്യൂണിക്കേഷൻ ടവർ വസ്തു നികുതി ഈടാക്കിയില്ല

| ക്രമ നമ്പർ | കെട്ടിട നമ്പർ | ടവർ | ഈടാക്കേണ്ട വസ്തു നികുതി +ലൈബ്രറി സെസ് | റിമാക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | Xiii/35/1 | ഇൻഡസ് ടവേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 12756+638 | 2007 മുതൽ ഈടാക്കിയിട്ടില്ല |
| 2 | Ix/206/6 | ബി.എസ്.എൻ.എൽ ടവർ | 25000+1250 | 2007 മുതൽ ഈടാക്കിയിട്ടില്ല |
| 3 | Xiii/516/4 | ടി.ടി ഇൻഫോസിസ് സർവ്വീസ് ലിമിറ്റഡ് | 9780+489 | 2010-11 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| 4 | X/446/2 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | 1020+51 | 2018-19 വർഷം ഈടാക്കിയിട്ടില്ല |
| 5 | II/445/20/1 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | 714+36 | 2018-19 വർഷം ഈടാക്കിയിട്ടില്ല |
| | | **ആകെ** | **51,734** | |

2) ഒല്ലൂക്കര മേഖലാ കാര്യാലയ പരിധിയിൽപ്പെട്ട (ഫയൽ നമ്പർ: OLK3/BR/32/18-19) സർവ്വേ നമ്പർ 679/2 പി.യിൽ ഉൾപ്പെട്ട സ്ഥലത്ത് കെട്ടിട നമ്പർ V/2 ൽ നഗരസഭയുടെ അനുമതിയില്ലാതെ അനധികൃതമായി 2012 മുതൽ പ്രവർത്തിച്ച് വരുന്ന ഇൻഡസ് ടവേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ടെലിക്കമ്മ്യൂണിക്കേഷൻ ടവറിനെതിരെ നാളിതുവരെ യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ല. 9-10-2017ൽ മാത്രമാണ് ഇൻഡസ് ടവേഴ്സ് ഒക്ക്യുപ്പൻസിക്കായി നഗരസഭയിൽ അപേക്ഷ നൽകിയത്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ (44/30-8-19)ക്ക് മറുപടി നൽകിയിട്ടില്ല. നഗരസഭയുടെ അനുമതിയില്ലാതെ 2012 മുതൽ യാതൊരു നികുതിയും ഒടുക്കാതെ ടവർ പ്രവർത്തിച്ചുവെന്നുള്ളത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3) ഒല്ലൂക്കര മേഖലാ കാര്യാലയ പരിധിയിൽപ്പെട്ട (ഫയൽ നമ്പർ: OLK3/BA/294/18-19) സർവ്വേ നമ്പർ 41/1 പിയിൽ ഉൾപ്പെട്ട 399 ച.മി വിസ്തീർണ്ണമുള്ള സ്ഥലത്ത് ടവർ നിർമ്മാണത്തിനായി ഇൻഡസ് ടവേഴ്സ് നൽകിയ അപേക്ഷ പരിഗണിച്ച് OLK3/BA /294/18-19 തിയതി 17-1-19 പ്രകാരം നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ 16-5-11 ലെ സർക്കുലർ നമ്പർ 25070/ആർ.ടി2/2011ത.സ്വ.ഭ.വ പ്രകാരം ടെലിക്കമ്മ്യൂണിക്കേഷൻ ടവറിനു അനുമതി നൽകുന്നതിനു മുമ്പ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ടവറിന്റെ 50 മീറ്റർ ചുറ്റളവിലുള്ള താമസക്കാരിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ സാക്ഷ്യപത്രം ഹാജരാക്കാതെയാണ് ഇൻഡസ് ടവേഴ്സിനു നിർമ്മാണ അനുമതി നൽകിയത്. മാത്രമല്ല ഈ ടവർ നിർമ്മാണത്തിനെതിരെ കൃഷ്ണപുരം നിവാസികൾ നൽകിയ പരാതി, കൗൺസിൽ തീരുമാനം എന്നിവ പരിഗണിക്കാതെയാണ് അനുമതി നൽകിയിട്ടുള്ളത്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ (43/29-8-19) ന് മറുപടി നൽകിയിട്ടില്ല.തദ്ദേശ വാസികളുടെ അപേക്ഷ,സർക്കാർ ഉത്തരവ് എന്നിവ പരിഗണിക്കാതെ ടവറിനു അനുമതി നൽകിയതിന് ക്രമപ്രകാരമല്ല.

**III.അയ്യന്തോൾ മേഖലാ കാര്യാലയം**

1)ടെലികമ്മ്യൂണിക്കേഷൻ ടവർ വസ്തു നികുതി ഈടാക്കിയില്ല.

| ക്രമ നം. | വാർഡ് നം. | മൊബൈൽ സർവ്വീസിന്റെ പേര് | നമ്പർ | ഏരിയ | ടാക്സ് അസസ്സ്ഡ് | അസസ്സ്മെന്റ് തീയതി |
|---|---|---|---|---|---|---|
| 1. | W/1 | മൈക്രോവേവ് ടവർ (വയർലെസ് ടിടി ഇൻഫോസർവീസ് ലിമിറ്റഡ്) | 1/284/24 | $18m^2$ | 7400 | 01.07.2008 |
| 2. | W/1 | മൈക്രോവേവ് ടവർ (വയർലെസ് ടിടി ഇൻഫോസർവീസ് ലിമിറ്റഡ്) | 1/284/25 | $18m^2$ | 7400 | 01.07.2008 |
| 3. | W/1 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, പെരിഞ്ചേരി ബിൽഡിംഗ്, റൗണ്ട് നോർത്ത്, തൃശ്ശൂർ. | 1/804/7 | - (2.00) | 1260 | IInd Half 2015-16 |
| 4. | W/5 | സബ് ഡിവിഷണൽ എഞ്ചിനീയർ (സിവിൽ), സബ്ഡിവിഷൻ III, ബി എസ് എൻ എൽ,തൃശ്ശൂർ | 5/44/1 | $10.10m^2$ | 4860 | 20.08.2009 |
| 5. | V | എടിസി ടെലകോം ടവർ കോർപ്പറേഷൻ പ്രൈവറ്റ് ലിമിറ്റഡ്, കലൂർ, കൊച്ചി | V/664/1 | $10.99m^2$ | 15900 | 05.12.2012 |
| 6. | V | റിലയൻസ് ജിയോ ഇൻഫോകോം | V/666/3 | - | 12000 | 19.06.2014 |

| | | | | | | |
|---|---|---|---|---|---|---|
| | | ലിമിറ്റഡ്, ചന്ദ്രിക ചേംബേഴ്സ്, എസ് എ റോഡ്, വൈറ്റില | | 30m (Height) | | |
| 7. | V | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, ചന്ദ്രിക ചേംബേഴ്സ്, എസ് എ റോഡ്, വൈറ്റില | V/246/8 | $144m^2$ | 15115 | 26.11.2014 |
| 8. | VII | ഇൻഡസ് ടവർ ലിമിറ്റഡ്, 8ാം നില, വംകാരത്ത് ടവേഴ്സ്, എൻ എച്ച് ബൈപാസ്, പാലാരിവട്ടം. | VII/606/1 | $6.17m^2$ | 12780 | 1st Half 2011-12 |
| 9. | XII | കെ വി രാമമൂർത്തി,റിലയൻസ് അസോസിയേഷൻ പ്രൈവറ്റ് ലിമിറ്റഡ്, പ്ളോട്ട്നം.127,ജവഹർ നഗർ, കടവന്ത്ര, കൊച്ചി | XII/322/1 | - 42m (Height) | 4900 | IInd Half 2003-04 |
| 10. | XIV | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, ചന്ദ്രിക ചേംബേഴ്സ്, എസ് എ റോഡ്, വൈറ്റില | XIV/304/17 | - 6.5m (Height) | 3250 | 2013-14 |
| 11. | XI | മാനേജർ, വയർലെസ് ടിടി ഇൻഫോസർവീസ് ലിമിറ്റഡ്, ഇൻഫോ ചേംബേഴ്സ്, മണിമല റോഡ്, ഇടപ്പള്ളി, കൊച്ചി | XI/140/1 | $19.25m^2$ | 51800 | 2008-09 |
| 12. | XIV | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, എറണാകുളം | XIV/151/1 | $2.12m^2$ | 1334 | 2015-16 |
| | | **ആകെ** | | | **1,37,999** | |

ഏതു കാലയളവുവരെ നികുതി ഈടാക്കി എന്ന ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.50/26.09.2019) മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് 539 ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ സ്വീകരിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിൽ നഗരസഭക്ക് ഉണ്ടാകുന്ന നഷ്ടത്തിന് യഥാസമയം ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിന് വീഴ്ച വരുത്തിയ സെക്രട്ടറി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ വ്യക്തി പരമായി ഉത്തരവാദികൾ ആയിരിക്കുന്നതാണ്.

കേരള മുനിസിപ്പാലിറ്റി നിയമം 22 സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകൾ, ഉപവകുപ്പ് ഡി (iv) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളിൽ അക്കൗണ്ടുകൾ മാസംതോറും ഓഡിറ്റ് ചെയ്യേണ്ടതും, മാസംതോറുമുള്ള തുക ആവശ്യപ്പെടൽ, തുക പിരിച്ചെടുക്കൽ, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച് സെക്രട്ടറി സമർപ്പിക്കുന്ന സംക്ഷിപ്തം പരിശോധിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-22 വാണിജ്യകെട്ടിടത്തിനു വസ്തുനികുതി നിർണ്ണയിച്ചതിലുള്ള അപാകതകൾ

ഫയൽ നം - R4 DW5 BA49/16-17.

കെട്ടിടനമ്പർ - 1896/1(213/2)

കെട്ടിട ഉടമസ്ഥന്റെ പേര്- മുഹമ്മദ് അഷറഫ് & അബ്ദുൾ റസാക്ക്,

മംഗള അറയ്ക്കൽ കുട്ടിന്റകായിൽ(H), പുതുമനശ്ശേരി, പാവറട്ടി. പി.ഒ.

പൂങ്കുന്നം ഗുരുവായൂർ റോഡിനു അഭിമുഖമായി നില്ക്കുന്ന മൂന്നുനില ടെറസ്സ് കെട്ടിട (വാണിജ്യം) ത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1357.17m2 തറവിസ്തീർണം ഉള്ള മൂന്നുനില കെട്ടിടത്തിന്റെ താഴത്തെ നിലയിൽ 1896/1, 1896/2, 1896/3, 1896/4 എന്നിങ്ങനെ കടമുറികളും, ഒന്നാം നിലയിൽ 1896/5,1896/6 എന്നിങ്ങനെ രണ്ടു കടമുറികളും, രണ്ടാം നിലയിൽ 1896/7, 1896/8

എന്നിങ്ങനെ രണ്ടു കടമുറികളും ആണുള്ളത്. ഇതിൽ താഴത്തെ 3,4 കടമുറികൾ ഒരുമിച്ച് ചേർത്ത് ഫർണ്ണീച്ചർ വ്യാപാരത്തിനുപയോഗിക്കുന്നു. കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994ലെ വസ്തുനികുതി നിർണ്ണയ ചട്ടങ്ങൾ പ്രകാരം അടിസ്ഥാനവസ്തു നികുതിയിൻ മേലുള്ള വർദ്ധനവ് ചട്ടം (6) പ്രകാരം കെട്ടിടത്തിൽ കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനം ഉണ്ടെങ്കിൽ 10% വർദ്ധനവ് വരുത്തേണ്ടതാണ്. പ്ലാനിൽ രേഖപ്പെടുത്തിയ കേന്ദ്രീകൃത എയർ കണ്ടിഷനിംഗ് സംവിധാനം ഉള്ളതിനാൽ പ്രസ്തുത ബിൽഡിംഗിന് ഇപ്രകാരം വർദ്ധന വരുത്തേണ്ടതാണ്. ആയത് ചെയ്തിട്ടില്ല.

വസ്തുനികുതിയിനത്തിൽ കുറവായി നിർണയിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കടമുറിയുടെ നമ്പർ | നിർണ്ണയിച്ച നികുതി (₹) 1.10. 2017 | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി (₹) | കുറവ് (₹) |
|---|---|---|---|---|
| 1 | 1896/3 | 30640 (ഇവിടെ അടിസ്ഥാന നികുതിയോടൊപ്പം 35% വർദ്ധന വോടു കൂടിയ നികുതി 35640 രൂപയാണ് വരേണ്ടിയിരുന്നത്.) | 38280 | 7640 |
| 2 | 1896/4 | 22459 | 24705 | 2246 |
| 3 | 1896/5 | 39501 | 42427 | 2926 |
| 4 | 1896/6 | 26642 | 28616 | 1974 |
| 5 | 1896/7 | 39501 | 42427 | 2926 |
| 7 | 1896/8 | 26642 | 28616 | 1974 |
| | | | ആകെ | 19686 |

കുറവ് നിർണയിച്ച തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 അനധികൃത കെട്ടിടനിർമ്മാണം - വസ്തു നികുതി ഈടാക്കിയതിൽ കുറവ്

തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം മേഖലാ കാര്യാലയത്തിലെ അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് 2018-19 വർഷം കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 242 പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിടം | വിസ്തീർണം/തരം | അസസ്ചെയ്ത വസ്തു നികുതി/ലൈബ്രറി സെസ് | ഈടാക്കിയ വസ്തു നികുതി/ ലൈബ്രറി സെസ് | കുറവ് (വസ്തു നികുതി) | കുറവ് (ലൈബ്രറി സെസ്) |
|---|---|---|---|---|---|---|
| 1 | ശ്രീ.ആന്റണി ഫ്രാൻസിസ് UA5/418/26 | 247.97 m2 വാണിജ്യം | 34,096x3=1,02,288+ 5,103 LC | Rs.2685 Rt.No.11801111029/ 20-2-19& Rs.2077Rt.No.11801111026/ 20-2-19 | 97526 | 5103 |
| 2 | ശ്രീ.ഷാനിൽ ഇബ്രാഹീം UA8/520 | 308 m2 വാണിജ്യം | 1,11,804 +5590 LC | - | 111804 | 5590 |
| 3 | വികാരി മാർഗീവ്രഗ്ഗീസ്(വിമല സ്റ്റഡി സെൻറർ) UA8/435/2 | 811.78m2 | 49,317 +2465 LC | -2017-18 മുതൽ ഈടാക്കിയിട്ടില്ല | 49317 | 2465 |
| 4 | ശ്രീ.ശങ്കരൻ പൂജാരി UA9/943 | 1200 m2 | 54000+ 2700 LC | 2017-18 മുതൽ ഈടാക്കിയിട്ടില്ല | 54000 | 2700 |
| 5 | ശ്രീ.മച്ചാടൻ ചാമിക്കുട്ടി | രേഖപ്പെടുത്തിയിട്ടില്ല. | 20160 +1008 LC | - | 20160 | 1008 |

| | | | | | | |
|---|---|---|---|---|---|---|
| | UA8/442 | | | | | |
| | | | | | 332807 | 16866 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 134/3-12-2019ന് നൽകിയ മറുപടിയിൽ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. കുറവായി ഈടാക്കിയ ₹ 3,49,673 (332807 +16866) ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കെട്ടിടങ്ങൾ ക്രമവല്ക്കരിക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-24 അനധികൃത കെട്ടിട ക്രമവൽക്കരണം - വസ്തു നികുതി ഈടാക്കിയില്ല

### 1-24-1. ഫയൽ നം. ആർ 4-15346/16

നഗരസഭാപരിധിയിൽ വടക്കേസ്റ്റാന്റിന് സമീപം പാലിയം റോഡിൽ സ്ഥിതി ചെയ്യുന്ന ദേവദത്തം ആഷിയാന എന്ന ഫ്ളാറ്റിലെ 6 കെട്ടിടനമ്പറുകളിലുള്ള ഫ്ളാറ്റുകൾക്ക് പാർപ്പിടാവശ്യത്തിൽ ഉൾപ്പെടുത്തി 2014-15 ഒന്നാം അർദ്ധവർഷം മുതൽ കെട്ടിടനികുതി ഈടാക്കി വരുന്നുണ്ട്. ഈ റെസിഡൻഷ്യൽ ഫ്ളാറ്റ് സമുച്ചയത്തിൽ ഉൾപ്പെട്ട ഒന്നാം നിലയിലെ 28/575/എ2, 28/575/എ 5, രണ്ടാം നിലയിലെ 28/575/ബി 2, 28/575/ബി 3, 28/575/ബി 4, 28/575/ബി 5 എന്നീ നമ്പറുകളിലുള്ള ആറ് ഫ്ളാറ്റുകൾ ഓഫീസും അനുബന്ധ ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നതായി 5-7-2016, 19-7-2017 തിയതികളിൽ നടത്തിയ റവന്യൂ ഇൻസ്പെക്ടർമാരുടെ അന്വേഷണത്തിൽ കണ്ടെത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഫ്ളാറ്റ് ഉടമകളോട് നിയമാനുസരണം ഉപയോഗത്തിനനുസൃതമായി ഒക്യുപൻസി മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതിനും അല്ലാത്തപക്ഷം ടി കെട്ടിടങ്ങൾക്ക് നൽകിയ കെട്ടിട നമ്പറുകൾ റദ്ദ് ചെയ്യുന്നതാണെന്നും കാണിച്ചുകൊണ്ട് 26.8.2016 ന് നോട്ടീസ് നൽകിയതായും പ്രസ്തുത നോട്ടീസിന് അനുസൃതമായി കക്ഷികൾ പ്രവർത്തിക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്യാതിരുന്ന സാഹചര്യത്തിൽ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ 30(3) എ പ്രകാരം എ1 ഗണത്തിൽപ്പെടുന്ന കെട്ടിട നിർമ്മാണ അനുമതിയും ഒക്യുപൻസിയും ലഭ്യമാക്കി ഗാർഹികാവശ്യനിരക്കിൽ കെട്ടിടനികുതിയും ചുമത്തി ഗ്രൂപ്പ് ഇ ഓഫീസ് ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങളോട് സാദൃശ്യമുള്ള വിധം ഉപയോഗിച്ചു വരുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അനുമതിയ്ക്കു വിരുദ്ധമായി ഉപയോഗക്രമം മാറ്റി ഉപയോഗിച്ചുവരുന്ന പ്രസ്തുത ഫ്ളാറ്റുകൾക്ക് പാർപ്പിടത്തിനായി ചുമത്തിയിരുന്ന നികുതി റദ്ദ് ചെയ്ത് കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ്, സെക്ഷൻ 242 പ്രകാരം യു എ നമ്പർ നൽകി 2016-17 രണ്ടാം അർദ്ധവർഷം മുതൽ മൂന്നിരട്ടി നികുതി ചുമത്തി ഉത്തരവ് നൽകിയിട്ടുണ്ടെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് കെട്ടിട ഉടമകൾ WP(C) 38990/17 നമ്പർ ആയി ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കേസിന്റെ തുടർനടപടികൾ അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 1999, റൂൾ 30 (എ) പ്രകാരം ഗണം A1പാർപ്പിട ഗണം എന്ന വിഭാഗത്തിൽ അഭിഭാഷകർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ തുടങ്ങിയവർക്ക് (50 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിൽ) കവിയാത്തതും മുഖ്യ താമസസ്ഥല കൈവശത്തിന്റെ ഭാഗവുമായി ഉപയോഗിക്കുന്ന ചെറിയ പ്രവർത്തന ഓഫീസ് അല്ലെങ്കിൽ സ്ഥലവും ഈ വിനിയോഗഗണത്തിൽ ഉൾപ്പെടുന്നതായിരിക്കണം. മേല്പറഞ്ഞ കെട്ടിട നമ്പറുകളിലുള്ള ഫ്ളാറ്റുകളിൽ അഡ്വക്കേറ്റ് ഓഫീസ്, ചാർട്ടേഡ് അക്കൗണ്ടന്റ് ഓഫീസ് തുടങ്ങിയവ പ്രവർത്തിക്കുന്നതായി ഫയലിൽ റവന്യൂ ഇൻസ്പെക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 50 ചതുരശ്രമീറ്ററിൽ കൂടുതൽ സ്ഥലം ഓഫീസ് ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണോ മേല്പറഞ്ഞ ഫ്ളാറ്റുകളെ ഗ്രൂപ്പ് A1-പാർപ്പിടഗണത്തിൽ ഉൾപ്പെടുത്താതെ കൊമേഴ്സ്യൽ വിഭാഗത്തിൽ ഉൾപ്പെടുത്താനുണ്ടായത് എന്ന് വ്യക്തമാക്കിയിട്ടില്ല.

2) 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങൾ, ചട്ടം 17(1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തുന്നെങ്കിൽ കെട്ടിട ഉടമ മുപ്പത് ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും അതോടൊപ്പം 11-ാം ചട്ടപ്രകാരമുള്ള ഒരു പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരം കെട്ടിട ഉടമ പ്രവർത്തിക്കാത്തപക്ഷം ചട്ടം 17(2) പ്രകാരം (1)-ാം ഉപചട്ടപ്രകാരം സെക്രട്ടറിയ്ക്ക് അയാളുടെ മേൽ ആയിരം രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് കൂടുതൽ, അത് പിഴയായി ചുമത്താവുന്നതാണ്. എന്നാൽ ഇപ്രകാരമല്ലാതെ അനധികൃത നിർമ്മാണം എന്ന നിലയിൽ കെട്ടിട നികുതി അടയ്ക്കുവാൻ നോട്ടീസ് അയച്ചിട്ടുണ്ട്. ആയതിന്റെ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/26.09.2019) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല.

**1-24-2. ഫയൽ നം. REG/KKY/6/2018-19**

ശ്രീ. ജോസ്.എ.വി., മാനേജിംഗ് ഡയറക്ടർ ആലൂക്കാസ് എന്റർപ്രൈസസ്, തൃശ്ശൂർ-ന്റെ ഉടമസ്ഥതയിൽ ചിയ്യാരം വില്ലേജ് സർവ്വെ നമ്പർ 1064/4, 982/2ൽ ഉൾപ്പെടുന്ന 1428$m^2$ (35.28 സെന്റ്) സ്ഥലത്ത് 4115.06$m^2$ കൊമേഴ്സ്യൽ കെട്ടിടം പണിയുന്നതിന് KKY/BA-288/2005-06.തീയതി 22.03.2006 നമ്പർപ്രകാരം നഗരസഭ നിർമ്മാണ അനുമതി നൽകി യിട്ടുള്ളതും 5/3/2016ൽ ഒക്യുപൻസി അനുവദിച്ചിട്ടുള്ളതുമാണ്.

അനുമതിയില്ലാതെ നിർമ്മിച്ച 701.49$m^2$ $4^{th}$ ഫ്ലോർ നിർമ്മാണം 2018ലെ Regularisation of Unauthorised Construction Rules പ്രകാരം ക്രമവൽക്കരിക്കുന്നതിനുവേണ്ടി കെട്ടിട ഉടമ അപേക്ഷ നൽകി. ജില്ലാ ടൗൺ പ്ലാനർക്കുള്ള കരട് കത്ത് അംഗീകാരത്തിനായി സൂപ്രണ്ട്, തൃശ്ശൂർ കോർപ്പറേഷൻ കൂർക്കഞ്ചേരി മേഖലാ കാര്യാലയം സമർപ്പിച്ചെങ്കിലും അപേക്ഷയുടെ കൃത്യത ഉറപ്പാക്കാൻ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി കുറിപ്പ് രേഖപ്പെടുത്തിയതായി നോട്ട് ഫയലിൽ കാണുന്നു.( എന്നാൽ കരട് കത്ത് ഫയലിലില്ല.)

കെട്ടിടത്തിന്റെ മുകളിലത്തെ റൂഫ് പൊളിച്ച് നീക്കാമെന്നും റഗുലറൈസേഷൻ നടപടികൾ ചെയ്യേണ്ടയെന്നുമുള്ള കെട്ടിട ഉടമയുടെ അപേക്ഷയെ തുടർന്ന്, അപേക്ഷ പരിഗണിക്കുന്നതിന് ടി റൂഫ് പൊളിച്ച് നീക്കി രേഖാമൂലം നഗരസഭയെ അറിയിക്കേണ്ടതാണ് എന്നറിയിച്ച് കൊണ്ട് തൃശ്ശൂർ നഗരസഭ ടൗൺ പ്ലാനിംഗ് ഓഫീസർ, 18.02.2019ൽ വ്യക്തിയ്ക്ക് കത്ത് നൽകി.

പ്രസ്തുത കെട്ടിടത്തിലെ ആദ്യകാലത്തെ വാടകക്കാരായ ഇമ്മാനുവേൽ സിൽക്സിനു വേണ്ടി മാനേജിംഗ് പാർട്ട്ണർ ടി.ഒ. ബൈജു സമർപ്പിച്ച അപ്പീൽ ഹർജി CMA/35/2019ൽ വാദം കേട്ടിട്ടില്ലാത്തതും 2019 മേയ് 20ന് വിചാരണയ്ക്ക് വെച്ചിട്ടുള്ളതാണെന്നും അതുകൊണ്ട് പ്രസ്തുത കെട്ടിടത്തിലെ റൂഫ് വർക്ക് പൊളിച്ച് നീക്കുന്നത് കോടതി നടപടിയ്ക്ക് വിരുദ്ധമാകുന്നതിനാൽ വിചാരണ തീരുന്നതുവരെയുള്ള കാലയളവ് അനുവദിക്കണമെന്ന് അപേക്ഷിച്ച് 18.04.19ന് കെട്ടിട ഉടമ അപേക്ഷ സമർപ്പിച്ചുകാണുന്നു.

2019 മേയ് 20ന് ശേഷം കേസിന്റെ നിലവിലെ സ്ഥിതി ലഭ്യമാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ ഫയലിൽ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും തുടർവിവരം ഫയലിലില്ല. ആലുക്കാസ് എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ടി കെട്ടിടത്തിന്റെ (9/598) മുകളിലുള്ള റൂഫ് പൊളിച്ച് മാറ്റിയിട്ടുണ്ട് എന്നറിയിച്ച് കെട്ടിട ഉടമ 26.06.2019ന് അറിയിപ്പ് നൽകിയിരുന്നു.

ഇതേ തുടർന്ന് നഗരസഭ കൂർക്കഞ്ചേരി മേഖലാ ഓഫീസ് ഓവർസിയർ നടത്തിയ സ്ഥലപരിശോധനയിൽ $4^{th}$ ഫ്ലോറിൽ ട്രസ് റൂഫ് നിലനിൽക്കുന്നുണ്ടെന്നും വശങ്ങൾ മറച്ചു വച്ചിരുന്ന പാരപ്പെറ്റ് ഉയരത്തിനു മുകളിലുള്ള ഭാഗം പൊളിച്ചു മാറ്റിയിട്ടുണ്ടെന്നും $58m^2$ ഏരിയ വരുന്ന ടോയ്‌ലറ്റ് ബ്ലോക്ക് + വാഷ് റൂം + വാഷ് ബേസിൻ എന്നിവ $4^{th}$ ഫ്ലോറിൽ സ്ഥിതി ചെയ്യുന്നുണ്ടെന്നും 10.07.2019ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

എന്നാൽ ഈ വിഷയത്തിലെ തുടർനടപടിയായി ജഡ്ജ്മെന്റിന്റെ കോപ്പി ഹാജരാക്കാൻ കക്ഷിയോട് ആവശ്യപ്പെടുക എന്ന് അസിസ്റ്റന്റ് എഞ്ചിനീയറു (തൃശ്ശൂർ നഗരസഭ) ടെ കുറിപ്പ് മാത്രമേ ഫയലിലുള്ളൂ. ഏത് കേസ് സംബന്ധിച്ച വിവരം എന്നു വ്യക്തമല്ല. മാത്രമല്ല ജഡ്ജ്മെന്റ് കോപ്പി ആവശ്യപ്പെട്ട് കക്ഷിയ്ക്ക് നൽകിയ കത്ത് ഫയലിൽ ഇല്ല. ആയതിനാൽ കക്ഷിയ്ക്ക് കത്ത് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

ടി കെട്ടിടത്തിന്റെ (9/598) മുകളിലുള്ള റൂഫ് പൊളിച്ചു മാറ്റിയിട്ടുണ്ട് എന്ന കെട്ടിടമയുടെ അപേക്ഷയിൽ അന്വേഷണം നടത്തി ഫ്ലോറിൽ ട്രസ് റൂഫ് നിലനിൽക്കുന്നുണ്ടെന്നും മറ്റ് അപാകതകളും നിലനിൽക്കുന്നതായും ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിൽ നിന്നും കെട്ടിടം അനധികൃതമായി തുടരുന്നുവെന്ന് വ്യക്തമാണ്.

കൂർക്കഞ്ചേരി മേഖലാ കാര്യാലയത്തിലെ U.A രജിസ്റ്റർ പരിശോധിച്ചതിൽ ടി കെട്ടിടത്തിന് UA IX/598/8 നമ്പർ നൽകിയിട്ടുള്ളതും 2007-2008 പ്രാബല്യത്തിൽ 3 ഇരട്ടി യു.എ ടാക്സ് 486940/- രൂപ ((1,54,584x3=4,63,752),+ (LC 7729x3= 23188)) വാർഷിക നികുതിയായി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ടാക്സ് ഈടാക്കിയതിന്റെ വിവരം രജിസ്റ്ററിലില്ല.

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 (4) പ്രകാരം പരിപാലിക്കപ്പെടുന്ന യു.എ രജിസ്റ്ററിൽ നിയമാനുസൃത മല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരങ്ങൾ ചുമത്തിയതും ഈടാക്കിയതുമായ വസ്തു നികുതി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

നിയമാനുസൃതമല്ലാതെ നിർമ്മിച്ച ഈ കെട്ടിടത്തിന് നാളിതുവരെയുള്ള നികുതി 4,86,940X12=58,43,280/- നഗരസഭ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം തുക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതു മാണ്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 539(2) പ്രകാരം നടപടി കൈകൊള്ളുന്നതിലെ വീഴ്ച മൂലം നഗരസഭയ്ക്ക് ഉണ്ടാകുന്ന നഷ്ടം ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ നികുതി തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-24-3. ഫയൽ നം. DW3-32519/17, R2-53382/17**

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ വരുന്ന ദിവാൻജിമൂല പ്രദേശത്ത് (ഫയൽ നം. DW3-32519/17, R2-53382/17) 12/193 നമ്പർ കെട്ടിടത്തിൽ അനധികൃത നിർമ്മാണ പ്രവൃത്തികൾ നടത്തിയതിനെത്തുടർന്ന് ഈ നിർമ്മാണപ്രവർത്തനങ്ങൾ നീക്കം ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് 13.12.2017 ടൗൺ പ്ലാനിംഗ് ഓഫീസർ താല്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. വസന്തവിഹാർ ഹോട്ടൽ എന്ന പേരിൽ പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിൽ 1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4(2), 24(3), 24(4), 24(5) എന്നിവയ്ക്ക് വിരുദ്ധമായി 9.10 x 13.50 മീറ്റർ വിസ്തീർണ്ണത്തിൽ 5.50 മീറ്റർ ഉയരത്തിൽ സ്റ്റീൽ ഫ്രെയിംസ്, സെക്ഷൻ ചാനൽ എന്നിവ ഉപയോഗിച്ച് നിർമ്മാണപ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. 15.01.2018ൽ നടന്ന ഹിയറിംഗിൽ നിലവിലുള്ള നിർമ്മാണം അനധികൃതമല്ലെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ 13.12.2017ന് പുറപ്പെടുവിച്ച താൽക്കാലിക ഉത്തരവ് സ്ഥിരപ്പെടുത്തിക്കൊണ്ട് കെട്ടിട ഉടമകളായ വലിയവീട്ടിൽ ശ്രീ. അബ്ദുൾ ഖാദർ ഷാജി മക്കൾ ഷംസുദ്ദീൻ, അബ്ദുൾ ലത്തീഫ്, മുഹമ്മദലി എന്നിവർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. (DW3-32519/17. തീയതി 18.01.18). ഇതിനെതിരെ ഹോട്ടൽ ഉടമസ്ഥർ ബഹു. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ട്രൈബ്യൂണൽ മുമ്പാകെ അപ്പീലിന പോകുകയും IA നം. 121/2018 in Appeal No. 61/2018. തീയതി: 23.01.2018 പ്രകാരം ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ കെട്ടിടം പൊളിക്കുന്നതിന സ്റ്റേ വാങ്ങുകയും ഉണ്ടായി. നിലവിൽ രണ്ടു നിലകളിലായി സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ മുകളിലത്തെ നിലയിൽ ഹാൾ, ടോയ്‌ലറ്റ് എന്നിവ നിർമ്മിച്ചിട്ടുണ്ടെന്നും ആയത് കെട്ടിടനിർമ്മാണചട്ടങ്ങൾക്ക് വിരുദ്ധമാണെന്നും അപ്പീലിനമേലുള്ള വസ്തുതാവിവരണപത്രികയിൽ കോർപ്പറേഷൻ ബോധിപ്പിച്ചിട്ടുണ്ട്.

കെട്ടിടത്തിന് നിലവിലുള്ള അസസ്സ്മെന്റ് (12/193) 01.10.2017 മുതൽ റദ്ദാക്കിക്കൊണ്ടും 2017-18 രണ്ടാം അർദ്ധവർഷം മുതൽ UA/12/193/1 എന്ന നമ്പർ നൽകി വാർഷികനികുതി 45575 + ലൈബ്രറി സെസ്സ് ചുമത്തുകയും 25.06.2018ൽ ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടം നിയമാനുസൃതം റഗുലറൈസ് ചെയ്യുകയോ പൊളിച്ചു നീക്കംചെയ്യുകയോ ചെയ്യേണ്ടതാണെന്ന് ഡെപ്യൂട്ടി സെക്രട്ടറിയുടെ 8.9.18ലെ R2-53382/17ഉത്തരവുപ്രകാരം കെട്ടിട ഉടമയോട് നിർദ്ദേശിച്ചിട്ടുണ്ട്. അനധികൃത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ ലൈസൻസ് PH5/R2/53382/1.തീയതി:11.12.18ൽ റദ്ദാക്കിക്കൊണ്ട് സെക്രട്ടറി ഉത്തരവിറക്കിയിട്ടുണ്ടെങ്കിലും ഹോട്ടൽ നിലവിലും പ്രവർത്തിച്ചു വരുന്നു.

കോർപ്പറേഷന്റെ നടപടികൾക്കെതിരെ കെട്ടിട ഉടമ WP(C) 12692/2019 നമ്പറായി 24.4.19ൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ അറിയിക്കേണ്ടതാണ്. മേൽ വിഷയം കാണിച്ച് 10.06.2019ൽ നൽകിയ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇതുസംബന്ധിച്ച് തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-24-4. ഫയൽ നം. R3/18765/19**

തൃശ്ശൂർ നഗരസഭ പരിധിയിൽ ഉൾപ്പെട്ട മംഗളോദയം (പ്രൈ.) ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള UA XXV/2216 A നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി 2014-2015 മുതൽ 2018-19 വരെ ഈടാക്കിയിട്ടില്ല. നികുതിയിനത്തിൽ ₹3,74,625/-+ LC -₹18,731/-രൂപ സ്ഥാപനത്തിൽ നിന്നും പിരിച്ചെടുക്കാനുണ്ട്. മേൽ തുക പലിശ സഹിതം പിരിച്ചെടുക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. അനധികൃതമായി പണിത ഈ കെട്ടിടം റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരവും അറിയിക്കേണ്ടതാണ്. മേൽവിഷയം സംബന്ധിച്ച് 11.10.2019ന് നൽകിയ 68-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

**1-24-5. ഫയൽ നം. DW5/BA/234/18-19**

DW5/BA/234/18-19 നമ്പർ പെർമിറ്റ് ഫയൽ പരിശോധിച്ചപ്പോൾ 2018-19 വർഷം ശ്രീ.കോട്ടുരത്ത് അപ്പുണ്ണി നായർ, അരുണിമ, ഗ്രീൻ ഗാർഡൻ, കോട്ടപ്പുറം എന്നയാളുടെ 24/234/2 കെട്ടിട നമ്പരിൽ സ്ഥിതി ചെയ്യുന്ന 208.47 ച.മീ തറവിസ്തീർണ്ണമുള്ള ഇരുനില കെട്ടിടത്തിലെ ഒന്നാം നിലയിൽ 58.62 ച.മീ ഭാഗം പുതിയതായി കൂട്ടിചേർത്തിട്ടുണ്ട്. ഈ ഭാഗത്തിന് പെർമിറ്റ് ലഭിക്കുന്നതിനായി ടിയാൻ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ഓവർസിയർ സ്ഥല പരിശോധന നടത്തുകയും പെർമിറ്റ് ലഭിക്കുന്നതിന് മുൻപ് തന്നെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായും പ്ലാനിലെ അളവുകളും സൈറ്റിലെ അളവുകളും വ്യത്യാസമുള്ളതായും 26.10.18 ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൂട്ടിചേർത്ത ഭാഗം ക്രമവൽക്കരിക്കുന്നതിന് 24.11.18 ന് നോട്ടീസ് അയച്ചിട്ടുണ്ട്. പിന്നീട് തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, റൂൾ 143 പ്രകാരം നാളിതു വരെയായിട്ടും ക്രമവൽക്കരിക്കുകയോ, അനധികൃത കെട്ടിടങ്ങൾക്കുള്ള നമ്പർ നൽകി 3 ഇരട്ടി ഫീസീടാക്കി അനധികൃത കെട്ടിടങ്ങൾക്കുള്ള

വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, മറ്റ് തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച് 09.07.2019-ന് നൽകിയ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. 1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-25 പെർമിറ്റിന്റെ കാലാവധി കഴിഞ്ഞിട്ടും പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം

ഒല്ലൂക്കര മേഖലാ കാര്യാലയത്തിന്റെ പരിധിയിലുള്ള പല കെട്ടിടങ്ങൾക്കും നിർമ്മാണാനുമതി ലഭിച്ച് 3 വർഷത്തിനു ശേഷവും പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുകയോ പെർമിറ്റ് പുതുക്കുന്നതിനായി അപേക്ഷിക്കുകയോ ചെയ്യാത്തതിനാൽ ഉടമസ്ഥർക്ക് നോട്ടീസ് നൽകുകയും പിന്നീട് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് പുതുക്കി വസ്തുനികുതി നിർണ്ണയിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേരും, ഡിവിഷനും | പെർമിറ്റ് നമ്പർ/തീയതി | പെർമിറ്റ് പൂർത്തീകരിച്ച കാലാവധി | പെർമിറ്റ് പൂർത്തിയാക്കുന്നതിന് അറിയിപ്പ് നൽകിയ തീയതി | അഭിപ്രായകുറിപ്പ് |
|---|---|---|---|---|---|
| 1. | ബഷീർ.കെ. എച്ച്. & പ്യാരിജാൻ ബഷീർ , ഡിവിഷൻ-17 | OLK3/5305 /13/BA /127/13-14 തീയതി. 31.12.2013 | ,31.12.2016 | OLK3/BA/127/13-14 തീയതി. 12.11.2018 | 23.11.2018ന് നിർമ്മാണം പൂർത്തിയാക്കിയതായി കണക്കാക്കി, 26.11.2018ന് ഉടമസ്ഥൻ ഒക്യുപൻസി സർട്ടിഫിക്കറ്റിന് അനുവദിക്കുകയും 2018-19 രണ്ടാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിക്കുകയും ചെയ്തു. |
| 2. | കൃഷ്ണൻ S/o ശങ്കരൻ ഡിവിഷൻ -17 | OLK3/ODP /BA/31/13-14 | 06.06.2016 | OLK3/ODP/BA/31 /13-14 12.11.2018 | 26.12.2018ന് നിർമ്മാണം പൂർത്തിയാക്കിയതായി കണക്കാക്കി, 17.01.2019ന് ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കുകയും 2018-19 രണ്ടാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിക്കുകയും ചെയ്തു. |

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 22(1) പ്രകാരം ഓരോ ഉടമസ്ഥനും അയാൾക്ക് അനുവദിച്ചിട്ടുള്ള പെർമിറ്റ് പ്രകാരമുള്ള ഭൂവികസനമോ പുനർവികസനമോ അല്ലെങ്കിൽ കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ അല്ലെങ്കിൽ കൂട്ടിചേർക്കലോ മാറ്റം വരുത്തലോ പൂർത്തിയാക്കുമ്പോൾ അനുബന്ധം ഇ അല്ലെങ്കിൽ അനുബന്ധം എഫ് ഫോറത്തിൽ ഒരു പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. കൂടാതെ 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 24(1) പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ കെട്ടിടം പൂർത്തിയാക്കുകയോ പുതുക്കിപ്പണിയുകയോ കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത്, ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസും 11-ാം ചട്ടപ്രകാരമുള്ള കെട്ടിടനികുതി റിട്ടേണും നൽകേണ്ടതും ആ അർദ്ധവർഷാരംഭം മുതൽ പുതുക്കിയ വാർഷിക കെട്ടിടനികുതി നൽകാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ഇപ്രകാരം നോട്ടീസ് നൽകാൻ വീഴ്ച വരുത്തുന്ന ആളുടെ മേൽ ചട്ടം 24(2) പ്രകാരം പിഴ ചുമത്താവുന്നതാണ്.

പെർമിറ്റ് കാലാവധി പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞിട്ടും പെർമിറ്റ് പുതുക്കുകയോ നിർമ്മാണം പൂർത്തിയാക്കി പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ പെർമിറ്റ് പുതുക്കുന്നതിനുള്ള നോട്ടീസ് നല്കി ഒരു മാസത്തിനകം പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയതായി കാണുന്നു. ഇത്തരം സാഹചര്യങ്ങളിൽ നിർമ്മാണം പൂർത്തീകരിച്ച

തീയതിയുടെ കൃത്യത ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്നതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.42/07.09.2019) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

നിർമ്മാണം പൂർത്തീകരിച്ച വിവരം അറിയിക്കാൻ വൈകുന്നത് വസ്തു നികുതി നിർണ്ണയത്തെ ബാധിക്കുമെന്നതിനാൽ പെർമിറ്റ് എടുത്ത ശേഷം കെട്ടിട നിർമ്മാണം/ പുതുക്കിപ്പണിയൽ എന്നിവയുടെ പൂർത്തീകരണ വിവരം മേൽ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ അറിയിക്കാത്ത ഉടമസ്ഥരിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

## 1-26 ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കി

**1-26-1. ഒല്ലൂക്കര മേഖലാ കാര്യാലയം**

തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂക്കര മേഖലാ കാര്യാലയ പരിധിയിൽപ്പെട്ട 12ാം ഡിവിഷനിൽ ശ്രീമതി.ബിന്ദു രാമകൃഷ്ണൻ 2-11-2009ലെ BA/112//09-10 നമ്പർ പെർമിറ്റ് പ്രകാരം 82.39 M2 വിസ്തീർണ്ണമുള്ള റെസിഡൻഷ്യൽ കെട്ടിടത്തിന്റെ കൂട്ടിചേർക്കലിനായി അപേക്ഷ സമർപ്പിച്ചിരുന്നു (ഫയൽ നമ്പർ: OLK3/BA/112/18-19, OLK3/2779/09). എന്നാൽ ഒക്യുപ്പൻസിക്കായി നഗരസഭയിൽ അപേക്ഷ സമർപ്പിക്കാത്തതിനാൽ 28-102018 ന് നഗരസഭ OLK3/BA/112/18-19 നോട്ടീസ് നൽകുകയും തുടർന്ന് കെട്ടിട ഉടമ 29-11-2018ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു എന്നു കാണിച്ച് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങൾ ചട്ടം 145പ്രകാരമുള്ള ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ല.

| വിസ്തീർണ്ണം | ഈടാക്കേണ്ട ക്രമവൽക്കരണ ഫീസ് (₹) | ഈടാക്കിയ ക്രമവൽക്കരണ ഫീസ് (₹) | കുറവ് (₹) |
|---|---|---|---|
| Exi. Ground Floor=79.49 m2<br>Completed Ground Floor=**30.61 m2**<br>porch=9.28<br>completed First Floor=**51.78**<br>Total=171.08 | 82.39x3x10( ആകെ വിസ്തീർണ്ണം 150 എം2 അധികരിച്ചതിനാൽ)-2472<br>83x3x10=2472+l/F=25= 2497 | 49x5=245+l/F=25=270<br>റസീറ്റ് നമ്പർ-11801109814/11-12-2018 | 2497-270=2227 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 45(6/31-8-19) ന് മറുപടി നൽകിയിട്ടില്ല. കുറവായി ഈടാക്കിയ ക്രമവൽകരണ ഫീസ് ₹ 2227 കെട്ടിട ഉടമയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-26-2. വിൽവട്ടം മേഖലാ കാര്യാലയം**

തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം മേഖലാ കാര്യാലയ പരിധിയിൽപ്പെട്ട താഴെ പറയുന്ന കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് പിരിവ് പരിശോധനയിൽ, പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തീകരിച്ച് ക്രമവൽകരിച്ച് നൽകിയ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 11-11-2015ലെ 229813/ആർ.ഡി/2/15 ഉത്തരവ് പ്രകാരമുള്ള ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ.നം | പേര്/പെർമിറ്റ് നമ്പർ | വിസ്തീർണ്ണം/തരം | ഈടാക്കേണ്ട ക്രമവൽക്കരണ ഫീസ് (₹) | ഈടാക്കിയ ക്രമവൽക്കരണ ഫീസ് (₹) / രശീതിനമ്പർ | കുറവ് (₹) |
|---|---|---|---|---|---|
| 1 | ശ്രീ.സുരേഷ്കുമാർ<br>VBA/90/15-16 | 129.51m2<br>വാണിജ്യം | 129.51x15x3=<br>5828 | 1950<br>Rt.11501105030 | 3878 |
| 2 | ശ്രീമതി.സരസ്വതി&ബീന<br>VBA/99/18-19/20-8-19 | 394.57 m2<br>വാണിജ്യം | 394.57x15x3=<br>17756 | 16625<br>Rt.11901104195/<br>22-8-19 | 1131 |

| | | | | | |
|---|---|---|---|---|---|
| 3 | ശ്രീ.ശശീന്ദ്രൻ VBA/109/18-19/ 6-12-18 | 132.02 m2 വാണിജ്യം | 132.02x15x3=5940 | 1350 Rt.11801107884/ 09-11-18 | 4590 |
| 4 | ശ്രീ. നാരായണൻ VBA/136/18-19/ 29-7-19 | 234.51 m2 വാണിജ്യം | 234.51x15x3=10553 | 706 Rt.11901103632/ 29-7-19 | 9847 |
| 5 | ശ്രീ.ജോൺ .എ. തയ്യിൽ VBA/170/17-18/ 21-6-18 | 701.15 m2 വാണിജ്യം | 701.15x15x3=31552 | 10550 Rt.118030102690/ 1-6-18 | 21002 |
| | | | | **ആകെ** | **40,448** |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 137/(12/21-11-19) ന് മറുപടി നൽകിയിട്ടില്ല.

കേരളാ മുനിസിപ്പാലിറ്റി ആക്ട് 539 ാംവകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ സ്വീകരിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് .ആയതിനാൽ ഇത്തരത്തിൽ നഗരസഭക്ക് ഉണ്ടാകുന്ന നഷ്ടത്തിന്, യഥാസമയം ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ വ്യക്തിപരമായി ഉത്തരവാദികൾ ആയിരിക്കുന്നതാണ്. കുറവായി ഈടാക്കിയ ₹ 40,448/-ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 ഫ്ലോർ ഏരിയ റേഷ്യോ - അധികരിച്ച് കെട്ടിടം പണിതിരിക്കുന്നു

ഫയൽ നമ്പർ DW5/BA/252/08-09 പരിശോധിച്ചപ്പോൾ ശ്രീ. ദീപാലി ദാസ്, ശ്രീ.ജേക്കബ് താരു, ശ്രീ. തോമസ് താരു എന്നിവരുടെ ഉടമസ്ഥതയിലുള്ള 37-ാം ഡിവിഷനിലെ (കെട്ടിട നമ്പർ (37/205/1 to 37/205/36)) ബേസ്മെന്റ് ഫ്ലോർ + ഗ്രൗണ്ട് ഫ്ലോർ + 8 നില ഉൾപ്പെട്ട 10 നില 'റെസിഡെൻഷ്യൽ കം കോമേഴ്സ്യൽ' കെട്ടിടത്തിന് 23.12.2010 ന് പെർമിറ്റും 31.05.18ന് ഒക്യുപൻസിയും അനുവദിച്ചിട്ടുണ്ട്. പെർമിറ്റ് സംബന്ധിച്ച മുൻ ഫയൽ കാണാനില്ലെന്നാണ് പെർമിറ്റ് പുതുക്കുന്നതിന് 17.12.2013 ന് അപേക്ഷ ലഭിച്ചതിനു ശേഷം വീണ്ടും ആരംഭിച്ച അതേ നമ്പർ ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ ഫ്ലാറ്റിന്റെ ഫ്ലോർ ഏരിയ – 4286.43 ച.മീ, പ്ലോട്ട് ഏരിയ- 1615 ച.മീ ആണ്.

1) 23.10.2010 ന് പെർമിറ്റ് അനുവദിച്ചിട്ടുള്ള മേൽ കെട്ടിടത്തിന്റെ FAR- 2.65 ആണ്.

ജി.ഒ.(എം.എസ്) നമ്പർ.128/2010/തസ്വഭവ, തീയതി.21.06.2010 ഉത്തരവ് പ്രകാരം. FAR കണക്കാക്കേണ്ടത് കൂടുതൽ നിയന്ത്രണമുള്ള കെട്ടിടങ്ങളുടെ ഒക്യുപൻസി അടിസ്ഥാനമാക്കിയാണെന്നും അധിക ഫീ ഇല്ലാതെ FAR -2 ഉം അധിക ഫീസോടു കൂടി അനുവദനീയമായിട്ടുള്ള FAR-2.5 ഉം ആണ്. അധിക ഫീസോടു കൂടി പണിയാവുന്ന തറവിസ്തീർണ്ണം 4037.5 ച.മീ (1615X2.5)ആണ്. 248.93ച.മീ (4286.43-4037.5) തറവിസ്തീർണ്ണം അധികരിച്ചിട്ടുണ്ട്. അധികരിച്ച ഭാഗം ക്രമവൽക്കരിക്കുന്നതിനോ മേൽ കെട്ടിടം പൊളിച്ചു കളയുന്നതിനോ കോർപ്പറേഷനിൽ നിന്നും നടപടി സ്വീകരിച്ചിട്ടില്ല. അധികമായി പണിത കെട്ടിട ഭാഗത്തിന് ഈടാക്കിയ ഫീസിന്റെ വിവരങ്ങൾ ഫയലിന്റെ അഭാവത്തിൽ പരിശോധിക്കാൻ കഴിഞ്ഞില്ല.

2) പെർമിറ്റ് അനുവദിച്ചിട്ടുള്ള അപെൻഡിക്സ് സി പരിശോധിച്ചപ്പോൾ 14,03,055/- രൂപ രശീതി നമ്പർ 20306/33, തീയതി 23.12.2010 പ്രകാരം ഈടാക്കിയിട്ടുണ്ട്. ഏതെല്ലാം ഫീസുകൾ ഉൾപ്പെട്ടതാണ് മേൽപ്പറഞ്ഞ ഫീ എന്നത് കാണാതായ ഫയലിന്റെ അഭാവത്തിൽ പരിശോധിക്കാൻ കഴിഞ്ഞില്ല.

പെർമിറ്റ് അനുവദിച്ചിരുന്ന സമയത്തുള്ള FAR പരിധിയിൽ നിന്നും ഒക്യുപൻസി അനുവദിച്ചു നൽകിയ കാലയളവിൽ അധിക

ഫീസ് കൂടാതെ FAR 3.00 വരെ അനുവദനീയമായതിനാലാണ് പ്രസ്തുത കെട്ടിട നിർമ്മാണം അംഗീകരിച്ച് കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച് നൽകിയിട്ടുള്ളത് എന്നാണ് ഇതു സംബന്ധിച്ച് 25.06.2019 -ന് നൽകിയ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി .

മറുപടി തൃപ്തികരമല്ല, പെർമിറ്റ് അനുവദിച്ചിട്ടുള്ള കാലയളവിലെ ഉത്തരവാണ് മേൽ കെട്ടിടത്തിന് ബാധകമായിട്ടുള്ളത്. ആയതിനാൽ മേൽ കെട്ടിടത്തിന്റെ നിർമ്മാണം അനധികൃതമാണ്. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 18 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 പെർമിറ്റ് -പുതുക്കൽ ഫീ -ഈടാക്കിയിട്ടില്ല

തൃശ്ശൂർ കോർപ്പറേഷന്റെ അധികാര പരിധിയിലുള്ള വിൽവട്ടം സോണൽ ഓഫീസിലെ V/BA/478/11-12 നമ്പർ ഫയൽ പരിശോധിച്ചപ്പോൾ പ്രസിഡണ്ട്, മണലാർക്കാവ് ദേവസ്വം, വിയ്യൂർ, തൃശ്ശൂർ എന്നയാൾക്ക് 5½ എന്ന സർവ്വെ നമ്പരിൽ ഉൾപ്പെടുന്ന സ്ഥലത്ത് 774.21 ച.മീ വിസ്തീർണ്ണത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിന് 30.03.2012-ന് V/BA/478/11-12 നമ്പർ പ്രകാരം പെർമിറ്റ് നൽകിയിട്ടുണ്ട്. പെർമിറ്റ് കാലാവധിയായ 3 വർഷം 29.03.2015ന് അവസാനിക്കുന്ന സാഹചര്യത്തിൽ, കെട്ടിടത്തിന്റെ പണി പൂർത്തിയാവാത്തതിനാൽ പെർമിറ്റ് പുതുക്കുന്നതിന് ടിയാൾ 10.03.2015ന് അപേക്ഷ നൽകിയിട്ടുണ്ട്. നഗരസഭയുടെ ഭാഗത്തുണ്ടായ പിഴവ് മൂലം പെർമിറ്റ് കാലാവധി 30.03.2015 തീയതിയിൽ പുതുക്കി നൽകേണ്ടതിനു പകരം 04.08.15നാണ് പുതുക്കി നൽകിയിട്ടുള്ളത്. ശരിയായ കാലാവധിയിൽ പെർമിറ്റ് പുതുക്കിയിരുന്നെങ്കിൽ കാലാവധി അവസാനിക്കുന്നത് 29.03.2018 -നാണ്.

കെട്ടിടത്തിന്റെ പണി 26.04.18-ന് പൂർത്തിയായതായി കെട്ടിട ഉടമ 28.04.18-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ശരിയായ തീയതിയിൽ പെർമിറ്റ് പുതുക്കിയിരുന്നെങ്കിൽ, പെർമിറ്റിന്റെ കാലാവധി 29.03.2018-ന് അവസാനിക്കുന്ന സാഹചര്യത്തിൽ പെർമിറ്റ് വീണ്ടും പുതുക്കേണ്ടതാണ്. നഗരസഭയുടെ ഭാഗത്തുണ്ടായ വീഴ്ച്ച മൂലം 30.03.2018-ന് പെർമിറ്റ് പുതുക്കാത്തതിനാൽ നഗരസഭയ്ക്ക് പെർമിറ്റ് ഫീസിനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

ഇത് സംബന്ധിച്ച് 25.11.2019തീയതി നൽകിയ 120-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല.

പെർമിറ്റ് പുതുക്കി, നിശ്ചിത നിരക്കിലുള്ള ഫീസ്. വീഴ്ച്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 പെർമിറ്റ് ഫീസ് കുറവായി ഈടാക്കി

തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം മേഖലാ കാര്യാലയ പരിധിയിൽപ്പെട്ട പെർമിറ്റ് ഫീസ് പിരിവ് പരിശോധനയിൽ ചില കെട്ടിട ഉടമസ്ഥരിൽ നിന്നും 2018-19 വർഷം 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം11(3) പട്ടിക (2) പ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ:

| ക്രമ.നം | പേര്/പെർമിറ്റ് നമ്പർ | വിസ്തീർണ്ണം/തരം | ഈടാക്കേണ്ട പെർമിറ്റ് ഫീസ്₹ | ഈടാക്കിയപെർമിറ്റ് ഫീസ് ₹/രശീതി നമ്പർ | കുറവ്₹ |
|---|---|---|---|---|---|
| 1. | ശ്രീ.ഡേവിഡ് ജോസഫ് VBA/12/18-19/ 27-7-18 | 291.02m2, ഗാർഹികം | 291.02x10= 2910 | 1680 Rt.11901103678/ 30-2-19 | 1230 |
| 2. | ശ്രീ. വിജയൻ | 150.66m2 | 150.66x10= | - | 1506 |

| | | | | | |
|---|---|---|---|---|---|
| | VBA/364/18-19/ 19-1-19 | ഗാർഹികം | 1506 | | |
| 3. | ശ്രീ.സാബി.കെ.ബി VBA/380/18-19/ 27-12-18 | 229.43m2 ഗാർഹികം | 229.43x10= 2294 | 665 Rt.11801109021/ 23-12-18 | 1629 |
| 4. | ശ്രീമതി.ലിംന ബേബി VBA/237/17-18/ 24-4-18 | 95.64m2+49.53m2 ഗാർഹികം/വാണിജ്യം | 95.64x10= 957+49.53x15= 742=1699 | 775 Rt.11801100893/ 23-4-18 | 924 |
| 5. | ശ്രീ.പ്രസാദ് VBA/26/17-18/ 4-4-18 | 180 m2 ഗാർഹികം | 180x10= 1800 | 795 Rt.11801150086/ 4-4-18 | 1005 |
| 6. | ശ്രീ.ചന്ദ്രശേഖരൻ നായർ VBA/360/17-18/ 1-6-18 | 184.19m2 ഗാർഹികം | 184.19x10= 1849 | 1745 Rt.1180110274 /31-5-18 | 104 |
| | | | | **ആകെ** | **6398** |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 136/3-12-19 ന് മറുപടി നൽകിയിട്ടില്ല. കേരളാ മുനിസിപ്പാലിറ്റി ആക്ട് 539 ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ സ്വീകരിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിൽ നഗരസഭക്ക് ഉണ്ടാകുന്ന നഷ്ടത്തിന് യഥാസമയം ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കാൻ വീഴ്ച വരുത്തിയ സെക്രട്ടറി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ വ്യക്തിപരമായി ഉത്തരവാദികൾ ആയിരിക്കുന്നതാണ്.

കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 22, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകൾ, ഉപവകുപ്പ് ഡി (iv) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളിൽ അക്കൗണ്ടുകൾ മാസംതോറും ഓഡിറ്റ് ചെയ്യേണ്ടതും, മാസംതോറുമുള്ള തുക ആവശ്യപ്പെടൽ, തുക പിരിച്ചെടുക്കൽ, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച് സെക്രട്ടറി സമർപ്പിക്കുന്ന സംക്ഷിപ്തം പരിശോധിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ഈടാക്കാനുള്ള പെർമിറ്റ് ഫീസ് ബന്ധപ്പെട്ടവരിൽ നിന്നും പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-30 കെട്ടിടനിർമ്മാണചട്ടങ്ങൾ പൂർണമായും പാലിയ്ക്കാതെ പണികഴിപ്പിച്ച റസിഡൻഷ്യൽ ഫ്ലാറ്റിന് ഒക്യുപെൻസി അനുവദിച്ചു

**1-30-1. വിശ്രാം ബിൽഡേഴ്സ്**

| ബിൽഡിംഗ് പെർമിറ്റ് നമ്പറും തീയതി | പ്ലിന്ത് ഏരിയ | ഫ്ലോർ ഏരിയ | കാർപെറ്റ് ഏരിയ |
|---|---|---|---|
| ഡിഡബ്ല്യു5/ബിഎ/ 574/12-13.തീയതി-18.7.2013 | 4924.54 ച.മീ. | 3677ച.മീ. | 2912ച.മീ |

നഗരസഭ ഒന്നാം ഡിവിഷനിൽ 3.4.2018ൽ നിർമ്മാണം പൂർത്തീകരിച്ച ശ്രീമതി.പ്രിയറാം, C/o.ശ്രീരഞ്ജ്, വിശ്രാം ബിൽഡേഴ്സിന്റെ ഉടമസ്ഥതയിലുള്ള 23 താമസയൂണിറ്റുകൾ ഉള്ള റസിഡൻഷ്യൽ അപ്പാർട്ട്മെന്റിന് 11.9.2018ന് ഒക്യുപൻസി

അനുവദിച്ചിട്ടുണ്ടെങ്കിലും 1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങൾ പ്രകാരമുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1)1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34(2) പട്ടിക 5 പ്രകാരം ഓരോ 60ച.മീ മുകളിലുള്ള ഓരോ താമസയൂണിറ്റിന് ഒന്നും, 150 ച.മീ. മുകളിൽ ഉള്ള ഓരോ താമസയൂണിറ്റിന് രണ്ടും എന്ന രീതിയിൽ തെരുവ് വിട്ടുള്ള കാർപാർക്കിംഗ് ഏർപ്പെടുത്തണമെന്നും, ചട്ടം 34(3) പ്രകാരം തെരുവിലേയ്ക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് ആവശ്യമായ സൗകര്യങ്ങളോടു കൂടിയാവണം ഓരോ തെരുവു വിട്ടുള്ള പാർക്കിംഗ് സ്ഥലവും വ്യവസ്ഥ ചെയ്യേണ്ടതെന്നും ഡ്രൈവിംഗിനായുള്ള സ്ഥലവും ഇടനാഴിയും മറ്റ് ആവശ്യമായ സൗകര്യങ്ങളും വാഹനങ്ങൾ തിരിയ്ക്കുവാനുള്ള സ്ഥലവും ഒരുക്കേണ്ടതാണെന്നും നിഷ്കർഷിയ്ക്കുന്നു. ചട്ടം 34(5) പ്രകാരം ഇതിന്റെ 15% സ്ഥലം നിയമപരമായി സന്ദർശക പാർക്കിംഗിനായി മാത്രം അധികം അടയാളപ്പെടുത്തി സജ്ജീകരിക്കേണ്ടതാണ് എന്നു നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം34(4) പ്രകാരം തെരുവ് വിട്ടുള്ള പാർക്കിംഗ് എവിടെയൊക്കെ ആവശ്യമാണോ ആ പ്രദേശത്ത് എല്ലാം 25% അധികമായി ഇരുചക്രവാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യമേർപ്പെടുത്തേണ്ടതാണ്. ഇതു പ്രകാരം സജ്ജീകരിക്കേണ്ട പാർക്കിംഗിന്റെ എണ്ണം ചുവടെ ചേർക്കുന്നു.

ആകെ കാർപ്പെറ്റ് ഏരിയ-2912ച.മീ

<u>ആകെ ആവശ്യമായ കാർ പാർക്കിംഗ്</u>

| ആകെ താമസ യൂണിറ്റുകൾ | 60ച.മീ.നും 150ച.മീ.നും ഇടയിലുള്ള താമസ യൂണിറ്റുകൾ | 150ച.മീ.നു മുകളിലുള്ള താമസ യൂണിറ്റുകൾ | സന്ദർശക കാർപാർക്കിംഗിന് ആവശ്യമായ ആകെ എണ്ണം | ഭിന്നശേഷിക്കാർക്കുള്ള പാർക്കിംഗ് | നിലവിൽ സജ്ജീകരിച്ച പാർക്കിംഗ് | കുറവ് | സന്ദർശകർക്കും, ഭിന്നശേഷിക്കാർക്കും ആവശ്യമായ പാർക്കിംഗിനു സജ്ജീകരിയ്ക്കേണ്ടതിൽ കുറവ് | ആകെ കുറവു വന്ന കാർ പാർക്കിംഗ് |
|---|---|---|---|---|---|---|---|---|
| 23 | 21 | 2 | 23*15%=4 | 28 | 20 | 3 | 4+1=5 | 8 |

ഓഡിറ്റ് വിഭാഗം നഗരസഭയിലെ ഓവർസിയറിനൊപ്പം 17.06.2019നു നേരിട്ടു നടത്തിയ പരിശോധനയിൽ ബേസ്മെൻറ് ഫ്ലോറിലും, ഗ്രൗണ്ട് ഫ്ലോറിലുമായി ഏർപ്പെടുത്തിയ 23 കാർപാർക്കിംഗിൽ മൂന്നു കാർ പാർക്കിംഗിന്റെ സ്ഥലം (1B,2B,4B എന്നിവയുടെ) മാർക്കു ചെയ്തതിൽ നിയമപരമായി ഒഴിച്ചിടേണ്ട കാർപാർക്കിംഗ് ഏരിയയിലേയ്ക്ക് കയറ്റി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ഫയർ & സേഫ്റ്റി ടാങ്ക്, ജനറേറ്റർ, പമ്പ് ഹൗസ് എന്നിവ സ്ഥാപിച്ചിരിയ്ക്കുന്നതായും പാഴ്വസ്തുക്കൾ കൂട്ടിയിട്ടിരിയ്ക്കുന്നതായും കാണുന്നു. ഇതു പാർക്കു ചെയ്യുന്ന കാറുകൾ ഡ്രൈവ് വേയിലേയ്ക്ക് ഇറക്കി പാർക്കു ചെയ്യുന്നതിന് ഇടയാക്കുന്നു. ഈ ഭാഗത്തെ ഡ്രൈവ് വേയിൽ സ്ഥാപിച്ചിട്ടുള്ള മാൻഹോളുകൾ ഉയരം കൂടിയതിനാൽ പാർക്കിംഗിന് അസൗകര്യമുണ്ടാവാനിടയുണ്ട്.

23 കാർപാർക്കിംഗിന്റെ 15%മായി പ്ലാനിൽ 4 സന്ദർശക പാർക്കിംഗ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും 17.06.2019 ന് നഗരസഭയിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ആ സ്ഥലം കൃത്യമായി മാർക്ക് ചെയ്ത് സജ്ജീകരിച്ചിട്ടില്ല എന്ന് വ്യക്തമായി. കൂടാതെ ഭിന്നശേഷിക്കാർക്കായി പ്ലാനിൽ രേഖപ്പെടുത്തിയ പാർക്കിംഗ് സൗകര്യവും കൃത്യമായി മാർക്ക്ചെയ്ത് രേഖപ്പെടുത്തിയിട്ടില്ല. സന്ദർശകപാർക്കിംഗിനായി രേഖപ്പെടുത്തിയ ഒരുഭാഗം വിനോദത്തിനായി രേഖപ്പെടുത്തിയ ഏരിയയും, ഡ്രൈവ് വേയുമുൾപ്പെട്ട ഭാഗത്തായാണ് കാണപ്പെട്ടത്. വിനോദത്തിനായി എല്ലാ യൂണിറ്റുകളുടെയും തറവിസ്തീർണത്തിന്റെ 6% നീക്കിവയ്ക്കണമെന്നും, ഇതിൽ ആകെ ആവശ്യമുള്ള സ്ഥലത്തിന്റെ കുറഞ്ഞത് 35% കെട്ടിടത്തിന് പുറത്തുള്ള സ്ഥലമായിരിയ്ക്കണം എന്നു നിർദ്ദേശിയ്ക്കുന്നുണ്ട്. എന്നാൽ പ്രവേശനകവാടത്തിനരികിലായി വിസിറ്റേഴ്സ് കാർപാർക്കിംഗിനായി അടയാളപ്പെടുത്തിയതിനൊപ്പം ഒരു ചാരുബഞ്ച് സ്ഥാപിയ്ക്കുകയും ബാക്കിഭാഗം റിക്രിയേഷന് ഉപയോഗിക്കുകയും ചെയ്തിരിക്കുന്നതായി നേരിൽ ബോദ്ധ്യപ്പെട്ടു.

നിയമപരമായി സജ്ജീകരിയ്ക്കേണ്ട ഭിന്നശേഷിക്കാർക്കുള്ള ഒന്നും, സന്ദർശകർക്കുള്ള നാലും കാർപാർക്കിംഗുകൾ അനുവദിയ്ക്കാതെയും, 23 കാർ പാർക്കിംഗുകളിൽ 3 എണ്ണത്തിനു ആവശ്യമായ ഏരിയ ഇല്ലാതെയും പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ നല്കിയതിനു വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ എൻക്വയറിയ്ക്ക് (നം.12/18-19. തീയതി:26.06.2019) സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ കുറവു വന്ന കാർ പാർക്കിംഗിന് നിയമാനുസൃത പിഴ (8x3,00,000=24,00,000/-)ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-30-2. അസെറ്റ് ഹോം**

കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു സംബന്ധിച്ച V/BA/44/14-15 നമ്പർ ഫയൽ പരിശോധിച്ചപ്പോൾ ശ്രീ.ബോബി ജോസ്, മേരി ജോസ്, ജോസഫ് ജോസ്, ആന്റണി ജോസ്, ചിറക്കേകാരൻ വീട്, ബിഷപ്പ് പാലസ് റോഡ്, കിഴക്കേകോട്ട, തൃശ്ശൂർ എന്നയാളുകളുടെ 21/25 സർവ്വെ നമ്പരിലുള്ള 7330 ച.മീ സ്ഥലത്ത് 19551.50 ച.മീ പ്ലിന്ത് ഏരിയയിൽ ബേസ്മെന്റ് +ഗ്രൗണ്ട് ഫ്ളോർ + 17 നിലകളുള്ള പാർപ്പിട സമുച്ചയം പണിയുന്നതിന് 10/12/2014-ന് V/BA/44/14-15 നമ്പർ പ്രകാരം പെർമിറ്റ് അനുവദിക്കുകയും, 12.02.2018-ന് 19622.66 ച.മീ പ്ലിന്ത് ഏരിയയിൽ മേൽ കെട്ടിടത്തിന്റെ പണി പൂർത്തിയായതായി കക്ഷി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 14.11.2018-ന് VPW2/2502/14 നമ്പർ പ്രകാരം ഒക്യുപൻസി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വകുപ്പ് 15A പ്രകാരം പെർമിറ്റ് കാലാവധി പുതുക്കി നൽകാവുന്നതാണ്. 09/12/2017-ന് പെർമിറ്റിന്റെ കാലാവധി അവസാനിക്കുന്നതിനാൽ കാലാവധി പുതുക്കുന്നതിനായി കക്ഷി 08.12.2017-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയുടെ വീഴ്ച്ച മൂലം പെർമിറ്റ് ഫീ ഈടാക്കി ആയത് പുതുക്കി നൽകിയിട്ടില്ല. പുതുക്കി നൽകാത്തതു മൂലം 29,327/- രൂപ (19551.50 X 15)10% പെർമിറ്റ് പുതുക്കൽ ഫീസിനത്തിൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് 27.11.2019-ന് നൽകിയ 121-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. പെർമിറ്റ് പുതുക്കൽ ഫീസിനത്തിൽ നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2) 136 ഫ്ളാറ്റുകൾ പണിയുന്നതിനാണ് പെർമിറ്റ് നൽകിയിട്ടുള്ളത്. കക്ഷി സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം 60-150 ച.മീ വിസ്തീർണ്ണമുള്ള 133 എണ്ണം ഫ്ലാറ്റുകൾ ഉണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥലപരിശോധന നടത്തിയതിൽ ഗസ്റ്റ് റൂം ഉൾപ്പെടെ 60-150 ച.മീ വിസ്തീർണ്ണമുള്ള 136 എണ്ണം (17 നിലx8) ഫ്ലാറ്റുകളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 150 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യമാണ് മേൽ ഫ്ലാറ്റ് സമുച്ചയത്തിലുള്ളത്.

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 അനുസരിച്ച് ഗണം A1-ൽ ഉൾപ്പെടുന്ന അപ്പാർട്ട്മെന്റുകൾക്ക് ബാധകമായ കാർ പാർക്കിങ്ങ് സൗകര്യം താഴെപ്പറയുന്ന തോതിൽ മേൽ പരാമർശിച്ച കെട്ടിടത്തിന് ആവശ്യമാണ്.

| | പാർപ്പിട യൂണിറ്റുകളുടെ എണ്ണം | ആവശ്യമായ കാർ പാർക്കിങ്ങ് |
|---|---|---|
| 60-150ച.മീ കാർപ്പെറ്റ് വിസ്തീർണ്ണം ഉള്ളവ | 136 | 136 |
| സന്ദർശക പാർക്കിങ്ങ് (15%) | - | 21 |
| വൈകല്യമുള്ളവർക്കുള്ള പാർക്കിങ്ങ് (റൂൾ.40A(5(1)) (3%) | - | 4 |
| **ആകെ** | **-** | **161** |
| മേൽ കെട്ടിടത്തിലുള്ള പാർക്കിങ്ങ് | - | 150 |
| **കുറവ്** | | **11** |

എന്നാൽ കാർ പാർക്കിങ്ങിൽ 11 എണ്ണം കുറവുണ്ട്. ഇതു സംബന്ധിച്ച് 27.11.2019 -ന് നൽകിയ 121-ാം നമ്പർ ഓഡിറ്റ്

എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല.

15.02.2018- ലെ ജി.ഒ.(പി)നമ്പർ.11/2018/തസ്വഭവ, സർക്കാർ ഉത്തരവിലെ അപ്പൻഡിക്സ് 1-ലെ 3(b)i- പ്രകാരമുള്ള കോമ്പൗണ്ടിങ്ങ് ഫീസായ (മിനിമം 50% വരെ പാർക്കിങ്ങ് ഉള്ളവ) 3,00,000/- രൂപ വീതം, കുറവുള്ള ഓരോ പാർക്കിങ്ങിനും ഈടാക്കേണ്ടതാണ്. ഇപ്രകാരം ആകെ 33,00,000/- രൂപ (11 X 3,00,000/-) ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-31 ഒക്യുപൻസി നൽകിയ കെട്ടിടത്തിൽ അനധികൃത നിർമ്മാണം

കൂർക്കഞ്ചേരി മേഖല കാര്യാലയ പരിധിയിൽ നിർമ്മിച്ച അഷറഫ് & സ്വപ്ന അഷറഫ് (കുളങ്ങര തോപ്പുപറമ്പിൽ, കണിമംഗലം) എന്നിവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് KKY/BA/46/201-16 തിയതി 30.04.2018 ന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം താഴെ പറയും പ്രകാരമാണ്.

ബേസ്മെന്റ് ഫ്ലോർ-390.29 ച.മീ.

ഗ്രൗണ്ട് ഫ്ലോർ-372.76 ച.മീ.

ഒന്നാം നില -384.29 ച.മീ.

രണ്ടാം നില -384.29 ച.മീ.

മൂന്നാം നില -336.86 ച.മീ.

സ്റ്റെയർ റൂം -26.45ച.മീ.

14.11.2019 ന് കൂർക്കഞ്ചേരി മേഖല കാര്യാലയത്തിലെ അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ കെട്ടിടം നേരിൽ പരിശോധിച്ചതിൽ നാലാമത്തെ നില കൂടി പണിതതായി കാണാൻ കഴിഞ്ഞു. ഒക്യുപൻസി സർട്ടിഫിക്കറ്റ് പ്രകാരം ഇവിടെ സ്റ്റെയർ റൂം മാത്രമാണ് ഉള്ളത്. നാലാം നിലയിലെ ഒരു മുറിയിൽ സ്ഥാപനം പ്രവർത്തിക്കുന്നതായും ടോയ്‌ലറ്റ് പണിതതായും പരിശോധനയിൽ വ്യക്തമായി. ഓഡിറ്റ് എൻക്വയറി (നം 144/9.12.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം അനധികൃതമായി നാലാം നില പണിത ഈ കെട്ടിടത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 കംപ്ലീഷൻ പ്ലാനിനു വിരുദ്ധമായി കെട്ടിടത്തിൽ മാറ്റം വരുത്തി

കൂർക്കഞ്ചേരി മേഖല കാര്യാലയ പരിധിയിൽ നിർമ്മിച്ച ശ്രീ.ഷാജു റാഫേലിന്റെ ഉടമസ്ഥതയിലുള്ള കൊമേഴ്സ്യൽ കം റസിഡൻഷ്യൽ കെട്ടിടത്തിന് 22.10.2018ന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ബേസ്മെന്റ് ഫ്ലോറിൽ കാർ പാർക്കിംഗ് സ്ഥലവും, ഇലക്ട്രിക് റൂം, ലിഫ്റ്റ് എന്നിവയാണ് കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടുള്ളത്. എന്നാൽ കെട്ടിടം നേരിൽ പരിശോധിച്ചപ്പോൾ ബേസ്മെന്റ് ഫ്ലോറിൽ കാർ പാർക്കിംഗ് സ്ഥലത്തിലെ ഒരു ഭാഗത്ത് ഷട്ടർ ഘടിപ്പിച്ച് ഒരു മുറി ആക്കി മാറ്റിയിരിക്കുന്നതായി കണ്ടു. കംപ്ലീഷൻ പ്ലാനിനു വിരുദ്ധമായി കെട്ടിടത്തിൽ മാറ്റം വരുത്തിയ നടപടി ചട്ടങ്ങൾക്ക് വിരുദ്ധമാണ്.ആയതിനാൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്നതിന് അനുസൃതമായ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-33 തൃശ്ശൂർ കോർപ്പറേഷൻ - കൂർക്കഞ്ചേരി സോണൽ - കാലാവധിക്കുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചില്ല

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999ലെ ചട്ടം 15എ (1) പ്രകാരം, കെട്ടിട നിർമ്മാണ പെർമിറ്റ്, അത് അനുവദിച്ച തീയ്യതി മുതൽ 3 വർഷത്തേയ്ക്ക് ആണ് സാധുവായിരിക്കുക. എന്നാൽ 2015-16 വർഷത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച് 3 വർഷം കഴിഞ്ഞിട്ടും, താഴെപ്പറയുന്ന കെട്ടിടങ്ങളുടെ കെട്ടിട നിർമ്മാണ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുകയോ, പെർമിറ്റ് പുതുക്കിയതായോ കാണുന്നില്ല. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർത്തിട്ടുണ്ട്.

അപാകതയ്ക്ക് കാരണം വിശദീകരിക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 5/ 13-11-19-കൂർക്കഞ്ചേരി സോണൽ)നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. കെട്ടിട ഉടമകളിൽ നിന്നും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച തിയ്യതി മുതലുള്ള അർദ്ധവർഷത്തെ കെട്ടിട നികുതി ഈടാക്കേണ്ടതാണ്.

## 1-34 അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ പരിപാലനം - അപാകതകൾ

### 1-34-1. മെയിൻ ഓഫീസ്

തൃശ്ശൂർ കോർപ്പറേഷനിൽ അഞ്ച് യു.എ രജിസ്റ്ററുകൾ പരിപാലിക്കുന്നുണ്ട്. പ്രസ്തുത രജിസ്റ്ററുകൾ ഡിവിഷൻ തലത്തിലോ, വാർഡ് തലത്തിലോ, വർഷത്തിന്റെ അടിസ്ഥാനത്തിലോ, ഒരു രജിസ്റ്റർ പൂർത്തിയായ ശേഷമോ അല്ല പുതിയ മറ്റ് രജിസ്റ്ററുകൾ ആരംഭിച്ചിട്ടുള്ളത്. ഇതിനാൽ യു.എ നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ കൃത്യമായി പരിശോധിക്കാൻ സാധിക്കുന്നില്ല.

യു.എ നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയതു സംബന്ധിച്ച ഡിമാന്റ്/ കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഇത് സംബന്ധിച്ച് 18.10.2019 തീയതി നൽകിയ 77-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. യു.എ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

### 1-34-2. കൂർക്കഞ്ചേരി മേഖലാ കാര്യാലയം

കൂർക്കഞ്ചേരി മേഖലാ കാര്യാലയത്തിലെ 2018-19 സാമ്പത്തികവർഷത്തെ റെഗുലറൈസേഷൻ രജിസ്റ്റർ പരിശോധിച്ചതുപ്രകാരം നിരവധി കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചു കാണുന്നു. മിക്ക കെട്ടിടങ്ങളുടേയും അപാകത/ന്യൂനത പരിഹരിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിൽ മിക്ക കെട്ടിടങ്ങളും 2018ലെ കേരള മുനിസിപ്പാലിറ്റി (Regularisation of unauthorised construction) ചട്ടപ്രകാരം ക്രമവൽക്കരിക്കാനുള്ളതാണ്. 31.07.2017ലോ അതിനു മുമ്പോ നിർമ്മിച്ച കെട്ടിടങ്ങളുടെ അപേക്ഷ മാത്രമാണ് ഇപ്രകാരം സ്വീകരിക്കുന്നത്. ആയതിനാൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട ഇത്തരം കെട്ടിടങ്ങൾ 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242(4) പ്രകാരം നഗരസഭ പരിപാലിക്കുന്ന UA രജിസ്റ്ററിൽ ഉൾപ്പെടേണ്ടതാണ്. ഇത്തരത്തിൽ UA രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി താഴെ ചേർക്കുന്നു.

| കെട്ടിട ഉടമ | | കെട്ടിട വിവരം |
|---|---|---|
| 1 | പോൾസൺ.കെ.പി., കൊളങ്ങാടൻ ഹൗസ്, കുരിയച്ചിറ | വാണിജ്യം<br>3461.01 $m^2$ |
| 2. | ബാബു.പി.വി., പെല്ലിശ്ശേരി, പാറളം | വാണിജ്യം<br>433.4$m^2$<br>എക്സ്റ്റൻഷൻ 275.8$m^2$ |
| 3. | ജോയ് ഉറുമീസ്, കല്ലേലി, ചിയ്യാരം | വാണിജ്യം<br>970$m^2$ |
| 4. | ദിലീപ് കുമാർ, കേളത്ത് ഹൗസ്, ചിയ്യാരം | വാണിജ്യം<br>970$m^2$ |
| 5. | ജോ സ്കറിയ, കറുപ്പം വീട്ടിൽ, നെട്ടുപുഴ | വാണിജ്യം<br>552.90 |

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്ത കെട്ടിടങ്ങൾ നിയമാനുസൃതമാക്കുന്നതുവരെ, നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി നൽകാൻ കെട്ടിടയുടമ ബാധ്യസ്ഥനാണ്. 31.07.2017ന് മുമ്പ് നിയമാനുസൃതമല്ലാതെ നിർമ്മിച്ച ഇത്തരം കെട്ടിടങ്ങൾ നഗരസഭയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെങ്കിലും 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം നഗരസഭ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഇത്തരം കെട്ടിടങ്ങളെ കണ്ടെത്തി നികുതി നിർണ്ണയം നടത്താത്തതിനാൽ നഗരസഭയ്ക്ക് വസ്തുനികുതി ഇനത്തിൽ വൻ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 242-ാം വകുപ്പ് പ്രകാരം കെട്ടിടം അധികൃതമാക്കുന്നതുവരെയോ പൊളിച്ചു മാറ്റുന്നതുവരെയോ വസ്തുനികുതി അടവാക്കുവാൻ കെട്ടിട ഉടമ ബാധ്യസ്ഥനാണ്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 406 പ്രകാരമുള്ള നടപടിയ്ക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ

കച്ചവടത്തിനായോ, വ്യാപാരത്തിനായോ, വ്യവസായ ആവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നവിധം മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടില്ലാത്തതും അപ്രകാരം ഏതെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിയ്ക്കും നോട്ടീസ് നൽകി അത് പുന:പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്. മുകളിൽ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ വാണിജ്യ ആവശ്യത്തിനായിട്ടുള്ളതിനാൽ ആയതിന് UA നമ്പർ നൽകുന്നത് ക്രമവിരുദ്ധമാണ്. ഇപ്രകാരം കെട്ടിടങ്ങൾ നിർമ്മിക്കുന്നത് തടയുന്നതിന് പെർമിറ്റ് നൽകുന്ന സമയത്ത് തന്നെ കൃത്യമായ പരിശോധനകളും അന്വേഷണങ്ങളും നടത്തി മാത്രം അനുമതി നൽകേണ്ടതാണ്.

## 1-35 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയുള്ള നിർമ്മാണം യഥാസമയം ക്രമവത്കരിച്ചില്ല

1-35-1. ഫയൽ നം. PW7/BA/ 417/03-04, R5/56844/18

തൃശ്ശൂർ നഗരസഭ 13 -ാം ഡിവിഷന്റെ 2018-19 വർഷത്തെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ മാർത്തോമാ സിറിയൻ എബനേസർ ചർച്ച് വികാരിയുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി 01.10.2004 പ്രാബല്യത്തിൽ താഴെ പറയും വിധം നിർണ്ണയിച്ചിട്ടുണ്ട്.

| കെട്ടിട നമ്പർ | | വിസ്തീർണ്ണം, ഗണം | നിരക്ക് | ഇളവ് / വർദ്ധനവ് | വാർഷിക വസ്തുനികുതി |
|---|---|---|---|---|---|
| പഴയത് | പുതിയത് | | | | |
| VI /399/A | 13/ 527 | 708.35 sq.m, A2- ഹോസ്റ്റൽ | 50 | ഇളവ് - 10% (കാലപ്പഴക്കം- 14 വർഷം) വർദ്ധനവ് - 35% (റോഡിന്റെ തരം, തറ നിർമ്മിതി) | 44272/- |
| VI / 399/2 | 13/ 528 | 376 sq.m, A2- ഡോർമിറ്ററി | 50 | ഇളവ് - 10% (കാലപ്പഴക്കം- 14 വർഷം) വർദ്ധനവ് - 35%(റോഡിന്റെ തരം, തറ നിർമ്മിതി) | 23500/- |
| VI / 399/3 | 13/ 529 | 376.8 sq.m, A2- ഡോർമിറ്ററി | 50 | ഇളവ് - 10% (കാലപ്പഴക്കം- 14 വർഷം) വർദ്ധനവ് - 35% (റോഡിന്റെ തരം, തറ നിർമ്മിതി) | 23551/- |

പെർമിറ്റ് നമ്പർ PW7/BA/ 417/03-04 തി. 06.04.2004 പ്രകാരം നിർമ്മാണാനുമതി ലഭിച്ചിട്ടുള്ള ടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായ തീയതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഫയൽ (നമ്പർ. ആർ 5/56844/18 ) പരിശോധിച്ചതിൽ തങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം കോർപ്പറേഷനിലെ രേഖകൾ പ്രകാരം കുറവായി കാണപ്പെടുന്നതായും മേൽ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗിച്ച് വരുന്ന കെട്ടിടത്തിന് ടാക്സ് നിജപ്പെടുത്തിയിട്ടില്ല എന്നും ആയതിനാൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ചു തരണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 04.12.2018 ന് മാർത്തോമാ സിറിയൻ എബനേസർ ചർച്ച് വികാരി നൽകിയിട്ടുള്ള അപേക്ഷ പരിഗണിച്ചുകൊണ്ടാണ് നികുതി പുനർനിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായത് സംബന്ധിച്ച പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഒക്യുപൻസി സർട്ടിഫിക്കറ്റ് ഉടങ്ങിയ രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. കെട്ടിടത്തിന്റെ നിർമ്മാണം 2004 ൽ തന്നെ പൂർത്തീകരിച്ചതായി ഉടമസ്ഥൻ അറിയിച്ചിട്ടുണ്ടെങ്കിലും,ഒക്യുപൻസി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയോ, കംപ്ലീഷൻ സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല.

മേൽ കെട്ടിടങ്ങളുടെ നിർമ്മാണാനുമതി സംബന്ധിച്ച ഫയൽ നം. PW7/BA/417/03-04 പരിശോധിച്ചതിൽ 06.04.2004 ൽ കെട്ടിടം പുനർനിർമ്മിക്കുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പിന്നീട് ഉടമസ്ഥൻ 2004 നവംബർ മാസത്തിൽ പുതുക്കിയ പ്ലാൻ സമർപ്പിച്ചതായി കാണുന്നു. ഇതു പരിഗണിച്ച് പുതുക്കിയ പെർമിറ്റ് നഗരസഭ നല്കിയിട്ടില്ല. 2006 ൽ ബിൽഡിംഗ് ഇൻസ്പെക്ടർ നടത്തിയ പ്രാദേശിക പരിശോധനയിൽ പുതുക്കിയ പ്ലാൻ പ്രകാരം നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതായും എന്നാൽ അംഗീകരിച്ച പ്ലാനിൽ നിന്നും വ്യത്യാസങ്ങൾ കാണുന്നതായും ആയതിനാൽ ശരിയായ പ്ലാനും F.A.R, കവറേജ്

എന്നിവ കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റും ഹാജരാക്കുന്നതിനായി നോട്ടീസ് നല്കാവുന്നതാണെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വ്യതിയാനം സംബന്ധിച്ച വിശദാംശങ്ങളോ നോട്ടീസ് നല്കിയതിന്റെയോ തുടർ നടപടികൾ സ്വീകരിച്ചതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/08.08.2019) നൽകിയ മറുപടിയിൽ 06.04.2004 ൽ പെർമിറ്റ് നൽകിയ കെട്ടിടത്തിന്റെ ഒക്യുപൻസി രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ലെന്നും അന്നു മുതൽ ഉപയോഗത്തിലുള്ള കെട്ടിടമായതിനാൽ നികുതി ചോർച്ച ഒഴിവാക്കുന്നതിനായി അസസ്സ്മെന്റ് രജിസ്റ്ററിൽ ചേർത്ത് 2004 മുതൽ നികുതി ഈടാക്കാവുന്നതാണെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമാണ് 01.10.2004 പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ളതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കെട്ടിട പുനർ നിർമ്മാണത്തിനുള്ള അനുമതി സംബന്ധിച്ച ഫയലിൽ (നം.PW7/BA/417/03-04) അംഗീകരിച്ച പ്ലാനിൽ നിന്നും നിർമ്മാണത്തിൽ വ്യതിയാനങ്ങൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ നിർമ്മാണം ക്രമവത്കരിക്കുകയോ ചെയ്തതായി ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ നിർമ്മാണം ചട്ടങ്ങൾ പ്രകാരം ക്രമവത്കരിച്ച് നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-35-2. ഫയൽ നം. DW4/BA/311/10-11</u>

തൃശ്ശൂർ കോർപ്പറേഷൻ നടത്തറ വില്ലേജ് സർവ്വേ നം.140/1,2 എന്നിവയിൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീ.കാക്കപ്പൻ, ആലപ്പാട്ട് വീട്, ഒല്ലൂർ എന്നവർക്ക് 704.20 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിൽ വാണിജ്യകെട്ടിടത്തിനായി DW4/BA/311/10-11 തി.19.12.2010 നമ്പറായി ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. കൊമേഴ്സ്യൽ കെട്ടിടത്തിനായി ഉപയോഗിക്കുന്നതിന് നൽകിയ ഒക്യുപൻസിയിൽ പ്ളിന്ത് ഏരിയയിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ഏരിയ തരംമാറ്റി ഉപയോഗിച്ചുവരുന്നതായും അനധികൃതമായി 37m x40 m അളവിൽ കെട്ടിടവും കൂടാതെ 8m x 40m അളവിൽ ട്രസ്സ്, ഷീറ്റ് വർക്ക് നടത്തി അനധികൃതമായി ഉപയോഗിച്ച് വരുന്നതായും കെട്ടിടത്തിൽ KMBR Rule 59(1),31,34,109(b) എന്നിവ ലംഘിച്ചിട്ടുള്ളതായും 29.08.2013ൽ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ടൗൺ പ്ലാനറുടെ 10.3.2015 ലെ C2/495/2015 L Dis കത്ത് പ്രകാരം അറിയിച്ച ന്യൂനതകൾ കക്ഷി പരിഹരിച്ച് പുതിയ പ്ലാൻ സമർപ്പിച്ചിട്ടുള്ളതായും ഇത് ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയയ്ക്കാവുന്നതാണെന്നും 02.12.2015ൽ ഫയലിൽ കുറിപ്പെഴുതിയെങ്കിലും പിന്നീട് 24.7.2017വരെ തുടർനടപടികളുണ്ടായില്ല. ഫയൽ ബിൽഡിംഗ് ഇൻസ്പെക്ടർക്കോ അസിസ്റ്റന്റ് എഞ്ചിനീയർക്കോ സമർപ്പിക്കുകയുണ്ടായിട്ടില്ല. കാലതാമസത്തിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/26.09.2019) വിശദീകരണം ലഭ്യമാക്കിയില്ല.

24.7.2017ന് U/A സ്ക്വാഡ് സ്ഥലപരിശോധന നടത്തി അനധികൃത നിർമ്മാണം ഉള്ളതായും നിർമ്മാണം നിയമവിധേയമാക്കുന്നതു വരെ നിലവിലുള്ള കെട്ടിടനമ്പർ U/A നമ്പർ ആക്കി മാറ്റുന്നതിനും ലൈസൻസ് റദ്ദ് ചെയ്യുന്നതിനും ഇലക്ട്രിസിറ്റി വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും വിവരത്തിന് കക്ഷിയ്ക്ക് നോട്ടീസ് നൽകാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പിന്നീടും 17.7.2018 വരെ തുടർനടപടികളുണ്ടായില്ല. തുടർന്ന് 17.7.2018ൽ കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ് സെക്ഷൻ 406(3) പ്രകാരം അനധികൃത നിർമ്മാണം നീക്കം ചെയ്യാനുള്ള താൽക്കാലിക നോട്ടീസ് നൽകി. 21.12.2018ൽ സ്ഥിരപ്പെടുത്തുന്ന നോട്ടീസും നൽകി. ഇതുവരെ കെട്ടിടം ക്രമവൽക്കരിക്കുകയോ പൊളിച്ചുകളയുകയോ ചെയ്തിട്ടില്ല. അനധികൃത നിർമ്മാണം വ്യക്തമായിട്ടും നിയമാനുസൃത നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം ആദ്യമറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.

## 1-36 പുറമ്പോക്ക് ഭൂമി കൈയ്യേറ്റം - തുടർനടപടി സ്വീകരിച്ചില്ല

**ഫയൽ നമ്പർ-AYL/PW/4130/18**

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2018-19 വർഷം നഗരസഭയിലെ അയ്യന്തോൾ മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ സർവ്വേ നമ്പർ 1230ൽ 0.0110 ഹെക്ടർ വിസ്തീർണ്ണമുള്ള പുറമ്പോക്ക് ഭൂമി കൈയ്യേറി ശ്രീ.തറയിൽ കുഞ്ഞുവറീത് മകൻ ഫ്രാൻസിസ് എന്നയാൾ താമസിച്ച് വരികയാണെന്നും ശ്രീ. ഫ്രാൻസിസിന് പുല്ലഴി വില്ലേജിൽ 6 സെന്റ് ഭൂമി സ്വന്തമായി ഉണ്ട് എന്നും കയ്യേറ്റം ഒഴിപ്പിക്കണമെന്നും തൃശ്ശൂർ തഹസിൽദാർ 06-07-2018ന് നൽകിയ B2-21538/17 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിരുന്നു. എന്നാൽ നാളിതുവരെ തുടർനടപടിയുണ്ടായിട്ടില്ല.

2) സർവ്വേ നമ്പർ 1230ൽ 0.0110 ഹെക്ടർ വിസ്തീർണ്ണമുള്ള പുറമ്പോക്ക് ഭൂമിയിൽ 3 കുടുംബങ്ങൾ താമസിക്കുന്നുണ്ടെങ്കിലും ശ്രീ. ഫ്രാൻസിസിനെ മാത്രമാണ് ഒഴിപ്പിക്കാൻ തഹസിൽദാർ നിർദേശിച്ചിട്ടുള്ളത്.

3) പ്രസ്തുത സർവ്വേ നമ്പർ പ്രകാരമുള്ള പുറമ്പോക്ക് ഭൂമി കയ്യേറി 3 കുടുംബങ്ങൾ താമസിച്ചു വരുന്നതായി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും മറ്റ് രണ്ട് കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി ഇല്ലെന്നുള്ള തഹസിൽദാരിൽ നിന്നുള്ള

സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

4)പുറമ്പോക്ക് ഭൂമി കൈയ്യേറി താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി നഗരസഭ മാറ്റാംമ്പുറം, കാൽവരി റോഡ് എന്നിവിടങ്ങളിൽ ഫ്ലാറ്റ്, വീട് എന്നിവ നിർമ്മിച്ചത് ഒഴിഞ്ഞ് കിടക്കുമ്പോഴും നഗരസഭയുടെ ഭൂമി കൈയ്യേറി വീട് വെച്ച് താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

5) നഗരസഭാ കൗൺസിലിന്റെ 21.10.18ലെ 40-ാം നമ്പർ തീരുമാനപ്രകാരം കയ്യേറ്റം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നെങ്കിലും നാളിതുവരെ തുടർനടപടി ഉണ്ടായിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/26.06.2019ന് മറുപടി നൽകിയിട്ടില്ല. നഗരസഭയുടെ ഭൂമി കൈയ്യേറി വീട് വെച്ച് താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-37 നിലമായി രേഖപ്പെടുത്തിയ വസ്തുവിൽ കെട്ടിട നിർമ്മാണാനുമതി നൽകിയത് - ക്രമവിരുദ്ധം

i. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിന് അഞ്ച് സെന്റ് ഭൂമി നികത്തി ഉപയോഗിക്കുവാൻ മാത്രമാണ് അനുമതി നൽകാവുന്നത്. ഭൂമിയുടെ ഉടമസ്ഥന് വാസയോഗ്യമായ ഭവനമില്ലെന്നും വീട് വയ്ക്കുവാൻ അനുയോജ്യമായ മറ്റ് വസ്തു കൈവശമില്ലെന്നും കാണിച്ച് ഉടമസ്ഥന്റെ സത്യവാങ്മൂലവും റവന്യു അധികാരികളുടെ/വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രവും കൂടി ഹാജരാക്കണമെന്നുമാണ് വ്യവസ്ഥ. നിലവിലെ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയുമായിരിക്കണം.

താഴെ ചേർക്കുന്ന വിലാസക്കാർക്ക് ക്രമവിരുദ്ധമായി അധിക ഭൂമി നികത്തി വീട് നിർമ്മിക്കുവാൻ അനുമതി നൽകിയിരിക്കുന്നു.

| ക്രമ നം. | വിലാസം | ഭൂമിയുടെ സർവ്വെ നം, തരം,വിസ്തൃതി | വീടിന്റെ വിസ്തൃതി | ഫയൽ നം. |
|---|---|---|---|---|
| 1 | ഷീന സി എസ് ദേവികൃപ കിഴക്കെകോട്ട | വൈ12-36/48 10.39സെന്റ് തണ്ണീർത്തടം | 296.22എം2 | പിഡബ്ല്യു2-2447/15 20.8.15 |
| 2 | വരുതിയിൽ നാരായണൻ നായർ ഭാര്യ കാർത്ത്യായനി അമ്മ നെട്ടിശ്ശേരി | 490/ഭാഗം 11.33സെന്റ് നിലം | 129.08എം2 | ഒഎൽകെ3-ബിഎ/306 /14-15 |
| 3 | രാജേന്ദ്രൻ, കിഴക്കെ പിഷാരത്ത് നെട്ടിശ്ശേരി. | 205/1ഭാഗം 9.81സെന്റ് നിലം | 164.65എം2 | ഒഎൽകെ3- ബിഎ/16/15-16 |
| 4 | സുരേഷ് കുമാർ കെ ഏജീസ് സ്റ്റാഫ് ക്വാട്ടേഴ്സ് പുല്ലഴി | 613/ഭാഗം1,2 6.3സെന്റ് നിലം | 216എം2 | വിപിഡബ്ല്യു2-2444/15 |
| 5 | സിജി സണ്ണി ആലപ്പാട്ട് പൂവത്തിങ്കൽ മണ്ണുകാട് | 351/1ഭാഗം 10.20സെന്റ് നിലം | 161.29എം2 | എവൈഎൽ/ ബിഎ/124 /15-16 |
| 6 | റഷീദ്&നിസ റഷീദ് ചേമ്പാലക്കാട്ടിൽ ജയിൽപടി,വിയ്യൂർ | 52/1ഭാഗം 7.8സെന്റ് നിലം | 266.75എം2 | വിപിഡബ്ല്യു/ ബിഎ/218 /15-16 |
| 7 | സുഭാഷ് കുമാർ ഭാര്യ ഡ്യൂവെല,പാലാമിറ്റം, | 524/1ഭാഗം 7.8സെന്റ് | 192.92എം2 | ഡിഡബ്ല്യു4/ ബിഎ/317/15-6 |

| | | | | |
|---|---|---|---|---|
| | ബിഷപ്പ് ഹൗസ് | നിലം | | |
| 8 | പി സി ത്രിവിക്രമൻ നമ്പൂതിരിപ്പാട്, പെരിന്ത്രിചേനാത്ത് മന എരമംഗലം | വൈ17-116/16 14.43സെന്റ് നിലം | -- | വിപിഡബ്ല്യ/ ബിഎ/228/5-16 |

മുകളിലെ പട്ടികയിൽ ചേർത്തിട്ടുള്ള വിലാസക്കാർക്ക് അഞ്ച് സെന്റിൽ കൂടുതൽ ഭൂമിയിൽ വീട് വയ്ക്കാൻ അനുവാദം നൽകിയിട്ടുണ്ട്. മാത്രമല്ല, മറ്റു വാസയോഗ്യമായ വീടോ ഭൂമിയോ ഇല്ലെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഇവരിൽ നിന്നും വാങ്ങിയിട്ടില്ല.

ii. താഴെ ചേർത്തിട്ടുള്ള വിലാസക്കാരുടെ ഭവന നിർമ്മാണത്തിനായുള്ള അപേക്ഷ പ്രാദേശിക നിരീക്ഷണ സമിതിയുടെ തീരുമാനങ്ങൾക്കും തീർപ്പാക്കലിനുമായി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ, തുടർനടപടികളുടെ വിവരം ലഭ്യമല്ല.

| ക്രമ നം. | വിലാസം | ഭൂമിയുടെ വിവരം | വീടിന്റെ വിസ്തൃതി | ഫയൽ |
|---|---|---|---|---|
| 1 | കെ ഇ ഉമ,കൃഷ്ണയ്യർ വന്ദനം,വൈക്കത്തൂർ | വൈ17-8/52 9.5സെന്റ് തണ്ണീർത്തടം | 216.33എം2 | വിപിഡബ്ല്യ2-1602/15 |
| 2 | മഞ്ജുജോസ്, മണ്ഡപത്ത്,പെരിങ്ങാവ് | 82/122 30സെന്റ് നിലം | 110.64എം2 | വിപിഡബ്ല്യ-ബിഎ/65/15 |
| 3 | ഓമന ജോസഫ്, മണ്ഡപത്ത്, പെരിങ്ങാവ് | 768/2 47സെന്റ് നിലം | 110.64എം2 | വിപിഡബ്ല്യ-ബിഎ/64/15 |
| 4 | സുധീഷ് ഈച്ചരത്ത് മാരാത്ത്,മണ്ണകാട് | 68/107 8.4സെന്റ് | 144.77എം2 | ബിഎ/ 107/15-16 |

മേൽപറഞ്ഞ 4 വിലാസക്കാരുടെ ഭവന നിർമ്മാണത്തിനുള്ള അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് നൽകാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികളെടുക്കേണ്ടതുമാണ്.

## 1-38 കേരള നെൽവയൽ തണ്ണീർത്തട ചട്ടങ്ങൾ പാലിക്കാതെ കെട്ടിടം പണിതിരിക്കുന്നു

### 1-38-1. ഫയൽ നം. DW3/BA/452/14-17, DW5/BA/24/16-17

കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതു സംബന്ധിച്ച DW3/BA/452/14-17 നമ്പർ ഫയൽ പരിശോധിച്ചപ്പോൾ ശ്രീമതി.റസിയ സലീം, W/o. സലീം, പൂവത്ത് പറമ്പിൽ ഹൗസ്, പൂത്തോൾ (പി.ഒ) എന്നയാളുടെ 1903/1P സർവ്വെ നമ്പറിൽ ഉൾപ്പെട്ട 158 ച.മീ സ്ഥലത്ത് 154.40 ച.മീ വിസ്തീർണ്ണമുള്ള ഇരുനില വാസഗൃഹം നിർമ്മിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. മേൽ സ്ഥലം അംഗീകൃത മാസ്റ്റർ പ്ലാൻ പ്രകാരവും ബി.ടി.ആർ പ്രകാരവും 25/11/2014 ന് തൃശ്ശൂർ, വില്ലേജ് ഓഫീസർ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരവും 'നിലം' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൃശ്ശൂർ, വില്ലേജ് ഓഫീസറുടെ 12.05.2015 -ലെ 521/2015 നമ്പർ കത്തിൽ റസിയ സലീം, ഭർത്താവ് സലീം എന്നിവരുടെ കൂട്ടായ പേരിൽ നിലമായി കിടക്കുന്ന മറ്റ് സ്ഥലങ്ങൾ ഉള്ളതായും അതിൽ ഒരു വീട് ഉള്ളതായും സൂചിപ്പിച്ചിട്ടുള്ളതും 08.06.2015- ന് കൂടിയ 'ഔട്ട് ഡോർ പാഡി കമ്മിറ്റി'യുടെ 29-ാം നമ്പർ തീരുമാന പ്രകാരം അപേക്ഷ നിരസിച്ചിട്ടുള്ളതുമാണ്. ഇതിനെതിരായി കക്ഷി ബഹു.കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 20.08.15 തിയ്യതിയിലെ WP(C)22428/15 നമ്പർ കോടതി ഉത്തരവിൽ പ്രസ്തുത സ്ഥലവും ചുറ്റുമുള്ള സ്ഥലവും തൃശ്ശൂർ കോർപ്പറേഷൻ പ്രാദേശിക പരിശോധന നടത്തി, സ്ഥലം നെൽകൃഷി നടത്തുന്നതിന് പര്യാപ്തമല്ല എന്ന് ബോധ്യപ്പെടുന്ന പക്ഷം പെർമിറ്റ് നൽകുന്നത് പുനഃപരിശോധിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ കോർപ്പറേഷനിൽ നിന്നും പ്രാദേശിക പരിശോധന നടത്തുകയും, സ്ഥലം നെൽകൃഷി ചെയ്യുന്നതിന് പര്യാപ്തമല്ലെന്നും ആയതിന്റെ ചുറ്റിലും നെൽകൃഷി ചെയ്യുന്നില്ലെന്നും വീടുകൾ ആണെന്നും

മുൻപ് സമർപ്പിച്ച അപേക്ഷ പ്രകാരമുള്ള പെർമിറ്റ് അനുവദിക്കാവുന്നതാണെന്നും 28.11.15- ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച അറിയിപ്പ് കക്ഷിയ്ക്ക് നൽകുന്നതിനായി 14.01.16- ന് സെക്രട്ടറി അറിയിപ്പ് ഒപ്പ് വച്ചിട്ടുണ്ട്. എന്നാൽ പെർമിറ്റ് ഫീ അടയ്ക്കാത്തതിനാൽ പെർമിറ്റ് അനുവദിച്ചിട്ടില്ല. ഈ ഫയലിൽ പിന്നീട് തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ആയതിനുശേഷം DW5/BA/24/16-17നമ്പർ പ്രകാരം 1903/1 സർവ്വെ നമ്പറിൽ ഉൾപ്പെടുന്ന 343 ച.മീ (8.48 സെന്റ്) സ്ഥലത്ത് 584.63 ച.മീ വിസ്തീർണ്ണത്തിൽ ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില, രണ്ടാം നില, സ്റ്റെയർ റൂം ഉൾപ്പെടുന്ന 5 യൂണിറ്റ് റെസിഡൻഷ്യൽ അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നതിന് ശ്രീമതി.റസിയ സലീം എന്നയാളുടെ മകനായ ശ്രീ.സൽമാൻ, പൂവത്തുപറമ്പിൽ എന്നയാൾ 13.04.16- ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ, വില്ലേജ് ഓഫീസർ 06.04.16- ന് നൽകിയിട്ടുള്ള 17415848 നമ്പർ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരവും അംഗീകൃത മാസ്റ്റർ പ്ലാൻ പ്രകാരവും 1903/1 സർവ്വെ നമ്പരിൽ ഉൾപ്പെട്ട സ്ഥലം (0.0158 ha + 0.0185 Ha) നിലമാണ്. എന്നാൽ മുകളിൽ പരാമർശിച്ച ബഹു.ഹൈക്കോടതി ഉത്തരവ് നമ്പർ.WP(C)No.22428/15 നമ്പർ, തീയതി.20.08.15 അടിസ്ഥാനത്തിൽ പെർമിറ്റ് നൽകുന്നതിനായി സ്ഥലം പരിശോധിച്ചപ്പോൾ, മേൽ ഹൈക്കോടതി ഉത്തരവിൽ പ്രതിപാദിക്കുന്ന 4 സെന്റ് ഭൂമിയോട് ചേർന്നുള്ള ഭൂമിയാണ് പുതിയ അപേക്ഷയിൽ സൂചിപ്പിച്ച ഭൂമി എന്നാണ് 15.06.16- ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 20.06.16-ന് DW5/BA/24/16-17 നമ്പർ പ്രകാരം 584.63 ച.മീ അപ്പാർട്ട്മെന്റ് പണിയുന്നതിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില ഉൾപ്പെടുന്ന 393 ച.മീ പണി പൂർത്തീകരിക്കുകയും ആയതിന് 08.11.17-ൽ ഒക്യുപൻസി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആയത് പാർഷ്യൽ ഒക്യുപൻസി എന്ന് രേഖപ്പെടുത്തിയിട്ടില്ല. ബാക്കിയുള്ള 191.63 ച.മീ (584.63-393) വിസ്തീർണ്ണം നിർമ്മിക്കുന്നതിന് പെർമിറ്റ് കാലാവധി 19.06.2022 വരെ പുതുക്കി നൽകിയിട്ടുണ്ട്.

DW5/BA/24/16-17 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) മേൽ കോടതി ഉത്തരവ് ബാധകമായിട്ടുള്ളത് 1903/1P സർവ്വെ നമ്പറിൽ ഉൾപ്പെട്ട 4 സെന്റ് സ്ഥലത്തിനാണ്. എന്നാൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1903/1 സർവ്വെ നമ്പറിൽ ഉൾപ്പെട്ട നിലമായ 8.48 സെന്റ് സ്ഥലത്തിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.
മേൽ വിഷയം സംബന്ധിച്ച് 25.07.2019 -ന് നൽകിയ 24-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് താഴെ പറയുംപ്രകാരമാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത്. "ബഹു.ഹൈക്കോടതിയുടെ ഉത്തരവ് നമ്പർ.WP(C)No.22428/15, തീയതി.20.08.2015 അവസാന ഖണ്ഡികയിൽ പറയും പ്രകാരം, പ്രസ്തുത സ്ഥലത്തിന് സമീപം കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നതിനാലും ടി സ്ഥലം നികന്ന നിലയിൽ കാണപ്പെട്ടതിനാലും 06.06.2016- ലെ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരമാണ് കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുള്ളത്".

മേൽ കോടതി ഉത്തരവ് ബാധകമായിട്ടുള്ളത് 1903/1P സർവ്വെ നമ്പറിൽ ഉൾപ്പെട്ട 4 സെന്റ് സ്ഥലത്തിനാണ്. എന്നാൽ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയിട്ടുള്ളത് 1903/1 സർവ്വെ നമ്പറിൽ ഉൾപ്പെട്ട നിലമായ 8.48 സെന്റ് സ്ഥലത്തിനാണ്. ഈ കാരണങ്ങളാൽ മറുപടി അംഗീകരിക്കുന്നില്ല.

2) 1903/1P സർവ്വെ നമ്പറിൽ ഉൾപ്പെട്ട 4 സെന്റ് സ്ഥലത്ത് 154.40 ച.മീ തറവിസ്തീർണ്ണമുള്ള വാസഗൃഹം പണിയുന്നതിന് പെർമിറ്റ് നൽകുന്നു സംബന്ധിച്ച് പുറപ്പെടുവിച്ചതാണ് മേൽ കോടതി ഉത്തരവ്. എന്നാൽ 8.48 സെന്റ് സ്ഥലത്ത് 584 ച.മീ 5 യൂണിറ്റ് അപ്പാർട്ട്മെന്റ് പണിയുന്നതിന് പെർമിറ്റ് നൽകിയിട്ടുണ്ട്.

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം കോർപ്പറേഷൻ പ്രദേശത്ത് 5 സെന്റ് ഭൂമി നികത്തി വീട് നിർമ്മിക്കുന്നതിനാണ് അനുമതിയുള്ളത്. വീട് എന്നതിൽ പാർപ്പിട സമുച്ചയമോ, സമുച്ചയങ്ങളോ, ഫ്ലാറ്റോ ഉൾപ്പെടുന്നതല്ല. മേൽ കെട്ടിടം ചട്ട പ്രകാരം ക്രമവൽക്കരിക്കുകയോ, മറ്റ് തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

3) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 അനുസരിച്ച് ഗണം A1-ൽ ഉൾപ്പെടുന്ന അപ്പാർട്ട്മെന്റുകൾക്ക് ബാധകമായ കാർ പാർക്കിങ്ങ് സൗകര്യം താഴെപ്പറയുന്ന തോതിൽ മേൽ പരാമർശിച്ച കെട്ടിടത്തിന് ആവശ്യമാണ്.

| | പാർപ്പിട യൂണിറ്റുകളുടെ എണ്ണം | ആവശ്യമായ കാർ പാർക്കിങ്ങ് |
|---|---|---|
| 60ച.മീറ്ററിൽ താഴെ കാർപ്പെറ്റ് വിസ്തീർണ്ണം ഉള്ളവ | 3 | 1 |
| 60ച.മീറ്ററിൽ കൂടുതൽ കാർപ്പെറ്റ് വിസ്തീർണ്ണം ഉള്ളവ | 2 | 2 |
| സന്ദർശക പാർക്കിങ്ങ് (15%) | - | 1 |

| | | |
|---|---|---|
| വൈകല്യമുള്ളവർക്കുള്ള പാർക്കിങ്ങ് (റൂൾ.40A(5(1)) | - | 1 |
| **ആകെ** | **-** | **5** |
| പ്ലാൻ പ്രകാരം മേൽ കെട്ടിടത്തിലുള്ള പാർക്കിങ്ങ് | - | 3 |
| **കുറവ്** | | **2** |

എന്നാൽ കാർ പാർക്കിങ്ങിൽ രണ്ട് എണ്ണം കുറവുണ്ട്.

കെ.എം.ബി.ആർ ചട്ടം 34 പ്രകാരം ആവശ്യമുള്ള പാർക്കിങ്ങിന്റെ 3% അംഗപരിമിതർക്കായി ഒഴിച്ചിട്ടാൽ മതിയാകും ആയത് അധികം നൽകേണ്ടതില്ല. പ്രസ്തുത കെട്ടിടത്തിന് പെർമിറ്റ് പ്രകാരമുള്ള 4 എണ്ണം സ്ഥലത്ത് ലഭ്യമാണ് എന്നാണ് ഇതു സംബന്ധിച്ച് 25.07.2019 -ന് നൽകിയ 24-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിലെ റൂൾ 41-ലെ 5(എ) പ്രകാരം അംഗപരിമിതർക്കായി പാർക്കിങ്ങ് സൗകര്യം നൽകേണ്ടതാണ്. പെർമിറ്റ് പ്ലാൻ പ്രകാരം 3 കാർ പാർക്കിങ്ങ് സൗകര്യമാണ് മേൽ കെട്ടിടത്തിലുള്ളത്. 2 എണ്ണം കുറവുണ്ട്. ഇക്കാരണങ്ങളാൽ മറുപടി അംഗീകരിക്കുന്നില്ല.

15.02.2018-ലെ ജി.ഒ.(പി)നമ്പർ.11/2018/തസ്വഭവ, സർക്കാർ ഉത്തരവിലെ അപ്പൻഡിക്സ് 1-ലെ 3(b)i- പ്രകാരമുള്ള കോമ്പൗണ്ടിങ്ങ് ഫീസായ (മിനിമം 50% വരെ പാർക്കിങ്ങ് ഉള്ളവ) 3,00,000/- രൂപ വീതം, കുറവുള്ള ഓരോ പാർക്കിങ്ങിനും ഈടാക്കേണ്ടതാണ്. ഇപ്രകാരം ആകെ 6,00,000/- രൂപ (2 X 3,00,000/-) ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

4) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 109 B അനുസരിച്ച് നഗരാസൂത്രണ പദ്ധതിയിൽ മറ്റു വിധത്തിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ലാത്ത പക്ഷം പ്രവർത്തനക്ഷമതയുള്ള ഭൂഗർഭജല പോഷക ക്രമീകരണങ്ങൾ എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളുടെയും അവിഭാജ്യ ഘടകമായി മേൽക്കൂരകളിലെ മഴവെള്ള സംഭരണ കണക്ഷനുകളിലൂടെ സജ്ജീകരിക്കേണ്ടതാണ്. റൂൾ 109B(3) പ്രകാരം മഴവെള്ള സംഭരണക്രമീകരണത്തിന്റെ ഉപചട്ടം (2)(iv)-ൽ നിർദ്ദേശിച്ചിട്ടുള്ള സംഭരണ ടാങ്കിന്റെ ഏറ്റവും ചുരുങ്ങിയ ശേഷി ഗണം A1-ൽ ഉൾപ്പെടുന്ന അപ്പാർട്ട്മെന്റുകളിൽ ഒരു ചതുരശ്രമീറ്റർ (കവറേജ് വിസ്തീർണ്ണത്തിന്) 25 ലിറ്ററാണ്. മേൽ കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം മഴവെള്ള സംഭരണി നിർമ്മിച്ചിട്ടില്ല.

നിലവിൽ ടി കെട്ടിടത്തിന് ഭാഗിക ഒക്യുപൻസി മാത്രമാണ് നൽകിയിട്ടുള്ളത്. ടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് അന്തിമ ഒക്യുപൻസി അനുവദിക്കുന്നതിന് മുൻപായി മഴവെള്ള സംഭരണി നിർമ്മിച്ചാൽ മതിയാകുന്നതാണ് എന്നാണ് മേൽവിഷയം സംബന്ധിച്ച് 25.07.2019 -ന് നൽകിയ 24-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി .

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിലെ റൂൾ 109B പ്രകാരം പ്രവർത്തനക്ഷമതയുള്ള ഭൂഗർഭജല പോഷണ ക്രമീകരണങ്ങൾ എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളുടെയും അവിഭാജ്യ ഘടകമായി സജ്ജീകരിക്കേണ്ടതാണ്. ആയത് പെർമിറ്റിൽ കാണിക്കേണ്ടതും അല്ലാത്തപക്ഷം പെർമിറ്റ് അനുവദിക്കാൻ പാടില്ലാത്തതുമാണ്. ഇക്കാരണങ്ങളാൽ മറുപടി അംഗീകരിക്കുന്നില്ല.

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-38-2. ഫയൽ നമ്പർ: VPW2/1993/15/VBA/48/15-16**

തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം മേഖലാ കാര്യാലയ പരിധിയിൽപ്പെട്ട 5ാം ഡിവിഷനിൽ ശ്രീമതി.ഉഷ സുരേന്ദ്രൻ സർവ്വേ നമ്പർ 324(റീ.സ.നം.18/59) ഉൾപ്പെട്ട 0.1197 ഹെക്ടർ ഭൂമിയിൽ 4644.95 m2 വിസ്തീർണ്ണമുള്ള 22 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിച്ച് നഗരസഭ **VBA/48/15-16** തിയതി 14.10.2016 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിരുന്നു. എന്നാൽ റവന്യൂരേഖയിൽ ഈ സ്ഥലം നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്(കൈവകാശ സർട്ടിഫിക്കറ്റ്) എന്നും തൃശ്ശൂർ മാസ്റ്റർ പ്ലാനിനകത്ത് paddy zone എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും 14-5-15ന് ബന്ധപ്പെട്ട സെക്ഷൻ റിപ്പോർട്ട് ചെയ്തതിന്റെയടിസ്ഥാനത്തിൽ VP2/1993/15 നമ്പർ കത്ത് പ്രകാരം കെട്ടിടനിർമ്മാണാനുമതി നിഷേധിച്ചിരുന്നു. കൂടാതെ നഗരസഭ ബഹു. കേരളാ ഹൈക്കോടതി മുൻപാകെ 2-6-15ന് സമർപ്പിച്ച WP(C) No.15241/15 കേസിനുള്ള VPW2/1993/15 നമ്പർ വസ്തുതാ വിവരണപട്ടികയിൽ റീ സർവ്വേ നമ്പർ 18/59 ഭൂമി പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിലമായാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഫയലിനൊപ്പം സമർപ്പിച്ച വിയ്യൂർ വില്ലേജ് ഓഫീസറുടെ 13-4-18 ലെ 542/2015(2) നമ്പർ പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത റീ സർവ്വേ നമ്പർ 18/59 ഭൂമി പുരയിടമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുൻപ് കെട്ടിട ഉടമ സമർപ്പിച്ച പൊസഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. മാസ്റ്റർ പ്ലാനിനകത്ത് പ്രസ്തുത ഭൂമി paddy zone ആയി നിലനിൽക്കെ ജി.ഒ.(എം.എസ്) 30/12 എൽ.എസ്.ജി.ഡി തിയതി.10.2.2012 ന് വിരുദ്ധമായി പെർമിറ്റ് അനുവദിക്കാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 131/3-12-2019 ന് മറുപടി നൽകിയിട്ടില്ല. റവന്യൂ രേഖകളിൽ തിരുത്തൽ വരുത്തിയത് സംബന്ധിച്ച് കൂടുതൽ അന്വേഷണം ആവശ്യമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

**1-38-3. ഫയൽ നമ്പർ: OLK3/TBA/8888/ 18/OLK3/BA/25/2018**

തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂക്കര മേഖലാ കാര്യാലയ പരിധിയിൽപ്പെട്ട 15ാം ഡിവിഷനിൽ (ഫയൽ നമ്പർ: OLK3/TBA/8888/18/OLK3/BA/25/2018) ശ്രീ.ജയിംസ് സർവ്വേ നമ്പർ 794/2 ഉൾപ്പെട്ട 0.0688 ഹെക്ടർ ഭൂമിയിൽ 261.73 m2 വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിച്ച് നഗരസഭ OLK3/TBA/8888/18 തിയതി 09-5-18 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിരുന്നു. എന്നാൽ റവന്യുരേഖയിൽ ഈ സ്ഥലം നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥലത്തിന് കെട്ടിടനിർമ്മാണാനുമതി നൽകിയപ്പോൾ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 പ്രകാരമുള്ള നിർദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. പ്രസ്തുത ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന വിവരം ഫയലിൽ ലഭ്യമല്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 48(10/31-8-19) ന് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-39 ഡെവലപ്മെന്റ് പെർമിറ്റ് – ജിയോളജി വകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കിയില്ല

(ഫയൽ നമ്പർ - കെ.കെ.വൈ/ബി.എ/ 298/2018-19 – കൂർക്കഞ്ചേരി മേഖലാ കാര്യാലയം)

തൃശ്ശൂർ താലൂക്ക് ചിയ്യാരം വില്ലേജിൽ സർവ്വേ നമ്പർ 373/3, 3പി എന്നീ സ്ഥലങ്ങളിൽ ഉൾപ്പെടുന്ന 22.95 ആർ സ്ഥലത്ത് റസിഡൻഷ്യൽ അപ്പാർട്ട്മെന്റിന് ഡെവലപ്മെന്റ് പെർമിററ് അനുവദിച്ച് നൽകുന്നതിന് ഗിരിജ വല്ലഭൻ, ശങ്കരൻ കുട്ടി, ശ്യാമള, എടത്തിൽ ഹൗസ്, കൂർക്കഞ്ചേരി എന്നിവരുടെയാണ് അപേക്ഷ. 2016-17ലെ ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ (ഫയൽ നമ്പർ കെ.കെ.വൈ/ബി.എ 346/16-17) അനുസരിച്ച് അപാർട്ട്മെന്റ് പണിയുന്നതിന് 06/8/2018മുതൽ 05/8/2021 കാലയളവിലേയ്ക്ക് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ടി രജിസ്റ്റർ പ്രകാരം, ഭൂമിയുടെ സർവ്വേ നമ്പർ 373/3 - 7.28 ആർ, 373/3പി - 1.11ആർ, 373/3-1 -14.57ആർ, ആകെ - 22.96 ആർ ഇപ്രകാരമാണ്.

ഡെവലപ്പ്മെന്റ് പെർമിറ്റ് സംബന്ധിച്ച് നോട്ട് ഫയലിൽ, ജിയോളജി വകുപ്പിന്റെ അനുവാദത്തിന് വിധേയമായി ഡെവലപ്പ്മെന്റ് പെർമിറ്റ് നൽകുവാൻ കോർപ്പറേഷൻ സെക്രട്ടറി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എർത്ത് കട്ട് ചെയ്ത മണ്ണ് സൈറ്റിന്റെ പുറത്തേയ്ക്ക് കൊണ്ടു പോകാത്തതിനാൽ ജിയോളജി ഡിപ്പാർട്ട്മെന്റിന്റെ ആവശ്യമില്ലായെന്ന് അസി.എഞ്ചിനീയർ ഫയലിൽ കുറിച്ചതിന് താഴെ എർത്ത് കൺവേ ചെയ്യുന്നുണ്ടെങ്കിൽ ജിയോളജി സാങ്ക്ഷൻ എടുക്കേണ്ടതാണ് എന്ന് സൂപ്രണ്ടിങ്ങ് എഞ്ചിനീയർ, തൃശ്ശൂർ കോർപ്പറേഷൻ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എ.ഇ., എ.എക്സ്.ഇ, , ഇ.ഇ , എസ്.ഇ യുടെ ശുപാർശ പ്രകാരം തുടർ നടപടി സ്വീകരിക്കുക എന്ന് കോർപ്പറേഷൻ സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയതിന് താഴെ "Collect fee and issue development permit with condition for taking Geology NOC"എന്ന് ഫയലിൽ അസി.എഞ്ചിനീയർ 09/11/2018 ന് കുറിച്ചിട്ടുണ്ടെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും ജിയോളജി വകുപ്പിൽ നിന്നും NOC ലഭിച്ചതായി ഫയലിൽ ഇല്ല.

മേൽപ്പറഞ്ഞ അപാകതകയ്ക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 9/15-11-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-40 മതിയായ സൗകര്യങ്ങളില്ലാതെ വാണിജ്യകെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചു

DW3/BA/468/11-12 ഫയൽ പരിശോധിക്കുകയും സ്ഥലം പരിശോധിക്കുകയും ചെയ്തതിൽ താഴെപ്പറയുന്ന ന്യൂനതകളോടു കൂടിയാണ് വാണിജ്യകെട്ടിടത്തിന് ഒക്യുപൻസി അനുവദിക്കുകയും വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുള്ളത്. 2048/1P, 2049/ 1P സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടിട്ടുള്ള 944 ച.മീ. സ്ഥലം ശ്രീ. സിറാജ്ജുദ്ദീൻ തുടങ്ങി 14 പേരുടെ കൂട്ടായ കൈവശത്തിൽ ഉള്ളതാണ്. പ്രസ്തുത സ്ഥലത്തിൽ നാല് നില വാണിജ്യകെട്ടിടം (ബേസ്മെന്റ് നില + ഗ്രൗണ്ട് നില + 3 നില കെട്ടിടം) പണിയുന്നതിന് 06.09.2012 തീയതിയിൽ (2421.29 ച.മീ. അടിത്തറ വിസ്തീർണം) കുഞ്ഞാത്തു, ആഷിറ, ഷംസുദ്ദീൻ മുതൽ പേർക്ക് പെർമിറ്റ് അനുവദിക്കുകയും, പിന്നീട് ഓണർഷിപ്പ് മാറ്റം വരുത്തി 26.04.2014 തീയതിയിൽ ശ്രീ. സിറാജ്ജുദ്ദീൻ മുതൽ പേരുടെ പേരിൽ പെർമിറ്റ് മാറ്റി അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. 22.12.2015ൽ ഫീസ് ഈടാക്കികൊണ്ട് പെർമിറ്റ് പുതുക്കി നൽകുകയും ചെയ്തിരുന്നു. പൂർത്തിയായ 3 നില കെട്ടിട (ബേസ്മെന്റ് നില + ഗ്രൗണ്ട് നില + 2നില) ഭാഗങ്ങൾക്ക് ഒക്യുപൻസി അനുവദിക്കണമെന്ന് കാണിച്ച് കക്ഷി അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ 28.07.2018ൽ ഭാഗികമായി ഒക്യുപൻസി (Partial Occupancy) അനുവദിച്ചിട്ടുണ്ട് (ആകെ അടിത്തറവിസ്തീർണം - 2205.79 ച.മീ., തറവിസ്തീർണം - 1744.60 ച.മീ., കാർപ്പെറ്റ് വിസ്തീർണം - 1366.64 ച.മീ. ; പണി പൂർത്തീകരിച്ച അടിത്തറവിസ്തീർണം - 1767.32 ച.മീ.).

1. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 34 – പട്ടിക 5.2 പ്രകാരമുള്ള പാർക്കിംഗിനുള്ള സ്ഥലങ്ങൾ അനുവദിച്ചതിൽ കുറവ് കാണുന്നു.

| | |
|---|---|
| ആവശ്യമായ പാർക്കിംഗിന്റെ എണ്ണം<br>(കാർപ്പെറ്റ് വിസ്തീർണം - 1366.64 ച.മീ.) | - 1000/75 +<br>366.64/50 |

| | |
|---|---|
| | - 13.33+7.3 = 20.63 ie 21എണ്ണം |
| നൽകിയിട്ടുള്ള പാർക്കിംഗിന്റെ എണ്ണം<br>(28.07.2018 തീയതിയിലെ DW3/468/11-12 ഒക്യുപൻസി നൽകിയിട്ടുള്ള പ്ലാൻ പ്രകാരം) | - 14 എണ്ണം |
| കുറവ് | - 7 എണ്ണം |

പെർമിറ്റ് അനുവദിച്ച തീയതിയിൽ പ്ലാൻ പ്രകാരം 23 എണ്ണം കാർപാർക്കിംഗാണ് അടയാളപ്പെടുത്തിയിട്ടുള്ളത്. നിലവിൽ ഭാഗികമായി മാത്രമാണ് ഒക്യുപൻസി നൽകിയതെങ്കിലും ഭാവിയിൽ പണി പൂർത്തിയാകുന്ന മുറയ്ക്ക് (1366 ച.മീറ്റർ കാർപ്പെറ്റ് വിസ്തീർണ്ണത്തിന് ആനുപാതികമായി) കാർ പാർക്കിംഗിന്റെ എണ്ണം കുറവാണ്.

ജി.ഒ (പി) നംപർ 11/2018/ത.സ്വ.ഭ.വ15.02.2018 ഖണ്ഡിക 3(1)പ്രകാരം കുറാവായിട്ടുള്ള ഓരോ കാർ പാർക്കിംഗിനും 3,00,000 രൂപ വീതം ആകെ 7x3,00,000=21,00,000 കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

2. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 54 പ്രകാരം വൈകല്യമുള്ള വ്യക്തികൾക്ക് വേണ്ടിയുള്ള ടോയ്‌ലറ്റുകളും ഗ്രൗണ്ട് നിലയിലും ഒന്നാം നിലയിലും സ്ഥാപിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ആവശ്യമായ ടോയ്‌ലറ്റുകളുടെ എണ്ണം | | | നൽകിയത് |
|---|---|---|---|
| ഗ്രൗണ്ട് നില<br>(349.59 ച.മീ. കാർപ്പെറ്റ് വിസ്തീർണം<br>ആളുകളുടെ എണ്ണം - 349.59/4.75 = 73.59 ie 74) | പുരുഷൻമാർ<br>(74x2/3 = 49എണ്ണം<br>49 / 25 = 1.96 ie 2) | 2 | 1 |
| | സ്ത്രീകൾ<br>(74x1/3= 25 എണ്ണം<br>25/15= 1.6 ie 2) | 2 | |
| ഒന്നാം നില<br>(349.59 ച.മീ. കാർപ്പെറ്റ് വിസ്തീർണം ആളുകളുടെ എണ്ണം - 349.59/4.75 = 73.59 ie 74)) | പുരുഷൻമാർ<br>(74x2/3=49എണ്ണം<br>49 / 25 = 1.96 ie 2) | 2 | 1 |
| | സ്ത്രീകൾ<br>(74x1/3=25 എണ്ണം<br>25 / 15 = 1.6 ie 2) | 2 | |

3. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 109 B പ്രകാരമുള്ള മഴവെള്ള സംഭരണ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടില്ല. മേൽക്കൂരയിലെ വെള്ളപ്പാത്തികൾ, ഫ്ലഷ്പൈപ്പ് ക്രമീകരണങ്ങൾ, അരിയ്ക്കാനുള്ള യൂണിറ്റ് സംവിധാനങ്ങൾ സംഭരണടാങ്ക് എന്നിവ യും നിർമ്മിച്ചിട്ടില്ല.

4. 11.12.2015ൽ തൃശ്ശൂർ വില്ലേജ് ഓഫീസിൽ നിന്നും അനുവദിച്ച പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം 2048/P സർവ്വേ നമ്പറിൽ ഉൾപ്പെട്ട 0.0405 ഹെക്ടർ സ്ഥലം 'നിലം' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി ഭൂമി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം കരട് ഡാറ്റാ ബാങ്കിൽ/ഡാറ്റാ ബാങ്കിൽ 'നിലം/ നെൽവയൽ/തണ്ണീർത്തടം' എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയാണോ എന്ന് പരിശോധിച്ചതിനുശേഷമാണോ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയിരിക്കുന്ന തെന്ന് വ്യക്തമല്ല.

5. കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് കാണുന്നു. ഈ കെട്ടിടത്തിന്റെ ഗ്രൗണ്ട് നിലയും ഒന്നാം നിലയും കേന്ദ്രീകൃത ഏയർ കണ്ടീഷണിംഗ് സംവിധാനത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ടി സംവിധാനത്തിനുള്ള 10% വർദ്ധനവ് ഏർപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | നില | കെട്ടിട നമ്പർ | അടിത്തറ വിസ്തീർണം | നിശ്ചയിച്ച നികുതി | നിശ്ചയിക്കേണ്ട നികുതി (10% | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | (ച.മീറ്റർ) | | വർദ്ധനവ് ഉൾപ്പെടെ) | |
| 1. | ഗ്രൗണ്ട് നില | 38/986/5 | 589.12 | ₹ 87,484 | ₹ 93,964 | 6480 |
| 2. | ഒന്നാം നില | 38/986/6 | 294.55 | ₹ 43,741 | ₹ 46,981 | 3240 |
| 3. | ഒന്നാം നില | 38/986/7 | 294.55 | ₹ 43,741 | ₹ 46,981 | 3240 |
| | | | | | **ആകെ** | **12,960** |

വസ്തു നികുതിയിനത്തിൽ കുറവായി ഈടാക്കിയ 12,960 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 17 / തീയതി 03.07.2019 ന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ അനധികൃതമായി നിർമ്മിച്ച പ്രസ്തുത കെട്ടിടം ജി.ഒ (പി) നംപർ 11/2018/ ത.സ്വ.ഭ.വ.15.02.2018 നിർദേശിച്ച പ്രകാരമുള്ള ഫീസ് ഈടാക്കി ക്രമവൽക്കരിക്കുകയോ 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 147 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-41 കെട്ടിട നിർമ്മാണം, പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

വിൽവട്ടം മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളിൽ ചിലത് പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കി കണ്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | വിലാസം | പെർമിറ്റ് കാലയളവ് (മൂന്ന് വർഷം) |
|---|---|---|---|
| 1 | ബി എ നം. 4/15-16 | രവി മാമ്പുള്ളിവീട്,രാമവർമ്മപുരം | 2.6.15-1.6.18 |
| 2 | ബി എ നം. 9/15-16 | അന്നമ്മ കൊച്ചപ്പൻ, ചിറ്റിലപ്പിള്ളി വീട്,വിയ്യൂർ | 23.7.15-22.7.18 |
| 3 | ബി എ നം. 12/15-16 | വി ജി തങ്കം &ചന്ദ്രി, മാടക്കൽ വീട്, കോലഴി | 13.5.15-12.5.18 |
| 4 | ബി എ നം. 15/15-16 | സന്ധ്യാനായർ ,വിജയത്ത് സൗപർണ്ണിക,വിയ്യൂർ | 2.5.15-1.5.18 |
| 5 | ബി എ നം. 4/15-16 | ഗിരിജ കെ എ, പുത്തൻപുള്ളി, പാണ്ടിക്കാവ് | 29.7.15-28.7.18 |
| 6 | ബി എ നം. 28/15-16 | ഉഷാ ബിജു, ആളത്ത്, കുറ്റുമുക്ക്,രാമവർമ്മപുരം. | 20.5.15-19.5.18 |

| | | | |
|---|---|---|---|
| 7 | ബി എ നം. 40/15-16 | രവികുമാർ,ചക്കാൻ വളപ്പിൽ<br>പാട്ടൂക്കാട്,വിയ്യൂർ | 8.6.15-7.6.18 |
| 8 | ബി എ നം. 4/15-16 | ലിസ്സി പോൾ,ചിറ്റിലപ്പിള്ളി<br>എൽതുരുത്ത് | 15.5.15-14.5.18 |
| 9 | ബി എ നം. 48/15-16 | ഉഷാ സുരേന്ദ്രൻ,<br>ഫോറസ് ഇനീഷ്യേറ്റീവ്സ്,ചെമ്പൂക്കാവ് | 14.10.2016-13.10.19 |
| 10 | ബി എ നം. 61/15-16 | ശാന്ത അറങ്ങാശ്ശേരി,ആനപ്പാറ,<br>രാമവർമ്മപുരം | 26.6.15-25.6.18 |
| 11 | ബി എ നം. 4/15-16 | ബിൻസ്,പുതുശ്ശേരി,പള്ളിമൂല. | 4.7.15-3.7.18 |
| 12 | ബി എ നം. 101/15-16 | പി ആർ വേലുക്കുട്ടി,പടാട്ട്,പാട്ടൂക്കാട്. | 25.7.15-24.7.18 |
| 13 | ബി എ നം. 104/15-16 | സുരേഷ് കുമാർ &ശ്രീകുമാരി,<br>പൊലീസ് അക്കാദമി,രാമവർമ്മപുരം. | 17.8.15-16.8.18 |
| 14 | ബി എ നം. 4/15-16 | സോമരാജ് മുതൽ പേർ<br>ഏറളത്ത്,വിയ്യൂർ | 30.7.15-29.7.18 |
| 15 | ബി എ നം. 108/15-16 | മേബിൾ ജെ ആലപ്പാട്ട്,<br>അടിയറ, രാമവർമ്മപുരം | 8.9.15-7.9.18 |
| 16 | ബി എ നം. 121/15-16 | ശാന്താ ജി നായർ ധന്യശ്രീ<br>കൊട്ടിയാൽ,രാമവർമ്മപുരം | 21.1.16-20.1.19 |
| 17 | ബി എ നം. 137/15-16 | ലസിത രഞ്ജിത്ത്,വെള്ളറ,അഞ്ചേരി | 12.8.15-11.8.18 |
| 18 | ബി എ നം. 4/15-16 | ഷീജ ചന്ദ്രൻ,തെക്കേത്തറ<br>കുണ്ടുവാറ,ചെമ്പൂക്കാവ് | 17.10.15-16.10.18 |
| 19 | ബി എ നം. 184/15-16 | ഉല്ലാസ് കുമാർ,വല്ല്യപുരയ്ക്കൽ<br>രാമവർമ്മപുരം | 18.9.15-17.9.18 |

| | | | |
|---|---|---|---|
| 20 | ബി എ നം. 187/15-16 | കെ എസ് അനിൽ കുമാർ<br>s/0 ശ്രീനാരായണ<br>പിഷാരടി,കൃഷ്ണപുരം | 29.12.15-28.12.18 |
| 21 | ബി എ നം. 188/15-16 | ബി എ ജോസ്, അന്തോണി<br>ഭരണകുളങ്ങര,പാട്ടുക്കാട്. | 18.9.15-17.9.18 |
| 22 | ബി എ നം. 191/15-16 | വില്ല്യംസ് ജോമോൻ,പടപുരയ്ക്കൽ, വില്ലടം. | 10.12.15-9.12.18 |
| 23 | ബി എ നം. 192/15-16 | രാമകൃഷ്ണൻ,മമ്പാട്ട്,വിയ്യൂർ. | 1.12.15-30.11.18 |
| 24 | ബി എ നം. 215/15-16 | മോഹൻ,കിടവത്ത്,രാമവർമ്മപുരം | 29.10.15-28.10.18 |

പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽപറഞ്ഞ വീട്/കെട്ടിടം എന്നിവയുടെ പെർമിറ്റ് കാലയളവിന് ശേഷം പെർമിറ്റ് പുതുക്കുകയോ നിർമ്മാണം പൂർത്തീകരിച്ച പത്രിക ഹാജരാക്കിയതായോ കണ്ടില്ല. പല കെട്ടിടങ്ങളിലും കൂട്ടിചേർക്കലുകൾ വരുത്തുന്നതിനാണ് പെർമിറ്റ് നൽകിയിട്ടുള്ളത്. കെട്ടിടങ്ങളുടെ പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ കെട്ടിട നമ്പറും വൈദ്യുതിയും ലഭിച്ചതിന് ശേഷമാണ് എക്സ്റ്റൻഷന് വേണ്ടി അനുമതി നേടിയിട്ടുള്ളത്. ഇത്തരം കെട്ടിടങ്ങളുടെ പുതിയ നിർമ്മാണങ്ങൾ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്താത്തതിനാൽ വസ്തു നികുതിയിനത്തിലും ക്രമവല്ക്കരണ ഫീസിനത്തിലും കോർപ്പറേഷന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം നടപടികളിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതാണ്.

## 1-42 ലുലു കൺവെൻഷൻ സെന്റർ- വാർഷിക തറ വാടക ഈടാക്കാൻ നടപടി സ്വീകരിക്കണം

**ഫയൽ നമ്പർ-AYL/ 5467/17**

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

തൃശ്ശൂർ നഗരസഭ അയ്യന്തോൾ മേഖല കാര്യാലയ പരിധിയിലുള്ള ലുലു കൺവെൻഷൻ സെന്ററിലേക്ക് യു.ജി. കേബിൾ സ്ഥാപിക്കുന്നതിനായി പള്ളത്ത് സബ്സ്റ്റേഷൻ മുതൽ ലുലു കൺവെൻഷൻ സെന്റർ വരെ 2861 മീറ്റർ റോഡ് മുറിക്കുന്നതിന് അനുമതി നൽകണമെന്ന കെ.എസ്.ഇ.ബി. അസി.എഞ്ചിനിയറുടെ 19-10-2017 ലെ അപേക്ഷ പരിഗണിച്ച് കോർപ്പറേഷൻ കൗൺസിലിന്റെ 27-2-2018 70 ാം നമ്പർ തീരുമാനപ്രകാരം തൃശ്ശൂർ കോർപ്പറേഷൻ എഞ്ചിനീയറുടെ 28-3-2018 ലെ Ayl/pw/ 5467/17 നമ്പർ ഉത്തരവ് പ്രകാരം 7 നിബന്ധനകളോടെ യു.ജി. കേബിൾ സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിരുന്നു.

കെ.എസ്.ഇ.ബി.ഡെപ്യൂട്ടി ചീഫ് എഞ്ചിനിയറുടെ 23-7-2018 ലെ AEE2/2018-19/747/24-7-18 നമ്പർ അപേക്ഷയിന്മേൽ കോർപ്പറേഷൻ കൗൺസിലിന്റെ 21-12-18 ലെ 41 ാം നമ്പർ തീരുമാനപ്രകാരം കോർപ്പറേഷൻ എഞ്ചിനിയറുടെ 28-3-2018 ലെ Ayl/pw/5467/17 നമ്പർ ഉത്തരവ് പ്രകാരമുള്ള നിബന്ധന 6 ൽ നിർദേശിച്ചിട്ടുള്ള വർഷം തോറും അടക്കേണ്ട തറ വാടക(2861 m X 25,000/1000=71,525) കോർപ്പറേഷൻ നേരിട്ട് ലുലു കൺവെൻഷൻ സെന്ററിൽ നിന്നും വാങ്ങുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും നാളിതുവരെ തറ വാടക ഈടാക്കിയിട്ടില്ല. ഈ വിഷയം ഉന്നയിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22 /20.07.2019 ന് നൽകിയ മറുപടിയിൽ തറവാടക ലുലു കൺവെൻഷൻ സെന്റർ അടവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചു . കോർപ്പറേഷൻ നേരിട്ട് ലുലു കൺവെൻഷൻ സെന്ററിൽ നിന്നും വാർഷിക തറവാടക വാങ്ങണമെന്ന കൗൺസിൽ തീരുമാനം നടപ്പാക്കി വിവരം അറിയിക്കേണ്ടതും മറ്റ് കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-43 ലൈസൻസ് നൽകാത്തത് മൂലം നികുതിയിനത്തിൽ നഷ്ടം

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C)4696/(J)/19 നമ്പർ കേസിൽ പരാമർശിച്ചിട്ടുള്ള തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ VIII/147/12 നമ്പർ കെട്ടിടം റവന്യൂ രേഖകൾ പ്രകാരം ഇ.വി. പോൾ, ഏരിഞ്ഞേരി വീട്, കിഴക്കുംപാട്ടുകര

എന്നവരുടെ പേരിലാണ്. ടി കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി 528+ലൈബ്രറി സെസ്സ് രൂപയായിരുന്നു. VIII/147/12 നമ്പർ കെട്ടിടത്തിൽ ആരംഭിക്കാൻ പോകുന്ന ദന്തൽ ക്ലിനിക്കിന് ലൈസൻസ് ലഭിക്കുന്നതിനുവേണ്ടി ഈ കെട്ടിടത്തിന്റെ അസസ്സ്മെന്റ് വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി ഹെൽത്ത് വിഭാഗത്തിൽ നിന്നും 28.01.2019ന് ഫയൽ റവന്യൂ സെക്ഷനിലേയ്ക്ക് ലഭിച്ചുപ്രകാരം ഓഫീസ് രേഖകൾ പരിശോധിച്ചതിൽ ഈ കെട്ടിടമുറിയുടെ ഉപയോഗക്രമം ഓഫീസ് ആവശ്യത്തിന് എന്നാണ് രേഖപ്പെടുത്തി കാണുന്നത്. ഹെൽത്ത് വിഭാഗത്തിൽ നിന്നും ഓഫീസ് റൂമിന് ലൈസൻസ് ലഭിക്കാത്ത സാഹചര്യത്തിൽ മുറി വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതിന് ആവശ്യമായ ഭേദഗതികൾ ചെയ്തുകൊടുക്കുന്നതിനുവേണ്ടി 31.01.2019ന് കെട്ടിട ഉടമയായ ശ്രീ.ഇ.വി. പോൾ, റവന്യൂ വിഭാഗത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ 2-ാം ഗ്രേഡ് റവന്യൂ ഓഫീസർ സ്ഥലപരിശോധന നടത്തി 2011ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ അനുശാസിച്ചതിനനുസരിച്ച് കോർപ്പറേഷൻ കൗൺസിൽ അംഗീകരിച്ച കമേഴ്സ്യൽ താരിഫിൽ 01.04.2013 മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കുന്നതിനായി കെട്ടിട ഉടമയോട് നിർദ്ദേശിച്ചു. ഉടമ വസ്തുനികുതി നിർണ്ണയ റിട്ടേൺ (ഫോറം 2) ഒപ്പിട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതുപ്രകാരമാണ് 37.97m2 വിസ്തീർണ്ണമുള്ള കെട്ടിടമുറിയ്ക്ക് ചതുരശ്ര മീറ്ററിന് ₹ 110 നിരക്കിൽ സർക്കാർ ഉത്തരവിന് വിധേയമായി തൃശ്ശൂർ കോർപ്പറേഷൻ കൗൺസിൽ അംഗീകരിച്ച നിരക്കിലുള്ള വസ്തുനികുതി സർക്കാർ നിശ്ചയിച്ച 01.04.2013 മുതൽ നികുതി പുനർനിർണ്ണയിച്ചുകൊണ്ട് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. 01.12.2019ന് കക്ഷി കെട്ടിടമുറിയുടെ നികുതി പഴയ താരിഫിൽ തന്നെ അടയ്ക്കുന്നതിന് അനുവദിക്കണമെന്ന് കാണിച്ച് അപേക്ഷ സമർപ്പിക്കുകയും അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് കാണിച്ച് കക്ഷിയ്ക്ക് അറിയിപ്പ് നൽകുകയും ചെയ്തിരുന്നു. പുതുക്കിയ നിരക്കിലുള്ള നികുതി കുടിശ്ശിക നിലനിൽക്കെ ഹെൽത്ത് വിഭാഗത്തിൽ നിന്നും ലൈസൻസ് ലഭിക്കാതെ വന്ന സാഹചര്യത്തിൽ കക്ഷി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും 15.02.2019ലെ WP(C) 4696/(J)/19 നമ്പർ കേസിലെ ഇടക്കാല വിധി പ്രകാരം മുൻകാല പ്രാബല്യത്തോടെ നികുതി വസൂലാക്കരുതെന്നും തന്നാണ്ടത്തെ നികുതി വസൂലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 6, തീയതി:10.06.2019നുള്ള മറുപടിയായി ടി കെട്ടിടം നമ്പറിന്റെ പഴയ താരിഫിലുള്ള നികുതി 2019-20 ഒന്നാം അർദ്ധവർഷം വരെ കക്ഷി അടച്ചിട്ടുണ്ടെന്നും പുതുക്കിയ താരിഫ് പ്രകാരം നികുതി ചുമത്തി കക്ഷിയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 7614/19. തീയതി: 15.03.2019ലെ ഇടക്കാല ഉത്തരവുപ്രകാരം മുൻകാല പ്രാബല്യത്തോടെ നികുതി ഈടാക്കരുതെന്ന് നിർദ്ദേശിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കേണ്ടതിന് പകരം പഴയ താരിഫിലുള്ള നികുതി മാത്രം ഈടാക്കിയതിൽ അപാകതയുണ്ട്. പുതുക്കിയ നിരക്കിലുള്ള നികുതി കുടിശ്ശിക ബഹു. ഹൈക്കോടതിയുടെ തീർപ്പിന് വിധേയമായി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-44 അഡീഷണൽ സബ് ട്രഷറി - വാടക -ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

**ഫയൽ നം. R8/22054/2001**

തൃശ്ശൂർ നഗരസഭ വക പഴയ ബസ് സ്റ്റാന്റ് കെട്ടിടത്തിലെ 1711ചതുരശ്ര അടി വിസ്തൃതിയുള്ള 20-ാം നമ്പർ മുറി തൃശ്ശൂർ അഡീഷണൽ സബ് ട്രഷറി ഓഫീസിന് 2001 മുതൽ പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ച നിരക്കിൽ വാടകയ്ക്ക് അനുവദിച്ചിട്ടുള്ളതാണ്. മുറി കൈമാറുന്ന സമയത്ത് സ്ഥാപനവുമായി നഗരസഭ നിയമാനുസൃത കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. വാടക നിശ്ചയിക്കുവാൻ ആവശ്യമായ രേഖകൾ പൊതുമരാമത്ത് വകുപ്പിന് നൽകുന്നതിന് തുടർന്നുള്ള നടപടികളും നഗരസഭ യഥാസമയം സ്വീകരിച്ചതായി കാണുന്നില്ല. ഇതുമൂലം 2001 മുതൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനത്തിൽ നിന്നും 2018ൽ മാത്രമാണ് വാടക ഈടാക്കിയിട്ടുള്ളത്.

ഡിസംബർ 2001 മുതൽ നവംബർ 2013 വരെയുള്ള വാടക പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ച താഴെ പറയുന്ന നിരക്കിൽ അടവാക്കുന്നതിനും ഡിസംബർ 2013 മുതൽക്കുള്ള വാടക പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ തൊട്ടുമുമ്പുള്ള കാലയളവിലെ നിരക്ക് തുടരാവുന്നതാണെന്നും ട്രഷറി ഡയറക്ടറുടെ 01.11.2017 ലെ A2/20892/2013 നമ്പർ ഉത്തരവിൽ പറയുന്നുണ്ട്.

| കാലയളവ് | പ്രതിമാസ വാടക |
|---|---|
| 12/2001 മുതൽ 11/2004 വരെ | 3374/- |
| 12/2004 മുതൽ 11/2007 വരെ | 3434/- |
| 12/2007 മുതൽ 11/2010 വരെ | 4513/- |
| 12/2010 മുതൽ 11/2013 വരെ | 5856/- |

ഇതുപ്രകാരം 12/2001 മുതൽ 11/2017 വരെയുള്ള വാടകയായ 8,99,460/- രൂപ നഗരസഭയിൽ ട്രഷറി ഡയറക്ടറുടെ 7.2.18 ലെ A2/20892/2013 പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. 12/2013 മുതൽ വാടക പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ 12/2010 മുതൽ 11/2013 കാലയളവിലെ പ്രതിമാസ വാടകയായ 5856/-രൂപ നിരക്കിലാണ് 12/2013 മുതൽ 4/2019 വരെയും സ്ഥാപനം അടവാക്കിയിട്ടുള്ളത്. 12/2013 നശേഷമുള്ള വാടക പൊതുമരാമത്ത് വകുപ്പിൽ നിന്നും നിശ്ചയിച്ച് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല.

ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ജി.ഒ.(എം.എസ്.) നം. 16/95/പി.ഡബ്ല്യു. & ടി. തീയതി :09.03.1995 ഉത്തരവ് പാലിക്കേണ്ടതും 12/2013 മുതലുള്ള വാടക നിശ്ചയിച്ച് പൊതുമരാമത്ത് വകുപ്പിൽ നിന്ന് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 60 തീയതി : 28.09.2019) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

## 1-45 മരണമടഞ്ഞ വ്യക്തിയുടെ പേരിൽ വ്യാജകരാർ ചമച്ച് കടമുറി ഉപയോഗിച്ചു

തൃശ്ശൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ശക്തൻതമ്പുരാൻ നഗർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ മുറി നമ്പർ 6ലെ ലൈസൻസിയായ ശ്രീമതി. കെ.ബി. ഉഷ 2003ൽ മരണപ്പെട്ടിട്ടുള്ളതും (മരണസർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്) നിലവിൽ മുറിയിൽ കച്ചവടം നടത്തിവരുന്നത് സത്യൻ, കൊട്ടിയാട്ടിൽ എന്നയാളുമാണ് (ഫയൽ നം - ആർ 7/21225/18 ). 2017-18 വർഷം വരെ പരേതയായ ഉഷയുടെ പേരിൽ കരാർ പുതുക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ അടിയന്തിരമായി മുറി കസ്റ്റഡിയിലെടുത്ത് ലേലം/ടെണ്ടർ വിളിക്കാനും കള്ളപ്രമാണം ചമച്ചവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും റവന്യൂ ഇൻസ്പെക്ടർ ശുപാർശ ചെയ്തിട്ടുണ്ട് (08.05.2018 ലെ റവന്യൂ ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ട്).

ആയതുപ്രകാരം 28.07.2018ന് മുറി പൂട്ടി കസ്റ്റഡിയിലെടുക്കുകയും ചെയ്തു. എന്നാൽ ഇതിനെതിരെ ശ്രീ. സത്യൻ 01.08.2018ൽ കോടതിയിൽ നിന്നും OS 2474/2018/IA 11854/18 നമ്പറായി ഇഞ്ചക്ഷൻ ഓർഡർ സമ്പാദിക്കുകയും ചെയ്തു. ആയതിന് കോടതി കമ്മീഷനെ നിയമിക്കുകയും 01.08.2018ന് തെളിവെടുപ്പിന് എത്തിച്ചേരണമെന്ന് അറിയിക്കുകയും ചെയ്തു. എന്നാൽ ഈ ദിവസം നഗരസഭയുടെ പൂട്ടുപൊളിച്ച് മുറി തുറന്ന് ഉപയോഗിക്കുന്നതായി കണ്ടെത്തുകയും അനധികൃതമായി മുറി കയ്യേറിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഈസ്റ്റ് ടൗൺ പോലീസ് സ്റ്റേഷനിൽ നഗരസഭ പരാതി നൽകുകയും ചെയ്തിട്ടുണ്ട്.

6-ാം നമ്പർ കടമുറി നഗരസഭ സീൽ ചെയ്ത് കസ്റ്റഡിയിലെടുത്തിരുന്നതാണെന്നും മുറി താൻ അനധികൃതമായി കച്ചവടം നടത്തിയിട്ടുള്ളതാണെന്നും ആയതിന് തന്റെ പേരിൽ നടപടി സ്വീകരിച്ചു വരുന്നതായി അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ബഹു. കോടതി കേസ് പിൻവലിക്കുന്നതിന് സ്വയം കടമുറി പൂട്ടി താക്കോൽ നഗരസഭയെ ഏല്പിക്കുവാൻ തയ്യാറാണെന്ന് സത്യവാങ്മൂലം ശ്രീ. സത്യൻ കൊട്ടിയാട്ടിൽ അറിയിക്കുകയും (06.08.2018) കേസ് പിൻവലിക്കുകയും ചെയ്തിട്ടുണ്ട് (08.08.2018ന് ).

ശ്രീമതി. കെ.ബി. ഉഷ മരണപ്പെട്ടിട്ടുള്ളതിനാൽ അവരുടെ മക്കളായ ശ്രീമതി. എം.ആർ. ശ്രീജ, ശ്രീമതി. എം.ആർ. ജീജ എന്നിവരുടെ അപേക്ഷപ്രകാരം കടമുറിയുടെ ലൈസൻസ് അവകാശം ശ്രീ. സത്യന്റെ ഭാര്യ ശ്രീമതി. രത്നവല്ലിയ്ക്ക് മാറ്റി നൽകുന്നതിന് 24.09.2018ലെ 12-ാം നമ്പർ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. അതുപ്രകാരം 24.09.2018 മുതൽ 31.03.2019 വരെ കാലാവധിയായി ശ്രീമതി. രത്നവല്ലി നഗരസഭയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു.

മേൽ വിഷയത്തിന്മേൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 17.12.2016ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനം ഖണ്ഡിക 19-ൽ ലൈസൻസി മരണപ്പെടുകയും നിയമാനുസൃത അവകാശി 6 മാസത്തിനകം ലൈസൻസ് മാറ്റത്തിന് അപേക്ഷിച്ചിട്ടില്ലാത്ത സന്ദർഭത്തിൽ ഡെപ്പോസിറ്റ് തുകയിൽ നിന്ന് നഷ്ടം ഈടാക്കി പ്രസ്തുത മുറി ഏറ്റെടുത്ത് പുതുതായി ടെണ്ടർ/ലേലം ചെയ്യുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

2) കോർപ്പറേഷനെതിരെ കേസ് ഫയൽ ചെയ്യുകയും മുറി അനധികൃതമായി കയ്യേറുകയും ചെയ്ത ശ്രീ. സത്യന്റെ ഭാര്യ ശ്രീമതി. രത്നവല്ലിയ്ക്ക് ലൈസൻസ് അനുവദിച്ചു. 2003 മുതൽ വ്യാജകരാർ ചമച്ച് കടമുറി ഉപയോഗിച്ചുവന്നിരുന്നതിനെതിരെ യാതൊരു നടപടിയും ബന്ധപ്പെട്ട അധികാരികൾ സ്വീകരിച്ചിട്ടില്ല.

മേൽ വിഷയത്തിന്മേൽ നഗരസഭാധികൃതർ സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി മേൽപറഞ്ഞ അപാകതയുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ തൃപ്തികരമല്ല. (ഓഡിറ്റ് എൻക്വയറി നം.14, തീയതി 26.06.2019 )

## 1-46 വെസ്റ്റ്ഫോർട്ട് മാർക്കറ്റ് കെട്ടിടം - റൂം 15-കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നല്കി- നഗരസഭയ്ക്ക് വൻ സാമ്പത്തിക നഷ്ടം

**വെസ്റ്റ്ഫോർട്ട് മാർക്കറ്റ് കെട്ടിടം – റൂം 15–കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നല്കി – നഗരസഭയ്ക്ക് വൻ സാമ്പത്തിക നഷ്ടം**

**(ഫയൽ നം R9-18691/16. )**

തൃശ്ശൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വെസ്റ്റ്ഫോർട്ട് മാർക്കറ്റ് കെട്ടിടത്തിലെ 15-ാം നമ്പർ മുറിയിൽ പ്രവർത്തിച്ചിരുന്ന ഇൻകം ടാക്സ് ഓഫീസ് പ്രവർത്തനം നിർത്തുകയും 31.08.2016 ൽ മുറി തിരികെ നഗരസഭയെ ഏൽപ്പിച്ചിട്ടുള്ളതുമാണ്. പ്രതിമാസം 8010/- രൂപ വാടകയ്ക്കാണ് ഇൻകം ടാക്സ് ഓഫീസ് പ്രവർത്തിച്ചിരുന്നത്. തുടർന്ന് ടെണ്ടർ/ലേല നടപടികൾ സ്വീകരിക്കുകയും 23.03.2017 ന് പരസ്യ നോട്ടീസ് നല്കുകയും 12.4.2017ന് നടന്ന ടെണ്ടർ/ലേലത്തിൽ 2 ടെണ്ടറുകൾ ലഭിക്കുകയും ലേലത്തിൽ ഒരാൾ മാത്രം പങ്കെടുക്കുകയും ചെയ്തു. ലേലത്തിൽ ഉയർന്ന നിരക്കായ ₹ 10,100/- ക്വാട്ട് ചെയ്ത ശ്രീ. ഉണ്ണികൃഷ്ണൻ ഈച്ചരത്തിനാണ് മുറിയുടെ ലൈസൻസ് നൽകിയിരിക്കുന്നത്. ആയത് 20.06.2017ലെ 52-ാം നമ്പർ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ മുറിയുടെ സ്ക്വയർ ഫീറ്റ് അളന്ന തിട്ടപ്പെടുത്തുന്നതിന് റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തുന്നതിനും കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ടെണ്ടർ/ലേല പരസ്യ നോട്ടീസിൽ ( R9-18691/16. തീയതി: 23.03.2017) ക്രമ നം. 1 ആയി രേഖപ്പെടുത്തിയ 15-ാം നമ്പർ മുറിയുടെ വിസ്തീർണ്ണം നൽകിയിട്ടില്ല. എന്നാൽ ക്രമനമ്പർ 2 പ്രകാരം നടുവിലാൽ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വിസ്തീർണ്ണം നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ലേലം നടപടികൾ തുടങ്ങുന്നതിനു മുൻപ് വിസ്തീർണ്ണം കണക്കാക്കാതെ ലേലം കൊണ്ടതിനുശേഷം മാത്രമാണ് മുറിയുടെ വിസ്തീർണ്ണം തിട്ടപ്പെടുത്തിയത്. ₹ 8,100/- പ്രതിമാസ വാടക നിശ്ചയിച്ച ലേലത്തിൽ ഉയർന്ന തുക രേഖപ്പെടുത്തിയ ₹ 10,100/- രൂപയ്ക്കാണ് ലേലം കൊണ്ടിട്ടുള്ളത്. ടെണ്ടർ/ലേല പരസ്യ നടപടികൾക്ക് മുൻപായി പ്രതീക്ഷിത വാടക സംബന്ധിച്ച് ബന്ധപ്പെട്ടവർ യാതൊരു അന്വേഷണവും നടത്തിയിട്ടില്ല. ടെണ്ടർ ക്ഷണിച്ച് നിലവിലുണ്ടായിരുന്നതിനേക്കാൾ നാമമാത്രമായ വർദ്ധനവ് മാത്രം ടെണ്ടർ ക്വാട്ട് ചെയ്ത ആൾക്ക് ഉറപ്പിച്ചു നല്കിയതിലൂടെ വലിയതോതിലുള്ള വരുമാന നഷ്ടമാണ് നഗരസഭയ്ക്ക് ഉണ്ടായികൊണ്ടിരിക്കുന്നത്.

2017-18, 2018-19 വർഷങ്ങളിൽ നഗരസഭയുമായി ചമച്ച കരാറിൽ എന്ത് വ്യാപാരമാണ് മുറിയിൽ നടത്തുന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല.

സമീപ മുറികളായ 16ഉം,17ഉം കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ഓഫീസ് ആവശ്യത്തിനായി ചതുരശ്ര അടിയ്ക്ക് ₹ 15/- നിരക്കിൽ വാടകയ്ക്ക് നൽകുന്നതിന് 20.10.2017ലെ 22-ാം നമ്പർ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. മൊത്തം 1740 ചതുരശ്ര അടിയുള്ള (68.64+93.06=161.70m2) മുറികൾക്ക് പ്രതിമാസം ₹ 26,100/- വാടക ലഭിക്കുന്നുണ്ട്. മുറി നമ്പർ 18, 19 വിദ്യാഭ്യാസ ആവശ്യത്തിനായി ശ്രീ.ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് ചതുരശ്ര അടിയ്ക്ക് ₹ 12 നിരക്കിലാണ് നൽകിയിട്ടുള്ളത്. ആയതിൽ ഒരു മുറിയിൽ നിന്നുംതന്നെ പ്രതിമാസം ₹ 20,880/- നിരക്കിൽ വാടകയായി നഗരസഭയ്ക്ക് ലഭിക്കുന്നുമുണ്ട്.

9.11.2017ലെ 34-ാം നമ്പർ ധനകാര്യ കമ്മിറ്റി ഈ കെട്ടിടത്തിന് മാർക്കറ്റ് റേറ്റായി നിശ്ചയിച്ചിരിക്കുന്നത് ₹ 50 ആണ്. മാർക്കറ്റ് റേറ്റ് പ്രകാരം മുറി വാടകയ്ക്ക് നൽകിയിരുന്നെങ്കിൽ പ്രതിമാസം ₹ 90,000 നിരക്കിൽ (1800 x ₹ 50) വാടക ലഭിക്കുമായിരുന്നു.

മേൽ വസ്തുതകൾ പരിശോധിക്കുമ്പോൾ നിസ്സാരമായ തുകയ്ക്കാണ് മുറി നം 15 വാടകയ്ക്ക് നൽകിയിരിക്കുന്നത്. ഇതുമൂലം നഗരസഭയ്ക്ക് വൻസാമ്പത്തിക നഷ്ടമാണ് ഉണ്ടായി കൊണ്ടിരിക്കുന്നത്.

മുറിയുടെ വിസ്തീർണ്ണം കണക്കാക്കി മാർക്കറ്റ് റേറ്റനുസരിച്ച് ടെണ്ടർ/ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽവിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക മറുപടിയായി (നം.14, തീയതി :26.06.2019) കോർപ്പറേഷനുണ്ടായ സാമ്പത്തിക നഷ്ടം സംബന്ധിച്ച വിവരങ്ങൾ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതും കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് മുറികൾ വാടകയ്ക്ക് നൽകുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-47 കമ്മ്യൂണിറ്റി ഹാൾ വാടക-വരവ് രേഖപ്പെടുത്തുന്നില്ല

കൂർക്കഞ്ചേരി മേഖലാ കാര്യാലയത്തിന്റെ പരിധിയിലുള്ള കൂർക്കഞ്ചേരി കമ്മ്യൂണിറ്റി ഹാൾ, കുരിയച്ചിറ ഹാൾ എന്നിവിടങ്ങളിൽ നിന്നും വാടക ഇനത്തിൽ ലഭിക്കുന്ന വരവുകൾ ഹാൾ ബുക്കിംഗ് രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല. കാര്യാലയത്തിൽ ലഭിക്കുന്ന അപേക്ഷയുടെ വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ ചേർക്കുന്നില്ല. രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കുകയോ, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആയതിനാൽ കമ്മ്യൂണിറ്റി ഹാളുകളിൽ

നിന്നുള്ള വരവുകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ കഴിഞ്ഞില്ല. (ഓഡിറ്റ് എൻക്വയറി നം.147, തിയതി. 09.12.19 ) വരവുകൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-48 ഒല്ലൂർ മേഖലാ കാര്യാലയം-ടൗൺ ഹാളുകളിലെ വാടക കാലാനുസൃതമായി പരിഷ്ക്കരിച്ചിട്ടില്ല

ഒല്ലൂർ മേഖലാ കാര്യാലയത്തിന് കീഴിലുള്ള ഒല്ലൂർ ടൗൺ ഹാൾ, ചീരാച്ചി ഹാൾ എന്നിവ വിവിധാവശ്യങ്ങൾക്കായി പൊതുജനങ്ങൾക്ക് വാടകയ്ക്ക് നൽകി വരുന്നു. പഞ്ചായത്ത് കാര്യാലയമായി പ്രവർത്തിച്ചിരുന്ന കാലത്തെ ഉച്ചമായ വാടക തന്നെയാണ് ഇപ്പോഴും ഇവയ്ക്ക് ഈടാക്കുന്നത്. രണ്ട് ടൗൺഹാളുകളിൽ നിന്നും സർവ്വീസ് ടാക്സിനത്തിലും മറ്റ് യൂസർ ചാർജിനത്തിലും പ്രളയ സെസ്സ് ഇനത്തിലും അടവാക്കേണ്ട തുക കുറച്ചാൽ ₹400യോളം മാത്രമാണ് വാടകയിനത്തിൽ ലഭിയ്ക്കുന്നത്. ഓരോ ദ്വൈമാസത്തിലും ഹാളിന്റെ വൈദ്യുതി ചാർജ്ജിനത്തിൽ ഒരു നിശ്ചിത തുക അടവാക്കേണ്ടതായും വരുന്നു. ഇപ്രകാരം ഹാളുകളുടെ വൈദ്യുതി ചാർജിനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ₹60,689 അടവാക്കിയിട്ടുണ്ട്. എന്നാൽ രണ്ടു ഹാളുകളിൽ നിന്നുമായി വാടകയിനത്തിൽ ₹85,721 മാത്രമാണ് ലഭിച്ചിട്ടുള്ളത് എന്ന് ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.103/21.11.19)മറുപടി നൽകിയിട്ടുണ്ട്. ഈ തുക ഹാളുകളുടെ നവീകരണത്തിനോ മറ്റ് അടിസ്ഥാന പ്രശ്നപരിഹാരത്തിനോ തികച്ചും അപര്യാപ്തമാണ്. കൂടുതൽ ആവശ്യക്കാരെ ആകർഷിയ്ക്കത്തക്ക വിധം ഹാളുകൾ ആധുനിക വത്ക്കരിക്കാനും അതനുസരിച്ച് വരുമാനം ലഭ്യമാവാനും വാടകയിനത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടത് അത്യാവശ്യമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-49 അയ്യന്തോൾ - മാവേലി സ്റ്റോർ- വാടകയ്ക്ക് നൽകിയതിലെ അപാകതകൾ

തൃശ്ശൂർ കോർപ്പറേഷന്റെ അധീനതയിലുള്ള, അയ്യന്തോൾ വ്യവസായ കേന്ദ്രത്തിലെ 49/547, 49/548 എന്നീ മുറികൾ സപ്ലൈകോയുടെ മാവേലി സ്റ്റോറിന് വാടകയ്ക്ക് നൽകിയതു സംബന്ധിച്ച R12/4099/16 നമ്പർ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 14.08.12-ലെ 15-ാം നമ്പർ കൗൺസിൽ തീരുമാനത്തിലെ 15-ാം നമ്പർ നിബന്ധന പ്രകാരം എല്ലാ മുറികൾക്കും ഒരു വർഷത്തെ വാടകയ്ക്ക് തുല്യ തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി അടയ്ക്കേണ്ടതാണ്. ആയത് 01.01.17 മുതൽ നിലവിൽ വന്നിട്ടുണ്ട്. സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ 11,040/- (920 X 12) രൂപ മാവേലി സ്റ്റോർ നാളിതുവരെ അടച്ചിട്ടില്ല.

2) 2013 ജനവരി മുതൽ 2019 സെപ്തംബർ വരെയുള്ള പിഴപ്പലിശയായ 1,538/- രൂപ അടയ്ക്കുന്നതിനായി 24.10.16-ന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക മാവേലി സ്റ്റോർ അടച്ചിട്ടില്ല.

മേൽ പരാമർശിച്ച തുകകൾ മാവേലി സ്റ്റോറിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-50 നഗരസഭ വക കെട്ടിടങ്ങളിൽ നിന്നും വാടക യഥാസമയം ഈടാക്കുന്നില്ല

നഗരസഭ അധീനതയിലുള്ള കെട്ടിടങ്ങൾ വിവിധ സ്ഥാപനങ്ങൾക്ക്/ വ്യക്തികൾക്ക് പ്രതിമാസ നിരക്കിൽ വാടകയ്ക്ക് നൽകി വരുന്നുണ്ട്. എന്നാൽ വാടകക്കാരിൽ നിന്നും യഥാസമയം വാടക ഈടാക്കുന്നില്ല. വാടക രജിസ്റ്റർ പ്രകാരം 2018-19 വർഷം ഈടാക്കുവാനുള്ള വാടകയുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. വാടക ഈടാക്കേണ്ടതും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215(8) പ്രകാരമുള്ള തുടർനടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 139/16.12.2019)

## 1-51 ക്വാർട്ടേഴ്സിന്റെ വാടക വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല

നഗരസഭയുടെ ക്വാർട്ടേഴ്സുകളെ സംബന്ധിക്കുന്ന വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല. ഓഡിറ്റ് പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ക്വാർട്ടേഴ്സുകളുടെ വാടക സംബന്ധിച്ച് 2 ക്വാർട്ടേഴ്സ് റെന്റ് രജിസ്റ്ററുകൾ നഗരസഭ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. 2018-2019 സാമ്പത്തിക വർഷം ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളിലെ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്താത്തതും ബന്ധപ്പെട്ട അധികാരികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതുമാണ്. 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക പ്രകാരം Rent from staff Quarters എന്ന ഇനത്തിൽ ₹ 4,52,752 വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. വാടക വരവ് തുകയെ കുറിച്ച് വ്യക്തമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കാത്തതും മൂലം ഈ ഇനത്തിലുള്ള വരവ് തുക പരിശോധിക്കുന്നതിന് ഓഡിറ്റിനായില്ല.

2. നഗരസഭയുടെ ക്വാർട്ടേഴ്സ് റെന്റ് രജിസ്റ്ററിൽ താഴെപ്പറയും പ്രകാരം ക്വാർട്ടേഴ്സുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നഗരസഭയുടെ മിക്ക ക്വാർട്ടേഴ്സുകളും ആര് കൈവശം വെച്ച് വരുന്നു എന്ന വിവരം രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

| ക്രമ നമ്പർ | ക്വാർട്ടേഴ്സിന്റെ പേര് | ക്വാർട്ടേഴ്സിന്റെ എണ്ണം |
|---|---|---|
| 1 | പള്ളിക്കുളം ക്വാർട്ടേഴ്സ് | 5 |
| 2 | പറവട്ടാനി ഫ്ലാറ്റ് ടൈപ്പ് | 4 |
| 3 | പറവട്ടാനി ജനത | 23 |
| 4 | ചിയ്യാരം 'സി' ടൈപ്പ് | 20 |
| 5 | ചിയ്യാരം 'ഡി' ടൈപ്പ് | 6 |
| 6 | കൊക്കാല ബാച്ചിലർ ക്വാർട്ടേഴ്സ് | 11 |
| | **ആകെ** | **69** |

3. രജിസ്റ്റർ പ്രകാരം ചില ക്വാർട്ടേഴ്സുകൾ അറ്റകുറ്റപണിക്കായും മറ്റ് ആവശ്യങ്ങൾക്കായും അനുവദിച്ച് കാണുന്നു. എന്നാൽ ആയതിന്റെ തൽസ്ഥിതി വിവരം ഇല്ല. അത്തരം ക്വാർട്ടേഴ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്വാർട്ടേഴ്സിന്റെ പേര് | കുറിപ്പ് |
|---|---|---|
| 1 | പറവട്ടാനി ജനത PJ1 | നഗരസഭ ബാലവാടി |
| 2 | പറവട്ടാനി ജനത PJ5 | Dog care taker ക്ക് നൽകുവാൻ 1.09.14 ൽ താൽക്കാലികാനുമതി |
| 3 | പറവട്ടാനി ജനത PJ6 | അറ്റകുറ്റ പണികൾക്കായി 4.04.17 ൽ എഞ്ചിനീയർ സെക്ഷന് കുറിപ്പ് നൽകി |
| 4 | പറവട്ടാനി ജനത PJ18 | അറ്റകുറ്റ പണികൾക്കായി 1.03.16 ൽ എഞ്ചിനീയർ സെക്ഷന് കുറിപ്പ് നൽകി |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (72/15.10.2019) മറുപടി ലഭ്യമാക്കിയില്ല.

4. സർക്കാർ ഉത്തരവ് (അ) 7/2016/ധന/തി.20.01.2016 പ്രകാരം സർക്കാർ ക്വാർട്ടേഴ്സുകൾ അനുവദിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളനിരക്ക് 35700-75600 ന് മുകളിൽ ആണെങ്കിൽ ഇവരിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റെ 2% തുക വീട്ടുവാടക ഇനത്തിൽ ഈടാക്കേണ്ടതാണ്. മേൽ ഉത്തരവ് പ്രകാരം പ്രകാരം സർക്കാർ ക്വാർട്ടേഴ്സുകൾ അനുവദിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് വീട്ടുവാടക ബത്തയ്ക്ക് അർഹതയില്ല. സർക്കാർ ഉത്തരവ് (അ) 7/2016/ധന/തി. 20.01.2016 പ്രകാരം ക്വാർട്ടേഴ്സുകൾ ഉപയോഗിക്കുന്ന ജീവനക്കാരുടെ വിവരവും വീട്ടുവാടക ഈടാക്കിയതിന്റെ രജിസ്റ്ററുകളും അനുബന്ധരേഖകളും ഓഡിറ്റിന് ലഭ്യമായില്ല.

ആയതിനാൽ നഗരസഭയുടെ ക്വാർട്ടേഴ്സുകളുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ഉറപ്പു വരുത്തുന്നതിനോ തുടർ നിരീക്ഷണം നടത്തുന്നതിനോ ഉള്ള സംവിധാനം നഗരസഭയിൽ കാര്യക്ഷമമല്ലായെന്ന് വ്യക്തമാണ്. ക്വാർട്ടേഴ്സ് സംബന്ധിച്ച വിവരങ്ങൾ കൃത്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും രേഖകൾ കൃത്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-52 ഡി & ഒ ലൈസൻസ് ഫീ പിരിച്ചെടുക്കുന്നതിൽ അലംഭാവം

1) കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 572- ലെ ഉപവകുപ്പ് 1 പ്രകാരം ഏതെങ്കിലും ബൈലോയോ, റഗുലേഷനോ, അവയുടെ റദ്ദാക്കലോ, വ്യത്യാസപ്പെടുത്തലോ അത് സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നതുവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ലെന്നും 572- ലെ ഉപവകുപ്പ് 2 പ്രകാരം ഏതെങ്കിലും ബൈലോയോ, റഗുലേഷനോ, അല്ലെങ്കിൽ അവയുടെ റദ്ദാക്കലോ, വ്യത്യാസപ്പെടുത്തലോ (1)-ാം ഉപവകുപ്പുപ്രകാരം സ്ഥിരീകരിക്കപ്പെട്ടാൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, മറ്റൊരു തീയതി അതിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, അങ്ങനെ പ്രസിദ്ധപ്പെടുത്തുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതുമാകുന്നു.

കച്ചവട-വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസ് ഫീ ഏകീകരണം സംബന്ധിച്ച PH1/21385/11 നമ്പർ ഫയൽ പരിശോധിച്ചപ്പോൾ, തൃശ്ശൂർ കോർപ്പറേഷന്റെ ബൈലോ സർക്കാർ അംഗീകാരം നേടി ഗസറ്റിൽ വിജ്ഞാപനം നടത്തിയിട്ടില്ല.

ബൈലോ സർക്കാർ അംഗീകാരം നേടി ഗസറ്റിൽ വിജ്ഞാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ പട്ടിക I, പട്ടിക II പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ ലബോറട്ടറികൾ/ ക്ലിനിക്ക് എന്നിവ ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ 2018-19 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | സ്ഥാപനം | ഈടാക്കേണ്ട തുക |
|---|---|---|---|
| 1. | X/6/1A | കാട്ടുക്കാരൻ ഡെന്റൽ ക്ലിനിക്, പള്ളിക്കുളം റോഡ്, തൃശ്ശൂർ | ₹ 300 |
| 2. | XXVI/689 | ഡോക്ടേഴ്സ് റിസർച്ച് ലാബോറട്ടറി, ടി.സി. കുഞ്ഞിയമ്മ ട്രസ്റ്റ്, പാലസ് റോഡ്, തൃശ്ശൂർ | ₹ 750 |
| 3. | VIII/350-8 | ഡോ. തോമസ് ആൻറണി, ചിൽഡ്രൻ ക്ലിനിക്, മിഷ്യൻ ക്വാർട്ടേഴ്സ്, തൃശ്ശൂർ | ₹ 300 |
| 4. | XXVI/1214/1 | ചേറ്റുപുഴ ഡെന്റൽ ക്ലിനിക്, സെന്റ്. തോമസ് കോളേജ് റോഡ്, തൃശ്ശൂർ | ₹ 300 |
| 5. | VIII/13/1 | ഇമ്മിട്ടീസ് ഡെന്റൽ കെയർ, ബിഷപ്പ് പാലസ് റോഡ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ | ₹ 300 |
| 6. | IX/472/2 | തരിയൻസ് ഡെന്റൽ ക്ലിനിക്, മിഷ്യൻ ക്വാർട്ടേഴ്സ് റോഡ്, തൃശ്ശൂർ | ₹ 300 |
| 7. | IX/529/4 | മോഡേൺ സൂപ്പർ സ്പെഷാലിറ്റി ഡെന്റൽ കെയർ, ഇക്കണ്ടവാരിയർ റോഡ്, തൃശ്ശൂർ | ₹ 300 |
| 8. | XXVI/1206/1 | മദർ ലാബ്, ബ്രൈറ്റ് ടവർ, സെന്റ്.തോമസ് കോളേജ് റോഡ്, തൃശ്ശൂർ | ₹ 750 |
| 9. | XXVI/719/4 | ഡിവൈൻ ഡെന്റൽ ക്ലിനിക്, പാറമേക്കാവ് അമ്പലം, തൃശ്ശൂർ | ₹ 300 |
| 10. | XXVI/1184 | ജനത ലാബ്, സെന്റ്.തോമസ് കോളേജ് റോഡ്, തൃശ്ശൂർ | ₹ 750 |
| 11. | VIII/21/1 | പോളി ഡെന്റൽ ക്ലിനിക്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ | ₹ 300 |
| 12. | 21/58/A | അരീക്കൽ ഹോളിസ്റ്റിക് ക്ലിനിക്ക്, പുഷ്പാഞ്ജലി ലൈൻ, അയ്യന്തോൾ | ₹ 300 |
| 13. | 20/320/12/1 | മാതാ ഡെന്റൽ ക്ലിനിക്, പൂത്തോൾ | ₹ 300 |
| 14. | 20/580 | നിയാമ ആയുർവേദ സ്പാ & വെൽനെസ്സ് സെന്റർ, കോട്ടപ്പുറം | ₹ 750 |
| 15. | 20/423 | പ്രശാന്തി ക്ലിനിക്ക്, ശങ്കരയ്യ റോഡ്, തൃശ്ശൂർ | ₹ 300 |
| 16. | 19/1981/1 | മഹേഷ് ഓർത്തോ കോസ്മെറ്റിക് ദന്തൽ ക്ലിനിക്ക്, പൂത്തോൾ | ₹ 300 |
| 17. | 19/495 | ട്രിച്ചൂർ നഴ്സിംഗ് ഹോം, പൂത്തോൾ | ₹ 300 |
| 18. | 21/575/4 | കമ്മത്ത് ദന്തൽ ക്ലിനിക്, വേണൂസ് കോംപ്ലക്സ്, എം.ജി. റോഡ് | ₹ 300 |
| 19. | 18/77/27,28,29 | വി സ്മൈൽ ദന്തൽ ക്ലിനിക്, തോപ്പിൻമൂല, അരണാട്ടുകര, തൃശ്ശൂർ | ₹ 300 |
| 20. | 15/296/6 | തൈക്കാട്ട് മൂസ, ഇ.ടി.എം. ഔഷധശാല, മൃത്യുഞ്ജയ ആയുർവേദ ക്ലിനിക്ക്, അരണാട്ടുകര, തൃശ്ശൂർ | ₹ 300 |
| 21. | II/296 | വി.ടി.ആർ. ഡെന്റൽ ക്ലിനിക്, പറവട്ടാനി, ഡോ. ബീന തങ്കരാജ് | ₹ 300 |
| 22. | III/205(1) | മാർ തിമോത്തിയസ് മെമ്മോറിയൽ ഡെന്റൽ ക്ലിനിക്, നെല്ലിക്കുന്ന് | ₹ 300 |
| 23. | VIII/605 | ഡി.ഡി.ആർ.സി. ഡയഗ്നോസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ്, കുട്ടനെല്ലൂർ, തൃശ്ശൂർ | ₹ 750 |
| 24. | 28/85/73 | മാസ്റ്റേഴ്സ് ഡെന്റൽ ക്ലിനിക്, അവോക്കാരൻ ആർക്കേഡ്, പാട്ടുരായ്ക്കൽ | ₹ 300 |
| 25. | 28/293/128 | കാർത്ത്യായനി നഴ്സിംഗ് ഹോം, പാട്ടുരായ്ക്കൽ, തൃശ്ശൂർ | ₹ 300 |

| | | | |
|---|---|---|---|
| 26. | 29/54/6,7,8,9,10 | മലബാർ ഐ ഹോസ്പിറ്റൽ കേരള കെയർ, എ.റഹ്മാൻ കോംപ്ലക്സ്, എ.ആർ. മേനോൻ റോഡ്, തൃശ്ശൂർ | ₹1500 |
| 27. | 29/369 | മന്ന ഹോമിയോപതിക് ക്ലിനിക്ക്, ജയശ്രീ ബിൽഡിങ്ങ്, റെയിൽവേ സ്റ്റേഷൻ റോഡ്, തിരുവമ്പാടി | ₹ 300 |
| 28. | 29/586/A2-28 | ഹൈജിയ മെഡിക്കൽ ലബോറട്ടറി, ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ | ₹ 750 |
| 29. | 29/748/2 | ആയുർകർമ്മ ആയുർവേദ ക്ലിനിക്, ഗോപാലൻ വൈദ്യർ മെമ്മോറിയൽ ബിൽഡിങ്ങ്, പാട്ടുരായ്ക്കൽ | ₹ 300 |
| 30. | 30/626/1 | കെയർ സെന്റർ, സീതാറാം മിൽ റോഡ്, പൂങ്കുന്നം | ₹ 750 |
| 31. | 30/639/1 | വെറ്റ്സ് ഡെന്റൽ കെയർ, മേച്ചേരി, പൂങ്കുന്നം | ₹ 300 |
| 32. | 31/509 | മയോ മെഡി സെന്റർ ലബോറട്ടറി, പൂങ്കുന്നം | ₹ 750 |
| 33. | 32/464 | ഡോക്ടേഴ്സ് സെന്റർ, പൂങ്കുന്നം | ₹ 750 |
| 34. | 32/469/3 | മെഡി വിഷൻ, കെയർ ഇൻഫെർട്ടിലിറ്റി സെന്ററിന് എതിർവശം, പൂങ്കുന്നം | ₹ 750 |
| 35. | XXV/608/1 | ദി ടൂത്ത് പാലസ്, ഡെന്റൽ ക്ലിനിക്, കാരിക്കത്ത് ലൈൻ, എം.ജി. റോഡ്, തൃശ്ശൂർ | ₹ 300 |
| 36. | XXV/1511 | മാത്യൂസ് ഡെന്റൽ ക്ലിനിക്, കുറുപ്പം റോഡ്, തൃശ്ശൂർ | ₹ 300 |
| 37. | XXV/1155 | ആർ.ഡി.എസ്. ലബോറട്ടറീസ്, എസ്.കെ.എസ്. ബിൽഡിംഗ്, എ.ആർ. മേനോൻ റോഡ്, തൃശ്ശൂർ | ₹ 750 |
| 38. | XXV/1384 | ശ്രീ. ശങ്കരമഠം പാരമ്പര്യ ചികിത്സാലയം, മാരാർ റോഡ്, തൃശ്ശൂർ | ₹ 750 |
| 39. | XXV/1327/2 | ഇ & ഐ ലാബ് - എൻഡോക്രൈനോളജി & ഇമ്മ്യൂണോളജി ലാബ്, തെക്കേ മഠം റോഡ്, തൃശ്ശൂർ | ₹ 750 |
| 40. | XXV/1502/8 | അഹല്യ ഫൗണ്ടേഷൻ ഐ ഹോസ്പിറ്റൽ, കുറുപ്പം റോഡ്, തൃശ്ശൂർ | ₹ 1500 |
| 41. | XXV/1388 | മദർ കെയർ അക്യൂപങ്ചർ, മാരാർ റോഡ്, തൃശ്ശൂർ | ₹ 750 |
| 42. | XIII/377/6 | എസ്.ബി.എം ഡെന്റൽ കെയർ, എ.എസ് കോംപ്ലക്സ്, തങ്കം ബസ് സ്റ്റോപ്പ്, കൂർക്കഞ്ചേരി | ₹ 300 |
| 43. | XIII/782 | തൃശ്ശൂർ പൾസ് കെയർ, സൂപ്പർ സ്പെഷാലിറ്റി പോളി ക്ലിനിക്ക്, കൊക്കാല, തൃശ്ശൂർ | ₹ 300 |
| 44. | XII/416/1 | കൈരളി ആയുർവേദിക്ക് ക്ലിനിക്ക്, വാരിയം ലൈൻ, തൃശ്ശൂർ | ₹ 300 |
| 45. | II/598(11) | റിഷി ആയുർവേദ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, അറഫ ടവർ, വെളിയന്നൂർ, തൃശ്ശൂർ | ₹1500 |
| 46. | XIII/202 | സൂര്യ ലബോറട്ടറി, കൂർക്കഞ്ചേരി | ₹ 750 |
| 47. | XIII/303/6A | ആർദൻ ഹോം ഹെൽത്ത് കെയർ, വത്തേരി അപ്പാർട്ട്മെന്റ്, കാഞ്ഞിരങ്ങാടി, കൂർക്കഞ്ചേരി | ₹ 750 |
| 48. | XIII/361/1 & 3 | ഡിഡിആർസി എസ്.ആർ.സി ഡയഗ്നോസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ്, കൂർക്കഞ്ചേരി | ₹ 750 |
| 49. | XIV/414/2,3 | സേവന ക്ലിനിക്കൽ ലബോറട്ടറി, എസ്.എൻ റോഡ്, കൂർക്കഞ്ചേരി | ₹ 750 |
| 50. | IX/94/4 | റൂട്ട് കനാൽ സെന്റർ ഡെന്റൽ ക്ലിനിക്ക്, CSI സെമിത്തേരി റോഡ്, മിഷൻ ക്വാട്ടേഴ്സ്, തൃശ്ശൂർ | ₹ 300 |
| 51. | XXVI/1310 | സ്പെഷലിസ്റ്റ് സ്കാൻ & ക്ലിനിക്ക്, ജനറൽ ഹോസ്പിറ്റലിനു സമീപം, പാലക്കൽ അങ്ങാടി, തൃശ്ശൂർ | ₹ 750 |
| 52. | IX/233/1 | ഗ്രേസ് ഡെന്റൽ ക്ലിനിക്ക്, മിഷൻ ക്വാട്ടേഴ്സ്, തൃശ്ശൂർ | ₹ 300 |
| 53. | XXVI/1346 | ഡോക്ടേഴ്സ് ഡയഗ്നോസ്റ്റിക്സ് സെന്റർ, പാലക്കൽ അങ്ങാടി, തൃശ്ശൂർ | ₹ 750 |
| 54. | XXVI/1025/2 XXVI/1025/C,D,E | ഭാരത് ഡയഗ്നോസ്റ്റിക്സ് സെന്റർ, ചന്ദ്രിക ആയുർ സ്പാ, പാലക്കൽ അങ്ങാടി, തൃശ്ശൂർ | ₹ 750 |
| 55. | XXVII/169/1 | രക്ഷ ഹെൽത്ത് കെയർ സൊല്യൂഷൻ, ജവഹർ റോഡ്, | ₹ 750 |

| | | | |
|---|---|---|---|
| | | ചെമ്പൂക്കാവ് | |
| 56. | VIII/349 | ചിറയത്ത് ഡെന്റൽ ക്ലിനിക്ക്, പള്ളിക്കുളം ജങ്ഷന സമീപം, തൃശ്ശൂർ | ₹ 300 |
| 57. | VIII/64 | മണവാളൻ ഡെന്റൽ ക്ലിനിക്ക്, കിഴക്കേക്കോട്ട, തൃശ്ശൂർ | ₹ 300 |
| | ആകെ | | ₹ 30,600 |

നിലവിൽ പാരാ മെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ള മേൽ സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) 2011-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 447-ൽ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ഒരു സ്ഥലത്തും ഏതൊരു വ്യാപാര സ്ഥാപനവും ലൈസൻസ് കൂടാതെയും, അതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായിട്ടല്ലാതെയും ഉപയോഗിക്കാൻ പാടില്ലെന്ന് പരാമർശിക്കുന്നുണ്ട്. എന്നാൽ 2017-18 വർഷം ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും 2018-19 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | സ്ഥാപനം | 2017-18ൽ ഈടാക്കിയ ഫീ |
|---|---|---|---|
| 1. | XIII/57 | ടി.എം.രാജൻ, അരണാട്ടുകര – റേഷൻ ഷോപ്പ് | ₹ 63 |
| 2. | XIII/103(3) | ഗീത.എം.എസ്,ഒറ്റലി, കൂർക്കഞ്ചേരി -ഒറ്റലി എന്റർപ്രൈസസ്, ഗ്രോസറി, സ്റ്റേഷനറി, കോസ്മെറ്റിക്സ് | ₹ 1500 |
| 3. | XIII/123 | ശ്രീവിദ്യ രാജീവ്, നാഗനിക ട്രേഡേഴ്സ് | ₹ 500 |
| 4. | XIII/152/4 | ഷീല പോൾ കൂർക്കഞ്ചേരി<br>സ്റ്റേഷനറി, ഗ്രോസറി & വെജിറ്റബിൾസ് | ₹ 1500 |
| 5. | XIII/170 | മോഹൻ,കണിമംഗലം, തങ്കമണി കയറ്റം -മാക്സി സെന്റർ | ₹ 500 |
| 6. | XIII/216,4,5 | ദീപക്.എസ്.,പാലക്കൽ ഹൗസ്, അരണാട്ടുകര. പി.വി.എസ്.മാംഗോ ബേക്കറി | ₹ 1500 |
| 7. | XIII/350 | സി.കെ. സജീവ്, ചക്കാമഠത്തിൽ ഹൗസ്, ചോളിശ്ശേരി - ഡൈ ടൂൾസ് | ₹ 1000 |
| 8. | XIII/360 | റോയ് പോൾ കണ്ണൂക്കാടൻ -<br>ഇൻവെർട്ടർ ബാറ്ററി, സോളാർ ഐറ്റംസ് | ₹ 300 |
| 9. | XIII/470 | ഉണ്ണികൃഷ്ണൻ.എം.എ., മടത്തിൽ ഹൗസ്, പാലയൂർ -വാട്ടർ ബോട്ടിൽ സ്റ്റോക്ക് | ₹ 500 |
| 10. | XIII/526 | വി.പി. സുലേഖ, ചിറ്റണ്ണൂർ, കുന്നംകുളം-മെഡിക്കൽ ഷോപ്പ് | ₹ 500 |
| 11. | XIII/631 | ഷബീർ.എൻ.ബി., നാലകത്ത്, മണ്ണുത്തി- കാന്റീൻ | ₹ 1500 |
| 12. | XIII/707,4,5 | പി.പി. ബുബേഷ് കുമാർ, കണിമംഗലം-ഫ്ലക്സ് വർക്ക് | ₹ 500 |
| 13. | XIII/743/45 | തോമസ് മാത്യു, മാടത്തറ -ഇലക്ട്രിക്കൽസ് & ഉഡ് ഐറ്റംസ് | ₹ 1000 |
| 14. | XIII/782/2 | ലാസർ ജോണി, പുത്തൂർക്കര-ഇലക്ട്രിക്കൽ ഐറ്റംസ് | ₹ 500 |
| 15. | XIII/789/10 | സാജു ഫ്രാൻസിസ്, എല്ലുവത്തിങ്കൽ, ചേർപ്പ് - പരസ്യ ഏജൻസി | ₹ 1000 |
| 16. | XIII/789/20 | സുധീഷ് കുമാർ.എ.എം., അക്കരക്കാരൻ,ചേറൂർ<br>കൺസ്ട്രക്ഷൻ വർക്ക് | ₹ 1000 |
| 17. | XIII/789/23 | സനീഷ് സ്രാമ്പിക്കൽ, പൂത്തോൾ- ഫോട്ടോകോപ്പി ഡെക്കറേഷൻ | ₹ 1500 |
| 18. | XIII/789/44/3 | മിനോഷ് കാർ - ലാപ്പ്ടോപ്പ് സർവ്വീസ് | ₹ 1000 |
| 19. | XIII/789/43 | അനീഷ്.സി.ജെയിംസ്,ചിറ്റിലപ്പിള്ളി-മൊബൈൽ ഷോപ്പ് | ₹ 500 |
| 20. | കൊക്കാലെ KMB- XIII/13 | പി.വി. വിജയൻ, മുളയം- ചിത്തിര ട്രേഡിംഗ് കമ്പനി (തേയില വ്യാപാരം) | ₹ 500 |
| 21. | കൊക്കാലെ KMB -XIII/26 | എ.വി. ജയരാജ്, നെടുപുഴ - അലുമിനിയം കമ്പോസിറ്റ് പാനൽ & റോ മെറ്റീരിയൽസ് | ₹ 750 |

| | | | |
|---|---|---|---|
| 22. | XIII/743/41 | ബൈജു.സി.ടി. കണിമംഗലം. - എ1ഫാബ്രിക്കേഷൻ | ₹ 750 |
| 23. | XIII/789/34(1) | സതീദേവി, കണിമംഗലം - ട്രാവൽ ഏജൻസി | ₹ 1500 |
| 24. | XIII/789/38(2) | ഷാര. വി.എം. അരിയന്നൂർ - ഡി.പി. പ്ലാസ ബിൽഡിംഗ്, ഗോൾഡ് ബിസിനസ്സ് | ₹ 5000 |
| 25. | XIII/789/41 | ഷാര. വി.എം. അരിയന്നൂർ - ഓൺലൈൻ അഡ്വർടൈസ്മെന്റ്സ് & ഡിജിറ്റൽ മാർക്കറ്റിംഗ് | ₹ 1000 |
| 26. | XIII/179/A4 | സന്ത.കെ.വിശ്വം, വട്ടൂക്കര, തൃശ്ശൂർ - ഡി.ടി.പി. & ഫോട്ടോസ്റ്റാറ്റ് | ₹ 500 |
| 27. | XIII/789/41(1) | ഷാര. വി.എം. അരിയന്നൂർ - ഉഷാര ബോട്ടിക്ക് & ബ്യൂട്ടി സ്പാ, ഡി.പി. പ്ലാസ ബിൽഡിംഗ്, കൊക്കാലെ | ₹ 1000 |
| 28. | XIII/789/44 | സജീവ്കുമാർ.വി.എസ്., കുറവിലങ്ങാട്, കോട്ടയം - Smart grow soln, ഡി.ടി.പി. വർക്ക് | ₹ 500 |
| 29. | XI/7/3 | മുഹമ്മദ് ഷമീർ, കല്ലിപറമ്പിൽ, പാണഞ്ചേരി ലൈൻ, കൂർക്കഞ്ചേരി- ബാഗ്, ട്രോളി, ഇലക്ട്രോണിക്സ്, ഫർണിച്ചേഴ്സ് | ₹ 1000 |
| 30. | XI/10/8 | ഇ.എ. കുഞ്ഞമ്മു, എഞ്ഞിക്കാലായി, പാണക്കര(പി.ഒ.), കരിക്കാട്, തൃശ്ശൂർ- റെക്സിൻ, ഫർണീഷിങ്ങ് ഐറ്റംസ്, കർട്ടൻസ് | ₹ 1000 |
| 31. | XI/10/9 | എ.വി. ഹംസ, അമ്പാലത്തുവീട്ടിൽ,വേമ്പനാട്, പാവറട്ടി- ലോഡ്ജിംഗ് | ₹1250 |
| 32. | XI/27/1-6 | അബ്ദുൾ റഹ്മാൻ, വെള്ളക്കുറ്റി ഹൗസ്, കൈപ്പറമ്പ്.പി.ഒ., തൃശ്ശൂർ - അൽ അമ്മാൻ റസിഡൻസി & ലോഡ്ജ് | ₹ 1000 |
| 33. | XI/70 | വി.ആർ.ബേബി, കൂർക്കഞ്ചേരി - ലോഡ്ജിംഗ് | ₹ 1000 |
| 34. | XI/255 | പി.എ. ജലീൽ രാമനാത്ത്, കണ്ടാണശ്ശേരി - ആലിയ ഹോട്ടൽ & ലോഡ്ജ് | ₹ 1500 |
| 35. | XI/321/16-17 | റെജീസ് ജോൺ.എ. അക്കര, ജവഹർ റോഡ്, അഞ്ചേരി - ഓട്ടോമൊബൈൽ സ്പെയർ പാർട്സ് | ₹ 500 |
| 36. | XI//411/7 | പി.ദേവദാസ്, ശ്രീ. ഗോകുലം, വെങ്ങിണിശ്ശേരി -ഓട്ടോമൊബൈൽ സ്പെയർ പാർട്സ് | ₹ 1000 |
| 37. | XI/479/2,4,5 | കൃഷ്ണപ്രസാദ്.കെ., കരിയാട്ടുപറമ്പിൽ ഹൗസ്- ലോഡ്ജ് | ₹ 3885 |
| 38. | XI/515/1 | നെൽസൺ.കെ. പോൾ, കണ്ണംമ്പുഴ, മണ്ണത്തി ഷോപ്പ് ഡിസ്പ്ലേ & മെറ്റീരിയൽ | ₹ 1500 |
| 39. | XI/598/13 | സ്മിത ഡേവിഡ്, പടിക്കലത്ത്, തൃപ്പാക്കുളം - സി.സി.ടി.വി., സോളാർ പവർ , ഇൻവെർട്ടർ | ₹ 1000 |
| 40. | XI/598/30 | അനിൽ.പി.ഡി., പള്ളിമക്കൽ (ഹൗസ്), ഡെന്റൽ മെറ്റീരിയൽസ് ഉപകരണങ്ങൾ | ₹ 1000 |
| 41. | XI/704/13 | സിഞ്ചു മാത്യൂ, കൊളത്തുംകുന്നേൽ, പൊന്നൂക്കര - അപ്ഹോൾസ്റ്ററി മെറ്റീരിയൽസ് | ₹ 1000 |
| 42. | XI/858/3 | ഉദയകുമാർ, പുത്തൻപുരയിൽ, ചെർപ്പുളശ്ശേരി, പാലക്കാട് - ഓഫീസ് സ്റ്റോക്ക് ട്രേഡിംഗ് ഡെന്റൽ ഉപകരണങ്ങൾ | ₹ 1000 |
| 43. | XI/872/11 | സുനേഷ്.കെ.എസ്. കളപുരയ്ക്കൽ - ബേക്കറി & റസ്റ്റോറന്റ് | ₹ 1500 |
| 44. | XI/947/1,2,3 | ബിബിൻ ഭൂഷൺ, എൽതുരുത്ത് ഹോസ്പിറ്റൽ സർജ്ജിക്കൽസ് & ഹെൽത്ത് കെയർ | ₹ 1000 |
| 45. | 14/5/2 | ഡെനീഷ്.എം.കെ., ഊരകം - കോസ്മെറ്റിക് സംഭരണം | ₹ 1000 |
| 46. | XIV/93 | പവിത്രൻ.എം.കെ. നെട്ടുപുഴ - ഇലക്ട്രോണിക്ക്, ഹോം അപ്ലയൻസസ് | ₹ 1000 |
| 47. | XIV/290(2) | പി.എ. സാദത്ത് പഴവിൽ -നെസ്ലേ പ്രൊഡക്ട്സ് | ₹ 1000 |
| 48. | XIV/477(2) | ടി.അൻവർ താഴത്തേതിൽ- ഫാസ്റ്റ് ഫുഡ് | ₹ 500 |
| 49. | XIV/488(6) | സ്മിത രാജു ,കരുവന്നൂർ - ആർട്സ്, കർട്ടൻസ് & ഗിഫ്റ്റ്സ് | ₹ 750 |
| . | XIV/467(5) | രജീഷ് ജോർജ്ജ്, മാനേജിങ്ങ് ഡയറക്ടർ, ക്ലാസിക് ഒമേഗ | ₹12000 |

| | | | |
|---|---|---|---|
| 50. | | പ്രൈവറ്റ് ലിമിറ്റഡ്, കുർക്കഞ്ചേരി (ട്ടു വീലർ സെയിൽ) | |
| 51. | XXVII/7C | ലിതിൻ കൃഷ്ണൻ, കണിയംപറമ്പിൽ, മനത്തുർ - സർജ്ജിക്കൽ ഐറ്റംസ്, അശ്വിനി ജംഗ്ഷൻ | ₹ 1000 |
| 52. | XXVII/376/A | വിമല വിശ്വംഭരൻ, അമ്പാടി, പൂത്തോൾ - Seamstress, ചെമ്പൂക്കാവ് | ₹1500 |
| 53. | VIII/13/2,6,7 | സവിത.സി.,ആറാട്ടുപുഴ,തൃശ്ശൂർ - അമ്പിളിക്കല ഹോസ്റ്റൽ | ₹ 2000 |
| 54. | X/815/16/17 | സെയ്തലവി, തനതപറമ്പിൽ, കരുവന്നൂർ -പാക്കിംഗ് മെറ്റീരിയൽസ് , റീഗൽ പ്ലാസ | ₹ 1000 |
| 55. | X/815/42 | മിലൻ തണ്ണീർ കോശി, ലക്ഷ്മി വിലാസ്, മുംബൈ - ഗോൾഡ് & ഡയമണ്ട് ഇന്ത്യ ലിമിറ്റഡ് | ₹ 3000 |
| 56. | X/815/43 | ഷാജു.സി.എ., ചുള്ളിപറമ്പിൽ, മുളയം - സ്വർണ്ണാഭരണ വില്പന | ₹ 3000 |
| 57. | IX/94/7 | ഹാപ്പി കുര്യൻ, പാലിയക്കര ഹൗസ്, ചിയ്യാരം - Awesome Jewel concepts സ്വർണ്ണം , വെള്ളി ആഭരണ വില്പന | ₹ 2000 |
| 58. | IX/243/3A | രഞ്ജിത്ത്.കെ. വാരിയർ, ആസ്റ്റർ ഫാർമസ്യൂട്ടികൾസ്, മിഷ്യൻ ക്വാർട്ടേഴ്സ്, തൃശ്ശൂർ | ₹ 2000 |
| 59. | XXVI/594/1 | കാന്റീൻ, സ്വപ്ന തിയ്യേറ്റർ | ₹ 1000 |
| 60. | XV/449/1 | ടി.എ. ജോൺ, S/o. ആന്റപ്പൻ, ഇഞ്ചമുടിക്കാരൻ വീട്, പൂത്തോൾ - ആയുർവേദ മരുന്ന് വില്പന | ₹ 500 |
| 61. | XVII/32/1,2,3,4 | ഷീബ ബൈജു, തെക്കുംപുറം വീട്, മണ്ണംപേട്ട, വട്ടാണത്ര – തുണി കച്ചവടം | ₹ 3000 |
| 62. | XVII/32/5 | ടി.ഒ. ബൈജു, തെക്കുംപുറം വീട്, മണ്ണംപേട്ട, വട്ടാണത്ര – തുണി കച്ചവടം | ₹ 2500 |
| 63. | XVII/78/3 | ജയൻ.ടി.ജി., തെക്കേത്തറ വീട്, മയിലപ്പാടം,തൃശ്ശൂർ - ലക്ഷ്വറി സ്പെയിസ് ട്രേഡേഴ്സ് – ടൈൽസ്, സാനിറ്ററി ഫിറ്റിങ്ങ്സ് | ₹ 3000 |
| 64. | XVII/252/3 | ബിജു.എ.എൻ, ആറ്റപറമ്പിൽ വീട്, കാട്ടൂർ - <br> കാർ സ്പെയർ പാർട്സ് | ₹ 500 |
| 65. | XVII/262/10 | വിനീത്.കെ. കാട്ടിലോത്ത് വീട്, പേരാമംഗലം, തൃശ്ശൂർ -വെഡ്ഡിംഗ് ഫോട്ടോഗ്രാഫി സ്റ്റുഡിയോ | ₹ 1000 |
| 66. | XXIII/326/16 | അബ്ദുൾ കബീർ.സി.കെ., ചെറുങ്ങപറമ്പിൽ വീട്, ചുഡുവെലത്തുർ, ഷൊർണ്ണൂർ - ഗ്യാസ് ഏജൻസീസ് | ₹ 750 |
| 67. | XXI/69 | തോംസൺ ഡേവിസ്, കുരുതുകുളങ്ങര (ഹൗസ്), കാഞ്ഞാണി,തൃശ്ശൂർ - കമ്പ്യൂട്ടർ സിസ്റ്റംസ്, CCTV, സെക്യൂരിറ്റി ക്യാമറ | ₹ 1000 |
| 68. | XXI408/29 | ശ്രീകുമാർ, പ്രണവം, ബാങ്ക് റോഡ്, പാലക്കാട്, ഇലക്ട്രോണിക് സെക്യൂരിറ്റി ലോക്കറുകളുടെ വില്പന, ടെനി അസോസിയേറ്റ്സ് | ₹ 1000 |
| 69. | XXI/540, 541 | എസ്.എസ്. മണിയൻ പാലക്കാട്, കേരള ലോട്ടറി ടിക്കറ്റ് വില്പന | ₹ 2000 |
| 70. | XX/209/2B | ദേവി.കെ., പനമുക്ക്, നെടുപുഴ- <br> ഗാർമെന്റ്സ് & ടൈലറിംഗ് യൂണിറ്റ് | ₹ 1500 |
| 71. | XX/276/1 | ഇ.പി. മുഹമ്മദ്കുട്ടി, ചാവക്കാട് - <br> ഇ.പി. സൂപ്പർമാർക്കറ്റ്, പൂത്തോൾ | ₹ 10000 |
| 72. | XX/320, 9, 10 | ജോബിൻ ജോർജ്ജ്, വെട്ടുകാട്, പുത്തൂർ - കമ്പ്യൂട്ടർ സെയിൽ & സർവ്വീസ് - അറ്റ്ലസ് കമ്പ്യൂട്ടർ കെയർ | ₹ 1300 |
| 73. | XX/567 | കെ.കെ.മേരിക്കുട്ടി, കോലടി വീട്, കുന്നംകുളം – വർക്കിംഗ് വുമൺസ് ഹോസ്റ്റൽ | ₹ 750 |
| 74. | XVIII/331/18 | ബിജുകുട്ടൻ, പനക്കോത്ത് വീട്, പൂവ്വണി, കൈലാസ നഗർ- സ്വർണ്ണം, വെള്ളി വില്പന | ₹ 1000 |
| 75. | XVIII/331/15 | എ.ജെ. ജോയ്, അരിമ്പൂർ വീട്, പൂത്തോൾ - ഓട്ടോമൊബൈൽ സ്പെയർപാർട്സ് | ₹ 1000 |

| | | | |
|---|---|---|---|
| 76. | I/246/2 | ബിന്ദു രാധാകൃഷ്ണൻ, പുനർജ്ജനി, പ്രിയദർശിനി നഗർ, പറവട്ടാനി - ബി.ആർ. ഹോളിഡേയ്സ്, ട്രാവൽ ഏജൻസി | ₹ 3000 |
| 77. | II/255/2 | ഫ്രാൻസിസ്.ടി.ആർ, തെക്കേക്കര ഹൗസ്, നെല്ലിക്കുന്ന്, തെക്കേക്കര ഫർണിസോൺ, ചുങ്കം, പറവട്ടാനി - ഫർണീച്ചർ & ഹോം ഡെക്കർസ് | ₹ 1000 |
| 78. | II/262/2 | സെക്രട്ടറി, ടൂറിസം ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി -<br>നീതി മെഡിക്കൽ സ്റ്റോർ | ₹ 2000 |
| 79. | II/323/6 | സ്മിത ശെൽവൻ, അക്കച്ചേരി ഹൗസ് -<br>പ്രെറ്റി സ്പോട്ട് ബ്യൂട്ടിപാർലർ, പറവട്ടാനി | ₹ 500 |
| 80. | II/343/2 | വിനോദ്.ജി. വാര്യർ - H Promise – Popular Hyundai Popular Motors World Pvt. Ltd., പറവട്ടാനി, Used Car Showroom | ₹ 3000 |
| 81. | III/31/1,2,3,4,5 | വി.എൻ. യാസിർ അറാഫത്ത്,തിരൂർ-കളർ ബലൂൺ, ടോയ്സ്, ബേബി ഫുഡ്സ്, കിഡ്സ് വെയർ | ₹ 5000 |
| 82. | III/6 | നിയോ ഡേവിസ്,തേർമഠം, പറവട്ടാനി, - തേർമാടം കൺസ്ട്രക്ഷൻ , ബിൽഡിംഗ് കൺസൾട്ടൻസി | ₹ 1000 |
| 83. | IV/498 | സി.എ. ഷാജി, ചേലക്കോട്ടുകര, താജ് ഹോട്ടൽ, കിഴക്കേ കോട്ട | ₹ 1500 |
| 84. | IV/521 | ഫർഷാദ്.പി.ഐ., എരമംഗലം, മലപ്പുറം-ഇക്കിബാന, സ്റ്റേഷനറി, ഗ്രോസറി, ഫ്രൂട്ട്സ്, വെജിറ്റബിൾസ്, ഫുട്ട് വെയർ, ക്ലോത്ത് | ₹ 2000 |
| 85. | V/23 | മാഗി തിമോത്തി, കുന്നത്തുംകര- എബീസ് ചിക്കൻ സെന്റർ, ചിക്കൻ സ്റ്റാൾ | ₹ 3000 |
| 86. | V/3/2 | ജോസഫ് ആന്റണി, കിഴക്കുംപാട്ടുകര – RI ഗോൾഡ് വർക്ക്സ് | ₹ 1000 |
| 87. | V/383/4 | സി.ഡി.സന്തോഷ്, മാനേജർ, ഇന്ത്യൻ കോഫീ ഹൗസ്, ജൂബിലിമിഷൻ ഹോസ്പിറ്റൽ, തൃശ്ശൂർ | ₹ 2000 |
| 88. | VI/15 | കെ.പി.റോസി, കന്നടി വീട്, ഒല്ലൂർ -പോർക്ക് , ചിക്കൻ സെന്റർ | ₹ 500 |
| 89. | VI/451/5 | ജോസ്.ജെ.വാലവി, എറണാകുളം -<br>വാലവി കാർഡ്സ്, കിഴക്കേ കോട്ട | ₹ 500 |
| 90. | VII/411/5 | അനിൽകുമാർ.കെ, കാണിപ്പയ്യൂർ -<br>എക്സ്റ്റന്റഡ് ടെക്നോളജീസ് (CCTV, ക്യാമറ) | ₹ 2000 |
| 91. | VIII/399/3 | സമറിൻ സുബൈർ, ഗുരുവായൂർ -<br>പേൾ ബ്യൂട്ടി സ്പാ, അഞ്ചേരി | ₹ 1500 |
| 92. | XXX/460 | സത്യരാജ്, പൂങ്കുന്നം - അരി & പലചരക്ക് | ₹ 700 |
| 93. | XXX/470 | അലൻ തോമസ്, ഗുരുവായൂർ -<br>വെഡിങ്ങ് കാർഡ് & സ്ക്രീൻ പ്രിന്റിങ്ങ് | ₹ 1000 |
| 94. | XXX/558/1 | മോഹിത്ത് ജെയിൻ, ഡെൽഹി -<br>ട്രാക്ടർ &ഹൈഡ്രോലിറ്റ്സ് | ₹ 1000 |
| 95. | XXX/584/13 | സിസ്റ്റർ ബെല്ലാർമൈൻ, സ്നേഹഭവൻ കോൺവെന്റ്, പൂങ്കുന്നം - ലേഡീസ് ഹോസ്റ്റൽ | ₹ 2000 |
| 96. | XXXI/18/4 | ജോസ് ജോയ്, വിശ്വാസ് ബിസിനസ്സ് - മെഡിക്കൽ സർജിക്കൽസ് ഐറ്റംസ് | ₹ 1000 |
| 97. | XXXI/208 /39-43 | ദീപ.പി, ചേറ്റുപുഴ,തൃശ്ശൂർ - സാനിറ്ററിവെയർസ് & ടൈൽസ് | ₹ 5000 |
| 98. | XXXII/219/8 | നിധിൻ പ്രകാശ്, കൂർക്കഞ്ചേരി - ബേക്കറി & കൂൾഡ്രിങ്ങ്സ് | ₹ 1500 |
| 99. | XXXII/204/3A | ടി.എസ്.കല്യാണരാമൻ, ശോഭാസിറ്റി, പുഴയ്ക്കൽ - സ്വർണ്ണം, വജ്രം ആഭരണങ്ങളുടെ ശേഖരണം | ₹ 5000 |

| | | | |
|---|---|---|---|
| 100. | XXVIII/84/A1 | ദീപക്.ബി, കോലഴി, തൃശ്ശൂർ - ക്യാമറ, കമ്പ്യൂട്ടർ സാമഗ്രികൾ, CCTV വില്പന | ₹ 1000 |
| 101. | XXIX/96/1 | വനജകുമാരി, അട്ടശ്ശേരി,ചിയ്യാരം- റസ്റ്റോറന്റ്, കൂൾബാർ | ₹ 750 |
| 102. | XXV/85 | പ്രതീഷ്.പി.വി, പാടിയോട്ട് ചാൽ,പയ്യന്നൂർ, കണ്ണൂർ -ജോയ് ആലുക്കാസ് റീട്ടൈൽ pvt. Ltd, ടെക്സ്റ്റൽസ് & ഗോഡൗൺ | ₹ 10000 |
| 103. | XXV/88 | ടി.ആർ.വിജയകുമാർ, തണ്ടാശ്ശേരി, ഗാന്ധി നഗർ സ്ട്രീറ്റ് - എലൈറ്റ് ഫാബ്രിക്സ്, ഉണ്ണി ഗോഡൗൺ | ₹ 1000 |
| 104. | XXV/132/2 | മുഹമ്മദ് അമീർ, കുറത്തിയൂർ, ചാവക്കാട് - ചെരുപ്പ്, ബാഗ് വില്പന | ₹ 500 |
| 105. | XXV/132/5-4 | തങ്ക, ചിറ്റിലപ്പിള്ളി വീട്, പൂങ്കുന്നം -ന്യൂട്രീഷൻ സെന്റർ | ₹ 1000 |
| 106. | XXV/132/5/11 | ജാക്സൺ.ഒ.എ, പാവറട്ടി - അൽഫോൺസ് ആന്റണി എയർ ട്രാവൽസ് | ₹ 1000 |
| 107. | XXV/235 | ഫ്രാൻസിസ്.ടി.ആർ, തെക്കേക്കര, നെല്ലിക്കുന്ന് -<br>തെക്കേക്കര ഫർണീസോൺ (ഫർണീച്ചർ വില്പന) | ₹ 3000 |
| 108. | XXV/406C, 406D | സൻജിത്ത് കൃഷ്ണ, ഡയറക്ടർ ട്യൂബ് കെയർ ഹോസ്പിറ്റാലിറ്റി പ്രൈവറ്റ് ലിമിറ്റഡ്, കിഴക്കേക്കോട്ട, തൃശ്ശൂർ -<br>ദി ജയ പാലസ്, റസ്റ്റോറന്റ് | ₹ 2000 |
| 109. | XXV/469/21 | ദേവ് രാജ് ഘോഷ്, റീജിയണൽ മാനേജർ, സ്റ്റോക്ക് ഹോൾഡിങ്ങ് കോർപ്പറേഷൻ ഓഫ് ഇന്ത്യ- സ്വർണ്ണം,വെള്ളി എന്നീ ലോഹക്കട്ടികളുടെ സംഭരണവും വില്പനയും | ₹ 1000 |
| 110. | XXV/577 | ജോബി.വി.ഡി, ചെങ്ങാല്ലൂർ,തൃശ്ശൂർ - ആക്ടീവ് എയർകണ്ടീഷനറി, എയർ കണ്ടീഷൻ ഉപകരണങ്ങളുടെ വില്പനയും സർവ്വീസും | ₹ 1000 |

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

4) 2011-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ലൈസൻസ് നല്കൽ) -ലെ ചട്ടം 7-ൽ വ്യാപാരം/തൊഴിൽ/കച്ചവടസ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽമുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തേയും സുതാര്യമായ മാനദണ്ഡ പ്രകാരം 'എ','ബി','സി' എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് 6-ാം ചട്ട പ്രകാരം നൽകുന്ന ഏതൊരു ലൈസൻസിനും 1-ഉം 2-ഉം പട്ടികകളിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിനു വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. എന്നാൽ തൃശ്ശൂർ കോർപ്പറേഷന്റെ ബൈലോ സർക്കാർ അംഗീകാരം നേടി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക I, പട്ടിക II -ലെ 'സി' ക്ലാസ്സ് വ്യാപാരത്തിന് ഈടാക്കേണ്ട വാർഷിക ലൈസൻസ് (മിനിമം) ഫീ പോലും പല വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നില്ല. അതിനേക്കാൾ കുറവ് ഫീസാണ് ഈടാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നമ്പർ | വ്യാപാരിയുടെ/വ്യാപാരത്തിന്റെ വിവരങ്ങൾ | 2018-19-ൽ ഈടാക്കിയ ഫീ | ആക്ട് പ്രകാരം ഈടാക്കേണ്ട മിനിമം ഫീ | കുറവ് |
|---|---|---|---|---|---|
| 1. | XIII/49 | പി.എ.ജോസഫ്, എഫ്.എ.ബി മാനേജർ, കാസിനോ ഹോട്ടൽ-ബിയർ &വൈൻ | ₹1000<br>4721/236028<br>19.03.18 | ₹4000 | ₹3000 |
| 2. | XIII/50/7/18 | രാംജി ദാസ്,പട്ടിക്കാട് -<br>രാംജി ബ്യൂട്ടീപാർലർ | ₹200<br>4627/231307<br>28.02.18 | ₹500 | ₹300 |
| 3. | XIII/72 | പ്രസന്നൻ.എം, ശ്രീമുരുക ഫാസ്റ്റ് ഫുഡ് | ₹100 | ₹200 | ₹100 |

| | | | | | |
|---|---|---|---|---|---|
| | | | 3886/194279<br>27.02.17 | | |
| 4. | XIII/154 | സി.ഒ.ജോസ്, ചെറുവത്തൂർ - ജോസ് ഫാബ്രിക്സ്, ഉണികച്ചവടം | ₹ 100<br>4721/236021<br>19.03.18 | ₹ 500 | ₹400 |
| 5. | XIII/174 | ഒ.എൻ.പ്രകാശൻ, ഒടാട്ടിൽ വീട്, കുർക്കഞ്ചേരി -പ്രകാശ് നൈറ്റി വർക്ക്സ് | ₹ 100<br>4629/231437<br>13.03.18 | ₹ 500 | ₹400 |
| 6. | XI/25 | പ്രിന്റം ജോസഫ്, ചേറൻകടത്ത്, കിഴക്കേകോട്ട ലോഡ്ജ് | ₹250<br>4888/244351<br>26.09.18 | ₹500 | ₹250 |
| 7. | XI/52 | പി.ഡി.കുര്യൻ, പൊറത്തൂർ - എ1 ട്രേഡേഴ്സ് , ബാറ്ററി വില്പന | ₹100<br>3989/199439<br>06.02.18 | ₹200 | ₹100 |
| 8. | XI/61/7 | ജീജോ ദേവസി, പാറയ്ക്കൽ വീട് - ക്രിസ്റ്റൽ ഡിജിറ്റൽ എഡിറ്റിങ്ങ് & വീഡിയോ എഡിറ്റിങ്ങ് | ₹100<br>4627/231349<br>28.02.18 | ₹300 | ₹200 |
| 9. | XI/117 | ആശാ ജോസ് ചിറ്റിലപ്പിള്ളി, എസ്.എൻ പാർക്ക്,പൂത്തോൾ- സി.പി.ഇലക്ട്രിക്കൽസ് | ₹500<br>4579/228949<br>23.02.18 | ₹1250 | ₹750 |
| 10. | XI/164 | ടി.ഒ.ലിൻസൺ, കുനംമൂച്ചി - ലാവിഷ് ഹോം സ്റ്റൈൽ (സാനിറ്ററീസ്, ടൈൽസ്, ബാത്ത്റൂം ഫിറ്റിങ്ങ്സ്) | ₹250<br>4720/235999<br>15.03.18 | ₹500 | ₹250 |
| 11. | XI/279/2 | എം.ഷഫീക്ക് - പല്ലൂർ മഹേ ബേക്കറി (ബേക്കറി,കൂൾ ബാർ,ചിപ്സ്,സ്റ്റേഷനറി) | ₹ 125<br>4720/235983<br>15.03.18 | ₹1500 | ₹1375 |
| 12. | XI/280 | കെ.സി.ഷിഹാബ്, അറാഫത്ത് മൻസിൽ, പന്നിയത്തൂർ, തലശ്ശേരി - കെ.എസ്.ആർ.ടി.സി കാന്റീൻ | ₹300<br>4720/235982<br>15.03.18 | ₹ 1000 | ₹700 |
| 13. | XI/479/1 | കെ.വി.ജോണി, കൊല്ലങ്ങാടൻ, കുരിയച്ചിറ – ജ്വാല ഡയമണ്ട്സ് | ₹ 1000<br>4579/22809<br>22.02.89 | ₹ 1500 | ₹500 |
| 14. | XI/839/1 | ഒ.ആർ.അനിൽകുമാർ, ഒയ്യാരം പുറത്ത് വീട്, വെളിയന്നൂർ - ഹോട്ടൽ ന്യൂ പാലസ് | ₹100<br>4721/236019<br>19.03.18 | ₹ 1000 | ₹900 |
| 15. | XI/544 | ഡോ.രാമനാഥൻ, കോട്ടപ്പുറം ആയു.ഫാർമസി, സീതാറാം ആയു. സ്പെഷാലിറ്റി ഹോസ്പിറ്റൽ, തൃശ്ശൂർ | ₹ 100<br>4347/217364<br>14.02.18 | ₹ 1500 | ₹1400 |

| | | | | | |
|---|---|---|---|---|---|
| 16. | XIV/387/3/8 | അനൂപ് ചിറയത്ത് - ഐ വിഷൻ ഹോസ്പിറ്റൽ, കുർക്കഞ്ചേരി, തൃശ്ശൂർ | ₹ 100<br>4576/228767<br>17.02.18 | ₹1500 | ₹1400 |
| 17. | XXVII/117 | ടി.പി.ഷൈൻ, മാനേജർ, കെ.ടി.ഡി.സി ഹോട്ടൽ, തൃശ്ശൂർ | ₹ 750<br>4787/239417<br>10.05.18 | ₹1000 | ₹250 |
| 18. | IX/373 | ജോയ്സി ബാബു, കോലന്നൂർ തറയിൽ, അവന്യ റോഡ് - പെട്രോളിയം ഉൽപ്പന്നങ്ങൾ | ₹ 300<br>4544/227175<br>15.02.18 | ₹ 1000 | ₹700 |
| 19. | IX/373/14 | പത്മനാഭൻ, കളിയത്ത് വളപ്പിൽ, പുതുക്കാട് - ദാസ് കോണ്ടിനന്റൽ<br>(സ്റ്റാർ ഹോട്ടൽ) | ₹ 3075<br>4787/239367<br>16.04.18 | ₹ 4000 | ₹925 |
| 20. | XXVI/102/1 | പ്രസിങ്ങ്ട്ടൺ ആന്റണി, മ്യൂസിയം റോഡ്, തൃശ്ശൂർ- സ്റ്റേഷനറി & ഗ്രോസറി | ₹ 500<br>4547/227336<br>19.02.18 | ₹ 1000 | ₹500 |
| 21. | XXVI/602/18 | അംബികദേവി ഉല്ലാസ്, കരുവന്നൂർ - ബ്യൂട്ടീപാർലർ | ₹ 300<br>4453/222607<br>06.02.18 | ₹ 500 | ₹200 |
| 22. | XXVI/654 | ബാബുരാജ്.പി.എസ്, ചേറൂർ - സമ്രാട്ട് ഹോട്ടൽ | ₹ 500<br>4692/234600<br>15.03.18 | ₹1000 | ₹500 |
| 23. | XXVI/665/6 | പട്ടാഭിരാമൻ.ടി.എസ്, തൃക്കൂർ മഠം, പൂങ്കുന്നം - കാന്റീൻ | ₹ 500<br>4692/234593<br>15.03.18 | ₹1000 | ₹ 500 |
| 24. | XXVI/708 | ടി.എസ്.കല്യാണരാമൻ - കല്യാൺ ജ്വല്ലറി, റൗണ്ട് ഈസ്റ്റ്,തൃശ്ശൂർ | ₹ 500<br>4599/229928<br>26.02.18 | ₹ 1500 | ₹<br>1000 |
| 25. | XVI/34 | ടി.എം.ആന്റോ, തട്ടിൽ വീട്, അരണാട്ടുകര – മിഖായേൽ ഹോട്ടൽ | ₹500<br>4734/236700<br>17.03.18 | ₹1000 | ₹500 |
| 26. | XXIII/377/1 | സെക്രട്ടറി, തൃശ്ശൂർ ജില്ലാ ആയു.സഹകരണ ആശുപത്രി, കേരളവർമ്മ കോളേജ് റോഡ്, തൃശ്ശൂർ | ₹1000<br>4487/224307<br>19.02.18 | ₹ 1500 | ₹500 |
| 27. | XXI/424/1A | വിനോദ്കുമാർ, വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റൽ കാന്റീൻ | ₹ 500<br>4675/233717<br>28.02.17 | ₹ 1000 | ₹ 500 |
| 28. | XX/399 | ഡിവൈൻ ലബോറട്ടറി, പടിഞ്ഞാറേ കോട്ട, തൃശ്ശൂർപ്രസ്തുത സ്ഥാപനം | ₹ 350<br>4486/224284<br>17.02.18 | ₹ 750 | ₹ 400 |

| | | | | | |
|---|---|---|---|---|---|
| 29. | III/103/1,2 | കൃഷ്ണദാസ്.പി.എൻ,കൊച്ചി - ദയ റീജൻസി റസ്റ്റോറന്റ്,ബിയർ & വൈൻ, ലോഡ്ജ്, പറവട്ടാനി | ₹ 1000<br>4483/224102<br>28.02.18 | ₹ 3000 | ₹<br>2000 |
| 30. | IV/74 | അക്വാട്ടിക്സ് ക്ലബ്, അരിസ്റ്റോ റോഡ്, തൃശ്ശൂർ - റസ്റ്റോറന്റ് | ₹ 450<br>4712/235574<br>16.03.18 | ₹ 1000 | ₹ 550 |
| 31. | XXX/420/1 | മിനിമോൾ.സി.കെ,,ചേമ്പിൽ വീട്, തൃശ്ശൂർ -ബ്യൂട്ടീപാർലർ | ₹ 300<br>4641/232010<br>23.02.18 | ₹ 500 | ₹ 200 |
| 32. | XXV/541 | എം.രാമു, സേതുമട, പാലക്കാട്- ശ്രീലക്ഷമി ഫ്യൂവൽസ് (പെട്രോൾ പമ്പ്) | ₹ 500<br>223591/<br>17.02.18 | ₹ 1000 | ₹ 500 |
| 33. | XI/271-274 | ഓമന അശോകൻ, അരമന ബിയർ &വൈൻ പാർലർ, റസ്റ്റോറന്റ്, ആർ.എസ് റോഡ്, തൃശ്ശൂർ | ₹ 1000<br>4722/236080<br>31.03.18 | ₹ 2500 | ₹<br>1500 |
| 34. | XXVI/445<br>/9,10,11 | ജോണി ചാണ്ടി, അഞ്ചങ്ങാടി, തൃശ്ശൂർ-<br>പെയിന്റ് & ഹാർഡ് വെയർ | ₹ 200<br>4602/230060<br>27.02.18 | ₹ 600 | ₹400 |

കേരള മുനിസിപ്പാലിറ്റി ചട്ട പ്രകാരമുള്ള മിനിമം ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) പല സ്ഥാപനങ്ങളും 2017-18 -ൽ ലൈസൻസ് എടുക്കുകയും 2018-19 -ൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുകയും പിന്നീട് 2019-20 – ൽ ലൈസൻസ് പുതുക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്ന് അധിക ഫീസ് ഈടാക്കുകയോ, അവയുടെ മേൽ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് / കെട്ടിട നമ്പർ | വ്യാപാരത്തിന്റെ വിവരങ്ങൾ | 2017-18 -ലെ ഫീസിന്റെ വിവരങ്ങൾ | 2019-20 -ലെ ഫീസിന്റെ വിവരങ്ങൾ |
|---|---|---|---|---|
| 1. | V/352/4C,<br>5D,6G,7F,<br>8G,9H,10I | ഡോ.ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ഡയറക്ടർ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, തൃശ്ശൂർ | ₹ 16,250<br>3956/197776<br>31.03.17 | ₹ 16,250<br>4715/235741<br>02.02.19 |
| 2. | V/383/3 | അമൂൽ പാർലർ, കോഫീ ബൂത്ത്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, തൃശ്ശൂർ | ₹ 750<br>3956/197774<br>31.03.17 | ₹ 750<br>4715/235740<br>02.02.19 |
| 3. | V/368 | കാന്റീൻ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ,തൃശ്ശൂർ | ₹ 2000<br>3956/197774<br>31.03.17 | ₹ 2000<br>4715/235740<br>02.02.19 |

കച്ചവട വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടോയെന്ന് നഗരസഭ കൃത്യമായി പരിശോധിക്കുന്നില്ല.

6) ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമാക്കിയിട്ടില്ല.

ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമാക്കേണ്ടതാണ്.

7) 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക I ലെ ക്രമ നമ്പർ 95 – ൽ കല്യാണമണ്ഡപങ്ങൾ, വിവാഹം നടത്തപ്പെടുത്തുന്ന

ആഡിറ്റോറിയങ്ങൾ എന്നിവ പ്രവർത്തിക്കുന്നതിന് ഡി & ഒ ലൈസൻസ് ആവശ്യമാണെന്ന് പരാമർശിക്കുന്നുണ്ട്. എന്നാൽ തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ ആഡിറ്റോറിയങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

ആഡിറ്റോറിയങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് പിരിച്ചെടുക്കേണ്ടതാണ്. ഡി & ഒ ലൈസൻസ് ഇല്ലാതെ ആഡിറ്റോറിയങ്ങൾ പ്രവർത്തിക്കാൻ പാടുള്ളതല്ല.

8) 2011-ലെ കേരള മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക II ലെ ക്രമ നമ്പർ 12 – ൽ ചിട്ടി, കുറി, ഹയർ പർച്ചേസ്, മണിലെൻഡിങ്ങ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ഡി & ഒ ലൈസൻസ് ആവശ്യമാണെന്ന് പരാമർശിക്കുന്നുണ്ട്. എന്നാൽ തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ പ്രസ്തുത ഇനത്തിൽപ്പെട്ട സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

ചിട്ടി, കുറി, ഹയർ പർച്ചേസ്, മണി ലെൻഡിങ്ങ് സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് പിരിച്ചെടുക്കേണ്ടതാണ്. ഡി & ഒ ലൈസൻസ് ഇല്ലാതെ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടുള്ളതല്ല.

9) 2017-18 വർഷം ഈടാക്കിയ ലൈസൻസ് ഫീസിനേക്കാൾ കുറവ് ഫീസ് 2018-19-ൽ ഈടാക്കിയിരിക്കുന്നു.

| ക്രമ നം | വാർഡ് നം /കെട്ടിട നം | സ്ഥാപന ഉടമയുടെ / സ്ഥാപനത്തിന്റെ വിവരങ്ങൾ | 2017-18 | 2018-19 | കുറവ് |
|---|---|---|---|---|---|
| | | | ഈടാക്കിയ ലൈസൻസ് ഫീ<br>രശീതി നമ്പർ/ തീയതി | ഈടാക്കിയ ലൈസൻസ് ഫീ<br>രശീതി നമ്പർ/ തീയതി | |
| 1. | XIII/12 | ജോസ് എലുവത്തിങ്കൽ, പടവൻ വീട്, മണ്ണുത്തി - ഗ്യാസ് സ്പെയർ പാർട്ട്സ് | ₹ 625<br>3989/199427<br>03.02.17 | ₹ 500<br>4649/ 231449<br>14.03.18 | ₹125 |
| 2. | XIII/105 | പി.ഡി.ബാബു, പള്ളിപ്പുറത്ത്, പൂച്ചെട്ടി - ത്രെഡ് & റബ്ബർ വസ്തു | ₹250<br>3885/194232<br>25.02.17 | ₹100<br>4628/231383<br>28.02.18 | ₹150 |
| 3. | XIII/132 | ഓമന ജോസ്, നെട്ടുപുഴ, തൃശ്ശൂർ - ജോസ് വർക്ക്സ് (ടയർ) | ₹500<br>3880/193955 | ₹250<br>4348/217396<br>16.02.18 | ₹250 |
| 4. | XIII/189/30 | പി.എം.ഷിഹാബ്, പൂവപറമ്പിൽ - റീലീഫ് മെഡിക്കൽ സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ്, കോസ്മെറ്റിക്സ്, ബേബി കെയർ ഐറ്റംസ്, ഗാർമെന്റ്സ് | ₹1500<br>3983/199128<br>15.07.17 | ₹750<br>4579/228933<br>23.02.18 | ₹750 |
| 5. | XIII/377/8 | പി.എ.അഷ്റഫ്, പത്തമടക്കാരൻ - ന്യൂട്രീഷൻ ഫുഡ് സെന്റർ | ₹1250<br>3982/199083<br>26.02.17 | ₹1000<br>4627/231369<br>28.02.18 | ₹250 |
| 6. | XIII/650 | ടി.എൻ.എൻ.കുമാർ, - സ്റ്റീൽ & റൂഫ്സ് പ്രൈവറ്റ് ലിമിറ്റഡ്, കൊക്കാല, റൂഫിങ്ങ് ഷീറ്റ്, പൈപ്പ് | ₹1000<br>3881/194001<br>17.02.17 | ₹500<br>4576/228756<br>17.02.18 | ₹500 |

| | | | | | |
|---|---|---|---|---|---|
| 7. | XI/352/1 | കുര്യൻ.വി.ജെ, വാഴപ്പിള്ളി വീട്, അരണാട്ടുകര – പൈപ്പ് ഫിറ്റിങ്ങ്സ്, വാട്ടർ ടാങ്ക്സ്, സാനിറ്ററി ഐറ്റംസ്, ടാപ്പ്സ് | ₹1000<br>3800/189998<br>09.02.17 | ₹500<br>4576/228779<br>19.02.18 | ₹500 |
| 8. | XI/544 | ഡോ.രാമനന്ദൻ, കോട്ടപ്പുറം ആയു.ഫാർമസി, സീതാറാം ആയു. സ്പെഷാലിറ്റി ഹോസ്പിറ്റൽ | ₹570<br>3883/194148<br>22.02.17 | ₹100<br>4347/ 217364<br>14.02.18 | ₹470 |
| 9. | XI/544/1 | ഡോ.രാമനന്ദൻ, കോട്ടപ്പുറം ആയു.ഫാർമസി, ആയു. മെഡിസിൻ നിർമ്മാണം | ₹2950<br>3883/194147<br>22.02.17 | ₹500<br>4347/217364<br>14.02.18 | ₹2450 |
| 10. | XI/598/49 | പി.വി.ജെയിംസ്, കാക്കശ്ശേരി - ഓട്ടോഏജൻസീസ്, ഓട്ടോമൊബൈൽ സ്പെയർപാർട്ട്സ് | ₹1000<br>3883/194119<br>21.02.17 | ₹250<br>4630/231492<br>06.03.18 | ₹750 |
| 11. | XI/614 | മൻസൂർ അലി, കറുമ്പിലാവ് - ഹോസ്പിറ്റൽ ഐറ്റംസ് | ₹1500<br>3888/194394<br>27.02.17 | ₹700<br>4791/239519<br>08.05.19 | ₹800 |
| 12. | XI/886 | അനിൽകുമാർ.കെ, കിഴക്കെ പറക്കോട് വീട്, തിരുവനന്തപുരം - മെഡികെയർ, ഇ.ഇ.ജി, ലാബ് | ₹2000<br>3887/194313<br>27.02.17 | ₹500<br>4578/228852<br>21.02.18 | ₹1500 |
| 13. | XI/940/7 | വി.ഡി.വിൻസന്റ്, കണ്ണംകുളങ്ങര -യുണൈറ്റഡ് ഇമേജിൻസ്, മെഡിക്കൽ ഉപകരണങ്ങൾ | ₹500<br>3982/199080<br>24.05.17 | ₹150<br>4627/231312<br>28.02.18 | ₹350 |
| 14. | XIV/385 | ഡോ.അനൂപ് ചിറയത്ത്, ഐശ്വര്യ ഗാർഡൻ, കൂർക്കഞ്ചേരി - ഹോസ്പിറ്റൽ | ₹3250<br>3882/194070<br>20.02.17 | ₹100<br>4576/228767<br>17.02.18 | ₹3150 |
| 15. | XXVII/ 49/2 | അപ്പു.സി.എൻ, ശീതൾ, പെരിങ്ങാവ് -ശീതൾ മെൻസ് സ്റ്റൈൽ | ₹1500<br>3828/191381<br>07.02.17 | ₹500<br>4693/234610<br>15.03.18 | ₹1000 |
| 16. | XXIII/414/3 | ജയലക്ഷമി, ചേമാട്ടിൽ വീട്, പൂങ്കുന്നം - സ്റ്റേഷനറി | ₹2000<br>3920/195955<br>27.02.17 | ₹200<br>4674/233675<br>28.02.18 | ₹1800 |

| | | | | | |
|---|---|---|---|---|---|
| 17. | XVIII/ 34 | ബാബു കുര്യൻ, അരണാട്ടുകര – പൈപ്പ് & പൈപ്പ് ഫിറ്റിങ്സ് | ₹3000<br>3915/195727<br>21.02.17 | ₹300<br>4485/224210<br>14.02.18 | ₹2700 |

മേൽ പരാമർശിച്ച പ്രകാരം ഈടാക്കാനുള്ള കുറവ് ഫീ ഈടാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 99 തീയതി.16.11.2019 ന് മറുപടി നൽകിയിട്ടില്ല.

**ഡി & ഒ ലൈസൻസ് അപാകതകൾ –മേഖലാ കാര്യാലയം**

**അയ്യന്തോൾ മേഖലാ കാര്യാലയം**

1. 2017-18ൽ ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും 2018-19 വർഷത്തിൽ ലൈസൻസ് പുതുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം./കെട്ടിട നം. | ഉടമയുടെ വിവരങ്ങൾ/ സ്ഥാപനത്തിന്റെ വിവരങ്ങൾ | 2017-18ൽ ഈടാക്കിയ ഫീ |
|---|---|---|
| I/36(4) | മണികണ്ഠൻ, ഒറ്റപ്പാലം – മിനറൽ വാട്ടർ ഡിസ്ട്രിബ്യൂട്ടർ | ₹ 1250 |
| VI/520 | അരുൺ ഗോപി, പുല്ലഴി, ലേസർ പ്രിന്റിംഗ് & കമ്പ്യൂട്ടർ പ്രിന്റർ | ₹ 750 |

ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

2. 2018-19ൽ തൊഴിൽ നികുതി അടച്ചിട്ടുള്ള പല സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല.

| വാർഡ് നം./ കെട്ടിട നം. | ഉടമയുടെ / സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| VI/275/B | ഗോപാലകൃഷ്ണൻ, ഓറഞ്ച് ബേക്കേഴ്സ്, എൽതുരുത്ത് |
| VI/246/1 | സിദ്ദീഖ് ഖാലിദ്, My Windows |
| VI/275/1 | Joycel Electricals |
| VI/308/13 | റാണി ജോർജ്ജ്, ആലപ്പാട്ട് സ്റ്റേഷനറി |
| V/234 | ഇറ്റാലിയൻ മാർബിൾസ്, ചേറ്റുപുഴ |
| V/282 | ചേറ്റുപുഴ കുറീസ് |

മേൽ സ്ഥാപനങ്ങളിൽ നിന്നും ബാധകമായ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.2011ലെ മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക Iൽ നിശ്ചയിച്ചിട്ടുള്ള മിനിമം ഫീ പോലും പല സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം./ കെട്ടിട നം. | ഉടമയുടെ/ വ്യാപാരത്തിന്റെ വിവരങ്ങൾ | ഈടാക്കിയ ഫീ വിവരങ്ങൾ | ഈടാക്കേണ്ട ഫീ | കുറവ് |
|---|---|---|---|---|
| I/274 | ബെന്നി. പി.എ.,ബെൻസൺ ഹാർഡ് വെയേഴ്സ് & പെയിന്റ്സ് | ₹ 200<br>11701116525/26.02.18 | ₹ 300+₹ 300 (Paint+ Hardware) = ₹ 600/- | ₹400 |
| I/813 | പി. ഹമീദ്, PHS മൻസിൽ, അയ്യന്തോൾ – ബേക്കറി & റസ്റ്റോറന്റ് | ₹ 500<br>11701116091/22.02.18 | ബേക്കറി -₹1500<br>റസ്റ്റോറന്റ് -₹1000 | ₹2000 |

| | | | | |
|---|---|---|---|---|
| | | | = ₹ 2500 | |
| II/74 | ജോസ്.സി.പി., ചക്കാലക്കൽ, അയ്യന്തോൾ - Hot pot Hotel | ₹300<br>11701118232/15.03.18 | ₹1000 | ₹700 |
| II/46 | ഡോ.കെ.ജി. സുദീദ്രനാഥ്, അയ്യന്തോൾ. ശ്രീ. ചിത്തിര പഞ്ചകർമ്മ റിസർച്ച് സെന്റർ & ആയുർവേദ ഹോസ്പിറ്റൽ | ₹300<br>1170111553/19.02.18 | ₹1500 | ₹1200 |
| II/157/2 | ബീന ജോയ്, ലാലൂർ - അന്ന പ്രിന്റേഴ്സ്, പ്രിന്റിംഗ് പ്രസ്സ് | ₹150<br>11701115069/15.02.18 | ₹300 | ₹150 |
| III/495 | സ്റ്റീഫൻ.വൈ. സോളമൻ എൽതുരുത്ത്, ഷാരോൺ ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ് | ₹200<br>11701116305/24.02.18 | ₹300 | ₹100 |
| V/246(3) | ടി.കെ. അർജ്ജുനൻ, തൈവളപ്പിൽ, ചേറ്റുപുഴ പെട്രോൾ പമ്പ് | ₹600<br>11701115777/20.02.18 | ₹1000 | ₹400 |

മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ് ഇത് സംബന്ധിച്ച് 24.09.2019 ന് നൽകിയ 52-ാം ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടി.

<u>**വിൽവട്ടം മേഖലാ കാര്യാലയം**</u>

1. 2018-19-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള പല പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | സ്ഥാപനം | ഈടാക്കേണ്ട തുക (₹ ) |
|---|---|---|---|
| 1. | XII/658 | വർഗ്ഗീസ്.കെ.ഡി, രാമവർമ്മപുരം,- അനിറ്റ ലബോറട്ടറി | 750 |
| 2. | XI/468/2 | രമണി.സി.കെ, വില്ലടം -ദയ ലബോറട്ടറി | 750 |
| 3. | V/428/36,38,39 | സി.ബാലകൃഷ്ണൻ, കോലഴി - ജീവ ലബോറട്ടറി | 750 |
| 4. | III/330/4 | ബെൻസി.ബി.സി, പൂങ്കുന്നം -സേവന ലബോറട്ടറി, പാട്ടുക്കാട് സെന്റർ | 750 |
| 5. | V/418 | വിജി കെ. ജോർജ്ജ്, എറണാകുളം -ദൃശ്യം ഐ കെയർ ഹോസ്പിറ്റൽ | 1500 |
| 6. | I/449/1,2,3 | ബെൻസി.ബി.സി, പൂങ്കുന്നം -സേവന ലബോറട്ടറി, വിയ്യൂർ | 750 |
| 7. | VI/617/2/ | ഫ്രിറ്റി ജെയിംസ്,ചേറൂർ - ഡെന്റൽ കെയർ സെന്റർ | 300 |
| 8. | V/696/3 | പി.ഡി.പ്രസന്നൻ, പൂത്തോൾ -മാകെയർ ഡയഗ്നോസ്റ്റിക്സ് സെന്റർ | 750 |
| 9. | VII/150/2,3 | പ്രവീൺ.എൻ.എം, മനവഴി, കുറ്റുമുക്ക് - ഹൈജിയ ലബോറട്ടറി | 750 |
| 10. | II/347 | അംബിക രാജൻ, വിയ്യൂർ - ആതിര ക്ലിനിക്കൽ ലബോറട്ടറി | 750 |
| 11. | VII/353/4 | അനിൽ സുകുമാരൻ, ശ്രീനിലയം, ചേറൂർ - ഇംപൾസ് കെയർ മെഡിക്കൽ സ്പെഷാലിറ്റി ഡെന്റൽ ക്ലിനിക്ക് | 300 |
| 12. | XI/142/5 | സ്വപ്ന.കെ.ആർ, വെളുത്തൂർ -ലക്ഷ്മി ലബോറട്ടറി | 750 |
| 13. | X/591/B | ഡോ.എ.കെ.വിജയകുമാർ, ലക്ഷ്മി സദനം, രാമവർമ്മപുരം - രാമവർമ്മ പ്രകൃതിചികിത്സാ കേന്ദ്രം | 300 |
| 14. | X/591/5 | അശ്വതി.എം.വി, ഏവന്നൂർ, ചേറൂർ - ധന്യ ലബോറട്ടറി | 750 |
| 15. | V/302/2-6,8 | ഡോ.വി.കെ.അബ്ദുൽ അസീസ്, മാനേജിങ്ങ് ഡയറക്ടർ, ദയ ജനറൽ ആശുപത്രി | 1500 |
| 16. | V/48/2 | ജോതി സന്ദീപ്, ടോമി ലൈൻ, പെരിങ്ങാവ് - രുദ്രാക്ഷ ആയുർവേദ ഹോളിസ്റ്റിക്ക് സെന്റർ | 750 |
| 17. | I/486/1 | ഡോ.പി.നിധീഷ്, പാറയിൽ വീട്, കുട്ടനെല്ലൂർ - ന്യൂലൈഫ് ഹോമിയോ കെയർ, വിയ്യൂർ | 300 |

| | | | |
|---|---|---|---|
| 18. | X/376/3 | ജോർജ്ജ് തോമസ്, ഡീഅഡിക്ഷൻ സെന്റർ, കുട്ടനെല്ലൂർ | 750 |
| 19. | X/161/4 | ടി.കെ.അഭിലാഷ്, എക്സൽ ഡെന്റൽ ക്ലിനിക്ക് | 300 |
| 20. | V/693/2 | വി.എം.ഹരിദാസൻ, ഹരിത ചെറുമുക്ക് - ശ്രീഹരി ഡയബറ്റിക്ക് ക്ലിനിക്ക് | 300 |
| 21. | V/693/12 | വി.എം.ഹരിദാസൻ, ഹരിത ചെറുമുക്ക് - ശ്രീഹരി ഡയബറ്റിക്ക് ക്ലിനിക്ക് | 300 |

അത്തരം സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക I, പട്ടിക II -ലെ 'സി' ക്ലാസ്സ് വ്യാപാരത്തിന് ഈടാക്കേണ്ട വാർഷിക ലൈസൻസ് (മിനിമം) ഫീ പോലും പല വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നില്ല. അതിനേക്കാൾ കുറവ് ഫീസാണ് ഈടാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നമ്പർ | വ്യാപാരിയുടെ /വ്യാപാരത്തിന്റെ വിവരങ്ങൾ | 2018-19 -ൽ ഈടാക്കിയ ഫീ ₹ | ആക്ട് പ്രകാരം ഈടാക്കേണ്ട മിനിമം ഫീ ₹ | കുറവ് ₹ |
|---|---|---|---|---|---|
| 1. | II/287 | കെ.കെ.മോഹനൻ, കണ്ടോലി, വിയ്യൂർ - വ്യാരം ഹോട്ടൽ | 500 | 1000 | 500 |
| 2. | II/292,293 | അജു.സി.ജാക്കോബ്, ചിറ്റിലപ്പിള്ളി വീട്, വിയ്യൂർ- ചിറ്റിലപ്പിള്ളി ബേക്കറി | 500 | 1500 | 1000 |
| 3 | II/482/C | ലിയോ, തറയിൽ വീട്, പുതുക്കാട്, വിയ്യൂർ- ന്യൂ സ്റ്റാർ ബേക്കറി | 500 | 1500 | 500 |
| 4. | IV/42/3 | പ്രകാശൻ.കെ.കെ, വിയ്യൂർ - ഹോട്ടൽ സുരഭി | 500 | 1000 | 500 |
| 5. | V/18/1 | ഓമന ജോസ്, തുണ്ടത്തിൽ, പെരിങ്ങാവ് - ജൈനി ഗാർമെന്റ്സ്, സ്റ്റിച്ചിങ്ങ്, ഗാർമെന്റ്സ്, ഫാൻസി | 500 | 1150 | 650 |
| 6. | X/161/10 | വർഗ്ഗീസ്.എം.ടി, മഴവഞ്ചേരി, ചേറൂർ - മാക്സ് വെൽ ഡിജിറ്റൽ സ്റ്റുഡിയോ | 100 | 300 | 200 |
| 7. | X/168/A | മേഴ്സി വർഗ്ഗീസ്, രാമവർമ്മപുരം- അന്ന ബേക്ക്സ്, ബേക്കറി | 500 | 1000 | 500 |
| 8. | X/194 | ഷിബു.പി.പി, രാമവർമ്മപുരം - റോക്ക് ലാന്റ് റസ്റ്റോറന്റ് | 500 | 1000 | 500 |
| 9. | XI/57/1 | സിന്ധു കുര്യൻ,രാമവർമ്മപുരം - പെട്രോൾ പമ്പ് | 500 | 1000 | 500 |
| 10. | XIII/452/1 | ജോഷി ജോസ്, മാളിയേക്കൽ, വിദ്യാനഗർ, വിജയമാതാ ആയു. ഹോസ്പിറ്റൽ | 250 | 1500 | 1250 |

അത്തരം സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. 2017-18 ൽ ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും 2018-19 ൽ ലൈസൻസ് പുതുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | സ്ഥാപനം | 2017-18ൽ ഈടാക്കിയ ഫീ ₹ |
|---|---|---|---|
| 1. | I/34/2 | മധു,വിയ്യൂർ - ശിവ ലക്ഷ്വറി ഈവന്റ്, വിയ്യൂർ - ഡെക്കറേഷൻ വർക്ക്സ് | 600 |
| 2. | I/89 | തോമസ്.ടി.ജെ, തോപ്പിൽ വീട്, വിയ്യൂർ - ജോസ് എഞ്ചിനീയറിങ്ങ് വർക്ക്സ് | 250 |
| 3. | I/449/11 | രാജേഷ് തോമസ്, പാറയിൽ വീട്, വിയ്യൂർ- ഗ്രേസ് മെഡ് | 1000 |

| | | | |
|---|---|---|---|
| | | അസോസിയേറ്റ്സ്, സർജിക്കൽ ഉപകരണങ്ങൾ | |
| 4. | I/1/IT | സോബിൻ.കെ.എസ്, തൈക്കാട്ടുശ്ശേരി - സോബിൻ കോട്ട്സ് (മെറ്റാലിക് പൗഡർ വില്പന) | 2000 |
| 5. | II/295/A | സുനിൽ.എ.കെ, മുളങ്കുന്നത്തുക്കാവ്, വിയ്യൂർ- ആതിര കളക്ഷൻസ്, ഫാൻസി | 500 |
| 6. | II/434/E | പി.റാംകുമാർ, പാലക്കാട്ട് ഹൗസ്, തിരുവില്വാമല – ശ്രീറാം റെഡിമെയ്ഡ് | 500 |
| 7. | II/305/8 | കൃഷ്ണവേണി, വിയ്യൂർ - ഗ്രേസ് ബോട്ടിക്ക് & സ്റ്റിച്ചിങ്ങ് | 1000 |
| 8. | II/282/E | ഇ.ആർ.ജയപ്രകാശ്, പുതുക്കാട്, വിയ്യൂർ - അക്ഷർ ഗോൾഡ് വർക്കസ് | 1000 |
| 9. | III/358 | ഡോ.ജയപ്രകാശ്, ശങ്കരമഠം, കല്ലൂർ, തൃശ്ശൂർ - ശ്രീകൃഷ്ണ ആയുർവേദ നഴ്സിംങ്ങ് ഹോം | 500 |
| 10. | III/349/D | ജസ്റ്റിൻ, അമ്പക്കാട്,പുഴയ്ക്കൽ - ബെസ്റ്റ് ഫ്രൂട്ട്സ്, കൂൾ ബാർ, ഫാസ്റ്റ് ഫുഡ് | 1600 |
| 11. | III/1476/1 | ഷൈജു.ആർ.എസ്, ഡയറക്ടർ, ഹോം ഡെലിവാൻ റീട്ടെയിൽ & സർവ്വീസസ് Pvt. Ltd | 1650 |
| 12. | III/368 | രാജീവ്കുമാർ, കോലഴി- ഇന്റീരിയർ & എക്സ്റ്റീരിയർ ഡിസൈൻ | 1500 |
| 13. | III/129 | ടി.എൻ.ആറുമുഖൻ, തെക്കേയ്ക്കൽ വീട്, വിയ്യൂർ - ഗോൾഡ് & ഡയമണ്ട് വർക്ക്സ് | 1150 |
| 14. | V/91 | എസയാട്ട് ഡേവിസ്, എലഞ്ഞിക്കൽ ഹൗസ്, പെരിങ്ങാവ് - ഔഷധി, ആയു. മരുന്ന് വില്പന | 1000 |
| 15. | V/418/9,28 | സുരേഷ്.പി.വി, കോനിക്കര വീട്, ഇരിഞ്ഞാലക്കട – വിൻഡോ ഫാഷൻ, മോഡുലാർ കിച്ചൺ, ഇന്റീരിയൽ ബ്ലൈന്റ് | 1500 |
| 16. | V/508/23/1 | വിവേക് വേണുഗോപാൽ, കൊച്ചി - ജുവൽ കൺട്രി, സ്വർണ്ണം, പ്ലാറ്റിനം വില്പന | 1000 |
| 17. | VI/56/4 | ഷൈജി, നെല്ലങ്കര, കിഴക്കേക്കോട്ട - ബ്യൂട്ടീപാർലർ | 500 |
| 18. | VI/621/2 | മീന മേനോൻ, ടാനിഷ് ക്യൂ, കൊട്ടേക്കാട്, വിയ്യൂർ- തുണി വില്പന, തയ്യൽ | 1000 |
| 19. | VII/233 | മീന ശശിധരൻ, ഗ്രീഷ്മം, വിയ്യൂർ - നെസ്റ്റ് ഹോസ്റ്റൽ | 1000 |
| 20. | VII/408/1 | പി.യു.ഹാരിഷ്, പൊയ്യാറ വീട്, ചേറൂർ - ആദി കൺസൽട്ടൻസി, ചേറൂർ | 1000 |
| 21. | VIII/83/24 | രഞ്ജിത്ത് കുമാർ, കുട്ടുമൊക്ക്, ചേറൂർ - ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി | 1000 |
| 22. | IX/475/A | ജെൻസി തിയോഫിൻ, രാമവർമ്മപുരം-പാറപ്പിള്ളി അലുമിനിയം ഫാബ്രിക്കേഷൻ വർക്ക് | 800 |
| 23. | IX/599/27 | ശ്രീകുമാർ.പി, തിരുവമ്പാടി - സ്ക്വയർ അസോസിയേറ്റ്സ് , PVC വിൻഡോസ് | 800 |
| 24. | X/161/35 | എ.എസ്.അഭിലാഷ്,ഏവന്നൂർ, ചേറൂർ - ആയു.ഹെർബൽ ഓയിൽ, ആയുർവേദ ഉല്പന്നങ്ങളുടെ വില്പന | 500 |
| 25. | X/161/29 | വിനോദ്.വി, ചേലക്കര -പ്രയാൻ ഹോളിഡേയ്സ്, പള്ളിമൂല,ടൂർ പാക്കേജ് | 1500 |
| 26. | XI/39 | സെക്രട്ടറി, ആനപ്പാറ കരിങ്കൽ തൊഴിലാളി കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 500 |
| 27. | XI/51 | അനീഷ്.ടി.ജെ, കുണ്ടുകാട്,തൃശ്ശൂർ - സിയോൺ ചിക്കൻ സ്റ്റാൾ, രാമവർമ്മപുരം | 800 |
| 28. | XII/392/B | സി.കെ.ജോസഫ്, വില്ലടം- മാതാ പോളിമർസ്, പ്ലാസ്റ്റിക്ക് ഉല്പന്നങ്ങളുടെ വില്പന | 1650 |
| 29. | XII/430/6 | രാജീവ്, കുറിച്ചിക്കര – ഹോസ്പിറ്റൽ ഉപകരണങ്ങളുടെ വില്പന | 1000 |

അത്തരം സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

4.2017-18 വർഷം ഈടാക്കിയ ലൈസൻസ് ഫീസിനേക്കാൾ കുറവ് ഫീസ് 2018-19-ൽ ഈടാക്കിയിരിക്കുന്നു.

| ക്രമ നം | വാർഡ് നം / കെട്ടിട നം | സ്ഥാപന ഉടമയുടെ / സ്ഥാപനത്തിന്റെ വിവരങ്ങൾ | 2017-18 | 2018-19 | കുറവ് (₹) |
|---|---|---|---|---|---|
| | | | ഈടാക്കിയ ലൈസൻസ് ഫീ (₹) രശീതി നമ്പർ/ തീയതി | ഈടാക്കിയ ലൈസൻസ് ഫീ (₹) രശീതി നമ്പർ/ തീയതി | |
| 1. | I/S | പ്രകാശൻ.കെ.ബി-പ്രസൻസ് ന്യൂട്രീഷൻ സെന്റർ | 2000 11601113041/ 18.02.17 | 1250 11701111183/ 26/02/18 | 750 |
| 2. | VIII/452/1 | ജോഷി ജോസ്, മാലിയേക്കൽ ഹൗസ്, ഈസ്റ്റ് വെള്ളാനിക്കര, വിജയമാതാ ആയു.ഹോസ്പിറ്റൽ, ആയു.മെഡിസിൻ സ്റ്റോക്ക് & വില്പന | 1000 11601112612 14.02.17 | 250 11701109731 07.02.18 | 750 |

മേൽ പരാമർശിച്ച പ്രകാരം കുറവ് ഫീ ഈടാക്കിയതിനുള്ള വിശദീകരണം നൽകേണ്ടതാണ്.
ഇത് സംബന്ധിച്ച് 21.11.2019-ന് നൽകിയ 129-ാം ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല.

**ഒല്ലൂർ മേഖലാ കാര്യാലയം**

**1.ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു.**

ഒല്ലൂർ മേഖലാ കാര്യാലയം 2018-19 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകിയതിന്റെ ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ മിക്ക സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയ ലൈസൻസ് ഫീസ് 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ ) ചട്ടങ്ങളിലെ പട്ടിക I, II എന്നിവയിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിനേക്കാൾ കുറവാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് / കെട്ടിട നം. | വ്യാപാരം നടത്തുന്ന ആളുടെ പേര്, വിലാസം | വ്യാപാരത്തിന്റെ വിവരം | ഈടാക്കിയ ഫീസ് (₹) | ഈടാക്കേണ്ടത് (₹) |
|---|---|---|---|---|---|
| 1. | 4/376 | ഷാജി ആന്റോ,കുരിയച്ചിറ | ബേക്കറി | 250 | 1500 |
| 2. | 4/436 | രഞ്ജിത്.ടി.എം,കുരിയച്ചിറ | ഹോട്ടൽ | 250 | 1000 |
| 3. | 4/11 | ആന്റണി.സി.ഒ,ചെറുവത്തൂർ | പലചരക്ക്, സ്റ്റേഷനറി | 250 | 2000 |
| 4. | 4/442 | സി.ടി.റോബിൻ S/o തോമസ് ,ഒല്ലൂർ | ,, | 250 | 2000 |
| 5. | 7/182 | മെജോ.കെ.വി,അഞ്ചേരി | പലചരക്ക്,സ്റ്റേഷനറി | 250 | 2000 |
| 6. | 7/237B | ടി.ജെ.പോൾ S/o ജോൺ, തേറാട്ടിൽ,അഞ്ചേരി | ,, | 400 | 2000 |
| 7. | 7/425 | ടി.ബി.സുമേഷ്,തൈവളപ്പിൽ, അഞ്ചേരിച്ചിറ | റെസ്റ്റോറന്റ് | 500 | 1000 |
| 8. | 7/453A | സെക്രട്ടറി,റീജൻസി ക്ലബ്ബ്, കുട്ടനെല്ലൂർ | ,, | 500 | 1000 |
| 9. | 8/839-7 | ജോജു.കെ.എൽ,ജെ.ജെ. ജൂവൽസ് | ജ്വല്ലറി | 500 | 1500 |
| 10. | 8/850-1 | ഫ്രാൻസിസ്.പി.ആർ, അഞ്ചേരി | ഹോട്ടൽ | 400 | 1000 |
| 11. | 8/1173-1 | കൊച്ചുപാപ്പു.ഇ.സി,കുട്ടനെല്ലൂർ | പലചരക്ക്, സ്റ്റേഷനറി | 500 | 2000 |
| 12. | 12/258 | എം.വി.പ്രഭാകരൻ,അഞ്ചേരി | ബേക്കറി | 250 | 1500 |

| | | | | | |
|---|---|---|---|---|---|
| 13. | 12/264 | ചാക്കോച്ചൻ S/o ഇട്ടിയച്ചൻ, ഒല്ലൂർ | ,, | 250 | 1500 |
| 14. | 12/349A | ജോസ്സി ആന്റണി, എലുവത്തിങ്കൽ | ഹാർഡ് വെയർ ഷോപ്പ് | 250 | 2000 |
| 15. | 12/668 | കെ.ഐ.കുട്ടപ്പൻ,ഒല്ലൂർ ഫ്യൂവൽസ് | പെട്രോൾ പമ്പ് | 750 | 1000 |
| 16. | 12/699-3 | ജോയ്.കെ.എ,ഒല്ലൂർ | പലചരക്ക്, സ്റ്റേഷനറി | 500 | 2000 |
| 17. | 12/709 | രാധാകൃഷ്ണൻ.എം.ആർ, കുരിയച്ചിറ | പെട്രോൾ പമ്പ് | 500 | 1000 |
| 18. | 9/106H | സുനിൽ.കെ.എ,അഞ്ചേരി.പി.ഒ | ജ്വല്ലറി | 250 | 1500 |
| 19. | 9/115-2 | ഷാജു.ഒ.ഒ,കുട്ടനെല്ലൂർ | ബേക്കറി | 250 | 1500 |
| 20. | 5/55 | സുഗന്ധ് S/o മുകുന്ദൻ | ഹാർഡ് വെയർ & സാനിറ്ററി ഐറ്റംസ് | 250 | 2000 |
| 21. | 6/81 | ടി.വി.ബാലകൃഷ്ണൻ,അഞ്ചേരി | പലചരക്ക്, സ്റ്റേഷനറി | 250 | 2000 |
| 22. | 6/358-1,2 | ആൽവിൻ.പി.ജെ,അഞ്ചേരി.പി.ഒ | ,, | 500 | 2000 |
| 23. | 14/358-B | കൃഷ്ണകുമാർ,തൈക്കാട്ടുശ്ശേരി | പലചരക്ക്,സ്റ്റേഷനറി & ബേക്കറി | 250 | 2000 |
| 24. | 14/832 | ജോഷി.എം.എൽ,തൈക്കാട്ടുശ്ശേരി | പലചരക്ക്, സ്റ്റേഷനറി | 500 | 2000 |
| 25. | 10/520-1 | തോമസ്.കെ.പി,കോനിക്കര ഹൗസ്,ഒല്ലൂർ | ഹോട്ടൽ | 250 | 1000 |
| 26. | 11/627 | എം.എ.ജോയ്,കണ്ണംകുളങ്ങര | ലോഡ്ജ് | 250 | 500 |
| 27. | 11/399 | ജോഷിലാൽ.പി.വി, പനംകുറ്റിച്ചിറ | പെയിന്റ്, ഹാർഡ് വെയർ, സ്റ്റേഷനറി, സാനിറ്ററി മെറ്റീരിയൽസ് | 500 | 2000 |
| 28. | 11/12 | സത്യൻ.കെ.വി,ഒല്ലൂർ | ഹോട്ടൽ | 250 | 1000 |
| 29. | 13/97 | ആന്റോ.കെ.എ,കുന്നത്ത് ഹൗസ്, തൈക്കാട്ടുശ്ശേരി | പലചരക്ക്, സ്റ്റേഷനറി | 250 | 2000 |
| 30. | 1/32 | ടോണി.എ.ജെ,ഒല്ലൂർ | ,, | 250 | 2000 |

ഇത് സംബന്ധിച്ച് 23.11.2019-ന് നൽകിയ 111-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ 2019-20 സാമ്പത്തിക വർഷം മുതൽ മുനിസിപ്പാലിറ്റി ആക്ട് പ്രകാരമുള്ള നിരക്കിൽ ലൈസൻസ് ഈടാക്കി വരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

2. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുമ്പോൾ സ്ഥാപനത്തിൽ പ്രവർത്തിപ്പിക്കുന്ന യന്ത്രസാമഗ്രികൾക്ക് കേരള മുനിസിപ്പാലിറ്റി (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | വ്യാപാരം നടത്തുന്ന ആൾ, വ്യാപാരം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് (₹) |
|---|---|---|---|---|
| 1. | 2/43-2 | അബ്ദുൾ ഖാദർ, ക്രിസ്റ്റഫർ നഗർ,ഡ്രില്ലിംഗ് വർക്ക് ഷോപ്പ് | 6 hp | 200 |
| 2. | 2/460-C | തിമോത്തി.കെ.വി,ക്രിസ്റ്റഫർ നഗർ, ഓട്ടോ ഇലക്ട്രിക്കൽ വർക്ക് ഷോപ്പ് | 5 hp | 100 |
| 3. | 3/390 | സി.വി.മാഗി, കുരിയച്ചിറ, ധാന്യങ്ങൾ പൊടിക്കുന്ന മില്ല് | 8.5 hp | 200 |

| | | | | |
|---|---|---|---|---|
| 4. | 7/260-2 | ലിയോ വല്ലച്ചിറക്കാരൻ,<br><br>അഞ്ചേരി, ഡൈ വർക്സ് | 10 hp | 200 |
| 5. | 7/260-3 | ലിയോ വല്ലച്ചിറക്കാരൻ,ജ്വല്ലറി വർക്സ് | 10 hp | 200 |
| 6. | 14/613, 614 | മൂക്കൻ അഗസ്റ്റിൻ സൈമൺ,<br><br>ഒല്ലൂർ, തടി മില്ല് | 30 hp | 750 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും ബാധകമായ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

3.ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾ

ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ 2018-19 വർഷത്തിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | വ്യാപാരം നടത്തുന്ന ആളുടെ പേര്, വിലാസം | വ്യാപാരത്തിന്റെ വിവരം |
|---|---|---|---|
| 1. | 2/571-A | മിത്രൻ.കെ. ആർ, അഞ്ചേരി | വുഡ് ഫർണീച്ചർ |
| 2. | 2/625/4 | പ്രകാശൻ.സി.എ, സെക്രട്ടറി, ക്ഷീര സംഘം | പാൽ |
| 3. | 2/476/9 | സിബി ഷാബു, ക്രിസ്റ്റഫർ നഗർ | ടൈലറിംഗ് ഷോപ്പ് |
| 4. | 2/640/1 | കെ.ജെ.പോൾ, കുരിയച്ചിറ | ഡെന്റൽ മെറ്റീരിയൽസ് |
| 5. | 4/314/2 | ജോസ് മാത്യു, ചേറ്റുപുഴ, കുരിയച്ചിറ | ഫർണീച്ചർ വില്പന |
| 6. | 4/453/J3 | രജു.കെ.എസ്, നെട്ടുപുഴ | സിം കാർഡ്, ഫോൺ & മൊബൈൽ വില്പന |
| 7. | 4/465/2C | മെൽവിൻ.എം.എൽ, ചിയ്യാരം | റെഡിമെയ്ഡ് ഗാർമെന്റ്സ് |
| 8. | 4/527/6A | ഗോവിന്ദൻ, കുറവൻകോണം, തിരുവനന്തപുരം | സ്വർണ്ണം ഹോൾസെയിൽ & റീടെയിൽ |
| 9. | 4/691/A25 | വിബീഷ്.ടി.എസ്, ഒല്ലൂർ | സ്റ്റുഡിയോ |
| 10. | 4/691/A36 | അബ്ദുസ്സലാം, ഒറ്റപ്പാലം | ട്രാവൽ ഏജൻസി |
| 11. | 4/735 | ഉണ്ണികൃഷ്ണൻ.കെ.വി,കുരിയച്ചിറ | വുഡ് വർക്സ് |
| 12. | 4/691/A26 | സിന്ധു.എം, ചേലക്കോട്ടുകര | ബ്യൂട്ടി പാർലർ |
| 13. | 5/414/A7 | മൃദുല.എം, തേറാട്ടിൽ ഹൗസ് | മെഡിക്കൽ ഷോപ്പ് |
| 14. | 5/156,156A1,157 | പോൾ വർഗ്ഗീസ്,നെല്ലങ്കര | ഫാർമസ്യൂട്ടിക്കൽ മാനുഫാക്ചറിംഗ് |
| 15. | 5/85/B | ബിന്ദു ബിജു, നെല്ലിക്കുന്ന് | റെഡിമെയ്ഡ്സ്<br><br>സ്റ്റോക്ക് & വില്പന |
| 16. | 6/534,534(1) | ഷോമി S/o പൗലോസ്, അഞ്ചേരി | വെൽഡിംഗ് വർക്ക് ഷോപ്പ് |
| 17. | 7/422 | ടിറ്റു നെവിൻ, എലുവത്തിങ്കൽ | വാട്ടർ ഫിൽട്ടർ |
| 18. | 7/455/4 | ഭോജൻ.സി.കെ, ചുള്ളിപറമ്പിൽ | റെസ്റ്റോറന്റ് |
| 19. | 8/808/5 | ജീന സോണി, ഇരവിമംഗലം | തേയില റീടെയിൽ വില്പന |
| 20. | 9/96 | അരുണ രവീന്ദ്രനാഥ്, കുട്ടനെല്ലൂർ | ഫാർമസ്യൂട്ടിക്കൽസ് |
| 21. | 9/284 | ലത.പി.ആർ, കുട്ടനെല്ലൂർ | സ്റ്റേഷനറി |
| 22. | 9/16 | ജോസ്.ടി.സി, ഒല്ലൂർ | ബീഫ് സ്റ്റാൾ |
| 23. | 10/589A | മെസ്റ്റൺ പോൾസൺ, തറയിൽ ഹൗസ് | മെഡിക്കൽ & സർജിക്കൽ ഐറ്റംസ് |
| 24. | 10/541/14 | റോഷൻ.സി.ആർ, ചിറയത്ത് | സ്റ്റീൽ പൈപ്പ് വർക്സ് |
| 25. | 12/316 | ജോജു.എം.ആർ, ഒല്ലൂർ | ജ്വല്ലറി |

ഇത്തരത്തിൽ രജിസ്റ്റർ പ്രകാരം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്തിയതിന്റെയും നടപടികൾ സ്വീകരിച്ചതിന്റെയും വിവരം ലഭ്യമാക്കുന്നതിനായി 23.11.2019-ന് നൽകിയ 111-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

4. സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല

സ്വകാര്യ ആശുപത്രികളേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളേയും സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 2018 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള പല സ്ഥാപനങ്ങളും 2011ലെ കേരള മുനിസിപ്പാലിറ്റി (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് / കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1. | 11/26-10 | സഹകരണ നീതി ക്ലിനിക്കൽ ലാബ്, പനംകുറ്റിച്ചിറ |
| 2. | 11/731 | ട്രസ്റ്റ് ലാബ്, ഒല്ലൂർ |
| 3. | 11/414 | മരിയ ഡെന്റൽ സ്പെഷ്യാലിറ്റി സെന്റർ, ഒല്ലൂർ |

ഈ വിഷയത്തിൽ 23.11.2019-ന് നൽകിയ 112-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുക്കുന്നതിനുള്ള നോട്ടീസ് നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ചട്ടപ്രകാരമുള്ള ലൈസൻസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂർക്കഞ്ചേരി മേഖലാ കാര്യാലയം

1.2011ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം മിനിമം ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ ചില സ്ഥാപനങ്ങളിൽ നിന്നും മിനിമം ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ലൈസൻസി | വാർഡ് | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയത് (₹) | ഈടാക്കേണ്ട മിനിമം ഫീ (₹) |
|---|---|---|---|---|
| രമണി രാജൻ, പുലിക്കത്തറ | X/731,732 | ബ്യൂട്ടി പാർലർ | 200 | 500 |
| സത്യനാരായണൻ, മേപ്രാട്ടിൽ | IX/539 | സ്റ്റുഡിയോ | 250 | 300 |
| നിക്സൺ എ ജെ അടിയാറ്റുപറമ്പിൽ | XII/568 | ബേക്കറി | 250 | 1500 |
| ഉണ്ണികൃഷ്ണൻ കാരപുരത്ത് പനമുക്ക് | I/137 | ബേക്കറി | 500 | 1500 |

ചട്ടങ്ങൾ പ്രകാരം മിനിമം ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. കൂർക്കഞ്ചേരി മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ 2018-19വർഷത്തിൽ ലൈസൻസില്ലാതെ കച്ചവടം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് | ലൈസൻസിയുടെ പേര് | സ്ഥാപനം | ഈടാക്കേണ്ട ലൈസൻസ് ഫീ (₹) |
|---|---|---|---|
| I/137- IA | അബ്ദുൾ അസീസ്, തറയിൽ, വടൂക്കര | ടോയ്സ്,ബാഗ്സ്,ഫാൻസി – കൂർക്കഞ്ചേരി | 1350 |
| I/873 | ബിജു ടി കെ, തുമ്പട്ടിൽ ഹൗസ്, നെട്ടുപുഴ | സിഡി ഷോപ്പ് | 500 |
| II/576/7 | ആന്റണി കണിമംഗലം | അബ്ദുൾ അസീസ്, തറയിൽ വടൂക്കര,വെൽഡിംഗ് വർക്ക്ഷോപ്പ് | 500 |
| V/448 A | ശ്രീജ വിഎസ് പുലി പറമ്പിൽ,വടൂക്കര | ബേക്കറി | 700 |
| VI/286 | വിശ്വനാഥൻ വലിയ പറമ്പിൽ, വടൂക്കര | ബേക്കറി,സൂപ്പർമാർക്കറ്റ് | 1000 |

| | | | |
|---|---|---|---|
| VI/582/2 | അജ്മൻ ടി എസ്<br>തയ്ളപ്പിൽ,വട്ടക്കര | ഹെൽത്ത് ക്ലബ് | 3000 |
| VII/785/1 | ജോജ്ജ പി ജെ<br>പായപ്പിള്ളി ,വട്ടക്കര | കോസ്മെറ്റിക്സ് | 500 |
| VIII/174(1) | നെൽസൺ.എജെ<br>അരിക്കാടൻ | കാറ്ററിംഗ് ക്ലബ് | 2000 |
| X/559 | ലിജോ തോമസ്<br>കാഞ്ഞിരത്തിങ്കൽ<br>നെല്ലിക്കുന്ന് | പിവിസി ഡോർ | 500 |
| XIV/57/1 | ഗണേശൻ<br>തട്ടരക്കോട്,ചിയ്യാരം | ഡൈ വർക്ക് | 2000 |

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 17.12.2019-ന് നൽകിയ 159-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല.

മേൽ പരാമർശിച്ച തരത്തിൽ പ്രവർത്തിക്കുന്ന മറ്റു വാർഡുകളിലെ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതും അവരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകേണ്ടതുണ്ട്.

## 1-53 അനധികൃത വ്യാപാരം -തുടർ നടപടി സ്വീകരിച്ചില്ല

**ഫയൽ നമ്പർ-AYL/R4/8995/17**

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) നഗരസഭയിലെ അയ്യന്തോൾ മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ ശ്രീമതി. വിജി ഡയസ്സ്, 1/275 കെട്ടിടത്തിൽ കമ്പി, സിമന്റ് എന്നിവ കോർപ്പറേഷൻ അനുമതിയില്ലാതെ വസ്തു നികുതി പോലും അടയ്ക്കാതെ 2013-14 മുതൽ അനധികൃതമായി വ്യാപാരം ചെയ്തു വരികയാണ്.

2) കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 84, ചട്ടം 38(3) പ്രകാരം ഹസാർഡസ് വിഭാഗത്തിൽ ഉൾപ്പെട്ട സിമന്റ് ഗോഡൗണുകൾക്ക് ആവശ്യമായ തുറസ്സായ സ്ഥലം 10 മീറ്റർ ചുറ്റളവിലും, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 99 ചട്ടം 59(3) പ്രകാരം 7.5 മീറ്ററുമാണ്. എന്നാൽ ഈ കെട്ടിടത്തിന് ചുറ്റിലും ആവശ്യമായ തുറസ്സായ സ്ഥലം ഇല്ലെന്ന് വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്.

3) 2011ലെ കേരള മുനിസിപ്പാലിറ്റി (ആപൽകരവും അസഹ്യവുമായ വ്യാപാര സ്ഥാപനങ്ങൾക്കും മറ്റ് വ്യാപാര സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി വാങ്ങിയതിന് ശേഷമേ ലൈസൻസ് അനുവദിക്കാവൂ. എന്നാൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി ലഭ്യമാക്കാതെയാണ് നഗരസഭ ഈ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവിനു വിരുദ്ധമായി ഓരോ വർഷവും നഗരസഭ ലൈസൻസ് പുതുക്കി നൽകുന്നുമുണ്ട്.

4) സ്ഥാപനം അടച്ച് പൂട്ടണമെന്നുള്ള 12-10-2017 ലെ എൻവയോൺമെന്റൽ എഞ്ചിനീയറുടെ ഉത്തരവ് അവഗണിച്ചു.

5) ജില്ലാ മെഡിക്കൽ ഓഫീസർ 3-2-18 ന് സെക്രട്ടറിക്ക് പകർപ്പ് സഹിതം വിജിലൻസ് വകുപ്പിന് നൽകിയ കത്തിലെ ഈ സ്ഥാപനം പരിസര മലിനീകരണത്തിന് ഇടയാക്കുന്നു എന്ന പരാമർശവും അവഗണിച്ചു.

6) നഗരസഭ 26-2-18 ന് സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദു ചെയ്തെങ്കിലും സ്ഥാപനം നാളിതുവരെ അടച്ച് പൂട്ടിയില്ല.

7) പ്രസ്തുത സ്ഥാപനം മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താതെ പ്രവർത്തിക്കുന്നത് മൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ അടച്ച് പൂട്ടണമെന്നുള്ള കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 02-07-2018 ലെ ഉത്തരവ് പാലിച്ചില്ല.

8) ബഹു. ജില്ലാ കളക്ടർ 23-8-17ന് പ്രസ്തുത സ്ഥാപനത്തിനെ കുറിച്ച് കൂടുതൽ അന്വേഷണം ആവശ്യപ്പെട്ട് കത്തും തുടർന്ന് 3-11-17, 25-5-18, 5-6-18,26-6-18, 18-7-18 എന്നീ തിയതികളിൽ ഓർമ്മകുറിപ്പുകളും നൽകിയിട്ടും തുടർ നടപടികൾ സ്വീകരിച്ചില്ല.

9)19-6-2018 ലെ 67 ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം സ്ഥാപനം അടച്ച് പൂട്ടാൻ തീരുമാനിച്ചെങ്കിലും തുടർ നടപടികൾ ഉണ്ടായില്ല.

10) അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരവും, ഡി & ഒ ലൈസൻസ് രേഖകൾ പ്രകാരവും 1/275 കെട്ടിട നമ്പറിൽ കെട്ടിടത്തിലാണ് ഈ സിമന്റ് ഗോഡൗൺ പ്രവർത്തിക്കുന്നത്. എന്നാൽ പരിശോധനയിൽ 1/275ൽ ഇപ്രകാരം ഒരു സിമന്റ് ഗോഡൗൺ പ്രവർത്തിക്കുന്നില്ലായെന്നും മറ്റൊരു കെട്ടിടത്തിൽ അനധികൃതമായിട്ടാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നതെന്നും റവന്യൂ ഇൻസ്പെക്ടർ, അസിസ്റ്റന്റ് എഞ്ചിനീയർ, ജെ.എച്ച്.ഐ. എന്നിവർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ തുടരന്വേഷണം നടത്തിയിട്ടില്ല.

11) ബഹു. കോടതിയിൽ നിന്നും IA No.1153/2018 in Revision Petition No.63/2018 പ്രകാരം അടച്ച് പൂട്ടലിനെതിരെ 9-8-18ന് സ്ഥാപനമുടമ ശ്രീമതി. വിജി ഡയസ്സ് സ്റ്റേ വാങ്ങിയിട്ടുണ്ട്. എന്നാൽ നാളിതുവരെ സ്റ്റേ നീക്കിക്കിട്ടുന്നതിനായി കോർപ്പറേഷൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 08/25.06.2019 ന് മറുപടി നൽകിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-54 തൊഴിൽ നികുതി - കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2018-19 വർഷത്തെ വ്യാപാരികളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിരവധി കച്ചവട സ്ഥാപനങ്ങളും വ്യാപാരികളും 2018-19 ലെ തൊഴിൽ നികുതി അടച്ചിട്ടില്ലാത്തതായി കാണുന്നു. 2018-19 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ഈ ഇനത്തിൽ തൻ വർഷം ₹ 58,62,834 യും മുൻ വർഷങ്ങളിലെ ₹ 2,64,36,042 യും ഉൾപ്പെടെ ആകെ ₹ 3,22,98,876 കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് 124/29.11.2019 നം. ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പിരിച്ചെടുക്കാൻ കഴിയാത്ത കുടിശ്ശിക മൂന്ന് വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെട്ട പോകും. ആയതിനാൽ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് അധികാരികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിലെ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-55 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല - നഗരസഭയ്ക്ക് വരുമാന നഷ്ടം

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ സൂപ്രണ്ട്, ഗവൺമെന്റ് ആശാഭവൻ എന്ന സ്ഥാപനത്തിലെ 4 ജീവനക്കാർ ഒന്നാം അർദ്ധവർഷത്തിൽ 4750/-രൂപ തൊഴിൽനികുതി ഇനത്തിൽ തുക ഒടുക്കിയിട്ടുണ്ട്. (രസീത് നം. 11801104991. തീയതി : 31.08.2018) എന്നാൽ ഈ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും (2018-19 രണ്ടാം അർദ്ധവർഷം) തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-56 തൊഴിൽ നികുതി-അപാകതകൾ

1)ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തെ നഗരസഭയുടെ മെയിൻ ഓഫീസിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ ജീവനക്കാരുടെ തൊഴിൽ നികുതിയും, ചില സ്ഥാപനങ്ങളിലെ സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല എന്ന കാണുന്നു.

| ക്രമ നം. | ഡിവിഷൻ | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാത്ത അർദ്ധ വർഷം | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|
| 1 | 38 | പി. എസ്. എൻ ഓട്ടോമൊബൈൽസ് പ്രൈവറ്റ് ലി. | 2018-19 II | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 2 | ,, | ഫ്രാങ്ക് ഫിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എയർ ഹോസ്റ്റസ് ട്രെയിനിംഗ് | 2018-19 I & II | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 3 | ,, | ത്രിപുര ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | ,, | സ്ഥാപന തൊഴിൽ നികുതിയും അടച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 4 | ,, | മെർലിൻ ഇന്റർനാഷണൽ ഹോട്ടൽ | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 5 | ,, | ഹിന്ദുജ ലെയ് ലാൻഡ് ഫിനാൻസ് | 2018-19 I | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 6 | ,, | തൃശ്ശൂർ മൾട്ടി പർപ്പസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | 2018-19 I & II | സ്ഥാപന തൊഴിൽ നികുതിയും അടച്ചിട്ടില്ല |
| 7 | ,, | സതേൺ കുറീസ് & ലോൺസ് | ,, | സ്ഥാപന തൊഴിൽ നികുതിയും അടച്ചിട്ടില്ല |
| 8 | ,, | ടാലന്റ് അക്കാദമി, പാറയിൽ ലെയിൻ | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 9 | 35 | സീതാറാം ആയുർവ്വേദ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ | 2018-19 I | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 10 | ,, | എച്ച്.ഡി.ബി ഫിനാൻഷ്യൽ സർവ്വീസ് ലിമിറ്റഡ് | 2018-19 I & II | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 11 | ,, | പാട്രിയോട്ട് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ് | 2018-19 II | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 12 | ,, | എമറാൾഡ് റെസിഡൻസി | 2018-19 II | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 13 | 37 | വിഷൻ അക്കാദമി, സിറ്റി ആർക്കേഡ് ബിൽഡിംഗ് | 2018-19 I | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 14 | ,, | വൈദ്യരത്നം ഔഷധശാല | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 15 | ,, | ഫുള്ളർടൺ ഇൻഡ്യ ക്രെഡിറ്റ് കമ്പനി | 2018-19 I & II | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 16 | ,, | IFFCO ടോക്കിയോ ഇന്റർനാഷണൽ ഇൻഷുറൻസ് | 2018-19 II | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 17 | ,, | അൽ അഹായ് ബിസിനസ്സ് ട്രേഡ് ലിങ്ക്സ് പ്രൈവറ്റ് ലിമിറ്റഡ് | 2018-19 I & II | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 18 | ,, | വിശ്രാം ബിൽഡേഴ്സ് | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 19 | ,, | ബജാജ് ഫിനാൻഷ്യൽ ലിമിറ്റഡ് | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 20 | ,, | സീതാറാം ടെക്സ്റ്റൈൽസ് പ്രൈവറ്റ് ലിമിറ്റഡ് | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 21 | 23 | എലൈറ്റ് ഡെവലപ്പേഴ്സ് | 2018-19 I & II | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 22 | ,, | കേരള ധനവ്യവസായ കുറീസ് & ലോൺസ് പ്രൈവറ്റ് ലിമിറ്റഡ് | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 23 | ,, | തോമസ് ഡാനിയൽ പോപ്പുലർ ഗോൾഡ് ലോൺ | ,, | രണ്ടാം അർദ്ധ വർഷം സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല |
| 24 | ,, | തൃശ്ശൂർ ഹൗസ് കൺസ്ട്രക്ഷൻ കോ ഓപ്പറേറ്റീവ് സൊസൈറ്റി | ,, | സ്ഥാപന തൊഴിൽ നികുതിയും അടച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 25 | ,, | കൊശമറ്റം ഫിനാൻസ് പോപ്പുലർ കുറീസ് | ,, | സ്ഥാപന തൊഴിൽ നികുതിയും അടച്ചിട്ടില്ല |
| 26 | ,, | റിസോഴ്സ് ഇൻഡ്യ കുറീസ് പ്രൈവറ്റ് ലിമിറ്റഡ് | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 27 | ,, | ഡെറിക്ക് അസോസിയേറ്റ്സ് | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 28 | ,, | ബജാജ് അലയൻസ് ഫിനാൻഷ്യൽ സർവ്വീസ് | ,, | സ്ഥാപന തൊഴിൽ നികുതിയും അടച്ചിട്ടില്ല |
| 29 | ,, | മജസ്റ്റിക് ഫിനാൻസ് | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 30 | ,, | ഈസി ലിങ്ക് അക്കാദമി പ്രൈവറ്റ് ലിമിറ്റഡ് | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 31 | ,, | ശ്രീവരി ഹോണ്ട, കിഴക്കേ കോട്ട | 2018-19 I & II | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 32 | 51 | ഓറിയന്റൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 33 | ,, | പ്ലേസ് മെന്റ് സെയിൽസ് & സർവ്വീസ് ലിമിറ്റഡ്, കിഴക്കേകോട്ട | 2018-19 II | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 34 | ,, | തരംഗിണി കുറീസ്, വെസ്റ്റ് ഫോർട്ട് | 2018-19 I & II | ഒന്നാം അർദ്ധ വർഷം സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല |
| 35 | 52 | ടീം ലീസ് അപ്പോയിന്റ്മെന്റ്, വെസ്റ്റ് ഫോർട്ട് | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 36 | ,, | ടാക്സ് പോയിന്റ് കൺസൾട്ടന്റ്സ് , വെസ്റ്റ് ഫോർട്ട് | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 37 | 36 | ഫാൻസി ഫേബ്രിക്സ്, എം. ഒ റോഡ് | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 38 | ,, | എലൈറ്റ് ഫേബ്രിക്സ്, എം.ഒ റോഡ് | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 39 | ,, | ശ്രീ ഗോകുലം ചിറ്റ്സ് & ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് | 2018-19 I | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 40 | ,, | ഗുരുവിജയ കുറി കമ്പനി | ,, | ഒന്നാം അർദ്ധ വർഷം സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല |
| 41 | 1 | ചേലൂർ ഡെവലപ്പേഴ്സ്, പൂങ്കുന്നം | 2018-19 I & II | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 42 | ,, | എലൈറ്റ് സൂപ്പർ മാർക്കറ്റ് | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 43 | 12 | റിലയൻസ് ഹോം ഫിനാൻസ് തൃശ്ശൂർ | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 44 | ,, | റിലയൻസ് കമേഴ്സ്യൽ ഫിനാൻസ് ,തൃശ്ശൂർ | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 45 | ,, | ബസലിക്ക കുറീസ് | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |
| 47 | ,, | ഫൈൻ ടെക് കമ്പനി | ,, | സ്ഥാപന തൊഴിൽ നികുതി |

| | | | | |
|---|---|---|---|---|
| | | | | അടച്ചിട്ടുണ്ട് |
| 48 | ,, | അപരാജിത ഡൈനമിക് സിനർജീസ് പ്രൈവറ്റ് ലിമിറ്റഡ് | ,, | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട് |

**2)കുർക്കഞ്ചേരി മേഖലാ കാര്യാലയം**

**ഡി & ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.**

നഗരസഭ ഡി & ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. ഉദാഹരണമായി നഗരസഭ വാർഡ് 6, ഡിവിഷൻ 41ൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ നികുതി ഈടാക്കിയതായോ കാണുന്നില്ല.

| | സ്ഥാപനം | ഡി & ഒ ലൈസൻസ് ഫീ (₹) | കെട്ടിട നമ്പർ |
|---|---|---|---|
| 1) | ഒ.എൽ.ജോർജ്ജ്, ബ്രദേഴ്സ് ലൈറ്റ് | 500 | VI/90/2 |
| 2) | ലിവി സുരേഷ് ബാബു, സ്റ്റയിൻ ഇന്റീരിയേഴ്സ് | 1500 | VI/195/(2) |
| 3) | മോഹനകൃഷ്ണൻ.പി.കെ., പൂജ ഡ്രൈ ക്ലീനേഴ്സ് | 500 | VI/195(3) |
| 4) | ജോഫി, കന്നത്ത് സ്റ്റീൽസ് | 1000 | VI/198(1) |
| 5) | നന്ദകുമാർ, 'OLAPLEX' ബ്യൂട്ടിപാർലർ | 1000 | VI/215(15) |
| 6) | കെ.കെ. മുസ്തഫ, ഏഷ്യൻ ചോയ്സ് ബ്യൂട്ടി പെയിഡ് സെന്റർ | 3750 | - |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.105/21.11.2019,151/13.11.2019) മറുപടി ലഭ്യമാക്കിയില്ല. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 245 പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. ആയതിനാൽ നഗരസഭാ പരിധിയിലെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിൽ നികുതിക്ക് വിധേയരായിട്ടുള്ള എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-57 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൃശ്ശൂർ കോർപ്പറേഷന്റെ മെയിൻ ഓഫീസിന്റെയും മറ്റ് മേഖലാ കാര്യാലയങ്ങളിലെയും 2018-19 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടു. 1994 കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ) ചട്ടങ്ങൾ ചട്ടം 3(5),3(6) എന്നിവ പ്രകാരം ബാങ്കിംഗ് കമ്പനിയായി ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള ബാങ്കിംഗ് സ്ഥാപനങ്ങൾ, ബാങ്ക് ശാഖകൾ, ബാങ്കർമാർ, സഹകരണ സംഘം ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ (സംസ്ഥാന,ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ അത്തരം സഹകരണ ബാങ്കുകളുടെ ശാഖകൾ എന്നിവ ഉൾപ്പെടെ) ചട്ടങ്ങൾ (4)പ്രകാരം സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കമ്പനികൾ, കച്ചവടം നടത്തുന്നവർ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് പിരിച്ചെടുക്കാനുള്ള തുക കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്താതിരുന്നാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരികയും പിരിച്ചെടുക്കാൻ സാധിക്കാൻ കഴിയാത്ത തുക മൂന്നു വർഷം കഴിയുമ്പോൾ യാതൊരു പ്രയോജനവുമില്ലാതെ കാലഹരണപ്പെട്ടു പോവുകയും ചെയ്യും എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു. സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.104/21.11.2019, 38,39/7.9.19, 151/13.11.2019) നൽകിയ മറുപടിയിൽ തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-58 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3(10) പ്രകാരം നഗരസഭാ പ്രദേശത്ത് തൊഴിൽ ചെയ്യുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. നഗരസഭയിലെ കരാറുകാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 194 കരാറുകാർ ഉള്ളതിൽ 30 പേർ മാത്രമാണ് 2018-19 വർഷം തൊഴിൽ നികുതി അടച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കിയുള്ളവർക്ക് 2018-19 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്തു കൊണ്ട് നോട്ടീസ് നല്കിയിരുന്നോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.116/26.11.2019) മറുപടി

ലഭ്യമാക്കിയില്ല. 2018-19 വർഷം നഗരസഭാ പ്രദേശത്ത് തൊഴിൽ ചെയ്തിട്ടുള്ള മുഴുവൻ കരാറുകാരിൽ നിന്നും ചട്ടപ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-59 തൊഴിൽ നികുതി രജിസ്റ്ററിലെ അപാകതകൾ

1) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. നികുതി അടവാക്കിയതിന്റെ വിവരങ്ങൾ, ഡി.സി.ബി സംക്ഷിപ്തം എന്നിവ തയ്യാറാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

2) അയ്യന്തോൾ സോണൽ പരിധിയിലെ തൃശ്ശൂർ കോർപ്പറേഷൻ തദ്ദേശസ്വയംഭരണവകുപ്പ് സമർപ്പിച്ച അസസ്മെന്റ് ഫോറത്തിൽ നികുതി നിർണ്ണയിക്കുന്നതിന് ആധാരമായ വരുമാനവും, അടയ്ക്കേണ്ട നികുതി സംബന്ധിച്ച വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

3) ഡി & ഒ ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല. മറ്റ് വാർഡുകളിൽ സമാന രീതിയിൽ തൊഴിൽ നികുതി അടയ്ക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കണ്ടെത്തേണ്ടതും തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

4) കൂർക്കഞ്ചേരി മേഖലാ കാര്യാലയത്തിൽ 2018-19 സാമ്പത്തികവർഷം പരിശോധനയ്ക്കായി സമർപ്പിച്ച തൊഴിൽ നികുതി (ജീവനക്കാർ), തൊഴിൽ നികുതി (ഇൻസ്റ്റിറ്റ്യൂഷൻ) എന്നീ രജിസ്റ്ററുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ആധികാരിക മാക്കിയിട്ടില്ല. പരിശോധനക്കായി സമർപ്പിച്ച ഡിമാന്റ്, കളക്ഷൻ, ബാലൻസ് പത്രികയും ആധികാരികമാക്കിയിട്ടില്ല.

5) തൊഴിൽ നികുതി (വ്യാപാരികൾ) ഡി.സി.ബി. സ്റ്റേറ്റുമെന്റുപ്രകാരം 11,94,020 രൂപ ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും 8,97,520 രൂപ മാത്രമേ വരവായിട്ടുള്ളൂ. കുടിശ്ശികയായി 2,96,500 രൂപ അവശേഷിക്കുന്നു.

6) ഡി & ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. ഉദാഹരണമായി നഗരസഭ വാർഡ് 6, ഡിവിഷൻ 41ൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ നികുതി ഈടാക്കിയതായോ കാണുന്നില്ല. ടി സ്ഥാപനങ്ങളെ തൊഴിൽ നികുതിയിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ സ്ഥാപനങ്ങളുടെ നികുതി ഡിമാന്റ് ചെയ്യാതെ പോകുന്നത് തനതുവരുമാനത്തിൽ കുറവ് ഉണ്ടാക്കുന്നതാണ്. എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി നികുതി ഉറപ്പാക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കേണ്ടതുണ്ട്. ആയതിന് നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

7) ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല.

## 1-60 ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2018 മെയ്, ജൂൺ മാസങ്ങളിലെ ബില്ലുകൾ / വൗച്ചറുകൾ പ്രകാരം നഗരസഭയിലും മേഖലാ കാര്യാലയങ്ങളിലും വിവിധ വിഭാഗങ്ങളിലായി താഴെ പറയുംവിധം ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളതായി കാണുന്നു.

| സെക്ഷൻ/സർക്കിൾ/ സോണൽ | തസ്തിക | എണ്ണം |
|---|---|---|
| സർക്കിൾ 1 | ശുചീകരണ തൊഴിലാളികൾ | 30 |
| സർക്കിൾ 2 | „ | 10 |
| സർക്കിൾ 3 | „ | 12 |
| സർക്കിൾ 4 | „ | 18 |
| സർക്കിൾ 5 | „ | 24 |
| സർക്കിൾ 6 | „ | 6 |
| SH സർക്കിൾ | „ | 3 |
| ഒല്ലൂക്കര സോണൽ | „ | 42 |
| വിൽവട്ടം സോണൽ | „ | 41 |
| അയ്യന്തോൾ സോണൽ | „ | 54 |
| ഒല്ലൂർ സോണൽ | „ | 48 |
| കൂർക്കഞ്ചേരി സോണൽ | „ | 42 |

| | | |
|---|---|---|
| **കുടിവെള്ള വിതരണം** | | |
| സർക്കിൾ 6 | ലോറി ഡ്രൈവർ | 9 |
| | ക്ലീനർ | 10 |
| വിൽവട്ടം സോണൽ | ലോറി ഡ്രൈവർ | 2 |
| | ക്ലീനർ | 2 |
| ഒല്ലൂർ സോണൽ | ഡ്രൈവർ | 9 |
| | ക്ലീനർ | 8 |
| കൂർക്കഞ്ചേരി സോണൽ | ഡ്രൈവർ | 8 |
| | ക്ലീനർ | 7 |
| ഒല്ലൂക്കര സോണൽ | ഡ്രൈവർ | 2 |
| | ക്ലീനർ | 2 |
| **DLR ലോറി വർക്കർമാർ** | | |
| ഒല്ലൂർ സോണൽ | ലോറി വർക്കർ | 3 |
| വിൽവട്ടം സോണൽ | ,, | 4 |
| ഒല്ലൂക്കര സോണൽ | ,, | 4 |
| കൂർക്കഞ്ചേരി സോണൽ | ,, | 4 |
| അയ്യന്തോൾ സോണൽ | ,, | 6 |
| സർക്കിൾ 2 | ,, | 6 |
| ശക്തൻ സർക്കിൾ | ,, | 2 |
| **എൽ.ഡി.സി/ ബി.സി/ ഡാറ്റ എൻട്രി ഓപ്പറേറ്റർ/ മറ്റുള്ള തസ്തികകൾ** | | |
| കൗൺസിൽ സെക്ഷൻ | എൽ.ഡി.സി | 1 |
| എഞ്ചിനീയറിംഗ് സെക്ഷൻ | ,, | 1 |
| റവന്യൂ സെക്ഷൻ | എൽ.ഡി.സി/ ബി.സി | 6(സോണൽ ഉൾപ്പെടെ) |
| വാട്ടർ സെക്ഷൻ | ,, | 1 |
| ,, | ഡാറ്റ എൻട്രി ഓപ്പറേറ്റർ | 1 |
| ,, | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| ,, | മീറ്റർ റീഡർമാർ | 11 |
| എ ബി സി സെന്റർ | വാച്ച്മാൻ | 2 |
| സർക്കിൾ 6 | എസ്കവേറ്റർ ഓപ്പറേറ്റർ | 1 |
| ജനന മരണ രജിസ്ട്രേഷൻ | DLR ക്ലീനർ | 1 |
| കൗൺസിൽ സെക്ഷൻ | ,, | 1 |
| മേയറുടെ ചേംബർ | ,, | 1 |
| സാമൂഹ്യ സുരക്ഷാ പെൻഷൻ വിഭാഗം | ഡാറ്റ എൻട്രി ഓപ്പറേറ്റർ | 1 |
| നഗരസഭയുടെ ഉടമസ്ഥതയിലുള്ള | CLR ഡ്രൈവർ | 8 |

| വാഹനങ്ങൾ | | |
|---|---|---|

എന്നാൽ ഇപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാരിൽ നിന്നും 2018-19 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (നം.163/19.12.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വരവ് നഷ്ടം ഒഴിവാക്കുന്നതിനായി നഗരസഭയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തൊഴിൽ നികുതിക്ക് വിധേയരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-61 പേട്ട പിരിവ് - തുക അടവാക്കിയില്ല

തൃശ്ശൂർ കോർപ്പറേഷൻ വക പേട്ട പിരിവ് (ശക്തൻ തമ്പുരാൻ നഗർ മാർക്കറ്റിന് സമീപമുള്ള പാർക്കിംഗ് സ്ഥലം, അരിയങ്ങാടി, നായരങ്ങാടി, ജയ്ഹിന്ദ് മാർക്കറ്റിന് സമീപമുള്ള പാർക്കിംഗ് സ്ഥലം, പട്ടാളം റോഡിനു സമീപമുള്ള പാർക്കിംഗ് സ്ഥലം) 2018-19 വർഷത്തേയ്ക്ക് പ്രതിദിന തുക കണക്കാക്കി പേട്ട പിരിവ് ഏറ്റെടുത്ത് നടത്തുന്നതിന് ശ്രീ.കെ.കെ. സണ്ണി കാട്ടുക്കാരൻ, C/o. വർഗ്ഗീസ്, തട്ടിൽ ചാണ്ടി ഹൗസ് എന്നിവർയ്ക്ക് 17.04.2018ലെ R13/53781/17 നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഫീസിനത്തിൽ പ്രതിദിനം ₹7,924 നിരക്കിൽ 18 % നികുതി ഉൾപ്പെടെ ₹9,350 കോർപ്പറേഷനിൽ ഓരോ 5 ദിവസത്തിനകം അടവാക്കേണ്ടതാണ്. എന്നാൽ മാർച്ച് 1 മുതൽ 31 വരെയുള്ള കാലയളവിലെ പാർക്കിംഗ് ഫീസിനത്തിലുള്ള തുകയായ (7924x31=2,45,644+GST(18%)44216) ₹2,89,860 കോർപ്പറേഷനിൽ നാളിതുവരെ അടവാക്കിയിട്ടില്ല. തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് (57/26.9.2019) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ മറുപടി കത്തിനോടൊപ്പമുള്ള ഫോം നം 24 ൽ ഔദ്യോഗിക സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. നഷ്ടം സംഭവിച്ച ₹2,89,860 പലിശ സഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-62 സേവനനികുതി ഈടാക്കിയില്ല

സേവന നികുതിയുമായി ബന്ധപ്പെട്ട ഫയൽ നമ്പർ – **R1/8901/11** പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 235, 14.01.2011ലെ സ.ഉ.(അ)18/2011/ത.സ്വ.ഭ.വ എന്നിവ പ്രകാരം നഗരസഭാ പ്രദേശത്തെ ഓരോ കെട്ടിടങ്ങൾക്കും ശുചിത്വപരിപാലനം (4%) ജലവിതരണം (3%), തെരുവ് വിളക്ക് (2%), ഡ്രെയിനേജ് (1%) എന്നീ സേവനങ്ങൾക്ക് വസ്തുനികുതിയോടൊപ്പം (ആകെ 10%) സേവന നികുതി ചുമത്തണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ 25-09-2015ലെ 30 ാം നമ്പർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനപ്രകാരം സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതിന് നഗരസഭാ പരിധിയിലെ ഫ്ലാറ്റ് ഓണേഴ്സ്, റസിഡൻഷ്യൽ അസോസിയേഷൻ എന്നിവരുമായി ചർച്ച ചെയ്യുന്നതിനും ഇതിനാവശ്യമായ രേഖകൾ സമർപ്പിക്കാൻ റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നെങ്കിലും നാളിതുവരെ തുടർ നടപടികൾ ഉണ്ടായിട്ടില്ല.

2) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 11.01.2016 ലെ 46ാം നമ്പർ ശുപാർശ പ്രകാരം കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതിന് നഗരസഭ കൗൺസിലിന്റെ 19.02-2016 ലെ 13ാം നമ്പർ തീരുമാനമെടുത്തിരുന്നു. എന്നാൽ നാളിതുവരെ തീരുമാനം നടപ്പിലാക്കിയിട്ടില്ല.

3) നഗരസഭ സമർപ്പിച്ച 2018-19 വർഷ വാർഷിക കണക്ക് പ്രകാരം നഗരസഭാ പ്രദേശത്ത് ജലവിതരണത്തിനായി ₹96,60,894 തെരുവ് വിളക്ക് പരിപാലനത്തിനായി ₹3,35,00,931 ഡ്രെയിനേജ്, ശുചിത്വപരിപാലനം എന്നിവക്കായി ₹34,62,228 എന്നിങ്ങനെ വൻ തുക ചെലവഴിക്കുന്ന നഗരസഭ നാളിതുവരെ സേവന നികുതി ഏർപ്പെടുത്തുന്നതിനെ കുറിച്ച് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

4) 2018-19 വർഷ വാർഷിക കണക്ക് പ്രകാരം വസ്തുനികുതിയിനത്തിൽ ₹23,12,27,441 വരവുള്ള നഗരസഭക്ക് 10% സേവന നികുതി ചുമത്തിയിരുന്നെങ്കിൽ ₹2,31,22,744 അധിക വരുമാനം ഉണ്ടാകുമായിരുന്നു.

കൗൺസിലിന്റെ തീരുമാനം നടപ്പാക്കാതിരുന്നതിന് കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 55/26.09.2019 ന് മറുപടി നൽകിയിട്ടില്ല. വികസന പ്രവർത്തനങ്ങൾക്ക് വൻ തുക ചെലവഴിക്കുന്ന നഗരസഭ, സേവന നികുതിയടക്കമുള്ള പുതിയ വരുമാന സ്രോതസ്സുകൾ അവലംബിച്ച് തനതുവരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ആയതിനാൽ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 235, 14.01.2011ലെ സ.ഉ.(അ)18/2011/ത.സ്വ.ഭ.വ എന്നിവ പ്രകാരമുള്ള സേവന നികുതി നടപ്പിലാക്കേണ്ടതാണ്.

## 1-63 ചരക്ക് സേവന നികുതി വന്നതിനെ തുടർന്ന് വിനോദ നികുതി നഷ്ടപരിഹാര തുക ലഭിച്ചത് - സംബന്ധിച്ച്

ചരക്ക് സേവനനികുതി നിലവിൽ വന്നതിനെ തുടർന്ന് 2017- ജൂലായ് മാസം മുതൽ നഗരസഭയുടെ വിനോദനികുതി നിർത്തലാക്കിയിട്ടുണ്ട്. 2016-17 വർഷത്തിൽ 4,08,25,348 രൂപയും 2017-18 വർഷത്തിൽ 1,25,19,592 രൂപയും വിനോദ

നികുതിയിനത്തിൽ കോർപ്പറേഷൻ പിരിച്ചെടുത്തിട്ടുണ്ട്.

ചരക്ക് സേവനനികുതി നിലവിൽ വന്നതിനെ തുടർന്ന് തൃശ്ശൂർ കോർപ്പറേഷന് വിനോദനികുതിയിനത്തിലെ നഷ്ട പരിഹാരമായി 2018-19 വർഷത്തിൽ ₹5,79,44,892 30.10.2018-ലെ സ.ഉ(സാധാ)നമ്പർ.8957/2018/ധന ഉത്തരവ് പ്രകാരം ലഭിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ നഗരസഭയ്ക്ക് നഷ്ടമായ വിനോദ നികുതിയുടെ നഷ്ടപരിഹാര തുകയാണ് 2018-19 ൽ ലഭിച്ചിട്ടുള്ളത്.

മുൻ വർഷത്തിൽ (2016-17) വിനോദ നികുതിയിനത്തിൽ ലഭിച്ച വരുമാനത്തേക്കാൾ കൂടുതൽ തുക (₹1,71,19,544) ചരക്ക് സേവന നികുതി നിലവിൽ വന്നതിനെ തുടർന്ന് തൃശ്ശൂർ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

## 1-64 ഫയലുകളും അനുബന്ധരേഖകളും ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

വിവിധ വൗച്ചറുകൾ പ്രകാരമുള്ള ചെലവുകളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | വിഷയം | ചെക്ക് നം./തീയതി | വൗച്ചർ നം./തീയതി | തുക |
|---|---|---|---|---|---|
| 1 | പി.എച്ച്.2-27115/07 | കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ഫെബ്രുവരി 2019ലെ ശമ്പളത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒടുക്കുന്നതിനായി പിടിച്ച തുക | 595550 | 21804190/ 15.03.19 | ₹ 62128 |
| 2 | പി.എച്ച്.6-1127/ 18-19 | പൊതുജനാരോഗ്യ വിഭാഗം റഗുലർ/കണ്ടിജന്റ് ജീവനക്കാരുടെ ഫെബ്രുവരി 2019 മാസത്തെ റിക്കവറി തുകകൾ, വിവിധ ബാങ്കുകൾ, സൊസൈറ്റികൾ എന്നിവിടങ്ങളിലേയ്ക്ക് ഒടുക്കുന്നതിന് പിൻവലിച്ച തുക | 595495 മുതൽ 595504 വരെ | 21804111മുതൽ 21804120 വരെ | ₹ 668032 |
| 3 | പി.എച്ച്.-3 (പി.എച്ച്.8)-20317/12 വോള്യം II | ദിവസവേതന തൊഴിലാളികളുടെ ഇ.പി.എഫ്. വിഹിതം നോംസ് മാനേജ്മെന്റ് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് അനുവദി ക്കുന്നതിനായി പിൻവലിച്ച തുക (അക്കൗണ്ട് നം. 37614660413-എസ്.ബി.ഐ) | 595361 | 21803791/ 14.02.19 | ₹1187139 |
| 4 | പി.എച്ച്.-518039/19 | കണ്ടിജന്റ് വിഭാഗം ജീവന ക്കാരുടെ 2019 ജനുവരി മാസത്തെ ശമ്പളത്തിൽ നിന്ന് പിടിച്ച തുക ആദായനികുതി വകുപ്പിലേയ്ക്ക് അടയ്ക്കുന്നതിനാണ് പിൻവലിച്ചത് | 595277 | 21803675/ 06.02.19 | ₹127730 |
| 5 | പി.എച്ച്.-2-27115/ 07(2) | ജനുവരി 2019 മാസത്തെ ശമ്പളത്തിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ഒടുക്കുന്നതിനായി പിൻവലിച്ച തുക | 595325 | 21803737 | ₹62128 |
| 6 | പി.എച്ച്.-2-27115/ 07(1) | കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ 2019 ജനുവരി മാസത്തെ പെൻഷൻ വിഹിതം കോർപ്പറേഷൻ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് പിൻവലിച്ച തുക (അക്കൗണ്ട് നം. 67273546223) | 595324 | 31800391 | ₹ 651506 |
| 7 | പി.എച്ച്.-2-7952/07 | കണ്ടിജന്റ് ജീവനക്കാരുടെ ഒരു മാസത്തെ ലീവ് സറണ്ടർ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒടുക്കുന്നതിന് | 595312 | 21803722/ 07.02.19 | ₹ 602042 |

| | | | | | |
|---|---|---|---|---|---|
| 8 | പി.എച്ച്.-3/ആർ.വി. എസ്.3683/11 | ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് 2014 ജനുവരി മാസത്തെ വേതനം നൽകുന്നതിനായി പിൻവലിച്ച തുക<br>(1) ധന്യ (19X340=6460)<br>(2)പ്രീത (20x340 = 6800) | 595313 | 21803723/ 08.02.19 | ₹ 13260 |
| 9 | പി.എച്ച്.2/ 27115/07(2) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കണ്ടിജന്റ് ജീവന ക്കാരുടെ 2018 ഡിസംബർ മാസത്തെ ഒരു മാസത്തെ ശമ്പളം | 595159 | 21803367/ 15.01.19 | ₹62128 |
| 10 | ജി3/45451/17 | 2018 നവംബർ മാസത്തെ സെക്യൂരിറ്റി ജീവനക്കാരുടെ വേതന ഇനത്തിൽ KEXCON എന്ന സ്ഥാപനത്തിന് അനുവദിക്കുന്ന തിനായി പിൻവലിച്ച തുക | 595097 | 21803266/ 07.01.19 | ₹ 835823 |
| | ആകെ | | | | ₹4271916/- |

ഫയലുകളും രേഖകളും ലഭ്യമാക്കാനാവശ്യപ്പെട്ട് 10.10.2019ൽ 37-ാം നമ്പർ ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നു. ഫയലുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽമേൽ പ്രോജക്ടുകൾക്കായുള്ള ₹ 4271916 ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-65 അധികമായി യാത്രബത്ത അനുവദിച്ചു

09.09.16-ലെ സ.ഉ(അ)137/2016/ധന ഉത്തരവ് പ്രകാരം വിവിധ അധികാര പരിധിയിലുള്ള ഉദ്യോഗസ്ഥരുടെ കേരളത്തിനകത്തെ യാത്രകൾക്ക് പ്രതിമാസ യാത്രബത്ത പരിധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേര് / തസ്തിക | അടിസ്ഥാന ശമ്പളം/ ഗ്രേഡ് | വൗച്ചർ നം/ തീയതി | അനുവദിക്കാവുന്ന പരമാവധി യാത്രബത്ത | അനുവദിച്ചിട്ടുള്ള യാത്രബത്ത/ യാത്ര ചെയ്ത മാസം | അധികമായി അനുവദിച്ചിട്ടുള്ളത് |
|---|---|---|---|---|---|---|
| 1. | നിസാറുദ്ദീൻ, സെക്രട്ടറി | ₹1,10,700 ഗ്രേഡ്.I | 20800157 18.4.18 | ₹4900 | ₹5704 (10.2017) | ₹804 |
| 2. | നിസാറുദ്ദീൻ, സെക്രട്ടറി | ₹1,10,700 ഗ്രേഡ്.I | 21860368 08.5.18 | ₹4900 | ₹7156 (11.2017) | ₹2256 |
| 3. | നിസാറുദ്ദീൻ, സെക്രട്ടറി | ₹1,10,700 ഗ്രേഡ്.I | 21860368 08.5.18 | ₹4900 | ₹8504 (12.2017) | ₹3604 |
| 4. | മനോജ്.എം, സൂപ്രണ്ട് | ₹44,700 ഗ്രേഡ്.II A | 21803587 02.2.19 | ₹3430 | ₹4688 (01.2018) | ₹1258 |
| 5. | p.s.അജിത്ത് പ്രസാദ്, പി.എ to സെക്രട്ടറി | ₹56,700 ഗ്രേഡ്. I | 21803587 02.2.19 | ₹4900 | ₹5212 (02.2018) | ₹312 |
| | **ആകെ** | | | | | **₹8234** |

യാത്രാബത്ത ഇനത്തിൽ അധികമായി അനുവദിച്ച തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു എന്നാണ് ഇത് സംബന്ധിച്ച 29.08.19 ൽ നൽകിയ 37-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി. അധികമായി അനുവദിച്ച ₹8234 ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഉത്തരവിന് വിരുദ്ധമായുള്ള **₹8,234** രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 1-66 ടി.ഡി.എസ്. റിട്ടേൺ ഫയൽ ചെയ്യുന്നതിൽ കാലതാമസം -₹ 66,600 നഗരസഭയ്ക്ക് നഷ്ടം

**ഫയൽ നമ്പർ-R13/R7584/07**

**വൗച്ചർ നമ്പർ-21802447/2-11-18**

നഗരസഭയിലെ 2017-18 വർഷ കുത്തക ലൈസൻസിംഗ് ഫീസുമായി ബന്ധപ്പെട്ട് ആദായനികുതി വകുപ്പിലേക്കുള്ള ടി.ഡി.എസ് റിട്ടേൺ ഫയൽ ചെയ്യുന്നതിലുണ്ടായ കാലതാമസം മൂലം ആദായനികുതി വകുപ്പിൽ നിന്നുള്ള 29-9-2018ലെ ടി.ഡി.എസ്/17-18/ 27ഇ.ക്യു.ഐ.ഡി/100030959820 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ലേറ്റ് ഫയലിംഗ് ഫീസ് ആയി ₹66,600 വൗച്ചർ നമ്പർ-21802447/2-11-18(ചെക്ക് നമ്പർ-758149/2-11-18) പ്രകാരം ആദായനികുതി വകുപ്പിലേക്ക് അടവാക്കിയിട്ടുണ്ട്. സമയബന്ധിതമായി ടി.ഡി.എസ് റിട്ടേൺ ഫയൽ ചെയ്യാതിരുന്നതുമൂലം നഗരസഭക്ക് ₹ 66,600 യുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 56/26.09.2019ന് മറുപടി നൽകിയിട്ടില്ല. നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-67 നെഹ്റു പാർക്കിലെ മരങ്ങൾ മുറിച്ചുമാറ്റൽ -അപാകതകൾ - ₹ 25000 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു

ഫയൽ നം. PH5/40312/18

27.12.18 ലെ കൗൺസിൽ തീരുമാനം നം. 15 പ്രകാരം നെഹ്റു പാർക്കിലെ ഒരു മദിരാശി മരവും ഒരു കുമിഴ് മരവും അപകടഭീഷണിയായി നിൽക്കുന്ന മറ്റു മരങ്ങളുടെ ശിഖരങ്ങളും മുറിച്ച് മാറ്റിയതിന് നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും ആയതിന് ചെലവായ ₹ 25,000 അനുവദിക്കുന്നതിനും തീരുമാനിച്ചു. ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

(1)മുറിച്ച മരങ്ങൾ നിയമാനുസൃത ലേലനടപടികൾ സ്വീകരിച്ച് തുക നഗരസഭാഫണ്ടിലേക്ക് മുതൽ കൂട്ടണമായിരുന്നു. അപ്രകാരം നിർദ്ദേശിച്ചാണ് ചെക്ക് നം. 594857/22.11.18 പ്രകാരം ₹25,000 ശ്രീ. പ്രസാദ് ജെ.എച്ച്.ഐ ക്ക് അനുവദിച്ചിട്ടുള്ളത്. എന്നാൽ അതിനു വിരുദ്ധമായി മുറിച്ച മരങ്ങൾ ആനപ്പാറ അഗതി മന്ദിരത്തിലേക്ക് കൈമാറിയിരിക്കുന്നു.

(2) മരങ്ങൾ മുറിച്ചുമാറ്റുന്ന പ്രവൃത്തി പൂർത്തീകരിച്ചതിനെ തുടർന്ന് സമർപ്പിക്കേണ്ട ചെലവ് സംബന്ധിച്ച സബ് വൗച്ചറുകൾ സാക്ഷ്യപ്പെടുത്തി ബില്ലിനൊപ്പം ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കും വരെ ₹ 25,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-68 അധിക തസ്തികകൾ സൃഷ്ടിച്ച് താൽക്കാലിക നിയമനം നൽകി

2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 2018-19 വർഷത്തിൽ തൃശ്ശൂർ നഗരസഭയിലും മേഖലാ കാര്യാലയങ്ങളിലും ജോലി ചെയ്യുന്ന ജനറൽ വിഭാഗം, കണ്ടിജന്റ് വിഭാഗം ഉൾപ്പെടെയുള്ള ജീവനക്കാരുടെയും, അനുവദനീയമായ തസ്തികകളുടെ എണ്ണവും, ഒഴിവുള്ള തസ്തികയിൽ ജോലി ചെയ്യുന്ന ദിവസ വേതനക്കാരുടെ എണ്ണവും സംബന്ധിച്ച് (സ്ഥിരം ജീവനക്കാരും, ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരും) വിശദാംശങ്ങൾ തസ്തിക തിരിച്ച് ലഭ്യമാക്കാൻ 29.10.2019 ലെ 38 ാം നമ്പർ ഓഡിറ്റ് റിക്വിസിഷൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ 06.11.2019 ൽ കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കിയ മറുപടിയിൽ ഉൾപ്പെടുത്തിയ ജനറൽ വിഭാഗം ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തിക | അനുവദനീയമായ എണ്ണം | നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം | ഒഴിഞ്ഞു കിടക്കുന്ന തസ്തികയുടെ എണ്ണം |
|---|---|---|---|---|
| 1 | സെക്രട്ടറി | 1 | 1 | -- |
| 2 | അഡീഷണൽ സെക്രട്ടറി | 1 | 1 | -- |
| 3 | ഡെപ്യൂട്ടി സെക്രട്ടറി | 1 | 1 | -- |
| 4 | പി.എ | 4 | 4 | -- |
| 5 | അസിസ്റ്റന്റ് റവന്യൂ ഓഫീസർ | 1 | 1 | -- |
| 6 | സൂപ്രണ്ട് | 12 | 11 | 1 |
| 7 | റവന്യൂ ഇൻസ്പെക്ടർ | 11 | 10 | 1 |
| 8 | സീനിയർ ക്ലർക്ക് | 56 | 56 | -- |
| 9 | ക്ലർക്ക് | 57 | 54 | 3 |

| | | | | |
|---|---|---|---|---|
| 10 | ക്ലർക്ക് (സൂപ്പർ ന്യൂമറി) | 5 | 3 | 2 |
| 11 | ഫെയർ കോപ്പി സൂപ്രണ്ട് | 1 | 1 | -- |
| 12 | യു.ഡി ടൈപ്പിസ്റ്റ് | 2 | 2 | -- |
| 13 | എൽ.ഡി ടൈപ്പിസ്റ്റ് | 2 | 2 | -- |
| 14 | കോൺഫിഡെൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 | 1 | 1 | -- |
| 15 | ദഫേദാർ | 6 | 6 | -- |
| 16 | ഓഫീസ് അറ്റൻഡന്റ് | 11 | 11 | -- |
| 17 | ഫീമെയിൽ അറ്റൻഡന്റ് | 6 | 6 | -- |
| 18 | മെയിൽ അറ്റൻഡന്റ് | 3 | 2 | 1 |
| 19 | അറ്റൻഡന്റ് (സ്റ്റോർ) | 1 | 1 | -- |
| 20 | ചെയിൻമാൻ | 3 | 3 | -- |
| 21 | ക്ലീനർ | 3 | 0 | 3 |
| 22 | ഡ്രൈവർ എച്ച്.ഡി.വി | 2 | 1 | 1 |
| 23 | ഡ്രൈവർ എൽ.ഡി.വി | 7 | 5 | 2 |
| 24 | കുക്ക് | 3 | 1 | 2 |
| 25 | ലൈബ്രേറിയൻ | 2 | 2 | -- |
| 26 | ടെലഫോൺ അറ്റൻഡന്റ് | 1 | 1 | -- |
| 27 | പ്ലംബിംഗ് ഇൻസ്പെക്ടർ | 1 | 0 | 1 |
| 28 | വെറ്ററിനറി സർജൻ | 1 | 1 | -- |
| 29 | ലിഫ്റ്റ് അറ്റൻഡന്റ് | 1 | 0 | 1 |
| 30 | ഹെൽത്ത് ഓഫീസർ | 1 | 0 | 1 |
| 31 | ഹെൽത്ത് സൂപ്പർവൈസർ | 1 | 1 | -- |
| 32 | ഫാർമസിസ്റ്റ് 2 | 1 | 1 | -- |
| 33 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 5 | 5 | -- |
| 34 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | 6 | 6 | -- |
| 35 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 13 | 13 | -- |
| 36 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | 17 | 15 | 2 |
| 37 | ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് | 4 | 4 | -- |

- ലഭ്യമാക്കിയ മറുപടിയിൽ ഡ്രൈവർ തസ്തികയിൽ 9 CLR ജീവനക്കാർ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്നതായി കാണിച്ചിട്ടുണ്ട്. എന്നാൽ പട്ടിക പ്രകാരം 3 ഡ്രൈവർ തസ്തിക മാത്രമേ ഒഴിഞ്ഞു കിടക്കുന്നതായിട്ടുള്ളൂ. 3 പേരെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കേണ്ടതിന് പകരം 9 പേരെ CLR ജീവനക്കാരായി നിയമിച്ചു.
- 6 പേരെ അധികമായി നിയമിച്ചതിന് ആധാരമാക്കിയ വർക്ക് സ്റ്റഡി റിപ്പോർട്ട്, കൗൺസിൽ തീരുമാനം, സർക്കാർ ഉത്തരവ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.
- തസ്തികകൾ ഏത് കാലയളവ് മുതൽ ഒഴിഞ്ഞ് കിടക്കുന്നതാണെന്നും, താൽക്കാലിക ജീവനക്കാരെ എന്നുമുതലാണ് നിയമിച്ചിട്ടുള്ളത് എന്ന വിവരവും വ്യക്തമല്ല.
- നാളിതുവരെ 6 അധിക ജീവനക്കാർക്ക് നൽകിയ വേതനം മാസം/വർഷം എന്നിവ തിരിച്ച് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയില്ല.
- റവന്യൂ സെക്ഷൻ, വാട്ടർ സെക്ഷൻ എന്നിവിടങ്ങളിലെ താൽകാലിക ജീവനക്കാരുടെ വിവരം, (സെക്ഷൻ റൈറ്റേഴ്സ്, മീറ്റർ റീഡർ ഉൾപ്പെടെ) ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയില്ല. റവന്യൂ സെക്ഷനിൽ

താൽകാലികമായി നിയമിച്ച 17 സെക്ഷൻ റൈറ്റേഴ്സിന്റെ പേര് വിവരം ലഭ്യമാക്കിയെങ്കിലും മേൽ ജീവനക്കാരെ നിയമിച്ചതിന് ആധാരമാക്കിയ വർക്ക് സ്റ്റഡി റിപ്പോർട്ട്, കൗൺസിൽ തീരുമാനം, സർക്കാർ ഉത്തരവ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

1994 കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 223(1) പ്രകാരം സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ഒരു മുനിസിപ്പാലിറ്റിയുടെ സർവീസിൽ യാതൊരു തസ്തികയും സൃഷ്ടിക്കാൻ പാടില്ലാത്തതാകുന്നു. ധനകാര്യ (വ്യയം – സി) വകുപ്പിന്റെ 26.02.2016 ലെ ജി.ഒ (പി) 28/2016/ഫിൻ നമ്പർ ഉത്തരവിൽ അടിയന്തിര ഘട്ടങ്ങളിൽ സർക്കാർ വകുപ്പുകൾ / ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിൽ ദിവസവേതന / കരാർ ജീവനക്കാരുടെ നിയമനം നൽകുന്നത് സംബന്ധിച്ചും, വേതനം നൽകുന്നത് സംബന്ധിച്ചും പ്രതിപാതിച്ചിട്ടുണ്ട്. ധനകാര്യ (വ്യയം – സി) വകുപ്പിന്റെ 11.01.2019 ലെ 03/2011/ധന നമ്പർ സർക്കുലർ പ്രകാരം അംഗീകാരമില്ലാത്ത തസ്തികകളിൽ സർക്കാറിന്റെ മുൻകൂർ അനുമതിയോട് കൂടി മാത്രമേ ദിവസ വേതന അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 175/30.12.2019) ക്ക് നൽകിയ മറുപടിയിൽ 2000 ത്തിൽ തൃശ്ശൂർ മുനിസിപ്പാലിറ്റിയോട് സമീപത്തുള്ള 5 ഗ്രാമ പഞ്ചായത്തുകളും, കൂടാതെ നടത്തറ ഗ്രാമ പഞ്ചായത്തിലെ 3 വാർഡുകളും കൂട്ടിച്ചേർത്ത് 12 ചതുരശ്ര കിലോമീറ്ററിൽ നിന്നും 101 ചതുരശ്ര കിലോമീറ്ററിലായി കോർപ്പറേഷൻ രൂപീകരിച്ചതിനെ തുടർന്ന് അധിക വാഹനങ്ങൾ കൌൺസിൽ അനുമതിയോടെ വാങ്ങിയിട്ടുള്ളതിനാൽ അധിക ഡ്രൈവർമാരെ ആവശ്യമായി വന്നു എന്ന് കാണിച്ചിട്ടുണ്ട്. താൽക്കാലിക നിയമനങ്ങളുടെ സാധൂകരണത്തിനായി നിരവധി തവണ സർക്കാറിലേക്ക് കത്തുകൾ അയച്ചിട്ടുണ്ടെങ്കിലും സർക്കാർ സാധൂകരണം ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. അധിക തസ്തികകളുടെ ആവശ്യകത സംബന്ധിച്ച് സർക്കാരിനെ ബോധ്യപ്പെടുത്തി അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണ്. റവന്യു സെക്ഷനിലെ താൽകാലിക നിയനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-69 ആനപ്പാറ സ്നേഹവീട് പ്രവർത്തനം കാര്യക്ഷമമല്ല

**ഫയൽ നമ്പർ: PH3/RS/13376/16**

വൃദ്ധരും നിരാലംബരുമായ ആളുകളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആനപ്പാറയിലെ 9 ഏക്കർ ഭൂമിലാണ് തൃശ്ശൂർ നഗരസഭയുടെ സ്നേഹവീട് പ്രവർത്തിച്ചുവരുന്നത്. ഇപ്പോൾ 45 അന്തേവാസികൾ ആണ് സ്നേഹവീട്ടിൽ ഉള്ളത് .ഇവരെ പരിചരിക്കുന്നതിനായി 5 ജീവനക്കാരും ഉണ്ട്. സ്നേഹവീടിനുള്ള പ്രധാന വരുമാന മാർഗ്ഗം കോർപ്പറേഷൻ ഇഷ്യു ചെയ്യുന്ന രശീതുപുസ്തകങ്ങൾ ഉപയോഗിച്ച് സംഭാവനകൾ സ്വീകരിച്ചയിനത്തിൽ ലഭിക്കുന്ന തുകയാണ്.ഫയൽ നമ്പർ PH3/RS/13376/16 പരിശോധിച്ചതിൽ 2018-19 വർഷത്തിൽ ആനപ്പാറ സ്നേഹവീട്ടിലേക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങിയയിനത്തിൽ വിവിധ മാസങ്ങളിലായി 9,75,501 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ താൽകാലിക ജീവനക്കാർക്ക് വേതനം നൽകിയയിനത്തിൽ 8,27,850 രൂപയും നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് ടീം നേരിട്ട് സ്നേഹ വീട് സന്ദർശിച്ച് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)ഈ സ്ഥാപനത്തിന്റെ പ്രവേശനം,സ്ഥാപനത്തിന്റെ നടത്തിപ്പ് എന്നിവ സംബന്ധിച്ചുള്ള ബൈലോ തയ്യാറാക്കിയിട്ടില്ല.

2)അന്തേവാസികൾക്ക് ചികിത്സ നൽകുന്നതിനായി ഒരു സ്ഥിരം സംവിധാനമില്ല. വൊളന്ററി സർവ്വീസ് പ്രകാരമുള്ള ഒരു ഡോക്ടർ മാത്രമാണ് നിലവിൽ ഉള്ളത്.

3)NULM സ്കീം പ്രകാരമുള്ള നേഴ്സമാർ മാത്രമാണ് സ്നേഹവീട്ടിൽ അന്തേവാസികൾക്ക് സേവനം നൽകുന്നതിനായി നിയമിച്ചിട്ടുള്ളത്.

4)അന്തേവാസികൾക്ക് രാത്രി കാലങ്ങളിൽ മെഡിക്കൽ അറ്റൻഷൻ ഇല്ല.

5)അന്തേവാസികളെ രാത്രി കാലങ്ങളിൽ ആശുപത്രിയിൽ എത്തിക്കുന്നതിന് വാഹന സൗകര്യം ഇല്ല.

6) സ്നേഹവീട് അന്തേവാസികൾക്ക് ചികിത്സ ഒരുക്കുന്നതിന് നഗരസഭയിൽ നടത്തിവരുന്ന പെയിൻ & പാലിയേറ്റീവ് പദ്ധതിയുമായി (സ്നേഹ സ്പർശം) ബന്ധിപ്പിച്ചിട്ടില്ല.

7)അടുക്കളയിൽ അന്തേവാസികൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിനായി ഗ്യാസ് സിലിണ്ടർ ലഭ്യമാക്കിയിട്ടില്ല. കോർപ്പറേഷൻ വിതരണം ചെയ്യുന്ന വിറക് ഉപയോഗിച്ചാണ് ഭക്ഷണം പാകം ചെയ്യുന്നത്.

8) ഭക്ഷണ വിതരണം സംബന്ധിച്ച മെനു തയ്യാറാക്കിയിട്ടില്ല.

9) അന്തേവാസികൾ ഉപയോഗിക്കുന്ന ചില കട്ടിലുകൾ തുരുമ്പെടുത്ത് നശിച്ചിരിക്കുന്നു.

10)പുതിയ ബെഡുകൾ സ്പോൺസർമാർ സ്നേഹ വീടിന് നൽകിയിട്ടുണ്ടങ്കിലും അവ അന്തേവാസികൾക്ക് വിതരണം ചെയ്തിട്ടില്ല.

11)ഇവിടെ വിതരണം ചെയ്യുന്ന കുടിവെള്ളം പരിശോധന നടത്തിയിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 166 /20-12.2019 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആധുനിക സാഹചര്യത്തിൽ കൂടുതൽ കരുതൽ വേണ്ട വൃദ്ധരും നിരാലംബരുമായ ആളുകളുടെ ഏക ആശ്രയമായ സ്നേഹവീടിന്റെ പ്രവർത്തനം കുറ്റമറ്റരീതിയിൽ നടത്തികൊണ്ടുപോകുന്നതിൽ നഗരസഭയുടെ ഇടപെടൽ അനിവാര്യമാണ്.

## 1-70 ഷീ ലോഡ്ജ്-ബൈലാ തയ്യാറാക്കി പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കണം

രാത്രി കാലങ്ങളിൽ തൃശ്ശൂർ നഗരങ്ങളിൽ എത്തിച്ചേരുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസ സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ പുഴക്കലിൽ 1കോടി രൂപ ചെലവഴിച്ച് ആരംഭിച്ച ഷീ ലോഡ്ജ് 04.02.2019 മുതൽ പ്രവർത്തനമാരംഭിച്ചു. മൂന്ന് നിലകളിലായി എട്ട് റൂമുകളിലായി 40 ബെഡുകളാണ് ഷീ ലോഡ്ജിൽ ഉള്ളത്. ഒരാൾക്ക് ഭക്ഷണത്തോട് കൂടി 400 രൂപയും ഭക്ഷണമില്ലാതെ 250 രൂപയുമാണ് പ്രതിദിനം ഈടാക്കുന്നത്. എന്നാൽ നഗരത്തിൽ എത്തിചേരുന്ന വനിതകൾക്ക് റെയിൽവെ സ്റ്റേഷൻ, ബസ്റ്റാന്റ് എന്നിവിടങ്ങളിൽ നിന്നും 4 കി.മീ അകലത്തിൽ സ്ഥിതി ചെയ്യുന്ന ഷീ ലോഡ്ജിൽ എത്തിചേരാൻ രാത്രി കാലങ്ങളിൽ സൗകര്യം ഇല്ലാത്തത് ഈ പദ്ധതിക്ക് ഒരു വെല്ലുവിളിയാണ്. ലോഡ്ജിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ദിവസ വേതനത്തിന് ജോലിചെയ്യുന്ന 8 ജീവനക്കാരാണ് ഷീ ലോഡ്ജിൽ ഉള്ളത്. ഷീ ലോഡ്ജിൽ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനായി നാളിതുവരെ തനത്ഫണ്ടിൽ നിന്നും 1,33,236 രൂപ ചെലവഴിച്ചിട്ടുണ്ട് കൂടാതെ 11,00,610 രൂപ ജീവനക്കാർക്ക് വേതനം നൽകുന്നതിനും 56,881 രൂപ വൈദ്യുതി,പാചക വാതകം എന്നിവക്കായി ചെലവഴിച്ചിട്ടുണ്ട്. ഷീ ലോഡ്ജ് വാടകയിനത്തിൽ നാളിതുവരെ 5,60,650 രൂപ ലഭിച്ചിട്ടുണ്ട്.

നഗരത്തിലെത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ ഒരു വാസസ്ഥലം എന്ന നിലക്ക് ഏറെ പ്രാധാന്യമർഹിക്കുന്ന ഈ പദ്ധതി അതിന്റെ ഫലപ്രാപ്തിയിലെത്തുന്നതിന് നഗരത്തിൽ നിന്നും ഷീ ലോഡ്ജിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്തിയും ഓൺലൈൻ സംവിധാനമേർപ്പെടുത്തിയും, വ്യാപക പ്രചരണം നടത്തിയും പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഷീ ലോഡ്ജിന്റെ പ്രവർത്തനം, പരിപാലനം എന്നിവ സംബന്ധിച്ച് ബൈലോ തയ്യാറാക്കി ആയതിൻപ്രകാരം പ്രവർത്തിയ്ക്കേണ്ടതാണ്. ആവർത്തന ചെലവ് വരുന്ന ഇത്തരം കാര്യങ്ങളുടെ നടത്തിപ്പ് ചുമതല കോർപ്പറേഷൻ ഏറ്റെടുക്കാതെ കുടുംബശ്രീ പോലുള്ള ഏതെങ്കിലും സംഘങ്ങളെ ഏല്പിക്കുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെടുന്നു.

## 1-71 മേയറുടെ ദുരിതാശ്വാസനിധി വിനിയോഗം-ചട്ടങ്ങൾ പാലിക്കുന്നില്ല

**ഫയൽ നമ്പർ:A9-/1597/15**

2018-19 വർഷത്തിൽ നഗരസഭ സമർപ്പിച്ച വാർഷിക കണക്ക് പ്രകാരം 7,70,928/- രൂപ മേയറുടെ ദുരിതാശ്വാസനിധി ഇനത്തിൽ വരവുണ്ട്. ഫയൽ നമ്പർ- A9-/1597/15 പരിശോധിച്ചതിൽ 4,56,000/- രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും )ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം ദുരിതാശ്വാസനിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഒരു ബുക്കിൽ സൂക്ഷിച്ച് പോരേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ ഇത്തരത്തിൽ ഒരു രജിസ്റ്റർ സൂക്ഷിക്കുകയോ, വരവ് ചെലവുകൾ സംബന്ധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2) 2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനായി അപേക്ഷിച്ചവരുടേയും, ധനസഹായം ലഭിച്ചവരുടേയും, നിധിയിലേക്ക് സംഭാവന നൽകിയവരുടേയും പേരുവിവരങ്ങളും തുകയും മറ്റ് വിവരങ്ങളും യഥാസമയം സെക്രട്ടറി ആഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വിവരങ്ങൾ വാർഡ്/ഡിവിഷൻ സഭകളിൽ അറിയിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

3) നഗരസഭ കൗൺസിലിന്റെ 17-12-2016 3-ാം നമ്പർ തീരുമാന പ്രകാരം നഗരസഭ വക കെട്ടിടങ്ങൾ ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ പുതിയ ലൈസൻസിന് വാർഷിക ലൈസൻസ് ഫീസിന്റെ 10% വും ലൈസൻസ് കൈമാറ്റം ചെയ്യുന്ന കേസുകളിൽ വാർഷിക ലൈസൻസ് ഫീസിന്റെ 20%വും മാരക രോഗികൾക്ക് ചികിത്സാസഹായം നൽകുന്നതിന് പ്രത്യേക ഫണ്ടിൽ അടവാക്കേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വരവ് ദുരിതാശ്വാസനിധിക്കായി നഗരസഭ ആരംഭിച്ച സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ അക്കൗണ്ട് നമ്പർ. 67295240277ൽ നിക്ഷേപിച്ച് പ്രസ്തുത തുക ഈ ആവശ്യത്തിലേക്കായി ചെലവഴിക്കുന്നതായി പറയപ്പെടുന്നുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

4)ദുരിതാശ്വാസനിധിയിലേക്ക് നേരിട്ടും, വാർഷിക ലൈസൻസ് ഫീസിനത്തിലും ലഭിക്കുന്ന തുക കൃത്യമായി ബാങ്കിൽ

അടവാക്കുന്നില്ല. 2018-19 വർഷത്തിൽ ലഭിച്ച തുക 12,92,812/- രൂപ 25-02-2019ൽ മാത്രമാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ അക്കൗണ്ട് നമ്പർ 67295240277 ൽ നിക്ഷേപിച്ചിട്ടുള്ളത്.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 162 /19.12.2019 ന് മറുപടി നൽകിയിട്ടില്ല. ദുരിതാശ്വാസനിധിയിലേക്ക് ലഭിക്കുന്ന തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടെന്നും, തുക ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-72 തൃശ്ശൂർ കോർപ്പറേഷനിലെ റഗുലർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിലുള്ള തുക സെൻട്രൽ ഫണ്ടിലേക്ക് അടവാക്കുന്നില്ല

1996ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് )ചട്ടങ്ങളിലെ ചട്ടം7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്തവേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്. തൃശ്ശൂർ കോർപ്പറേഷനിലെ റഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിലുള്ള തുക കുറവു വരുത്തുന്നുണ്ടെങ്കിലും ടി തുക സെൻട്രൽ ഫണ്ടിലേക്ക് അടവാക്കുന്നില്ല. ഇത് നിയമപ്രകാരം ആശാസ്യമല്ല. ഇതു സംബന്ധിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശമുണ്ട്.

പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ ഫണ്ടിൽ അടവാക്കാത്തതു സംബന്ധിച്ച് 27.9.19 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം 59 ന് 4.10.19ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റഗുലർ,കുടുംബ പെൻഷൻ ഇനങ്ങൾക്കായി മാസാമാസം 50ലക്ഷത്തോളവും ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ ഇനത്തിലായി 30 ലക്ഷത്തോളവും രൂപ ചെലവാകുന്നുണ്ട്. പെൻഷൻ ഫണ്ട് പരിശോധിച്ചതിൽ നഗരകാര്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും 2016-17സാമ്പത്തികവർഷം വരെ അലോട്ട്മെന്റായി അനുവദിച്ച 8കോടിയിൽ ഇനിയും ലഭിക്കാനുള്ള ₹4,92,67,742 ഉൾപ്പെടെ 2019 സെപ്റ്റംബർ വരെ ₹20,33,78,092 ലഭിക്കാനുണ്ട്. നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും പെൻഷൻ അലോട്ട്മെൻറ് ആവശ്യത്തിന് ലഭ്യമാകാത്തതിനാൽ പെൻഷൻ വിതരണം മുടങ്ങുമെന്ന ഘട്ടം വന്നപ്പോൾ 2009 നവംബർ മാസം മുതൽ ജീവനക്കാരിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയും ആയത് മതിയാകാതെ വരുമ്പോൾ തനതു ഫണ്ടിൽ നിന്നുള്ള തുകയും പെൻഷൻ ആനുകൂല്യ വിതരണത്തിനായി ഉപയോഗിച്ചു വരുന്നു. പെൻഷൻ കോൺട്രിബ്യൂഷൻ സംബന്ധിച്ച ധനവിനിമയത്തിനായി തൃശ്ശൂർ കോർപ്പറേഷനിൽ അക്കൗണ്ട് നം.10244230556 എന്ന പ്രത്യേക അക്കൗണ്ട് സൂക്ഷിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ നഗരകാര്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ₹1,10,16,341ലഭിച്ചിട്ടുണ്ട്. ₹4,00,00,000 ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. തൻവർഷത്തെ ചെലവ് വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തികവർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| 2018-19 | ₹3,61,08,746 | ₹5,17,77,180 | ₹8,78,85,926 | ₹7,33,23,493 | ₹1,45,62,433 |

ഊർജ്ജിതമായ നടപടികളിലൂടെ നഗരകാര്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും പെൻഷൻ ഫണ്ട് ഇനത്തിലുള്ള അലോട്ട്മെന്റ് തുക നേടിയെടുക്കാനും ഓരോ ജീവനക്കാരന്റെയും പ്രതിമാസമൊത്തവേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ ഫണ്ടിൽ ഒടുക്കുവാനും ഉള്ള നടപടികൾ അധികാരികളുടെ ഭാഗത്തു നിന്നുമുണ്ടാകേണ്ടതുണ്ട് .

## 1-73 നഗരസഭ ജീവനക്കാരുടെ പെൻഷൻ വിഹിതം ഈടാക്കുന്നില്ല

തൃശ്ശൂർ നഗരസഭ റഗുലർ ജീവനക്കാരുടെ 2018-2019 സാമ്പത്തിക വർഷത്തെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാർ പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കുകയോ അവരുടെ ശമ്പളത്തിൽ നിന്നും NPS ഇനത്തിൽ തുക കുറവ് ചെയ്യുകയോ ചെയ്യുന്നില്ല.

1. പ്രവീൺ .എം, ക്ലർക്ക്

2. വിനയൻ കെ.ആർ, ക്ലർക്ക്

3. ഇന്ദുമോൾ എം.ആർ, ക്ലർക്ക്

4. രേഖ. പി, ബിൽ കളക്ടർ

5. ദിപു. പി.ബി, ബിൽ കളക്ടർ

കേരള മുനിസിപ്പാലിറ്റി ജീവനക്കാർക്ക് 1996 ലെ കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ ബാധകമാണ്. 01.04.2013 മുതൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് GO(P).20/2013/Fin തി.07.01.2013 പ്രകാരം National Pension System ബാധകമാണ്. എന്നാൽ മേൽപ്പറഞ്ഞ ജീവനക്കാർക്ക് ആയതിൽ ഏത് വ്യവസ്ഥയാണ് ബാധകമാക്കേണ്ടതെന്നും മേൽപ്പറഞ്ഞ അപാകത സംഭവിക്കാനുണ്ടായ കാരണവും വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് അന്വേഷണം 93/08.11.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-74 തൃശ്ശൂർ കോർപ്പറേഷൻ, വാട്ടർ അതോറിറ്റിയ്ക്ക് കുടിവെള്ള കുടിശ്ശിക അടവാക്കൽ പദ്ധതി - രേഖകൾ ഹാജരാക്കിയില്ല

പ്രോജക്റ്റ് നമ്പർ - എസ്. ഓ - 242/19

പ്രോജക്റ്റ് വിഭാഗം - ജനറൽ

പദ്ധതി അടങ്കൽ- 61,99,800/-( വികസന ഫണ്ട് ).

ആകെ ചെലവ് - 61,99,800/--

ട്രഷറി ബിൽ ബുക്ക് ക്രമ നമ്പർ - രേഖപ്പെടുത്തിയിട്ടില്ല

TR – 59(E) തീയ്യതി 20/03/2019 പ്രകാരം Amount payable to water authority(Sanction order /proceedings number and date - 1094/20-03-2019) എന്ന് രേഖപ്പെടുത്തി 61,99,800/- രൂപ ട്രഷറിയിൽ നിന്നും 22/03/2019 ന് പിൻവലിച്ചിട്ടുണ്ട്.

അപാകതകൾ

1.കേരള വാട്ടർ അതോറിറ്റിയ്ക്ക് കുടിവെള്ള കുടിശ്ശിക അടവാക്കൽ പദ്ധതി പ്രകാരം 61,99,800/- രൂപ വകയിരുത്തിയത് ഏതെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

2. തൃശ്ശൂർ കോർപ്പറേഷൻ, കേരള വാട്ടർ അതോറിറ്റിയ്ക്ക് അടയ്ക്കാനുള്ള കുടിവെള്ള കുടിശ്ശികയിലേയ്ക്ക് പ്രസ്തുത തുക (61,99,800/- രൂപ ), തൃശ്ശൂർ കോർപ്പറേഷന്റെ പേരിൽ വരവ് വെച്ചതുമായി സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

3. കുടിവെള്ള കുടിശ്ശിക ഇനത്തിൽ തൃശ്ശൂർ കോർപ്പറേഷൻ, കേരള വാട്ടർ അതോറിറ്റിയ്ക്ക് ഇനിയും അടച്ച് തീർക്കാനുള്ള തുക സംബന്ധിച്ച വിവരം വ്യക്തമാക്കിയില്ല. മാത്രമല്ല ആയത് തെളിയിക്കുന്ന കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസുകളും , തൃശ്ശൂർ കോർപ്പറേഷൻ അടവാക്കിയ തുകകൾ സംബന്ധിച്ച വിശദാംശങ്ങളും (വൗച്ചർ നമ്പർ, തീയ്യതി, ചെക്ക് നമ്പർ ,തീയ്യതി ,ഏത് ഫണ്ടിൽ നിന്ന് തുടങ്ങിയ എല്ലാവിവരങ്ങളും ) മറ്റു അനുബന്ധ രേഖകളും ഉൾപ്പെടുന്ന ഫയലുകളും അനുബന്ധ രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കിയില്ല.

തൃശ്ശൂർ കോർപ്പറേഷൻ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ടോ പ്രവർത്തിക്കാത്ത ടാപ്പ് കണ്ടെത്തി ആയതിന്റെ വെള്ളക്കരം കുറവ് ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളോ ഹാജരാക്കിയില്ല.

2018-2019 വർഷത്തെ വാർഷിക കണക്ക് പ്രകാരം ഷെഡ്യൂൾ 15 പ്രകാരം വാട്ടർ ചാർജ്ജ് ഇനത്തിൽ ആകെ 1,62,74,698/- രൂപ പിരിച്ചെടുക്കാനുണ്ട്. (കറന്റ്- 30,90,250/-,കുടിശ്ശിക- 131,84,448/- ). വാട്ടർ ചാർജ്ജ് ഇനത്തിൽ ഇത്രയും വലിയ തുക പിരിച്ചെടുക്കുന്നതിൽ കുടിശ്ശിക വരാനുണ്ടായ കാരണം വിശദീകരിക്കുകയോ, ആയതിന്റെ രജിസ്റ്ററുകളും അനുബന്ധ രേഖകളും ഹാജരാക്കുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( ഓഡിറ്റ് എൻക്വയറി നമ്പർ 81 /23/10/2019 ) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

രേഖകൾപരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

## 1-75 കേരള വാട്ടർ അതോറിറ്റിയ്ക്ക് അടയ്ക്കേണ്ട കുടിശ്ശിക-പദ്ധതി വിഹിതത്തിൽ നിന്നും നേരിട്ട് കുറവ് ചെയ്തത് -അപാകതകൾ

ഫയൽ നമ്പർ - എ 10 – 23607/18

ചെലവ് - 1,25,68,158/-

സർക്കാർ ഉത്തരവ് (സാധാ) നമ്പർ.9858/2018/ധന ,തീയ്യതി 29/11/2018 പ്രകാരം , 2018-19 സാമ്പത്തിക വർഷത്തെ മൂന്നാം ഗഡു (നവംബർ -2018) വികസന ഫണ്ടിലെ പൊതു വിഭാഗത്തിൽ അനുവദിക്കുന്ന തുകയായ 11,86,30,000/- രൂപയിൽ നിന്നും (3604-00-200-86-(01)-35) , കേരള വാട്ടർ അതോറിറ്റിയ്ക്ക് അടയ്ക്കേണ്ട കുടിശ്ശികയായ 5,65,56,712/- രൂപയും , കേരള ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കേണ്ട 1478/- രൂപയും കുറച്ച് 6,20,71,810/- രൂപ അനുവദിക്കുകയും തുടർന്ന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1194/2019/ധന.തിയ്യതി 16/02//2019 പ്രകാരം, 4,39,88,554/-രൂപ വികസന ഫണ്ടിലേയ്ക്ക് (3604-00-200-86-(01)-35) പുനരനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ആയതിന്റെ കറസ്പോൺണ്ടൻസ് ഫയലിൽ "നിലവിൽ വാട്ടർ അതോറിറ്റിയ്ക്കായി കുറവ് ചെയ്ത 125,68,158/- രൂപ ചെലവിനത്തിൽ ഉൾക്കൊള്ളിക്കുന്നതിനായി G.O. PROJECT ആയി enter ചെയ്യുവാനുള്ള അനുവാദം ഇപ്പോൾ Sulekha software ൽ ലഭ്യമാണ് "എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

അപാകതകൾ

1- പ്രസ്തുത പദ്ധതിയുടെ പദ്ധതി രേഖ ഹാജരാക്കിയില്ല.

2 - പ്രസ്തുത പ്രോജക്ട് G.O. PROJECT ആയി നടപ്പാക്കുന്നതിന് സർക്കാർ ഉത്തരവ് ഹാജരാക്കിയില്ല.

3 - തൃശ്ശൂർ കോർപ്പറേഷൻ, കേരള വാട്ടർ അതോറിറ്റിയ്ക്ക് അടയ്ക്കാനുള്ള കുടിശ്ശികയിലേയ്ക്ക് 1,25,68,158/- രൂപ ,തൃശ്ശൂർ കോർപ്പറേഷന്റെ പേരിൽ വരവ് വെച്ചതുമായി സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള രേഖകൾ ഹാജരാക്കിയില്ല.

4- തൃശ്ശൂർ കോർപ്പറേഷൻ , കേരള വാട്ടർ അതോറിറ്റിയ്ക്ക് അടയ്ക്കാനുള്ള കുടിശ്ശിക സംബന്ധിച്ച രജിസ്റ്ററുകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( ഓഡിറ്റ് എൻക്വയറി നമ്പർ 81 /23/10/2019 ) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

## 1-76 കുടിവെള്ള വിതരണം -വെള്ളക്കരം അടവാക്കൽ - അവലോകനം

വെള്ളക്കരം ഇനത്തിൽ പ്രോജക്ട് നമ്പർ 242/19 പ്രകാരം നഗരസഭ 2018-19 വർഷത്തിൽ ചുവടെ പറയുംവിധം വാട്ടർ അതോറിറ്റിയിൽ തുക അടവാക്കിയിട്ടുണ്ട്.

| ബിൽ നമ്പർ | തുക | ഫണ്ട് | റിമാർക്സ് |
|---|---|---|---|
| 1094/20-03-2019 | 61,99,800 | MG (Non Road) | തേക്കിൻക്കാട് മൈതാനിയിലെ പമ്പ് ഹൗസിൽ നിന്നും തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷനുകളിലേക്ക് കുടിവെള്ളം വിതരണം ചെയ്തതിന്റെ കുടിശ്ശിക |

കൂടാതെ പ്രോജക്ട് നമ്പർ 797/19 പ്രകാരം 1,25,68,150 രൂപ നഗരസഭയുടെ 2018-19 വർഷത്തെ വികസനഫണ്ടിൽ നിന്നുള്ള (സാധാരണ വിഹിതം)ഉറവിടത്തിൽ നിന്നും നേരിട്ട് കുറവ് ചെയ്ത് കേരള ജല അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.ഇവ കൂടാതെ വിവിധ കുടിവെള്ള പദ്ധതികൾക്കായി 94,66,506/- രൂപയും, വരൾച്ചാ ബാധിത പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം ചെയ്യുന്നതിനായി 23,60,570/- രൂപയും ചെലവഴിച്ചിട്ടുണ്ട് .

ഇതിനുപുറമേ ഫയൽനമ്പർ WS2-18517 പരിശോധിച്ചതിൽ 1996 ലെ ജനകീയാസൂത്രണ പദ്ധതി പ്രകാരം കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് 170 സ്വാശ്രയ കുടിവെള്ള പദ്ധതികളും നഗരസഭയിൽ നടന്ന് വരുന്നുണ്ട്.എന്നാൽ ഈ സ്വാശ്രയകുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, ഗുണഭോക്താക്കളുടെ എണ്ണം ,വെള്ളക്കരം പിരിച്ചെടുക്കുന്നതിന്റെ വിവരം എന്നിവ ലഭ്യമല്ല.

തൃശ്ശൂർ നഗരസഭ പഴയ നഗരസഭ പ്രദേശത്തെ 1 മുതൽ 32 വാർഡുകളിലെ ജല വിതരണം നടത്തി വരുന്നത് തൃശ്ശൂർ കോർപ്പറേഷന്റെ ചുമതലയിലാണ്. ഇതിനാവശ്യമായ ജലം ലഭ്യമാക്കുന്നത് ജലവിഭവ വകുപ്പിന് കീഴിലുള്ള പീച്ചി ജലവിതരണ പദ്ധതിയിൽ നിന്നാണ്. 30.05.1959ൽ സർക്കാരും തൃശ്ശൂർ നഗരസഭയും തമ്മിൽ ഒപ്പുവെച്ചിട്ടുള്ള കരാർപ്രകാരം 59.5 ലക്ഷം രൂപ ചെലവു വരുന്ന പീച്ചി തൃശ്ശൂർ ജലവിതരണ പദ്ധതിയിന്മേൽ 50% വീതം സർക്കാരും നഗരസഭയും തുല്യമായി മുതൽ മുടക്കി ആരംഭിച്ചിട്ടുള്ളതും പിന്നീട് സർക്കാരിന്റെ G.O(ms)111/62/24.01.1962 ഉത്തരവ് പ്രകാരം ജലവിതരണാവകാശം തൃശ്ശൂർ നഗരസഭ നേടുകയും ചെയ്തിരുന്നു. തുടർന്ന് കേരള സർക്കാരിന്റെ 1986ലെ കേരള വാട്ടർ സപ്ലൈ ആന്റ് സിവറേജ് ആക്ട് clause @ sub section (1) of 18ലെ നിബന്ധനയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരുന്ന ജലവിതരണാവകാശം വാട്ടർ അതോറിറ്റിക്ക് കൈമാറിയിരുന്നു. എന്നാൽ തൃശ്ശൂർ നഗരസഭയുടെ 1993 ഫെബ്രുവരി 8-ാം തീയതിയിലെ കൗൺസിൽ തീരുമാനപ്രകാരം ജലവിതരണാവകാശം തിരികെ നഗരസഭയ്ക്ക് ലഭിക്കുന്നതിന് സർക്കാരിനോട് അപേക്ഷിക്കുകയും ആയത് പരിഗണിച്ച് സർക്കാരിന്റെ 17.05.1993ലെ 1466/F1/93/LAD ഉത്തരവുപ്രകാരം ജലവിതരണാവകാശം ട്രീറ്റ്മെന്റ്, സ്റ്റോറേജ്, ഡിസ്ട്രിബ്യൂഷൻ ഉൾപ്പെടെയുള്ള പൂർണ്ണ ചുമതല നഗരസഭയ്ക്ക് കൈമാറിയിരുന്നു. പീച്ചി പ്ലാന്റിൽ ആകെ ഉല്പാദിപ്പിക്കുന്ന വെള്ളത്തിന്റെ മെയിന്റനൻസ് ചാർജ്ജ് കണക്കാക്കി ആയതിന്റെ 40% തൃശ്ശൂർ കോർപ്പറേഷൻ വാട്ടർ അതോറിറ്റിയ്ക്ക് നല്കുന്നതിന് 03.06.1993ൽ നടന്ന യോഗത്തിൽ ഗവൺമെന്റ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നു. കൂടാതെ ജലവിതരണ പദ്ധതിയുടെ തുടർനടത്തിപ്പ് സംബന്ധിച്ച് 03.12.2002ൽ വകുപ്പ് സെക്രട്ടറിമാരുടെ ചേംബറിൽ വാട്ടർ അധികൃതരും കോർപ്പറേഷൻ ഭരണാധികാരികളും സംയുക്തമായി ചേർന്ന യോഗത്തിൽ പീച്ചി ശുദ്ധീകരണശാലയിൽ ഉല്പാദിപ്പിക്കുന്ന 50 MLD ജലത്തിൽ 20 MLD ജലം തൃശ്ശൂർ പഴയ മുനിസിപ്പൽ പ്രദേശത്ത് വിതരണം ചെയ്യുന്നതായി വാട്ടർ അതോറിറ്റി വ്യക്തമാക്കിയിരുന്നു. എന്നാൽ മേൽനിർദ്ദേശത്തിന് സർക്കാരിന്റെയോ കൗൺസിലിന്റെയോ ഔദ്യോഗിക അംഗീകാരം ലഭിച്ചിട്ടില്ല. കോർപ്പറേഷനിലെ പഴയ പ്രദേശത്ത് 32 ഡിവിഷനുകളിലേക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിന് മെയിന്റനൻസ് ചാർജ്ജ് ഇനത്തിൽ വാട്ടർ അതോറിറ്റി ഈടാക്കിയിരുന്നത് പ്രതിമാസം 6 ലക്ഷം രൂപയായിരുന്നു. എന്നാൽ ജി.ഒ.(എം.എസ്)88/2014WRD ഉത്തരവ് പ്രകാരം 2014 ഒക്ടോബർ മുതൽ മെയിന്റെനൻസ് ചാർജ്ജ് വാട്ടർ അതോറിറ്റി 34,20,000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത് കോർപ്പറേഷൻ അംഗീകരിച്ചിട്ടില്ല. തെരുവ് ടാപ്പ് വാട്ടർ അതോറിറ്റി ഈടാക്കിയിരുന്നത് പ്രതിമാസം ടാപ്പ് ഒന്നിന് 438/- രൂപയായിരുന്നു. എന്നാൽ വാട്ടർ അതോറിറ്റി ഇത് 638/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും നഗരസഭ ഇപ്പോഴും 438/- രൂപ എന്ന പഴയ നിരക്കിലാണ് വെള്ളക്കരം അടവാക്കി വരുന്നത്. 17-5-1993 ലെ സർക്കാർ ഉത്തരവ് പ്രകാരം ജലവിതരണാവകാശം പൂർണ്ണമായും കോർപ്പറേഷനിൽ നിക്ഷിപ്തമായിരുന്ന എന്ന വസ്തുത അവഗണിച്ചു കൊണ്ടാണ് നഗരസഭ ജലവിതരണാവകാശം പൂർണ്ണമായും ഏറ്റെടുക്കാതെ ഭീമമായ തുക ഓരോ വർഷവും മെയിന്റനൻസ് ചാർജ്ജ് ഇനത്തിൽ (6,00,000 x 12 = 72,00,000/-, 2014 ഒക്ടോബർ മുതൽ 34,20,000 x 12 = 4,10,40,000രൂപ) വാട്ടർ അതോറിറ്റിയ്ക്ക് നൽകുന്നത്. 18.08.2017 ൽ മേയറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജലവിതരണാവകാശം പൂർണ്ണമായും കോർപ്പറേഷൻ ഏറ്റെടുക്കുന്നതിനായി വാട്ടർ അതോറിറ്റി ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ തുടർവിവരം ലഭ്യമായിട്ടില്ല.തുടർന്ന് 18-5-2018 ലെ കൗൺസിൽ തീരുമാനപ്രകാരം ജലവിതരണാവകാശം പൂർണ്ണമായും കോർപ്പറേഷൻ ഏറ്റെടുക്കുന്നതിനായി 06-05-2019 ന് വകുപ്പ് മന്ത്രിക്ക് WS1-3471/19 നമ്പർ കത്ത് നൽകിയിട്ടുണ്ട്.

തൃശ്ശൂർ കോർപ്പറേഷൻ 32 ഡിവിഷനുകളിലേക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് തേക്കിൻക്കാട് മൈതാനിയിലെ പമ്പ് ഹൗസിൽ നിന്നുമാണ്. കൂടാതെ ഒല്ലൂക്കര മേഖലയിൽ 402, വിൽവട്ടം മേഖലയിൽ 268 (ജല അതോറിറ്റിയുടെ കണക്ക് പ്രകാരം 292), അയ്യന്തോൾ മേഖലയിൽ 537(ജല അതോറിറ്റിയുടെ കണക്കുപ്രകാരം 624), കൂർക്കഞ്ചേരി മേഖലയിൽ 477(ജല അതോറിറ്റിയുടെ കണക്ക് പ്രകാരം 556),ഒല്ലൂർ മേഖലയിൽ 427 പൊതു ടാപ്പുകളും ഉണ്ട്. കോർപ്പറേഷൻ പരിധിയിൽ ജല അതോറിറ്റിയുടെ കണക്ക് പ്രകാരം 427 പൊതു ടാപ്പുകളും ഉണ്ട്.

വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടവാക്കൽ എന്ന ഡബ്ല്യൂ.എസ്.1-38628/17, ഡബ്ല്യൂ.എസ്.1-3362/13, ഡബ്ല്യൂ.എസ്.1-34714/17, പി.എച്ച്.ആർ.6-25888/16 എന്നീ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സ.ഉ.(സാ)നം.1275/2009/ത.സ്വ.ഭ.വ തിയതി 30-05-2009 ഖണ്ഡിക 2-1 പ്രകാരം എല്ലാ നഗരസഭകളും തങ്ങളുടെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തേണ്ടതും തുടർന്ന് ആകെ ടാപ്പുകൾ, ജലം ലഭ്യമായവ, പ്രവർത്തനക്ഷമമല്ലാത്തവ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കണമെന്നും നിർദേശിച്ചിരുന്നു. എന്നാൽ നഗരസഭ പൊതുടാപ്പുകളുടെ എണ്ണം, സ്വഭാവം എന്നിവ സംബന്ധിച്ച് ഇത്തരത്തിൽ പരിശോധന നടത്തുകയോ റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ഉദാഹരണം വിൽവട്ടം മേഖലയിൽ നഗരസഭ വാട്ടർ ചാർജ് നൽകുന്നത് 268 ടാപ്പുകൾക്കാണ്.എന്നാൽ ജല അതോറിറ്റിയുടെ ബിൽ നമ്പർ 2508/13-11-17 പ്രകാരം ടാപ്പുകളുടെ എണ്ണം 292 ആണ്.അയ്യന്തോൾ മേഖലയിൽ നഗരസഭ വാട്ടർ ചാർജ് നൽകുന്നത് 537ടാപ്പുകൾക്കാണ് എന്നാൽ ജല

അതോറിറ്റിയുടെ ബിൽ നമ്പർ 2617/8-2-18 പ്രകാരം ടാപ്പുകളുടെ എണ്ണം 624 ആണ്. ക്ലർക്കഞ്ചേരി മേഖലയിൽ നഗരസഭ വാട്ടർ ചാർജ് നൽകുന്നത് 477 ടാപ്പുകൾക്കാണ് എന്നാൽ ജല അതോറിറ്റിയുടെ ബിൽ നമ്പർ 2606/10-1-18 പ്രകാരം ടാപ്പുകളുടെ എണ്ണം 556 ആണ്.

2) പന്ത്രണ്ടാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖ പ്രകാരം പൊതു ടാപ്പുകളിലെ കുടിവെള്ള പദ്ധതിയേക്കാൾ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് നിർദേശിക്കുന്നു. സ.ഉ(സാ)നം.1275/2009/ത.സ്വ.ഭ.വ തിയതി 30-05-2009 ഖണ്ഡിക 7 പ്രകാരം ബി.പി.എൽ വിഭാഗക്കാർക്ക് കണക്ഷൻ ചാർജ് പകുതിയാക്കിയിട്ടുണ്ട്. 15,000 ലിറ്റർ വരെ ജലം സൗജന്യവുമാണ്.എന്നാൽ നഗരസഭയുടെ ഭാഗത്തുനിന്നും പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിനോ ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനോ യാതൊരു നടപടികളും ഉണ്ടായതായി വിശദീകരിച്ചിട്ടില്ല.

3) കേരളാ മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 22സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകൾ, ഉപവകുപ്പ് ഡി (iv) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളിൽ അക്കൗണ്ടുകൾ മാസംതോറും ഓഡിറ്റ് ചെയ്യേണ്ടതും, മാസംതോറുമുള്ള തുക ആവശ്യപ്പെടൽ, തുക പിരിച്ചെടുക്കൽ, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച് സെക്രട്ടറി സമർപ്പിക്കുന്ന സംക്ഷിപ്തം പരിശോധിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. എന്നാൽ നഗരസഭ വെള്ളക്കരം സംബന്ധിച്ച ഡി.സി.ബി. പത്രിക 2017-18 വരെ മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ തന്നെ വെള്ളക്കരം ഇനത്തിൽ പഴയ മുനിസിപ്പൽ പ്രദേശത്ത് ഈടാക്കിയതും, ഇനി ഈടാക്കാനുള്ളതുമായ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല. എന്നാൽ ഫയൽ പരിശോധിച്ചതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ക്രിയാത്മകമായ യാതൊരു ഇടപെടലും നടത്തിയിട്ടില്ല എന്നു കാണുന്നു.ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

4) 2018-19 വർഷത്തിൽ നഗരസഭക്ക് കിട്ടാനുള്ള വെള്ളക്കരം സംബന്ധിച്ച DCB പത്രിക തയ്യാറാക്കിയിട്ടില്ല.2017-18 വർഷം വരെ മാത്രമേ DCB പത്രിക തയ്യാറാക്കിയിട്ടുള്ളൂ. 2017-18 വർഷത്തിൽ 14,184 ഗാർഹിക കുടിവെള്ള കണക്ഷനുകളും, 2383 ഗാർഹികേതര കുടിവെള്ള കണക്ഷനുകളും നഗരസഭക്ക് കീഴിൽ ഉണ്ട് എന്ന് ബന്ധപ്പെട്ട സെക്ഷൻ അറിയിച്ചു .എന്നാൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ 2017-18 വർഷ DCB പത്രികപ്രകാരം ആകെ 16,179 ഗാർഹിക -ഗാർഹികേതര കുടിവെള്ള കണക്ഷനുകളാണ് ഉള്ളത്. കൂടാതെ വാട്ടർ സപ്ലൈയുമായി ബന്ധപ്പെട്ട് സർവ്വീസ് ലെവൽ ഇംപ്രൂമെന്റ് പ്ലാൻ പ്രകാരം നഗരസഭ അമൃത് പദ്ധതിക്കായി തയ്യാറാക്കിയ നൽകിയ കണക്കനുസരിച്ച് 25,818കണക്ഷനുകൾ ഉള്ളതായി അറിയിച്ചിട്ടുണ്ട്.ഗാർഹിക -ഗാർഹികേതര കുടിശ്ശികയുടെ വിവരം ബന്ധപ്പെട്ട സെക്ഷനിൽ ലഭ്യമല്ല.നിലവിൽ ഉപയോഗിക്കാത്ത കണക്ഷനുകളുടെ യഥാർത്ഥ വിവരം ലഭ്യമല്ലാത്തതിനാൽ നഗരസഭ പിരിച്ചെടുക്കാനുള്ള കുടിശ്ശികയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.സ്ഥിരം ജീവനക്കാരുടെ അപര്യാപ്തതമൂലം DCB പത്രിക തയ്യാറാക്കിയിട്ടില്ല എന്നാണ് സെക്ഷൻ അറിയിച്ചത്.

5) വാട്ടർ ചാർജ് കുടിശ്ശിക വരുത്തിയ ഉണഭോക്താക്കൾക്കെതിരെ നഗരസഭ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. മുനിസിപ്പൽ കോർപ്പറേഷനിലെ പഴയ പ്രദേശത്ത് 01-04-17 വരെ ജല അതോറിറ്റി നിശ്ചയിക്കുന്നതിനേക്കാൾ വളരെ കുറഞ്ഞ 1997 ലെ നിരക്കിലാണ് നഗരസഭ വെള്ളക്കരം ഈടാക്കിയിരുന്നത്. 01-04-17 ൽ നഗരസഭ വെള്ളക്കരം വർദ്ധിപ്പിച്ചുവെങ്കിലും വാട്ടർ അതോറിറ്റിയുടെ അംഗീകൃത നിരക്ക് ഇപ്പോഴും വാങ്ങുന്നില്ല. നഗരസഭക്ക് വൻ നഷ്ടം സംഭവിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജലത്തിന്റെ അളവ് | ജല അതോറിറ്റി നിശ്ചയിച്ച പ്രതിമാസ നിരക്ക് | നഗരസഭ ഈടാക്കുന്ന പ്രതിമാസ നിരക്ക് | വ്യത്യാസം |
|---|---|---|---|
| 10000 ലിറ്റർ വരെ | 40 | 13 | 27 |
| 11000ലിറ്റർ | 47 | 15 | 32 |
| 12000ലിറ്റർ | 52 | 15 | 37 |
| 13000ലിറ്റർ | 57 | 23 | 34 |
| 14000ലിറ്റർ | 62 | 23 | 39 |
| 15000ലിറ്റർ | 67 | 23 | 44 |
| 16000ലിറ്റർ | 98 | 23 | 75 |
| 18000 ലിറ്റർ | 110 | 23 | 87 |

17-05-1998ലെ സർക്കാർ നോട്ടിഫിക്കേഷൻ പ്രകാരം 1-10-1994 മുതൽ മുനിസിപ്പൽ കോർപ്പറേഷനിലെ പഴയ പ്രദേശത്ത് ജല വിതരണം നടത്തുന്നതിനുള്ള ചുമതല കോർപ്പറേഷന് തിരികെ ലഭിച്ചത് വാട്ടർ അതോറിറ്റി ഈടാക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽ വെള്ളക്കരം ഈടാക്കരുതെന്ന നിബന്ധനയിലാണ്. എന്നാൽ നഗരസഭ ഈ നിബന്ധന പാലിക്കുന്നില്ല.

6) ഓഡിറ്റിന് സമർപ്പിച്ച 2018-19 വാർഷിക കണക്ക് (Schedule-B-15) പ്രകാരം 1,62,74,698/- രൂപ വെള്ളക്കരമിനത്തിൽ പിരിച്ചെടുക്കാനുണ്ട് (3090250 current+13184448 arrear). 2018-19ൽ ഡി.സി.ബി. പത്രിക തയ്യാറാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7) ഓഡിറ്റിന് സമർപ്പിച്ച ഡി.സി.ബി. പത്രിക പ്രകാരം 2017-18ൽ പിരിച്ചെടുക്കാനുള്ള കുടിശ്ശിക 2,34,68,759/- രൂപയാണ്. 2017-18 വാർഷിക കണക്ക് (Schedule-B-15) പ്രകാരം 1,42,38,915/- രൂപയാണ്.വ്യത്യാസം 23468759-14230915= 9229844/- രൂപ. 2017-18 ഡി.സി.ബി. പത്രിക പ്രകാരം വൻ കുടശ്ശിക വരുത്തിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | വാർഡ്/ഡിവിഷൻ | കുടിശ്ശിക |
|---|---|---|
| സെക്രട്ടറി ജില്ലാ സഹകരണ ആശുപത്രി | 29/156,29/156-1,29/156-2 | 4,60,658 |
| ഡയറക്ടർ,ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ | 5/391/2A,370,352,368,362,363,364 | 44,00,656 |
| സൂപ്രണ്ട്, ജില്ല മാനസീകാശുപത്രി | 18/23/7 | 1,95,072 |
| ഡയറക്ടർ,റവ.ഫാദർ ഫ്രാൻസിസ് ആലപ്പാട്ട് | 5/368/1,2 | 3,01,848 |
| ശ്രീ.സണ്ണി.ടിജെ | 28/15/708/BA | 1,28,064 |
| ഡയറക്ടർ,SAI | 28/331/1 | 1,77,784 |
| മാനേജിങ്ങ് ഡയറക്ടർ,ഫാർമസ്യൂട്ടിക്കൽ | 28/520 | 1,50,624 |
| ശ്രീ.പി.ജി.ഷാജി | 28/790 | 1,28,832 |
| ശ്രീ.കൃഷ്ണകുമാർ | 28/454/22,1 | 2,25,060 |
| ശ്രീ.കെ.രാമകൃഷ്ണൻ | 25/1380 | 1,41,602 |
| സെക്രട്ടറി പാറമേക്കാവ്,ദേവസ്വം | 25/395/17 | 1,00,924 |
| ശ്രീ.കെ.ജെ.ഫ്രാൻസിസ് | 25/4 | 1,17,648 |
| ശ്രീ.യൂസഫ് &സൺസ് | 21/653/1 | 1,18,612 |
| ഡോ.മനോഹർ പട്ടാലി | 25/1111-30 | 1,09,414 |
| ശ്രീ.വിജയരാഘവൻ | 25/1173/1-36 | 1,15,152 |
| ശ്രീമതി.ദ്രൗപതീ ദേവി | 19/261/1 | 2,10,222 |
| ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ | 11/280 | 12,46,145 |
| ശ്രീമതി.പ്രിൻസി ജോണി | 10/992 | 2,68,224 |
| ശ്രീ.ലോനപ്പൻ | 10/232 | 1,15,168 |
| ശ്രീമതി. ഓമനാ അശോക്, അശോക് ഇൻ ക്ലർക്കഞ്ചരി | ലഭ്യമല്ല | 4,60,280 |
| ശ്രീ.ചാക്കോച്ചൻ &ബീന | 9/299/9 എ | 1,16,769 |
| നവനി ജൂബിലി പാർക്ക് | 8/451/2,4/35 | 1,02,272 |
| റവ.ഫാദർ സെന്റ് മേരീസ് സെമിനാരി | 5/391 എൻ | 239664 |
| ശ്രീ. എ.ജെ വർഗ്ഗീസ് | 4/195 | 1,28,718 |
| ശ്രീ. എ.പി. സദാനന്ദൻ | 3/152-22-31-32-41 | 2,18,808 |

കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539(1)പ്രകാരം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ പിരിഞ്ഞു കിട്ടാനുള്ള ഈ തുക 3 വർഷത്തിനു ശേഷം കാലഹരണപ്പെടും. ആയതിനാൽ യഥാസമയം കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ കൈകൊള്ളുന്നതിൽ വീഴ്ചവരുത്തിയത് മൂലം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുക (1)ാം ഉപവകുപ്പ് പ്രകാരം കാലഹരണപ്പെടുകയാണെങ്കിൽ ആയത് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും, മാർഗ്ഗ നിർദേശം നൽകാൻ വീഴ്ച വരുത്തിയ അതാതു കാലങ്ങളിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളിൽനിന്നും തുല്യമായി 12 % പലിശ സഹിതം ഈടാക്കേണ്ടതാണ്.

8) ജല അതോറിറ്റി അസി.എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 06-12-2018ലെ കത്ത് പ്രകാരം 11/2018വരെയുള്ള വെള്ളക്കരമിനത്തിൽ ജല അതോറിറ്റിയിലേക്ക് നഗരസഭ ഒടുക്കേണ്ടതായ കുടിശ്ശിക 5,39,77,927/- രൂപയാണ്. എന്നാൽ 29-11-2018 ലെ സ.ഉ.(സാധാ ) നമ്പർ 9858/2018 ധന. ഉത്തരവ് പ്രകാരം വികസനഫണ്ട് 3ാം ഗഡു അനുവദിച്ചതിൽ നിന്നും ജല അതോറിറ്റിക്ക് അടക്കേണ്ട കുടിശ്ശിക തുക 5,65,56,712/- രൂപ കുറവായാണ് നഗരസഭയ്ക്ക് ലഭിച്ചത്. കൂടുതൽ തുക വെള്ളക്കര കുടിശ്ശികയായി ജല അതോറിറ്റിക്ക് നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതാണ്.ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 30-04-2019 ലെ റിപ്പോർട്ട് പ്രകാരം 30-4-2019 വരെയുള്ള കുടിശ്ശിക 32,67,00,585/- രൂപയാണ്. വികസനഫണ്ട് മൂന്നാം ഗഡു വിൽ നിന്നും കുറവ് ചെയ്ത തുക കുടിശ്ശികയിൽ കുറവ് വരുത്തിയോ എന്ന് വ്യക്തമല്ല. സർക്കുലർ നമ്പർ 44485/ബി-3/95ത.സ്വ.ഭ.വ , 10-01-96 പ്രകാരം ജല അതോറിറ്റിക്ക് വെള്ളക്കരം വീഴ്ച കൂടാതെ അടവാക്കേണ്ടത്

നഗരസഭയുടെ ബാധ്യതയാണ്.വീഴ്ചക്ക് പിഴപലിശ അടക്കേണ്ടി വന്നാൽ അത് ചെയർപേഴ്സൺന്റെയും സെക്രട്ടറിയുടെയും വ്യക്തിപരമായ ബാധ്യതയായിരിക്കും എന്ന് നിർദേശിച്ചിട്ടുണ്ട്. മെയിന്റനൻസ് ചാർജ്ജ് ഇനത്തിൽ വാട്ടർ അതോറിറ്റി ഈടാക്കിയിരുന്നത് പ്രതിമാസം 6 ലക്ഷം രൂപയായിരുന്നു. എന്നാൽ ജി.ഒ.(എം.എസ്)88/2014/WRD ഉത്തരവ് പ്രകാരം 2014 ഒക്ടോബർ മുതൽ മെയിന്റെനൻസ് ചാർജ്ജ് വാട്ടർ അതോറിറ്റി 34,20,000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത് കോർപ്പറേഷൻ അംഗീകരിച്ചിട്ടില്ല.നഗരസഭ ഇപ്പോഴും പഴയ നിരക്കിലാണ് വെള്ളക്കരം അടവാക്കികൊണ്ടിരിക്കുന്നത് ഇതിനാൽ പിഴയിനത്തിലുള്ള തുക വർദ്ധിക്കാനിടയായിട്ടുണ്ട്. കുടിശ്ശിക സംബന്ധിച്ചുള്ള തർക്കം പരിഹരിക്കുകയോ കുടിശ്ശിക അടവാക്കുകയോ ചെയ്തിട്ടില്ല.

9) പ്രതിമാസം 570 MLD ജലം വാട്ടർ അതോറിറ്റി നഗരസഭയിലെ 32 ഡിവിഷനുകളിലേക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിന് തേക്കിൻക്കാട് മൈതാനിയിലെ പമ്പ് ഹൗസിൽ ലഭ്യമാക്കുന്നുണ്ട്. ഇതിനായി നഗരസഭ വാട്ടർ അതോറിറ്റിക്ക് നൽകേണ്ടത് വർഷം (34,20,000x12) 4,10,40,000/- രൂപയാണ്. എന്നാൽ തേക്കിൻക്കാട് മൈതാനിയിലെ പമ്പ് ഹൗസിൽ നിന്നും ധാരാളം ഇന്റർകണക്ഷൻ വഴി വാട്ടർ അതോറിറ്റി നേരിട്ട് വിതരണം ചെയ്യുന്ന മേഖലകളിലേക്ക് ജലം നൽകുന്നുണ്ടെന്ന് രേഖാമൂലം പ്ലംബർമാർ സെക്രട്ടറിയ്ക്ക് നല്കിയ പരാതി പരിശോധിക്കാനാവശ്യമായ നടപടി നഗരസഭയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

10) കോർപ്പറേഷനിലെ 32 ഡിവിഷനുകളിലേക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിന് നഗരസഭ വാട്ടർ അതോറിറ്റിക്ക് നൽകേണ്ടത് വർഷം 4,10,40,000/- രൂപയാണ്. ഇവ കൂടാതെ മെയിന്റനൻസ് ചാർജ്, പൊതുടാപ്പുകളുടെ വെള്ളക്കരം, വരൾച്ചാ ബാധിത പ്രദേശങ്ങളിൽ വാഹനങ്ങളിൽ കുടിവെള്ള വിതരണം എന്നിവക്കായി ഓരോ വർഷവും ഭീമമായ തുകയാണ് നഗരസഭ ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ 17-05-1993 ലെ 1466/F1/93/LADഉത്തരവ് പ്രകാരം ജലവിതരണാവകാശം പൂർണ്ണമായും കോർപ്പറേഷന് ലഭിച്ചിട്ടുണ്ടെങ്കിലും ട്രീറ്റ്മെന്റ്, സ്റ്റോറജ്, ഡിസ്ട്രിബ്യൂഷൻ എന്നിവയുൾപ്പെടെ ജലവിതരണാവകാശം പൂർണ്ണമായും നഗരസഭ നാളിതുവരെ ഏറ്റെടുത്തിട്ടില്ല.18.8.2017 മേയറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജലവിതരണാവകാശം പൂർണമായും കോർപ്പറേഷൻ ഏറ്റെടുക്കുന്നതിനായി വാട്ടർ അതോറിറ്റി ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ തുടർവിവരം ലഭ്യമായിട്ടില്ല.

11)നഗരസഭയിൽ നിരവധി കുടിവെള്ള പദ്ധതികൾ നിലവിലുണ്ടെങ്കിലും ആയവ ഗുണഭോക്തൃ സമിതിക്ക് കൈമാറണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

ടാങ്കർ ലോറിയിൽ ജലവിതരണം നടത്തിയതിന് ആരോഗ്യ വിഭാഗത്തിലെ താൽക്കാലിക ഡ്രൈവർമാർക്കും ക്ലീനർമാർക്കും 23,60,570/-രൂപ വേതനം നൽകിയിട്ടുണ്ട്. തൃശ്ശൂർ നഗരസഭയിലും മേഖലാ കാര്യാലയ പരിധിയിലുമുള്ള വിവിധ പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ ജലവിതരണം നടത്തുന്നതിന് നിയമിച്ച താൽക്കാലിക ഡ്രൈവർമാർക്കും ക്ലീനർമാർക്കും 2018-19 സാമ്പത്തിക വർഷം നൽകിയ വേതനത്തിന്റെ കണക്ക് താഴെ ചേർത്തിരിക്കുന്നു.

( കൗൺസിൽ തീരുമാനം- 56/15.3.18.)

**ഫയൽ- പി എച്ച്- 6337/18** (28 ഡ്രൈവർമാർ ,28 ക്ലീനർമാർ, താത്ക്കാലികം),

(2 ഡ്രൈവർമാർ ,2 ക്ലീനർമാർ സ്ഥിരം)

| ക്രമ നം | വൗച്ചർ/തീയതി | ജീവനക്കാരുടെ എണ്ണം | ചെക്ക് നം. | തുക നൽകിയത് |
|---|---|---|---|---|
| 1 | 21800070/10.4.18 | സർക്കിൾ-6 | 629802 | 65,200/- |
| 2 | 21800071/10.4.18 | സർക്കിൾ-6 | 629802 | 10,200/- |
| 3 | 21800140/13.4.18 | ഒല്ലൂക്കര | 629842 | 16,800/- |
| 4 | 21800141/13.4.18 | ഒല്ലൂക്കര | 629843 | 43,200/- |
| 5 | 21800417/15.5.18 | ഒല്ലൂക്കര | 629989 | 57,900/- |
| 6 | 21800418/15.5.18 | ഒല്ലൂക്കര | 629990 | 15,600/- |
| 7 | 21800630/5.6.18 | സർക്കിൾ-6 | 757334 | 3,03,710/- |
| 8 | 21800631/5.6.18 | സർക്കിൾ-6 | 757335 | 76,215/- |
| 9 | 21800748/11.6.18 | വിൽവട്ടം | 757392 | 39,450/- |
| 10 | 21800840/26.6.18 | ഒല്ലൂക്കര | 757439 | 14,400/- |
| 11 | 21800841/26.6.18 | സർക്കിൾ-6 | 757440 | 60,905/- |
| 12 | 21800842/26.6.18 | ഒല്ലൂക്കര | 757439 | 48,100/- |
| 13 | 21800843/26.6.18 | സർക്കിൾ-6 | 757440 | 1,88,945/- |
| 14 | 21800922/3.7.18 | ഒല്ലൂർ, കുർക്കഞ്ചേരി,വിൽവട്ടം | 757460 | 2,96,060/- |

| | | | | |
|---|---|---|---|---|
| 15 | 21800923/3.7.18 | ഒല്ലൂർ, കൂർക്കഞ്ചേരി,വിൽവട്ടം | 757461 | 1,92,245/- |
| 16 | 21801142/19.7.18 | സർക്കിൾ-6 | 757567 | 42,190/- |
| 17 | 21801143/19.7.18 | കൂർക്കഞ്ചേരി | 757568 | 7,205/- |
| 18 | 1208/24.7.18 | ഒല്ലൂർ | 757601 | 10,000/- |
| 19 | 1209/24.7.18 | ഒല്ലൂക്കര | 757602 | 7,095/- |
| 20 | 21801444/10.8.18 | സർക്കിൾ-6 | 757695 | 2,055/- |
| 21 | 21801445/10.8.18 | സർക്കിൾ-6 | 757696 | 36,080/- |
| 22 | 21801861/15.9.18 | സർക്കിൾ-6 | 757922 | 45,065/- |
| 23 | 21801862/15.9.18 | സർക്കിൾ-6 | 757923 | 7,535/- |
| 24 | 21802110/8.10.18 | സർക്കിൾ-6 | 758013 | 70,900/- |
| 25 | 21802111/8.10.18 | സർക്കിൾ-6 | 758014 | 27,095/- |
| 26 | 21802626/14.11.18 | സർക്കിൾ-6 | 758263 | 38,710/- |
| 28 | 218022627/14.11.18 | സർക്കിൾ-6 | 758264 | 11,260/- |
| 29 | 21802920/7.12.18 | സർക്കിൾ-6 | 594930 | 3,425/- |
| 30 | 21802921/7.12.18 | സർക്കിൾ-6 | 594931 | 37,340/- |
| 31 | 21803321/14.1.19 | സർക്കിൾ-6 | 595140 | 34,025/- |
| 32 | 21803322/14.1.19 | സർക്കിൾ-6 | 595741 | 3,425/- |
| 33 | 21803678/6.2.19 | സർക്കിൾ-6 | 595279 | 17,265/- |
| 34 | 21803679/6.2.19 | സർക്കിൾ-6 | 595280 | 15,325/- |
| 35 | 21803816/15.2.19 | വിൽവട്ടം | 595380 | 32,875/- |
| 36 | 21804031/6.3.19 | വിൽവട്ടം | 595459 | 68,150/- |
| 37 | 21804033/6.3.19 | സർക്കിൾ-6 | 595460 | 16,010/- |
| 38 | 21804282/21.3.19 | ഒല്ലൂക്കര | 595612 | 14,575/- |
| 39 | 21804283/21.3.19 | ഒല്ലൂക്കര | 517241 | 68,380/- |
| 39 | 21804283/21.3.19 | വിൽവട്ടം | 595613 | 2,520/- |
| 40 | 21900180/11.4.19 | വിൽവട്ടം | 517239 | 96,375/- |
| 41 | 219001841/11.4.19 | വിൽവട്ടം | 517240 | 60,905/- |
| 42 | 21900178/11.4.19 | കൂർക്കഞ്ചേരി | 517237 | 51,640/- |
| 43 | 21900179/11.4.19 | ഒല്ലൂർ | 517238 | 1,04,215/- |
| | | | | **23,60,570/-** |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 172/26.12.2019 ന് മറുപടി നൽകിയിട്ടില്ല. നഗരസഭയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് ശാശ്വതപരിഹാരം കാണേണ്ടതും കുടിവെള്ള വിതരണം കാര്യക്ഷമമാക്കേണ്ടതുമാണ്. നഗരസഭക്ക് കുടിവെള്ളവിതരണം, ചെലവ് കുറഞ്ഞ കുറ്റമറ്റ രീതിയിൽ നടത്താമെന്ന് ഉത്തമ ബോധ്യമാവുന്നപക്ഷം കുടിവെള്ളവിതരണം പൂർണ്ണമായും നേരിട്ട് എറ്റെടുക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-77 തൃശ്ശൂർ വികസന അതോറിറ്റിയുടെ ആസ്തി ബാധ്യതകൾ തീർപ്പാക്കിയിട്ടില്ല

01.04.2017 മുതൽ നിർത്തലാക്കിയ തൃശ്ശൂർ വികസന അതോറിറ്റിയുടെ ആസ്തിബാധ്യതകൾ ജി.ഒ.(എം.എസ്.) 73/2017. തീയതി: 30.03.2017 എൽ.എസ്.ജി.ഡി. കണക്കുപ്രകാരം തൃശ്ശൂർ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.

2018-19 വർഷത്തെ വാർഷിക കണക്കുപ്രകാരം തൃശ്ശൂർ വികസന അതോറിറ്റിയുടെ താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്.

1) ടി.ഡി.എ. - എസ്.ബി.ഐ. 67251658987

2) ടി.ഡി.എ. അക്കൗണ്ട് - ജില്ലാ സഹകരണ ബാങ്ക്

3) ടി.ഡി.എ. യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ

4) ടി.ഡി.എ.അക്കൗണ്ട് - ജില്ലാ ട്രഷറി അക്കൗണ്ട് നം. 267

5) ടി.ഡി.എ. ട്രഷറി സേവിംഗ്സ് അക്കൗണ്ട് നം.597

6) ടി.ഡി.എ. പി.എഫ്. അക്കൗണ്ട്, ജില്ലാ ട്രഷറി

ഇതിൽ ടി.ഡി.എ. അക്കൗണ്ട് നം. 267 എന്ന അക്കൗണ്ട് ഇതുവരെ കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിലേയ്ക്ക് മാറ്റിയിട്ടില്ല. തൃശ്ശൂർ വികസന അതോറിറ്റിയിലെ ജീവനക്കാരുടെ പെൻഷൻ ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നതിന് ഉപയോഗിച്ചവരുന്ന അക്കൗണ്ടാണ് ഇത്. പ്രസ്തുത അക്കൗണ്ട് അക്കൗണ്ടന്റ് ജനറലിന്റെ അനുമതിയോടെ ആരംഭിച്ചിട്ടുള്ളതാകയാൽ ഇതിന് അക്കൗണ്ടന്റ് ജനറലിന്റെ അനുമതിപത്രം വേണമെന്ന് ട്രഷറിയിൽ നിന്ന് അറിയിച്ചിട്ടുണ്ട്. ഇതുവരെ അനുമതിപത്രം ലഭ്യമായിട്ടില്ല. അനുമതിപത്രം എത്രയും വേഗം ലഭ്യമാക്കി പ്രസ്തുത അക്കൗണ്ട് സെക്രട്ടറിയുടെ പേരിലേയ്ക്ക് മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തൃശ്ശൂർ വികസന അതോറിറ്റിയിൽ നിന്നും കോർപ്പറേഷന് ട്രാൻസ്ഫർ ചെയ്ത് ലഭിച്ചതും തൃശ്ശൂർ ജില്ലാ ട്രഷറിയിൽ നിലവിലുള്ളതുമായ ടി.പി.എ. 597 അക്കൗണ്ടിൽ നിന്നും 29.03.2018 തീയതിയിൽ സർക്കാർ പിൻവലിച്ചിട്ടുള്ള 6,14,85,555/- രൂപ നാളിതുവരെ തിരികെ ലഭിച്ചിട്ടില്ലാത്തതാണ്. ഇത് തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-78 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ - ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, തൃശ്ശൂർ കോർപ്പറേഷൻ

പദ്ധതി നമ്പർ - S0746/19

പദ്ധതി - നാലുചക്ര ടാക്സി കാർ/പിക്കപ്പ് വാൻ(ജനറൽ) പലിശ സബ്സിഡി നല്കൽ

പദ്ധതി തരം - ഏകവർഷ പദ്ധതി (സ്പിൽ ഓവർ)

അടങ്കൽ തുക - ₹12,00,000

ചെലവ് തുക - ₹66,703

ബിൽ നമ്പർ - 01/18-19 ,തീയതി. 08.02.19 തുക- ₹17,960

02/18-19 , തീയതി. 25.02.19 തുക- ₹48,743

സ.ഉ.(എം.എസ്) നമ്പർ.80/2017/തസ്വഭവ, തീയതി.03.04.2017 സബ്സിഡി മാർഗ്ഗരേഖ പ്രകാരം പൊതു വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് സ്വയം തൊഴിലിന് ടാക്സി കാർ/ പിക്കപ്പ് വാൻ വാങ്ങുന്നതിന് പലിശ സബ്സിഡിയായി പരമാവധി ₹1,50,000 നൽകാവുന്നതാണ്. വാഹനം വാങ്ങുന്നതിനായി ബാങ്കിൽ നിന്നെടുത്ത വായ്പയുടെ പലിശ സബ്സിഡിയായി പലിശ തുക നൽകണം. പലിശ മുൻകൂറായി നൽകാൻ പാടില്ല. ബാങ്കിൽ പലിശ അടച്ചതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭിക്കുന്ന മുറയ്ക്ക് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് സബ്സിഡി നൽകാവുന്നതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്.

25.02.19 തീയതിയിലെ 02/18-19 നമ്പർ ബിൽ പ്രകാരം ₹48743, 2018-19 വർഷത്തിലെ പലിശ സബ്സിഡിയിനത്തിൽ ശ്രീ.പ്രമോദ്.സി.പി, ചേർപ്പിൽ വീട്, വട്ടുക്കര, തൃശ്ശൂർ എന്നയാൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാൻ സമർപ്പിച്ച 28.1.19 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ 2018-19 കാലയളവിൽ ₹31,011ആണ് ടിയാൻ പലിശയിനത്തിൽ അടച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ₹17,732 (48743 - 31011) അധികം അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 06.09.2019ന് നൽകിയ 41-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച ₹17,732യുടെ ചെലവ് നിരാകരിക്കുന്നു.

## 1-79 50സെൻറ് സ്ഥലം പുറമ്പോക്ക് ഭൂമി എക്സൈസ് അക്കാദമിയ്ക്ക് നൽകൽ - സർക്കാർ ഉത്തരവ് പാലിച്ചില്ല

എക്സൈസ് അക്കാദമിയോട് ചേർന്നു കിടക്കുന്ന 50 സെൻറ് സ്ഥലം പുറമ്പോക്ക് ഭൂമി എക്സൈസ് അക്കാദമിയ്ക്കു നൽകുന്ന ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

ഫയൽനം- ഡിഡബ്ല്യു2(ഡിഡബ്ല്യു6)6436/13

ജി.ഒ(എംഎസ്)194/2003/റ്റി.ഡി. തീയതി-18.12.2003 ലെ ഉത്തരവിൽ എക്സൈസ് അക്കാദമിയുടെ കൈവശത്തിലിരിയ്ക്കുന്നതും, എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലുള്ളതുമായ 2.74 ഏക്കർ ഭൂമിയോട് ചേർന്നുകിടക്കുന്ന 50 സെന്റ് പുറമ്പോക്ക് സർക്കാർ ഭൂമി മേലുത്തരവ് പ്രകാരം എക്സൈസ് ഡിപ്പാർട്ട്മെന്റിന് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 25.2.2013ന് എക്സൈസ് പ്രിൻസിപ്പാൾ ജില്ലാ കളക്ടർക്ക് കത്തുനല്കുകയും,അതിൻപ്രകാരം ഭൂമി കൈമാറ്റം ചെയ്യുന്നതിനു വേണ്ടി തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പുറമ്പോക്ക് ഭൂമി 732/3,733 സർവ്വേ നമ്പരിൽപ്പെട്ട സർക്കാർ ഭൂമിയാണ് എന്ന് ഫയലിൽ കാണുന്നു.

ഇതേ തുടർന്ന് 19.8.2014ലെ 67-ം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നിലവിൽ ടി സ്ഥലത്തുള്ള കുളം നികത്തരുതെന്നും, നഗരസഭയ്ക്ക് ആവശ്യം വരുന്ന പക്ഷം പ്രസ്തുത കുളത്തിൽ നിന്നും വെള്ളം എടുക്കുന്നതിനുള്ള അവകാശം ഉണ്ടായിരിയ്ക്കുമെന്നുമുള്ള

വ്യവസ്ഥയിൽ നിരാക്ഷേപപത്രം നല്കുന്നതിന് തീരുമാനിയ്ക്കുകയും 28.8.2014 ന് സാക്ഷ്യപത്രം നല്കുകയും ചെയ്തിട്ടുണ്ട്. 9.06.2016ലെ ഡിഡബ്ല്യു2(ഡിഡബ്ല്യു6)6436/13 പ്രകാരം നഗരസഭാസെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ് ഗവൺമെന്റ് സെക്രട്ടറിയോട് നിരാക്ഷേപസാക്ഷ്യപത്രം നല്കുന്നതിനു തീരുമാനിച്ചിട്ടുള്ള ഭൂമിയുടെ പട്ടയം ലഭിയ്ക്കുന്നതിനു പതിവുചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിയ്ക്കേണ്ടതുണ്ടെങ്കിൽ ടി പുറമ്പോക്ക് ഭൂമിയെ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിജ്ഞാപനം നടത്തുന്നതിന് ആവശ്യമായ നടപടികൾ കൈകൊള്ളണമെന്നു അപേക്ഷിച്ചിട്ടുണ്ട്. 25.03.2014,22.4.2017,22.5.2017എന്നീ തീയതികളിലെ എസ്.ഇ.എ.നമ്പർ.1/1002/12 പ്രകാരം വീണ്ടും ഇതേ ആവശ്യത്തിന് എക്സൈസ് അക്കാദമി പ്രിൻസിപ്പൾ കത്ത് നല്കിയിട്ടുണ്ടെങ്കിലും ആ സമയത്തെ ഡെപ്യൂട്ടിമേയർ ടി സ്ഥലം വിട്ടുനല്കുന്നതിന് പുനരാലോചിയ്ക്കേണ്ടതുണ്ട് എന്നതിനാൽ ആയതിന്റെ അനന്തരനടപടികൾക്കായി മുൻ ഡെപ്യൂട്ടി മേയറുടെ നിർദ്ദേശപ്രകാരം ടി ഫയലിൻമേലുള്ള ആക്ഷൻ താല്കാലികമായി നിറുത്തിവച്ചിരിയ്ക്കുന്നതായി 5.06.2017ലെ കാര്യാലയകുറിപ്പിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നു. 02.08.2017ലെ കാര്യാലയകുറിപ്പിൽ ഡെപ്യൂട്ടി മേയറുടെ നിർദ്ദേശപ്രകാരം ടി വിഷയം കൗൺസിൽ ചർച്ചയ്ക്കു വയ്ക്കുന്നതിനു ആവശ്യപ്പെട്ടിട്ടുണ്ട് എന്നും, ആയതുപ്രകാരം അജണ്ട തയ്യാറാക്കി സമർപ്പിയ്ക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. 13.11.2017ലെ 49-ം തീരുമാനപ്രകാരം തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ അരണാട്ടുകര വില്ലേജ് sy.no.711/2ൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്ററിനോട് ചേർന്നു കിടക്കുന്ന 50സെന്റ് സ്ഥലം പുറമ്പോക്ക് ഭൂമി തിരിച്ചുപിടിയ്ക്കുന്നതിനു തീരുമാനിച്ചുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-80 വിനിയോഗ വിവരങ്ങൾ ലഭ്യമല്ല – ചെലവ് തടസ്സപ്പെടുത്തുന്നു

താഴെപറയുന്ന പ്രോജക്റ്റുകൾ നടപ്പാക്കുന്നതിനായി 2018-19 വർഷം, ഭൂഗർഭജല വകുപ്പ്, വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനായി വിവിധ ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്നും തുക പിൻവലിച്ചെങ്കിലും തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളിൽ ഒടുക്കിയ രേഖകൾ, വിനിയോഗ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (33/20.8.19,9/12.11.19) മറുപടി ലഭ്യമാക്കിയില്ല.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | തുക | ബിൽ നം./ തീയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1) | 342/18 | വിൽവട്ടം സോണൽ ഡിവിഷൻ 4 – പാട്ടുക്കാട് തുരുത്ത് കോളനിയിൽ പുതിയ കുടിവെള്ള പദ്ധതി | ₹10,00,000 (വികസന ഫണ്ട്) | 1813034700-3101046437/ 11.01.2019 | ഭൂഗർഭജല വകുപ്പ് |
| 2) | 441/18 | ഒല്ലൂർ സോണൽ ഡിവിഷൻ 31, ചിയ്യാരം ലക്ഷംവീട് കുടിവെള്ള പദ്ധതി | ₹10,00,000 (വികസന ഫണ്ട്) | 1813034700-939706/ 19.12.2018 | ഭൂഗർഭജല വകുപ്പ് |
| 3) | 498/18 | ഒല്ലൂർ സോണൽ അപ്പപ്പാറ, പുലരി നഗർ ഒല്ലൂർ മാർക്കറ്റ് കുടിവെള്ള പദ്ധതി | ₹12,00,000 (വികസന ഫണ്ട്) | 1813034700-2700939529/ 15.12.2018 | ഭൂഗർഭജല വകുപ്പ് |
| 4) | 198/19 | ഒല്ലൂർ സോണൽ - വിവിധ ഡിവിഷനുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ് | ₹16,73,087 | 1813034700-2701562631/ 28.03.2019 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ (കിഴക്ക്), വൈദ്യുതി ഭവൻ, തൃശ്ശൂർ-4. |

| | | | | | |
|---|---|---|---|---|---|
| 5) | 389/19 | കൂർക്കഞ്ചേരി സോണൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ, ട്യൂബ് പോസ്റ്റ് മാറ്റൽ | ₹18,14,199 | 1813034700-3101363209/13.03.2019<br>₹7,12,474<br>1813034700-3101196343/23.02.2019<br>₹11,01,725 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ (കിഴക്ക്), വൈദ്യുതി ഭവൻ, തൃശ്ശൂർ-4. |
| 6) | എസ്.ഒ. 697/19 | കോർപ്പറേഷനിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രത്യേക ലൈൻ വലിക്കൽ | ₹23,71,059 | 183034700-2701287221<br>29.11.2018, ₹14,76,503<br>877286/29.11.2018<br>₹19,564<br>924083/12.12.2018<br>₹1,44,339<br>1095096/22.01.2019<br>₹2,21,009<br>1208223/15.02.2019<br>₹3,01,374<br>1281127/28.02.2019<br>₹2,08,270 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ (കിഴക്ക്), വൈദ്യുതി ഭവൻ, തൃശ്ശൂർ-4. |
| 7 | എസ്.ഒ. 85/19 | അയ്യന്തോൾ സോണലിലെ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ₹35,00,000 | 785044/22.11.2018 | കേരള വാട്ടർ അതോറിറ്റി |
| 8 | എസ്.ഒ. 110/19 | ഡിവിഷൻ 48 ലെ വിവിധ കടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ₹5,00,000 | 785037/22.11.2018 | കേരള വാട്ടർ അതോറിറ്റി |
| | | ആകെ | ₹1,30,58,345 | | |

| ഡിവിഷന്റെ പേര് | വൗച്ചർ. നം/ചെക്ക് നം./ തീയതി,തുക. | തുക നല്കിയ സ്ഥാപനത്തിന്റെ പേര് | അഭിപ്രായക്കുറിപ്പ് |
|---|---|---|---|
| ഡിവിഷൻ-18 ഐശ്വര്യ നഗർ (ബാക്കി ഭാഗത്തേയ്ക്ക്) | ചെക്ക് നം-595400/ 20.2.2019,വൗ നം-21803853/20.2.2019. ₹89,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,കേരള വാട്ടർ അതോറിറ്റി, തൃശ്ശൂർ നഗര സഭ | പദ്ധതിമാർഗ്ഗരേഖ പ്രകാരം ഗാർഹിക കണക്ഷനുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. |
| ഡിവിഷൻ-6വില്ലടം ഗ്രൗണ്ട് റോഡ് ആശാഭവൻ, ആനപ്പാറ റോഡ് എന്നിവിടങ്ങളിലേയ്ക്ക് | ചെക്ക് നം-758002/ 5.10.2018<br>വൗ.നം- 21802085/5.10.18<br>₹1,40,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,കേരള വാട്ടർ അതോറിറ്റി, തൃശ്ശൂർ നഗര സഭ | പദ്ധതിമാർഗ്ഗരേഖ പ്രകാരം ഗാർഹിക കണക്ഷനുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. |
| ഡിവിഷൻ-46- മന്യൻകര ആന്റ് ഫാമിലി വെൽഫയർ ഡിഡബ്ല്യൂഎസ് | ചെക്ക് നം-517091/ 22.03.2019<br>₹1,82,000 | ജില്ലാ ഓഫീസർ,<br>ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, സിവിൽസ്റ്റേഷൻ | പദ്ധതിമാർഗ്ഗരേഖ പ്രകാരം ഗാർഹിക കണക്ഷനുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | തൃശ്ശൂർ | |
| ഡിവിഷൻ 18- സന്തോഷ് നഗർ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ചെക്ക് നം-595039/ 28.12.2018 ₹2,50,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,കേരള വാട്ടർ അതോറിറ്റി, തൃശ്ശൂർ നഗര സഭ | പദ്ധതിമാർഗ്ഗരേഖ പ്രകാരം ഗാർഹിക കണക്ഷനുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. |
| ആകെ | ₹6,61,000 | | |

രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ, മേൽ പ്രോജക്ടുകൾക്കായുള്ള ₹1,37,19,345 (1,30,58,345+661000)രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-81 പെയിൻ & പാലിയേറ്റീവ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നേഴ്സുമാർക്ക് അധിക വേതനം നൽകി

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന പെയിൻ & പാലിയേറ്റീവ് (പ്രോജക്ട് നമ്പർ. S0012/19) പ്രോജക്ടിന്റെ ഭാഗമായി രണ്ട് പാലിയേറ്റീവ് കെയർ നേഴ്സുമാരെ നിയമിക്കുകയും അവർക്ക് ടി പ്രോജക്ട് തുകയിൽ നിന്ന് താഴെപ്പറയുന്ന പ്രകാരം വേതനം നൽകുകയും ചെയ്തിട്ടുണ്ട്. ജി.ഒ(ആർ.ടി) 526/2015/ തസ്വഭവ തീയതി.21.02.2015 പ്രകാരം പാലിയേറ്റീവ് കെയർ നേഴ്സിന്റെ മാസ വേതനം ₹10000യും സ.ഉ(സാധാ)നം. 3845/2017/തസ്വഭവ തീയതി.29.11.2017 പ്രകാരം 01.06.2017 മുതൽ ₹15000യും നൽകുന്നതിനാണ് അനുമതിയുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നേഴ്സുമാരുടെ പേര് | പരമാവധി നൽകാവുന്ന തുക | നൽകിയ തുക | അധികം | ബിൽ നമ്പർ | റിമാർക്സ് |
|---|---|---|---|---|---|
| ശ്രീമതി.ഹിമ | ₹15000 | ₹22500 | ₹7500 | 13/18-19/ 14-06-18 | 2018മാർച്ച് മാസത്തെ ശമ്പളം |
| ശ്രീമതി.ഡയാന തോമസ് | ₹15000 | ₹22500 | ₹7500 | 13/18-19/ 14-06-18 | 2018 മാർച്ച് മാസത്തെ ശമ്പളം |
| ശ്രീമതി.ഡയാന തോമസ് | ₹15000 | ₹22125 | ₹7125 | 14/18-19/ 14-06-18 | 2018 ഏപ്രിൽ മാസത്തെ ശമ്പളം |
| ശ്രീമതി.ഡയാന തോമസ് | ₹15000 | ₹21000 | ₹6000 | 16/18-19/ 14-06-18 | 2018 മെയ് മാസത്തെ ശമ്പളം |
| ശ്രീമതി.ഹിമ | ₹15000 | ₹21000 | ₹6000 | 17/18-19/ 14-06-18 | 2018 മെയ് മാസത്തെ ശമ്പളം |
| ശ്രീമതി.ഡയാന തോമസ് | ₹15000 | ₹22500 | ₹7500 | 22/18-19/ 23-07-18 | 2018 ജൂൺ മാസത്തെ ശമ്പളം |
| ശ്രീമതി.ഹിമ | ₹15000 | ₹21750 | ₹6750 | 23/18-19/ 23-07-18 | 2018 ജൂൺ മാസത്തെ ശമ്പളം |
| ശ്രീമതി.ഹിമ | ₹15000 | ₹22500 | ₹7500 | 37/18-19/ 14-08-18 | 2018ജൂലായ് മാസത്തെ ശമ്പളം |
| ശ്രീമതി.ഡയാന | ₹15000 | ₹22500 | ₹7500 | 38/18-19/ | 2018 ജൂലായ് |

| | | | | | |
|---|---|---|---|---|---|
| തോമസ് | | | | 14-08-18 | മാസത്തെ ശമ്പളം |
| ശ്രീമതി.ഡയാന തോമസ് | ₹15000 | ₹22500 | ₹7500 | 41/18-19/ 17-09-18 | 2018 ആഗസ്റ്റ് മാസത്തെ ശമ്പളം |
| ശ്രീമതി.ഹിമ | ₹15000 | ₹22500 | ₹7500 | 42/18-19/ 17-09-18 | 2018 ആഗസ്റ്റ് മാസത്തെ ശമ്പളം |
| ശ്രീമതി.ഡയാന തോമസ് | ₹15000 | ₹22500 | ₹7500 | 48/18-19/ 22-10-18 | 2018 സെപ്റ്റംബർ മാസത്തെ ശമ്പളം |
| ശ്രീമതി.ഹിമ | ₹15000 | ₹22500 | ₹7500 | 49/18-19/ 22-10-18 | 2018 സെപ്റ്റംബർ മാസത്തെ ശമ്പളം |
| ശ്രീമതി.ഹിമ | ₹15000 | ₹22500 | ₹7500 | 56/18-19/ 19-11-18 | 2018 ഒക്ടോബർ മാസത്തെ ശമ്പളം |
| ശ്രീമതി.ഡയാന തോമസ് | ₹15000 | ₹22500 | ₹7500 | 57/18-19/ 19-11-18 | 2018 ഒക്ടോബർ മാസത്തെ ശമ്പളം |
| ശ്രീമതി.ഹിമ | ₹15000 | ₹22500 | ₹7500 | 64/18-19/ 20-12-18 | 2018 നവംബർ മാസത്തെ ശമ്പളം |
| ശ്രീമതി.ഡയാന തോമസ് | ₹15000 | ₹22500 | ₹7500 | 65/18-19/ 22-12-18 | 2018 നവംബർ മാസത്തെ ശമ്പളം |
| ശ്രീമതി.ഹിമ | ₹15000 | ₹22500 | ₹7500 | 69/18-19/ 17-1-17 | 2018ഡിസംബർ മാസത്തെ ശമ്പളം |
| ശ്രീമതി.ഡയാന തോമസ് | ₹15000 | ₹22500 | ₹7500 | 70/18-19/ 17-1-19 | 2018ഡിസംബർ മാസത്തെ ശമ്പളം |
| ശ്രീമതി.ഹിമ | ₹15000 | ₹22500 | ₹7500 | 74/18-19/ 19-2-19 | 2019 ജനവരി മാസത്തെ ശമ്പളം |
| ശ്രീമതി.ഹിമ | ₹15000 | ₹21000 | ₹6000 | 80/18-19/ 15-3-19 | 2019 ഫെബ്രുവരി മാസത്തെ ശമ്പളം |
| ശ്രീമതി.ഡയാന തോമസ് | ₹30000 (15000*2) | ₹43500 | ₹13500 | 80/18-19/ 15-3-19 | 2019 ജനവരി, ഫെബ്രുവരി മാസങ്ങളിലെ |

| | | | | | |
|---|---|---|---|---|---|
| | | | | | ശമ്പളം |
| | | **ആകെ** | **₹1,65,375**<br>**======** | | |

മേൽപ്പറഞ്ഞ അപാകത സംബന്ധിച്ച് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 62 തീയതി : 09.10.2019 ന് മറുപടി നൽകിയിട്ടില്ല. അധികം നൽകിയതിന് സർക്കാർ അനുമതി ലഭ്യമാക്കിയില്ലെങ്കിൽ 1,65,375 /-രൂപ ഉത്തരവാദിയായ ആയുർവേദ മെഡിക്കൽ ഓഫീസറിൽ നിന്ന് തിരിച്ചുപിടിക്കേണ്ടതാണ്.

.

## 1-82 പെയിൻ & പാലിയേറ്റീവ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്തു

മെഡിക്കൽ ഓഫീസർ (കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ) നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന പെയിൻ & പാലിയേറ്റീവ് പദ്ധതി പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

**1-82-1.** തൃശ്ശൂർ കോർപ്പറേഷൻ 2018-19 സാമ്പത്തിക വർഷത്തേക്ക് 2 പാലിയേറ്റീവ് കെയർ പ്രോജക്ടുകൾ താഴെപ്പറയും പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

1) പ്രോജക്ടിന്റെ പേര് : പാലിയേറ്റീവ് കെയർ (അലോപ്പതി)

പ്രോജക്ട് നമ്പർ : S00701/18

തുക : ₹356320

പ്രോജക്ട് തരം : ഏക വർഷ പ്രോജക്ട് (സ്പിൽ ഓവർ)

2) പ്രോജക്ടിന്റെ പേര് : പാലിയേറ്റീവ് കെയർ (അലോപ്പതി)

പ്രോജക്ട് നമ്പർ : S00252/18

തുക : ₹5431965

പ്രോജക്ട് തരം : ഏക വർഷ പ്രോജക്ട്.

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ നമ്പർ. ജി.ഒ(ആർ.ടി) 3217/2015/ തസ്വഭവ തീയതി.29.10.2015 ഖണ്ഡിക 2.10.6 പ്രകാരം പാലിയേറ്റീവ് കെയറിനു വേണ്ടി ഓരോ സാമ്പത്തിക വർഷത്തേക്കും ഒരു പ്രോജക്ട് മാത്രമേ തയ്യാറാക്കാവൂ. ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ ആ വർഷത്തെ പ്രോജക്ട് (തുക ബാക്കിയുണ്ടെങ്കിലും) അവസാനിപ്പിക്കണം. സ്പിൽ ഓവർ പ്രോജക്ടായി നടപ്പിലാക്കാൻ പാടില്ല. അടുത്തവർഷം ഏപ്രിൽ 1-ാം തീയതി മുതലുള്ള ചെലവുകൾ അടുത്ത വർഷത്തെ പ്രോജക്ടിൽ നിന്നാണ് നിർവ്വഹിക്കേണ്ടത്. ഒരു വാർഷിക പദ്ധതിയിൽ ഒന്നിലധികം പാലിയേറ്റീവ് കെയർ പ്രോജക്ടുകൾ ഉണ്ടാകാൻ പാടില്ല, നടപ്പാക്കാനും പാടില്ല.

എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 2018-19 വർഷത്തിൽ മെഡിക്കൽ ഓഫീസർ (കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ) നിർവഹണോദ്യോഗസ്ഥനായി 2 പാലിയേറ്റീവ് പ്രോജക്ടുകൾ (S00701/18 (സ്പിൽ ഓവർ)& S00252/18 ) നടപ്പിലാക്കിയിട്ടുണ്ട്.

**1-82-2.** ഹോം കെയർ സന്ദർശന രജിസ്റ്റർ, ഹോം കെയർ റിപ്പോർട്ട് ബുക്ക് എന്നിവ പരിശോധിച്ചപ്പോൾ ഹോം കെയറില്ലാത്ത ദിനങ്ങളിലും വാഹനം ഓടിയതായി കാണിക്കുകയും അതിനായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ടീം | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| സി.എച്ച്.സി.ഒല്ലൂർ | 115 | 11.05.2018 | ₹1,000 |
| സി.എച്ച്.സി.ഒല്ലൂർ | 116 | 12.05.2018 | ₹1,000 |
| പി.എച്ച്.സി. അയ്യന്തോൾ | 3 | 07.11.2018 | ₹900 |
| സി.എച്ച്.സി.ഒല്ലൂർ | 52 | 12.08.2018 | ₹940 |
| പി.എച്ച്.സി., കൂർക്കഞ്ചേരി | 74 | 20.12.2018 | ₹500 |
| സി.എച്ച്.സി.ഒല്ലൂർ | 135 | 29.12.2018 | ₹740 |
| സി.എച്ച്.സി.ഒല്ലൂർ | 136 | 31.12.2018 | ₹740 |
| പി.എച്ച്.സി. അയ്യന്തോൾ | 49 | 07.03.2019 | ₹900 |

| | | | |
|---|---|---|---|
| പി.എച്ച്.സി., കൂർക്കഞ്ചേരി | 61 | 24.02.2019 | ₹925 |
| | | **ആകെ** | **₹7,645** |

**1-82-3.** മരുന്ന് ലഭ്യമാക്കിയില്ല.

ഈ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല.

| ബിൽ നമ്പർ | ചെലവഴിച്ച തുക | മരുന്ന് ലഭ്യമാക്കിയത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|
| 9/18-19/ 17.01.2019 | ₹15,00,000 | 0 | ₹15,00,000 | കെ.എം.എസ്.സി.എല്ലിന് മുൻകൂറായി നൽകിയത് |
| 16/18-19/ 13.03.2019 | ₹18,00,000 | 0 | ₹18,00,000 | കെ.എം.എസ്.സി.എല്ലിന് മുൻകൂറായി നൽകിയത് |
| **ആകെ** | ₹33,00,000 | 0 | ₹33,00,000 | |

അപാകതകൾക്ക് കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 80 തീയതി : 22.10.2019 ന് മറുപടി നൽകിയിട്ടില്ല. ഹോം കെയറില്ലാത്ത ദിനങ്ങളിൽ വാഹന വാടക ഇനത്തിൽ അധികം നൽകിയ ₹7,645 ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്. മരുന്ന് നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽപരാമർശിച്ച ബിൽ പ്രകാരമുള്ള ₹33,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-83 പെയിൻ & പാലിയേറ്റീവ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫിസിയോതെറാപ്പിസ്റ്റിനെ നിയമിച്ച് വേതനം നൽകി

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന പെയിൻ & പാലിയേറ്റീവ് പ്രോജക്റ്റിന്റെ (പ്രോജക്ട് നമ്പർ. S0012/19)ഭാഗമായി 2018-19 വർഷത്തിൽ 4 ഫിസിയോ തെറാപിസ്റ്റുകളെ (മെയിൽ ഫിസിയോ തെറാപിസ്റ്റ്-2 & ഫീമെയിൽ ഫിസിയോ തെറാപിസ്റ്റ്-2) നിയമിക്കുകയും വേതനം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ നിയമനത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ നമ്പർ ജി.ഒ(ആർ.ടി) 3217/215/ തസ്വഭവ തീയതി. 29.10.2015 ഖണ്ഡിക 2.9 പ്രകാരം BPT ( Batchelor of Physio Therapy ) പാസ്സായിട്ടുള്ള ഫിസിയോ തെറാപിസ്റ്റിന്റെ സേവനം ലഭ്യമാക്കാനാണ് അനുമതിയുള്ളത്. എന്നാൽ ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിങ്ങ് യോഗ്യതയുള്ളവരെയാണ് നിയമിച്ചിട്ടുള്ളത്.

2) പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ നമ്പർ ജി.ഒ(ആർ.ടി) 3217/215/ തസ്വഭവ തീയതി. 29.10.2015 ഖണ്ഡിക 2.9 ( b) പ്രകാരം പാലിയേറ്റീവ് കെയറിന്റെ ചുമതലയുള്ള അലോപ്പതി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമുള്ള രോഗികൾക്കായിരിക്കണം സേവനം നൽകേണ്ടത്. എന്നാൽ ഇപ്രകാരം അലോപ്പതി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിലല്ല സേവനം നൽകിയിട്ടുള്ളത്.

3)പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ നമ്പർ ജി.ഒ(ആർ.ടി) 3217/215/ തസ്വഭവ തീയതി. 29.10.2015 ഖണ്ഡിക 2.9 (d) പ്രകാരം ഫിസിയോ തെറാപിസ്റ്റിന്റെ സേവനം ഒരു മാസത്തിൽ കുറഞ്ഞത് ഒരു ദിവസം ഗൃഹസന്ദർശനം നടത്തണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരു വർഷത്തിൽ പരമാവധി 15 ദിവസത്തെ സേവനം ഉപയോഗപ്പെടുത്തി ദിവസ വേതനം നൽകാവുന്നതാണെന്നും സേവനം നൽകിയ ഒരു ദിവസത്തിന് ₹600 പ്രകാരം ദിവസ വേതനം നൽകാവുന്നതാണെന്നും പരാമർശിക്കുന്നുണ്ട്. ഇപ്രകാരം ഈയിനത്തിൽ പരമാവധി ചെലവഴിക്കാവുന്ന തുക ₹9000 (600*15)യാണ്. എന്നാൽ 2018-19 വർഷം ₹9,42,200 ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി **₹9,33,200** അധികം ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വേതനം നൽകിയ മാസം | ജീവനക്കാരന്റെ പേര് | | | | | | **ബിൽ** നമ്പർ & തീയതി |
|---|---|---|---|---|---|---|---|
| | ശ്രീ.എ.വി. അശോകൻ | ശ്രീമതി.ലജിത.കെ.വി | ശ്രീമതി.ചിഞ്ചു രാജൻ | ബിൽ നമ്പർ &തീയതി | ശ്രീമതി.സീന.ടി.എഫ് | ശ്രീ.നിഖിൽ.പി.കെ | |
| മാർച്ച് 2018 | ₹18900 | - | ₹21000 | 13/18-19/ 14-6-18 | ₹20300 | ₹21000 | 13/18-19/ 14-6-18 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഏപ്രിൽ 2018 | ₹6300 | ₹5600 | - | 15/18-19/ 14-6-18 | ₹20650 | ₹19950 | 14/18-19/ 14-6-18 |
| മെയ്- 2018 | ₹21000 | ₹21000 | - | 17/18-19 /14-6-18 | ₹21000 | ₹20300 | 16/18-19 /14-6-18 |
| ജൂൺ- 2018 | ₹12600 | ₹19600 | - | 23/18-19/ 23-7-18 | ₹20300 | ₹21000 | 22/18-19 23-7-18 |
| ജൂലായ് 20 18 | ₹20300 | ₹21000 | - | 37/18-19/ 23-8-19 | ₹21000 | ₹21000 | 38/18-19/ 23-8-18 |
| ആഗസ്റ്റ് 2018 | ₹19600 | ₹20300 | - | 42/18-19 17-9-18 | ₹21000 | ₹21000 | 41/18-19/ |
| സെപ്റ്റംബർ 2018 | ₹21000 | ₹21000 | - | 49/18-19/ 22-10-18 | ₹21000 | ₹21000 | 48/18-19/ 22-10-18 |
| ഒക്ടോബർ 2018 | ₹21000 | ₹21000 | - | 56/18-19/ 19-11-18 | ₹21000 | ₹21000 | 57/18-19 /19-11-18 |
| നവംബർ 20 18 | ₹21000 | ₹21000 | - | 64/18-19/ 20-12-18 | ₹17500 | ₹16100 | 65/18-19/ 20-12-18 |
| ഡിസംബർ 2018 | ₹21000 | ₹21000 | | 69/18-19/ 17-01-19 | ₹21000 | ₹21000 | 70/18-19/ 17-01-19 |
| ജനുവരി 2019 | ₹21000 | ₹21000 | | 74/18-19/ 19-2-19 | - | - | - |
| ഫെബ്രുവരി 20 19 | ₹19600 | ₹19600 | | 80/18-19/ 15-03-19 | ₹39900 | ₹37800 | 80/18-19/ 15-03-19 |
| **ആകെ** | **₹223300** | **₹212100** | **₹21000** | | **₹244650** | **₹241150** | |

4) പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ നമ്പർ. (ജി.ഒ(ആർ.ടി) 3217/215/ തസ്വഭവ, തീയതി. 29.10.2015 ഖണ്ഡിക 2.9 ( f) പ്രകാരം ഒരു ഫിസിയോ തെറാപിസ്റ്റിന്റെ സേവനം 2 ൽ കൂടുതൽ തദ്ദേശഭരണസ്ഥാപനത്തിൽ ഉപയോഗപ്പെടുത്താൻ പാടില്ല. ഇക്കാര്യം സൂചിപ്പിച്ചുകൊണ്ടുള്ള സത്യപ്രസ്താവന നിയോഗിക്കുന്ന ഫിസിയോ തെറാപിസ്റ്റിൽ നിന്നും പി.എം.സി. വാങ്ങേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള സത്യപ്രസ്താവന ഹാജരാക്കാതെയാണ് ഫിസിയോതെറാപിസ്റ്റുകളെ നിയമിച്ചിട്ടുള്ളത്.

5) പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ നമ്പർ. ജി.ഒ(ആർ.ടി) 3217/215/ തസ്വഭവ, തീയതി. 29.10.2015 ഖണ്ഡിക 2.9 ( g) പ്രകാരം അനുബന്ധം 6 ൽ കൊടുത്തിട്ടുള്ള ഫോർമാറ്റിലുള്ള റിപ്പോർട്ട് ഓരോ ദിവസ സന്ദർശനത്തിനുശേഷവും ഫിസിയോ തെറാപിസ്റ്റ് പി.എം.സി. മെമ്പർ സെക്രട്ടറിക്ക നൽകേണ്ടതാണ്.ഈ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ദിവസ വേതനം നൽകാവൂ. ഈ റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. എന്നാൽ ഈ റിപ്പോർട്ട് തയ്യാറാക്കുകയോ പരിശോധനക്കായി ഹാജരാക്കുകയോ ചെയ്തിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 63 തീയതി : 09.10.2019 ന് മറുപടി നൽകിയിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്. പെയിൻ & പാലിയേറ്റീവ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫിസിയോതെറാപ്പിസ്റ്റിനെ നിയമിച്ച് അധിക വേതനം നൽകിയ ഇനത്തിലുള്ള **₹9,33,200** യുടെ ചെലവിന് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്. സർക്കാർ അനുമതി ലഭ്യമാക്കിയില്ലെങ്കിൽ 9,33,200/-രൂപ ഉത്തരവാദിയായ ആയുർവേദ മെഡിക്കൽ ഓഫീസറിൽ നിന്ന് തിരിച്ചുപിടിക്കേണ്ടതാണ്.

## 1-84 പെയിൻ & പാലിയേറ്റീവ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വാഹന വാടക അധികം നൽകി

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന പെയിൻ & പാലിയേറ്റീവ് (പ്രോജക്ട് നമ്പർ. S0012/19) പ്രോജക്ടിന്റെ ഭാഗമായി രണ്ട് വാഹനങ്ങൾ വാടകയ്ക്ക് എടുത്തിരുന്നു. അവർക്ക് ടി പ്രോജക്ട് തുകയിൽ നിന്ന്

വേതനം നൽകുകയും ചെയ്തിട്ടുണ്ട്. സ.ഉ(സാധാ)നം. 3217/2017/തസ്വഭവ തീയതി.29.10.2015 ഖണ്ഡിക 3.6.5(3) പ്രകാരം ദിവസ വാടക താഴെ പറയും പ്രകാരം പരിമിതപ്പെടുത്തിയിട്ടുണ്ട്.

| ഓടുന്ന ദൂരം(UP& down) | 15-24 കി.മീ | 25-34 കി.മീ | 35-44കി.മീ | 45 കി.മീ കൂടുതൽ |
|---|---|---|---|---|
| പരമാവധി തുക | ₹800 | ₹900 | ₹1000 | ₹1100 |

എന്നാൽ മാർഗ്ഗരേഖക്ക് വിരുദ്ധമായി വാഹന വാടക അധികം നൽകിയതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| തിയതി/ വാഹന നമ്പർ | ഓടിയ ദൂരം/ കി.മീ | പരമാവധി നൽകാവുന്ന തുക | നൽകിയ തുക | അധികം | ബിൽ നമ്പർ |
|---|---|---|---|---|---|
| 25-4-18 KL-48-7881 | 32 | ₹900 | ₹1000 | ₹100 | 14/18-19/ 14-06-18 |
| 28-4-18 KL48-7881 | 32 | ₹900 | ₹1000 | ₹100 | 14/18-19/ 14-06-18 |
| 6-5-18 KL -08AT 5522 | 24 | ₹800 | ₹1000 | ₹200 | 16/18-19/ 14-06-18 |
| 12-5-18 KL-48F-8881 | 30 | ₹900 | ₹1000 | ₹100 | 16/18-19/ 14-06-18 |
| 20-5-18 KL-08BH-4422 | 20 | ₹800 | ₹1000 | ₹200 | 17/18-19/ 14-06-18 |
| 27-5-18 KL-48F-8881 | 33 | ₹900 | ₹1000 | ₹100 | 16/18-19/ 14-06-18 |
| 2-6-18 KL-08 BD 998 | 30 | ₹900 | ₹1000 | ₹100 | 22/18-19/ 23-07-18 |
| 3-6-18 KL-08BL-7978 | 30 | ₹900 | ₹1000 | ₹100 | 23/18-19/ 23-07-18 |
| 5-6-18 KL-08 BD 998 | 30 | ₹900 | ₹1000 | ₹100 | 22/18-19/ 23-07-18 |
| 7-6-18 KL-48F 8811 | 30 | ₹900 | ₹1000 | ₹100 | 23/18-19/ 23-07-18 |
| 13-6-18 KL-08 BD 998 | 32 | ₹900 | ₹1000 | ₹100 | 22/18-19/ 23-07-18 |
| 15-6-18 KL-08BH 4422 | 30 | ₹900 | ₹1000 | ₹100 | 23/18-19/ 23-07-18 |
| 18-6-18 KL-08BH-4422 | 32 | ₹900 | ₹1000 | ₹100 | 23/18-19/ 23-07-18 |
| 19-6-18 KL-08 BD 998 | 32 | ₹900 | ₹1000 | ₹100 | 22/18-19/ 23-07-18 |

| | | | | | |
|---|---|---|---|---|---|
| 19-6-18<br>KL -08AT 5522 | 34 | ₹900 | ₹1000 | ₹100 | 23/18-19/<br>23-07-18 |
| 22-6-18<br>KL-08BL-7978 | 32 | ₹900 | ₹1000 | ₹100 | 23/18-19/<br>23-07-18 |
| 26-6-18<br>KL-08 BD 998 | 30` | ₹900 | ₹1000 | ₹100 | 22/18-19/<br>23-07-18 |
| 27-6-18<br>KL -08AT 5522 | 32 | ₹900 | ₹1000 | ₹100 | 23/18-19/<br>23-07-1 |
| 30-6-18<br>KL-45-G 2027 | 30 | ₹900 | ₹1000 | ₹100 | 23/18-19/<br>23-07-18 |
| 1-7-18<br>KL-08 BD 998 | 30 | ₹900 | ₹1000 | ₹100 | 37/18-19/<br>14-08-18 |
| 2-7-18<br>KL-08BL-7978 | 32 | ₹900 | ₹1000 | ₹100 | 37/18-19/<br>14-08-18 |
| 8-7-18<br>KL-08BH-4422 | 25 | ₹900 | ₹1000 | ₹100 | 37/18-19/<br>14-08-18 |
| 10-7-18<br>KL-45-G 2027 | 30 | ₹900 | ₹1000 | ₹100 | 37/18-19/<br>14-08-18 |
| 11-7-18<br>KL-45-G 2027 | 27 | ₹900 | ₹1000 | ₹100 | 37/18-19/<br>14-08-18 |
| 12-7-18<br>KL-45-G 2027 | 34 | ₹900 | ₹1000 | ₹100 | 37/18-19/<br>14-08-18 |
| 14-7-18<br>KL-45-G 2027 | 29 | ₹900 | ₹1000 | ₹100 | 37/18-19/<br>14-08-18 |
| 15-7-18<br>KL-08 BD 998 | 30 | ₹900 | ₹1000 | ₹100 | 38/18-19/<br>14-08-18 |
| 15-7-18<br>KL-45-G 2027 | 24 | ₹800 | ₹1000 | ₹200 | 38/18-19/<br>14-08-18 |
| 16-7-18<br>KL-45-G 2027 | 27 | ₹900 | ₹1000 | ₹100 | 38/18-19/<br>14-08-18 |
| 17-7-18<br>KL-45-G 2027 | 26 | ₹900 | ₹1000 | ₹100 | 38/18-19/<br>14-08-18 |
| 18-7-18<br>KL-45-G 2027 | 26 | ₹900 | ₹1000 | ₹100 | 38/18-19/<br>14-08-18 |
| 21-7-18<br>KL-45-G 2027 | 22 | ₹800 | ₹1000 | ₹200 | 38/18-19/<br>14-08-18 |

| | | | | | |
|---|---|---|---|---|---|
| 22-7-18<br>KL-08 BD 998 | 30 | ₹900 | ₹1000 | ₹100 | 38/18-19/<br>14-08-18 |
| 22-7-18<br>KL-45-G 2027 | 30 | ₹900 | ₹1000 | ₹100 | 38/18-19/<br>14-08-18 |
| 23-7-18<br>KL-45-G 2027 | 32 | ₹900 | ₹1000 | ₹100 | 38/18-19/<br>14-08-18 |
| 28-7-18<br>KL-45-G 2027 | 28 | ₹900 | ₹1000 | ₹100 | 38/18-19/<br>14-08-18 |
| 29-7-18<br>KL-08 BD 998 | 30 | ₹900 | ₹1000 | ₹100 | 38/18-19/<br>14-08-18 |
| 9-8-18<br>KL -08AT 5522 | 31 | ₹900 | ₹1000 | ₹100 | 41/18-19/<br>17-09-18 |
| 29-8-18<br>KL -08AT 5522 | 30 | ₹900 | ₹1000 | ₹100 | 41/18-19/<br>17-09-18 |
| 30-8-18<br>KL -08AT 5522 | 32 | ₹900 | ₹1000 | ₹100 | 41/18-19/<br>17-09-18 |
| 1-9-18<br>KL -08AT 5522 | 34 | ₹900 | ₹1000 | ₹100 | 49/18-19/<br>22-10-18 |
| 5-9-18<br>KL -08AT 5522 | 34 | ₹900 | ₹1000 | ₹100 | 49/18-19/<br>22-10-18 |
| 5-9-18<br>KL -08 BG 171 | 34 | ₹900 | ₹1000 | ₹100 | 49/18-19/<br>22-10-18 |
| 8-9-18<br>KL -08 AW1379 | 34 | ₹900 | ₹1000 | ₹100 | 49/18-19/<br>22-10-18 |
| 12-9-18<br>KL-48 F 8811 | 32 | ₹900 | ₹1000 | ₹100 | 49/18-19/<br>22-10-18 |
| 17-9-18<br>KL-08 BD 998 | 30 | ₹900 | ₹1000 | ₹100 | 49/18-19/<br>22-10-18 |
| 18-9-18<br>KL-08 BD 998 | 34 | ₹900 | ₹1000 | ₹100 | 49/18-19/<br>22-10-18 |
| 19-9-18<br>KL -08 AW 1379 | 34 | ₹900 | ₹1000 | ₹100 | 49/18-19/<br>22-10-18 |

| | | | | | |
|---|---|---|---|---|---|
| 25-9-18<br>KL -08 BH 4422 | 33 | ₹900 | ₹1000 | ₹100 | 49/18-19/<br>22-10-18 |
| 29-9-18<br>KL-45G 2027 | 33 | ₹900 | ₹1000 | ₹100 | 49/18-19/<br>22-10-18 |
| 4-10-18<br>KL-45G 2027 | 34 | ₹900 | ₹1000 | ₹100 | 57/18-19/<br>19-11-18 |
| 3-11-18<br>KL -08AT 5522 | 34 | ₹900 | ₹1000 | ₹100 | 64/18-19/<br>20-12-18 |
| | | | **ആകെ** | **₹5600**<br>**======** | |

മേൽപ്പറഞ്ഞ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 92 / 08.11.2019 ന് , ചില ദിവസങ്ങളിൽ വാഹനം അധിക ദൂരം ഓടാറുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ദൂരത്തിന് ആനുപാതികമായി വാഹന വാടക നൽകേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അധികം നൽകിയ ₹ 5600 യുടെ ചെലവിന് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്. സർക്കാർ അനുമതി ലഭ്യമാക്കിയില്ലെങ്കിൽ 5600/-രൂപ ആയുർവേദ മെഡിക്കൽ ഓഫീസറിൽ നിന്നും തിരിച്ചുപിടിക്കേണ്ടതാണ്.

## 1-85 ആരോഗ്യ ജാഗ്രത - ശുചിത്വമിഷനിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗിച്ചില്ല

മൺസൂൺ കാലത്ത് പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്നതിനുള്ള സാധ്യത ഒഴിവാക്കാൻ ലക്ഷ്യമിട്ടു കൊണ്ട് വിവിധ പ്രതിരോധ പ്രവർത്തനങ്ങൾ രൂപീകരിച്ച് പ്രാദേശിക തലത്തിൽ നടപ്പിലാക്കുക എന്നതാണ് ആരോഗ്യ ജാഗ്രത എന്ന പേരിൽ പകർച്ചവ്യാധി പ്രതിരോധ യജ്ഞം കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. 22.01.2018 ലെ 17/ഡി.സി.1/186/ത.സ്വ.ഭ.വ. നം. സർക്കുലറിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മഴക്കാല പൂർവ്വശുചിത്വ ക്യാംപെയിൻ നടപ്പാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

പകർച്ചവ്യാധി പ്രതിരോധ യജ്ഞത്തിന്റെ ഭാഗമായി തൃശ്ശൂർ കോർപ്പറേഷനിലെ 55 വാർഡുകൾക്ക് ₹20,000 വീതം ശുചിത്വമിഷൻ വിഹിതം അനുവദിച്ചിട്ടുണ്ട്. ആയതിൽ ആദ്യഗഡുവായി ഓരോ വാർഡിനും ₹10,000 വീതം ₹ 5,50,000 140/ഡി.എസ്.എം/18 തീയതി 19.5.2018 ഉത്തരവുപ്രകാരവും, രണ്ടാം ഗഡുവായി ₹ 5,50,000 67/ഡി/18/എസ്. എം. തീയതി 19.6.2018 ഉത്തരവുപ്രകാരവുമായി ആകെ ₹11,00,000 (5,50,000+5,50,000)ശുചിത്വമിഷനിൽ നിന്നും നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്.

ആരോഗ്യ ജാഗ്രത പ്രവർത്തികൾ യഥാസമയം നടത്തുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തി മുൻകൂറായി ഓരോ ഡിവിഷനുകളിലേക്കും ₹10,000 വീതം അനുവദിച്ചിട്ടുണ്ട് . ആദ്യ ഗഡു വൗച്ചർ നം 21800753/11.6.18 നം (ചെക്ക് നം 757395) രണ്ടാം ഗഡു വൗച്ചർ നം 21801101/12.7.2018 നം (ചെക്ക് നം757547 )ഓരോ ഹെൽത്ത് ഇൻസ്പെക്ടർമാർക്കും താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| സർക്കിൾ/സോണൽ | ഡിവിഷൻ | ഹെൽത്ത് ഇൻസ്പെക്ടർ | ആദ്യ ഗഡുവായി നൽകിയ തുക | ചെലവ് | രണ്ടാം ഗഡുവായി നൽകിയ തുക (ചെലവ് നടത്തിയിട്ടില്ല) |
|---|---|---|---|---|---|
| I | 13,14,21,22, 23 | സുന്ദരൻ ടി എ | 50,000 | 50,400 | 50,000 |

| | | | | | |
|---|---|---|---|---|---|
| II | 12,35 | മുഹമ്മദ് ഇക്ബാൽ | 20,000 | 21,000 | 20,000 |
| III | 34,39 | സമീൽ ബാബു | 20,000 | 19,200 | 20,000 |
| IV | 38,51,52 | വിജയകുമാർ | 30,000 | 30,640 | 30,000 |
| V | 1,2,3,37 | അനിൽ. കെ ജി | 40,000 | 43,401 | 40,000 |
| VI | 36 | ബിനോയ് | 10,000 | 10,200 | 10,000 |
| അയ്യന്തോൾ | 45,46,47,48,<br>49,50,53,54,<br>55 | രവി | 90,000 | 90,720 | 90,000 |
| കുർക്കഞ്ചേരി | 32,33,40,41,42,43,44 | ബിന്ദുമോൾ | 70,000 | 71,400 | 70,000 |
| ഒല്ലൂക്കര | 10,15,16,17,<br>18,19,20 | വിനോദ്കുമാർ | 70,000 | 71,400 | 70,000 |
| ഒല്ലൂർ | 24,25,26,27,28,29,30,31 | ജോളി | 80,000 | 80,640 | 80,000 |
| വിൽവട്ടം | 4,5,6,7,8,9,<br>11 | സുരേഷ് കുമാർ പേരോത്ത് | 70,000 | 70,560 | 70,000 |
| ആകെ | | | 5,50,000 | 5,59,561 | 5,50,000 |

ചെലവു രേഖകൾ ബന്ധപ്പെട്ട മേൽ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി അംഗീകരിച്ചിട്ടില്ല. എന്നാൽ മുൻകൂറായി അനുവദിച്ച ആദ്യ ഗഡുവായ ₹ 5,50,000 യുടെ ചെലവ് അംഗീകരിക്കുന്നതിനും തുക ക്രമവൽക്കരിച്ച് അധികമായി ചെലവായ തുക ബന്ധപ്പെട്ട ഇൻസ്പെക്ടർമാർക്ക് തിരികെ നൽകുന്നതിനും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട് (8.2.2019 ലെ 10 ാം നം തീരുമാനം).

മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്താതെയാണ് പ്രവർത്തികൾ നഗരസഭ പ്രദേശങ്ങളിൽ നടപ്പാക്കിയത്.ആയതിനാൽ ശുചിത്വമിഷനിൽ നിന്നും ലഭിച്ച രണ്ടാം ഗഡുവായ ₹ 5,50,000 നാളിതുവരെ ചെലവഴിച്ചിട്ടില്ല.

മുൻകൂർ നൽകിയ മേൽ തുകകൾ (2018-19 അഡ്വാൻസ് രജിസ്റ്റർ പേജ് നം. 29 മുതൽ 33 വരെ) നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ജി.ഒ.(പി) നമ്പർ 419/2011/ധന. തിയതി 04.10.2011ലെ ഉത്തരവുപ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ (കെ.എഫ്.സി. അനുഛേദം 99 പ്രകാരം) കൈപ്പറ്റി മൂന്നു മാസത്തിനകം ഫൈനൽ ബില്ല് സമർപ്പിക്കേണ്ടതാണ്. മുഴുവൻ അഡ്വാൻസ് തുകയ്ക്കും തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% പലിശ സഹിതം ഈടാക്കേണ്ടതാണ്.

മേൽ വിഷയത്തിൻമേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.91 തിയതി: 08.11.2019) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ഫണ്ട് വിനിയോഗത്തിലെ അപാകതകൾ മൂലം ₹11,00,000 രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-86 പദ്ധതി പ്രകാരം വാങ്ങിയ സാമഗ്രികൾ വിതരണം ചെയ്യാതെ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ശുചീകരണസാമഗ്രികളും ഉപകരണങ്ങളും വാങ്ങൽ (SO49/19) എന്ന പദ്ധതി പ്രകാരം ഇലക്ട്രിക് മോട്ടോർ, വാക്വം ക്ലീനർ, ഇലക്ട്രോണിക് വെയ്യിംഗ് സ്കെയിൽ മെഷീൻ എന്നിവ വാങ്ങിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ഇൻവോയ്സ് നം/തിയതി | സ്ഥാപനം | എണ്ണം | തുക | ബിൽ നം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വാക്വം ക്ലീനർ | TSR/1852/ 2018-2019 25.02.2019 | റെയ്ഡ്കൊ | 1 | ₹9,999 | 36/18-19 8.3.19 |
| ഇലക്ട്രോണിക് വെയ്യിംഗ് സ്കെയിൽ മെഷീൻ | 919/ 13.3.2018 | ആസ്റ്റ് ഓട്ടോമേഷൻ സിസ്റ്റെമ്സ് | 4 | (4x₹7900) ₹31,600 | 58/18-19/ 22.3.19 |
| ഇലക്ട്രിക് മോട്ടോർ (Honda W52) | GSTR1087/ 25.1.2019 | ചോയ്സ് കെമിക്കൽസ് | 1 | ₹16,339 | 22/27.2.19 |
| ആകെ | | | | ₹57,938 | |

കുരിയച്ചിറ അറവുശാലക്കുവേണ്ടി ഇലക്ട്രിക് മോട്ടോറും, തൃശ്ശൂർനഗരസഭ കൗൺസിൽ ഹാൾ ,മേയറുടെ ഓഫീസ് ഉൾപ്പെടുന്ന കെട്ടിടം എന്നിവിടങ്ങളിൽ ശുദ്ധീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വാക്വം ക്ലീനറും, ഇ-വെയിസ്റ്റ് നീക്കം ചെയ്യുന്നതിന് ഇലക്ട്രോണിക് വെയ്യിംഗ് സ്കെയിൽ മെഷീനും ആവശ്യമാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ കൊക്കാലെ സെൻട്രൽ സ്റ്റോറിൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ മേൽ സാമഗ്രികൾ വിതരണം ചെയ്യാതെ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു.

മേൽ ഇലക്ട്രോണിക് സാമഗ്രികൾ പ്രവർത്തനക്ഷമമാണോ എന്ന് ബന്ധപ്പെട്ടവർ പരിശോധിച്ചിട്ടില്ല. ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന പ്രസ്തുത ഉപകരണങ്ങളുടെ വാറണ്ടി കാലയളവ് അവസാനിക്കുകയും, കാലക്രമേണ ഉപയോഗശൂന്യമാവുകയും ചെയ്യും. പദ്ധതി പ്രകാരം വാങ്ങിയ സാമഗ്രികൾ വിതരണം ചെയ്യാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

കൂടാതെ കരാറുകാരനുമായി സാമഗ്രികളുടെ വിതരണം സംബന്ധിച്ച നിബന്ധനകളും, കരാർ ലംഘനത്തിന്മേലുള്ള നിയമ നടപടികളും ഉൾപ്പെടുന്ന ഒരു എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണെന്ന് സ്റ്റോർ പർച്ചേസ് മാന്വൽ 2013 ൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ റെയ്ഡ്കൊ, ചോയ്സ് കെമിക്കൽസ് എന്നീ സ്ഥാപനങ്ങളുമായിട്ടുള്ള കരാർ ചമച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം122 തിയതി: 29.11.2019). നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ മേൽപ്പറഞ്ഞ ബിൽ നമ്പർ പ്രകാരമുള്ള ₹57,938 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-87 മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ- അപാകതകൾ

ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഓരോ ഡിവിഷനുകൾക്കും ഒരു ലക്ഷം രൂപ വീതം 55 ഡിവിഷനുകൾക്ക് വികസനഫണ്ടിൽ നിന്നും ₹ 55,00,000 പദ്ധതിക്കായി (SO 237/19) വകയിരുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി കിട്ടിയ (1/17.03.2018) ഈ പദ്ധതി റിവിഷനിൽ (13.12.2018ൽ) ഉപേക്ഷിച്ചിട്ടുള്ളതാണ്.

മേൽ പദ്ധതി പ്രകാരം മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഓരോ ഡിവിഷനുകൾക്കും ഒരു ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് 30.05.2018ലെ കൗൺസിൽ യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ 20.06.2018ൽ ബഹു.മേയർ നിർദ്ദേശം നൽകിയിട്ടുണ്ട്. തനതുഫണ്ടിൽ നിന്നും തുക അനുവദിച്ച ശേഷം ട്രഷറിയിൽ നിന്നും തുക റീക്ലൂപ്പ് ചെയ്യുന്നതിനും ബഹു.മേയർ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതനുസരിച്ച് വൗച്ചർ നം. 21801048 തീയതി 9.7.2018 (ചെക്ക് നം. 757504) പ്രകാരം മുൻകൂറായി ₹ 55,00,000 ഹെൽത്ത് ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. ടി തുക ശുചീകരണ പ്രവർത്തികൾക്കുവേണ്ടി ഓരോ ഡിവിഷനുകൾക്കും ഒരു ലക്ഷം രൂപ വീതം ഹെൽത്ത് ഇൻസ്പെക്ടർ/ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പേരിൽ താഴെ പറയും പ്രകാരം മുൻകൂറായി അനുവദിച്ചിട്ടുണ്ട് (30.06.2018 ലെ PH4/24942/18 നം സെക്രട്ടറിയുടെ ഉത്തരവ്).

| ക്രമ നം. | ഹെൽത്ത് ഇൻസ്പെക്ടർ/ ഡിവിഷൻ | അനുവദിച്ച തുക | ചെലവായ തുക | തിരികെ അടച്ച തുക | |
|---|---|---|---|---|---|
| 1. | ശ്രീ.മുഹമ്മദ് ഇക്ബാൽ 12,35 | ₹ 2,00,000 | - | ₹ 2,00,000 | RT. No.01/118010501242 തിയ്യതി: 22.11.2018 |
| 2. | ശ്രീ. സുന്ദരൻ 13,14,21,22,23 | ₹ 5,00,000 | - | ₹ 5,00,000 | RT. No.01/118040109138 തിയ്യതി: 30.07.2018 |
| 3. | ശ്രീ.സമീൽ ബാബു | ₹ 2,00,000 | ₹ 63,515 | ₹ 136485 | RT. |

| | | | | | |
|---|---|---|---|---|---|
| | 34,39 | | | | No.01/118040114647<br>തിയ്യതി: 17 .10.2018 |
| 4. | ശ്രീ.വിജയ കുമാർ.വി.ബി.<br>38,51,52 | ₹ 3,00,000 | - | ₹ 3,00,000 | RT.<br>No.01/118040111435<br>തിയ്യതി:01.09.2018 |
| 5. | ശ്രീ. അനിൽ. കെ.ജി.<br>1,2,3,6 | ₹ 4,00,000 | - | ₹ 4,00,000 | RT.<br>No.01/118040110607<br>തിയ്യതി:13.08.2018 |
| 6. | ശ്രീ. മനേഷ്<br>36 | ₹ 1,00,000 | - | ₹ 1,00,000 | RT.<br>No.01/1180880022<br>തിയ്യതി: 26 .11.2018 |
| 7. | ശ്രീ.രവി.കെ.വി.<br>45,46,47,48,49,50,53,<br>54,55 | ₹ 9,00,000 | ₹ 30,000 | ₹ 8,70,000 | RT.<br>No.01/118010501145<br>തിയ്യതി: 16.10.2018 |
| 8. | ബിന്ദുമോൾ<br>32,33,40,41,42,43,44 | ₹ 7,00,000 | ₹ 32,400 | ₹ 6,67,600 | RT.<br>No.01/118001018792<br>തിയ്യതി: 16.01.2019 |
| 9. | ശ്രീ. വിനോദ് കുമാർ<br>10,15,16,17,18,<br>19,20 | ₹ 7,00,000 | - | ₹ 7,00,000 | RT.<br>No.01/118040111103<br>തിയ്യതി:23.08.2018 |
| 10. | ശ്രീമതി. ജോളി.എ.എ.<br>24,25,26,27,28,29,30,31 | ₹ 8,00,000 | ₹ 2,54,130 | ₹ 5,45,870 | RT.<br>No.01/118040114942<br>തിയ്യതി:24.10.2018 |
| 11. | ശ്രീ. സുന്ദരൻ<br>4,5,6,7,8,9,11 | ₹ 7,00,000 | ₹ 10,000 | ₹<br>6,90,000 | RT.<br>No.01/118040101234<br>തിയ്യതി: 18.09.2018 |
| ആകെ | | ₹ 55,00,000 | ₹3,90,045 | ₹51,09,955 | |

മുൻകൂർ തുക ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പേഴ്സണൽ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. 22.01.2018 ലെ 17/ഡി.സി.1 /186/ത.സ്വ.ഭ.വ. നം. സർക്കുലർ ഖണ്ഡിക.9 പ്രകാരം മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് മഴക്കാലപൂർവ്വ ശുചീകരണത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക വാർഡൊന്നിന് ₹35,000 ആണ്. എന്നാൽ മേൽപരിധി പരിഗണിക്കാതെയാണ് ₹1,00,000 വരെ വാർഡുകൾക്ക് അനുവദിച്ചിട്ടുള്ളത്.

മുൻകൂറായി അനുവദിച്ച ചെലവുകൾ അംഗീകരിക്കുന്നതിനും മുൻകൂർ തുക ക്രമീകരിക്കുന്നതിനും 26.05.2019 ലെ 33-ാം നം കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ചെലവു രേഖകൾ ബന്ധപ്പെട്ട മേൽഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി അംഗീകരിച്ചിട്ടില്ലാത്തതിനാൽ മുൻകൂർ നൽകിയ മേൽ തുകകൾ (2018-19 അഡ്വാൻസ് രജിസ്റ്റർ പേജ് നം. 33 മുതൽ 36 വരെ) നാളിതുവരെ ക്രമീകരിച്ചിട്ടില്ല. സർക്കാർ ഉത്തരവ് 419//11/ധന തിയതി 4.10.2011 പ്രകാരം മുൻകൂറുകൾ 3 മാസത്തിനകം ക്രമീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം ചെലവു രേഖകൾ അംഗീകരിച്ച് മേൽ തുക ക്രമീകരിക്കേണ്ടതാണ്.

മേൽ വിഷയത്തിൻമേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.109 തീയതി 23.11.2019 ) മറുപടി ലഭ്യമാക്കിയില്ല.

## 1-88 പ്രോജക്റ്റ് നം SO 238/19 -ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് നം - SO 238/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ
അടങ്കൽ - വികസന ഫണ്ട് -₹ 90,00,000

ചെലവ് -₹ 97,593

സർക്കിൾ/ സോണൽ ഹെൽത്ത് ഓഫീസുകളിലേക്ക് കമ്പ്യൂട്ടർ/പ്രിന്റർ എന്നിവ വാങ്ങൽ, ഡി & ഒ ലൈസൻസ് ഓൺലൈനാക്കൽ എന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിന്മേൽ ₹ 97,593 ചെലവ് വന്നിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

₹ 54,000 - ബിൽ നം.42/13.3.19

₹5,593 - ബിൽ നം64/25.3.19

₹38,000 - ബിൽ നം71/26.3.19

ആയതിന്റെ ചെലവു രേഖകൾ (സബ് വൗച്ചറുകൾ) പരിശോധനക്ക് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (നം. 123 തിയതി: 29.11.2019)യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ പ്രോജക്ടിനായുള്ള 97,593 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-89 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

1.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടത്തിയ താഴെപ്പറയുന്ന പദ്ധതികളിൽ കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| ഫയൽ നമ്പർ | പദ്ധതി നമ്പർ | പദ്ധതി | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ട്രഷറി ബിൽ ബുക്ക് നമ്പർ |
|---|---|---|---|---|---|
| 26287/18 | 2/19 | ടെക്നിക്കൽ സപ്പോർട്ട് ഇനത്തിൽ ഐ.കെ.എം.ന് അടയ്ക്കേണ്ട വിഹിതം | ₹10,00,000 | ₹10,00,000 | 4 |
| പി.സി. 23832/18 | 3/19 | സാമൂഹ്യ സുരക്ഷ മിഷൻ -വയോമിത്രം പദ്ധതിയ്ക്ക് കേന്ദ്ര വിഹിതം അടവാക്കൽ | ₹25,00,000 | ₹25,00000 | 3 |
| 49716/18 | 753/19 | അംഗൻവാടി തൊഴിലാളികളുടെ പ്രതിഫലം | ₹5540,700 | ₹5540,700 | 25 |
| പി.സി. 2 23833/18 | 374/19 | സുശാന്തം-വയോജനക്ഷേമ കേന്ദ്ര പ്രവർത്തനം-വിഹിതം അടവാക്കൽ | ₹1000,000 | ₹1000,000 | 2 |

**2.പദ്ധതി രൂപീകരണം, മോണിറ്ററിംഗ് ചെലവുകൾ**

**ഫയൽ നമ്പർ പി.സി. 2 – 23830/18**

പ്രോജക്ട് നമ്പർ - എസ്. ഒ.എസ്. 0001/19

പ്രോജക്ട് വിഭാഗം - ജനറൽ

പദ്ധതി അടങ്കൽ- ₹10,00,000 (വികസന ഫണ്ട് )

ആകെ ചെലവ് -₹ 4,45,531

ട്രഷറി ബിൽ ബുക്ക് ക്രമ നമ്പർ

| ട്രഷറി ബിൽ ബുക്ക് ക്രമ നമ്പർ | തുക |
|---|---|
| 05 | ₹35,644 |
| 06 | ₹320,000 |
| രേഖപ്പെടുത്തിയിട്ടില്ല. | ₹9,860 |
| രേഖപ്പെടുത്തിയിട്ടില്ല. | ₹12,995 |

| | |
|---|---|
| രേഖപ്പെടുത്തിയിട്ടില്ല. | ₹67,032 |

ചെലവിന്റെ വിശദാംശങ്ങൾ

ടി.ആർ -59 (ഇ) പ്രകാരം താഴെപ്പറയുന്ന രീതിയിൽ ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഉത്തരവ് നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | 131/17-7-18 | ₹35,644 |
| 2 | 165/30-7-18 | ₹320,000 |
| 3 | 427/15-12-18 | ₹9,860 |
| 4 | 767/22-2-19 | ₹12,995 |
| 5 | 928/11-3-19 | ₹67,032 |
| | ആകെ | ₹4,45,531 |

അപാകതകൾ

1. താല്ക്കാലിക ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായ ശ്രീമതി പി.കെ. കൃഷ്ണവേണി.പി.ജെ. അമ്പിളി, ടി.കെ. അജിത എന്നിവർക്ക് യഥാക്രമം ₹12,780, ₹7100, ₹7100 പ്രതിഫലം നൽകി കാണുന്നു.എന്നാൽ അവരുടെ അറ്റൻഡൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2. 55 ഡിവിഷൻ സഭ കോർഡിനേറ്റർമാർക്ക് ₹5,000 വീതം ആകെ ചെലവാക്കിയ ₹2,75,000 പദ്ധതി ചെലവായി കണക്കാക്കി തനത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചതായി കാണുന്നു. എന്നാൽ പ്രസ്തുത ചെലവിന്റെ വിശദാംശങ്ങളും, തനത് ഫണ്ട് അക്കൗണ്ടിന്റെ പാസ്ബുക്കും ഹാജരാക്കിയില്ല.

3. വികേന്ദ്രീയാസൂത്രണ പദ്ധതിയിലെ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള 25000 അപേക്ഷ ഫോറം പ്രിന്റ് ചെയ്യുന്നതിന് ഒരു ഫോറത്തിന് ₹1.80 നിരക്കിൽ ആകെ ₹45,000 കുടുംബശ്രീ മോഡേൺ മിനി ഓഫ് സെറ്റ് പ്രിന്റിങ്ങ് പ്രസ്സ് , പൂത്തോൾ, തൃശ്ശൂരിന് നൽകിയിട്ടുണ്ട്.എന്നാൽ ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

4. വികേന്ദ്രീയാസൂത്രണം 2018-19 ലെ വിവിധ പദ്ധതികൾക്കായി ഫോറങ്ങൾ പ്രിന്റ് ചെയ്ത വകയിൽ കുടുംബശ്രീ മോഡേൺ മിനി ഓഫ് സെറ്റ് പ്രിന്റിങ്ങ് പ്രസ്സ് ,പൂത്തോൾ, തൃശ്ശൂരിന് ₹9860 നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

5. ക്രമ നമ്പർ 4,5 പ്രകാരം പരസ്യ ചാർജ്ജ് ഇനത്തിൽ യഥാക്രമം ₹12,995, ₹67,032 ചെലവ് ചെയ്തിട്ടുണ്ട്. കറസ്പോണ്ടൻസ് ഫയൽ പ്രകാരം ടി ചെലവുകൾ യഥാക്രമം പി.സി.2/57967/18, പി.എച്ച്. 3- 23965/12 ഫയലുകൾ പ്രകാരമുള്ള ചെലവുകളായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആയത് ചെലവ് ചെയ്തിരിക്കുന്നത് ഫയൽ നമ്പർ പി.സി. 2-23830/18 പ്രകാരമുള്ള പദ്ധതിയിൽ നിന്നാണ്. ആയതിന് കാരണം വ്യക്തമാക്കിയില്ല. പ്രസ്തുത ഫയലുകളും ഓഡിറ്റിന് ഹാജരാക്കിയില്ല.

6. സെക്രട്ടറി, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ 01/02/2019ന് പി.സി. 2/ 23830/ 18 -ാം നമ്പർ പ്രകാരം ഡോ.അശ്വിൻ, സി.എച്ച്. സി., ഒല്ലൂരിന് അയച്ച കത്തിൽ " നഗരസഭയുടെ ജനകീയാസൂത്രണ പദ്ധതി 2018-2019 ൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പാലിയേറ്റീവ് കെയർ - സെക്കന്ററി പരിചരണത്തിനായി അനുവദിച്ച ₹5 ലക്ഷവും, ഹോം കെയറിന് മരുന്ന് വാങ്ങുന്നതിനായി അനുവദിച്ച ₹15 ലക്ഷവും വിനിയോഗിക്കുന്നതിന് 22/01/2019ന് ചേർന്ന കൗൺസിൽ യോഗത്തിൽ തീരുമാനിച്ചതായി താങ്കളെ അറിയിക്കുന്നു "എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് പദ്ധതി രൂപീകരണവുമായി എന്താണ് ബന്ധമെന്നും അല്ലാത്തപക്ഷം പ്രസ്തുത ഫയൽ നമ്പർ രേഖപ്പെടുത്താനുണ്ടായ സാഹചര്യം എന്താണെന്നും വ്യക്തമാക്കിയില്ല.

**3.ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ**

**ഫയൽ നമ്പർ പി.സി. 2 – 36986/17**

പ്രോജക്റ്റ് നമ്പർ - എസ്. ഒ. എസ്. 0 – 313/19

പ്രോജക്റ്റ് വിഭാഗം - ജനറൽ

പദ്ധതി അടങ്കൽ- ₹5,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ആകെ ചെലവ് - ₹55,462

ട്രഷറി ബിൽ ബുക്ക് ക്രമ നമ്പർ

| ട്രഷറി ബിൽ ബുക്ക് ക്രമ നമ്പർ | തുക |
|---|---|
| 07 | ₹31,331 |

| | |
|---|---|
| 15 | ₹24,131 |

ചെലവിന്റെ വിശദാംശങ്ങൾ

ടി.ആർ -59 (ഇ) പ്രകാരം താഴെ പ്പറയുന്ന രീതിയിൽ ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഉത്തരവ് നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | 166/30-7-18 | ₹31,331 |
| 2 | 221/22-9-18 | ₹24,131 |
| | ആകെ | ₹55,462 |

അപാകതകൾ

1 - താഴെപ്പറയുന്നവയുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

| സ്ഥാപനം | ഇനം | തുക |
|---|---|---|
| കാക്കൃ& സൺസ്, തൃശ്ശൂർ | സ്റ്റേഷനറി | ₹4211 |
| കുടുംബശ്രീ - മോഡേൺ മിനി ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ്, പൂത്തോൾ,തൃശ്ശൂർ | ജൈവ വൈവിധ്യ ഫോറം 165എണ്ണം (31പേജുകൾ വീതം) കാർഷിക ജൈവ വൈവിധ്യം-പുസ്തകം അച്ചടിച്ചത്. 55പുസ്തകം 92 പേജുകൾ വീതം) | ₹8951 ₹15180 |

2 - ജൈവ വൈവിധ്യ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.29 തിയ്യതി 17/8/2019)നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

## 1-90 സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ - പാഴ് ചെലവ് - ₹2,09,03,560 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു- സർക്കാർ വക അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു

| | | |
|---|---|---|
| ഫയൽ നം. | - | DW6-26904/18 |
| പ്രോജക്ട് നമ്പർ | - | SO 241/18-19 |
| പ്രോജക്ട് | - | സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ |
| അടങ്കൽ | - | ₹ 4,07,01,832 |
| ചെലവ് | - | ₹ 1,82,03,832 (വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | - | ₹26,99,728 (തനത് ഫണ്ട്) |
| നിർവ്വഹണം | - | സെക്രട്ടറി |

“തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ, 2018-19 വർഷം തൃശ്ശൂർ റെയിൽവേ സ്റ്റേഷന് പടിഞ്ഞാറ് ഭാഗത്ത് സ്വീവേജ് ട്രീറ്റ്മെന്റിന് വേണ്ടി സ്ഥലം വാങ്ങി (സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതി പ്രകാരം), അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പ്ലാന്റ് സ്ഥാപിക്കുകയെന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം”.

2017-2018 വർഷത്തിൽ ഹെൽത്ത് ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പ്രസ്തുത പദ്ധതിയ്ക്ക് (പ്രോജക്ട് 758/18) ₹2,15,71,588 ചെലവഴിച്ചിരുന്നു. ഓഡിറ്റ് റിപ്പോർട്ട് 2017-18 (ഖണ്ഡിക 3-42), സമാഹൃത ഓഡിറ്റ് റിപ്പോർട്ട്-2018-19 ആയത് പരാമർശിച്ചിരുന്നു.

ആയതിന്റെ ഭാഗമായി കുർക്കഞ്ചേരി വില്ലേജിൽ ഉൾപ്പെട്ട സർവ്വെ നം. 289, 291/1, 291/2, 291/3, 292, 293/2, 305, 306, 307/2 ൽ ഉൾപ്പെടുന്ന 3 ഏക്കർ 90.59 സെന്റ് സ്ഥലം കൂടി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും, പാർക്കും അനുബന്ധസൗകര്യങ്ങളും ഒരുക്കുന്നതിലേയ്ക്കായി വാങ്ങാൻ നഗരസഭ തീരുമാനമെടുത്തു. (തീരുമാന നമ്പർ 47, തീയതി : 03.09.2018). സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ ന്യായവില തൃശ്ശൂർ താലൂക്ക് തഹസിൽദാർ ആർ.1 ന് ₹1,23,750 (ഒരു ലക്ഷത്തി ഇരുപത്തിമൂന്നായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) നിരക്കിൽ നിശ്ചയിച്ച് നൽകുകയും വിഷയം നഗരസഭ കൗൺസിൽ

03.09.2018 തീയതിയിൽ അംഗീകരിക്കുകയും ചെയ്തു. സർവ്വേ നമ്പർ 292, 291/2 ,291/3 ഉള്ള വസ്തുവാണ് വാങ്ങിയിരിക്കുന്നത്. ആയതിൽ സർവ്വേ നമ്പർ 292, 291/2 എന്നിവയിലുള്ള സ്ഥലം പ്ലാന്റിന് അനുയോജ്യമാണെന്ന് സൂപ്രണ്ടിങ്ങ് എഞ്ചിനീയർ, ഹെൽത്ത് സൂപ്പർവൈസർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് . എന്നാൽ ആയതിൽ സർവ്വേ നമ്പർ 291/3 ന്റെ അധീനതയിൽ വരുന്ന വസ്തു ഉൾപ്പെടുന്നില്ല. മാത്രമല്ല തഹസിൽദാർ ,തൃശ്ശൂർ താലൂക്കിന്റെ 26/7/2018 ലെ എ8 – 25869/2017 -ാം നമ്പർ പ്രകാരമുള്ള വസ്തുവിന്റെ വില നിർണ്ണയം സംബന്ധിച്ച കത്തിലും സർവ്വേ നമ്പർ 291/3 ന്റെ അധീനതയിൽ വരുന്ന വസ്തു ഉൾപ്പെടുന്നില്ല. എന്നാൽ സർവ്വേ നമ്പർ 291/3 ന്റെ അധീനതയിൽ വരുന്ന 35 ആർ, 60 ച.മീറ്റർ വസ്തു, 1ആറിന് ₹1,23,750 നിരക്കിൽ കോർപ്പറേഷൻ വാങ്ങിച്ചതായി കാണുന്നു.

മേൽ തീരുമാനപ്രകാരം സ്ഥലം ഏറ്റെടുത്തതിന് താഴെപറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. (വസ്തുവിന്റെ ഉടമകളുടെ അക്കൗണ്ടിലേയ്ക്ക് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്).

| ക്രമ നം. | ഉടമസ്ഥന്റെ പേര്, വിലാസം | നൽകിയ തുക | ബിൽ നം./തീയതി | കോർപ്പറേഷന് വിൽപ്പന ചെയ്ത വസ്തു |
|---|---|---|---|---|
| 1. | ഹരിദാസ്.പി.കെ. തോലാണി ഹൗസ്, വടൂക്കര.പി.ഒ. | ₹33,28,875 | 18130347000 701106870/24.01.2019 | 26 ആർ. 90 ച.മീ |
| 2. | കൃഷ്ണൻകുട്ടി.പി.കെ. തോപ്പിൽ ഹൗസ്, വടൂക്കര.പി.ഒ. | ₹49,07,925 | 18130347000 701106872/24.01.2019 | 39ആർ 66 ച.മീ |
| 3. | ലൈജു.റ്റി.കെ. കുന്നത്ത് ഹൗസ് | ₹25,52,963 | 18130347000 701106844/24.01.2019 | 20ആർ 63 ച.മീ |
| 4. | രാജീവ്.ടിവി. തോപ്പിൽ ഹൗസ് | ₹37,07,000 | 18130347000 701106890/24.01.2019 | 66ആർ 37 ച.മീ |
| 5. | രാജീവ്.ടിവി. തോപ്പിൽ ഹൗസ് | ₹37,07,069 | 18130347000 701106893/24.01.2019 | |

**അനുബന്ധ ചെലവുകൾ (തനത് ഫണ്ടിൽ നിന്നും)**

| | | | |
|---|---|---|---|
| 1. | രജിസ്റ്റർ ഫീ - സ്റ്റാമ്പ് പേപ്പർ - | ₹3,80,262 ₹15,20,248 | വൗച്ചർ നം. 21803411/ 19.01.2019 ചെക്ക് നം. 595170/ 19.01.2019 |
| 2. | പ്ലാൻ ഫണ്ട് കഴിഞ്ഞ് വരുന്ന ചെലവ് ശ്രീ.രാജീവ്.ടി.വി.യ്ക്ക് നൽകിയത് | ₹7,17,085 | 21803439/25.01.2019 595184/25.01.2019 |
| 3. | TDS നൽകിയത് | ₹82,133 | 31800366/25.01.2019 595197/25.01.2019 |
| | **ആകെ** | **₹26,99,728** ======== | |

മേൽപ്പറഞ്ഞ വസ്തു 24/01/2019 ന് കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**മേൽ വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.**

1. 153 ആർ , 56 ച.മീറ്റർ നിലമാണ് ₹2,09,03,560 മുതൽ മുടക്കി കോർപ്പറേഷൻ വാങ്ങിച്ചിരിക്കുന്നത്. കേരള നെൽ വയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട നിലം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നത് നിയമ വിരുദ്ധമാണ്. കോർപ്പറേഷൻ വാങ്ങിയിരിക്കുന്ന നിലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയല്ല എന്ന് തെളിയിക്കുന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

2 സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് വേണ്ടി വാങ്ങിയ സ്ഥലം അതിർത്തി തിരിച്ച് കോർപ്പറേഷൻ ഭൂമിയാണ് എന്ന് കാണുന്ന വിധത്തിലുള്ള ബോർഡ് സ്ഥാപിക്കുന്നതിന് കോർപ്പറേഷൻ എഞ്ചിനീയർ അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തിയതായി (DW6-26904/18, തീയ്യതി 30/09/2019) ഫയലിൽ കാണുന്നു. എന്നാൽ 12/12/2019 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ, കോർപ്പറേഷൻ വാങ്ങിയ ഭൂമി അതിർത്തി തിരിച്ച് സംരക്ഷിച്ചതായോ, അവിടെ ബോർഡ് സ്ഥാപിച്ചതായോ കണ്ടില്ല. മാത്രമല്ല, കോർപ്പറേഷൻ വാങ്ങിയ സ്ഥലം മുഴുവൻ വെള്ളം നിറഞ്ഞ് പരന്നൊഴുകി കിടക്കുന്നതായി കാണപ്പെട്ടു. ഈ സ്ഥലത്തേയ്ക്കുള്ള ഏക പ്രവേശന മാർഗ്ഗമായ ബണ്ട് റോഡ് വർഷകാലത്ത് സഞ്ചാരയോഗ്യവും അല്ല.

3. രാജീവ്.ടി.വി, ഹരിദാസ്.പി.കെ എന്നിവരുടെ വസ്തുവിന്റെ കൈവശാവകാശ രേഖയുടെ പകർപ്പാണ് ഹാജരാക്കിയിരിക്കുന്നത്.

4. 2019-2020 വർഷത്തിലും പ്രസ്തുത പദ്ധതി പ്രകാരം താഴെപ്പറയുന്ന രീതിയിൽ കോർപ്പറേഷൻ വസ്തു വാങ്ങിച്ചിട്ടുണ്ട്.

| ട്രഷറി ബിൽ ബുക്ക് നമ്പർ | ട്രഷറിയിൽ നിന്നും പിൻവലിച്ച തീയ്യതി | നൽകിയ തുക | തുക ലഭിച്ച വ്യക്തി/അക്കൗണ്ട് നമ്പർ | കോർപ്പറേഷന് വിൽപ്പന ചെയ്ത വസ്തു |
|---|---|---|---|---|
| 13 | 26/7/2019 | ₹99,14,936 | ശിവദാസ്.ടി.വി<br>1501007988 | 80 ആർ ,93ച.മീ<br>നിലം |
| 12 | 26/7/2019 | ₹99,22,287 | വിജയശ്രീ.കെ.വി<br>1501008003 | 80 ആർ ,99 ച.മീ.<br>നിലം |

മേൽപ്പറഞ്ഞ വസ്തു 25/03/2019 ന് ആണ് കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ട്രഷറിയിൽ നിന്ന് 22/3/2019 ന് പണം പിൻവലിക്കാൻ ട്രഷറിയിൽ അപേക്ഷിച്ചെങ്കിലും , ക്യൂ ലിസ്റ്റിൽ ആയതിനാൽ 2018-2019 വർഷത്തിൽ ചെലവാക്കാൻ സാധിച്ചില്ലെന്നാണ് ബന്ധപ്പെട്ടവർ വ്യക്തമാക്കിയത്.

<u>കോർപ്പറേഷൻ വാങ്ങിയ വസ്തുവിന്റെ വിവരം</u>

| വസ്തു കോർപ്പറേഷന് വിൽപ്പന ചെയ്ത വ്യക്തി | സർവ്വേ നമ്പർ | വിസ്തീർണ്ണം | ഇനം | വസ്തുവിന്റെ വില |
|---|---|---|---|---|
| ശിവദാസ്. ടി.വി | 293/2<br>293/2<br>293/2 | 20 ആർ ,23ച.മീ<br>46 ആർ , 54 ടി<br>14 ആർ,16 ടി | നിലം<br>ടി<br>ടി | ₹1,00,15,088 |
| വിജയശ്രീ കെ.വി | 293/2<br>293/2<br>293/2 | 32 ആർ, 43 ച.മീ<br>34 ആർ , 40 ടി<br>14 ആർ, 16 ടി | നിലം<br>ടി<br>ടി | ₹1,00,22,513 |

മേൽ വസ്തുവിന്റെ രജിസ്ട്രേഷൻ സംബന്ധമായ ചെലവുകൾക്ക് വേണ്ടി, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനായി (അക്കൗണ്ട് നമ്പർ 713031400000003) ₹22,19,343 ട്രഷറിയിൽ (ക്രമ നമ്പർ 11, തീയ്യതി 26/7/2019) നിന്നും പിൻവലിച്ചിട്ടുണ്ട്.

കൂടാതെ ,ഡോക്യുമെന്റേഷൻ ,പരസ്യ ചാർജ്ജ് ഇനത്തിലെ ചെലവ് ചുവടെ ചേർക്കുന്നു.

| ഇനം | ചെക്ക് നമ്പർ | വൗച്ചർനമ്പർ | തീയ്യതി | തുക |
|---|---|---|---|---|
| ഡോക്യുമെന്റേഷൻ | 517455 | 21900543 | 17/5/19 | ₹30,000 |
| പരസ്യ ചാർജ്ജ് | 517456 | 21900546 | 17/5/19 | ₹5927 |

മൊത്തം ചെലവ് (2019-2020) - ₹2,20,92,493

5 - കോർപ്പറേഷൻ വസ്തു വാങ്ങിയവരിൽ നിന്നും ആയതിന്റെ വില ലഭിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.

6 -സർക്കാർ ഉത്തരവ് (എം.എസ്) 280/2007 തസ്വ.ഭ.വ തിയതി 31-12-2007 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊതു ആവശ്യത്തിന് ഭൂമി വിലക്ക് വാങ്ങുന്നതിന് അനുവദിക്കാവുന്ന തുകയുടെ പരിധി 1 കോടി ആക്കിയിട്ടുണ്ട്. എന്നാൽ 1 കോടിയിലധികം രൂപ ചെലവഴിച്ച് നടപ്പിലാക്കിയ ഈ പദ്ധതിക്ക് നഗരസഭ സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പൊതു ആവശ്യങ്ങൾക്കായി ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് അനുവദിക്കാവുന്ന പരമാവധി തുക 1 കോടി ആയതിനാൽ, പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് മുൻപ് അംഗീകാരം വാങ്ങിക്കേണ്ടതായിരുന്നു. എന്നാൽ 2017-18,2018-19,2019-2020 വർഷങ്ങളിലായി ആകെ ₹6,45,67,641 മേൽപ്പറഞ്ഞ വിധം നിലം വാങ്ങുന്നതിന് ചെലവാക്കിയിട്ടും ഇതുവരേയും സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച് വിശദമായ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ164/തീയ്യതി 19-12-19) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

എക്സിക്യൂട്ടീവ് എഞ്ചിനീയർ , തൃശ്ശൂർ കോർപ്പറേഷൻ ആസ്തി രജിസ്റ്ററിൽ മേൽപ്പറഞ്ഞ വസ്തു വാങ്ങിയത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മേൽ അപാകതകൾ നിലനിൽക്കുന്നതിനാലും, മലിനജല സംസ്കരണത്തിനായി വാങ്ങിയ പ്രസ്തുത സ്ഥലം വെള്ളക്കെട്ടായതിനാലും, ഈ സ്ഥലം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ലാത്തതിനാലും, പ്രസ്തുത സ്ഥലത്ത് നടത്തുന്ന ഏതൊരു നിർമ്മാണപ്രവർത്തനവും ഈ പ്രദേശത്തെ നീരൊഴുക്കിനെ തടസ്സപ്പെടുത്തി പരിസ്ഥിതി അസന്തുലിതാവസ്ഥ സൃഷ്ടിക്കുമെന്നതിനാലും മലിന ജല സംസ്കരണത്തിനായി സ്ഥലം വാങ്ങിയ ഇനത്തിൽ 2018-19 വർഷം ചെലവഴിച്ച ₹2,09,03,560 (18203832 + 2699728)രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽപ്പറഞ്ഞ പ്രകാരം, ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയാണോയെന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രം പോലും ഇല്ലാതെ കോടികൾ മുടക്കി നിലം വാങ്ങിച്ചുകൂട്ടിയത് സംബന്ധിച്ച ഗുരുതര ക്രമക്കേടുകളെക്കുറിച്ചും , ആയത് സംഭവിക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ചും വിശദമായ അന്വേഷണത്തിനായി ശുപാർശ ചെയ്യുന്നു.



**സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി വാങ്ങിയ സ്ഥലം**

## 1-91 കോർപ്പറേഷൻ പരിധിയിലെ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ (ഷീ പാഡ്) വിതരണം - പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിയില്ല

1. പ്രോജക്ട് നമ്പർ -515/2019 ( സ്പിൽ ഓവർ പ്രോജക്ട്)

അടങ്കൽ - ₹ 7,03,350 വികസന ഫണ്ട്

ചെലവ് - ₹ 274374

2.പ്രോജക്ട് നമ്പർ - 312/2019

അടങ്കൽ - ₹6,00,000 വികസന ഫണ്ട്

ചെലവ് - ₹252421

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ.

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലുള്ള സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം എന്ന പേരിൽ 2 പദ്ധതികൾ 2018-19 സാമ്പത്തിക വർഷത്തിൽ നഗരസഭ ആസൂത്രണം ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 25.01.2016 ലെ സ.ഉ (സാധാ) നം. 280/16/തസ്വഭവ പ്രകാരം, കേരള വനിതാ വികസന കോർപ്പറേഷനെയാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്നത്. പദ്ധതിയ്ക്കായി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തുന്നതിനും 50% തുക വനിതാ വികസന കോർപ്പറേഷന് മുൻകൂറായി നൽകുന്നതിനും ഈ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതിനും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നമ്പർ 813/2018 പ്രകാരം കോർപ്പറേഷൻ പരിധിയിലെ സർക്കാർ സ്കൂളുകളിലെ 6 മുതൽ 12 വരെയുള്ള ക്ലാസുകളിലെ പെൺകുട്ടികൾക്ക് സാനിറ്ററി നാപ്കിൻ, നാപ്കിൻ സൂക്ഷിക്കുന്നതിനായി സ്കൂളുകൾക്ക് അലമാര എന്നിവ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ₹10,00,000 വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത വർഷം മുൻകൂർ തുകയായ ₹296650 17.01.2018 ന് വനിതാ വികസന കോർപ്പറേഷന് കൈമാറിയെങ്കിലും പദ്ധതി നിർവ്വഹണം പൂർത്തിയായില്ല. പിന്നീട് 2018-19 ൽ സ്പിൽ ഓവർ പദ്ധതിയിൽ (പ്രോജക്ട് നം.515/2019) ഉൾപ്പെടുത്തുകയും വനിതാ വികസന കോർപ്പറേഷൻ മുൻകൂർ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ബിൽ നമ്പർ 2/16.07.2018 പ്രകാരം ബാക്കി തുകയായ ₹2,74,374 കൈമാറുകയും ചെയ്തിട്ടുണ്ട്.

കൂടാതെ 2018-19 വർഷം ഇതേ പേരിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുമുണ്ട്. ടി പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും ₹6,00,000 വകയിരുത്തുകയും സാനിറ്ററി നാപ്കിൻ വിതരണം ചെയ്യുന്നതിനായി ബിൽ നമ്പർ 28/15.03.2019 പ്രകാരം ₹2,52,421 മുൻകൂറായി വനിതാ വികസന കോർപ്പറേഷന് നൽകിയിട്ടുമുണ്ട്. എന്നാൽ തൻ വർഷവും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ഫയൽ പരിശോധിച്ചതിൽ ഷീ പാഡ് വിതരണം പൂർത്തിയായിട്ടില്ലാത്തതിനാൽ എത്രയും പെട്ടെന്ന് വിതരണം പൂർത്തിയാക്കി ഡെലിവറി നോട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിനായി പി.സി.5/27819/18 തീയതി.20.09.2019 പ്രകാരം വനിതാ വികസന കോർപ്പറേഷൻ പ്രോജക്ട് മാനേജർക്ക് കത്ത് നൽകിയിട്ടുണ്ട്. വിതരണം പൂർത്തിയായതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

ഗുണമേന്മയേറിയ സാനിറ്ററി നാപ്കിൻ, ഉപയോഗിച്ച നാപ്കിനുകൾ കത്തിക്കുന്നതിനുള്ള ഇൻസിനറേറ്റർ, സാനിറ്ററി നാപ്കിനുകൾ സൂക്ഷിക്കുന്നതിനുള്ള അലമാര എന്നിവ ഉൾപ്പെടുന്നതാണ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പദ്ധതി. മുൻ വർഷങ്ങളിൽ മറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കോർപ്പറേഷൻ പരിധിയിലെ സ്കൂളുകളിലേക്ക് ഇൻസിനറേറ്ററുകൾ കോർപ്പറേഷനിൽ നിന്നും സ്ഥാപിച്ച നൽകിയിട്ടുണ്ട് എന്നും ആയതിനാലാണ് പദ്ധതിയിൽ ഇൻസിനറേറ്ററുകൾ ഉൾപ്പെടുത്താതിരുന്നത് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ വാക്കാൽ അറിയിച്ചിട്ടുണ്ട്. ഏതെല്ലാം സ്കൂളുകളിലാണ് ഇൻസിനറേറ്ററുകൾ സ്ഥാപിച്ചത് എന്നും, നാപ്കിനുകൾ വിതരണം ചെയ്യുന്ന എല്ലാ സ്കൂളുകളിലും സ്ഥാപിച്ചിട്ടുണ്ടോ എന്നുമുള്ള വിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (നം.82/23.10.2019) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എച്ച്.എസ്.എസ്.രാമവർമ്മപുരം, ജി.എച്ച്.എസ് വില്ലടം, ജി.എച്ച്.എസ്.എസ് (ഗേൾസ്) അയ്യന്തോൾ എന്നീ സ്കൂളുകളിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ നഗരസഭയിൽ നിന്നും സ്ഥാപിച്ച നൽകിയിട്ടുള്ള ഇൻസിനറേറ്ററുകൾ നിലവിൽ പ്രവർത്തിക്കാതെ ഉപയോഗശൂന്യമായ നിലയിലാണ് കണ്ടത്. 2018-19വർഷം ലഭിക്കേണ്ടിയിരുന്ന നാപ്കിനുകൾ 2019-20 ലാണ് സ്കൂളുകളിൽ ലഭ്യമായത്.

2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് കേരള വനിതാ വികസന കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ 2018-19 ൽ ഇത്തരത്തിൽ കരാർ ചമച്ചതായി കാണുന്നില്ല. മുൻകൂർ തുക കൈപ്പറ്റിയെങ്കിലും തൻ വർഷം വനിതാ വികസന കോർപ്പറേഷൻ ഷീ പാഡ് വിതരണം പൂർത്തിയാക്കിയിട്ടില്ല. 2019-20 വർഷത്തിലാണ് വിതരണം പൂർത്തിയാക്കിയിട്ടുള്ളത്. ഇത്തരത്തിൽ തുക മുൻകൂർ അനുവദിക്കൽ ഒരു വർഷവും പദ്ധതി നിർവ്വഹണം തൊട്ടടുത്ത സാമ്പത്തിക വർഷവും ആയി നീണ്ടുപോകുന്നതു മൂലം യഥാസമയം പദ്ധതി ലക്ഷ്യം സാക്ഷാത്കരിക്കുന്നില്ല്ല. കൂടാതെ ഒരു വർഷത്തെ വിദ്യാർത്ഥിനികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യമുള്ള പാഡുകളുടെ ലിസ്റ്റ് നൽകിയത് പ്രകാരമുള്ള വിതരണം

തൻ വർഷം നടത്താതെ തൊട്ടടുത്ത വർഷത്തിലേക്ക് നീളുമ്പോൾ വിദ്യാർത്ഥിനികളുടെ എണ്ണത്തിലും ആവശ്യമുള്ള പാഡുകളുടെ എണ്ണത്തിലും മാറ്റം വരാനും സാധ്യതയുണ്ട്. ആവശ്യത്തിനുതകുന്ന രീതിയിൽ യഥാസമയം പാഡുകൾ വിതരണം നടത്താൻ കഴിയാത്തതിനാലും ഇൻസിനറേറ്ററുകൾ നിലവിൽ പ്രവർത്തനയോഗ്യമല്ലാത്തതിനാലും പദ്ധതി പൂർണ്ണമായ ലക്ഷ്യത്തിൽ എത്തിയിട്ടില്ല എന്ന് വിലയിരുത്തുന്നു.

വിദ്യാർത്ഥിനികളിൽ വ്യക്തിശുചിത്വം, മാലിന്യസംസ്കരണം എന്നിവ സംബന്ധിച്ച് അവബോധം ഉണ്ടാക്കാൻ സഹായകമാകേണ്ട ഇത്തരം പദ്ധതികൾ കേവലം ഫണ്ട് വിനിയോഗം മാത്രമായി പോകാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. സ്കൂളുകളിൽ സ്ഥാപിച്ചു നൽകിയ ഇൻസിനറേറ്ററുകൾ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-92 ഫ്രണ്ട്ഷിപ്പ് ഡ്രിങ്കിങ്ങ് വാട്ടർ പ്രോജക്റ്റ്-രേഖകൾ ലഭ്യമല്ല,ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നം - 21803120/28.12.2018,
ചെക്ക് നമ്പർ - 595033/28.12.2018.

ചെലവു തുക - ₹52,220

ഒല്ലൂർ മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന ഫ്രണ്ട്ഷിപ്പ് ഡ്രിങ്കിങ്ങ് വാട്ടർ പ്രോജക്റ്റിന്റെ (കൺസ്യൂമർ നം.1156771019682)വൈദ്യുതി ചാർജ്ജ് ₹52,220 തനതുഫണ്ടിൽ നിന്നും മേല്പറഞ്ഞ വൗച്ചർ പ്രകാരം നല്കിയിട്ടുണ്ട്.

ഒല്ലൂർ മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന ഫ്രണ്ട്ഷിപ്പ് ഡ്രിങ്കിങ്ങ് വാട്ടർ പ്രോജക്റ്റ് ഗുണഭോക്തൃ സമിതിയ്ക്കു കൈമാറിയിട്ടുണ്ടോ എന്നു വ്യക്തമല്ല.

കുടിവെള്ള പ്രോജക്റ്റ് പണി പൂർത്തീകരിച്ച വർഷം, പദ്ധതിയുടെ നിലവിലെ സ്ഥിതി, പദ്ധതി ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുമായി ഏർപ്പെട്ടിട്ടുള്ള എഗ്രിമെന്റ് എന്നിവയുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (32/18-19 തീ.17.8.2019) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജിനത്തിലുള്ള ₹52,220 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-93 പകൽവീട് നിർമ്മാണം- അപാകതകൾ

തൃശ്ശൂർ നഗരസഭയിൽ 2018-19 വർഷം പശ്ചാത്തലമേഖല പ്രോജക്റ്റിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ-I,II എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി അയ്യന്തോൾ,ഒല്ലൂക്കര, വിൽവട്ടം എന്നീ സോണലുകളിൽ പകൽവീട് നിർമ്മാണത്തിനായി തുക ചെലവഴിച്ചിട്ടുണ്ട്. സമൂഹത്തിലെ വൃദ്ധജനങ്ങൾക്ക് അവരുടെ ജീവിതത്തിലെ സായംകാലവിരസത ഒഴിവാക്കുന്നതിനും സമാനസ്ഥിതിയിലുള്ള സഹജീവികളുമായി സംവദിയ്ക്കുന്നതിനും പകൽസമയം ഉല്ലാസപ്രദമായി ഉപയോഗിയ്ക്കുന്നതിനും വേണ്ടസൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളായിരിയ്ക്കണം പകൽ വീട്. 2.2.2018 ലെ സ.ഉ.(കൈ)നം-17/2018 തസ്വഭവ. ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ 6.5 വയോജനങ്ങളുടെ ക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാനവും ഖണ്ഡികയിലെ ക്രമനമ്പർ 6 നിർദ്ദേശത്തിൽ പകൽവീട് ആരംഭിയ്ക്കുന്നതിനു വേണ്ടി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കിയതിനു ശേഷം ആവശ്യമുണ്ടെങ്കിൽ മാത്രമേ ഇതിനായി പുതിയ പ്രോജക്റ്റുകൾ ഏറ്റെടുക്കുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പാലിയ്ക്കാതെ,വർക്കിംഗ് ഗ്രൂപ്പുകളിലോ, വാർഡ് കമ്മിറ്റികളിലോ ആവശ്യം ഉയർന്നു വരാതെയും, ഇവിടെ ഒന്നിലധികം പകൽവീടുകൾ പണിയുകയും, പ്രസ്തുത ആവശ്യത്തിനായി ഉപയോഗിയ്ക്കാതിരിക്കയും ചെയ്യുന്നു.ലക്ഷ്യം പൂർത്തീകരിയ്ക്കാത്ത പ്രസ്തുത പദ്ധതികളുടെ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു

| സോണലിന്റെ പേര് | പ്രോജക്റ്റു നമ്പർ/ഫയൽ നമ്പർ | തുക | ബിൽ നമ്പർ,തീയതി |
|---|---|---|---|
| അയ്യന്തോൾ | 112/19,പിഡബ്ല്യു4-28339/18 | ₹3,00,000 | 101478342/22.3.2019 |
| ഒല്ലൂക്കര | 773/18,573/19പിഡബ്ല്യു2-36820/17 | ₹14,17,217 | 701193670/13.2.2019 |
| വിൽവട്ടം | 774/18,522/19 പിഡബ്ല്യു2-45708/17 | ₹5,50,228 | 111976/28.05.2018 |

| | | | |
|---|---|---|---|
| | | ₹9,44,960 | 843268/28.11.2018 |

**1.അയ്യന്തോൾ പകൽവീട്**

അടങ്കൽ-₹3,00,000

ചെലവ് -₹2,41,533

കരാറുകാരന്റെ പേര്-പി.ശ്രീവത്സൻ

കരാർനം,തീയതി-1/38/ഇഇ2/18-19,22.01.2019

എം.ബുക്ക് നം-325/ബി/എഇഇ2/18-19

നിർവ്വഹണ ഉദ്യോഗസ്ഥൻ-എക്സിക്യൂട്ടീവ് എഞ്ചിനീയർ-2

അയ്യന്തോൾ പകൽവീട്, സ്വയംതൊഴിൽ പരിശീലനകേന്ദ്രം എന്നിവയ്ക്കായി നിർമ്മിച്ച കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള പദ്ധതിയാണിത്. താഴത്തെ നില പകൽവീടായി പ്രവർത്തിക്കുന്നതിനും മുകളിലെ നില സ്വയംതൊഴിൽ പരിശീലനകേന്ദ്രമായി ഉപയോഗിക്കുന്നതിനും ഉദ്ദേശിച്ച നിർമ്മിച്ച കെട്ടിടത്തിന്റെ താഴത്തെ നിലയിലെ തറ ഇന്റർലോക്ക് ഇഷ്ടിക പാകുന്നതിനും പൈപ്പ് കണക്ഷനിൽ വെള്ളം വിതരണം ചെയ്യുന്നതിനും ഇമ്മേഴ്സ്യബിൾ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുമായിരുന്നു പദ്ധതി . പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള കെട്ടിടം ഓഡിറ്റ് ടീം നേരിട്ടു പരിശോധിച്ചതിൽ നിലവിൽ പകൽവീടിനു ഉദ്ദേശിച്ച കെട്ടിടം ഹോമിയോ ആശുപത്രിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായും സ്വയംതൊഴിൽ പരിശീലനകേന്ദ്രം ഇടയ്ക്കു മാത്രം മീറ്റിംഗുകൾ നടത്തുന്നതിനുപയോഗിക്കുന്നതായും കണ്ടു ബോദ്ധ്യപ്പെട്ടു.

അയ്യന്തോൾ സോണൽ ഓഫീസ് പരിധിയിൽതന്നെ മറ്റൊരു പകൽവീട് കെട്ടിടം ഉള്ള സാഹചര്യത്തിൽ പുതിയ ഒരു പകൽവീട് കെട്ടിടം നിർമ്മിക്കുകയും ആയത് മറ്റു ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ഉദ്ദേശ്യലക്ഷത്തിലെത്താതെ പദ്ധതിവിഹിതം ചെലവ് ചെയ്യുന്നതിനുമാത്രമായി ഒതുങ്ങുന്നു.

**2.വിൽവട്ടം പകൽവീട്**

അടങ്കൽ - ₹15,00,000 (വികസന ഫണ്ട്)

ചെലവ് - (1) ₹5,50,228 (ബിൽ നം. 111976/28.05.2018)

(2) ₹9,44,960 (ബിൽ നം. 843268/28.11.2018)

ആകെ- ₹1495188

ഭരണാനുമതി നമ്പരും,തീയതിയും ,സി.ആർ. നം. 1/15.05.2017 തുക -₹ 15,00,000

സാങ്കേതികാനുമതി നമ്പരും തീയതിയും -85023/2017-18. തീയതി : 05.11.17

തുക -₹ 15,00,000

കരാറുകാരൻ - ജെ.എം.ജെ. കൺസ്ട്രക്ഷൻസ്

ടെണ്ടർ ചെയ്ത തുക - ₹ 14,99,259

എം.ബുക്ക് നം. - 221A/VTM/17-18, 245B/VTM/17-18

206A/VTM/17-18, 208A/VTM/17-8

മെയിൻ എഗ്രിമെന്റ് നം. - 53/EE2/17-18. തീയതി : 26.12.2018

2017-18 വർഷം ഏകവർഷ പ്രോജക്ടായി ആരംഭിക്കുകയും പിന്നീട് 2018-19 വർഷം സ്പിൽഓവറായി നടപ്പിലാക്കിയ പദ്ധതിയാണിത്. കുറഞ്ഞ നിരക്കിൽ ടെണ്ടർ നൽകിയ ജെ.എം.ജെ. കൺസ്ട്രക്ഷൻസ് ആണ് കരാർ സ്ഥാപനം. 18.12.2017ൽ പി.ഡബ്ല്യൂ.2-45708/17പ്രകാരം നൽകിയ സെലക്ഷൻ മെമ്മോ 20.12.2017ന് ആണ് കരാറുകാരൻ കൈപ്പറ്റിയിട്ടുള്ളത്. ആയതിൽ ഉത്തരവ് കിട്ടി 3 ദിവസത്തിനുള്ളിൽ സെക്യൂരിറ്റി തുക ഒടുക്കി മുദ്രപത്രത്തിൽ കരാർ വെച്ച് പണി തുടങ്ങി 4 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 29.12.2017ലെ പി.ഡബ്ല്യൂ.2-48705/17 പ്രകാരമുള്ള വർക്ക് ഓർഡർ 04.01.2018നാണ് സ്ഥാപനം കൈപ്പറ്റിയതെങ്കിലും 53/ഇഇ2/17-18. തീയതി 26.12.2017 പ്രകാരം 26.12.2016 മുതൽ 4 മാസംകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ -2 മായി കരാറിലേർപ്പെടുകയും ചെയ്തതായി കാണുന്നു. ഇതുപ്രകാരം 26.04.2018ന് 4 മാസം പൂർത്തിയാകും.

25.04.2018ലെ ജെ.എം.ജെ. കൺസ്ട്രക്ഷൻസ്, എൻ.എച്ച്. ജംഗ്ഷൻ, മരത്താക്കരയുടെ കത്തിൽ സൈറ്റിൽ തർക്കമുണ്ടായതിനെത്തുടർന്ന് ഫിനിഷിംഗ് പണികൾ ഉൾപ്പെടെയുള്ള എല്ലാത്തരത്തിലുമുള്ള പണികളും തീരുന്നതിന് 31.05.2018 വരെ സമയം ആവശ്യമുണ്ടെന്ന് അപേക്ഷിച്ചിട്ടുണ്ട്. ആയത് ശരിയാണെന്നോ, തർക്കമുണ്ടായതിന്റെ റിപ്പോർട്ടോ ഫയലിൽ ലഭ്യമല്ല. ആയതിനാൽ 14.11.2018ലെ സപ്ലിമെന്ററി എഗ്രിമെന്റ് നം. 53/ഇഇ2/17-18 പ്രകാരം 28.05.2018 വരെ നീട്ടിനൽകിയിട്ടുണ്ട്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതും ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി നല്കാവുന്നതാണ്. എന്നാൽ ഇവിടെ 30 ദിവസത്തിനു പകരം 35 ദിവസം കാലാവധി ദീർഘിപ്പിച്ചു നല്കിയതായി കാണുന്നു. ഫയലിനോടൊപ്പം ഹാജരാക്കിയ എം ബുക്കുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അളവു രേഖപ്പെടുത്തൽ നടത്തിയ തീയതി അവസാനമായി 19.05.2018ആണ് കാണുന്നതെങ്കിലും (എം.ബുക്ക നം-206A/VTM/2017-18) പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള അഞ്ച് എം ബുക്കുകളിൽ ഒന്നിലും പ്രവൃത്തി പൂർത്തീകരിച്ചത് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.



**വിൽവട്ടം പകൽവീട്- വിള്ളലോട് കൂടിയ അടിത്തറ**

കരാറുകാരന്റെ പിഴവുമൂലമാണ് പ്രസ്തുത പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടിയിരുന്നതെങ്കിൽ കരാറുകാരൻ

നിർവ്വഹണോദ്യാഗസ്ഥൻ മുഖേന അപേക്ഷിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി പി.എ.സി.യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് വേണമായിരുന്ന പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടിയിരുന്നത്. ജി.ഒ.(പി) 13/2012/പി.ഡബ്ല്യു.ഡി. 01/02/2012 V(iv).പ്രകാരമുള്ള ചട്ടങ്ങളിലെ നിബന്ധനകൾ ഇവിടെ പാലിച്ചിട്ടില്ല. ഇപ്രകാരം കൂടുതൽ സമയം അനുവദിച്ചതിന്റെയും ഫൈൻ ഈടാക്കാത്തതിന്റെയും കാരണം വ്യക്തമല്ല. കരാർ തുകയുടെ 1% ആയ 14966/-രൂപ കരാറുകാരനിൽ നിന്നും പിഴയിനത്തിൽ ഈടാക്കേണ്ടതാണ്. സമീപത്തുള്ള തോടിന്റെ പാലത്തിന്റെ അപ്രോച്ച് റോഡ് തുടങ്ങുന്ന ഭാഗത്ത് തോടിന്റെ ലെവലിൽ നിന്നും,അടിത്തറയുടെ ഭാഗം വരെ കോളം ഫൂട്ടിങ്ങ് നല്കിയും, ഡ്രൈറബ്ബിൾ പാക്കിംഗിനുള്ളിൽ മണ്ണ് ഫില്ല് ചെയ്തും ആണ ബിൽഡിംഗ് പണിതിട്ടുള്ളത്. തോടിന്റെയും നിലത്തിന്റെയും അരികിലുള്ള പുറമ്പോക്കിലെ ഇളക്കമുള്ള മണ്ണിൽ കെട്ടിടം പണിതതിനാൽ അടിത്തറ ഇരിയ്ക്കുകയും, കെട്ടിടത്തിന്റെ അടിത്തറയിൽ ചുറ്റും തന്നെ വിള്ളൽ വന്നതായും നേരിൽ നടത്തിയ സ്ഥലപരിശോധനയിൽ കാണപ്പെട്ടു. കൂടാതെ കെട്ടിടത്തിന്റെ ജനാല തകർന്നിട്ടുള്ളതായും, ഉള്ളിൽ ബാത്ത്റൂമിന് വാതിലുകൾ ഇല്ലാതെയും പ്ലമ്പിങ്ങ് വർക്ക നടത്തി വാട്ടർ കണക്ഷൻ നല്കിയത് ആകെ താറുമാറായും കാണപ്പെട്ടു. കെട്ടിടം നാളിതുവരെയായി ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. പ്രസ്തുത കെട്ടിടം പുറമ്പോക്കിലുള്ളതാകയാൽ ഈ ഭൂമി റവന്യൂവകുപ്പിൽ നിന്നും ബേസിക് ടാക്സ് രജിസ്റ്ററിൽ കോർപ്പറേഷന് പതിച്ചുനല്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടോ? കൈവശാവകാശ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ? കെട്ടിട നിർമ്മാണചട്ടങ്ങൾ, തണ്ണീർത്തടസംരക്ഷണ നിയമങ്ങൾ പാലിച്ചുകൊണ്ടും ആണോ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്? പ്രവർത്തി പൂർത്തീകരിച്ചതിനാൽ കെട്ടിടം അസ്സസ് ചെയ്തു നമ്പരിട്ട് കോർപ്പറേഷന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ? ഇപ്രകാരം ഒരു പകൽവീട് ഈപ്രദേശത്ത് സ്ഥാപിയ്ക്കുവാൻ ആവശ്യപ്പെട്ട് വാർഡ് സഭയിലോ വാർഡ് കമ്മിറ്റിയിലോ, ജനങ്ങളിൽ നിന്നും ആവശ്യമുയർന്നിട്ടുണ്ടോ? കെട്ടിടത്തിന്റെ പരിപാലന ചുമതല ആരെയാണ് ഏല്പിച്ചിട്ടുള്ളത്? മേല്പറഞ്ഞ കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ്എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാലും, അപാകതകൾ നിലനില്ക്കുന്നതിനാലും ചെലവുതുകയായ **₹14,95,188** തടസ്സപ്പെടുത്തുകയും, പിഴത്തുക 14,966/-രൂപ വരവു നഷ്ടമായി നിജപ്പെടുത്തുകയും ചെയ്യുന്നു.

**3.ഒല്ലൂക്കര പകൽവീട്**

**പിഡബ്ല്യു2-36820/17**

അടങ്കൽ തുക -₹15,00,000

ചെലവ് തുക -₹14,17,217

എഗ്രിമെന്റ് നം-1/55/ഇഇ1/17-18/25.1.18

കരാറുകാരൻ-ജെ എം ജെ കൺസ്ട്രക്ഷൻസ്

നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്- എക്സിക്യൂട്ടിവ് എഞ്ചിനീയർ-I

പറവട്ടാനിയിൽ അംഗനവാടി പ്രവർത്തിച്ചുവരുന്ന പഴയകെട്ടിടം പൊളിച്ചു കളഞ്ഞ് പുതിയ പകൽവീട് പണിയുന്നതിനായിരുന്നു പദ്ധതി. ഓഡിറ്റ് ടീം നേരിട്ടു സ്ഥലം സന്ദർശിച്ചപ്പോൾ പകൽവീടിന്റെ പണി പൂർത്തീകരിക്കാതെയും പ്രവർത്തനം തുടങ്ങാതെയും കണ്ടു. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (125/29.11.18) ലഭ്യമാക്കിയ മറുപടിയിൽ താഴത്തെ നിലയും കോണിമുറിയും പൂർത്തീകരിയ്ക്കുകയും, 2019-20ലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി മുകളിലത്തെ നില പണിയുന്നതിനും, ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്കുമായി പദ്ധതി തയ്യാറാക്കി മറ്റൊരു കരാറുകാരനായ

പി ഒ ജെയിംസിനെ ഏർപ്പെടുത്തിയിട്ടുള്ളതും, ആയതു പ്രകാരം മുകളിലത്തെ നിലയുടെ നിർമ്മാണപ്രവർത്തി ആരംഭിച്ചിട്ടുള്ളതുമാണ് എന്നും, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി പൂർത്തിയാകുന്നതോടെ പകൽവീട് പ്രവർത്തന സജ്ജമാകുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒരു പകൽവീടിന്റെ ആവശ്യം ആരും തന്നെ ഉന്നയിച്ചതായോ, പകൽവീടിന്റെ പ്രവർത്തനം സംബന്ധിച്ച് ബൈലോ തയ്യാറാക്കിയതായോ, പകൽവീടിന്റെ പ്രവർത്തന ചുമതല ഏതെങ്കിലും ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കിയതായോ പരിശോധനയിൽ കാണുകയുണ്ടായില്ല.



**ഒല്ലൂക്കര പകൽവീട് – അപൂർണ്ണം, പ്രവർത്തന രഹിതം**

ആസ്തികൾ നിർമ്മിക്കുന്നതിനൊപ്പം ആസ്തികൾ പരിപാലനത്തിലും നഗരസഭ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-94 മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല - ₹ 5,38,827യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

പ്രോജക്റ്റ് നമ്പർ-S0011/19

പ്രോജക്ടിന്റെ പേര്-കോർപ്പറേഷൻ പരിധിയിലെ ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ.

ചെലവഴിച്ച തുക- ₹ 68,00,000

ബിൽ നമ്പർ-58/18-19 തീയതി.22.11.2018

കോർപ്പറേഷൻ പരിധിയിലെ ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം കോർപ്പറേഷനിലെ 5 ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനായി ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ കേരള ലിമിറ്റഡിന് 68 ലക്ഷം രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ആശുപത്രി | അനുവദിച്ച | മരുന്നുകൾ | ബാക്കി |
|---|---|---|---|---|

| | | തുക | ലഭ്യമാക്കിയത് | |
|---|---|---|---|---|
| 1 | ഗവ.ആയുർവേദ ഡിസ്പെൻസറി അയ്യന്തോൾ | ₹12,00,000 | ₹11,17,174 | ₹82,826 |
| 2 | ഗവ.ആയുർവേദ ഡിസ്പെൻസറി ഒല്ലക്കര | ₹12,00,000 | ₹10,78,863 | ₹1,21,137 |
| 3 | ഗവ.ആയുർവേദ ഡിസ്പെൻസറി കൂർക്കഞ്ചേരി | ₹12,00,000 | ₹10,29,663 | ₹1,70,337 |
| 4 | ഗവ.ആയുർവേദ വിഷവൈദ്യ ഡിസ്പെൻസറി ഒല്ലൂർ | ₹12,00,000 | ₹11,46,078 | ₹53,922 |
| 5 | എൽ.ആർ.കെ ഗവ. ആയുർവേദ ആശുപത്രി വില്ലടം | ₹20,00,000 | ₹18,89,395 | ₹1,10,605 |
| | | ₹68,00,000 | ₹62,61,173 | ₹5,38,827 |

മേൽ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/20.07.2019ന് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ലഭ്യമാക്കാനുള്ള മരുന്നുകൾക്കായുള്ള ₹5,38,827രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-95 ചീരച്ചിറയിലുള്ള കോർപ്പറേഷൻ സ്ഥലത്ത് ചുറ്റമതിൽ,ബസ് സ്റ്റോപ്പ്,അഞ്ചേരി ഹയർസെക്കന്ററി സ്കൂളിൽ ആഡിറ്റോറിയം,അഞ്ചേരി മിനി സ്റ്റേഡിയം അംഗൻവാടിയ്ക്ക് മുകളിൽ വനിതാക്ലബ്ബ് - കെട്ടിടം നിഷ്ക്രിയാസ്തിയായി നിലനിൽക്കുന്നു

പ്രോജക്റ്റ് നം - എസ് ഒ 615/18, എസ് ഒ 558/19

ഫയൽ നം -PW3/32326/17A

നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്- എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ -₹20,00,000

ചെലവ് - ₹17,94,844 ബിൽ നം-1234812/25.2.2019

സാങ്കേതിക അനുമതി തുക -i) ₹20,00,000 (58671/ 2017-18 തി.8.8.2017)

ii) ₹1926357 (58671/2017-18 തി.24.9.2018)

കരാറുകാരൻ – ശ്രീ.എം.ജി.പോൾസൺ

എം ബുക്ക് നം -421/16-17,390A/18-19

കരാർ നം -70/EE1/17-18 .തി.26-03-18

2017-18 വർഷം രൂപീകരിച്ച 615/18 എന്ന പദ്ധതി പ്രകാരം ഒന്നിലധികം പ്രവൃത്തി ഒരുമിച്ച് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിൽ അംഗനവാടിയ്ക്ക മുകളിൽ വനിതാക്ലബ് എന്ന പ്രവൃത്തി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഏകവർഷ പ്രോജക്ടായി രൂപീകരിച്ചിട്ടുള്ള ഈ പദ്ധതിയിൽ 2.2.2018ലെ സ.ഉ( കൈ)നം-17/2018 തസ്വഭവ വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 3.5.1(8),(9)(10) പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചതായി കാണുന്നില്ല. ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിന് എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് ടെണ്ടർ വിളിച്ച് പ്രവൃത്തി നടത്തിയതിന്റെ ഫയൽ ലഭ്യമാക്കിയിട്ടില്ല. പൊതുകെട്ടിടങ്ങൾ ഭിന്നശേഷിസൗഹൃദമായി രൂപകല്പന ചെയ്തതായുള്ള പ്ലാൻ തയ്യാറാക്കിയിട്ടില്ല. മാർഗ്ഗരേഖ 3.5.2(1) പ്രകാരം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം തീർക്കാൻ കഴിയുന്ന പ്രോജക്റ്റുകളാണ് ഏകവർഷ പ്രോജക്റ്റുകളായി നടപ്പിലാക്കേണ്ടത്. ഈ നടപടിക്രമങ്ങളൊന്നും ഇവിടെ പാലിച്ചതായി കാണുന്നില്ല.

പ്രവൃത്തി ടെണ്ടർ ചെയ്തപ്പോൾ ലഭിച്ച ടെണ്ടറുകൾ രണ്ടും എസ്റ്റിമേറ്റ് റേറ്റിനേക്കാളും മുകളിൽ ആയിരുന്നു. എന്നാൽ റീടെണ്ടർ നടത്താതെ അതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനുമായി നെഗോഷിയേഷൻ നടത്തി എസ്റ്റിമേറ്റ് നിരക്കിൽ കരാറുറപ്പിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. പൊതുമരാമത്ത് ചട്ടങ്ങളിലെ ചട്ടം10 ൽ ഉപചട്ടം 14 പ്രകാരം എസ്റ്റിമേറ്റ് തുകയേക്കാൾ 5% അധികമുള്ള ടെണ്ടർ സ്വീകരിയ്ക്കുന്നതിന് സാങ്കേതിക സമിതിയുടെ മുൻകൂർ അനുമതി വേണം. ലോക്കൽ മാർക്കറ്റ് പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അതുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞ നിരക്കാണ് ക്വാട്ട് ചെയ്തതെങ്കിൽ പ്രസ്തുത കരാർ സ്വീകരിയ്ക്കാമെന്ന് പിഡബ്ല്യൂഡി മാനുവൽ ഖണ്ഡിക 2009-4ൽ പറയുന്നുണ്ടെങ്കിലും അപ്രകാരം താരതമ്യം നടത്തിയതായി ഫയലിൽ കാണുന്നില്ല. 14.3.2018ലെ പിഡബ്ല്യു3/32326/17(A) പ്രകാരം കരാറുകാരന് 5മാസത്തെ പൂർത്തീകരണ കാലയളവ് കാണിച്ചുകൊണ്ട് സെലക്ഷൻ മെമ്മോ നല്കുകയും 16.3.2018ൽ ടിയാനതു കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. 26.3.2018 ൽ എഗ്രിമെന്റ് നം.70/EE1/17-18 തയ്യാറാക്കിയിട്ടുള്ളത് 100+100= ₹200 മൂല്യമുള്ള മുദ്രപത്രത്തിലാണ്. കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപത്രത്തിൽ വേണം കരാർ ചമയ്ക്കാൻ എന്ന നിബന്ധന ഇവിടെ പാലിച്ചിട്ടില്ല. പ്രസ്തുത മുദ്രപത്രത്തിൽ കരാറുകാരൻ ശ്രീ.എം.ജി പോൾസൺ, ശ്രീ.ജോൺസൺ.കെ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ₹1912572.0യുടെ പ്രവർത്തിയ്ക്കുള്ള കരാർ ഒപ്പുവച്ചിട്ടുണ്ട്. 3.4.2018ന് കരാറുകാരൻ വർക്ക് ഓർഡറും, 16.4.2018ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്ന അക്ക്നോളഡ്ജ്മെന്റും കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. 29.8.2018 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കുള്ള കരാറുകാരന്റെ അപേക്ഷയിൽ ടെണ്ടർ ചെയ്യുന്ന അവസരത്തിൽ ഗ്രൗണ്ട്ഫ്ലോർ മാത്രമേ നിർമ്മിക്കേണ്ടതായിരുന്നുള്ളൂ എന്നും, ഡിപ്പാർട്ടമെന്റിന്റെ ആവശ്യപ്രകാരം ഫസ്റ്റ്ഫ്ലോർ കൂടി നിർമ്മിക്കേണ്ടതായി വന്നതിനാൽ പണി മുഴുവനായി പൂർത്തീകരിയ്ക്കുവാൻ വേണ്ടി 2018 ഡിസംബർ 15 വരെ കാലാവധി നീട്ടിത്തരുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അപേക്ഷയിൽ 'may be granted' എന്നു രേഖപ്പെടുത്തി ഒപ്പുവച്ചിട്ടുണ്ടെങ്കിലും തസ്തികയോ, പേരോ രേഖപ്പെടുത്തിയിട്ടില്ല.
പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.10.2018ൽ 1/70/EE1/17-18 പ്രകാരം 15.09.2018 മുതൽ 15.12.2018 വരെ കരാർ നീട്ടിക്കൊണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി.ശ്രീലതയുമായി സപ്ലിമെന്ററി എഗ്രിമെന്റ് ₹400 മൂല്യമുള്ള മുദ്രപത്രത്തിൽ ഒപ്പുവയ്ക്കുകയും അതിനോടൊപ്പം ₹1926356.54 എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ച നല്കുകയും ചെയ്തിട്ടുണ്ട്.

2)തീരുമാനത്തിൽ സൂചിപ്പിച്ചതുപോലെ പ്ലിന്ത് ഏരിയ കുറച്ച് മുകളിലേയ്ക്ക് കെട്ടിടം പണിയുന്നതിന് റിവൈസ്ഡ് പ്ലാൻ തയ്യാറാക്കിയതായി ഫയലിലോ, പ്രവൃത്തിയുടെ ബില്ലിലോ, അളവു പുസ്തകത്തിലോ രേഖപ്പെടുത്തി കാണുന്നില്ല. ഈ ആവശ്യം സൂചിപ്പിച്ചുകൊണ്ട് നഗരസഭയുടെ ഭാഗത്തുനിന്നും കത്തിടപാടുകളോ കുറിപ്പുകളോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. വനിത ക്ലബ്ബ് എന്നപേരിലെ പ്രസ്തുത കെട്ടിടത്തിന്റെ പ്രവർത്തന ഉദ്ദേശ്യവും എവിടെയും വ്യക്തമാക്കിയിട്ടില്ല, ഈ കെട്ടിടം നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമല്ല.

3)പ്രോജക്റ്റിലും കൗൺസിൽ തീരുമാനങ്ങളിലും ട്രഷറി ബില്ലിലും അഞ്ചേരി മിനിസ്റ്റേഡിയം അങ്കണവാടിയ്ക്കു മുകളിൽ വനിത ക്ലബ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റിലും, ടെണ്ടറിലും, വർക്കു ബില്ലിലും ഭൂമിയൊരുക്കുന്നതു മുതൽ അടിത്തറയ്ക്ക് മണ്ണു മാറ്റുന്നതിനും, സിമന്റ് കോൺക്രീറ്റു ചെയ്യുന്നതിനുമുള്ള ഇനങ്ങൾ കാണുന്നു. ആയതിന്റെ കാരണം വ്യക്തമല്ല.

4)റിവൈസ്ഡ് പ്ലാൻ അനുസരിച്ച് മുകളിലേയ്ക്ക് നില പണിയണമെങ്കിൽ ആദ്യത്തെ പ്ലാൻ പ്രകാരമുള്ള ട്രഫോർഡ്ഷീറ്റ് മേൽക്കൂര മാറ്റി കോൺക്രീറ്റ് മേൽക്കൂരയാക്കേണ്ടതാണ്. ഒരുനില അധികം പണിതതിന്റെ ചെലവ് ആദ്യ എസ്റ്റിമേറ്റിനേക്കാൾ ₹13784.53യേയുള്ളൂ.

5) എസ്റ്റിമേറ്റിലും, റിവൈസ്ഡ് എസ്റ്റിമേറ്റിലും പ്ലംബിംഗ് പ്രവൃത്തികൾ വാഷ്ബേസിൻ, ക്ലോസറ്റ് ,ടാപ്പ് എന്നിവ ഫിറ്റ് ചെയ്യുന്നതിനും, വാതിലുകൾ, ജനാലകൾ, ലോക്ക് എന്നിവ ഫിറ്റ് ചെയ്യുന്നതിനും ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ആയവയും ചെയ്തിട്ടില്ലായെന്നാണ് വർക്ക്ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നേരിൽ സ്ഥലപരിശോധന നടത്തിയപ്പോൾ മുകളിൽപ്പറഞ്ഞ പലയിനവും സ്ഥാപിച്ചിട്ടുള്ളതായും ആയവ ഉപയോഗശൂന്യമായും, ജനാലച്ചില്ലുകൾ പൊട്ടിയതായും, പിൻവാതിൽ ലോക്കില്ലാതെ തുറന്നു കിടക്കുന്നതായും കാണപ്പെട്ടു.

₹20,00,000 അടങ്കൽതുക വച്ച് നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം എന്ത് എന്നും, ആരെയാണ് ഈ കെട്ടിടം പരിപാലിയ്ക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നും, കെട്ടിടം നഗരസഭയ്ക്ക് വരുമാനത്തിനുതകുന്ന രീതിയിൽ പ്രവർത്തിയ്ക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആസ്തികൾ നിർമ്മിക്കുന്നതിനോടൊപ്പം ആയവ പരിപാലിയ്ക്കുന്നതിനും മുനിസിപ്പൽ കോർപ്പറേഷന് ബാദ്ധ്യതയുണ്ട്. മേൽപരാമർശിച്ച കാരണങ്ങളാൽ പ്രോജക്റ്റിനായുള്ള ₹17,94,844 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-96 ഡിവിഷൻ-9ലെ ചേറൂർ പുറമ്പോക്കിലെ കുളം നവീകരിച്ച് കുടിവെള്ളപദ്ധതി നടപ്പിലാക്കൽ -ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം - എസ്.ഒ. 601/17, 461/18

പ്രോജക്റ്റ് നം - എസ്.ഒ. 671/19

നിർവ്വഹണോദ്യോഗസ്ഥൻ - കോർപ്പറേഷൻ എഞ്ചിനീയർ

ഫയൽ നം - ഡബ്ല്യൂ എസ്1/89/17

എം.ബുക്ക് നം. - 248/15-16, 90ഡി/18-19

കരാറുകാരൻ - ശ്രീ.മുഹമ്മദ് കെ.എ.

അടങ്കൽ - ₹15,00,000 വികസനഫണ്ട്(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ഭരണാനുമതി - ₹15,00,000

സാങ്കേതികാനുമതി - ₹15,00,000 (59112/16-17/1.12.18)

ചെലവ് - ₹14,96,082 ബിൽ നം-965870/22.12.2018

കരാർ നം - 485/16-17 തി.21/02/2017

₹15,00,000 അടങ്കലിൽ 35 ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതിയിൽ 5000 ലിറ്ററിന്റെ വാട്ടർടാങ്ക്, 3എച്ച്.പി മോട്ടോർ പമ്പ്സെറ്റും അനുബന്ധ ഉപകരണങ്ങളും വിതരണശൃംഖലയുള്ള പൈപ്പ് ലൈൻ, ടാപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനും, ചുറ്റും ഇന്റർ ലോക്ക് കട്ടകൾ (60mm) തറയിടുന്നതിനും വിഭാവനം ചെയ്യുകയും അതനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 35ഓളം ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിൽ കുളത്തിനു 6 മീറ്റർ ആഴം കൂട്ടി സൈഡ് കെട്ടുക മാത്രമാണ് ചെയ്തിട്ടുള്ളത് എന്നു കാണുന്നു. ഫയൽ പരിശോധനയിൽ കുളത്തിൽ നിന്നും ആഴം കൂട്ടുന്നതിന്റെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് വി.വി. ബാലകൃഷ്ണൻ എന്നയാളുടെ പറമ്പിൽ നിക്ഷേപിക്കുന്നതിനും പിന്നീട് കോർപ്പറേഷൻ മണ്ണ് ലേലം ചെയ്ത മാറ്റുന്നതാണെന്നുള്ള നിബന്ധനയിലും കരാറുകാരൻ, വി.വി.ബാലകൃഷ്ണന്റെ അനുമതി തേടിക്കൊണ്ടുള്ള കത്തും, ആയതിനു മേൽവ്യക്തി കരാറുകാരന് അനുമതി നല്കികൊണ്ടുള്ള കത്തും കാണുന്നുണ്ട്. എന്നാൽ എം.ബുക്കിൽ കുഴിച്ചെടുത്ത മണ്ണിന്റെ അളവ് (294.71$m^3$) പല പ്രവൃത്തികൾക്ക് ഉപയോഗിച്ചതായി പറയുന്നു. ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കിയില്ല. നേരിൽ സ്ഥലപരിശോധന നടത്തിയവേളയിൽ വിഭാവനം ചെയ്ത പദ്ധതി മുഴുവൻ പൂർത്തിയാക്കാതെ പദ്ധതിപ്പണം മുഴുവൻ ചെലവഴിച്ചതായാണ് കാണുന്നത്.

21.2.2017ൽ കോർപ്പറേഷൻ എഞ്ചിനീയർ ശ്രീ.കെ.ഡി.അജയഘോഷ്, കരാറുകാരൻ ശ്രീ.കെ.എ.മുഹമ്മദ് ആർ.വി.പുരം എന്നിവർ തമ്മിൽ ഒപ്പുവച്ച കരാറിൽ 2 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാണ് ഒപ്പുവച്ചിട്ടുള്ളത്. 28.2.2017ൽ വർക്ക് ഓർഡർ തയ്യാറാക്കി നല്കിയത് കരാറുകാരൻ തീയതി രേഖപ്പെടുത്താതെ ഒപ്പുവച്ചാണ് കൈപ്പറ്റിയിട്ടുള്ളത്. കരാറുകാരൻ കോർപ്പറേഷൻ എഞ്ചിനീയർക്ക് സമർപ്പിച്ച തീയതി വയ്ക്കാത്ത കത്തിൽ "പ്രവൃത്തിയുടെ എർത്ത് വർക്ക് ആരംഭിക്കുകയും, മണ്ണ് സമീപസ്ഥലമുടമയുടെ അനുവാദത്തോടെ കോർപ്പറേഷന്റേതായി ശേഖരിച്ചുവരുന്നതിനെ ആരൊക്കെയോ പരാതി കൊടുത്തതു മൂലം കുറച്ച് പ്രശ്നമുണ്ടായി എന്നും, കോർപ്പറേഷന്റെ കുളം പണിക്ക് വെള്ളം പമ്പു ചെയ്യുന്നതിനാൽ സമീപത്തെ കിണറുകളിൽ വെള്ളം വറ്റിയതും പ്രവൃത്തി വൈകിപ്പോകാൻ കാരണമായി എന്നും മഴ കിട്ടിയതോടെ നാട്ടുകാരുടെ തടസ്സം നീങ്ങിക്കിട്ടിയെന്നും, ഇപ്പോൾ ക്വാറികളിൽ നിന്നും കരിങ്കല്ല് കിട്ടാത്തതിനാൽ പ്രവൃത്തികൾക്ക് അയവു വന്നിട്ടുണ്ട് എന്നും ഈ കാലതാമസം സാഹചര്യം കണക്കിലെടുത്ത് ആവശ്യമായി വന്നതാണെന്നും പ്രവൃത്തി പൂർത്തീകരിക്കാൻ കാലാവധി നീട്ടിത്തരണമെന്ന് അപേക്ഷിക്കുന്നതിനൊപ്പം പിഴ ഒഴിവാക്കിതരണമെന്നുമുള്ള" അപേക്ഷയിൽ കാലാവധി എത്രയാണ് വേണ്ടതെന്ന് ആവശ്യപ്പെട്ടിട്ടുമില്ല. 21.4.2017ൽ അവസാനിക്കേണ്ട പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിനായുള്ള അപേക്ഷ ആരും സ്വീകരിച്ചതായോ, ആയതിനു മേല്പറഞ്ഞ കാരണങ്ങൾ വസ്തുനിഷ്ഠമാണെന്നോ ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപ്പന്റിക്സ് 2100F പ്രകാരം എക്സ്റ്റൻഷൻ സമയം ശുപാർശ ചെയ്തുകൊണ്ടുള്ള പ്രഫോർമയിൽ 30.7.2017 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്. ആയതിൽ ജലദൗർലഭ്യം മൂലം പ്രവൃത്തി കാലാവധി 30.07.2017 (94 ദിവസം) വരെ നീട്ടിക്കൊടുക്കുവാൻ മേൽ പ്രഫോർമയിൽ എ.ഇ, എ.എക്സ്.ഇ, ഇ.ഇ എന്നിവർ ഒപ്പുവച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ജലദൗർലഭ്യമുള്ളതായോ, മണ്ണ് സ്വകാര്യവ്യക്തിയുടെ പറമ്പിൽ സൂക്ഷിക്കുന്നത് സംബന്ധിച്ചോ ഉള്ള മറ്റു സ്ഥലവാസികളുടെ പരാതികളൊന്നും തന്നെ ഫയലിൽ കാണുന്നില്ല. 2011ലെ പി.ഡബ്ല്യു.ഡി. മാന്വൽ v(iv) പ്രകാരം കാലാവധി പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% വരെ മാത്രമാണ് ഗ്രേസ് പിരീഡായി അനുവദിക്കാവുന്നത്. ആയതിൻപ്രകാരം 15 ദിവസം കൂടി മാത്രമേ അധികമായി നൽകുവാൻ പാടുള്ളൂ എന്നിരിക്കെ 94 ദിവസം അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.

കരാറുകാരന്റെ പിഴവു മൂലമാണെങ്കിൽ അപേക്ഷ പരിഗണിച്ച് ഭരണസമിതിയുടെ അനുമതിയോടു കൂടി പി.എ.സി.യുടെ 1% ഫൈൻ ഈടാക്കി പൂർത്തീകരണ കാലാവധിയുടെ 25% (പരമാവധി ആറ് മാസം) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇപ്രകാരമുള്ള നടപടിയും ഇവിടെ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ എഗ്രിമെന്റ് തുകയായ1496101.61രൂപയുടെ 1%തുകയായ 14961/-രൂപ കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്.

പ്രവൃത്തിയുടെ ബിൽ പരിശോധിച്ചപ്പോൾ രണ്ട് എം.ബുക്കുകൾ ഉള്ളതായി കാണുന്നുവെങ്കിലും എം.ബുക്ക് നം.248/15-16 മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ആയതുപ്രകാരം 17.07.2018ന് പ്രവൃത്തി പൂർത്തീകരിച്ചതായി അസിസ്റ്റന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ എം.ബുക്ക് നമ്പർ പേജ് 32 മുതൽ 38 വരെ അളവ് രേഖപ്പെടുത്തി ഒപ്പുവെയ്ക്കുകയും, അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തി പൂർത്തീകരിച്ച് കോൺട്രാക്ടർക്ക് തുക നല്കാവുന്നതാണന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

21.02.2017ൽ സപ്ലിമെന്ററി എഗ്രിമെന്റിൽ ഒപ്പുവെയ്ക്കുകയും, 06.02.2018ൽ സപ്ലിമെന്ററി എഗ്രിമെന്റ് 2ൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതുമായാണ് കാണുന്നത്. ഇപ്രകാരം ചെയ്ത നടപടിയുടെ വിശദീകരണം ലഭ്യമാക്കിയില്ല.

2016-17 വർഷത്തെ 601/17 നമ്പർ പ്രൊജക്ടിന് ലഭിച്ച കുറഞ്ഞ നിരക്കിലെ ടെണ്ടറിന് മുൻകൂർ അനുമതി നല്കിയത് സാധൂകരിച്ചത് 03.06.2017ലെ 71-ാം നമ്പർ തീരുമാനപ്രകാരമാണ്. ഇപ്രകാരം കാലതാമസം ഉണ്ടാകാനിടയായ സാഹചര്യമെന്താണെന്ന് വ്യക്തമല്ല. മേല്പറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറി (നം.148 തീയതി : 09.12.2019)യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കാത്തതിനാലും, കുടിവെള്ള പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിയ്ക്കാത്തതിനാലും, കുഴിച്ചെടുത്ത 294.71എം.3 മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാകാത്തതിനാലും മേൽ പ്രോജക്ടിനായുള്ള ₹14,96,082 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും 14961/- രൂപ പിഴയിനത്തിൽ വരവ് നഷ്ടമായി നിജപ്പെടുത്തുകയും ചെയ്യുന്നു.

## 1-97 ജലലഭ്യത ഉറപ്പുവരുത്താതെ ശുദ്ധജല നിർമ്മാണ പ്ലാന്റ് സ്ഥാപിച്ചു - കുടുംബശ്രീ വാട്ടർ കിയോസ്ക് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല-₹ 12,75,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - 873/18

അടങ്കൽ - ₹25,50,000 (വികസനഫണ്ട്)

ചെലവ് - ₹25,50,000

നിർവ്വഹണ ഉദ്യോഗസ്ഥ – കുടുംബശ്രീ മെമ്പർ സെക്രട്ടറി

2018-19 സാമ്പത്തിക വർഷം ജനകീയാസൂത്രണ പദ്ധതി പ്രകാരം കുടുംബശ്രീ മെമ്പർ സെക്രട്ടറി നിർവ്വഹണം നടത്തിയ കുടുംബശ്രീ വാട്ടർ കിയോസ്ക് പദ്ധതിയ്ക്കായി ₹25,50,000 വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 07.10.2017 ലെ 3244/ 2017/തസ്വഭവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി നിർവ്വഹണം നടത്തേണ്ട പ്രസ്തുത പദ്ധതി പ്രകാരം ഒല്ലൂക്കര സോണൽ പരിസരത്തും പുല്ലഴിയിലും 2 ശുദ്ധജല പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി കുടുംബശ്രീയിൽ നിന്നും 5 പേരടങ്ങുന്ന രണ്ട് സംരംഭക യൂണിറ്റുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. മേൽ ഉത്തരവനുസരിച്ച് മൊത്തം യൂണിറ്റ് ചെലവിന്റെ 50% ൽ കവിയാത്ത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട്/ വികസന ഫണ്ട് എന്നിവയിൽ നിന്നും ചെലവഴിക്കാവുന്നതാണ്. ഇത് പ്രകാരം 2 യൂണിറ്റുകളുടെ ചെലവിന്റെ 50% തുകയായ ₹25,50,000 ബിൽ നമ്പർ 1/17.09.2018 പ്രകാരം മുൻകൂറായി യൂണിറ്റുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ( ₹12,75,000 വീതം) കൈമാറിയിട്ടുണ്ട്. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ബാക്കി 50% തുക പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്ന സംരംഭക ഗ്രൂപ്പ് അംഗങ്ങൾ വായ്പയായോ അല്ലാതെയോ സ്വരൂപിക്കേണ്ടതും തുടർന്ന് സംരംഭക ഗ്രൂപ്പ് പദ്ധതി നിർവ്വഹണം നടത്തേണ്ടതുമാണ്. ഫയൽ പരിശോധിച്ചതിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ചുമതല ധാരണ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ ഏൽപിച്ച് കൊണ്ട് രണ്ട് യൂണിറ്റുകളും പ്രസ്തുത കമ്പനിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാണ്.

മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം കുടിവെള്ള നിർമ്മാണ യൂണിറ്റിന്റെ ഉടമസ്ഥാവകാശം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആയിരിക്കുന്നതാണ്. സംരംഭക യൂണിറ്റ് ദൈനംദിന പ്രവർത്തനങ്ങൾ നടത്തേണ്ടതും ബാങ്ക് ലോൺ തിരിച്ചടവ് പൂർത്തിയാകുന്ന മുറയ്ക്ക് വരുമാന വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. വരുമാന വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനവും സംരംഭക യൂണിറ്റുമായി സംസാരിച്ച് തീരുമാനിക്കേണ്ടതാണ്. എന്നാൽ സംരംഭക യൂണിറ്റുകളെ ചുമതല ഏല്പിച്ച സമയത്ത് നഗരസഭയും സംരംഭക ഗ്രൂപ്പുകളും തമ്മിൽ ഇത്തരം വ്യവസ്ഥകൾ സംബന്ധിച്ച് തീരുമാനം എടുത്തതിന്റെയോ കരാർ ചമച്ചതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.69/14.10.2019) മറുപടിയിൽ വ്യവസ്ഥകൾ സംബന്ധിച്ച് യൂണിറ്റുകളുമായി കരാർ ചമയ്ക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഒല്ലൂക്കരയിലെ ശുദ്ധജല പ്ലാന്റിന്റെ നിർമ്മാണം 2019-20 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. പുല്ലഴിയിലെ പ്ലാന്റ് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പ്ലാന്റ് സ്ഥാപിക്കുന്ന സൈറ്റിൽ ഇലക്ട്രിസിറ്റി കണക്ഷൻ, ജലത്തിന്റെ സ്രോതസ്സ് എന്നിവ ലഭ്യമാക്കണമെന്ന് പ്രവൃത്തി ഏല്പിച്ചിരിക്കുന്ന കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ അറിയിച്ചതായി 19.02.2019ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പ്ലാന്റിന്റെ യന്ത്രസാമഗ്രികൾ സ്ഥാപിച്ചു കഴിഞ്ഞുവെന്നും ടി പ്ലാന്റിലേക്കുള്ള ജലസ്രോതസ്സ് കുറച്ചു ദൂരെയാണ് കണ്ടെത്തിയിട്ടുള്ളതെന്നും അവിടെ മോട്ടോർ പമ്പും ഷെഡും പ്ലാന്റിലേക്ക് ജലമെത്തിക്കുന്നതിനാവശ്യമായ പൈപ്പ് ലൈനും സ്ഥാപിക്കുന്നതിനായി പ്രത്യേക പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും ടി പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ കൂടി പൂർത്തീകരിച്ച് പ്ലാന്റ് പ്രവർത്തനസജ്ജമാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

പുല്ലഴിയിലെ പ്ലാന്റിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്ലാന്റിലേക്ക് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നാളിതുവരെ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. പ്ലാന്റ് സ്ഥാപിച്ച സ്ഥലം നഗരസഭയുടെ

ഉടമസ്ഥതയിലാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

സർക്കുലർ നം.ഇ2-12509/16/സി.ഇ/ ത.സ്വ.ഭ.വ തീയതി 19.01.2017 ൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പ്രവൃത്തി നടത്തുമ്പോൾ ജലലഭ്യത ഉറപ്പുവരുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജലലഭ്യത ഇല്ലാത്ത ഒരു സ്ഥലത്താണ് ശുദ്ധജല നിർമ്മാണ പ്ലാന്റ് സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചത്. ഇത്തരത്തിൽ ദീർഘവീക്ഷണമില്ലാതെ പദ്ധതി ആവിഷ്കരിച്ചതു വഴി പുല്ലഴിയിൽ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പദ്ധതി ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. മാത്രമല്ല പ്ലാന്റിലേക്ക് ജലം എത്തിക്കുന്നതിനായി പുതിയ പ്രോജക്ട് ആവിഷ്കരിച്ചതിലൂടെ നഗരസഭയ്ക്ക് അധിക ചെലവ് ഉണ്ടായിരിക്കുന്നു. ആയതിനാൽ പുല്ലഴിയിലെ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ചെലവഴിച്ച ₹1275000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഭാവിയിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ അവയുടെ പൂർണ്ണമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഘടകങ്ങളും ഉറപ്പുവരുത്തി പദ്ധതി ഫലപ്രാപ്തിയിൽ എത്തുന്ന രീതിയിൽ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-98 അനുപൂരക പോഷകാഹാര പരിപാടി - യഥാർത്ഥ പദ്ധതി ചെലവ് സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ നിന്നും വ്യത്യസ്തം

അങ്കണവാടികളിലേയ്ക്ക് അനുപൂരക പോഷകാഹാരം വിതരണം നടത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ (പദ്ധതി നമ്പർ 5/18-19, പദ്ധതി നമ്പർ 29/18-19 ) പദ്ധതികൾക്കായി സാധാരണ വിഹിതം (പൊതു വിഭാഗം), കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ വകയിരുത്തിയിരുന്നു. നഗരസഭ ലഭ്യമാക്കിയ സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം സാധാരണ വിഹിതം (പൊതു വിഭാഗം ) മാത്രമാണ് പദ്ധതി ചെലവായി വന്നിട്ടുള്ളത്. സി.ഡി.പി.ഒ യുടെ ക്യാഷ് ബുക്ക്, ബില്ലുകൾ എന്നിവ പരിശോധിച്ചതിൽ കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ചെലവ് നടന്നതായി കാണുന്നു. എന്നാൽ ആയത് നഗരസഭയുടെ പദ്ധതി പ്ലാൻ മോണിട്ടറിംഗ് സോഫ്റ്റ് വെയറായ സുലേഖയിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി വിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നമ്പർ | പദ്ധതി അടങ്കൽ | | സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ് | | ക്യാഷ് ബുക്ക് പ്രകാരം പദ്ധതി ചെലവ് | |
|---|---|---|---|---|---|---|
| | സാധാരണ വിഹിതം | കേന്ദ്രാവിഷ്കൃത ഫണ്ട് | സാധാരണ വിഹിതം | കേന്ദ്രാവിഷ്കൃത ഫണ്ട് | സാധാരണ വിഹിതം | കേന്ദ്രാവിഷ്കൃത ഫണ്ട് |
| 5/18-19 | ₹50,05,400 | ₹19,94,600 | ₹50,04,747 | 0 | ₹50,04,747 | ₹8,74,625<br>(ചെക്ക് നമ്പർ 251347/19.03.19) |
| 29/18-19 | ₹65,00,000 | ₹30,00,000 | ₹65,00,000 | 0 | ₹65,00,000 | ₹29,93,207<br>(ചെക്ക് നമ്പർ 251344/11.02.19,251345 /28.02.19,251346 /19.03.19) |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് അന്വേഷണം - 140/6.12.2019). അപാകത പരിഹരിക്കേണ്ടതാണ്.

## 1-99 അനുപൂരക പോഷകാഹാര പദ്ധതി- അപാകതകൾ

പദ്ധതി നമ്പർ :

5/18-19 അനുപൂരക പോഷകാഹാര പദ്ധതി അർബൻ 2

29/18-19 അനുപൂരക പോഷകാഹാര പദ്ധതി അർബൻ 1

നിർവ്വഹണ ഉദ്യോഗസ്ഥൻ : സി.ഡി.പി.ഒ

അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പദ്ധതി നമ്പർ | പദ്ധതി അടങ്കൽ | | കാഷ് ബുക്ക് പ്രകാരം പദ്ധതി ചെലവ് | |
|---|---|---|---|---|
| | സാധാരണ | കേന്ദ്രാവിഷ്കൃത | സാധാരണ | കേന്ദ്രാവിഷ്കൃത ഫണ്ട് |

| | | | | |
|---|---|---|---|---|
| | വിഹിതം | ഫണ്ട് | വിഹിതം | |
| 5/18-19 | ₹50,05,400 | ₹19,94,600 | ₹50,04,747 | ₹8,74,625 (ചെക്ക് നമ്പർ 251347/19.03.19) |
| 29/18-19 | ₹65,00,000 | ₹30,00,000 | ₹65,00,000 | ₹29,93,207 (ചെക്ക് നമ്പർ 251344/11.02.19, 251345/28.02.19, 251346/19.03.19) |

**അപാകതകൾ :**

മേൽ പദ്ധതി പ്രകാരം വന്ന പോഷകാഹാരങ്ങൾ പുഴയ്ക്കൽ അഡീഷണലിൽ (അർബൻ -1 )ലെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃത്യമായി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി രേഖപ്പെടുത്തുന്നതിൽ അപാകതകൾ വന്നതായി കാണുന്നു. ഉദാഹരണമായി ഏപ്രിൽ, മേയ് മാസങ്ങളിൽ അമൃതം ന്യൂട്രിമിക്സ്, മോണിംഗ് സ്നാക്സ് എന്നിവ കൈരളി ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി ബിൽ നമ്പർ 1/18-19/10.07.18 പ്രകാരം ₹292647 സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും ₹149108 യുടെ 1944 പാക്കറ്റ് അമൃതം ന്യൂട്രിമിക്സ്, 171 പാക്ക് മോണിംഗ് സ്നാക്സ് എന്നിവ സ്റ്റോക്കിലെടുത്തിട്ടില്ല. കൂടാതെ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ വാങ്ങിയ സാധനങ്ങളുടെ ബിൽ നമ്പർ, തിയതി എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

ചില ബില്ലുകൾ പ്രകാരം സാധനങ്ങൾ വിതരണം നടത്തിയതിന്റെ വിതരണ സ്റ്റേറ്റ്മെന്റ് ഫയലിനോടോപ്പം സൂക്ഷിച്ചിട്ടില്ല. ഉദാഹരണമായി ഫൈവ് സ്റ്റാർ അമൃതം ഫുഡ് സപ്ലിമെന്റിൽ നിന്നും അമൃതം ന്യൂട്രിമിക്സ്, മോണിംഗ് സ്നാക്സ് സാധനങ്ങൾ വാങ്ങി ബിൽ നമ്പർ 2/18-19/28.07.18 പ്രകാരം ₹220529 സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും ₹151857രൂപയുടെ ഭക്ഷ്യമിശ്രിതത്തിന്റെ വിതരണവിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

വനിതാശിശുവികസനപരിപാടിയുടെ ഭാഗമായി നടത്തുന്ന അനുപൂരക പോഷകപരിപാടിയിൽ വനിതാശിശുക്ഷേമത്തിനായി വൻ തുക ചെലവഴിച്ചുവരുന്നു. ഇവ കൃത്യമായി സ്റ്റോക്കിൽ രേഖപ്പെടുത്തി വിതരണം ചെയ്യപ്പെടുന്നതിന് ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-100 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണ വിതരണം പദ്ധതി - അപാകതകൾ

പദ്ധതി നമ്പർ : S0046/19, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മെഡിക്കൽ ക്യാമ്പ്, ഉപകരണ വിതരണം

പദ്ധതി അടങ്കൽ :₹15,00,000

പദ്ധതി ചെലവ് : ₹ 9,71,783 വികസനഫണ്ട് (ജനറൽ)

ബിൽനമ്പർ : 18/18-19/28.03.2019

തുക : ₹9,71,783

നിർവ്വഹണ ഉദ്യോഗസ്ഥൻ - സി.ഡി.പി.ഒ പുഴയ്ക്കൽ അഡീഷണൽ

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പാക്കിയ ടി പദ്ധതിയിൽ സംസ്ഥാന വികലാംഗ കോർപ്പറേഷനിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയതിന് ₹ 9,71,783 സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകളുള്ളതായി കാണുന്നു.

1. ഉപകരണങ്ങളുടെ ആവശ്യകത സംബന്ധിച്ച് ക്യാമ്പ് നടത്തി വേണം അർഹതയുള്ളവരെ കണ്ടെത്തേണ്ടത്. 26.11.2018, 27.11.2018 എന്നീ തീയതികളിൽ മെഡിക്കൽ ക്യാമ്പ് നടത്തിയതായ സി.ഡി.പി.ഒ യുടെ കത്ത് ഫയലിലുണ്ടെങ്കിലും ക്യാമ്പ് നടത്തിയ രേഖകൾ, ഓരോ വ്യക്തിക്കും മെഡിക്കൽ ഓഫീസർ നിർണ്ണയിച്ച നൽകിയ സ്പെസിഫിക്കേഷൻ വിവരം, വൈകല്യം തെളിയിക്കുന്ന രേഖകൾ, മെഡിക്കൽ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ ഫയലിലില്ല.

2. ബിൽ പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ ബിൽ നമ്പർ ,തീയതി, അവയുടെ പേര്, സ്പെസിഫിക്കേഷൻ, യൂണിറ്റ് വില, എണ്ണം, മൊത്തംതുക എന്നിവ സ്റ്റോക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ സി.ഡി.പി.ഒ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ അപ്രകാരം ചെയ്തിട്ടില്ല. പകരം ഉപകരണങ്ങൾ വിതരണം നടത്തിയതിന്റെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. മേൽ ബിൽ പ്രകാരം ₹8690 വിലവരുന്ന BTE CHANNEL FREE PROGRAMMABLE HEARING AID FOR MODERATE TO PROFOUND എന്ന ഉപകരണം 59 എണ്ണം വാങ്ങിയിട്ടുണ്ട്. ആയതിൽ 36 എണ്ണം മാത്രമാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 12.12.2019ന് ഓഡിറ്റ് ടീം നടത്തിയ ഭൗതികപരിശോധനയിൽ 4 ഉപകരണങ്ങൾ മാത്രമേ സി.ഡി.പി.ഒ ഓഫീസിൽ കാണാനായുള്ളൂ. ബാക്കി 23 ഉപകരണങ്ങളുടെ വിതരണവിവരം ലഭ്യമല്ല. ആയതിനാൽ 23 ഉപകരണങ്ങളുടെ ചെലവ് ₹1,99,870 (23 x 8690=1 99 870) തടസ്സപ്പെടുത്തുന്നു.

കൂടാതെ മേൽ ബിൽ പ്രകാരം വാങ്ങിയ താഴെപ്പറയുന്ന ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്തതായി കാണുന്നു. 12.12.2019ൽ ഓഡിറ്റ് ടീം നടത്തിയ ഭൗതികപരിശോധനയിൽ ഉപകരണങ്ങൾ സി.ഡി.പി.ഒ, പുഴയ്ക്കൽ അഡീഷണൽ ഓഫീസിൽ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു.

| ക്രമനമ്പർ | വിലാസം | ഉപകരണം | വില |
|---|---|---|---|
| 1 | നന്ദിത കെ.ഡി, കിഴക്കൂട്ട്, നെട്ടുപുഴ | Air Bed | ₹7,150 |
| 2 | നന്ദിത കെ.ഡി, കിഴക്കൂട്ട്, നെട്ടുപുഴ | Reclining Wheel Chair | ₹16,737 |
| 3 | കുഞ്ചു കാരട്ടുവളപ്പിൽ, ചേർപ്പ് | Smart Cane | ₹5,277 |
| 4 | അമേലിയ ചിറമ്മൽ, വട്ടക്കര | MR Kit | ₹3,850 |
| 5 | അക്ഷയ്, പറങ്ങോടൻ, നെട്ടുപുഴ | KAFO B/L | ₹4,620 |
| 6 | അക്ഷയ്, പറങ്ങോടൻ,നെട്ടുപുഴ | Accomodative Footwear | ₹1,328 |
| 7 | അക്ഷയ്, പറങ്ങോടൻ, നെട്ടുപുഴ | Caliper Knee Cap B/L | ₹202 |
| 8 | ശ്രേയജലീൽ, തറയിൽ പള്ളിപ്പുറത്തുക്കാരൻ, പറവട്ടാനി | MR Kit | ₹3,850 |
| 9 | ആഷ്മിഅഭി, എരുംകാരം, നെട്ടിശ്ശേരി | Folding Walker Delux | ₹1,675 |
| 10 | ലിൻസി.സി, ശാസ്ത നിവാസ്, നെട്ടിശ്ശേരി | MR Kit | ₹3,850 |
| | | ആകെ | ₹48,539 |

നാളിതു വരെ ടി ഉപകരണങ്ങൾ വിതരണം ചെയ്യാത്തതിനാൽ മേൽ ഉപകരണങ്ങൾക്കായുള്ള ₹48,539 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-101 സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ - സ്റ്റോക്ക് പരിപാലനം കൃത്യമല്ല

**1. സ്റ്റോക്ക് രജിസ്റ്റർ പരിപാലനം കൃത്യമല്ല**

2018-19 സാമ്പത്തിക വർഷം സി.ഡി.പി.ഒ നടപ്പാക്കിയ പദ്ധതികൾ പ്രകാരം സാധനങ്ങൾ വാങ്ങിച്ചതിന്റെ സ്റ്റോക്ക് രജിസ്റ്റർ അപൂർണ്ണമാണ്. ബിൽ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന് ശേഷമേ വിതരണം നടത്താവൂ. സാധനങ്ങൾ വാങ്ങിച്ച തീയതിയിൽ ഉപകരണങ്ങളുടെ ബിൽനമ്പർ, തീയതി, അവയുടെ പേര്, സ്പെസിഫിക്കേഷൻ, യൂണിറ്റ് വില, എണ്ണം, മൊത്തം തുക എന്നിവ സ്റ്റോക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ സാധനങ്ങളുടെ വിതരണ വിവരം മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതായി കാണുന്നത്. സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**2. അങ്കണവാടികൾക്ക് പ്ലാസ്റ്റിക്ക് കസേര, സ്റ്റീൽ അലമാര വാങ്ങൽ പദ്ധതി– അപാകതകൾ**

പദ്ധതി നമ്പർ : S0740/19, ബാലസൗഹൃദ അഡീഷണൽ അർബൻ-1 ലെ അങ്കണവാടികൾക്ക് പ്ലാസ്റ്റിക്ക് കസേര, സ്റ്റീൽ അലമാര വാങ്ങൽ

പദ്ധതി അടങ്കൽ :₹5,45,276

പദ്ധതി ചെലവ് : ₹5,45,276 വികസനഫണ്ട് (ജനറൽ)

ബിൽനമ്പർ : 17/18-19/25.03.2019

തുക : ₹5,45,276

നിർവ്വഹണോദ്യോഗസ്ഥൻ - സി.ഡി.പി.ഒ പുഴയ്ക്കൽ അഡീഷണൽ

1. വിവിധ അങ്കണവാടികളിലേയ്ക്ക് 685 കസേര, 41 അലമാര എന്നിവ വാങ്ങുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയിരുന്നത്. എന്നാൽ പദ്ധതി ആസൂത്രണത്തിൽ നിന്നും വ്യതിചലിച്ച് 1070 കസേരകൾ മാത്രം വാങ്ങുന്നതിനായി മേൽ പദ്ധതി പ്രകാരമുള്ള

തുക ചെലവഴിച്ചിരിക്കുന്നു.

2.സി.ഡി.പി.ഒ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ 1079 കസേരകൾ വിവിധ അങ്കണവാടികൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. കൃത്യമായി സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-102 നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക്, പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ജി.ഒ.(പി) 177/2006/ധനം. തീയതി : 12.04.2006, ജി.ഒ.(പി) 119/2015/ധനം. തീയതി : 21.03.2015 ഖണ്ഡിക 18.3 പ്രകാരം നിർവ്വഹണോദ്യോഗസ്ഥർ TR 7A ക്യാഷ് ബുക്കിൽ ഡിപ്പാർട്ടുമെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തുകയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ്-ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുകയും വേണം. കൂടാതെ ഖണ്ഡിക 26.6 പ്രകാരം സെക്രട്ടറിയും നിർവ്വഹണോദ്യോഗസ്ഥരും പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ നഗരദാരിദ്ര്യ നിർമ്മാർജ്ജനസെൽ പ്രൊജക്റ്റ് ഓഫീസർ മേൽപ്പറഞ്ഞ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ക്യാഷ് ബുക്ക്, സബ്സിഡിയറി ക്യാഷ്ബുക്ക് എന്നിവ സൂക്ഷിക്കുന്നില്ല.

## 1-103 ഫിഷറീസ് സബ്ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ "വനിതകൾക്ക് അലങ്കാര മത്സ്യംവളർത്തൽ "പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല

പദ്ധതി നം: എസ്/0771/19

നിർവ്വഹണോദ്യോഗസ്ഥ: ഫിഷറീസ് സബ് ഇൻസ്പെക്ടർ

അടങ്കൽ തുക:₹10,00,000

ചെലവ്:₹1,20,000

2018-19 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ "വനിതകൾക്ക് അലങ്കാര മത്സ്യം വളർത്തൽ"പദ്ധതി അതിന്റെ ലക്ഷ്യസാക്ഷാൽക്കരണത്തെക്കുറിച്ചോ അതിലൂടെ വനിതകൾക്ക് സാമ്പത്തികമോ സാമൂഹികമോ ആയ എന്തെങ്കിലും ഉന്നതി ലഭിക്കുന്നതിനുതകുന്നതാണോ എന്നതിനെക്കുറിച്ചോ യാതൊരു സൂചനയും നൽകാതെയാണ് ഡി.പി.സി അംഗീകാരത്തിനായി സമർപ്പിച്ചത്. ഈ ലക്ഷ്യബോധമില്ലായ്മ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലും തുടർപ്രവർത്തനങ്ങളിലും നിഴലിച്ചു കാണുന്നു. മേൽ പദ്ധതിക്കായി വികസനഫണ്ടിൽ നിന്ന് ₹4,00,000യും ഗുണഭോക്തൃവിഹിതമായി ₹6,00,000യും ഉൾപ്പെടെ ₹10,00,000 വകയിരുത്തിയിരുന്നു. 14.02.18ലെ ജി.ഒ(എം.എസ്)22/2018ത.സ്വ.ഭ.വ ഉത്തരവനുസരിച്ചുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3 ക്രമനമ്പർ 11ലെ ജനറൽ വിഭാഗത്തിനുള്ള വ്യവസ്ഥയനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ആറു ഗുണഭോക്താക്കൾക്കുമായി പരമാവധി യൂണിറ്റ് ചെലവിന്റെ 40% തുകയായ ₹20,000 വീതം മൊത്തം ₹1,20,000 ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ വീടുകളിൽ 20.12.19ന് ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ സബ്സിഡി ലഭിക്കാനായി സമർപ്പിച്ച ബില്ലുകളിൽ പറയുന്ന എല്ലാ സാധനസാമഗ്രികളോ മറ്റ് സൗകര്യങ്ങളോ കാണാൻ കഴിഞ്ഞില്ല. കോഴികൾ, ഭക്ഷ്യയോഗ്യമായ വരാൽ പോലുള്ള മത്സ്യങ്ങൾ, ഗപ്പിക്കുഞ്ഞുങ്ങൾ എന്നിവ വളർത്തുന്നുണ്ടെന്നല്ലാതെ വരുമാനം ലഭിക്കത്തക്ക വിധമുള്ള അലങ്കാരമത്സ്യം വളർത്തൽ സംബന്ധിച്ച യാതൊരു പ്രവർത്തനവും ഇവിടങ്ങളിൽ കാണാനുണ്ടായിരുന്നില്ല. രണ്ടിടത്ത് അലങ്കാരമത്സ്യകൃഷി നടത്തുന്നുമില്ല. 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായിട്ടാണ് തുക അനുവദിച്ചതെന്നിരിക്കേ വെറും പത്ത് മാസത്തിനിടയ്ക്ക് ഇപ്രകാരം പദ്ധതിക്കായുള്ള സാധനസാമഗ്രികൾ നഷ്ടപ്പെടുകയും രണ്ട് ഗുണഭോക്താക്കൾ പദ്ധതി തന്നെ ഉപേക്ഷിക്കുകയും ചെയ്തതിൽ നിന്നും പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിയില്ലെന്ന് വ്യക്തമായി. ഫലപ്രദമായ മോണിറ്ററിംഗ് പദ്ധതി നിർവ്വഹണത്തിൽ നടന്നിട്ടില്ല. അപാകത സംബന്ധിച്ച് 23.12.19ൽ നൽകിയ 167-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇപ്രകാരമുള്ള പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ പ്രൊജക്ടിൽ വിഭാവനം ചെയ്ത രീതിയിൽ പദ്ധതി നടപ്പാക്കാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-104 ഓഹരി,സ്ഥിര നിക്ഷേപം -രജിസ്റ്ററുകൾ പൂർണ്ണമല്ല

നഗരസഭയ്ക്ക് താഴെ പറയും പ്രകാരം ഓഹരി സ്ഥിര നിക്ഷേപങ്ങൾ ഉണ്ട്. എന്നാൽ ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ പരിശോധിച്ചതിൽ നിക്ഷേപം ആരംഭിച്ച തീയതി, സ്ഥാപനത്തിന്റെ പേര്,കാലാവധി, പലിശ നിരക്ക്, പിൻവലിച്ചത് /പുതുക്കിയത്, തൻവർഷം ലഭ്യമായ പലിശ, സർട്ടിഫിക്കറ്റ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമല്ല. രജിസ്റ്ററിൽ സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1)രജിസ്റ്റർ പ്രകാരമുള്ള സ്ഥിര നിക്ഷേപം

| ക്രമ നമ്പർ | സ്ഥാപനം | സ്ഥിര നിക്ഷേപം |
|---|---|---|

| | | |
|---|---|---|
| 1 | ജില്ലാ സഹകരണ ബാങ്ക്, തൃശ്ശൂർ | ₹20,75,847 |
| 2 | ജില്ലാ സഹകരണ ബാങ്ക് ,തൃശ്ശൂർ | ₹22,23,517 |
| 3 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | ₹62,00,000 |
| 4 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | ₹3,29,508 |
| 5 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | ₹2,00,000 |
| 6 | ജില്ലാട്രഷറി | ₹7,35,000 |
| | **ആകെ** | **₹1,17,63,872** |

എഫ്.ഡി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) രജിസ്റ്റർ പ്രകാരമുള്ള ഓഹരി

| ക്രമ നമ്പർ | സ്ഥാപനം | എണ്ണം | തുക |
|---|---|---|---|
| 1 | തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ | 4 | ₹20,000 |
| 2 | തൃശ്ശൂർ ടൗൺ ഇമിറ്റേഷൻ ഡയമണ്ട് മാനുഫാക്ച്ചേഴ്സ് & ഇൻഡസ്ട്രിയൽ സഹകരണ സംഘം | 1401 | ₹28,020 |
| 3 | ക്ലീൻ കേരള കമ്പനി | 8400 | ₹84,00,000 |
| 4 | ക്ലീൻ കേരള കമ്പനി | 1000 | ₹10,00,000 |
| 5 | തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ | 25 | ₹25,000 |
| 6 | കേരള അർബൻ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ | 465 | ₹46,500 |
| 7 | കേരള അർബൻ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ | 200 | ₹20,000 |
| 8 | കേരള അർബൻ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ | 100 | ₹10,000 |
| 9 | തൃശ്ശൂർ മുനിസിപ്പൽ എംപ്ലോയീസ് സഹകരണ കൺസ്യൂമർ സ്റ്റോർ | 25 | ₹2,500 |
| 10 | കേരള അർബൻ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ | 40 | ₹4,000 |
| 11 | കേരള അർബൻ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ | 100 | ₹10,000 |
| | | ആകെ | ₹95,66,020 |

നഗരസഭ സമർപ്പിച്ച 2018-19-ലെ വാർഷികക്കണക്ക് പ്രകാരം സ്ഥിരനിക്ഷേപമിനത്തിൽ ₹10,09,38,987നീക്കിയിരിപ്പുണ്ട്. എന്നാൽ രജിസ്റ്റർപ്രകാരം ₹ 1,17,63,872 ആണ്. വ്യത്യാസം ₹ 8,91,75,115 ആണ്. രജിസ്റ്ററിൽ പലിശയിനത്തിലുള്ള തുക ക്യാരിഓവർ ചെയ്യാത്തതിനാൽ കൃത്യത പരിശോധിക്കാനായിട്ടില്ല..

നഗരസഭ സമർപ്പിച്ച 2018-19- ലെ വാർഷികക്കണക്ക് പ്രകാരം ഓഹരിയിനത്തിൽ ₹ 95,56,500 നീക്കിയിരിപ്പുണ്ട്. എന്നാൽ രജിസ്റ്റർപ്രകാരം ഇത് ₹ 95,66,020 ആണ്. വ്യത്യാസം ₹ 9,520. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (173/26-12-19) മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകൾ കാലികമാക്കേണ്ടതും വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സർട്ടിഫിക്കറ്റ് സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-105 കടിവെള്ള പദ്ധതികൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിച്ചില്ല

തൃശ്ശൂർ നഗരസഭ വിവിധ കുടിവെള്ള പദ്ധതികൾക്കായി 2018-19 വർഷത്തിൽ ₹4,71,26,555 വികസനഫണ്ടിൽ നിന്നും വകയിരുത്തിയതിൽ ₹9,46,65,06 മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി ₹3,76,60,049 യുടെ പദ്ധതി നടപ്പിലാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം. | ഇനം | അടങ്കൽ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| 330 | വിൽവട്ടം സോണൽ- പൊതുകിണർ ശുചിയാക്കൽ | ₹7,50,000 | | ₹7,50,000 |
| 393 | ഒല്ലൂർക്കഞ്ചേരി സോണൽ- വിവിധ ഡിവിഷനുകളിൽ പൈപ്പ് ലൈൻ നീട്ടൽ | ₹40,00,000 | | ₹40,00,000 |
| 570 | കുളം നവീകരണ പ്രവൃത്തികൾ ഡിവിഷൻ 17 (SO). | ₹40,00,000 | ₹2,90,137 | ₹37,09,863 |
| 576 | കോർപ്പറേഷൻ പരിധിയിൽ കിണർ റീചാർജ്ജിംഗ് (SO). | ₹29,68,000 | ₹4,30,256 | ₹25,37,744 |
| 577 | പൊതുസ്ഥലങ്ങളിൽ മഴക്കുഴികളും മഴവെള്ളസംഭരണികൾ (SO) നിർമ്മാണവും. | ₹25,00,000 | ₹20,16,803 | ₹4,83,197 |
| 578 | ആമോസ് കിണർ ലൂർദ്ദ്നഗർ കിണർ ശുദ്ധീകരിച്ച് കുടിവെള്ള വിതരണം(SO). | ₹5,00,000 | 0 | ₹5,00,000 |
| 590 | ഡിവിഷൻ 45(SO) പൊതുകിണറുകളുടെ ശുചീകരണം. | ₹10,00,000 | 0 | ₹10,00,000 |
| 591 | ഡിവിഷൻ 48 നിസരി ലൈൻ ,പാറക്കുളം അംഗൻവാടികളിൽ കുടിവെള്ളടാങ്ക് സ്ഥാപനം, കുടിവെള്ള പദ്ധതികൾക്ക് ചെളി വാരൽ,പൈപ്പ് ലൈൻ നീട്ടൽ(SO). | ₹5,00,000 | 0 | ₹5,00,000 |
| 592 | ഡിവിഷൻ45കോചെട്ടിക്കുളം നവീകരണം,സായിഗ്രാമംകോളനി കിണർ നവീകരണം(SO). | ₹7,00,000 സ്പിൽഓവർ (എസ് സിപി) | ₹2,96,591 | ₹4,03,409 സ്പിൽഓവർ (എസ് സിപി) |
| 593 | ഡിവിഷൻ 54(SO)സിവിൽ ലൈൻ പൊതുകിണർ നവീകരണം, പാർത്ഥസാരഥിവഴികുടിവെള്ളപദ്ധതി,ലവ്ഷോർ കുടിവെള്ള പദ്ധതി,എട്ടുകുളം കുടിവെള്ളപദ്ധതി കിണർ നവീകരണം ,ബക്കർ കോളനി കിണർ നവീകരണം(SO). | ₹10,00,000 | 0 | ₹10,00,000 |
| 595 | ഡിവിഷൻ49 ശിവരാമപുരംകോളനി പുതിയകുടിവെള്ള പദ്ധതി(SO). | ₹8,00,000 സ്പിൽഓവർ (എസ് സിപി) | ₹6,29,198 | ₹1,70,802 സ്പിൽഓവർ (എസ് സിപി) |

| | | | | |
|---|---|---|---|---|
| 618 | വിൽവട്ടം സോണൽ ഡിവിഷൻ 5-വിയ്യൂർ നെല്ലിക്കുളം നവീകരണം(SO). | ₹10,00,000 | 0 | ₹10,00,000 |
| 626 | ഡിവിഷൻ 12- ചെമ്പുക്കാവ് ജംഗ്ഷൻ പൊതുകിണർ കുടിവെള്ള പദ്ധതി. | ₹6,00,000 സ്പിൽഓവർ | ₹4,68,146 | ₹1,31,854 |
| 669 | അയ്യന്തോൾ ഔട്ട് പോസ്റ്റ് -കിണർ നവീകരണം,കുടിവെള്ള പദ്ധതി. | ₹5,00,000+ ₹55,555 | ₹27,564 | ₹5,27,991 |
| 670 | ഡിവിഷൻ 9- മരുളൂർ,കല്ലടിമൂല കിണർ നവീകരണം. | ₹15,00,000 | ₹12,29,494 | ₹2,70,506 |
| 671 | ഡിവിഷൻ 9- വിൽവട്ടം,ചേറൂർ പുറമ്പോക്കിലെ കുളം നവീകരിച്ച് കുടിവെള്ളപദ്ധതി. | ₹15,00,000 | ₹14,96,082 | ₹3,918 |
| 647 | ഡിവിഷൻ 34 ഗ്രീൻ പാർക്ക് അയ്യപ്പ ക്ഷേത്രത്തിന് സമീപം കോളനി കുടിവെള്ള പദ്ധതി. | സ്പിൽഓവർ (എസ് സിപി) | | സ്പിൽഓവർ |
| 664 | ഡിവിഷൻ49 അമ്പാടിക്കുളം കുടിവെള്ള പദ്ധതി. | ₹30,00,000 | 0 | ₹30,00,000 |
| 676 | ഡിവിഷൻ 48 ഇന്ദിരാജി നഗർ കുഴൽ കിണർ കുടിവെള്ള പദ്ധതി. | സ്പിൽഓവർ | | സ്പിൽഓവർ |
| 677 | ഡിവിഷൻ 47 പുല്ലഴി കിസാൻ നഗർ കുഴൽ കിണർ കുടിവെള്ള പദ്ധതി. | സ്പിൽഓവർ | | സ്പിൽഓവർ |
| 678 | ഡിവിഷൻ 50 എസ്. എൻ പാർക്ക് ശ്രീനാരായണ നഗർ, കുഴൽ കിണർ കുടിവെള്ള പദ്ധതി. | സ്പിൽഓവർ | | സ്പിൽഓവർ |
| 679 | ഡിവിഷൻ 50 മത്തായിപുരം കോളനിയിൽ നിലവിലുള്ള കുടിവെള്ള പദ്ധതിയിൽ കുഴൽ കിണർ നിർമ്മാണം. | സ്പിൽഓവർ (എസ് സിപി) | | സ്പിൽഓവർ |
| 680 | ഡിവിഷൻ 46 മന്നിയങ്കര കോളനി കുഴൽകിണർ കുടിവെള്ള പദ്ധതി. | സ്പിൽഓവർ (എസ് സിപി) | | സ്പിൽഓവർ |
| 681 | പറയംത്താഴം കുടിവെള്ളപദ്ധതി. | ₹10,00,000 | ₹5,25,000 | ₹4,75,000 |
| 689 | ഡിവിഷൻ 24- ചിറ്റിലപ്പിള്ളി അങ്ങാടി ,കൈകോ റോഡ്, ആമോസ് ,സൗഹൃദ കോളനി എന്നിവിടങ്ങളിലെ കിണർ കുടിവെള്ളപദ്ധതി. | ₹10,00,000 | 0 | ₹10,00,000 |

| | | | | |
|---|---|---|---|---|
| 690 | ഡിവിഷൻ 29- പെരുവാൻകുളങ്ങര, കേശവപ്പടി,ഇക്കണ്ടവാര്യർ റോഡ് പൊതുകിണർ കുടിവെള്ളപദ്ധതി. | ₹10,00,000 | 0 | ₹10,00,000 |
| 692 | ഡിവിഷൻ-21 ഐശ്വര്യ പൊതുകിണർ കുടിവെള്ളപദ്ധതി. | ₹5,00,000 | 0 | ₹5,00,000 |
| 693 | ഡിവിഷൻ-31 പഴമുക്കങ്ങാടി, മണികണ്ഠേശ്വരം, ലക്ഷംവീട് കുടിവെള്ളപദ്ധതികൾ, ചിയ്യാരം മഠം കുഴൽകിണർ,വള്ളികുളം നവീകരണം. | ₹10,00,000 | 0 | ₹10,00,000 |
| 695 | ഡിവിഷൻ-28 ശാന്തി നഗർ കുടിവെള്ള പദ്ധതി. | ₹6,00,000 സ്പിൽഓവർ (എസ് സിപി) | 0 | ₹6,00,000 |
| 704 | ഡിവിഷൻ-21നടത്തറ പുഷ്പവിഹാർ കോളനി,മെയിൻ എയർബൈ ലൈൻ കുഴൽകിണർ കുടിവെള്ളപദ്ധതി. | സ്പിൽഓവർ | 0 | സ്പിൽഓവർ |
| 705 | ഡിവിഷൻ 22- ആനിബസന്ത് കുഴൽകിണർ നിർമ്മാണം കുടിവെള്ളവിതരണം. | സ്പിൽഓവർ | 0 | സ്പിൽഓവർ |
| 707 | ഡിവിഷൻ -38 വഞ്ചിക്കുളം പ്രദേശം, കിഴക്കെപുറം കലാഞ്ചാലി ലൈൻ,കാൽവരി റോഡ് കുടിവെള്ളപദ്ധതി, കിഴക്കെപുറം ഡൗൺഹിൽ റോഡ് ലൈൻ എക്സ്റ്റൻഷൻ. | സ്പിൽഓവർ | 0 | സ്പിൽഓവർ |
| 708 | ഡിവിഷൻ 28- ശാന്തി റോഡ് കുടിവെള്ളപദ്ധതി. | ₹10,00,000 (എസ് സിപി) | 0 | ₹10,00,000 |
| 711 | ഡിവിഷൻ-22തൃക്കുമാരകുടം കോളനിയിൽ പുതിയ കുടിവെള്ള പദ്ധതി. | സ്പിൽഓവർ (എസ് സിപി) | 0 | സ്പിൽഓവർ |
| 712 | ഡിവിഷൻ-14 പുതിയ കുടിവെള്ളപദ്ധതി. | സ്പിൽഓവർ (എസ് സിപി) | 0 | സ്പിൽഓവർ |
| 713 | ഡിവിഷൻ- 50 ലാലൂർ ജലനിധി കിണർ കുടിവെള്ള പദ്ധതി | ₹5,00,000 | 0 | ₹5,00,000 |
| 714 | ഡിവിഷൻ-4 വിൽവട്ടം സോണൽ- കുടിവെള്ളപദ്ധതി പട്ടക്കശ്ശേരി കുളം. | ₹10,00,000 | 0 | ₹10,00,000 |
| 715 | വിൽവട്ടം സോണൽ-ഡിവിഷൻ-7 കുടിവെള്ളപദ്ധതി അടിയറ കിണർ നവീകരണം, ടാങ്ക് നിർമ്മാണം. | ₹10,00,000 | 0 | ₹10,00,000 |

| | | | | |
|---|---|---|---|---|
| 716 | വിൽവട്ടം സോണൽ- പാട്ടുക്കാട് വില്ലടം കുടിവെള്ളപദ്ധതി. | ₹10,00,000 | 0 | ₹10,00,000/- |
| 717 | വിൽവട്ടം സോണൽ-ഡിവിഷൻ-8 പഞ്ചായത്ത് കിണർ നവീകരണം. | ₹10,00,000 | ₹4,38,686 | ₹5,61,314 |
| 718 | വിൽവട്ടം സോണൽ-ഡിവിഷൻ-5 പാണ്ടിക്കാവ് രാജീവ് ഗാന്ധി കുടിവെള്ളപദ്ധതി പാണ്ടിക്കാവ് സെക്കന്റ് സ്ട്രീറ്റ്. | സ്പിൽഓവർ | 0 | സ്പിൽഓവർ |
| 719 | ഡിവിഷൻ-42 കുർക്കഞ്ചേരി എസ്. എൻ കോളനി, നിലവിലുള്ള കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടുന്നതിന്. | ₹5,00,000സ്പിൽഓവർ (എസ് സിപി) | 0 | ₹5,00,000 |
| 720 | ഡിവിഷൻ-44 എകെജി കോളനി കുടിവെള്ളവിതരണം. | ₹6,00,000 സ്പിൽഓവർ (എസ് സിപി) | 0 | ₹6,00,000 |
| 721 | ഡിവിഷൻ-55 അയ്യന്തോൾ പനച്ചിക്കൽ, പുളർക്കര ശ്രീ നാരായണ സംഘം മുൻവശം, പുളർക്കര സുബ്രഹ്മണ്യ ക്ഷേത്രത്തിനടുത്ത്- കുടിവെള്ള പദ്ധതികൾ. | ₹10,00,000 | 0 | ₹10,00,000 |
| 722 | വിൽവട്ടം സോണൽ-ഡിവിഷൻ-5 പാണ്ടിക്കാവ് പുതിയ കുടിവെള്ളപദ്ധതി. | ₹5,00,000 (എസ് സിപി) | 0 | ₹5,00,000 |
| 723 | ചേറ്റൂർ പുറമ്പോക്ക് കുളം കുടിവെള്ളപദ്ധതി. | ₹10,00,000 | 0 | ₹10,00,000 |
| 724 | ഡിവിഷൻ-53 എസ്എൻഡിപി ലൈൻ, പഞ്ചിക്കൽ പൊതുകിണർ നവീകരണം. | ₹10,00,000 | 0 | ₹10,00,000 |
| 725 | ഡിവിഷൻ-43 ഹെർബർട്ട് നഗർ കുടിവെള്ളപദ്ധതി. | സ്പിൽഓവർ (എസ് സിപി) | 0 | സ്പിൽഓവർ |
| 726 | ഡിവിഷൻ-51- തൃക്കുമാരക്കുടം കുടിവെള്ളപദ്ധതി. | സ്പിൽ ഓവർ | 0 | സ്പിൽഓവർ |
| 727 | ഡിവിഷൻ 38- വഞ്ചിക്കുളം പുനരുദ്ധാരണം. | ₹9,20,000 | ₹9,20,000 | - |
| 730 | ഡിവിഷൻ 18-ഇലഞ്ഞിക്കുളം കുടിവെള്ള പദ്ധതി, പൈപ്പ് ലൈൻ നീട്ടൽ. | ₹2,29,000 | ₹2,08,156 | ₹20,844 |
| 731 | വിജയമാതാ കുടിവെള്ളപദ്ധതി. | ₹7,78,000 | 0 | ₹7,78,000 |
| 732 | ഡിവിഷൻ 42- വലിയാലുക്കൽ അമ്പലം, കിണർ കുടിവെള്ള പദ്ധതി. | ₹1,00,000 | 0 | ₹1,00,000 |

| | | | | |
|---|---|---|---|---|
| 734 | ഡിവിഷൻ-15 മുക്കാട്ടുകര കാരുണ്യ സ്ട്രീറ്റിൽ പൊതുകിണർ നവീകരണം പുതിയത്. | ₹5,00,000 (എസ് സിപി) | ₹1,95,985 | ₹3,04,015 (എസ് സിപി) |
| 736 | ഡിവിഷൻ- 23 കരിയച്ചിറ കുടിവെള്ള പദ്ധതി അറ്റകുറ്റപണി, തോട്ടത്തിൽ ലൈൻ പൊതുടാപ്പ് എക്സ്റ്റൻഷൻ,ആസരിക്കുളം. | ₹2,00,000 | 0 | ₹2,00,000 |
| 749 | ഡിവിഷൻ- 41 കുർക്കഞ്ചേരി നഴ്സറി സ്കൂൾ കുടിവെള്ളപദ്ധതി. | ₹5,00,000 | 0 | ₹5,00,000 |
| 752 | ഡിവിഷൻ-41 കുർക്കഞ്ചേരി, വട്ടപ്പിന്നി എകെജി സെന്റർ കിണർ നിർമ്മാണം, കുടിവെള്ളപദ്ധതി(പുതിയത്). | ₹1,000 (എസ് സിപി) | 0 | ₹1,000 (എസ് സിപി) |
| 770 | സെൻട്രൽ സോണൽ നടത്തറ സെന്ററിൽ പൊതുകിണർ. | ₹5,00,000 | 0 | ₹5,00,000 |
| 775 | വിൽവട്ടം സോണൽ-ഡിവിഷൻ-7,കോളേജിന്റെ പിൻവശം, എസ് സി കോളനി കുടിവെള്ളപദ്ധതി. | ₹5,00,000 | 0 | ₹5,00,000 |
| 789 | ഡിവിഷൻ-44 പൂത്തൻവെട്ട കായൽ കുടിവെള്ളപദ്ധതി, കിണർ നവീകരണം. | ₹3,50,000 | ₹2,94,408 | ₹55,592 |
| 790 | വിൽവട്ടം സോണൽ ഡിവിഷൻ-4 വൈറ്റ് ഫീൽഡ് കോളനി റോഡ് ടാറിംഗ്, വിയ്യൂർ റോസ ബസാർ കോളനിയിൽ ബോർവെൽ,ടാങ്ക് കെട്ടി പൈപ്പ് ലൈൻ സ്ഥാപിക്കൽ, കുടക്കുളം കെട്ടി സംരക്ഷിക്കൽ, പാണ്ടിക്കാവ് കിണർ കുടിവെള്ളപദ്ധതി-പൈപ്പ് ലൈൻ മാറ്റൽ, കിണർ വൃത്തിയാക്കൽ. | ₹12,25,000 | 0 | ₹12,25,000 |
| | **ആകെ** | **₹4,71,26,555** | **₹94,66,506** | **₹3,76,60,049** |

കോർപ്പറേഷന്റെ വികസനപ്രവർത്തനങ്ങൾക്കായി ചെലവഴിക്കേണ്ടിയിരുന്ന പണം ഭാവിയിൽ ലാപ്സാകാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-106 ഡിവിഷൻ 2 പൂങ്കുന്നത്ത് നിന്ന് വൃന്ദപുരിയിലേയ്ക്ക് ഹോട്ട് ലൈൻ വലിക്കുന്നതിന് തുക നല്കി - അപാകത

ഫയൽ നം - WS1-47328/17

ചെലവ് തുക - ₹23,20,000(ചെക്ക് നം. 630047/26.05.2018)

ഡിവിഷൻ 2 പൂങ്കുന്നത്ത് നിന്ന് വൃന്ദപുരിയിലേയ്ക്ക് ഒരു ഹോട്ട് ലൈൻ വലിക്കുന്നതിന് തൃശ്ശൂർ നഗരസഭയുടെ പരിധിയിൽ

കേരള ജല അതോറിറ്റി നടത്തേണ്ടിയിരുന്ന പ്രവൃത്തി അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് മേയറുടെ മുൻകൂർ അനുമതിയോടു കൂടി ഡിവിഷൻ ഫണ്ടിൽ നിന്നും ചെലവഴിച്ച പ്രവൃത്തിയാണ്. കേരള ജല അതോറിറ്റി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റുപ്രകാരമുള്ള തുക നല്കുന്നതിനോടൊപ്പം കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിൽ 2018 മാർച്ച് 25ന് എഗ്രിമെന്റിൽ ഏർപ്പെടുകയും തുക ജല അതോറിറ്റിയ്ക്ക് നല്കുകയും ചെയ്തു. ആയതിൻപ്രകാരം 2018 ജൂൺ 10-ാം തീയതി ആരംഭിച്ച് ഡിസംബർ 30-നകം പൂർത്തിയാക്കേണ്ടതാണെന്നും മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിശോധനയിൽ കാണുന്ന പോരായ്മകളും അപാകതകളും കേരള ജല അതോറിറ്റി പരിഹരിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. നിബന്ധനയിൽ പണി പൂർത്തിയാക്കി രണ്ടാഴ്ചയ്ക്കുള്ളിൽ ബില്ലിന്റെ പകർപ്പും പെർഫോമൻസ്റിപ്പോർട്ടും പൂർത്തീകരണസർട്ടിഫിക്കറ്റും തൃശ്ശൂർ കോർപ്പറേഷന് നല്കുന്നതാണെന്നും ഫൈനൽബിൽ പ്രകാരം കോർപ്പറേഷൻ ബാക്കി തുക നൽകേണ്ടതുണ്ടെങ്കിൽ ആയത് സമയബന്ധിതമായി നല്കുന്നതാണെന്നും ഫൈനൽതുക നല്കിയ തുകയിലും കുറവാണെങ്കിൽ ബാക്കി വന്ന തുക കോർപ്പറേഷന് തിരികെ നല്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധനയിൽ 19.06.2018ലെ 68-ാംനമ്പർ കൗൺസിൽ തീരുമാനപ്രകാരം മേൽപ്പടി പ്രവൃത്തിക്ക് തുക നല്കുന്നതിന് ബഹു. മേയർ നല്കിയ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും ഈ തുക ഭാവിയിൽ തിരിച്ചു ലഭിക്കുന്നതിനായി വേണ്ട നടപടി സ്വീകരിക്കുന്നതിനും വാട്ടർ സെക്ഷൻ എഞ്ചിനീയറെ ചുമതലപ്പെടുത്തിയതായി കാണുന്നു. ഇതുപ്രകാരം ജലവിതരണ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനിയർ ജല അതോറിറ്റി എഞ്ചിനീയർക്ക് തുക ആവശ്യപ്പെട്ടു കൊണ്ട് നൽകിയ കത്തിന് മറുപടിയായി പൈപ്പ് ലൈൻ നീട്ടൽ അത്യാവശ്യമുള്ള പ്രവൃത്തിയാണെന്നും ആയതിന് ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ചു കഴിഞ്ഞുവെന്നും ജല അതോറിറ്റിയുടെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുക തിരികെ ലഭ്യമാക്കാനുള്ള കോർപ്പറേഷൻ തീരുമാനം പുനഃപരിശോധിക്കണമെന്നും അല്ലാത്തപക്ഷം പ്രവൃത്തി നടപ്പാക്കാനോ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താനോ കഴിയില്ല എന്നും ജല അതോറിറ്റി അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കുന്നതിന് ആവശ്യമായ നിബന്ധന കരാറിൽ രേഖപ്പെടുത്താതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഫൈനൽ ബിൽ, എം.ബുക്ക്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിൽ ഹാജരാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/18-19 തീ.24.6.19) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ഹോട്ട് ലൈൻ വലിക്കുന്നതിനായുള്ള ₹23,20,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-107 വെള്ളമില്ല,പുതിയ ടോയ്‌ലറ്റ് ബ്ലോക്ക് അടച്ച് പൂട്ടി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ഫയൽ നം.-പിഡബ്ല്യു2-27968/17

പ്രൊജക്റ്റ് നം. SO 588/19

എഗ്രിമെന്റ് നം. 31/ഇ2/17-18/14.12.17

ഭരണാനുമതി നം. 4/12.4.18/6.2.19

എംബി നം. 289(എ)/17-18

ഡിവിഷൻ 53, അയ്യന്തോൾ, ആൺകുട്ടികൾക്കായുള്ള ഗവ.വി.എച്ച്.എസ് സ്കൂളിൽ പണി കഴിപ്പിച്ച ടോയ്‌ലറ്റ്ബ്ലോക്ക് 2017-18 ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തി പണിയിച്ചതാണ്. 29.12.17ന് വർക്ക്ഓർഡർ നൽകി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 19.5.18ന് പൂർത്തീകരിച്ചു. ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തി ആരംഭിച്ചത് | പൂർത്തീകരിച്ചത് | അടങ്കൽ തുക | കരാർ തുക | പ്രവൃത്തിയുടെ തുക |
|---|---|---|---|---|
| 29.12.17 | 29.5.18 | ₹3,69,000<br>ടിഎസ്- 56252/ 17-18/ 6.8.17 | ₹3,45,218.78 | ₹3,29,909<br>ട്രഷറി ബിൽ നം. 00843947/24.11.18 |

ടോയ്‌ലറ്റ് ബ്ലോക്കിന്റെ നിലത്ത് വിട്രിഫൈഡ് ടൈലും ചുവരുകളിൽ നിലത്ത് നിന്നും പകുതി ഭാഗം സെറാമിക്ക് വോൾ ടൈലും പതിച്ചിട്ടുണ്ട്. ടോയ്‌ലറ്റിനോട് ചേർന്ന മുറ്റത്ത് ഇന്റർലോക്കിംഗ് ടൈൽ പതിച്ചിട്ടുണ്ട്. ഇന്ത്യൻ ക്ലോസറ്റോടു കൂടിയ ഒരു ശൗചാലയവും അഞ്ച് യൂറിനലുകളുമുള്ളതാണ് കെട്ടിടം.

എന്നാൽ, 3.5 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ച ടോയ്‌ലറ്റ് ബ്ലോക്ക് വെള്ളമില്ലാത്തതിനാൽ നിലവിൽ പൂട്ടി കിടക്കുകയാണ്. ശൗചാലയത്തിലേക്ക് ആവശ്യമായ ജല ലഭ്യതയ്ക്കായി ഘടിപ്പിച്ച പൈപ്പ് ശൃംഖലകളും ടാപ്പുകളും വെന്റിലേറ്ററുകളുടെ ഗ്ലാസ്സും എല്ലാം പൊട്ടിയ നിലയിലാണ്. കെട്ടിടത്തിനോട് ചേർന്ന് നിന്നിരുന്ന പഴയ ശൗചാലയം തകർന്നു വീണതിന്റെ അവശിഷ്ടങ്ങൾ മാറ്റിയിട്ടില്ലാത്തതിനാൽ ആ ഭാഗത്തെ പൊട്ടിയ പൈപ്പ് ലൈനുകളും നാളിതു വരെ പുതുക്കിയിട്ടില്ല.



**വെള്ളമില്ലാതെ ഉപയോഗശൂന്യമായ ശൗചാലയം**

നിർമ്മാണം കഴിഞ്ഞ് ഒരു വർഷമാകുന്നതിന് മുൻപേ ഉപയോഗിക്കാനാവാതെ ടോയ്‌ലറ്റ് പൂട്ടിയിട്ടുവെന്നാണ് ഓഡിറ്റ് ടീമിന്റെ 26.11.19ലെ സ്ഥല പരിശോധനയിൽ വ്യക്തമായത്. സ്കൂളിന്റെ ആസ്തികൾ സംരക്ഷിച്ച് നിലനിർത്താതിരുന്നത് ചുമതലപ്പെട്ടവരുടെ ഭരണപരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ₹3,29,909 ചെലവഴിച്ച് പണിത കെട്ടിടം ഉപയോഗിക്കാനാവാതെ നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു. ഇത്തരം അപാകതകൾ പരിഹരിക്കപ്പെടാത്തതും കുട്ടികൾക്ക് വേണ്ടുന്ന പ്രാഥമിക സൗകര്യങ്ങൾ ഒരുക്കാത്തതും ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. ₹3,29,909 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-108 കിഴക്കെകോട്ട ജംഗ്ഷൻ വികസനം,സ്ഥലം ഏറ്റെടുക്കൽ - നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം

ഡിഡബ്ല്യു6-25226/13

ഡിഡബ്ല്യു6-25226/14

കിഴക്കെകോട്ട ജംഗ്ഷൻ വികസനത്തിനായി 6.18, 2.37സെന്റ് വീതമുള്ള രണ്ട് പ്ലോട്ടുകൾ(8.55സെന്റ്) ഏറ്റെടുക്കുന്നതിന് കൗൺസിലിന്റെ 83/1/19.8.14 നമ്പർ തീരുമാന പ്രകാരം നിശ്ചയിച്ചു. 52/22.2.14 നമ്പർ തീരുമാന പ്രകാരം 8.55സെന്റ് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ ഇ4-72457/14/1.12.14 നമ്പർ കത്തിൽ, ഏറ്റെടുത്ത സ്ഥലത്തിന് നൽകാവുന്ന വിലയെ സംബന്ധിച്ച് ഭൂമിയുടെ ഉടമസ്ഥരും, കോർപ്പറേഷനിലെയും കളക്ടറേറ്റിലെയും ഉദ്യോഗസ്ഥരും ചേർന്ന് ജില്ലാ കളക്ടരുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗതീരുമാനങ്ങളുടെ സംക്ഷിപ്തരൂപം നഗരസഭയ്ക്ക് നൽകിയതിൽ, കിഴക്കേകോട്ടയിൽ ഏറ്റെടുക്കുന്ന എല്ലാ ഭൂമിക്കും ഒരു സെന്റിന് 17.5 ലക്ഷം രൂപ എന്ന നിരക്കിൽ നൽകുന്നതിനാണ് തീരുമാനമെടുത്തിരുന്നത്. ഈ തീരുമാനം കൗൺസിലിൽ ചർച്ച ചെയ്ത് ആവശ്യമെങ്കിൽ വ്യത്യാസം വരുത്തി കൗൺസിലിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുമെന്ന മേയറുടെ തീരുമാനവും പ്രസ്തുത യോഗത്തിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ഭൂമിയുടെ അവകാശികൾ കളക്ടർ തീരുമാനിച്ച വില ലഭിയ്ക്കണമെന്ന് അഭിപ്രായപ്പെട്ടു. 3.8.15ന് മേയറുടെ ചേംബറിൽ വച്ച് നടന്ന യോഗത്തിൽ കളക്ടർ നിശ്ചയിച്ച വില നൽകുവാൻ കൗൺസിൽ തീരുമാനമെടുക്കുകയാണുണ്ടായത്. 21.3.15ന് തുക വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മേൽപറഞ്ഞ വിഷയത്തിൽ ഹാജരാക്കിയ ഫയലുകളെല്ലാം പരിശോധിച്ചതിൽ ചില അവ്യക്തതകൾ ശ്രദ്ധയിൽപ്പെട്ടു. ഭൂമിയുടെ വില കണക്കാക്കുവാൻ ഏത് രേഖകളാണ് അടിസ്ഥാനപ്പെടുത്തിയത് എന്ന് വ്യക്തമല്ല. ഭൂമിയുടെ വില നിശ്ചയിക്കുമ്പോൾ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിരുന്നുവോയെന്ന് വ്യക്തമല്ല. ഫയലിലെ രേഖകൾ പരിശോധിച്ചതിൽ, 21.3.15ന് ഭൂവുടമകൾക്ക് തുക വിതരണം ചെയ്തതിന് രണ്ട് വർഷങ്ങൾക്ക് ശേഷമാണ്(29.3.17ന്) പ്രസ്തുത ഭൂമിക്ക് നൽകാവുന്ന വിലയെ സംബന്ധിച്ച് താലൂക്ക് തഹസിൽദാറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടു കൊണ്ട് കത്തയച്ചിട്ടുള്ളത്. തഹസിൽദാറുടെ റിപ്പോർട്ടിലെ വിലയേക്കാൾ കൂടിയ വിലയാണ് ഭൂവുടമകൾക്ക് നൽകിയത്.

തൃശ്ശൂർ തഹസിൽദാറുടെ എ8-14004/16/17.8.17 നമ്പർ കത്തിനോടൊപ്പം ലഭ്യമായ, ഭൂമിയുടെ വില നിർണ്ണയപത്രികയിൽ, കിഴക്കെകോട്ട വികസനത്തിനായി ഏറ്റെടുക്കാൻ നിശ്ചയിച്ച ഭൂമിയുടെ തുക, മുൻപ് കളക്ടർ നിശ്ചയിച്ച വിലയേക്കാൾ കുറവാണ്. പ്രസ്തുത വിവരം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപെടുത്തിയതായോ അംഗീകാരം തേടിയതായോ കണ്ടില്ല. കേരളാ മുനിസിപ്പാലിറ്റി ചട്ടങ്ങൾ 2000, (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) റൂൾ 5ഖണ്ഡിക സി പ്രകാരം ഉഭയകക്ഷി ചർച്ചകളിലൂടെ ഏറ്റെടുക്കപ്പെടുന്ന ഭൂമിക്ക് നിശ്ചയിക്കുന്ന വില റവന്യൂ അധികാരികൾ നിശ്ചയിക്കുന്ന വിലയേക്കാൾ അധികരിക്കരുതെന്ന് വ്യവസ്ഥയുണ്ട്. സെന്റിന് 17.5ലക്ഷം വച്ച് തുക നൽകിയതിന് ശേഷം, റവന്യൂ അധികാരികളിൽ നിന്നും വിലയെ സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടതിൽ അനൗചിത്യമുണ്ട്.

താലൂക്ക് തഹസിൽദാർ നിശ്ചയിച്ച വില വിവരം താഴെ ചേർക്കുന്നു.

ജില്ല- തൃശ്ശൂർ

| വില്ലേജ് | സർവ്വെ നം. | നൽകിയ വില 1സെന്റിന് | തഹസിൽദാർ നിശ്ചയിച്ചത് 1സെന്റിന് | അധികം 1സെന്റിന് |
|---|---|---|---|---|
| ചെമ്പൂക്കാവ് | 678/3,678/4, | ₹17,50,000 | ₹11,90,000 | ₹56,000 |

| | | | | |
|---|---|---|---|---|
| | 678/5,679/1 | | | |
| ചെമ്പൂക്കാവ് | 730/9,740/p, 740/25 | ₹17,50,000 | ₹8,50,000 | ₹9,00,000 |
| ചെമ്പൂക്കാവ് | 2261/2,2261/3, 2261/4 | ₹17,50,000 | ₹13,60,000 | ₹3,90,000 |

മേൽപറഞ്ഞപട്ടികയിൽ, ഇതോടൊപ്പംഏറ്റെടുത്ത, {558-(1.17ആർ),559-(0.93ആർ), 3070(0.30ആർ),3072-(0.10ആർ)} എന്നീ സർവ്വെ നമ്പറിൽപ്പെട്ട 6.18സെന്റ് ഭൂമിക്ക് ₹1,75,000 സെന്റ് വില നിശ്ചയിച്ച് മൊത്തം ₹1,08,15,000യും 2.37സെന്റ് ഭൂമിക്ക് ₹41,47,500യുമാണ് ഉടമസ്ഥർക്ക് നൽകിയത്. ഇക്കാര്യത്തിൽ നഗരസഭയ്ക്ക് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടിയായി, ടി സർവ്വെ നമ്പറുകളിലുള്ള ഭൂമിയുടെ ഏറ്റെടുക്കലും ധനവിനിമയവും കഴിഞ്ഞതിന് ശേഷമാണ് താലൂക്ക് തഹസിൽദാറിനോട് ന്യായവില നിശ്ചയിച്ചു തരുവാൻ ആവശ്യപ്പെട്ട് കത്തയച്ചിട്ടുള്ളത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. താഴെ ചേർത്ത പട്ടികയിലെ ഭൂവുടമകൾക്ക് അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള വൗച്ചറുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ, അവരിൽ നിന്നും നഗരസഭ ഭൂമി തീറ് വാങ്ങിയതിന്റെ രേഖകൾ പരിശോധിച്ചതിലും ഒരു സെന്റിന് നിശ്ചയിച്ച വില എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും (അന്വേഷണക്കുറിപ്പ് നം.94/11.11/19) കോർപ്പറേഷൻ അവരുമായി വില നിശ്ചയിച്ച് കരാർ വച്ചിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചത്. കളക്ടർ,റവന്യൂ അധികാരികൾ, വ്യാപാരികൾ എന്നിവരുടെ സാന്നിധ്യത്തിൽ ഭൂമിക്ക് നൽകാവുന്ന വില നിശ്ചയിച്ച്, പണം നൽകുകയും, ബദലായി ഭൂമിയുടെ ഉടമസ്ഥാവകാശം കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ മാറ്റി നൽകിയിട്ടുമുണ്ട്.

കോർപ്പറേഷനിൽ നിന്നും വസ്തു ഉടമകൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര് | വൗച്ചർ നം. | തുക |
|---|---|---|---|
| 1<br>2<br>3 | മർസോക്ക് മുതൽപേർ<br>എ.കെ അബ്ദുൾവഹാബ് മുതൽപേർ<br>ഷിബു കെ മുഹമ്മദ് മുതൽപേർ | 21406528/28.2.15<br>21406526/28.2.15<br>21406524/28.2.15<br>(6.18സെന്റ്) | ₹32,44,500<br>₹48,66,750<br>₹27,03,750<br>--------------<br>₹10,81,50,00 |
| 4 | എ കെ അബ്ദുൾഅസീസ് മുതൽപേർ | 21406527/28.2.15<br>(2.37സെന്റ്) | ₹4,14,75,00 |
| 4 | ബി വിജയകുമാർ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | 21406525/28.2.15 | ₹12,37,500 |
| | | ആകെ | **₹1,62,000,00** |

രണ്ടാം ഘട്ടം സ്ഥലം ഏറ്റെടുക്കുന്നതിന് 16.3.18ന് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് ഭരണസമിതിയുടെ 1/17.3.18 നമ്പറായി അനുമതി നൽകി. താഴെ ചേർത്തിട്ടുള്ള ഭൂവുടമസ്ഥർ നഗരസഭയുമായി കരാർ ചമച്ചിട്ടുണ്ട്. വികസനത്തിനായി ഏറ്റെടുക്കാൻ ഉദ്ദേശിച്ച ഭൂമി മുൻകൂറായി കൈവശം വാങ്ങുന്നതിന് അച്ചടിച്ച് തയ്യാറാക്കിയ എഗ്രിമെന്റിൽ, ഒരു സെന്റിന് 17.5ലക്ഷം രൂപ വില നിശ്ചയിച്ചാണ് ഭൂമി ഏറ്റെടുക്കുന്നതെന്ന് കറുത്ത മഷി ഉപയോഗിച്ച് പിന്നീട് എഴുതി ചേർത്തതായാണ് കാണുന്നത്. ഇത്തരത്തിൽ കൂട്ടി ചേർത്തത് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതായി കണ്ടില്ല. പട്ടികയിൽ ചേർത്തിട്ടുള്ള സർവ്വെ നമ്പറുകളുടെ ഉടമസ്ഥർ 10.8.15നാണ് കരാറുകൾ ഒപ്പ് വച്ചിട്ടുള്ളത്. എഗ്രിമെന്റ് തയ്യാറാക്കുമ്പോൾ ഭൂമിക്ക് നിശ്ചയിച്ച വില കരാറിൽ ചേർക്കുവാൻ വിട്ടുപോയി എന്നും അതിനാൽ പിന്നീട് എഴുതി ചേർത്തതാണെന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടുള്ളത്. കരാറിൽ ചേർക്കേണ്ട പ്രധാന വിഷയമാണ് ഭൂമിക്ക് നിശ്ചയിച്ച വില. ആയത് ചേർക്കാൻ വിട്ടുപോയെന്നുള്ളത് രേഖകൾ തയ്യാറാക്കുന്നതിലെ അലംഭാവമായി ഓഡിറ്റ് വിലയിരുത്തുന്നു.

| ക്രമ നം. | പേര് | സർവ്വെ നം. | വിസ്തൃതി | നൽകിയ തുക |
|---|---|---|---|---|
| 1 | വറുതുട്ടി വറീത് മക്കൾ | 740/ഭാഗം | 0.93സെന്റ് | തുക നൽകിയിട്ടില്ല. |
| 2 | തങ്കമണി പീറ്റർ, കിഴക്കുംപുറം | 678/5, 2261/2, | 1.42 സെന്റ് | തുക നൽകിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 3 | റോസമ്മ പോൾ,ചാലിശ്ശേരി | 678/3, 678/4, 679/1, 2261/3, 2261/4 | 2.25സെന്റ് | ₹39,37,500 28.2.19 |
| 4 | പൈലോത് എന്ന പോൾ,എരിഞ്ഞേരി, പ്രവീൺ ലാൽ വിൻസെന്റ് | 739/ഭാഗം, 740/ഭാഗം | 2.775 സെന്റ് | തുക നൽകിയിട്ടില്ല. |
| 5 | ആധാരം തയ്യാറാക്കുന്നതിന് വി ടി അജയകുമാറിന് മുൻകൂർ | | 21804311/ 22.3.19 | ₹4,01,390 |

ഇ4-72457/14/1.12.14നമ്പർ കത്തിൽ, തർക്കത്തിൽ കിടക്കുന്ന മറ്റ് അഞ്ച് സർവ്വെ നമ്പറുകളിൽപ്പെട്ട (555/1, 557/1, 3066/1, 3070/3, 3070/4 എന്നീ സർവ്വെ നമ്പറുകൾ) 6.07 സെന്റ് ഭൂമിക്ക് വില നൽകുന്നതിന് മുൻപായി, ഭൂമി നഗരസഭയ്ക്ക് സറണ്ടർ ചെയ്തതായി രേഖപ്പെടുത്തിയ കാലയളവിൽ ഉടമസ്ഥതയിലുണ്ടായിരുന്നവർ ഏതെങ്കിലും രീതിയിലുള്ള നിർമ്മാണ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോയെന്നും ആയതിന് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ കൈപറ്റിയിട്ടുണ്ടോയെന്നും പരിശോധിച്ച്, ആനുകൂല്യം ലഭിച്ചിട്ടുള്ളവർക്ക് വീണ്ടും ഭൂമിയുടെ വില നൽകേണ്ടതില്ലെന്നും കളക്ടർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഭരണസമിതിയുടെ 52/22.12.14 നമ്പർ തീരുമാന പ്രകാരം ടി വിഷയം പരിശോധിച്ച് റിപ്പോർട്ടാക്കുന്നതിന് കോർപ്പറേഷൻ എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ലാത്തതിനാൽ പരിശോധിക്കാനായിട്ടില്ല. ടി റിപ്പോർട്ട് ലഭ്യമല്ലെന്നാണ് അന്വേഷണക്കുറിപ്പിനും മറുപടി നൽകിയിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് 6.07സെന്റ് ഭൂമി ഏറ്റെടുത്തതിന്റെ രേഖകൾ,മേൽപറഞ്ഞ അഞ്ച് സർവ്വെ നമ്പറിലുള്ള ഭൂമിയുടെ ഉടമസ്ഥർക്ക് സ്ഥലത്തിന് അനുസൃതമായി വില നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ, അതോടൊപ്പം, ഏറ്റെടുത്ത ഭൂമിയിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ എന്നിവയൊന്നും തന്നെ ഫയലിൽ ലഭ്യമല്ല.

ഭരണസമിതിയുടെ 23.7.15ലെ 168ാം നം. തീരുമാന പ്രകാരം, സെന്റിന് ₹17,50,000 നിരക്കിൽ ഉടമസ്ഥർക്ക് വില നൽകുവാനും, 31.3.16ന് മുൻപായി തുക കൊടുക്കുവാനും തീരുമാനിച്ചിരുന്നു. അതിന് ശേഷം ഭരണസമിതിയുടെ 1/1.11.17 നമ്പർ യോഗത്തിൽ മുൻപെടുത്ത തീരുമാനം മാറ്റി തൃശ്ശൂർ താലൂക്ക് തഹസിൽദാർ നിശ്ചയിച്ച വില നൽകി ഭൂമി ഏറ്റെടുക്കുവാനാണ് തീരുമാനിച്ചത്.
ഈ സാഹചര്യത്തിൽ,ചാലിശ്ശേരി പോൾ ഭാര്യ റോസമ്മ പോൾ, ടിയാൾക്ക് 10.7.15ലെ കളക്ടറുടെ സാന്നിധ്യത്തിൽ നിശ്ചയിച്ച നിരക്കിൽ വില ലഭിക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയിൽ കേസ് ഫയൽ ചെയ്തു. കൗൺസിലിന്റെ രണ്ട് വ്യത്യസ്തമായ തീരുമാനം ആധാരമാക്കി നഗരസഭ, കോടതിയുടെ മുന്നിൽ വിഷയം അവതരിപ്പിച്ചിരുന്നോയെന്ന് വ്യക്തമല്ല. കോടതിവിധിയുടെ പകർപ്പ് (ഡബ്ല്യുഎ നം.-711/2018) പരിശോധിച്ചതിൽ, ഭൂമി മുൻകൂറായി ഉടമസ്ഥരിൽ നിന്നും ഏറ്റെടുക്കുന്നതിന് മുൻപ്, റവന്യൂ അധികാരികളുമായി ചർച്ച നടത്തുകയും കളക്ടറും ആർ.ഡി.ഒയും സന്നിഹിതരായിരുന്ന മീറ്റിംഗിൽ കൃത്യമായ വില നിർണ്ണയം ഉറപ്പ് വരുത്തുകയും ചെയ്യേണ്ടിയിരുന്നുവെന്നും ഭൂമി ഏറ്റെടുത്ത് റോഡ് വികസിപ്പിച്ചതിന് ശേഷം പ്രസ്തുത മീറ്റിംഗിൽ നിശ്ചയിച്ച വില നൽകില്ലെന്ന് പറയാനാവില്ലെന്നും കോടതി അഭിപ്രായപ്പെട്ടു. ഭൂമി ഏറ്റെടുത്തതിന് ശേഷം റവന്യൂ അധികാരികളോട് വിലനിർണ്ണയ വിവരങ്ങൾ ആരാഞ്ഞത് ശരിയായ നടപടിക്രമമല്ല. കൃത്യമായ നടപടിക്രമങ്ങൾ പാലിക്കാതിരുന്നതിനാൽ സ്ഥലം ഏറ്റെടുത്ത പ്രവൃത്തിയിൽ കോർപ്പറേഷന് നഷ്ടം വന്നു.

മാർ യോഹന്നാൻ മംദ്ദാന ചർച്ച് (5.2സെന്റ്), കാൽദിയൻ സിറിയൻ ചർച്ച് (1.1സെന്റ്) എന്ന തോതിൽ അഞ്ച് മീറ്റർ വീതിയിൽ റോഡിന് സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകുകയും ഭരണസമിതി 148/20/20.8.15 തീരുമാന പ്രകാരം സ്ഥലം ഏറ്റെടുക്കുവാൻ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പള്ളി അധികാരികൾക്ക് സ്ഥലത്തിന് അനുസൃതമായി എത്ര വില നൽകി എന്നതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.
പുത്തൻപേട്ട കിഴക്കെ അങ്ങാടിയിൽ താമസിക്കുന്ന ചാലിശ്ശേരി പൈലോത് മകൻ പോൾ ഒപ്പു വച്ച എ371418നമ്പർ മുദ്ര പത്രത്തിലെ കരാർ പ്രകാരം 1.8സെന്റ് ഭൂമിയാണ് നഗരസഭയ്ക്ക് വിട്ടു കൊടുക്കുന്നത്. എന്നാൽ, ടിയാരിയുടെ വിധവ റോസമ്മ പോളിന് 2.25 സെന്റ് ഭൂമിയുടെ വില (2.25x175000) ₹39,37,500നൽകിയിട്ടുണ്ട്. കരാറിൽ ചേർത്ത ഭൂമിക്ക് നൽകേണ്ടതിനേക്കാൾ 0.45സെന്റ് ഭൂമിയുടെ വില അധികമാണ് (₹7,87,500) ടിയാരിക്ക് നൽകിയത്. തഹസിൽദാർ നിശ്ചയിച്ച വിലയ്ക്ക് ശ്രീമതി റോസമ്മ പോളിന്റെ 1.8 സെന്റ് ഭൂമിക്ക് നൽകാവുന്ന വില ₹21,42,000(1.8x11,90,000) മാത്രമാണ്. ഇക്കാര്യം വിശദമാക്കുന്നതിന് ആവശ്യപ്പെട്ടപ്പോൾ, ശ്രീമതി റോസമ്മ പോളിന്റെ ഭൂമി അളന്ന് തിട്ടപ്പെടുത്തി 2.25സെന്റ് ഭൂമി ഉണ്ടെന്ന് ഉറപ്പ് വരുത്തിയാണ് പണം നൽകിയിട്ടുള്ളത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. 2.25സെന്റിനുള്ള ഭൂമിയുടെ തീറ് ആധാരം ചെയ്ത് സെക്രട്ടറിയുടെ പേരിൽ നൽകിയിട്ടുണ്ട്. ടിയാരിയുടെ കൈവശ രേഖകൾ പ്രകാരം എത്ര ഭൂമി സ്വന്തമായുണ്ടെന്നും കൂടുതൽ അളന്ന ഭൂമി പുറമ്പോക്ക് ഭൂമിയാണോയെന്നും പരിശോധിച്ചതായ രേഖകൾ ഫയലില്ല. 2.25സെന്റ് ഭൂമിക്ക് മുഴുവനായും വില നൽകിയതിൽ അപാകതയുണ്ട്. ആയതിന് കൃത്യമായ രേഖകൾ ലഭ്യമാക്കുന്നത് വരെ ശ്രീമതി റോസമ്മ പോളിന് നൽകിയ തുക ₹39,37,500 ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-109 പടിഞ്ഞാറേ കോട്ട ജംഗ്ഷൻ വികസനം - ഭൂമി വാങ്ങൽ - ലക്ഷ്യം കൈവരിച്ചില്ല –വാങ്ങിയ ഭൂമി നിഷ്ക്രിയ

## ആസ്തിയായി കിടക്കുന്നു -₹ 2,50,03,410 ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| ഫയൽ നം. | - | DW6-13281/17 |
| പ്രോജക്ട് നം. | - | 432/18-19 |
| അടങ്കൽ | - | ₹2,21,39,630(വികസന ഫണ്ട്)<br>₹29,60,370(തനത് ഫണ്ട്) |
| ആകെ | - | ₹2,51,00,000 |
| ചെലവ് | - | ₹2,50,03,410 |
| നിർവഹണം | - | സെക്രട്ടറി |

പടിഞ്ഞാറേ കോട്ട ജംഗ്ഷന്റെ വികസനവുമായി ബന്ധപ്പെട്ട് അയ്യന്തോൾ വില്ലേജിൽ സർവ്വെ നം. 888/4, 888/4Pയിൽ ഉൾപ്പെട്ട 4 ആർ 34 ചതുരശ്ര മീറ്റർ സ്ഥലം ഉഭയസമ്മതപത്രപ്രകാരം ന്യായവില നൽകി ഏറ്റെടുക്കുന്നതിന് 30.10.2017ൽ മേയറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തു. ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിനായി 18.07.2017ൽ ബഹു. കളക്ടർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ താലൂക്ക് തഹസിൽദാർ ആർ 1ന് ₹51,87,000നിരക്കിൽ ന്യായവില നിശ്ചയിച്ച് നൽകിയിട്ടുണ്ട്. 13.08.2018ലെ 47-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം ഇതിന് അംഗീകാരം നൽകുകയും ചെയ്തു. ടി സ്ഥലം പടിഞ്ഞാറേ കോട്ട ജംഗ്ഷൻ വികസനത്തിന് അനുയോജ്യമാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മേൽ തീരുമാനപ്രകാരം സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട്, ₹2,50,03,410 2018-19 വർഷം ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| സ്റ്റാമ്പ് ഡ്യൂട്ടി | ₹2491830 | ചെക്ക് നം.758106/29.10.18<br>വൗച്ചർ നം.21802291/29.10.18 | തനത് ഫണ്ട് |
| | ₹225117 | ചെക്ക് നം.758120/31.10.18<br>വൗച്ചർ നം.21802330/ 31.10.18 | തനത് ഫണ്ട് |
| | ₹146833 | ചെക്ക് നം.595359/13.02.19<br>വൗച്ചർ നം.21803788/ 13.02.19 | തനത് ഫണ്ട് |
| ആകെ | ₹28,63,780<br>======== | | |
| | ₹83,70,261 | ബിൽ നം. 00736783/ 30.10.18 | പ്ലാൻ ഫണ്ട് |
| | ₹80,00,000 | ബിൽ നം. 00736784/ 30.10.18 | |
| | ₹57,69,369 | ബിൽ നം. 00736786/ 30.10.18<br>(വസ്തു ഉടമകൾക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകി) | |
| ആകെ | ₹2,21,39,630<br>========= | | |
| **ആകെ മൊത്തം** | **₹2,50,03,410**<br>**==========** | | |

പൊതുആവശ്യത്തിന് ഭൂമി വാങ്ങുന്നതിന് 1കോടിരൂപയിൽക്കൂടുതൽ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ സർക്കാരിന്റെ അനുമതി വാങ്ങേണ്ടതാണ്.10-10-2018ന്ഡി.ഡബ്ല്യു.6- 13281/17-ാം നമ്പർ പ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പിന് കത്ത് നൽകിയെങ്കിലും നാളിത് വരെ അനുമതി ലഭിച്ചിട്ടില്ല.

2019-2020 വർഷത്തിലും പ്രസ്തുത പ്രോജക്ടിനായി തുക വകയിരുത്തിയതായി കാണുന്നില്ല. റോഡ് വികസനത്തിനായി ₹2,50,03,410 ചെലവഴിച്ച് ഭൂമി വാങ്ങിയെങ്കിലും, തുടർ പ്രവർത്തനങ്ങൾ നടത്താതെ വാങ്ങിയ സ്ഥലം നിഷ്ക്രിയ ആസ്തിയായി കിടക്കുകയാണ്. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള ₹2,50,03,410 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-110 പാറക്കുളം നവീകരണം -കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം വ്യക്തമാക്കിയിട്ടില്ല

പ്രോജക്റ്റ് നം-69/18, എസ്.ഒ-570/19

അടങ്കൽ-₹4,00,000(വികസന ഫണ്ട്)

ചെലവ്-1)₹2,47,733ബിൽ നം-299360/9.7.2018

2)₹42,404ബിൽ നം973756/21/12/2018
നിർവ്വഹണോദ്യോഗസ്ഥൻ-എക്സി.എഞ്ചിനീയർ

കരാറുകാരൻ-ടോംസ് .കെ.എം.

കരാറുനമ്പർ-618/EE1/17-18/2.3.2018

എം.ബുക്ക് നമ്പർ-129A/17-18

2017-18 വർഷത്തെ വികസനപദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത പാറക്കുളം നവീകരണപദ്ധതിയിലെ ഒരു ഇനമായ എർത്ത് വർക്ക് എസ്കവേഷൻ ബൈ മെക്കാനിക്കൽ മീൻസ് (ഹൈഡ്രോളിക് എസ്കവേറ്റർ)മാനുവൽ മീൻസ് ഓവർ ഏരിയാസ് ഇൻക്ലൂഡിംഗ് ഡിസ്പോസൽ ഓഫ് എക്സ്കവേറ്റഡ് എർത്ത്,ലീഡ് അപ് റ്റു 50m ആൻഡ് ലെഫ്റ്റ്അപ് റ്റു 1.5m ഡിസ്പോസൽ എർത്ത് റ്റുബി ലെവൽഡ് ആൻഡ് നീറ്റ് ലി ഡ്രെസ്സ്ഡ് ആൾ കൈൻഡ് ഓഫ് സോയിൽ എന്ന പ്രവർത്തിയ്ക്കായി 132.50m3 മണ്ണ് 176.58/m3രൂപ നിരക്കിൽ ₹23,396.85 നല്കിയിട്ടുണ്ട്. സ്ഥലപരിശോധനയിൽ പ്രവർത്തനം നിലച്ച ഒരു കരിങ്കൽ ക്വാറി കുളമായി ഉപയോഗിയ്ക്കുന്നതായാണ് കാണപ്പെട്ടത്. ഇപ്രകാരം കരിങ്കൽ ക്വാറിയായതിനാൽ ഇത്രയധികം മണ്ണ് ഇവിടെ ഉണ്ടാകുമോയെന്ന് വ്യക്തമല്ല. കുളത്തിന്റെ ഒരുവശത്ത് ഡ്രെസ്സ്ഡ് കരിങ്കല്ലുപാകി പടവുകൾ പണിതിട്ടുണ്ട്. കുളത്തിൽ നിന്നും കുഴിച്ചെടുത്ത മണ്ണ് അടുത്തുള്ള വിവിധ റോഡുകളിൽ സൈഡ്ഫില്ലിംഗിനായി ഉപയോഗിച്ചുവെന്ന് എം ബുക്കിൽ പേജ് നം-1ൽഅസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത്രയും അളവിലുള്ള മണ്ണ് ഏതൊക്കെയളവിൽ ഏതൊക്കെ റോഡിൽ നിക്ഷേപിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടില്ല.



കുളമായി ഉപയോഗിക്കുന്ന കരിങ്കൽ ക്വാറി

മേൽ അപാകതകൾക്ക് വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഇനത്തിന് ചെലവാക്കിയ ₹23,396.85 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-111 പാറക്കുളം നികത്തി വനിതാ ഹോസ്റ്റൽ പണിയുന്നതിനു കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനു തുക നല്കിയത് - ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശം നാളിതുവരെ നടപ്പാക്കിയിട്ടില്ല

ഫയൽ നം-ഡിഡബ്ല്യൂ7/13887/18

30.05.2018 ൽ കൂടിയ ജനറൽ കമ്മിറ്റിയുടെ മിനുട്ട്സ് പരിശോധനയിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) യുടെ 39-ാമത് റിപ്പോർട്ട് ഖണ്ഡിക 23ന്മേൽ 19.10.2017ലെ സമിതി യോഗം ആരാഞ്ഞ അധികവിവരത്തിൽ തുടർനടപടി സംബന്ധിച്ച് തൃശ്ശൂർ നഗരത്തിൽ ഒരു വനിതാ ഹോസ്റ്റൽ കൂടി വരേണ്ടത് ആവശ്യമാണെന്നും തുടക്കത്തിൽ 50 മുറിയെങ്കിലും സൗകര്യമുള്ള ഒരു നിർമ്മാണപ്രവർത്തനം ഉണ്ടാകണമെന്നും എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്ത അനുബന്ധസൗകര്യങ്ങളും ഉൾപ്പെടെ 30 ദിവസത്തിനകം നടപ്പാക്കണമെന്നും അതിനുള്ള ഉത്തരവാദിത്വം കോർപ്പറേഷൻ സെക്രട്ടറിക്കാണെന്നും 2017 നവംബർ 18-ാം തീയതിയ്ക്കകം കാര്യങ്ങൾ എല്ലാം തീർപ്പാക്കണമെന്നും സമിതി നിർദ്ദേശിച്ചിട്ടുണ്ടെന്നും വിഷയം 30.05.2018 ലെ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ പരിഗണനയ്ക്ക് വയ്ക്കുകയും ആയതിന് പ്രസ്തുത ദിനത്തിലെ 42-ാം തീരുമാനമായി 03.11.2016ലെ 44-ാംനമ്പർ കൗൺസിൽ തീരുമാനം റദ്ദ് ചെയ്യുന്നതിനും തുടർന്ന് നിയമസഭാസമിതിയുടെ പരാമർശങ്ങൾ ഉള്ളതിനാൽ പുതുതായി നിർമ്മിയ്ക്കുന്ന കുടുംബശ്രീ ആസ്ഥാനമന്ദിരത്തിനു മുകളിൽ ഹൗസിംഗ് ബോർഡിനെക്കൊണ്ടു തന്നെ ഷീ ലോഡ്ജ് നിർമ്മിയ്ക്കുന്നതിനും തീരുമാനിച്ചതായും തുടർനടപടികൾക്കായി തൃശ്ശൂർ കോർപ്പറേഷൻ മെമ്പർ സെക്രട്ടറി

സിഡിഎസ്.1 & II കുടുംബശ്രീയെ ചുമതലപ്പെടുത്തിയതായും മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽപരാമർശിച്ച വിഷയം സംബന്ധിച്ച് മിനുട്ട്സിൽ രേഖപ്പെടുത്തിയ കുറിപ്പിൽ തൃശ്ശൂർ നഗരസഭ 1997-98 കാലഘട്ടത്തിൽ നടപ്പാക്കാനുദ്ദേശിച്ചിരുന്ന വനിത ഹോസ്റ്റൽ നിർമ്മാണത്തിന് 10.3.1999 ലെ 5-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നഗരസഭയിലെ 18-ാം വാർഡ് അരണാട്ടുകര പ്രദേശത്തെ പാറക്കുളം നികത്തി വനിതാ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് സംസ്ഥാന ഭവനനിർമ്മാണ ബോർഡിനെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണെന്നും കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പല തവണകളായി സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ₹45,36,159നല്കിയിട്ടുള്ളതാണെന്നും 28.06.2009ന് കെട്ടിടം പണി ആരംഭിക്കാത്തതിനാൽ കെ.എസ്.എച്ച്.ബിയ്ക്ക് കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ കത്ത് നല്കിയിട്ടുള്ളതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.പ്രസ്തുത കുറിപ്പിൽ 05.11.2016ലെ 44-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഹൗസിംഗ് ബോർഡിന് നല്കിയ അഡ്വാൻസ് തുക (പ്രാരംഭ പ്രവൃത്തിയുടെ ചെലവുകൾ കഴിച്ചുള്ള) അടിയന്തിരമായി തിരിച്ചു വാങ്ങാൻ തീരുമാനിച്ചു. 05.12.2016ന് പ്രസ്തുത തീരുമാനം ഹൗസിംഗ് ബോർഡിനെ അറിയിച്ചിട്ടുണ്ടെന്നും 13.06.2017ന് ബഹു.റവന്യു & ഭവന വകുപ്പ് മന്ത്രിയ്ക്കും കെ.എസ്.എച്ച്.ബി ചെയർമാനും പണം തിരികെ കിട്ടുന്നതിന് കത്ത് നല്കുകയും പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് 29.06.2017 ന് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് മന്ത്രിയുടെ ഓഫീസിൽനിന്നും കുറിപ്പ് നല്കിയിരുന്നുവെന്നും കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19)യുടെ 19.10.2017 ലെ തെളിവെടുപ്പ് യോഗത്തിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തൃശ്ശൂർ കോർപ്പറേഷനിൽ നിന്നും കൈപ്പറ്റിയ തുകയും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുപാതിക തുകയും ചേർത്ത് തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിച്ചു നല്കുവാൻ നിർദ്ദേശിച്ചതായി സംസ്ഥാന ഭവന ബോർഡ് സെക്രട്ടറി റിപ്പോർട്ട് ചെയ്യുകയും ആയത് പ്രകാരം തൃശ്ശൂർ നഗരസഭ അധികൃതരുമായി കൂടിയാലോചിച്ചു തുടർ നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം നല്കുകയും ചെയ്തിരുന്നുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.മേൽക്കുറിപ്പിൽ മുകളിൽ പ്രസ്താവിച്ച 19.10.2017ലെ തെളിവെടുപ്പ് യോഗത്തിന്റെ മിനുട്സോ ഉത്തരവുകളോ ലഭ്യമായശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രദേശം തീരുമാനിച്ചു നല്കുവാൻ സാധിക്കുകയുള്ളൂ എന്ന് കോർപ്പറേഷൻ സെക്രട്ടറി കെ.എസ്.എച്ച്.ബിയെ അറിയിച്ചിരുന്നുവെന്നും ടി കമ്മിറ്റിയുടെ 19.10.2017 ലെ തെളിവെടുപ്പ് യോഗതീരുമാനത്തിൽ വ്യക്തത വരുത്തി ബന്ധപ്പെട്ട സമിതി ശുപാർശകൾ ലഭ്യമാക്കി ആയതു പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിനും അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 13.01.2018ലെ എച്ച്.എസ്.ജി.എ1/86/2107 കത്ത് പ്രകാരം കോർപ്പറേഷനെ അറിയിച്ചിട്ടുള്ളതാണ്. നിയമസഭാ സമിതി തീരുമാനം ലഭിക്കാത്തതിനെ തുടർന്ന നിയമസഭാസമിതി മുൻപാകെ നേരിട്ടു ഹാജരായി 7.05.2018ന് ടി തീരുമാനം കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

മേല്പറഞ്ഞ സാഹചര്യത്തിൽ നഗരസഭ സ്വീകരിച്ച തുടർനടപടിയുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. 1995ലെ കേരള മുനിസിപ്പാലിറ്റി(കൗൺസിലിന്റെ യോഗനടപടിക്രമം)ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം കൗൺസിലിന്റെ ഏതൊരു പ്രമേയവും അതു പാസ്സാക്കിയ തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ കൗൺസിലിന്റെ ഈ പ്രത്യേക ആവശ്യത്തിനായി വിളിച്ചുകൂട്ടിയ യോഗത്തിലല്ലാതെയും അനുവദിക്കപ്പെട്ട അംഗസംഖ്യയുടെ പകുതിയിലധികം അംഗങ്ങളുടെ പിന്തുണയോടെയല്ലാതെയും ഭേദഗതി വരുത്തുവാനോ റദ്ദുചെയ്യുവാനോ പാടില്ലാത്തതാണ് എന്നു നിഷ്കർഷിച്ചിട്ടുള്ളത് പാലിക്കാതെ 3.11.2016 ലെ 44-ാം നമ്പർ കൗൺസിൽ തീരുമാനം 30.05.2018ൽ റദ്ദാക്കാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനും ഫയൽ നം-ഡിഡബ്ല്യു7/13887/18 ഓഡിറ്റിന് ഹാജരാക്കേണ്ടതിനും നല്കിയ ഓഡിറ്റ് എൻക്വയറി (നം.116/18-19)യുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ഫയലിൽ അരണാട്ടുകരയിലെ സ്ഥലം മാസ്റ്റർപ്ലാനിലെ പാഡിസ്കീപ്പിൽപെട്ടതായതിനാൽ ചീഫ് ടൗൺപ്ലാനറും ഗവൺമെന്റും അനുമതി നിഷേധിച്ച സാഹചര്യത്തിൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പറവട്ടാനിയിലെ 58സെന്റ് സ്ഥലത്ത് നിർദ്ദിഷ്ടകെട്ടിടം പണിയുന്നതിന് തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.ആയതു പ്രകാരം 2008-09 വർഷം പദ്ധതി വിഹിതമായി ₹46,24,000 വക കൊള്ളിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഭവന ബോർഡ് എഞ്ചിനീയർമാരെക്കൊണ്ടു സ്ഥലം അളപ്പിച്ചപ്പോൾ 48.76സെന്റ് ആണുള്ളതെന്നും ആയതിൻപ്രകാരം അംഗീകരിച്ച സ്കെച്ചും ഹോസ്റ്റലിന്റെ പ്ലാനിനാവശ്യമായ വിവരങ്ങളും നല്കാൻ ബോർഡ് ആവശ്യപ്പെട്ടു.അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മേയറുടെ അദ്ധ്യക്ഷതയിൽ 30.01.2009ൽ ഭവനബോർഡ് പ്രതിനിധികളുമായി ചേർന്ന യോഗത്തിൽ വനിതാഹോസ്റ്റലിനായി 6നില കെട്ടിടം (ജി+5)475-ഓളം ബെഡ്ഡുകൾ ഉൾപ്പെടുത്തി നിർമ്മിക്കുവാൻ തീരുമാനിച്ചു.ഇതിൽ ആദ്യഘട്ടമായി 200ബെഡ്ഡുകൾ ഉൾപ്പെടുത്തി 3 നിലകളും ബാക്കി ഭാഗം രണ്ടാമത്തെ ഘട്ടമായി പൂർത്തിയാക്കുവാനും തീരുമാനിച്ചു.ഇപ്രകാരം ഡിസൈൻ, പ്ലാൻ എന്നിവ തയ്യാറാക്കി സമർപ്പിക്കാൻ ഭവന നിർമ്മാണ ബോർഡിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു.ഇതിന്റെ അടിസ്ഥാനത്തിൽ സൈറ്റ് പ്ലാൻ അംഗീകരിച്ചു നല്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ കോർപ്പറേഷൻ സെക്രട്ടറി ഭവനനിർമ്മാണ ബോർഡ് എഞ്ചിനീയർക്ക് നല്കിയ 26.2.2009ലെ DW7/PW2/ 13887/98-ാംനമ്പർ കത്തിൽ ഹോസ്റ്റൽ പണിയുന്നതിന് 1999ൽ ഭവനനിർമ്മാണബോർഡിനെ ചുമതലപ്പെടുത്തിയതാണ് എന്നും ഇതിനോടകം 45ലക്ഷത്തോളം രൂപ കോർപ്പറേഷൻ നല്കിയിട്ടുള്ളതാണെങ്കിലും നാളിതുവരെ കെട്ടിടം പണി തുടങ്ങിയിട്ടില്ലെന്നും 10.02.2009ന് കോർപ്പറേഷൻ ഓഫീസിൽ കൂടിയ കേരള നിയമസഭാ വിഷയനിർണ്ണയ സമിതി ടി വിഷയം സംബന്ധിച്ച ഫയൽ പരിശോധിക്കുകയും പ്രവൃത്തി ചെയ്യാത്തതിൽ രൂക്ഷവിമർശനം നടത്തി കടുത്ത അതൃപ്തി രേഖപ്പെടുത്തി എന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കെട്ടിടം പണി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും ഇനിയൊരു കാലതാമസമുണ്ടാകുന്നപക്ഷം നഗരസഭയിൽ നിന്നും ഇതുവരെ കൈപ്പറ്റിയ പണം നിശ്ചിത പലിശയടക്കം തിരികെ നഗരസഭയിൽ ഏല്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് എന്നും അറിയിച്ചിട്ടുണ്ട്. 3.3.2009 ലെ ഭവനനിർമ്മാണ

ബോർഡ് എഞ്ചിനീയറുടെ കത്തിൽ പറവട്ടാനിയിലെ സ്ഥലം നാഷണൽഹൈവേയ്ക്ക് വീതി കൂട്ടുന്നതിനുള്ള സ്ഥലം ഉൾപ്പെടുന്നതാണോ എന്നറിയിയ്ക്കാനാവശ്യപ്പെട്ടിരുന്നു. ആയതനുസരിച്ച് പ്രസ്തുത സ്ഥലം എൻ.എച്ച് ബൈപ്പാസിനടുത്താണ് എന്ന കോർപ്പറേഷനിൽ നിന്നും അറിയിച്ചിട്ടുണ്ട്.എന്നാൽ നിലവിൽ ആ സ്ഥലത്തും വനിത ഹോസ്റ്റൽ പണിയുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടില്ല.1997-98 കാലഘട്ടത്തിലെ കെട്ടിടം പണിയ്ക്കാവശ്യമായ സാധനസേവനങ്ങളുടെ നിരക്കും നിലവിലെ നിരക്കും തമ്മിൽ വളരെ അന്തരം ഉള്ളതിനാൽ പുതിയ നിരക്കിലുള്ള എസ്റ്റിമേറ്റും ഭരണാനുമതിയും സാങ്കേതിക അനുമതിയുമുള്ള പുതിയ പ്രോജക്റ്റായി ആവശ്യമെങ്കിൽ പുതിയ എഗ്രിമെന്റ് പ്രകാരം ഹോസ്റ്റൽ പണിയുന്നതിനു നടപടി സ്വീകരിയ്ക്കാവുന്നതാണ്. പഴയ പദ്ധതിയിൽ കെട്ടിടം പണിയ്ക്കായി ഭവനനിർമ്മാണ ബോർഡിന് നല്കിയ തുക സംബന്ധിച്ച വിഷയത്തിൽ നിയമസഭാസമിതി നിർദ്ദേശിച്ച പ്രകാരം നടപടി സ്വീകരിയ്ക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-112 സ്വകാര്യ ഭൂമിയിൽ കോർപ്പറേഷൻ വക നവീകരണം - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം - എസ്.ഒ 573/18,എസ്.ഒ 538/19

ഫയൽ നമ്പർ - 31897/17

അടങ്കൽ - ₹ 2,00,000(വികസനഫണ്ട് എസ് സി പി)

ചെലവ് - ₹ 77,251 ബിൽ നം-31897/25/5/2018

നിർവ്വഹണ ഉദ്യോഗസ്ഥൻ -എക്സിക്യൂട്ടീവ് എഞ്ചിനീയർ-1

കരാറുകാരൻ-ശ്രീ.പി.എൽ.ആന്റണി.67/EE1/17-18

കരാർ നമ്പർ – 67/EE1/17-18
എം.ബുക്ക് – 460 B/16-17

ഡിവിഷൻ 14ലെ എസ് സി കോളനിയിലെ പറവട്ടാനി വായനശാലയുടെ മുറ്റത്ത് വെള്ളക്കെട്ട് ഒഴിവാക്കാനായി ടൈൽ ഇടുന്നതിനും മുറികൾ പെയിന്റ് ചെയ്ത് വൃത്തിയാക്കുന്നതിനും ജനാലയും വാതിലുകളും പെയിന്റ് ചെയ്ത് നവീകരിയ്ക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. ഓഡിറ്റ് ടീം നേരിൽ നടത്തിയ സ്ഥലപരിശോധനയിൽ വായനശാല പ്രവർത്തിയ്ക്കുന്ന കെട്ടിടം തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന ക്ഷേത്രത്തിന്റെ ഓഫീസായി പ്രവർത്തിയ്ക്കുന്നതായും മേൽകെട്ടിടത്തിന്റെ ടെറസ്സിൽ പ്ലാസ്റ്റിക് ഷീറ്റുകൊണ്ട് കെട്ടി മറച്ചതായും തറയിൽ സെറാമിക് ടൈലുകൾ പാകിയിട്ടുള്ളതായും കാണപ്പെട്ടു.പ്രസ്തുതകെട്ടിടം മുനിസിപ്പൽ കോർപ്പറേഷന്റെ അധീനതയിൽ പ്രവർത്തിയ്ക്കുന്നതായോ ഗ്രന്ഥശാലകൗൺസിലിന്റെ രജിസ്ട്രേഷൻ നമ്പർ കെട്ടിടത്തിൽ രേഖപ്പെടുത്തിയോ കണ്ടില്ല. കെട്ടിടത്തിന്റെ ഉടമസ്ഥത തെളിയിയ്ക്കുന്ന രേഖകൾ ഫയലിലോ പ്രോജക്റ്റിലോ ലഭ്യമല്ല. കെട്ടിടത്തിന്റെ ഉടമസ്ഥത തെളിയിയ്ക്കുന്ന രേഖകൾ,കെട്ടിടം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം സ്വകാര്യകെട്ടിടത്തിന് മുനിസിപ്പൽ കോർപ്പറേഷന്റെ ഫണ്ടുപയോഗിച്ച അറ്റകുറ്റപ്പണി നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (170/18,തീയതി.23.12.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്റ്റിനായുള്ള ₹ 77,251 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-113 പറവട്ടാനിയിൽ വെഹിക്കിൾ ഷെഡ്ഡ് നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല;ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം - 824/18,എസ്ഒ540/19

ഫയൽനം - പിഡബ്ല്യു2-36654/18

നിർവ്വഹണോദ്യോഗസ്ഥൻ-എക്സിക്യൂട്ടീവ് എഞ്ചിനീയർ-1

അടങ്കൽ - ₹20,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് - ₹11,17,280ബിൽ നം-126845/18.5.2018

കരാറുകാരന്റെ പേര് - ശ്രീ.ഇ.ജി.സുരേഷ്.

കരാർ നമ്പർ - 22/EE1/17-18 തീയതി-15.12.2018

എം.ബുക്ക് നം - 105D/17-18

2017-18 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ചതും 2018-19 വർഷം പൂർത്തീകരിച്ചതുമായ പദ്ധതിയാണ് പറവട്ടാനിയിൽ വാഹന ഷെഡ്ഡ് നിർമ്മാണം. ആരോഗ്യവിഭാഗത്തിന്റെ,ശുചിത്വം-മാലിന്യസംസ്കരണം മേഖലയിൽപ്പെടുന്ന,മാലിന്യം ശേഖരിയ്ക്കുന്ന വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായാണ് ഈ ഷെഡ്ഡ് നിർമ്മിയ്ക്കാൻ ഉദ്ദേശിച്ചിരുന്നത്.

എന്നാൽ ഷെഡ്ഡ് കരാറുകാർ ഏറ്റെടുത്ത് നടത്തുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ തരം തിരിവിനായി ഉപയോഗിയ്ക്കുന്നതായി നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായി. വാഹനപാർക്കിംഗിന് വേണ്ടി നിർമ്മിച്ച ഷെഡ്ഡ് മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിയ്ക്കുന്നതിന് വിശദീകരണവും പ്രസ്തുത ഷെഡ്ഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നുള്ള വിവരവും ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള ₹ 11,17,280 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-114 ദേശീയ നഗര ഉപജീവന മിഷൻ

<u>ക്യാഷ് ബുക്ക് - അപാകതകൾ</u>

ഓഡിറ്റിന് ഹാജരാക്കിയ ക്യാഷ് ബുക്കിൽ ചെലവുകൾ ചെക്ക് ഇഷ്യൂ രജിസ്റ്റർ മാതൃകയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അലോട്ട്മെന്റുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

അലോട്ട്മെന്റുകൾ ഉൾപ്പെടെയുള്ള എല്ലാ വരവുകളും ചെലവുകളും ക്യാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും ഓരോ മാസാന്ത്യങ്ങളിലും അലോട്ട്മെന്റുകൾ, ബാങ്ക് പലിശ ഉൾപ്പെടെയുള്ള എല്ലാ വരവുകളുടെയും ചെലവുകളുടെയും വിവരങ്ങൾ,നീക്കിയിരിപ്പ് എന്നിവയടങ്ങുന്ന മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതും ക്യാഷ്ബുക്കിലെ നീക്കിയിരിപ്പ് ബാങ്ക് പാസ്സ്ബുക്കിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-115 പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

2022 ഓടുകൂടി എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ 2015 മുതൽ 2022 വരെയ്ക്ക് നടപ്പിലാക്കി വരുന്ന പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയ്ക്കായി നഗരസഭ 2018-19 വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

കേന്ദ്ര - സംസ്ഥാന വിഹിതം (അക്കൗണ്ട് നം. 0720101069843, കനറാ ബാങ്ക്)

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ₹6,34,70,723 | ₹10,01,60,537 | ₹16,36,31,260 | ₹7,62,27,600 | ₹8,74,03,660 |

നഗരസഭ പ്ലാൻ ഫണ്ട് വിഹിതം (വികസന ഫണ്ട്)

| പ്രോജക്ട് നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 251(ജനറൽ) | ₹1,00,00,000 | ₹1,00,00,000 |
| 750 (ജനറൽ ) | ₹5,00,00,000 | ₹4,21,04,000 |
| 751 (എസ്.സി) | ₹1,94,,09,500 | ₹1,02,75,500 |

30.11.2019 ലെ കണക്കുകൾ പ്രകാരം പ്രസ്തുത പദ്ധതിയിൽ നാളിതുവരെ 1249 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 437 പേരാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. നിർമ്മാണം പൂർത്തിയാക്കാൻ ബാക്കിയുള്ള 812 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം താഴെ പറയും വിധം വിവിധ ഘട്ടങ്ങളിലാണ്.

ഒന്നാം ഘട്ടം പൂർത്തീകരിച്ചവരുടെ എണ്ണം - 93

രണ്ടാം ഘട്ടം പൂർത്തീകരിച്ചവരുടെ എണ്ണം - 195

മൂന്നാം ഘട്ടം പൂർത്തീകരിച്ചവരുടെ എണ്ണം - 524

ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകി ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ.ഉ (സാധാ) നം. 1222/2016/തസ്വഭവ തീയതി. 08.03.2016 നമ്പർ ഉത്തരവ് പ്രകാരം പി.എം.എ.വൈ പദ്ധതിയ്ക്കായി വകയിരുത്തുന്ന നഗരസഭാ വിഹിതം ഡി.പി.സി അനുമതി ലഭിക്കുന്ന മുറയ്ക്ക് വികസനഫണ്ടിൽ നിന്നും പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെ അക്കൗണ്ടിലേക്ക് മുൻകൂറായി മാറ്റാവുന്നതാണ്. എന്നാൽ 2018-19 വർഷത്തെ പി.എം.എ.വൈ

പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നഗരസഭാ വിഹിതം,മേൽ പരാമർശിച്ച പ്രകാരം അക്കൗണ്ടിലേക്ക് മുൻകൂറായി മാറ്റുന്നതിന് പകരം ട്രഷറി ബില്ല് മുഖേന നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുകയാണ് ചെയ്തിരിക്കുന്നത്. ബാങ്ക്അക്കൗണ്ട് വഴിയും ട്രഷറി വഴിയും ചെലവ് നടത്തുന്നതിനാൽ കേന്ദ്ര- സംസ്ഥാന വിഹിതവും നഗരസഭാ വിഹിതവും ആനുപാതികമായി ചെലവഴിക്കുന്നതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്താൻ കഴിയുന്നില്ല. കൂടാതെ തൻവർഷം നഗരസഭയ്ക്ക് ലഭിച്ച പ്ലാൻഫണ്ട് മുഴുവൻ പിൻവലിച്ച് ചെലവഴിച്ചിട്ടില്ല. ഇതു മൂലം ചെലവഴിക്കാതെ അവശേഷിച്ച തുക ലാപ്സായി പോവുകയും അടുത്ത വർഷം സ്പിൽ ഓവർ ആയി വരുമ്പോൾ ഈയിനത്തിലേക്ക് ആ വർഷവും തുക വകയിരുത്തേണ്ടി വരുകയും ചെയ്യുന്നു. അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-116 2018-19- അമൃത് പദ്ധതി, അപാകതകൾ - ഓഡിറ്റ് നിരീക്ഷണങ്ങൾ

2015-2016 മുതൽ 2019-2020 വരെയുള്ള സാമ്പത്തിക വർഷത്തിൽ കേന്ദ്ര സഹായത്തോടെ അഞ്ച് വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് **അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ** അഥവാ **അമൃത്**. 50000 കോടി രൂപയാണ് കേന്ദ്രം ഇതിനായി മാറ്റി വച്ചിട്ടുള്ളത്. കേരളത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നഗരസഭകളിൽ തൃശ്ശൂർ കോർപ്പറേഷനും ഉൾപ്പെടുന്നു. ഇതിനായി, മൊത്തം ചെലവ് വരുന്ന തുകയുടെ 50% തുക കേന്ദ്ര ഫണ്ടിൽ നിന്നും ലഭ്യമാക്കുമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ശേഷം വരുന്ന 50% തുകയിൽ 30% സംസ്ഥാനവും 20% അതത് തദ്ദേശ നഗരകാര്യ വിഭാഗവുമാണ് വഹിക്കേണ്ടത്.കേന്ദ്ര വിഹിതം മൂന്ന് തവണകളായി 20:40:40 എന്ന അനുപാതത്തിൽ പദ്ധതിയുടെ നടത്തിപ്പിന്റെ പുരോഗതി അനുസരിച്ച് കേന്ദ്രത്തിൽ നിന്നും ലഭ്യമാകും. 2015ജൂൺ മാസത്തിൽ പദ്ധതിക്ക് തുടക്കമിട്ടെങ്കിലും സൈറ്റ് പരിശോധിച്ച്, പ്രൊജക്ടുകൾ തയ്യാറാക്കി, പ്രവൃത്തിയുടെ ആരംഭം കുറിച്ചത് 2016-17കാലയളവിലാണെന്ന് ഫയലുകളിലെ രേഖപ്പെടുത്തലുകളിൽ നിന്നും വ്യക്തമാവുന്നു.

അഞ്ച് പ്രധാന കാര്യങ്ങൾക്കാണ് പദ്ധതിയിൽ മുൻതൂക്കം നൽകിയിട്ടുള്ളത്.

1. നഗരത്തിലെ ജലസംഭരണികളെല്ലാം നവീകരിച്ച്, നിലവിലുള്ള പഴയ പൈപ്പുകളും വിതരണ ശൃംഖലകളും മാറ്റി പുതിയ മെച്ചപ്പെട്ട സംവിധാനമൊരുക്കുകയും എല്ലാ വീടുകളിലേക്കും ശുദ്ധജലം എത്തിക്കുകയും ചെയ്യൽ.

2. നഗരങ്ങളിലെ പച്ചപ്പ് നിലനിർത്തി കൊണ്ട് തന്നെ വികസനം നടപ്പിലാക്കുക, മരങ്ങൾ വച്ചു പിടിപ്പിക്കൽ, പുൽത്തകിടികളും പാർക്കുകളും നിർമ്മിക്കൽ.

3. പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തൽ, സൈക്കിൾപാതകളും പ്രധാന റോഡരികുകളിൽ നടപ്പാതകളും നിർമ്മിച്ച്, ജനങ്ങൾക്ക് യാത്രക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുക. വായു മലിനീകരണം കുറയ്ക്കുക.

4. കാനകളും തോടുകളും വൃത്തിയാക്കുകയും ഓരോ വീടുകളിൽ നിന്നുമുള്ള മലിനജലം യഥാവിധി ഒഴുക്കി കളഞ്ഞ് നഗരം മാലിന്യമുക്തമാക്കൽ.

5. മഴവെള്ളം റോഡുകളിലും നഗരത്തിലും കെട്ടിക്കിടക്കാതെ നഗരത്തെ സംരക്ഷിക്കൽ.

അഞ്ച് സെക്ടറുകൾക്കായി 121 പ്രൊജക്ടുകൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. തൃശ്ശൂർ കോർപ്പറേഷന്റെ വിസ്തൃതി 101.42 ച.കിമീറ്ററാണ്.നിലവിൽ 55 വാർഡുകളായി തിരിച്ചിട്ടുണ്ട്. കോർപ്പറേഷൻ തയ്യാറാക്കിയ ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് (DPR)പ്രകാരം 396കി.മീ ഡ്രെയിനേജ് സിസ്റ്റമുണ്ട്. ഇതിൽ 61കിലോമീറ്ററോളം പ്രകൃതിദത്തമായ കനാലുകളാണ്.കൊക്കാല, കണ്ടുവാറ, പഞ്ചിക്കൽ എന്നീ തോടുകളിൽ കൂടി ചേറ്റുപുഴ കനാലിൽ ചെന്ന് ചേരുന്ന മഴവെള്ളം പിന്നീട്, കനോലി കനാലിലൂടെ അറബിക്കടലിലെത്തുന്നു. നഗരത്തിലെ ഡ്രൈനേജ് സംവിധാനം കുറ്റമറ്റതാക്കി, കനാലുകളിലെ മഴവെള്ളത്തിന്റെയും മലിനജലത്തിന്റെയും ഒഴുക്കിന് തടസ്സമില്ലാതാക്കി, അടിഞ്ഞു കൂടിയ മണ്ണും മാലിന്യങ്ങളും ചേറും യഥാസമയം നീക്കം ചെയ്ത്, മഴവെള്ളത്തിന്റെ ഒഴുക്ക് സുഗമമാണെന്ന് ഉറപ്പ് വരുത്തി റോഡുകളിലും ജനവാസപ്രദേശങ്ങളിലും വെള്ളക്കെട്ടില്ലാതാക്കുക യെന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്.

(1) പ്രകൃതിദത്തമായ ഈ മൂന്ന് വലിയ തോടുകളിൽ നിന്നും പായലും ചേറും വാരി വൃത്തിയാക്കുവാനോ മഴവെള്ളം സുഗമമായി ഒഴുക്കി വിടാനോ പദ്ധതിയിൽ പ്രത്യേക പരിഗണന നൽകിയിട്ടില്ല.

(2) കോർപ്പറേഷൻ പരിധിയിൽ തന്നെയുള്ള ശുദ്ധജല ഉപയോഗത്തിന് പഴയ പൈപ്പുകളും ജലവിതരണ ശൃംഖലകളും മാറ്റി അനുയോജ്യമായ പുതിയ പൈപ്പുകളും ടാങ്കുകളും ഒരുക്കി ശുദ്ധീകരിച്ച വെള്ളം നഗരത്തിൽ വിതരണം ചെയ്യുക എന്നത് മറ്റൊരു ലക്ഷ്യമാകുന്നു. 2015 സെപ്റ്റംബറിൽ തുടക്കമിട്ടെങ്കിലും 2018-19 സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും കുടിവെള്ള പദ്ധതികളിലധികവും ജലസംഭരണികളുടെ നിർമ്മാണം, പുതിയ പൈപ്പ് ലൈൻശൃംഖല സ്ഥാപനം എന്നിവ പാതി വഴിയിൽ ഇനിയും പൂർണ്ണമാവാതെ തുടരുന്നു.

അമൃത് പദ്ധതിക്ക് വേണ്ടിയുള്ള ധനനിക്ഷേപത്തിനായി സെക്രട്ടറിയുടെ പേരിൽ ശക്തൻസ്റ്റാന്റിലുള്ള യൂണിയൻ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.(അക്കൗണ്ട് നം.-338902010025262) 2015 ജൂണിൽ തുടക്കമിട്ടെങ്കിലും 2017-18 വർഷത്തിലാണ് പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളത്. 2015 ജൂൺ മുതൽ 31.3.19 വരെയുള്ള വരവു ചെലവുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| ക്രമ നം. | തീയതി | വരവ് തുക | ചെലവ് തുക |
|---|---|---|---|

| | | | |
|---|---|---|---|
| | മുതൽ - വരെ | | |
| 1 | 6/2015 - 31.3.16 | ഇല്ല | ഇല്ല |
| 2 | 1.4.16 – 31.3.17 | ₹1,92,49,773 | ₹60 |
| 3 | 1.4.17 - 31.3.18 | ₹10,84,08,034 | ₹43,69,555.17 |
| 4 | 1.4.18 - 31.3.19 | ₹22,30,62,880 | ₹16,42,25,949.78 |
| 5 | ആകെ | ₹35,07,20,687 | ₹16,85,95,564 |

2018-19 സാമ്പത്തിക വർഷം അവസാനിക്കുന്നത് വരെ ലഭിച്ച തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിവിഹിതത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ലഭിച്ച തീയതി | വിവരണം | തുക |
|---|---|---|---|
| 1 | 04/07/2016 | ULB- പ്ലാൻ ഫണ്ട് | 1.4709413കോടി |
| 2 | 23.01.2018 | ULB- പ്ലാൻ ഫണ്ട് | 1.00കോടി |
| 3 | 11.02.2018 | പ്ലാൻ ഫണ്ടിൽ നിന്നും മുൻകൂർ ലോൺ-15%, കുടിവെള്ളം,മാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്ക് | 6.49കോടി |
| 4 | 21.02.2018 | ULB- പ്ലാൻ ഫണ്ട് | 3.6744028കോടി |
| 5 | 02.11.2018 | കേന്ദ്ര റിഫോംസ് ഇൻസെന്റീവ് ,ULBഷെയർ ആയി ഉപയോഗിച്ചത്. | 1കോടി |
| | | ആകെ | 13.6353441കോടി |

കോർപ്പറേഷന്റെ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ലഭിച്ച രേഖകൾ പ്രകാരം, മുകളിൽ പറഞ്ഞ അഞ്ച് ലക്ഷ്യങ്ങൾ പ്രാപ്തമാക്കുന്ന തിന് വേണ്ടി 121 പ്രൊജക്ടുകളാണ് കോർപ്പറേഷൻ തയ്യാറാക്കിയത്. പദ്ധതികളുടെ 31.3.19 വരെയുള്ള പുരോഗതിയും താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് എണ്ണം | ഭരണാനുമതി ലഭിച്ചത്. തുക | സാങ്കേതികാനുമതി ലഭിച്ചത്. തുക | പ്രവൃത്തി തുടങ്ങിയത് എണ്ണം/ തുക | പൂർത്തീകരിച്ച പ്രവൃത്തി/ നൽകിയ തുക |
|---|---|---|---|---|---|
| 1 | **20** കുടിവെള്ളം | 20 എണ്ണം 136.17കോടി | 19 130.02കോടി | 15 118.81കോടി | 2 38.9058കോടി |
| 2 | **3,** സീവേജ് സെപ്റ്റേജ് | 3എണ്ണം 60.42കോടി | 3 52.92കോടി | ഇല്ല | ഇല്ല |
| 3 | **69,**മഴ വെള്ളച്ചാലുകൾ | 69എണ്ണം 45.96കോടി | 69 41.66കോടി | 22 19.32കോടി | 35 11.1732കോടി |
| 4 | **23,**കാൽനടപ്പാത, സൈക്കൾ പാത | 23എണ്ണം 19.18 കോടി | 23 13.99 | 07 8.68കോടി | 0 |
| 5 | **6,** പച്ചപ്പുകൾ മരങ്ങൾ പാർക്കുകൾ | 6എണ്ണം 4.89കോടി | 6എണ്ണം 4.56കോടി | 2 2.95കോടി | 2 0.384കോടി |

| | | | | | |
|---|---|---|---|---|---|
| ആകെ | **121 പ്രൊജക്ടുകൾ** | **121** | 120<br>243.15കോടി | 48<br>149.76കോടി | 39<br>**50.463കോടി** |

243.15കോടി രൂപയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ വിവിധ പദ്ധതികളുടെ നടത്തിപ്പിലുള്ള കാലവിളംബം മൂലം **50.463കോടി** രൂപയുടെ പ്രവൃത്തി മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. കഴിഞ്ഞ വർഷം (2017-18) ആകെ 34 പദ്ധതികൾ ആരംഭിച്ചപ്പോൾ 2018-19 വർഷത്തിൽ അഞ്ച് എണ്ണവും ആകെ നടപ്പിലാക്കിയ പദ്ധതികൾ (34+5) 39എണ്ണവുമാണ്. അഞ്ച് പ്രൊജക്ടുകളൊഴികെ ബാക്കിയെല്ലാം കഴിഞ്ഞ വർഷത്തെ പ്രവൃത്തികളുടെ തുടർച്ച മാത്രമാണ് ഈ വർഷം നടന്ന് വരുന്നതെന്നും 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക (3-62)കൂടി കണക്കിലെടുത്താൽ വ്യക്തമാവുന്നു. ഇതിൽ,പാർക്ക് നവീകരണം എന്ന മേഖലയിൽ ഉൾപ്പെടുന്ന 2 പ്രൊജക്ടുകൾ ഭൗതികമായി ചെയ്ത് തീർത്തിട്ടുണ്ടെങ്കിലും കരാറുകാരന് തുക പൂർണ്ണമായും കൊടുത്ത് തീർത്തിട്ടില്ല. എന്നാൽ, തീർപ്പാക്കിയ പ്രൊജക്ടുകൾക്കൊപ്പമാണ് ഇവ കണക്കാക്കിയിട്ടുള്ളത്. ചെലവ് പത്രികകൾ പ്രകാരം 792/18 നം. പ്രൊജക്ടിൽ അമൃത് പദ്ധതിക്കായി വകയിരുത്തിയത് ₹4,87,83,548 ആണെങ്കിലും ടി തുക ഉപയോഗിച്ചിട്ടില്ല. നിലവിൽ, നടപ്പിലാക്കുന്ന പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

**1-116-1. റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് അടവാക്കിയതിൽ അപാകത**

അടങ്കൽ – 8കോടി

ഫയൽ പിഡബ്ല്യു 5- 50964/18
ഭരണാനുമതി ജിഒ (ആർടി)3530/17/lsgd/2.11.17

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ കുട്ടനെല്ലൂരിൽ 5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണിയുടെ നിർമ്മാണത്തിനും 5കി.മീ.വരെ ജല വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. റോഡ് വെട്ടിപ്പൊളിച്ച് പൈപ്പ് സ്ഥാപിക്കുന്നതിന് കട്ടിംഗ് അനുമതി ലഭിക്കുവാൻ പൊതുമരാമത്ത് വകുപ്പിലേക്ക് നൽകുവാനായി ₹9,68,58,00 (എ4-3103/18/ 2.8.18/പിഡബ്ല്യുഡി) ചെക്ക് നം. നം.58155842/15.11.18 നാട്ടിക വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ചെക്ക് കൈപറ്റിയതിന്റെ രശീതോ,പിഡബ്ല്യുഡി വകുപ്പിൽ നിന്നും ലഭിച്ച കട്ടിംഗ് അനുമതിയുടെ പകർപ്പോ ഫയലിൽ ലഭ്യമല്ല.ഉക ചലാൻ വഴി പിഡബ്ല്യുഡിയുടെ 8443-00-108-00-00-00-00-പിഡബ്ല്യു-ഡെപ്പോസിറ്റ് എന്ന ശീർഷകത്തിലേക്ക് അടവാക്കുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. തുക അടച്ചതിന്റെ ചലാനും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പിന്നീട്, പിഡബ്ല്യുഡി അസി. എഞ്ചിനീയറുടെ 4.1.2019ലെ ടി-1/2016നം. കത്ത് പ്രകാരം പുതുക്കിയ റീസ്റ്റോറേഷൻ ചാർജ്ജ് ₹3,53,95,200 അടവാക്കുവാൻ പിഡബ്ല്യുഡി ആവശ്യപ്പെട്ടതായി കെഡബ്ല്യുഎ അറിയിക്കുകയും ടി തുകയ്ക്കുള്ള ചെക്ക് നം. 153783/30.3.19 ആയി സെക്രട്ടറി നൽകുകയും ചെയ്തിട്ടുണ്ട്.ചെക്ക് ജലഅതോറിറ്റിയുടെ ബന്ധപ്പെട്ട ഓവർസിയർ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചെക്കുകൾ പിഡബ്ല്യുഡി എക്സി. എഞ്ചിനീയർക്ക് കൈമാറിയതിന്റെ ചലാൻ രശീത്, റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് അടച്ചതിനെ തുടർന്ന് ലഭിക്കേണ്ട കട്ടിംഗ് പെർമിഷന്റെ ഉത്തരവ് എന്നിവ ഫയലിൽ ലഭ്യമല്ല. ആയവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമായില്ല.

**പദ്ധതി നടപ്പിലായിട്ടില്ല.**

മേൽപറഞ്ഞ പദ്ധതിക്ക് താഴെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | തുക |
|---|---|---|
| 1 | 21802659/15.11.18 | ₹96,85,800 |
| 2 | 21804411/04.03.19 | ₹3,53,95,200 |
| | ആകെ | **₹4,50,81,000** |

ജിഒ(ആർടി)3530/17/lsgd/2.11.17 നം. ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പദ്ധതി നാളിത് വരെ പൂർത്തിയാക്കിയിട്ടില്ല. 2017-18 വർഷത്തിൽ 8കോടി രൂപ അടങ്കൽ നിശ്ചയിച്ച പദ്ധതിക്ക് നാലര കോടിയിലധികം ചെലവ് ചെയ്തിട്ടും പദ്ധതി എങ്ങുമെത്താതെ തുടരുന്നു.

**1-116-2 പ്രവൃത്തി പൂർത്തീകരിക്കാത്തതും വിനിയോഗ പത്രിക ഹാജരാക്കാത്തതുമായ പദ്ധതികൾ**

**1. കണ്ണംകുളങ്ങര ചിയ്യാരം പൈപ്പ് ലൈൻ സ്ഥാപിക്കൽ**

ഫയൽ നം. 10837/18/അമൃത്

ഭരണാനുമതി -(ജിഒ ആർടി 1630/2017/ 1.11.17/PWD).

കെഡബ്ല്യുഎ ഡിവിഷൻ, നാട്ടിക,

അടങ്കൽ - 5കോടി

| ക്രമ നം. | തുക ആവശ്യപ്പെട്ട കത്ത് | അടവാക്കിയ ചെക്ക്/തീയതി | തുക |
|---|---|---|---|
| 1 | എ4-1326/18/17.3.18/<br>പിഡബ്ല്യൂഡി റോഡ്സ് | 02118244/27.3.18 | ₹23,50,000 |
| 2 | എ4-3745/17/13.12.17/<br>പിഡബ്ല്യൂഡി റോഡ്സ് | 118258/17.9.18 | ₹21,10,100 |
| 3 | എ4-4573/18/27.10.18/<br>പിഡബ്ല്യൂഡി റോഡ്സ് | 5815542/15.11.18 | ₹90,65,800 |
| | ആകെ | | **₹1,35,25,900** |

15.4.18 ന് മുൻപ് പ്രവൃത്തി പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിലാണ് പ്രൊജക്ട് ആരംഭിച്ചത്. എന്നാൽ നാളിതുവരെ പൂർത്തിയാക്കിയതായി കാണുന്നില്ല.

**2. പഴയ പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കൽ**

ഡബ്ല്യൂഎസ്2 - 21857/18അമൃത്

കെഡബ്ല്യൂഎ ഡിവിഷൻ, തൃശ്ശൂർ

12.95കോടി /6മാസം

| ക്രമ നം. | കെഡബ്ല്യൂ എ റിക്വസ്റ്റ് നം. | തുക | ചെക്ക് നം./തീയതി |
|---|---|---|---|
| 1 | എ1-5011-2015/7/പാർട്ട് 2/30.8.18 | ₹1,68,91,200 | 58155837/29.10.18 |
| 2 | എ1-5011-2015/7/പാർട്ട് 2/24.10.18 | ₹1,06,52,713 +<br>₹1,08,315(പരസ്യചാർജ്ജ്) | 58155841/15.11.18 |
| 3 | എ1-5011-2015/7/പാർട്ട് 2/29.1.19 | ₹1,56,04,545 | 153853/6.2.19 |
| 4 | എ1-5011-2015/7/പാർട്ട് 2/31.10.19 | ₹37,70,924<br>₹1,09,97,682 | 163657/31.10.19<br>163659/31.10.19 |
| | ആകെ നൽകിയത് | **₹5,80,25,379** | |

പ്രൊജക്ടിന്റെ കാലാവധി 6മാസമാണ്. കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കിയതായ രേഖകൾ ഫയലിൽ ലഭ്യമല്ല.

**3. പിച്ചി ജലശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കൽ**

ഡബ്ല്യൂഎസ് 2-27782/18-അമൃത്

അടങ്കൽ -17.3കോടി

കെഡബ്ല്യൂഎ ഡിവിഷൻ നാട്ടിക

| ക്രമ നം. | നൽകിയ തുക | വൗച്ചർ നം./ചെക്ക് നം. | ആവശ്യം |
|---|---|---|---|
| 1 | ₹1,07,622 | 21801681/3.9.18<br>2118257/3.9.18 | സ്ഥലത്തെ മണ്ണ് പരിശോധന |
| 2 | ₹1,08,315 | 21802656/15.11.18 | പത്രപരസ്യ ചാർജ്ജ് |

| | | | |
|---|---|---|---|
| | | 153830/15.11.18 | |
| 3 | ₹4,09,237 | 21802842/3.12.18<br>02153825/3.12.18 | പ്ലാന്റ് സ്ഥാപിക്കുന്ന 0.34 ഹെക്ടർ ഭൂമിയിലെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന്. |
| ആകെ | **₹6,25,174** | | |

28.9.17ന് അനുമതി ലഭിച്ചതിന് ശേഷം 30.1.18നാണ് നാട്ടിക കെഡബ്ല്യുഎ കാര്യാലയവുമായി സംയുക്ത കരാർ ഒപ്പ് വച്ചിട്ടുള്ളത്.നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല.

**4. ആനപ്പാറ വില്ലടം കുടിവെള്ള വിതരണ ശൃംഖല സ്ഥാപിക്കൽ**

പിഡബ്ല്യ5-49509/17 അമൃത്

അടങ്കൽ - 8കോടി

ജി ഒ (ആർ ടി) 3170/17/എൽഎസ്ജിഡി/28.9.17

കെഡബ്ല്യുഎ ഡിവിഷൻ നാട്ടിക

| ക്രമ നം | തുക | ചെക്ക് നം | ഫയൽ നം. | സ്ഥലം |
|---|---|---|---|---|
| 1 | ₹21,30,818 | 51800141/7.4.18 | പിഡബ്ല്യ5-10836/18 | ആനപ്പാറ-വില്ലടം |
| 2 | ₹2,89,300 | | | |
| 3 | ₹10,84,200 | 58/155842/15.11.18 | 21802661 | ആനപ്പാറ-വില്ലടം |
| 4 | ₹98,79,850 | 02/153849/31.1.19 | 21803516 | ചേറൂർ- ആനപ്പാറ |
| 5 | ₹16,28,000 | ചലാൻനം. KL009255306201819M/12.12.18 | | ആനപ്പാറ-<br>വില്ലടം |
| 7 | ₹1,64,34,000 | പ്രൊജക്ട് അഡ്വാൻസ് | | 10ലക്ഷം ലിറ്റർ ജലസംഭരണി |
| 8 | ₹1,66,02,824 | പ്രൊജക്ട് പാർട്ട് ബിൽ | | |
| ആകെ | **₹3,14,46,168** | | | |

ആകെ ₹3,14,46,168 പ്രൊജക്ടിനായി ചെലവാക്കിയിട്ടുണ്ട്. 6മാസത്തെ പദ്ധതിയിൽ ജലസംഭരണി സ്ഥാപിച്ച് കുടിവെള്ള വിതരണ ശൃംഖല പ്രവർത്തനക്ഷമാക്കിയിട്ടില്ല

**5. പീച്ചി റിസർവോയറിൽ ഫ്ലോട്ടിംഗ് ഇൻടേക്ക് സ്ഥാപിക്കൽ**

ഡബ്ല്യുഎസ് 2-45032/18-അമൃത്

അടങ്കൽ - 5കോടി/24മാസം
കെഡബ്ല്യുഎ ഡിവിഷൻ നാട്ടിക

| ക്രമ നം. | പരസ്യം നൽകിയത് | തുക |
|---|---|---|
| 1 | മെ സെമെൻ കമ്മ്യൂണിക്കേഷൻസ് AD/04/010/18-19/25.4.18 | ₹81,144 |
| 2 | വർണ്ണചിത്ര അഡ്വർട്ടൈസിംഗ് GST/67/18/30.4.18 | ₹27,171 |
| | ചെക്ക് നം. 58155841/15.11.18 | **₹1,08,315** |

24മാസമാണ് പ്രൊജക്ടിന്റെ കാലാവധി.2017 നവംബറിൽ ഭരണാനുമതി ലഭിച്ച പദ്ധതി നാളിത് വരെ പൂർത്തീകരിച്ചിട്ടില്ല.

**6. പീച്ചി, 11 കെവി ഡെഡിക്കേറ്റഡ് ഫീഡർ സ്ഥാപിക്കൽ**

ഡബ്ല്യുഎസ് 2-43016/17-അമൃത്

അടങ്കൽ -3.25കോടി
കെഎസ്ഇബി,കോട്ടപ്പുറം
ജിഒ(ആർടി)3530/17/എൽഎസ്ജിഡി/2.11.17

| ചെക്ക് നം | വൗച്ചർ നം | തുക | ആവശ്യം |
|---|---|---|---|
| 02118244/20.4.18 | 21800196/20.4.18 | ₹1,50,00,000 | പീച്ചി 11കെവി ഡെഡിക്കേറ്റഡ് ഫീഡർ സ്ഥാപിക്കുന്നതിന്. |

| | | | |
|---|---|---|---|
| 153785/ 30.3.19 | 21804419/30.3.19 | ₹63,05,200 | 1000കെവിഎ ട്രാൻസ്ഫോർമറിന്റെ വിതരണം,സ്ഥാപനം,ടെസ്റ്റിംഗ് ഉൾപ്പെടെ പാർട്ട് ബിൽ 1 |
| KWA/WWS/TSR/ D6 - 3530/17 | | ₹35,288 | ജലശുദ്ധീകരണ ശാലയുടെ പ്ലാൻ ഡിസൈൻ എസ്റ്റിമേറ്റ് തയ്യാറാക്കൽ |
| ആകെ | | **₹2,13,40,488** | |

പ്രൊജക്ട് പൂർത്തിയാക്കാൻ ആവശ്യമായ സമയം പത്ത് മാസമാണ്.നവംബർ 2017ന് ഭരണാനുമതി ലഭിച്ച പദ്ധതിക്ക് 4/2018ൽ ആദ്യ ഗഡു തുക നൽകിയിട്ടുള്ളതാണ്.എന്നാൽ,നാളിതുവരെ പദ്ധതി പൂർത്തിയായിട്ടില്ല.

**7. കുട്ടനെല്ലൂരിലെ ജലസംഭരണി നിർമ്മാണം**

പിഡബ്ല്യു5-50964/18

ജിഒ(ആർടി) 3530/17//എൽഎസ്ജിഡി/2.11.17

അടങ്കൽ - 8കോടി

കെഡബ്ല്യുഎ ഡിവിഷൻ, നാട്ടിക

| ക്രമ നം | വൗച്ചർ നം. /കത്ത് നം. | തുക |
|---|---|---|
| 1 | 21802659/15.11.18- ഡി3-123/17/6.10.18 | ₹96,85,800 |
| 2 | ചെക്ക് നം. 02/153783/30.3.19 ടി1/2016/4.1.19 | ₹3,53,95,200 |
| | ആകെ | **₹4,50,81,000** |

കുട്ടനെല്ലൂർ ഗവ. കോളേജിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 5ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. എന്നാൽ, പദ്ധതിക്ക് വേണ്ടിയുള്ള സ്ഥലം കോളേജിൽ നിന്നും കോർപ്പറേഷന് കൈമാറിയതായ രേഖകൾ ഫയലിൽ ലഭ്യമല്ല. സംഭരണിയുടെ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുമില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വാണിജ്യകെട്ടിടത്തിനു കംപ്ലീഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചത്-പിഴ ഈടാക്കേണ്ടതാണ്

ഫയൽ നം - R4 DW5 BA49/16-17.

കെട്ടിടനമ്പർ - 1896/1(213/2)

കെട്ടിട ഉടമസ്ഥന്റെ പേര്- മുഹമ്മദ് അഷറഫ് & അബ്ദുൾ റസാക്ക്,

മംഗള അറയ്ക്കൽ കുട്ടിന്റകായിൽ(H), പുതുമനശ്ശേരി, പാവറട്ടി. പി.ഒ.

പൂങ്കുന്നം ഗുരുവായൂർ റോഡിനു അഭിമുഖമായി നില്ക്കുന്ന മൂന്നുനില ടെറസ്സ് കെട്ടിട(വാണിജ്യം)ത്തിന്റെ ബിൽഡിംഗിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നല്കിയതിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

20.2.2018 ന് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നല്കിയിട്ടുള്ള കെട്ടിടത്തിൽ പതിനൊന്ന് കാർപാർക്കിംഗ്, ബേസ് മെന്റിലും ഗ്രൗണ്ട്ഫ്ളോറിലും സൈഡിലുമായി നല്കിയിട്ടുണ്ടെങ്കിലും നേരിൽ സന്ദർശിച്ചപ്പോൾ നിയമപ്രകാരമുള്ള 11കാർപാർക്കിംഗിനും, 40.25m2 ബൈക്ക് പാർക്കിംഗിനും ആവശ്യമായ സ്ഥലം അടയാളപ്പെടുത്തി ഒഴിച്ചിട്ടിട്ടില്ല. ലോഡിംഗ് & അൺലോഡിംഗിനുള്ള 60m2 സ്ഥലവും രേഖപ്പെടുത്തിയിട്ടില്ല. ബേസ്മെന്റ് ഗോഡൗൺ ആയി ഉപയോഗിയ്ക്കുന്നുണ്ട്. വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി ഹാജരാക്കിയ ഫയലിലെ പ്ലാനിൽ ബിൽഡിംഗിന്റെ വലത് സെറ്റ്ബാക്കിൽ ഒരു കാർപാർക്കിംഗ് കാണിച്ചിട്ടുണ്ടെങ്കിലും ആ ഭാഗത്ത് ഒരുകിണർ സ്ഥിതി ചെയ്യുന്നതായി നേരിൽ ബോദ്ധ്യപ്പെട്ടു. കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് കാർ പാർക്കിംഗിനുള്ള സ്ഥലം ഗോഡൗണാക്കിയതിനും, ആവശ്യമായ കാർ പാർക്കിംഗ് സജ്ജമാക്കാത്തതിനും നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്.

ബിൽഡിംഗിൽ ഭിന്നശേഷിക്കാർക്ക് ആവശ്യമായ റാംപിന്റെ കൈവരി, പാർക്കിംഗ്, ബാത്ത്റൂം സൗകര്യം എന്നിവ സ്ഥാപിച്ചിട്ടില്ല. ഓരോ നിലകളിലേയും കാർപ്പെറ്റ് ഏരിയയ്ക്കനുസരിച്ച് ആവശ്യമായ മൂത്രപ്പുരകൾ, വാട്ടർ ക്ലോസറ്റ്, വാഷ്ബേസിൻ എന്നിവ സ്ഥാപിച്ചിട്ടില്ല. ഫയർ & റസ്ക്യൂ സംവിധാനം പൂർണ്ണമല്ല. ഫയർസ്റ്റെയർ അടച്ചുകെട്ടിയതായി കാണുന്നു.

കെട്ടിടത്തിന്റെ വിസ്തൃതിയ്ക്കനുസരിച്ച് (ഒരു ചതുരശ്ര മീറ്ററിന 25ലിറ്റർ എന്ന അനുപാതത്തിൽ) വെള്ളം ശേഖരിയ്ക്കുന്നതിനുള്ള ടാങ്ക്, മഴവെള്ള സംഭരണത്തിനുള്ള ടാങ്കും വെള്ളം മുകളിൽ സംഭരിയ്ക്കുന്നതിനുള്ള മെഷീനും ടാങ്കും തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയതായി കാണുന്നില്ല. മേല്പറഞ്ഞ അപാകതകൾ പരിഹരിയ്ക്കാതെ കെട്ടിടനിർമ്മാണ പൂർത്തീകരണ സാക്ഷ്യപത്രവും കൈവശ സാക്ഷ്യപത്രവും പ്രസ്തുത കെട്ടിടത്തിന അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചതിന ആവശ്യമായ പിഴയായ 33,00,000/-രൂപ(11*3,00,000/-) ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 പെയിൻ & പാലിയേറ്റീവ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മെഡിക്കൽ ഓഫീസറെ നിയമിച്ചു

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന പെയിൻ & പാലിയേറ്റീവ് (പ്രോജക്ട് നമ്പർ. S0012/19) പ്രോജക്ടിന്റെ ഭാഗമായി ഡോ.എമിൽ കിരൺ,ഡോ.രേഷ്മ വേണുഗോപാൽ, ഡോ.അഞ്ജു അലക്സ് എന്നിവരെ മെഡിക്കൽ ഓഫീസറായി നിയമിക്കുകയും അവർക്ക് ടി പ്രോജക്ട് തുകയിൽ നിന്ന് വേതനം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ നമ്പർ (ജി.ഒ(ആർ.ടി) 3217/215/ തസ്വഭവ, തീയതി. 29.11.2017 പ്രകാരം മെഡിക്കൽ ഓഫീസറെ നിയമിച്ച് വേതനം നൽകുന്നതിന് അനുമതിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| മെഡിക്കൽ ഓഫീസറുടെ പേര് | നൽകിയ തുക | ബിൽ നമ്പർ | റിമാർക്സ് |
|---|---|---|---|
| ഡോ.അഞ്ജു അലക്സ് | 39500 | 13/18-19/ 14-06-18 | 2018മാർച്ച് മാസത്തെ ശമ്പളം |
| ഡോ.എമിൽ കിരൺ | 39500 | 13/18-19/ 14-06-18 | 2018 മാർച്ച് മാസത്തെ ശമ്പളം |
| ഡോ.അഞ്ജു അലക്സ് | 38842 | 14/18-19/ 14-06-18 | 2018 ഏപ്രിൽ മാസത്തെ ശമ്പളം |
| ഡോ.എമിൽ കിരൺ | 10533 | 15/18-19 /14-06-18 | 2018 ഏപ്രിൽ മാസത്തെ ശമ്പളം |
| ഡോ.രേഷ്മ വേണുഗോപാൽ | 30581 | 16/18-19 /14-06-18 | 2018 മെയ് മാസത്തെ ശമ്പളം |
| ഡോ.എമിൽ കിരൺ | 33129 | 17/18-19 /14-06-18 | 2018 മെയ് മാസത്തെ ശമ്പളം |
| ഡോ.രേഷ്മ വേണുഗോപാൽ | 39500 | 22/18-19 /23-07-18 | 2018 ജൂൺ മാസത്തെ ശമ്പളം |
| ഡോ.എമിൽ കിരൺ | 39500 | 23/18-19 /23-07-18 | 2018 ജൂൺ മാസത്തെ ശമ്പളം |
| ഡോ.എമിൽ കിരൺ | 31855 | 37/18-19 /14-08-18 | 2018ജൂലായ് മാസത്തെ ശമ്പളം |

| | | | |
|---|---|---|---|
| ഡോ.രേഷ്മ വേണുഗോപാൽ | 39500 | 38/18-19 /14-08-18 | 2018 ജൂലായ് മാസത്തെ ശമ്പളം |
| ഡോ.രേഷ്മ വേണുഗോപാൽ | 39500 | 41/18-19 /17-09-18 | 2018 ആഗസ്റ്റ് മാസത്തെ ശമ്പളം |
| ഡോ.എമിൽ കിരൺ | 31855 | 42/18-19 /17-09-18 | 2018 ആഗസ്റ്റ് മാസത്തെ ശമ്പളം |
| ഡോ.രേഷ്മ വേണുഗോപാൽ | 39500 | 48/18-19 /22-10-18 | 2018 സെപ്റ്റംബർ മാസത്തെ ശമ്പളം |
| ഡോ.എമിൽ കിരൺ | 39500 | 49/18-19 /22-10-18 | 2018 സെപ്റ്റംബർ മാസത്തെ ശമ്പളം |
| ഡോ.എമിൽ കിരൺ | 39500 | 56/18-19/19-11-18 | 2018 ഒക്ടോബർ മാസത്തെ ശമ്പളം |
| ഡോ.രേഷ്മ വേണുഗോപാൽ | 39500 | 57/18-19/19-11-18 | 2018 ഒക്ടോബർ മാസത്തെ ശമ്പളം |
| ഡോ.എമിൽ കിരൺ | 39500 | 64/18-19 /20-12-18 | 2018 നവംബർ മാസത്തെ ശമ്പളം |
| ഡോ.രേഷ്മ വേണുഗോപാൽ | 39500 | 65/18-19 /22-12-18 | 2018 നവംബർ മാസത്തെ ശമ്പളം |
| ഡോ.എമിൽ കിരൺ | 39500 | 69/18-19/17-1-17 | 2018ഡിസംബർ മാസത്തെ ശമ്പളം |
| ഡോ.രേഷ്മ വേണുഗോപാൽ | 39500 | 70/18-19/17-1-19 | 2018ഡിസംബർ മാസത്തെ ശമ്പളം |
| ഡോ.എമിൽ കിരൺ | 39,500 | 74/18-19/19-2-19 | 2019 ജനവരി മാസത്തെ ശമ്പളം |
| ഡോ.എമിൽ കിരൺ | 36,848 | 80/18-19/15-3-19 | 2019 ഫെബ്രുവരി മാസങ്ങളിലെ ശമ്പളം |
| ഡോ.രേഷ്മ വേണുഗോപാൽ | 76,348 | 80/18-19/15-3-19 | 2019 ജനവരി, ഫെബ്രുവരി മാസങ്ങളിലെ ശമ്പളം |
| **ആകെ** | **8,82,491** | | |

മേൽപ്പറഞ്ഞ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.61/09.10.2019)യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മെഡിക്കൽ ഓഫീസർമാരെ നിയമിച്ച് വേതനം നൽകിയതിനാൽ 8,82,491/-രൂപ നിരാകരിക്കുന്നു.

## 3-2 2018-19- അമൃത് പദ്ധതി - അപാകതകൾ

### 3-2-1 റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് അടവാക്കിയതിൽ അപാകത

അടങ്കൽ – 8കോടി

ഫയൽ പിഡബ്ല്യ 5- 50964/18
ഭരണാനുമതി ജി ഒ (ആർ ടി)3530/17/lsgd/2.11.17

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ കുട്ടനെല്ലൂരിൽ 5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണിയുടെ നിർമ്മാണത്തിനും 5കി.മീ.വരെ ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. റോഡ് വെട്ടിപ്പൊളിച്ച് പൈപ്പ് സ്ഥാപിക്കുന്നതിന് കട്ടിംഗ് അനുമതി ലഭിക്കുവാൻ പൊതുമരാമത്ത് വകുപ്പിലേക്ക് നൽകുവാനായി ₹96,85,800 (എ4-3103/18/ 2.8.18/പിഡബ്ല്യുഡി) ചെക്ക് നം. നം.58155842/15.11.18 നാട്ടിക വാട്ടർ അതോറിറ്റിക്ക്

നൽകിയിട്ടുണ്ട്. ചെക്ക് കൈപറ്റിയതിന്റെ രശീതോ, പിഡബ്ല്യുഡി വകുപ്പിൽ നിന്നും ലഭിച്ച കട്ടിംഗ് അനുമതിയുടെ പകർപ്പോ ഫയലിൽ ലഭ്യമല്ല. തുക ചലാൻ വഴി പിഡബ്ല്യുഡിയുടെ 8443-00-108-00-00-00-00-പിഡബ്ല്യു-ഡെപ്പോസിറ്റ് എന്ന ശീർഷകത്തിലേക്ക് അടവാക്കുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. തുക അടച്ചതിന്റെ ചലാനും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പിന്നീട്, പിഡബ്ല്യുഡി അസി. എഞ്ചിനീയറുടെ 4.1.2019ലെ ടി-1/2016നം. കത്ത് പ്രകാരം പുതുക്കിയ റീസ്റ്റോറേഷൻ ചാർജ്ജ് ₹3,53,95,200 അടവാക്കുവാൻ പിഡബ്ല്യുഡി ആവശ്യപ്പെട്ടതായി കെഡബ്ല്യുഎ അറിയിക്കുകയും ടി തുകയ്ക്കുള്ള ചെക്ക് നം. 153783/30.3.19 ആയി സെക്രട്ടറി നൽകുകയും ചെയ്തിട്ടുണ്ട്. ചെക്ക് ജലഅതോറിറ്റിയുടെ ബന്ധപ്പെട്ട ഓവർസിയർ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചെക്കുകൾ പിഡബ്ല്യുഡി എക്സി. എഞ്ചിനീയർക്ക് കൈമാറിയതിന്റെ ചലാൻ രശീത്, റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് അടച്ചതിനെ തുടർന്ന് ലഭിക്കേണ്ട കട്ടിംഗ് പെർമിഷന്റെ ഉത്തരവ് എന്നിവ ഫയലിൽ ലഭ്യമല്ല. ആയവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമായില്ല.

റീസ്റ്റോറേഷൻ നിരക്ക് പുതുക്കിയ തുക നൽകുമ്പോൾ ആദ്യം നൽകിയ ₹96,85,800 കഴിച്ചുള്ള തുക ₹2,57,09,400(35395200-9685800) നൽകേണ്ടതിന് പകരം മുഴുവൻ തുകയും നൽകിയതിൽ അപാകത കാണുന്നു. പിഡബ്ല്യുഡി അസി. എഞ്ചിനീയറുടെ ടി-1/2016/ 4.1.2019 നം കത്തിൽ revised rectification estimate ആണ് 4.1.2019ന് നാട്ടിക ജല അതോറിറ്റിക്ക് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ **₹96,85,800** (തൊണ്ണൂറ്റിയാറ് ലക്ഷത്തി എൺപത്തിഅയ്യായിരത്തി എണ്ണൂറ് രൂപ)അധികം നൽകിയത് തിരികെ ഈടാക്കി അമൃത് നിധിയിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

**3-2-2 എ.ആർ മേനോൻ റോഡ് പുനരുദ്ധാരണം**

പിഡബ്ല്യു2-17225/18-അമൃത്
പ്രവർത്തി ചെയ്ത തുക - ₹29,33,315 (ചെക്ക് നം. 153880/30.03.2019)

തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 36ൽ, എ ആർ മേനോൻ റോഡ് വർക്ക് (വർക്ക് നം.82) 7.6.18ന് പ്രവൃത്തി ആരംഭിച്ച് 26.9.18ന് പൂർത്തിയാക്കിയിട്ടുണ്ട്. അംഗീകരിച്ച അടങ്കൽ തുക ₹ 29,38,020.9ആണ്. കരാറുകാരൻ ₹29,33,315ന് പ്രവൃത്തി പൂർത്തിയാക്കി. താഴെ പറയുന്ന ഇനങ്ങളിൽ എല്ലാം തന്നെ ഓരോ പ്രവൃത്തിയുടെ ഉപയോഗശൂന്യമായ അവശിഷ്ടങ്ങൾ നീക്കം ചെയ്യാനുള്ള തുക അതാത് ഇനങ്ങളിൽ തന്നെ ഉൾപ്പെടുത്തിയാണ് *പ്രൈസ്* ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. (എം.ബുക്ക് നം.38ഡി/18-19)

| നം. | ഇനം. | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 2.31 | clearing jungle and removal of the rubish upto 50m ..... | 172.78sqm | 5 | 863.90/- |
| 15.2.2 | demolishing cement concrete and disposal of waste.... | 34.83cum | 500 | 17415/- |
| 2.8.1 | earth work and ecavtion bymechnical means and disposal of surplus.. within lead of 50m | 289.12 | 200 | 67824/- |
| 15.60 | Disposal of building rubbish/malba.....including all lifts involved. | 126.18 | 200 | **25236/-** |

ആദ്യത്തെ മൂന്ന് ഇനങ്ങളിലും ഡിസ്പോസൽ ഓഫ് വേസ്റ്റ് ഉൾപ്പെടെയാണ് **പ്രൈസ്** തുക കാണിച്ചിട്ടുള്ളത്. വീണ്ടും 15.60 നം. ഇനം കൂടി ഉൾപ്പെടുത്തി വേസ്റ്റ് നീക്കം ചെയ്യുവാൻ കരാറുകാരന് **₹ 25,236** നൽകിയത് അംഗീകരിക്കുന്നില്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 01/08/2019 മുതൽ 27/08/2019 വരെ | നം.കെ എസ് എ (ടി എസ് സി)4- 622/2019 തി 27.08.2019 |

ഓഡിറ്റ് ചെയ്ത റസീപ്റ്റ് &പെയ്മെന്റ് എക്കൗണ്ട്സ്, ഇൻകം&എക്സ്പെൻഡിച്ചർ എക്കൗണ്ട്സ്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധം 4 ആയി ചേർത്തിട്ടുണ്ട്.

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രൊജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | തുക നിക്ഷേപിച്ച സ്ഥാപനം | തുക (രൂപ) |
|---|---|---|---|---|
| 1 | 110/18-19 | ഡിവിഷൻ 48ലെ വിവിധ കുടിവെള്ളപദ്ധതികളുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | കേരള വാട്ടർ അതോറിറ്റി | ₹5,00,000 |
| 2 | 198/18-19 | ഒല്ലൂർ സോണൽ വിവിധ ഡിവിഷനുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ് | കെ.എസ്.ഇ.ബി. | ₹ 16,73,087 |
| 3 | 487/18-19 | അയ്യന്തോൾ സോണലിലെ സ്ട്രീറ്റ് ലൈൻ നീട്ടലും, ട്യൂബ്, പോസ്റ്റ് മാറ്റലും | കെ.എസ്.ഇ.ബി. | ₹ 58,497 |
| 4 | 389/18-19 | കൂർക്കഞ്ചേരി സോണലിലെ സ്ട്രീറ്റ് ലൈൻ നീട്ടലും, ട്യൂബ്, പോസ്റ്റ് മാറ്റലും | കെ.എസ്.ഇ.ബി. | ₹ 17,24,199 |
| 5 | 434/18-19 | കോർപ്പറേഷൻ മെയിൻ ഓഫീസ് പരിധിയിലെ വിവിധ ഡിവിഷനുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി. | ₹ 19,543 |
| 6 | 697/18-19 | കോർപ്പറേഷനിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പ്രത്യേക ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി. | ₹ 23,71,059 |
| 7 | 437/18-19 | ഡിവിഷൻ 31 – കരുവാൻ റോഡ് കുടിവെള്ളപദ്ധതി | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് | ₹ 1,00,000 |
| 8 | 441/18-19 | ഡിവിഷൻ 31 – ചിയ്യാരം ലക്ഷംവീട് കുടിവെള്ള പദ്ധതി, ചിയ്യാരം സൗത്ത് വിജയമാത റെസിഡൻസ് കുടിവെള്ള പദ്ധതി, ചിയ്യാരം മഠം വള്ളിക്കുളം റോഡ് കുടിവെള്ള റോഡ്, വള്ളിക്കുളം എസ്.സി. കോളനി കുടിവെള്ള പദ്ധതി | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് | ₹ 10,00,000 |
| 9 | 484/18-19 | ഡിവിഷൻ 52 – തൃക്കുമാരകുടം കോളനിയിൽ കുടിവെള്ള പദ്ധതി | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് | ₹ 5,00,000 |

| | | | | |
|---|---|---|---|---|
| 10 | 498/18-19 | ഡിവിഷൻ 30-അപ്പപ്പാറ, പുലരി നഗർ - ഒല്ലൂർ മാർക്കറ്റ് കുടിവെള്ള പദ്ധതി | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് | ₹ 12,00,000 |
| 11 | 342/18-19 | വിൽവട്ടം സോണൽ ഡിവിഷൻ 4 പാട്ടുക്കാട് തുരുത്ത് കോളനിയിൽ പുതിയ കുടിവെള്ള പദ്ധതി | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് | ₹ 10,00,000 |
| 12 | 85/18-19 | അയ്യന്തോൾ സോണലിലെ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | കേരള വാട്ടർ അതോറിറ്റി | ₹ 35,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പാ തിരിച്ചടവ്

വായ്പ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ വായ്പയിനത്തിലുള്ള വരവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. വാർഷിക കണക്ക് പ്രകാരമുള്ള വായ്പയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| മുൻബാക്കി | വരവ് | തിരിച്ചടച്ചത് | ബാലൻസ് (ബി 5 ഷെഡ്യൂൾ) |
|---|---|---|---|
| 88,89,686 | 4,18,00,000 | 5,02,631 | 5,01,87,055 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

അക്കൗണ്ട്സ് പ്രകാരം സ്ഥിരനിക്ഷേപം ₹ 6,45,43,787 ആണ് കാണിച്ചിട്ടുള്ളത്. ആയത് സ്ഥിരനിക്ഷേപ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹ 1196 യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2004-2006<br>17-ാമത് റിപ്പോർട്ട്, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി | 2.7.4 | ₹ 1196.00 | ഗോപിനാഥൻ, റിട്ടയേർഡ് ഉദ്യോഗസ്ഥൻ | 0415108<br>തീയതി: 10.10.2018 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ അവസ്ഥ

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|
| 1. | 1991-92 | 43 | 2000-01 | അദ്ധ്യായം 53(എ) | ഗവൺമെന്റ് വായ്പ തിരിച്ചടയ്ക്കാത്തതു മൂലം ഉണ്ടായ സാമ്പത്തികനഷ്ടം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 16-ാമത് റിപ്പോർട്ട് (ഖണ്ഡിക നം.2.7.4) 19,630/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | രൂപയുടെ നഷ്ടം നികത്താനായി സെക്ഷൻ ക്ലർക്കിന്റെ ശമ്പളത്തിൽ നിന്ന് ഈടാക്കാൻ അവശേഷിക്കുന്ന 2,996/- രൂപ ടിയാളുടെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതാണെന്ന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. ആയതിന്മേലുള്ള അന്തിമറിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
